# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 04, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 194 –നമ്പർ 14

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂലൈ 04, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

**ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി**

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരന്തനിവാരണം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാൻഡ്  നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

ന്യൂനപക്ഷക്ഷേമം

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ–സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ–ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. ഒ. ആർ. കേളു : പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി**

പട്ടികജാതി ക്ഷേമം

പട്ടികവർഗ്ഗ ക്ഷേമം

പിന്നാക്കസമുദായ ക്ഷേമം

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവെ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ

സർവ്വെയും ലാന്റ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈൽസും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. എം. ബി. രാജേഷ്: തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

പാർലമെന്ററികാര്യം

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി**

രജിസ്ട്രേഷൻ

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി**

തുറമുഖം

സഹകരണം

ദേവസ്വം

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ–വനിത–ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 3289-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കാര്യവട്ടം ക്യാമ്പസിലെ വിദ്യാർത്ഥിയെ മർദ്ദിച്ച സംഭവം
- ശ്രീ. എം. വിൻസെന്റ്
(അവതരണാനുമതി നിഷേധിച്ചു.)

**IV ശ്രദ്ധക്ഷണിക്കൽ**

പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ
-ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

**V സബ്മിഷൻ**

(1) വനഭൂമി പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ നടപടി
- ശ്രീ. പി. എസ്. സുപാൽ

(2) ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം
- ശ്രീ. ജോബ് മൈക്കിൾ

## VI റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി VI, VIII, XII എന്നിവയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2024-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച റിപ്പോർട്ട്.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിമൂന്നാമത് റിപ്പോർട്ട്.

(4) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ.

(6) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്.

(7) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

(8) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്.

**VII ധനകാര്യം**

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

**അനുബന്ധം I-IV**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂലൈ 04, വ്യാഴം

---

വാല്യം 194} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 14

---

നിയമസഭ 2024 ജൂലൈ മാസം 04-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*391)

**പ്ലസ് വൺ കോഴ്സിന് സ്വന്തം താലൂക്കിൽ അഡ്മിഷൻ ലഭിക്കാൻ നടപടി**

1 (*391) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച നിരവധി വിദ്യാർത്ഥികൾക്ക് പ്ലസ് വൺ കോഴ്സിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും ഇഷ്ടവിഷയവും സ്വന്തം താലൂക്കിലുള്ള സ്കൂളിൽ അഡ്മിഷനും ലഭിക്കാത്ത സാഹചര്യം മലബാറിൽ ഉൾപ്പെടെയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) സംസ്ഥാനത്തൊട്ടാകെ ആകെ 222 വിദ്യാർത്ഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം ലഭിക്കാതെ അവശേഷിക്കുന്നത്.

| ക്രമ നം. | ജില്ല | പ്ലസ് വൺ സീറ്റ് ലഭിക്കാത്ത മുഴുവൻ എ പ്ലസ് ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 61 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 16 |
| 5 | കോട്ടയം | 6 |
| 6 | ഇടുക്കി | 16 |
| 7 | എറണാകുളം | 28 |
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | 3 |
| 10 | കോഴിക്കോട് | 38 |
| 11 | മലപ്പുറം | 19 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 1 |
| **ആകെ** | | **222** |

അങ്ങനെ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച 222 കുട്ടികളാണ് സംസ്ഥാനത്താകെ പ്രവേശനം ലഭിക്കാതെ അവശേഷിക്കുന്നത്.

(ബി) എസ്.എസ്.എൽ.സി. പരീക്ഷാ ഫലം പ്രഖ്യാപിച്ചതിനുശേഷം എല്ലാ ജില്ലകളിലും ഒന്നാം വർഷ ഹയർസെക്കൻഡറി പ്രവേശനത്തിന് സ്വീകരിച്ച നടപടികൾ നിരവധി പ്രാവശ്യം ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹയർ സെക്കൻഡറി പ്രവേശനം സംബന്ധിച്ച് അധിക ബാച്ചുകൾക്കുവേണ്ടിയുള്ള ആവശ്യമുയർന്നത് മലപ്പുറം ജില്ലയിൽനിന്നുമാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി സംഘടനാ പ്രതിനിധികളും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനായി അക്കാദമിക് ജോയിന്റ് ഡയറക്ടർ, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നീ രണ്ട് ഉദ്യോഗസ്ഥരെ ജൂലൈ 5-നകം റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തി. സപ്ലിമെന്ററി അലോട്ട്മെന്റിന്റെ അപേക്ഷ ജൂലൈ 2 മുതൽ 4 വരെ സ്വീകരിച്ചുതുടങ്ങി. സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയാകുമ്പോൾ തന്നെ ഒന്നാംവർഷ പ്രവേശനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

പത്താംതരം പാസ്സായ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി 2024 മേയ് 8-ലെ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയുമാണ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇഷ്ടപ്പെട്ട വിഷയവും ബസ് സൗകര്യങ്ങളുള്ള ഇഷ്ടപ്പെട്ട സ്കൂളും ലഭിക്കാതെ ഇപ്പോഴും നിരവധി കുട്ടികളാണ് എം.എൽ.എ.-മാരെ സമീപിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ പ്ലസ് വൺ സീറ്റ് സംബന്ധിച്ച് പഠനം നടത്താൻ കാർത്തികേയൻ കമ്മിറ്റിയെ അടക്കം നിയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ വീണ്ടും മറ്റൊരു കമ്മിറ്റിയെ നിയമിച്ചിരിക്കുകയാണ്. സർക്കാരിന്റെ

കൈവശം നിർദ്ദേശങ്ങൾ ഉണ്ടെന്നിരിക്കെ വീണ്ടും കമ്മിറ്റിയെ വച്ചുകൊണ്ട് സമയം നഷ്ടപ്പെടുത്തുന്നതിന്റെ കാരണം വിശദീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അത് കഴിഞ്ഞ സഭയിൽത്തന്നെ പറഞ്ഞതാണ്. മൂന്നാമത്തെ സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയാകുന്നതോടുകൂടി അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ കുട്ടികൾക്കും പ്രവേശനം ലഭിക്കും. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചവർക്ക് പ്രവേശനം ലഭിക്കുന്നില്ലെന്നതാണ് പ്രധാനപ്പെട്ട വിഷയമായി എല്ലാവരും ചർച്ച ചെയ്തത്. സംസ്ഥാനത്ത് മലപ്പുറം ജില്ലയിലടക്കം എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചിട്ടും പ്രവേശനം ലഭിക്കാത്ത 222 വിദ്യാർത്ഥികൾ മാത്രമാണുള്ളത്. സപ്ലിമെന്ററി അലോട്ട്മെന്റ് കഴിയുമ്പോൾ അവർക്കും അഡ്മിഷൻ ലഭിക്കും. മലപ്പുറം ജില്ലയിലാണ് 7500-ലധികം സീറ്റുകളുടെ കുറവുണ്ടെന്ന് പറഞ്ഞ് സീറ്റ് വർദ്ധന സംബന്ധിച്ച പ്രശ്നം വന്നത്. വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ യോഗം വിളിച്ചുചേർത്തപ്പോൾ അതിനെ സംബന്ധിച്ച് ഒരു ധാരണയുണ്ടാകുകയും അതനുസരിച്ച് രണ്ട് ഉന്നത ഉദ്യോഗസ്ഥരെ അക്കാര്യം പരിശോധിക്കുന്നതിനുവേണ്ടി

അയയ്ക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ദിവസത്തിനുള്ളിൽ ആ റിപ്പോർട്ട് ലഭിക്കും. അത് ലഭിച്ചാലുടൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സംസ്ഥാനത്തെ സാംസ്കാരിക വകുപ്പുമന്ത്രി സത്യസന്ധമായി കാര്യങ്ങൾ പറയുന്ന ചുരുക്കം ചില മന്ത്രിമാരിൽ ഒരാളാണ്. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്ന വിദ്യാർത്ഥികളിൽ എഴുതാനും വായിക്കാനുംപോലും അറിയാത്തവരുണ്ടെന്ന് അദ്ദേഹം പറഞ്ഞത് വിദ്യാഭ്യാസ വകുപ്പിന്റെ പഠനങ്ങൾക്ക് അനുസൃതമായിട്ടാണ്. പത്താം ക്ലാസ് പാസ്സായ എല്ലാ കുട്ടികൾക്കും പ്ലസ് വൺ സീറ്റ് നൽകേണ്ടതില്ലെന്നത് സർക്കാരിന്റെ നയമാണോ; അതുസംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, പത്താം ക്ലാസ് പാസ്സായ കുട്ടികൾക്ക് എഴുതാനും വായിക്കാനും അറിഞ്ഞുകൂടെന്നുള്ള അഭിപ്രായം സർക്കാരിനില്ല. അവർ ഒരുപാട് ബുദ്ധിമുട്ടി പഠിച്ച് നന്നായി പരീക്ഷയെഴുതിയാണ് വിജയിച്ചുവരുന്നത്. അതുകൊണ്ടാണ് അങ്ങനെ പാസ്സായിവരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്ലസ് വൺ-ന് പ്രവേശനം നൽകുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട സജി ചെറിയാൻ പ്രസംഗത്തിന്റെ ഒഴുക്കിനുവേണ്ടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ, അത് ഗൗരവമായി എടുക്കേണ്ടതില്ല.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പത്താം ക്ലാസ് പാസ്സായ ചില കുട്ടികൾക്ക് എഴുത്തും വായനയും അറിയില്ലെന്നാണ് എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. എന്റെ വീട്ടിൽവന്ന് ഒരു കുട്ടി നൽകിയ അപേക്ഷ വായിച്ചപ്പോൾ അതിൽ വ്യാപകമായി അക്ഷരത്തെറ്റുണ്ടായിരുന്നു. എന്താ ഇങ്ങനെയെന്ന് ആ കുട്ടിയോട് ചോദിച്ചു. അപ്പോൾ മനസ്സിൽ പ്രയാസം തോന്നിയതുകൊണ്ടാണ് എന്റെ പ്രസംഗത്തിൽ പല കാര്യങ്ങളും പറഞ്ഞ കൂട്ടത്തിൽ എഴുത്തും വായനയും അറിയാത്ത ചില കുട്ടികളുണ്ടെന്ന പരാമർശം നടത്തിയത്. അത് കേരളം മുഴുവൻ പ്രശ്നമാക്കേണ്ട കാര്യമൊന്നുമില്ല. ഈ വകുപ്പിനെപ്പറ്റിയല്ല പറഞ്ഞത്, യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ഭരണകാലത്തെല്ലാം ഓൾ പാസ് കൊടുത്തിട്ടുണ്ട്. 99 ശതമാനം വിജയമുണ്ട്, ഓൾ പാസ്സിന് ഒരു ശതമാനത്തിന്റെ വ്യത്യാസമല്ലേയുള്ളൂ. അതുകൊണ്ട്

അതിനെ പർവ്വതീകരിക്കേണ്ട കാര്യമില്ല. ഞാനൊരു കാര്യം പറഞ്ഞു. ജനാധിപത്യ രാജ്യമല്ലേ, പൊതു സമൂഹത്തിൽ ചർച്ച നടക്കട്ടെ, അതിൽ പ്രശ്നമൊന്നുമില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരമുയർത്താനും മൂല്യനിർണ്ണയത്തിൽ മാറ്റം വരുത്താനും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ അധ്യാപകർക്കും ശിൽപ്പശാല സംഘടിപ്പിക്കുകയാണ്. ആദ്യമായിട്ടാണ് ഇത്തരത്തിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നത്. മാത്രമല്ല, ഒരു വർഷത്തെ അക്കാദമിക് കലണ്ടർ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിലും അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയെയും പ്രത്യേകം ശ്രദ്ധിക്കുകയെന്ന സമീപനമാണ്

ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. എന്തായാലും ഈയൊരു വർഷംകൊണ്ട് കുട്ടികളുടെ പഠന നിലവാരത്തിൽ വലിയ മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ അങ്ങേയ്ക്ക് ഒരു സംശയവും വേണ്ട.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച 222 വിദ്യാർത്ഥികൾ പ്ലസ് വൺ-ന് പ്രവേശനം ലഭിക്കാതെ അവശേഷിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. മുഴുവൻ എ പ്ലസ് ലഭിച്ച വിദ്യാർത്ഥികൾ മാത്രമല്ല അല്ലാത്തവരുമുണ്ട്. ഒന്നോ രണ്ടോ വിഷയങ്ങൾക്ക് എ പ്ലസ് നഷ്ടപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളും തുടർ പഠനത്തിന് യോഗ്യത നേടിയ നിരവധി വിദ്യാർത്ഥികളുമുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി പ്ലസ് വൺ അഡ്മിഷൻ വരുമ്പോൾ വിദ്യാർത്ഥികളും രക്ഷിതാക്കളും വലിയ ആശങ്കയിലാകുന്ന ഒരു സാഹചര്യമാണ് കണ്ടുകൊണ്ടിരിക്കുന്നത്. ജില്ല ഒരു യൂണിറ്റായി എടുത്തതുകൊണ്ട് പ്രയോജനമില്ല. അവർക്ക് യാത്രാസൗകര്യത്തിന്റെ പ്രശ്നങ്ങളെല്ലാം ഉണ്ടാകും. കഴിഞ്ഞ മൂന്നുനാല് വർഷത്തെ അനുഭവങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് വരുംവർഷങ്ങളിൽ ഇങ്ങനെയൊരു

സാഹചര്യമുണ്ടാകാതെ തുടർപഠനത്തിന് യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് താലൂക്കടിസ്ഥാനത്തിൽത്തന്നെ പ്രവേശനം ലഭിക്കുന്നതിന് നേരത്തെതന്നെ നടപടി സ്വീകരിക്കുമോ; റിസൾട്ട് വന്നതിനുശേഷം രക്ഷിതാക്കളും വിദ്യാർത്ഥികളും അഡ്മിഷനുവേണ്ടി നെട്ടോട്ടമോടുന്നത് ഒഴിവാക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നിലവിൽ പ്ലസ് വൺ പ്രവേശനം ജില്ലാ അടിസ്ഥാനത്തിലാണ് നടത്തുന്നത്. പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിക്കുന്നവർക്ക് എസ്.എസ്.എൽ.സി.-ക്ക് പഠിച്ച സ്കൂൾ, താമസിക്കുന്ന ലോക്കൽ ബോഡി, താലൂക്ക് എന്നിവ അടിസ്ഥാനമാക്കി ബോണസ് പോയിന്റുകൾ അനുവദിക്കുന്നുണ്ട്. ഇതിനാൽ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും സമീപപ്രദേശത്തെ സ്കൂളുകളിൽതന്നെ പ്രവേശനം ലഭിക്കുന്നുമുണ്ട്. അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ, അറിഞ്ഞോ അറിയാതെയോ ദൂരെയുള്ള സ്കൂളുകൾ തിരഞ്ഞെടുക്കുന്നതുകൊണ്ടാണ് അത്തരം സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നത്. മെരിറ്റ് അടിസ്ഥാനത്തിലും സംവരണ മാനദണ്ഡങ്ങൾ അനുസരിച്ചും നടക്കുന്ന അലോട്ട്മെന്റ്

പ്രക്രിയയിൽ, മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികൾ ഒരു നിർദ്ദിഷ്ട സ്കൂൾ/കോഴ്സ് മാത്രം ഓപ്ഷനായി നൽകുന്നതിനാലാണ് ലഭ്യമായ സീറ്റിന് പുറമേ റാങ്ക് ലിസ്റ്റിലുള്ളവർ താഴ്ന്ന ഓപ്ഷനിലേയ്ക്ക് പിന്തള്ളപ്പെടുകയോ അല്ലെങ്കിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യമോ ഉണ്ടാകുന്നത്. ഓപ്ഷൻ നൽകുമ്പോൾ സ്കൂളുകളും കോമ്പിനേഷനുകളും മുൻഗണനാ ക്രമത്തിലാണ് നൽകേണ്ടത്. പഠിക്കാൻ ഇഷ്ടപ്പെടുന്ന സ്കൂളും സബ്ജക്ട് കോമ്പിനേഷനുമാണ് ഒന്നാമത്തെ ഓപ്ഷനായി നൽകേണ്ടത്. ആദ്യ ഓപ്ഷനായി ആവശ്യപ്പെട്ട സ്കൂളും കോമ്പിനേഷനും ലഭിക്കുന്നില്ലെങ്കിൽ അടുത്തതായി പരിഗണിക്കേണ്ട സ്കൂളും കോമ്പിനേഷനും രണ്ടാമത്തെ ഓപ്ഷനായി നൽകിയിരിക്കണം. ഓപ്ഷനുകൾ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പരിഗണന നൽകുന്ന സ്കൂളുകൾ ആദ്യമാദ്യം വരുന്ന രീതിയിൽ സൗകര്യപ്രദമായ സ്കൂളുകളിൽ ഇഷ്ടപ്പെട്ട കോമ്പിനേഷനുകൾ അനുവദിക്കും. പരിഗണന കുറഞ്ഞ സ്കൂളുകളും കോമ്പിനേഷനുകളും ആദ്യ ഓപ്ഷനായി നൽകുന്നില്ലെന്ന് മാത്രമല്ല ഒരിക്കലും അപേക്ഷകൻ ആവശ്യപ്പെടാത്ത ഒരു സ്കൂളിലേയ്ക്ക് ഏകജാലക സംവിധാനംവഴി അലോട്ട്മെന്റ് നൽകുകയുമില്ല. പരമാവധി സ്കൂളുകളിൽ

അപേക്ഷിക്കാനുള്ള സൗകര്യം കുട്ടികൾ പലപ്പോഴും പ്രയോജനപ്പെടുത്താറില്ല. ഹയർ സെക്കൻഡറിയിൽ പ്രതിവർഷം ശരാശരി നാലരലക്ഷത്തിലധികം അപേക്ഷകൾ പ്രോസ്സസ് ചെയ്യുന്ന ലോകത്തിലെ ഏറ്റവും വലിയ കേന്ദ്രീകൃത പ്രവേശന സംവിധാനമാണ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ 'ഏകജാലക' സംവിധാനം. 2007-ൽ തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ടായാണ് ടി സംവിധാനം ആരംഭിക്കുന്നത്. 2008-ൽ പ്ലസ് വൺ പ്രവേശനത്തിനുവേണ്ടി ഒരു കേന്ദ്രീകൃത അഡ്മിഷൻ പ്രക്രിയ കേരളം മുഴുവൻ നടപ്പാക്കി. ഏകജാലക സംവിധാനം തുടങ്ങിയ വർഷത്തിലെ പ്രതികരണങ്ങളിലും അനുഭവങ്ങളിലും നിന്ന് ഈ സംവിധാനത്തെ മെച്ചപ്പെടുത്തണമെന്നും കൂടുതൽ ഫീച്ചറുകൾ കൂട്ടിച്ചേർക്കണമെന്നും മനസ്സിലാക്കുകയുണ്ടായി. 'ഏകജാലകം' എന്ന പേരിലറിയപ്പെടുന്ന ഹയർ സെക്കൻഡറി കേന്ദ്രീകൃത അഡ്മിഷൻ പ്രക്രിയ, ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹ്യനീതി ഉറപ്പാക്കുന്നതും പൊതുവിദ്യാഭ്യാസ മേഖലയിൽ ഐ.ടി.-യുടെ സ്വാധീനം എപ്രകാരം ഉപയോഗപ്പെടുത്താമെന്നതിനും ഒരു

ഉത്തമ ഉദാഹരണമാണ്. വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ച് സ്കൂളുകൾ തിരഞ്ഞെടുക്കുമ്പോൾ ദൂരസ്ഥലങ്ങളിലെ സ്കൂളുകൾ അബദ്ധത്തിൽപ്പോലും തിരഞ്ഞെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. ജില്ലാ തലത്തിലാണ് പ്രവേശനം നടത്തുന്നത്. താലൂക്ക് അടിസ്ഥാനത്തിൽ പ്രവേശനം നടത്തിയാൽ വിദ്യാർത്ഥികൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാകും. ഒരു ജില്ലയിലെ വിദ്യാർത്ഥി വിവിധ താലൂക്കുകളിൽ ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കേണ്ടിവരും. ഒരേ സമയം അലോട്ട്മെന്റ് നടക്കുന്നതിനാലും ഒന്നിലധികം താലൂക്കുകളിൽ അലോട്ട്മെന്റ് ലഭിക്കാനുള്ള സാധ്യത കൂടുതലായതിനാലും പ്രവേശനം സംബന്ധിച്ച് ഏറെ ആശയക്കുഴപ്പങ്ങളുണ്ടാകും. ഫലത്തിൽ ഏകജാലക സംവിധാനം നിലവിൽവരുന്നതിന് മുമ്പുള്ള സ്ഥിതി ആവർത്തിക്കുകയും ചെയ്യും. അക്കാലത്ത് ഒരേ വിദ്യാർത്ഥികളെ ഒന്നിലധികം സ്കൂളുകളുടെ റാങ്ക് ലിസ്റ്റിലുൾപ്പെടുത്തി പ്രവേശന നടപടികൾ ഒരേ സമയം നടത്തിയിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന മാനസിക പിരിമുറുക്കം ഒഴിവാക്കാനായത് ഏകജാലക സംവിധാനം നിലവിൽ വന്നതോടെയാണ്. ഒരു ജില്ലയെ ഒരു യൂണിറ്റായി

പരിഗണിക്കുന്നത് മാറ്റി താലൂക്ക് അടിസ്ഥാനത്തിൽ യൂണിറ്റ് അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുമ്പോൾ അതിൽ ഒട്ടേറെ ഘടകങ്ങൾ പരിഗണിക്കേണ്ടിവരും. ഓരോ താലൂക്കിലേയും സ്കൂളുകളുടെ എണ്ണം, ഒരു താലൂക്കിന്റെ അതിർത്തിയോട് ചേർന്ന് താമസിക്കുന്ന കുട്ടികൾക്ക് വിവിധ താലൂക്കിലേയ്ക്ക് അപേക്ഷ നൽകേണ്ടിവരുന്ന സാഹചര്യം എന്നിങ്ങനെ നിരവധി കാര്യങ്ങൾ ആലോചിക്കണം. അഡ്മിഷൻ പ്രക്രിയയെ ഇക്കാര്യം എങ്ങനെ ബാധിക്കുമെന്നതും സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളെല്ലാം ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കി പ്രസ്തുത നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, മികച്ച വിജയം നേടിയിട്ടും ഇതുവരെയും അഡ്മിഷൻ ലഭിക്കാത്തതും മാനസിക സംഘർഷം അനുഭവിക്കുന്നതുമായ വിദ്യാർത്ഥികളും രക്ഷിതാക്കളും നിയമസഭയുടെ ചോദ്യോത്തരവേള വളരെ പ്രതീക്ഷയോടെയും ആകാംക്ഷയോടെയുമാണ് നോക്കിക്കാണുന്നത്. പ്ലസ് വൺ അഡ്മിഷനിലുണ്ടാകുന്ന പ്രതിസന്ധിയെ സംബന്ധിച്ച് തുടക്കത്തിൽത്തന്നെ സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ മൂന്നാമത്തെ

അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതുവരെ ഇത് അംഗീകരിക്കാൻ സർക്കാർ തയ്യാറായില്ല. നിലവിൽ താല്ക്കാലിക ബാച്ചുകൾ അനുവദിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ബാച്ചുകൾ അനുവദിക്കുമ്പോൾ ആവശ്യത്തിന് അധ്യാപകരെ നിയമിക്കാനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുമുള്ള നടപടി ഇതിന്റെ ഭാഗമായി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇക്കാര്യം നിരവധി തവണ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇന്ന് വൈകുന്നേരത്തോടുകൂടി സപ്ലിമെന്ററി അലോട്ട്മെന്റ് അവസാനിക്കുകയാണ്. അതോടുകൂടി എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭിക്കും. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളുടെ കാര്യമാണല്ലോ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ടി കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണമാണ് നേരത്തെ ഇവിടെ വ്യക്തമാക്കിയത്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: അഡീഷണൽ ബാച്ചിൽ കൂടുതൽ അധ്യാപകരെ നിയമിക്കുമോ എന്നതാണ് ചോദ്യം.

ശ്രീ. വി. ശിവൻകുട്ടി: സർ, അഡീഷണൽ ബാച്ചിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഈ വർഷം ഏകജാലക പ്രവേശന മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റം വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ വർഷം ഏകജാലക സംവിധാനത്തിൽ കാര്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. കഴിഞ്ഞ വർഷമുണ്ടായിരുന്ന അതേ സംവിധാനം തന്നെയാണ് തുടർന്നുപോകുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, പ്ലസ് വൺ സീറ്റുകളിലേയ്ക്ക് അപേക്ഷ നൽകിയ പലർക്കും അവർ ആഗ്രഹിച്ച വിഷയങ്ങൾക്ക് അഡ്മിഷൻ കിട്ടാത്ത സാഹചര്യമുണ്ട്. കൂടുതലും സയൻസ് വിഷയങ്ങൾ തിരഞ്ഞെടുത്തവർക്കാണ് ഈ പ്രശ്നമുണ്ടായിരിക്കുന്നത്. ഹ്യുമാനിറ്റീസ് മേഖലയിലും ഇതേ പ്രശ്നം

നിലനിൽക്കുന്നുണ്ട്. ഇത്തരം മേഖലകളിൽ ഗവൺമെന്റ് സ്കൂളുകളിലെങ്കിലും അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഈ വർഷത്തെ വിജയം 99 ശതമാനമാണ്. മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളുടെ എണ്ണവും അതിനനുസരിച്ച് കൂടുതലാണ്. എല്ലാവർക്കും പ്രധാനപ്പെട്ട വിഷയങ്ങളിൽ ഇഷ്ടപ്പെട്ട സ്കൂളുകളിൽ അഡ്മിഷൻ വേണം. ഒരുപക്ഷെ ബഹുമാനപ്പെട്ട അംഗമാണ് എന്റെ സ്ഥാനത്തുനിന്ന് സംസാരിക്കുന്നതെങ്കിലും നമുക്കെല്ലാവർക്കും പൊതുവിൽ അഭിമുഖീകരിക്കേണ്ട ഒരു വിഷയമാണിത്. സപ്ലിമെന്ററി അലോട്ട്മെന്റുകൂടി കഴിഞ്ഞാൽ മാത്രമേ അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ അവശേഷിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. ഏതെങ്കിലും ജില്ലയിൽ ഇതുസംബന്ധിച്ച വിഷയമുണ്ടെങ്കിൽ അക്കാര്യം ഗൗരവമായി പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഹയർ സെക്കൻഡറി പ്രവേശനവുമായി ബന്ധപ്പെട്ട് വാർത്തകൾ സൃഷ്ടിച്ച് വിവാദങ്ങളുണ്ടാക്കി രക്ഷകർത്താക്കളേയും

വിദ്യാർത്ഥികളേയും പ്രതിസന്ധിയിലാക്കുന്ന സ്ഥിതി ഇന്ന് നമ്മുടെ സമൂഹത്തിൽ കണ്ടുവരുന്നുണ്ട്. ഹയർ സെക്കൻഡറി പ്രവേശനം മൂന്നാംഘട്ട അലോട്ട്മെന്റ് പൂർത്തീകരിച്ച് ജൂലൈ 1-ാം തീയതി പ്ലസ് വൺ ക്ലാസ് ആരംഭിച്ചിരിക്കുകയാണെന്നതാണ് ഇത്തവണത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ആ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മന്ത്രിയേയും വകുപ്പിനേയും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ പ്രവർത്തനം നല്ല രീതിയിലാകുന്നതിന് കാരണം ഏകജാലക സംവിധാനമാണ്. ഈ വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിൽ ഏകജാലക സംവിധാനത്തിന്റെ മെച്ചമെന്താണെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഏകജാലക സംവിധാനത്തിൽ ഒരുപാട് മെച്ചങ്ങളുണ്ട്. ഈ സംവിധാനം നിലവിൽ വരുന്നതിനുമുമ്പ്, സമീപത്തെ പത്ത് സ്കൂളുകളിൽ ഏതെങ്കിലും ഒന്നിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് എല്ലാ സ്കൂളുകളിലും പ്രത്യേകം അപേക്ഷകൾ നൽകണമായിരുന്നു. എല്ലാ സ്കൂളുകളിലേയും അഡ്മിഷൻ തീയതി

ഒരുപോലെയായതിനാൽ വിദ്യാർത്ഥികൾക്ക് എല്ലായിടത്തും ഹാജരാകാൻ കഴിയുമായിരുന്നില്ല. ഒരു വഴിയെന്ന നിലയിൽ, അപേക്ഷാർത്ഥി ഒരു സ്കൂളിൽ പോകുകയും മൊബൈൽ ഫോൺ നൽകി ബന്ധുക്കളെ മറ്റ് സ്കൂളുകളിലേയ്ക്ക് അയയ്ക്കുകയുമായിരുന്നു പതിവ്. ഒന്നിലധികം ദേശീയ അവാർഡുകളും മറ്റ് അവാർഡുകളും നേടിയിട്ടുള്ള ഹയർ സെക്കൻഡറി ഏകജാലക സംവിധാനത്തിന്റ പ്രധാന ആകർഷണം, ഒരു വിദ്യാർത്ഥിക്ക് സ്വന്തം ജില്ലയിലെ ഇഷ്ടമുള്ള സ്കൂളുകളിൽ ഏത് വിഷയ കോമ്പിനേഷനിലും ഒരു നിയന്ത്രണവുമില്ലാതെ ഒരൊറ്റ അപേക്ഷയിലൂടെ അപേക്ഷിക്കാമെന്നതാണ്. എന്നിരുന്നാലും ജില്ലാ അതിർത്തിയിലുള്ള വിദ്യാർത്ഥികൾ ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ഒരു അപേക്ഷയിൽ അവർക്ക് ഇഷ്ടപ്പെട്ട എല്ലാ സ്കൂളുകളും തിരഞ്ഞെടുക്കാൻ കഴിയുന്നില്ലെന്നതാണ് പോരായ്മ. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും കാര്യക്ഷമവും സാമൂഹ്യനീതി ഉറപ്പാക്കാൻ സാധിക്കുന്നതുമാണെന്നതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ നേട്ടം. National Informatics Centre തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിൽ മികച്ച

ഇ-ഗവേൺസ് സോഫ്റ്റ്‌വെയറിനുള്ള മൂന്ന് ദേശീയ അവാർഡുകളും ഒരു സംസ്ഥാന അവാർഡും കരസ്ഥമാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നടത്തുന്നത്. ഇത് ആരംഭിച്ചതുമുതൽ സർക്കാർ അംഗീകരിച്ച പ്രോസ്‌പെക്ടസ് അനുസരിച്ചാണ് ഹയർ സെക്കൻഡറി പ്രവേശന നടപടികൾ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കഴിഞ്ഞ മൂന്ന് വർഷങ്ങളിലും മഞ്ചേശ്വരം, കാസർഗോഡ് നിയോജകമണ്ഡലങ്ങളിൽ കുട്ടികളുടെ പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ടുണ്ടായിരുന്ന രൂക്ഷമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. രണ്ട് നിയോജകമണ്ഡലങ്ങളിൽ നിന്നും ഓരോ വർഷവും ഇരുന്നൂറും മുന്നൂറും കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കാൻ മന്ത്രി നടത്തിയ പ്രത്യേകം ഇടപെടൽ നന്ദിയോടെ സ്മരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഒരുപാട് കുട്ടികൾ ഇത്തവണ മംഗലാപുരത്ത് Pre-University Course (PUC) പഠിക്കാൻ പോയിട്ടും ബാക്കിയുള്ള കുട്ടികൾക്കുപോലും പ്ലസ് വണ്ണിന് സീറ്റ് ലഭിക്കാത്തതും

ഇഷ്ടപ്പെട്ട വിഷയവും സ്കൂളും ലഭിക്കാത്തതും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മലപ്പുറത്തെ വിഷയം അന്വേഷിക്കാൻ അങ്ങ് നിയോഗിച്ച കമ്മിറ്റി, കാസർഗോഡ് ജില്ലയിലെ ഈ രണ്ട് നിയോജകമണ്ഡലങ്ങൾകൂടി അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന കുട്ടികൾക്കും ഇത്തവണ വിദ്യാലയത്തിലേയ്ക്ക് പോകാനുള്ള അവസരം ഒരുക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഏറ്റവും കൂടുതൽ കുട്ടികൾ വിജയിക്കുകയും എ പ്ലസ് നേടുകയും ചെയ്ത ജില്ലയെന്ന നിലയിലാണ് മലപ്പുറത്തെ പരിഗണിക്കുകയും ടി വിഷയം ചർച്ച ചെയ്യുകയും ചെയ്തത്. കാസർഗോഡ് ജില്ലയിൽ അത്ര ഗുരുതരമായ പ്രശ്നങ്ങളൊന്നുംതന്നെയില്ല. കഴിഞ്ഞ വർഷത്തെ അതേ സ്ഥിതിതന്നെയാണ് ഈ വർഷവുമുള്ളത്. കഴിഞ്ഞ വർഷം അവിടെ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ലല്ലോ, അതുപോലെ ഈ വർഷവും ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഏകജാലക പ്രവേശനം താലൂക്ക് അടിസ്ഥാനത്തിൽ നടത്താൻ കഴിയുമെന്ന് ഉറപ്പാക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഏകജാലക പ്രവേശനം താലൂക്ക് അടിസ്ഥാനത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അത് തന്നെയാണ് പറയാനുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, സപ്ലിമെന്ററി അലോട്ട്മെന്റ് കഴിഞ്ഞിട്ടാണ് സ്കൂൾ ട്രാൻസ്ഫറിനുള്ള അവസരം നൽകുന്നത്. അതുകൊണ്ട് കൂടുതൽ മാർക്ക് കിട്ടിയ കുട്ടി സ്കൂൾ ട്രാൻസ്ഫറിലൂടെ പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിൽ മാർക്ക് കുറഞ്ഞ കുട്ടി സപ്ലിമെന്ററി ലിസ്റ്റ് വഴി കടന്നുവരികയാണ്. ആയതിനാൽ സ്കൂൾ ട്രാൻസ്ഫർ നേരത്തെയാക്കി കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന സ്കൂളുകളിലേയ്ക്ക് വരാനുള്ള മെച്ചപ്പെട്ട സാഹചര്യമൊരുക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് ഓൺലൈൻവഴി കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നത്. അഡ്മിഷൻ ക്ലോസ് ചെയ്തതിനുശേഷമാണ് സ്കൂളുകളുടെ സ്ഥലംമാറ്റം നടക്കുന്നത്. അതിനൊരു നടപടിക്രമമുണ്ട്. ഏത് സ്കൂളിലാണോ കുട്ടി സ്ഥലം മാറിപ്പോകാൻ ആഗ്രഹിക്കുന്നത് ആ സ്കൂളിലെ പ്രിൻസിപ്പാളിന്റെ അനുവാദം വേണം.

അതുകൊണ്ട് അഡ്മിഷൻ ക്ലോസ് ചെയ്തതിനുശേഷം മാത്രമേ അത് ചെയ്യാൻ കഴിയുകയുള്ളൂ. അഡ്മിഷൻ ക്ലോസ് ചെയ്തതിനുശേഷം അത്തരം അപേക്ഷകളുണ്ടെങ്കിൽ തീർച്ചയായും പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്ലസ് വൺ പ്രവേശനം നടക്കുന്ന സമയത്ത് സാധാരണഗതിയിൽ കമ്പ്യൂട്ടർ സെന്ററുകളിൽ തിക്കും തിരക്കുമാണ്. അതുകൊണ്ട് പല കുട്ടികൾക്കും രണ്ടും മൂന്നും ദിവസങ്ങൾ കഴിഞ്ഞതിനുശേഷം, തിരക്കൊഴിയുന്നതിന് അനുസരിച്ചാണ് അപേക്ഷ അക്ഷയ കേന്ദ്രങ്ങൾവഴിയും മറ്റ് കേന്ദ്രങ്ങൾവഴിയും സമർപ്പിക്കാൻ കഴിയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അപേക്ഷ അയയ്ക്കാനുള്ള പരിശീലനം നൽകാൻ കഴിയുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ നല്ല നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. നിലവിൽ എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഐ.ടി. സിലബസ്സിൽ ഓൺലൈൻ അപേക്ഷ സമർപ്പണത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് ഒന്നാം വർഷ

ഹയർസെക്കൻഡറി പ്രവേശനത്തിന് സ്വയം അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്ന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വിഷയം കുറച്ചുകൂടി കാര്യക്ഷമമാക്കുവാൻ പരിശ്രമിക്കാം.

**വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്തർദേശീയ നിലവാരത്തിലെത്തിക്കാൻ നടപടി**

2 (*392) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ വിനോദസഞ്ചാര കേന്ദ്രവും സുരക്ഷിതവും വൃത്തിയുള്ളതുമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ പുതുതായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരമുള്ള ശൗചാലയങ്ങളും കഫെറ്റീരിയകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിവിധ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകളും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. കൂടുതൽ വിനോദസഞ്ചാര

കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി പോലീസ്, ഇതര വകുപ്പുകൾ എന്നിവയുമായി ചേർന്ന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ഈ കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഗ്യാപ് അസെസ്സ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിൽ കണ്ടെത്തിയ വിടവുകൾ പരിഹരിക്കുവാൻ എല്ലാ ജില്ലാ ഓഫീസർമാർക്കും ഡി.ടി.പി.സി. സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം

ഉയർത്തിക്കൊണ്ടുവരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ**

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ". 14 ജില്ലകളിലായി നടപ്പിലാക്കിവരുന്ന പദ്ധതിയിൽ കുടുംബശ്രീ മുഖേന നിയോഗിക്കുന്ന 645 ശുചീകരണ തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ചുവരുന്നുണ്ട്.

**കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം**

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി എക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേന ഫലപ്രദമായി ആവിഷ്കരിച്ച്

നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയും ഇവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം**

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽമേട് (ആമപ്പാറ), രാമക്കൽമേട് പാർക്ക്, പരുന്തുംപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്-ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്), തൊമ്മൻ കുത്ത്, അരുവിക്കുഴി, ഇടുക്കി ഡി.ടി.പി.സി. കുടിയേറ്റ സ്മാരകം എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരമുള്ള ശൗചാലയങ്ങളും കഫെറ്റീരിയകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുവാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ

പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രവൃത്തികൾ നടന്നുവരുന്നു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയാണ്. കോവളം ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുള്ള വൻ പദ്ധതി ടെൻഡർ ഘട്ടത്തിലാണ്. വർക്കല, മൂന്നാർ, മലമ്പുഴ എന്നീ ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കുന്നുണ്ട്. പ്രധാന ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാനാണ് ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, വിദേശികളെ ചൂഷണം ചെയ്യാൻ ചിലർ ഒളിഞ്ഞിരിക്കുന്നുവെന്നുള്ളതാണ് ടൂറിസം മേഖലയിലെ പ്രധാന പ്രശ്നം. അതുകൊണ്ട് ട്രാവൽ ഏജൻസികളുമായുള്ള collaboration-ൽ സർക്കാർ നിയന്ത്രണത്തിലുള്ള ടൂറിസ്റ്റ് ഗൈഡുകളെ വിദേശ ടൂറിസ്റ്റുകൾക്ക്

ലഭ്യമാക്കിക്കൊടുത്ത് അവരെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കാനുള്ള പരിശ്രമം നടത്തുമോ? മാർക്കറ്റിംഗിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമിലും വിദേശികൾ ചൂഷണത്തിന് വിധേയരാകുന്നുണ്ട്. അതുകൊണ്ട് ടൂറിസ്റ്റ് ഗൈഡുകളുടെ സേവനം ഡിജിറ്റൽ പ്ലാറ്റ്ഫോമിൽക്കൂടി ലഭ്യമാക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. ടൂറിസ്റ്റ് ഗൈഡുകളുടെ കാര്യത്തിൽ കൃത്യമായ നിയന്ത്രണം ഉണ്ടാകേണ്ടതുണ്ട്. വിവിധ രാജ്യങ്ങളിൽനിന്നുവരുന്ന ടൂറിസ്റ്റുകളോട് അവരുടെ ഭാഷകളിൽ സംസാരിക്കുവാനും കാര്യങ്ങൾ ബോധ്യപ്പെടുത്താനും കഴിവുള്ള ഗൈഡുകളെ കണ്ടെത്തി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുന്നതിലൂടെ പുതിയ തലമുറയെതന്നെ ഇതിന് ഉപയുക്തമാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടെക്നോളജിയുടെ സാധ്യതകൂടി ഉപയോഗപ്പെടുത്തിയാൽ നമുക്ക് ചില കാര്യങ്ങൾ ചെയ്യാനാകും. അതുപോലെ വിദേശ സഞ്ചാരികൾ നേരിടുന്ന മറ്റ്

നിലയിലുള്ള ചൂഷണങ്ങൾ തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളുണ്ടെന്ന് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, വിനോദസഞ്ചാര കേന്ദ്രങ്ങൾ വൃത്തിയായും സുരക്ഷിതമായും സൂക്ഷിക്കുകയെന്നുള്ളതാണ് പ്രധാന വിഷയം. പ്രധാനപ്പെട്ട വിനോദസഞ്ചാര ഇവന്റുകളായ കൊച്ചി-മുസിരിസ് ബിനാലെ, തൃശ്ശൂർപൂരം, വള്ളംകളി എന്നിവ നടത്തപ്പെടുന്ന ഇടങ്ങളിലൊക്കെ സുരക്ഷയും ശുചിത്വവും ഉറപ്പുവരുത്തുന്നതോടൊപ്പം ഓഡിറ്റും നടത്താനുള്ള ഒരു സംവിധാനം ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അദ്ദേഹം ചൂണ്ടിക്കാട്ടിയ മാലിന്യപ്രശ്നം ഉൾപ്പെടെ വിവിധ വിഷയങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങൾ നേരിടുന്ന വിഷയമാണ്. അത് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നമാണ്. തദ്ദേശസ്വയംഭരണ വകുപ്പുതന്നെ അതിന് പല കാര്യങ്ങളിലും മുൻകൈയെടുക്കുന്നുണ്ട്. തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ യോഗം ചേരുകയും തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ അതിന്റെ ചുമതലയേറ്റെടുത്തതിനുശേഷവും

യോഗങ്ങൾ തുടരുകയും വളരെ പോസിറ്റീവായി കാര്യങ്ങൾ ചെയ്യുന്നുമുണ്ട്. പൊതുവെ ഒരു ടൂറിസ്റ്റ് കൾച്ചർ ഡെവലപ് ചെയ്ത് കൊണ്ടുവരേണ്ടതുണ്ട്. നമ്മുടെ വീടുകളിൽ അതിഥികൾ വരുന്നുവെന്ന് അറിഞ്ഞാൽ പെട്ടെന്ന് വീട് വൃത്തിയാക്കിയെടുക്കുന്ന സംസ്കാരം നമ്മുടെ നാട്ടിലെ ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് വിനോദസഞ്ചാരികൾ വരുമ്പോൾ എന്തുകൊണ്ട് ഉണ്ടാകുന്നില്ലെന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. ഇക്കാര്യങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റുകൾ ചിലയിടത്ത് വളരെ ഫലപ്രദമായി ഇടപെടുന്നുണ്ട്. എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇപ്പോൾ ഡെസ്റ്റിനേഷൻ മാനേജ്മെന്റില്ല. എം.എൽ.എ.-മാർ നേതൃത്വം കൊടുക്കുന്ന അത്തരം ഡെസ്റ്റിനേഷൻ മാനേജ്മെന്റുകളെ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം ഡെസ്റ്റിനേഷൻ മാനേജ്മെന്റുകൾക്ക് സാധ്യമാകുന്ന നിലയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളെ പരിപാലിക്കുന്ന ഇടപെടലുകൾ നടത്തണം. ഈയൊരു ടൂറിസ്റ്റ് കൾച്ചർ വളരെ പോസിറ്റീവായി കൊണ്ടുവരുന്നതിന് ഉപയോഗപ്പെടുത്തേണ്ടത് പുതിയ തലമുറയെയാണ്. അവരെ ഇത്തരം പരിപാലനത്തിന്റെ പ്രധാന ചുമതല ഏൽപ്പിക്കണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി ഇപ്പോൾ ടൂറിസം

ക്ലബ്ബുകൾ വ്യാപകമാക്കുകയാണ്. ടൂറിസം ക്ലബ്ബുകൾ വഴി ഓരോ ക്യാമ്പസ്സിനും അല്ലെങ്കിൽ യുവാക്കളുടെ മറ്റ് കൂട്ടായ്മകൾക്കും ഒരു പ്രത്യേക ടൂറിസ്റ്റ് ഡെസ്റ്റിനേഷന്റെ ചുമതല നൽകിക്കൊണ്ട് പരിപാലിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നടപ്പിലാക്കിയപ്പോൾ അത് വളരെ ഫലപ്രദമായിരുന്നു. അതോടൊപ്പം, പുതിയ കാലത്തിന്റെ സാധ്യതയെക്കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത് മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങളും ടൂറിസം വകുപ്പ് നടത്തുന്നുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലയാണ് കായൽ ടൂറിസം. ഇതുകൊണ്ടാണ് കുട്ടനാട്ടുകാരായ ഞങ്ങളെല്ലാം ജീവിക്കുന്നത്. ഹൗസ്ബോട്ട് ടൂറിസത്തിൽ കായലുകൾ മലിനമാകുന്നുവെന്ന് പൊതുവെ പരാതിയുണ്ട്. അതുകൊണ്ട് മാലിന്യ സംസ്കരണത്തിന് കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ? ശ്രീ. പി. പി. ചിത്തരഞ്ജൻ, ശ്രീ. എച്ച്. സലാം എന്നീ എം.എൽ.എ.-മാരുടെയും എന്റെയും മണ്ഡലങ്ങളുടെ അടുത്താണ് ഏറ്റവും

കൂടുതൽ ഹൗസ്ബോട്ടുകളുള്ളത്. എന്നാൽ ഹൗസ് ബോട്ടുകളിൽ കയറുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമായതിനാൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ആ രീതിയിൽ പരിഹരിക്കപ്പെടേണ്ട വിഷയമാണ്. അതുസംബന്ധിച്ച് നേരത്തെ സഭയിൽ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. സംസ്ഥാനത്തെ ടൂറിസം മേഖലയെ സംബന്ധിച്ചിടത്തോളം ഹൗസ് ബോട്ട് വളരെ പ്രധാനപ്പെട്ട ടൂറിസ്റ്റ് പ്രോഡക്ടാണ്. മൂന്നര പതിറ്റാണ്ടിനുമുമ്പ് ടൂറിസം പ്രോഡക്ടെന്ന നിലയിൽ ഹൗസ് ബോട്ട് വന്നപ്പോൾ ഒരുപാട് വിമർശനങ്ങൾ ഉയർന്നിരുന്നു. പിന്നീട് കാരവൻ വന്ന സമയത്തും ഇതേ വിമർശനങ്ങൾ വന്നിട്ടുണ്ട്. അത് മാറാൻ കുറച്ച് സമയമെടുക്കും. അങ്ങനെ സമയമെടുത്ത് ഘട്ടംഘട്ടമായാണ് ഹൗസ് ബോട്ട് ഡെവലപ് ചെയ്തത്. ഹൗസ് ബോട്ട് ഡെവലപ് ചെയ്തപ്പോൾ മാലിന്യസംസ്കരണം പ്രധാന പ്രശ്നമായി വന്നു. അത് പരിഹരിക്കാൻ നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ

വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സജ്ജമാക്കുന്നുണ്ട്. ഹൗസ് ബോട്ടുകളുടെ മാലിന്യ സംസ്കരണത്തിനായി ടൂറിസം വകുപ്പ് കൂടുതൽ സ്ഥലങ്ങളിൽ പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി എസ്.ടി.പി. സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ അതിന് മുൻഗണന കൊടുത്തുകൊണ്ട് പദ്ധതി നടപ്പാക്കാൻ ശ്രമിക്കും. തുറമുഖ വകുപ്പും ഇതിൽ ഒട്ടേറെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ യോജിച്ചുതന്നെ നമുക്ക് മുന്നോട്ടുപോകാം. ഹൗസ് ബോട്ടിൽ ആളുകൾക്ക് കയറാൻ പറ്റുന്ന രീതിയിലുള്ള കാര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ലോക രാഷ്ട്രങ്ങളുടെ ഇടയിൽ നമ്മുടെ ഈ കൊച്ചുസംസ്ഥാനം ഒരു ടൂറിസ്റ്റ് ഹബ്ബായി മാറുകയാണ്. അതിനുവേണ്ടി നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് ഡെസ്റ്റിനേഷൻ റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തുമോ,

വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളിൽനിന്നും ഫീഡ്ബാക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചില വിദേശ രാജ്യങ്ങളിൽ ടൂറിസ്റ്റ് കേന്ദ്രങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരമുണ്ടാകുന്നുണ്ട്. റേറ്റിംഗ് നിശ്ചയിക്കാനുള്ള പ്രവർത്തനത്തിന് തുടക്കംകുറിച്ചുകൊണ്ട് സഞ്ചാരികൾക്ക് അവർ സന്ദർശിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്താനുള്ള സംവിധാനം വേണമെന്നാണ് സംസ്ഥാന സർക്കാരും ടൂറിസം വകുപ്പും നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് പൈലറ്റ് പ്രോജക്ട് ആയി QR code scan ആരംഭിച്ചതിന് നല്ല റിസൾട്ടാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായി സഞ്ചാരികൾക്ക് സന്ദർശിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സൗകര്യങ്ങളെ റേറ്റ് ചെയ്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ സാധിക്കും. മറ്റ് ജില്ലകളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കേണ്ടതുണ്ട്. ടൂറിസത്തിന്റെ മാർക്കറ്റിംഗ് ക്യാമ്പയിൻ രൂപീകരണത്തിന് സഞ്ചാരികളുടെ അഭിപ്രായ സർവ്വേ ടൂറിസം വകുപ്പ് ഏജൻസി മുഖാന്തരം നടത്താറുണ്ട്. കേരളത്തിലെ ടൂറിസം രംഗത്ത് മികച്ച അനുഭവം ഒരുക്കാൻ ഡെസ്റ്റിനേഷൻ

റേറ്റിംഗ് പദ്ധതി കൊണ്ടുവരുന്നതിനുവേണ്ടി ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ ടൂറിസം മേഖലയിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ലൈഫ് ഗാർഡുകൾ വലിയ ഇടപെടലുകൾ നടത്തുന്നുണ്ട്. അവരുടെ ജീവിതം കൂടുതൽ സുരക്ഷിതമാക്കാനും കൂടുതൽ ബീച്ചുകളിലും ജലാശയങ്ങളിലും ടൂറിസം വ്യാപിച്ച സാഹചര്യത്തിൽ കൂടുതൽ ലൈഫ് ഗാർഡുമാരെ നിയമിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; കൂത്തുപറമ്പ് മണ്ഡലത്തിൽ മലനാട് റിവർ ടൂറിസം പദ്ധതിയുടെ ഭാഗമായി മയ്യഴി പുഴയിൽ പാത്തിക്കൽ, മോന്താൽ, കരിയാട്, പെരിങ്ങത്തൂർ എന്നിവിടങ്ങളിലെ ബോട്ട് ടെർമിനലുകളിൽ സുരക്ഷാ ഗാർഡുമാരെ നിയമിക്കണം. തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിലെ ബലിതർപ്പണ കടവിൽ സുരക്ഷാ ഗാർഡുമാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ നിവേദനം നൽകിയതായി അറിഞ്ഞു. ഇതുപോലെയുള്ള കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എല്ലാ നിലയിലും ലൈഫ് ഗാർഡുകൾ വലിയ പങ്കാണ് വഹിക്കുന്നത്. അതേ അർത്ഥത്തിൽതന്നെ ടൂറിസം വകുപ്പ് അതിനെ കാണുന്നുണ്ട്. അവർക്ക് റെസ്റ്റിംഗ് ടെന്റുകളും ലൈഫ് സേവിങ് എക്യുപ്മെന്റ്സും ആവശ്യമുണ്ട്. പല സ്ഥലത്തും വിശ്രമിക്കാൻപോലും സാധിക്കാത്ത സ്ഥിതിയുണ്ട്. ഇത് പരിഗണിച്ച് റെസ്റ്റിംഗ് ടെന്റും ലൈഫ് സേവിംഗ്സ് എക്യുപ്മെന്റ്സും ലഭ്യമാക്കുന്നതിനും ഗാർഡുകളുടെ ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതും പരിഗണിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ ടൂറിസം മേഖല ദേശീയ ഭൂപടത്തിൽ സ്ഥാനംനേടിക്കൊണ്ട് അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അവിടെ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിന്റെ ഭാഗമായി നിരവധി ടൂറിസ്റ്റുകൾ അവിടെ വന്ന് നിരാശയോടുകൂടി തിരിച്ചുപോകുകയാണ്. ഉദാഹരണത്തിന് ഇടയ്ക്കൽ കേവ്, ഒരു ദിവസം നാലായിരത്തോളം ടൂറിസ്റ്റുകൾ സന്ദർശിക്കുന്നുണ്ടെങ്കിലും

അവിടെ നൽകുന്ന ടിക്കറ്റുകളുടെ എണ്ണം 1920 ആണ്. അതോടൊപ്പം അങ്ങയുടെ നേതൃത്വത്തിൽ ഉദ്ഘാടനം ചെയ്ത 'എൻ ഊര്' പതിനായിരം പേർ ഒരു ദിവസം സന്ദർശിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത് രണ്ടായിരമായി ചുരുക്കിയത് കാരണം പ്രവേശനം ലഭിക്കാതെ ടൂറിസ്റ്റുകൾ തിരിച്ചുപോകുന്ന സാഹചര്യമുണ്ട്. അതോടൊപ്പം കുറുവ ദ്വീപ്, മുത്തങ്ങ ഇക്കോ ടൂറിസം എന്നിവിടങ്ങളിൽ പ്രവേശനം നിരോധിച്ചിരിക്കുന്നതിനാൽ വരുന്ന ടൂറിസ്റ്റുകൾ നിരാശയോടെ തിരിച്ചുപോകുന്നത് ദേശീയ ഭൂപടത്തിൽ ഇടംപിടിച്ച അനന്ത സാധ്യതകളുള്ള ജില്ലയിലെ ടൂറിസം മേഖല മുരടിക്കുന്ന സാഹചര്യമുണ്ടാക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടൂറിസം രംഗത്ത് ലോകത്ത് കണ്ടുകൊണ്ടിരിക്കുന്ന പ്രവണതയായ over tourism-ന്റെ പ്രശ്നമാണിത്. ഒരു ടൂറിസം കേന്ദ്രം unexplored ആണെങ്കിൽ എല്ലാവരും ഒന്നിച്ചുനിന്ന് എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി അതിനെ explore ചെയ്യാനുള്ള ഇടപെടൽ നടത്തിയാൽ ആളുകൾ വരും. അവിടെ സന്ദർശിക്കുന്ന സഞ്ചാരികൾ

തന്നെയാണ് പിന്നെ ആ കേന്ദ്രത്തിന്റെ പ്രചാരകർ. ആ പ്രചരണം ഘട്ടംഘട്ടമായി ഉയർന്ന് അവിടുത്തെ പശ്ചാത്തല സൗകര്യങ്ങൾക്കും പ്രദേശത്തിന്റെ പ്രത്യേകതകൾക്കും താങ്ങാൻ സാധിക്കാത്ത നിലയിലേയ്ക്ക് സഞ്ചാരികളുടെ വലിയ ഒഴുക്കുണ്ടാകുന്നതാണ് over tourism. പ്രത്യേകിച്ച് കോവിഡിനുശേഷം ചില കേന്ദ്രങ്ങളിൽ ഇത് കാണാൻ സാധിക്കും. ഓവർ ടൂറിസത്തിന്റെ പ്രതിസന്ധി നേരിടുന്ന ഇടമാണ് വയനാട് ജില്ല. ബാംഗ്ലൂർ ഐ.ടി. രംഗത്തുള്ളവർ എല്ലാ week end-ലും വരാനുള്ള കേന്ദ്രമായി വയനാടിനെ തെരഞ്ഞെടുത്തിരുന്നു. വയനാടിന്റെ ഭൂപ്രകൃതിയും അതിന്റെ പ്രത്യേകതകളും നമുക്കറിയാം. വയനാട് ഇപ്പോൾ നേരിടുന്ന ഒരു പ്രശ്നം ഉൾക്കൊള്ളാൻ സാധിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ അവിടെ വരുന്നു എന്നതാണ്. ഇത് പരിഹരിക്കാൻ വയനാട്ടിൽ ചെയ്യാവുന്ന ചില കാര്യങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ട്. വയനാട്ടിൽ ചില പ്രത്യേക കേന്ദ്രങ്ങൾ മാത്രമാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി നിൽക്കുന്നത്. അവിടെ ഇനിയും ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കാൻ സാധിക്കുന്ന അതിമനോഹരമായ സ്ഥലങ്ങളുണ്ട്. അവയെ ഉപയോഗപ്പെടുത്താൻ സാധിക്കും. കോവിഡ്

സമയത്ത് റിവഞ്ച് ടൂറിസത്തെപ്പറ്റി സഭയിൽ നമ്മൾ ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ചിലയിടങ്ങളിൽ റിവഞ്ച് ടൂറിസത്തെപ്പറ്റി സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ റിവഞ്ച് ടൂറിസത്തിൽനിന്ന് മാറി സൈലന്റ് ടൂറിസത്തിലേയ്ക്ക് വരികയാണ്. സൈലന്റ് ടൂറിസമെന്ന് പറയുമ്പോൾ സ്വസ്ഥമായി ഇരിക്കാൻ സാധിക്കുന്ന, അത്രത്തോളം explore ചെയ്യപ്പെടാത്ത സ്ഥലങ്ങൾ കണ്ടെത്തി അവിടെ പോകുകയെന്നതാണ്. അങ്ങനെയുള്ള സൈലന്റ് ടൂറിസം വരുമെന്നുള്ളതുകൊണ്ടാണ് destination challenge എന്ന പദ്ധതിക്ക് രൂപം നൽകിയത്. തദ്ദേശസ്വയംഭരണ വകുപ്പും ടൂറിസം വകുപ്പും 60:40 എന്ന നിലയിൽ യോജിച്ച് നടപ്പാക്കുന്ന destination challenge പദ്ധതിയിൽ റവന്യൂ ഷെയറിംഗ് പൂർണ്ണമായും തദ്ദേശസ്വയംഭരണ വകുപ്പിനാണ് നൽകുന്നത്. ഇതിൽ മുപ്പത്തിയഞ്ചോളം പദ്ധതികൾ ഏറെക്കുറെ പൂർത്തിയാക്കുകയും ഉദ്ഘാടനത്തിനായി തയ്യാറാകുകയും ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം അംഗം സഭയിലുണ്ടോയെന്ന് അറിയില്ല, അവിടുത്തെ ഒരു പദ്ധതിയും ഉദ്ഘാടനം ചെയ്യുന്നുണ്ട്. സൈലന്റ് ടൂറിസത്തിന് സാധ്യതയുള്ള സ്ഥലമാണ് വയനാട്.

ഇന്നത്തെ കാലത്ത് എല്ലാവർക്കും സ്വസ്ഥത ആവശ്യമാണ്. സൈലന്റ് ടൂറിസത്തിന് സാധ്യതയുള്ള കാലത്ത് അതിനുകൂടി സാധ്യമാകുന്ന വികസനം വയനാട്ടിൽ ഉൾപ്പെടെ നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാം. ഗതാഗത കുരുക്ക് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഏതൊരു മലയാളിയുടെയും പ്രിയപ്പെട്ട പദ്ധതിയായ തുരങ്ക പാതയ്ക്ക് സർക്കാർ തുടക്കംകുറിക്കുന്നുവെന്ന വിവരംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എ. രാജ:</u> സർ, കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമാണ് മൂന്നാർ. സീസണിൽ സഞ്ചാരികളുടെ തിരക്കേറുമ്പോൾ മണിക്കൂറുകളാണ് ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ പൊതുമരാമത്ത് വകുപ്പുമന്ത്രി കൂടിയായ അങ്ങ് നടത്തുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, മൂന്നാറിലേയ്ക്ക് ഒരുപാട് റോഡുകൾ നല്ല നിലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. അരിക്കൊമ്പൻ സംഭവത്തോടുകൂടി മൂന്നാറിലെ റോഡുകൾ കുറേക്കൂടി സമൂഹത്തിൽ

അറിയപ്പെടുന്ന സ്ഥിതിയുണ്ടായി. ചെയ്യാൻ പറ്റുന്ന മറ്റ് കാര്യങ്ങളും ചെയ്യുന്നുണ്ട്. ഇടുക്കി ജില്ലയിൽ പൊതുവേ പരിശോധിച്ചാൽ കഴിഞ്ഞ 8 വർഷക്കാലം ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. റോഡുകളുടെ വികസനവും നല്ല രീതിയിൽ നടത്തിക്കൊണ്ടുവരികയാണ്. വയനാട് പോലെ അനന്തമായ സാധ്യതയാണ് ഇടുക്കി ജില്ലയിലും ഉള്ളത്. Astronomy Tourism ലോകത്ത് ടൂറിസം രംഗത്തുള്ള പുതിയ പ്രവണതയാണ്. നക്ഷത്രങ്ങൾ കണ്ട് ഉറങ്ങുന്നതിന് സാധിക്കുന്ന സ്ഥലമായാണ് ഇടുക്കിയെ പറയുന്നത്. അത്തരം സാധ്യതകളെക്കൂടി പ്രയോജനപ്പെടുത്തി ഇടുക്കിയിലെ ടൂറിസത്തെ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, അന്തർദേശീയ നിലവാരത്തിലുള്ള ഒരു ടൂറിസം പദ്ധതി ആലുവയിൽ വേണമെന്നാവശ്യപ്പെട്ട് അങ്ങേയ്ക്ക് കത്ത് നൽകുകയും അങ്ങ് അതിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും എയർപോർട്ട് വഴി ആലുവാ ശിവരാത്രി മണപ്പുറത്ത് വന്ന് സീഡ്ഫാം വഴി പരുന്തുറാഞ്ചി മണപ്പുറത്തേയ്ക്ക് പോകുന്ന റോപ്‌വേയും തൂക്കുപാലം, ബോട്ട് സർവ്വീസ്

എന്നിവയും അടങ്ങുന്ന ഒരു പദ്ധതി ഞാൻ അങ്ങേയ്ക്ക് നൽകിയിരുന്നു; അതിന്റെ റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതിയായി അത് മുന്നോട്ടുകൊണ്ടുപോകാമെന്ന് ഉറപ്പുനൽകിയിരുന്നു. ആ പദ്ധതിയുടെ concept note ആയിട്ടുണ്ട്. ആ പദ്ധതി എത്രയും വേഗം കേന്ദ്രത്തിന് സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ആലുവയുടെ പ്രത്യേക സാധ്യത മനസ്സിലാക്കിക്കൊണ്ടാണ് ടൂറിസം വകുപ്പ് ഇടപെട്ടിട്ടുള്ളത്. ഈ പറഞ്ഞ പദ്ധതിയുൾപ്പെടെ ഏതെല്ലാം നടപ്പാക്കാൻ സാധിക്കുമെന്നത് പരിശോധിച്ച് മുന്നോട്ട് പോകുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ശ്രദ്ധേയമായതുമായ വിനോദസഞ്ചാര കേന്ദ്രമാണ് ബേക്കൽ. ബേക്കൽ കോട്ടയും ബീച്ചും വളരെ മനോഹരമാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളായി നടത്തുന്ന ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവൽ ലക്ഷക്കണക്കിന് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിച്ചിട്ടുണ്ട്. അവിസ്മരണീയമായ ഒരു ഫെസ്റ്റിവലാണ് നടന്നത്. ഒന്നാമത്തെ എഡിഷൻ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും രണ്ടാമത്തെ എഡിഷൻ ബഹുമാനപ്പെട്ട സ്പീക്കറുമാണ് ഉദ്ഘാടനം ചെയ്തത്. മൂന്നാമത്തെ എഡിഷനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. വിദേശ ടൂറിസ്റ്റുകളും ധാരാളമായി എത്തുന്നുണ്ട്. യാത്രാ സൗകര്യങ്ങളുടെ അഭാവമാണ് അവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. മംഗലാപുരം, കണ്ണൂർ എന്നീ എയർപോർട്ടുകളുണ്ടെങ്കിലും മറ്റ് യാത്രകൾക്കുള്ള സൗകര്യമില്ല. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ബേക്കലിൽ എയർസ്ട്രിപ് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ബേക്കലിൽ ഹെലികോപ്റ്റർ ഇറങ്ങുന്ന എയർസ്ട്രിപിന് പകരം 12 മുതൽ 20 വരെ ആളുകൾക്ക് സഞ്ചരിക്കാൻ സാധിക്കുന്ന ചെറിയ വിമാനങ്ങൾ ഇറങ്ങുന്ന വിമാനത്താവളം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബേക്കൽ വലിയ നിലയിൽ വികസിച്ചുകൊണ്ടിരിക്കുകയാണ്. ബേക്കൽ ഫെസ്റ്റ് ഉൾപ്പെടെ സംഘടിപ്പിച്ചതിന്റെ ഭാഗമായി കൂടുതൽ ജനകീയമായി ടൂറിസ്റ്റ് കേന്ദ്രം മാറിയിരിക്കുകയാണ്. അതിന്റെ മറ്റ് സാധ്യതകൾ ഉപയോഗപ്പെടുത്താനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബേക്കലിലേയ്ക്ക് എത്തുന്നതിനുള്ള

പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചു. എൻ.എച്ച്. 66 യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഇന്നലെ അതിന്റെ റിവ്യൂ യോഗം നടത്തിയപ്പോൾ നേരത്തെ പ്രഖ്യാപിച്ചതുപോലെ 2025 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കണ്ടെത്തിയത്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ വേഗത്തിൽ പ്രവൃത്തി നടക്കുന്നുണ്ട്. ഇത് പൂർത്തിയാകുമ്പോൾ ബേക്കലിലേയ്ക്ക് ടൂറിസ്റ്റുകളെ കൂടുതൽ വേഗത്തിൽ എത്തിക്കാൻ സാധിക്കും. ഈ പറയുന്ന പദ്ധതി എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്ന് പരിശോധിച്ച് സർക്കാർ മുന്നോട്ടുപോകുന്നതാണ്.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, ഇല്ലിക്കൽക്കല്ല്, ഇലവീഴാപൂഞ്ചിറ എന്നീ സ്ഥലങ്ങൾ പാലാ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട രണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. ആയിരക്കണക്കിന് ആളുകളെത്തിച്ചേരുന്ന ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. അത് ഒരുക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നമ്മുടെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളും നേരിടുന്ന ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. നല്ല

ടോയ്‌ലറ്റ് സൗകര്യങ്ങൾ പലയിടത്തുമില്ലാത്തതും ടോയ്‌ലറ്റ് സൗകര്യമുണ്ടെങ്കിൽതന്നെ അത് മെയിന്റയിൻ ചെയ്യാൻ പലപ്പോഴും സാധിക്കാതെ വരുന്നതുമായ പ്രശ്നങ്ങളുണ്ട്. DTPC (District Tourism Promotion Council), Destination Management, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമൊക്കെയാണ് ടോയ്‌ലറ്റുകളുടെ മെയിന്റനൻസ് നടത്തുന്നത്. എന്നാൽ അത് അപര്യാപ്തമാണെന്നതൊരു പ്രശ്നമാണ്. ഇത് അവിടെയെത്തുന്ന സഞ്ചാരികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ഇപ്പോൾ ആലോചിച്ചുവരികയാണ്. വാഗമണ്ണിൽ ഗ്ലാസ് ബ്രിഡ്ജ് വലിയ നിലയിൽ ക്ലിക്ക് ആയി. പക്ഷേ, ഉദ്ഘാടന പരിപാടിക്ക് പോയപ്പോൾ അവിടെ ടോയ്‌ലറ്റ് സൗകര്യമില്ലാത്ത സ്ഥിതിയായിരുന്നു. അടിയന്തരമായി അവിടെ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവിടെ ടോയ്‌ലറ്റ് ഫെസിലിറ്റി വന്നത്. എന്തായാലും ഈ വിഷയത്തിൽ കൂടുതൽ പ്രാധാന്യം നൽകി ഇതിന്റെ

ഭാഗമായി ടോയ്‌ലറ്റ് സൗകര്യങ്ങൾ കൊണ്ടുവരികയെന്നതുമാത്രമല്ല, അത് ഏത് വിധത്തിൽ പരിപാലിക്കുമെന്നതും പ്രധാന പ്രശ്നമാണ്. എയർപോർട്ടുകളിലെ ടോയ്‌ലറ്റ് സൗകര്യങ്ങൾ പരിപാലിക്കുന്നതുപോലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ടോയ്‌ലറ്റ് സൗകര്യങ്ങൾ പരിപാലിക്കുന്നതിന് എങ്ങനെ സാധിക്കുമെന്നത് ചർച്ച ചെയ്ത് അതിനായുള്ള സംവിധാനങ്ങൾ ഓരോ കേന്ദ്രങ്ങളിലും ഒരുക്കുന്നതിന് നടപടി സ്വീകരിക്കും.

**വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സ്വീകരിച്ച നടപടി**

3(*393) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2023-24-ൽ സ്കൂളുകളിൽനിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏകദേശം നാനൂറ്റി അറുപതോളം വിദ്യാർത്ഥികൾ പഠനം അവസാനിപ്പിച്ചുവെന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) ചില പ്രദേശങ്ങളിലെങ്കിലും അത്യപൂർവ്വമായി കൊഴിഞ്ഞുപോക്ക് അനുഭവപ്പെട്ടിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതൊഴിവാക്കാൻ പ്രത്യേക പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി മേഖലയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുവേണ്ടി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 'വിദ്യാവാഹിനി' പദ്ധതിവഴി യാത്രാസൗകര്യം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നതിനുവേണ്ടി ആ വിഭാഗത്തിൽനിന്നുള്ള അധ്യാപകരെ മെന്റർ ടീച്ചർ എന്ന നിലയിൽ വിദ്യാലയങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. സാമൂഹ്യപഠന മുറികൾ വഴി വൈകുന്നേരം കുട്ടികൾക്ക് പഠിക്കാൻ പ്രത്യേക സൗകര്യങ്ങൾ ഊരുകൾ കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം നൽകുന്നുണ്ട്.

പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽനിന്നും വിദ്യാലയങ്ങളിൽവന്ന് പഠിക്കുന്ന 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി യാത്രാസൗകര്യം ലഭ്യമാക്കുന്നു. 2024-25 വർഷം 11352 കുട്ടികൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ പത്ത് മാസത്തേയ്ക്ക് ആകെ 681.12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോയതോ വിദ്യാലയത്തിൽ പ്രവേശനം നേടാത്തതോ ആയ കുട്ടികളെ കണ്ടെത്തി സ്പെഷ്യൽ ട്രെയിനിംഗ് സെന്ററിൽ വോളന്റിയർമാരുടെ സഹായത്തോടെ ബ്രിഡ്ജിംഗ് നടത്തുന്നു. 2024-25 വർഷം 2025 കുട്ടികൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 121.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മലയോര പ്രദേശങ്ങളിലെ കുട്ടികളുടെ തുടർപഠനത്തിനായി 6 റസിഡൻഷ്യൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

GTLPS ഇടമലക്കുടി കേന്ദ്രീകരിച്ച് അടുത്തടുത്ത ഊരുകളിലെ കുട്ടികളെ സ്കൂളിലെത്തിക്കാനും തിരികെ വീടുകളിലെത്തിക്കാനും 'എസ്കോർട്ടിംഗ്' - ന്റെ സഹായം തേടുന്നു.

മെന്റർ ടീച്ചർമാർ, എറണാകുളം ജില്ലയിലെ അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്ക് പിന്തുണ നൽകുന്ന വിദ്യാവോളന്റിയേഴ്സ് എന്നിവർക്ക് ഒന്നാം ക്ലാസിലെ മാറിയ പാഠപുസ്തകവും സമീപനവും പരിചയപ്പെടുത്തുന്നതിനായി പരിശീലനം സംഘടിപ്പിക്കുന്നു.

മാതൃഭാഷ മലയാളം അല്ലാത്തതും ഊരിലെ ഭാഷ സംസാരിക്കുന്നതുമായ പട്ടികവർഗ്ഗ കുട്ടികൾക്കായി തെരഞ്ഞെടുത്ത വിദ്യാലയത്തിൽ ഭാഷാ അനുരൂപീകരണം (പഠിപ്പുറസ്സി പദ്ധതി) നടപ്പിലാക്കുന്നു.

(ബി) 2023-24-ൽ സ്കൂളുകളിൽനിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏകദേശം നാനൂറ്റി അറുപതോളം വിദ്യാർത്ഥികൾ പഠനം അവസാനിപ്പിച്ചുവെന്നത് ഗൗരവമായി കാണുന്നുണ്ട്. എല്ലാ കുട്ടികളുടെയും പഠനം ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ നിലപാട്. മുഴുവൻ കുട്ടികളും സ്കൂളിൽ എത്തിയെന്ന് ഉറപ്പുവരുത്തി അവർക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനാണ് സർക്കാർ നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. മുഴുവൻ കുട്ടികളെയും വിദ്യാലയങ്ങളിൽ

തിരികെ എത്തിക്കുന്നതിന് വിദ്യാലയ കേന്ദ്രീകൃതമായ പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും തുടർച്ചയായി നടന്നുവരുന്നുണ്ട്. കുട്ടികൾ സ്കൂൾ പഠനം അവസാനിപ്പിക്കുന്നതിനുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഭാഷയിലുള്ള പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ രീതിയിൽ പാഠപുസ്തകങ്ങളിലും പാഠ്യപദ്ധതിയിലും പ്രവർത്തനങ്ങളും ഉള്ളടക്കവും ക്രമീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കും. എല്ലാ കുട്ടികളെയും വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് സർക്കാരിന്റെ നിരന്തരമായ ജാഗ്രത ഉണ്ടാകും. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കൊപ്പം സ്കൂൾ ഉപേക്ഷിച്ച കുട്ടികളെ വിദ്യാലയങ്ങളിൽ തിരികെ എത്തിച്ച് പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കും. ഇതിനായി വിദ്യാഭ്യാസ

വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി, തദ്ദേശസ്വയംഭരണം, വനം, സ്പോർട്സ്, ആരോഗ്യം, സാംസ്കാരികം തുടങ്ങിയ വകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതി നടപ്പിലാക്കും. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഹാജർനില ഉറപ്പുവരുത്താനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും വിദ്യാർത്ഥിസൗഹൃദ പാഠ്യപദ്ധതിയും ആവിഷ്കരിച്ചിട്ടും കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നത് സർക്കാർ ഗൗരവതരമായി കാണുമോ; ഇത്തരത്തിൽ പഠനം ഉപേക്ഷിക്കുന്ന കുട്ടികളിൽ കൂടുതലും ആൺകുട്ടികളാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ഇവരുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം പരിശോധിച്ച് പഠനത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെ കുറവാണ്. ഗവൺമെന്റ് നടത്തിയ ഒരു പഠനത്തിൽ, എസ്.സി./എസ്.ടി. മേഖലയിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെ

കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആ മേഖലയിൽ പരിഹാരം കാണുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്, അവർക്ക് ആവശ്യമായ വാഹന സൗകര്യം, അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകർ എന്നിവയൊക്കെ ഈ മേഖലയിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുവിൽ ഇന്ത്യാ രാജ്യത്ത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം സ്കൂളുകൾക്ക് അനുവദിച്ചിരിക്കുന്ന മെറ്റീരിയൽ കോസ്റ്റ് പ്രൈമറി വിഭാഗത്തിൽ 6/- രൂപയും അപ്പർ പ്രൈമറി വിഭാഗത്തിൽ 8 രൂപ 17 പൈസയുമാണ്. കഴിഞ്ഞ 8 വർഷമായി ഈ തുക വർദ്ധിപ്പിച്ചിട്ടില്ല. പ്രധാന അധ്യാപകർ ഉച്ചഭക്ഷണം നൽകുന്നതിന് പ്രയാസപ്പെടുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനകൂടി പരിഗണിച്ച് ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉച്ചഭക്ഷണത്തിനായുള്ള മെറ്റീരിയൽ കോസ്റ്റ് 8/- രൂപയായി ഇപ്പോൾ

വർദ്ധിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അത് കാണാത്തതുകൊണ്ടാണ് ഇവിടെ ഉന്നയിച്ചത്. മാത്രമല്ല കുട്ടികൾക്ക് മുട്ടയും നേന്ത്രപ്പഴവും നൽകുന്നതിനായി പ്രത്യേക തുക വകകൊള്ളിച്ചിട്ടുമുണ്ട്. കുട്ടികളും പ്രധാന അധ്യാപകരും വളരെ സന്തോഷത്തിലാണ്. അതുകൊണ്ട് ഇതിൽ നമുക്ക് ഉത്കണ്ഠപ്പെടേണ്ട ഒരു കാര്യവുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളത്തിൽ കൊഴിഞ്ഞുപോക്ക് കുറവാണെന്നും അത് ഇന്ത്യയിലെ റെക്കോർഡാണെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയത്. 19-06-2024-ൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ-യുടെ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടിയിൽ ഗ്രാമീണ മേഖലയിലും ആദിവാസി പിന്നാക്ക മേഖലയിലുമുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ കണക്ക് തരംതിരിച്ച് എടുത്തിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. എടുക്കാത്ത ഒരു കണക്കിനെക്കുറിച്ച് അങ്ങേയ്ക്ക് സഭയിൽ പറയാൻ സാധിക്കുന്നത് എങ്ങനെയാണ്? കൊഴിഞ്ഞുപോക്കിനുള്ള ഒരു ചെറിയ പരിഹാരമാർഗ്ഗം മറുപടിയിൽ പറയുന്നുണ്ട്. ഇത് ഗൗരവമായി അഡ്രസ്സ് ചെയ്യുന്നതിനായി

ഗവൺമെന്റ് നടപടിയെടുക്കുമോ; അൺ-എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ പഠനം തുടരുകയും ഗവൺമെന്റ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്യുന്നുവെന്നുള്ളത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. അതിൽത്തന്നെ വലിയ ഒരു വ്യത്യാസം ഉണ്ടാകുകയല്ലേ, അതുകൊണ്ട് ഈ വിഷയം ഗൗരവമായി ആലോചിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഗവൺമെന്റ് മേഖലയിലും എയ്ഡഡ് മേഖലയിലും കുട്ടികളുടെ എണ്ണത്തിൽ കുറവില്ല. 1-ാം ക്ലാസ്സിൽ അൺ-എയ്ഡഡ് മേഖലയിൽ കുട്ടികളുടെ എണ്ണത്തിൽ കുറച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. 2-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ഗവൺമെന്റ് മേഖലയിലും എയ്ഡഡ് മേഖലയിലുമാണ് കുട്ടികളുടെ എണ്ണം കൂടുതലുള്ളത്. അതുകൊണ്ട് അതിനെ സംബന്ധിച്ച് ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. അങ്ങ് ചോദിച്ച കൊഴിഞ്ഞുപോക്കിന്റെ എടുക്കാത്ത കണക്കുകൾ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, അത് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ട്രൈബൽ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിഗണനയും കരുതലും നൽകേണ്ടതാണ്. ട്രൈബൽ

വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർഥികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ ലഭ്യമായി അവർ അധ്യിഷനെടുത്തുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിനുവേണ്ടി ഹ്യൂമാനിറ്റീസ് ബാച്ച് അടക്കം നൽകേണ്ടതുണ്ട്. എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി., കലാ-കായികമേളകൾ, ശാസ്ത്രമേളകൾ ഇവയുടെയെല്ലാം ഗ്രേസ് മാർക്ക് നൽകുന്നത് എസ്.എസ്.എൽ.സി. മാർക്കിനോടൊപ്പമാണ്. എന്നാൽ ശാസ്ത്രകുതുകികളായിട്ടുള്ള വിദ്യാർഥികൾക്ക് നാഷണൽ ലെവൽ talent സ്കോളർഷിപ്പായ INSPIRE (Innovation In Science Pursuit for Inspired Research), 8-ാം ക്ലാസ്സിലെ National Means Cum-Merit Scholarship, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവയ്ക്കൊന്നും പ്രത്യേകമായ ഗ്രേസ് മാർക്ക് നൽകുന്നില്ല. സ്കൗട്ട് ആൻഡ് ഗൈഡ്സ്-ന് ഗ്രേസ് മാർക്ക് ലഭിക്കണമെങ്കിൽ രാജ്യപുരസ്കാരമോ രാഷ്ട്രപതിയുടെ മെഡലോ ലഭിക്കണം. INSPIRE-ന് ഒന്നും ലഭിക്കുന്നില്ല. എസ്.പി.സി., എൻ.സി.സി. എന്നിവയ്ക്ക് ഗ്രേസ് മാർക്ക് ലഭിക്കുമ്പോൾ സ്കൗട്ട് ആൻഡ് ഗൈഡ്സ്-ന് ഗ്രേസ് മാർക്ക്

ലഭിക്കേണ്ടതാണ്. അതുകൊണ്ട് ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ട കാര്യത്തിൽ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞ കാര്യം ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, അങ്ങാണ് ആദ്യമായി ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത്. സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് ആൻഡ് ഗൈഡ്സ്, എസ്.പി.സി., ശാസ്ത്ര ക്ലബുകൾ എന്നിങ്ങനെ പന്ത്രണ്ടോളം വരുന്ന ഇനങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. ഇനിയും ഗ്രേസ് മാർക്ക് നൽകുന്ന ഇനങ്ങളുടെ എണ്ണം കൂട്ടിയാൽ മെറിറ്റ് മാർക്കിനെ മറികടക്കുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് മെറിറ്റ് മാർക്കിനെ പരിഗണിക്കുന്നതോടൊപ്പം നമ്മുടെ കുട്ടികൾ നോൺ അക്കാഡമിക്ക് പരിപാടികളിൽ പങ്കെടുക്കുന്ന കാര്യവും പരിഗണിക്കപ്പെടണം. അങ്ങ് പറഞ്ഞ കാര്യം എന്തായാലും പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ആദിവാസി ഊരുകളിലുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വാഹന, കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനെയും അധ്യാപകരെ നിയമിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ തേക്കടി, ചുങ്കം എന്നിവിടങ്ങളിൽ എൽ.പി. സ്കൂളും യു.പി. സ്കൂളുമാണുള്ളത്. അവിടെനിന്നും കുട്ടികളെ പ്രീ-മെട്രിക് ഹോസ്റ്റലുകളിലേയ്ക്ക് മാറ്റി പഠിപ്പിക്കാൻ തയ്യാറായാലും വീട്ടിലേയ്ക്ക് പോകുന്ന കുട്ടികൾക്ക് തിരിച്ച് സ്കൂളുകളിലെത്താൻ കഴിയുന്നില്ല. അതുകൊണ്ട് ഇത്തരം സ്കൂളുകളെ വലിയ ചെലവില്ലാതെ അപ്ഗ്രേഡ് ചെയ്യാനുള്ള തീരുമാനമുണ്ടാകുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇന്നലത്തെ കാബിനറ്റ് യോഗത്തിൽ വയനാട് ജില്ലയിലെ ഇത്തരത്തിലുള്ള 3 സ്കൂളുകളെ അപ്ഗ്രേഡ് ചെയ്ത കാര്യം പത്രങ്ങളിലൊക്കെ വന്നിട്ടുള്ളതാണ്. കോഴിക്കോട് നടന്ന റീജിയണൽ യോഗത്തിൽ ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താൽപ്പര്യമെടുത്താണ് 3 സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യാൻ

തീരുമാനിച്ചിട്ടുള്ളത്. അതേ രൂപത്തിലുള്ള ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം ഇതിനായി ഒരു അപേക്ഷ നൽകണം, അതിൽ എന്താണ് ചെയ്യേണ്ടതെന്ന് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ മറുപടിയുടെ ഭാഗമായി, ഈ വർഷം സ്കൂളിൽ ചേർന്ന കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 7163 പേരുടെ കുറവുണ്ടായിട്ടുണ്ടെന്നും അതിൽ 6928 പേരുടെ കുറവ് സർക്കാർ സ്കൂളുകളിലും 235 പേരുടെ കുറവ് എയ്ഡഡ് സ്കൂളിലുമാണെന്ന് പറയുകയുണ്ടായി. അതുപോലെ സി.ബി.എസ്.ഇ. പത്താം ക്ലാസ്സിനുശേഷം വലിയൊരു വിഭാഗം കുട്ടികൾ സ്റ്റേറ്റ് സിലബസിലേയ്ക്ക് പ്ലസ് വൺ-ന് ചേരാറുണ്ടായിരുന്നു. സി.ബി.എസ്.ഇ.-യിൽ ഉയർന്ന മാർക്ക് ലഭിക്കാൻ സാധ്യത കുറവും സ്റ്റേറ്റ് സിലബസിൽ ഉയർന്ന മാർക്ക് ലഭിക്കുകയും ചെയ്യുന്നുവെന്നതാണ് അതിനുള്ള കാരണം. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളിലെ ട്രെൻഡ് പരിശോധിച്ചാൽ സി.ബി.എസ്.ഇ.-യിൽനിന്നും സ്റ്റേറ്റ് സിലബസിലേയ്ക്ക് പ്ലസ് വൺ-ന് എത്തുന്ന കുട്ടികളുടെ എണ്ണത്തിൽ

ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 1-ാം ക്ലാസ്സിലേയ്ക്കും പ്ലസ് വൺ-ലേയ്ക്കും കുട്ടികളുടെ എണ്ണത്തിൽ വൻതോതിൽ കുറവുവരുന്നതിനെക്കുറിച്ചും അതിന്റെ കാരണമെന്താണെന്നതിനെക്കുറിച്ചും പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ വൻതോതിലുള്ള കുറവൊന്നും സംഭവിച്ചിട്ടില്ല. ചെറിയ തോതിൽ കുറവുണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് പരിഹാരം കാണുന്നതാണ്. 2024-25 വർഷത്തെ ആറാം പ്രവർത്തി ദിവസത്തെ കണക്ക് പരിശോധിക്കുമ്പോൾ അങ്ങ് പറഞ്ഞ ചില കാര്യങ്ങൾ സത്യസന്ധമാണ്, എന്നാൽ സത്യസന്ധമല്ലാത്ത കാര്യങ്ങളുമുണ്ട്. 2024-25 അധ്യയന വർഷത്തെ ആറാം പ്രവർത്തിദിന കണക്കുകൾ പ്രകാരം സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ-എയ്ഡഡ് ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലായി ആകെ 3643607 കുട്ടികളാണുള്ളത്. ഇതിൽ 1160579 കുട്ടികൾ സർക്കാർ മേഖലയിലും 2127061 കുട്ടികൾ എയ്ഡഡ് മേഖലയിലും 355967 കുട്ടികൾ അംഗീകൃത അൺ-എയ്ഡഡ്

മേഖലയിലുമാണ് പഠിക്കുന്നത്. ഈ അധ്യയന വർഷം ഒന്നാം ക്ലാസിൽ പ്രവേശനം നേടിയത് 298848 കുട്ടികളാണ്. കഴിഞ്ഞ അധ്യയന വർഷത്തെക്കാൾ 781 കുട്ടികൾ കൂടുതലാണ്. സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ ആകെ കുട്ടികളുടെ എണ്ണമാണ് പറഞ്ഞത്. അങ്ങേയ്ക്കത് മനസ്സിലായി കാണുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടു മുതൽ പത്തുവരെയുള്ള ക്ലാസുകളിലായി 34554 കുട്ടികൾ പുതുതായി പ്രവേശനം നേടി. സംസ്ഥാന തലത്തിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പ്രവേശനം നേടിയത് എട്ടും അഞ്ചും ക്ലാസുകളിലാണ്. 15596 കുട്ടികൾ എട്ടാം ക്ലാസിൽ പുതുതായി പ്രവേശനം നേടി. ഇത് വലിയൊരു നേട്ടം തന്നെയാണ്. 11510 കുട്ടികൾ അഞ്ചാം ക്ലാസിൽ പുതുതായി പ്രവേശനം നേടി. ഈ അധ്യയന വർഷം രണ്ടാം ക്ലാസ് മുതൽ പത്താം ക്ലാസുവരെ പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണം കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ സർക്കാർ വിദ്യാലയങ്ങളിൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിൽ മൂന്ന്,

പത്ത് ക്ലാസുകളൊഴികെ എല്ലാ ക്ലാസുകളിലും വർധനയുണ്ടായിട്ടുണ്ട്. അംഗീകൃത അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ രണ്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ വർധനയുണ്ടായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഒന്നാം ക്ലാസിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പുതുതായി വന്ന കുട്ടികളുടെ എണ്ണത്തിൽ വർധന കുറവാണ്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിലെ വിദ്യാലയങ്ങൾ പൊതുവിൽ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു തലമുറയെ വാർത്തെടുക്കുന്ന പ്രക്രിയയെന്നുള്ള രൂപത്തിൽ വിദ്യാഭ്യാസ മേഖലയിൽ അധ്യാപകർക്ക് നിർണ്ണായകമായ പങ്കാണുള്ളത്. പൊതുവിദ്യാലയങ്ങളിൽ അധ്യാപകർക്ക് ലഭ്യമാകുന്ന ചിട്ടയായ പരിശീലനം വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും സഹായകരമായിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കുട്ടികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അധ്യാപകർ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. അത് മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ മുഴുവൻ അധ്യാപകർക്കും വിവിധ

തരത്തിലുള്ള ട്രെയിനിങ് ഇതിനകംതന്നെ നൽകിക്കഴിഞ്ഞു. കൂടാതെ, 80000-ഓളം വരുന്ന അധ്യാപകർക്ക് എ.ഐ. ട്രെയിനിങ്ങും നൽകിയിട്ടുണ്ട്. അത് ഏറ്റവും വലിയൊരു നേട്ടമായിത്തന്നെ കാണേണ്ടതുണ്ട്. ഏറ്റവുമൊടുവിൽ ക്ലസ്റ്റർ ട്രെയിനിങ് നടന്നു. അതിൽനിന്ന് ഒഴിഞ്ഞുനിന്നിരുന്ന കുറച്ച് അധ്യാപകർക്ക് വീണ്ടും ട്രെയിനിങ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നമുക്ക് സാധ്യമായ എല്ലാ വഴികളും പ്രയോജനപ്പെടുത്തിക്കൊണ്ട് അധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്താനുള്ള ട്രെയിനിങ് കൊടുക്കുന്നുണ്ട്.

**സ്മാർട്ട് റോഡുകൾ**

4(*394) ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയത് പ്രകാരം
(ശ്രീ. എ. സി. മൊയ്തീൻ):
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡുകളിലെ ഗതാഗത പ്രശ്നങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; വിശദമാക്കുമോ;

(സി) നഗര റോഡുകൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഏതെല്ലാം നഗര റോഡുകളാണ് സ്മാർട്ട് റോഡുകളായി മാറിയിട്ടുള്ളതെന്നും ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ടെന്നും അറിയിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ-സി) ഉണ്ട്. കേരളത്തിലെ പ്രധാന നഗരപാതകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

1. തിരുവനന്തപുരം നഗരപാത വികസന പദ്ധതി

തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിലെ 42.069 കി.മീ. റോഡുകൾ നാല് ഘട്ടങ്ങളിലായി വികസിപ്പിച്ചിട്ടുണ്ട്. ഇവയിൽ ചിലത് ഇപ്പോഴും 15 വർഷത്തെ പരിപാലന

കാലയളവിലാണ്. അതോടൊപ്പം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 40 റോഡുകൾ നിലവാരം വർധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ 25 റോഡുകൾ ഉപരിതലം പുതുക്കി നിലവാരം വർധിപ്പിച്ച് ഗതാഗതയോഗ്യമാക്കി. 12 സ്മാർട്ട് റോഡുകളിൽ രണ്ട് സ്മാർട്ട് റോഡുകൾ പൂർത്തിയാക്കി. 10 സ്മാർട്ട് റോഡുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

2. കോഴിക്കോട് നഗര പാത വികസന പദ്ധതി

കോഴിക്കോട് നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നഗരത്തിലെ തിരഞ്ഞെടുക്കപ്പെട്ട 22.25 കി.മീ. റോഡുകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ പദ്ധതി 15 വർഷത്തെ പരിപാലന കാലയളവിലാണ്. കോഴിക്കോട് നഗരത്തിലെ മാനാഞ്ചിറ - വെള്ളിമാട്കുന്ന് റോഡ് ഘട്ടം I (ബി)-യിലും, അരീക്കാട്, ചെറുവണ്ണൂർ മേൽപ്പാലങ്ങളുടെ നിർമ്മാണവും 12 റോഡുകളുടെ വികസനവും ഘട്ടം II-ലും ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഭൂമിയേറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.

3. <u>കണ്ണൂർ നഗര പാത വികസന പദ്ധതി</u>

കണ്ണൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും ലോകോത്തര നിലവാരത്തിലുള്ള റോഡുകളും അനുബന്ധ സൗകര്യങ്ങളും റോഡ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കേരള റോഡ് ഫണ്ട് ബോർഡ് വഴി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കണ്ണൂർ നഗര പാത വികസന പദ്ധതി. 11 കോറിഡോറുകളിലായി ആകെ 40.645 കി.മീ. റോഡാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5.50 കി.മീ. നീളം വരുന്ന ഫേസ് 1 കോറിഡോറുകളുടെ പ്രവൃത്തി ഐറ്റം റേറ്റ് മാതൃകയിൽ 16.15 കോടി രൂപയ്ക്ക് ചെയ്യുന്നതിനായി 30-12-2023-ലെ GO(Rt)1645/2023/PWD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

ഫേസ് 2, ഫേസ് 3 എന്നിവയിൽ ഉൾപ്പെടുന്ന റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ ഫേസ് 2-ൽ ഉൾപ്പെടുന്ന 4 റോഡുകളിൽ 3 എണ്ണത്തിന്റെ 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫേസ് 2-ൽ ഉൾപ്പെടുന്ന 4 റോഡുകളുടെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. <u>കൊല്ലം നഗര പാത വികസന പദ്ധതി</u>

കേരള റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം നഗരത്തിലെ 23.76 കി. മീ. റോഡുകളാണ് വികസിപ്പിക്കുന്നത് (മേവറം - കാവനാട് - 13.15 കി.മീ., റെയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ - 6.30 കി.മീ., തിരുമുല്ലവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ - 4.31 കി.മി). ഇതിലേയ്ക്കായി 8.341 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. റോഡുകളുടെ ഫീൽഡുതല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി ലാൻഡ് അക്വിസിഷൻ തുകയായ 435,65,03,647/- രൂപയും, കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപയുമുള്ള ഭരണാനുമതി 15-03-2024-ലെ GO(Rt)No.371/2024/PWD പ്രകാരം നൽകിയിട്ടുണ്ട്. ആയതുപ്രകാരം പദ്ധതിയുടെ തുടർനടപടികൾക്കായി കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മാനവീയം വീഥി, കലാഭവൻ മണി റോഡ് എന്നിവ സ്മാർട്ട് റോഡുകളായി പ്രവൃത്തി പൂർത്തീകരിച്ചു. പ്രവൃത്തി പുരോഗമിക്കുന്നവ അനുബന്ധമായി +ചേർക്കുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അതിവേഗം നഗരവൽക്കരണം നടക്കുന്ന ഒരു നാടാണ് കേരളം. അതുകൊണ്ടുതന്നെ ഗതാഗതക്കുരുക്ക് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് കേരളത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലാണ്. കൈയേറ്റം, അനധികൃത പാർക്കിംഗ് ഉൾപ്പെടെയുള്ള കാരണങ്ങളാലാണ് ഗതാഗതക്കുരുക്കുണ്ടാകുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ; നഗരറോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും സൗന്ദര്യവൽക്കരണത്തിനും പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നഗര റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പ്രത്യേക പദ്ധതികളുണ്ട്. ഇന്ത്യയിൽ ജനസാന്ദ്രതയിലും വാഹനപ്പെരുപ്പത്തിലും മുന്നിലാണ് നമ്മുടെ സംസ്ഥാനം. ഇതുമൂലം കേരളത്തിലെ നഗരങ്ങൾ വലിയ രീതിയിൽ പ്രയാസമനുഭവിക്കുന്നു.

\+ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

അങ്ങനെയാണ് സർക്കാർ ഒരു ബൃഹത് പദ്ധതിക്ക് തുടക്കംകുറിച്ചത്. തിരുവനന്തപുരത്തെ 'സ്മാർട്ട് സിറ്റി' അത്തരത്തിലൊരു പദ്ധതിയാണ്. 42 കി.മീ. റോഡുകൾ നാലുഘട്ടങ്ങളിലായി സ്മാർട്ട് റോഡുകളാക്കി മാറ്റുന്ന പദ്ധതിയാണിത്. ഇതിന് 15 വർഷത്തെ പരിപാലന കാലയളവാണുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ഏകോപനത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) ആണ് 40 റോഡുകളുടെ പ്രവർത്തനം നടത്തുന്നത്. കോഴിക്കോട് നഗരത്തിൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം 22 കി. മീ. റോഡുകൾ മനോഹരമാക്കിത്തീർത്തിട്ടുണ്ട്. എയർപോർട്ട് വന്നതോടുകൂടി കണ്ണൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് വർധിച്ചിരിക്കുകയാണ്. 40 കി. മീ. റോഡ് ഇത്തരത്തിലുള്ള ഒരു കാഴ്ചപ്പാടിന്റെ ഭാഗമായി നവീകരിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരിക്കുന്നത്. കൊല്ലം നഗരത്തിലും ഗതാഗതക്കുരുക്ക് ഒരു പ്രധാന പ്രശ്നമാണ്. കൊല്ലം നഗരത്തിൽ 23 കി.മീ. റോഡ് പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കാനും നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഡിസൈൻ റോഡുകൾ ഒരു പ്രധാന

ആവശ്യമാണ്. അത് നഗരങ്ങളിൽനിന്ന് ആരംഭിക്കേണ്ടതാണ്. കുടിവെള്ള ആവശ്യത്തിന്റെ ഭാഗമായി റോഡുകൾ കീറിമുറിക്കുന്നുവെന്നത് നിയമസഭയിൽ എല്ലാവരും ചർച്ച ചെയ്യുന്ന കാര്യമാണ്. കുടിവെള്ള ആവശ്യത്തിനായി റോഡുകൾ മുറിക്കാതിരിക്കാൻ നിർവ്വാഹമില്ല. നമ്മുടെ നാട്ടിൽ പണ്ടുമുതലുള്ള റോഡുകളാണ്. ഈ റോഡുകളുടെ സൈഡിൽ അടിയിലൂടെ കുടിവെള്ള പൈപ്പ് ഇടുകയും റോഡ് വീതി കൂട്ടുമ്പോൾ പൈപ്പ് സ്വാഭാവികമായും റോഡിന്റെ നടുവിലാകുകയും ചെയ്യുന്നു. ചെറിയൊരു പൊട്ടലുണ്ടായാൽ റോഡാകെ പൊളിയുന്ന സ്ഥിതിവരുന്നു. വിദേശരാജ്യങ്ങളിൽ ചെയ്യുന്നതുപോലെ ഡക്ടുകൾ നിർമ്മിച്ച് എല്ലാ കേബിളുകളും ഡക്ടുകളിലൂടെ കടത്തിവിടുന്ന സംവിധാനം വന്നാൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. നഗര റോഡുകളുടെ വികസനവുമായി ബന്ധപ്പെട്ട് ഇത്തരമൊരു കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലൊരു പദ്ധതി കൊണ്ടുവരുന്നത്. ഒരു ഡിസൈൻ പോളിസിയില്ലാതെ നമ്മുടെ റോഡുകളുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. പൊതുവിൽ നഗര റോഡുകൾക്ക് ഒരു

ഡിസൈൻ വേണ്ടതുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി സംസ്ഥാന സർക്കാർ പൊതുമരാമത്ത്, ടൂറിസം മേഖലകളിൽ ഒരു ഡിസൈൻ നയം പ്രഖ്യാപിച്ചത്. ഗ്രാമീണ റോഡുകളിലും ജില്ലാ കേന്ദ്രങ്ങളുൾപ്പെടെയുള്ള പൊതുമരാമത്ത് റോഡുകളിലും ഡക്ടുകൾ സ്ഥാപിച്ച് കേബിളുകളിട്ട് റോഡുകളെ ഡിസൈൻ റോഡുകളാക്കി മാറ്റിയാൽ ഇതിന് പരിഹാരം കാണാൻ സാധിക്കും. അതിന് നമ്മൾ എല്ലാവരും ഒന്നിച്ചുനിന്ന് മുന്നോട്ടുപോകണമെന്നാണ് പറയാനുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, തൃശ്ശൂർ-കുറ്റിപ്പുറം റോഡ് കരാർ കമ്പനിയുടെ തകരാറുമൂലം പ്രതിസന്ധിയിലായി റോഡ് പണി നിലച്ചിരിക്കുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ? അങ്ങ് അതിൽ ഇടപെട്ടിട്ടുമുണ്ട്. ഈ റോഡിന്റെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രധാനപ്പെട്ട ഒരു റോഡാണിത്. കരാറുകാരന്റെ അനാസ്ഥ ഒരു പ്രധാന പ്രശ്നമായിരുന്നു. ബഹുമാനപ്പെട്ട അംഗമുൾപ്പെടെ പലരും ഇത് ശ്രദ്ധയിൽപ്പെടുത്തി. അതിന്റെ

ഭാഗമായി ആ റോഡുമായി ബന്ധപ്പെട്ട ഒരു പ്രത്യേക യോഗം ഒരാഴ്ച മുൻപ് വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിലെ തീരുമാനപ്രകാരം ഒരു നോഡൽ ഓഫീസറെ നിശ്ചയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഇത് മോണിട്ടർ ചെയ്യുന്നതാണ്. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് പോലെതന്നെ തൃശ്ശൂർ - കൊടുങ്ങല്ലൂർ റോഡിനും ഇതിന് സമാനമായ പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാനായി ഓരോ മാസവും ഇതിന്റെ റിവ്യൂ മീറ്റിംഗിൽ നോഡൽ ഓഫീസർ പങ്കെടുക്കണമെന്നും ആഴ്ചതോറും റിപ്പോർട്ട് ലഭ്യമാക്കണമെന്നും പൊതുമരാമത്ത് സെക്രട്ടറി ഇക്കാര്യത്തിൽ നേരിട്ട് ഇടപെടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റോഡ് നവീകരണത്തിൽ അനാസ്ഥ കാട്ടിയ കരാറുകാരെ വിളിച്ചുവരുത്തി അതിന്റെ ഗൗരവം ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, തിരുവനന്തപുരം സ്മാർട്ട് സിറ്റി റോഡുകളുടെ പ്രതിസന്ധി പരിഹരിക്കാൻ അങ്ങ് സ്വീകരിച്ച നടപടികൾ മെച്ചപ്പെട്ട ഫലമുണ്ടാക്കുന്നു. അതോടൊപ്പം പുതിയ ഏതെങ്കിലും റോഡുകൾ സ്മാർട്ട് സിറ്റിയുടെ ഭാഗമായി ഏറ്റെടുക്കുന്നുണ്ടോ? കെ.ആർ.എഫ്.ബി.-യുടെ

പരിപാലന കാലാവധി കഴിഞ്ഞ റോഡുകളുടെ കാര്യത്തിൽക്കൂടി അങ്ങ് ഇടപെടാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സ്മാർട്ട് സിറ്റി റോഡുമായി ബന്ധപ്പെട്ട് പലരീതിയിലുള്ള അഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. പക്ഷേ അതിന്റെ വസ്തുത നമ്മൾ കാണാതിരിക്കരുത്. ഇന്ന് തിരുവനന്തപുരത്തെ പല റോഡുകളും ഗതാഗത യോഗ്യമായിത്തീർന്നത് സർക്കാർ അക്കാര്യത്തിലെടുത്ത നിലപാടിന്റെ ഫലമായിട്ടാണ്. എല്ലാ സ്മാർട്ട് സിറ്റി റോഡുകളും ഒരു കരാറുകാരനായിരുന്നു നൽകിയിരുന്നത്. ഈ കരാറുകാരന്റെ അനാസ്ഥമൂലം തിരുവനന്തപുരത്തെ ഒട്ടുമിക്ക റോഡുകളുടെയും അവസ്ഥ പരിതാപകരമായി. 2021-ൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ വകുപ്പുകളോട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കാൻ ആവശ്യപ്പെട്ടിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സ്മാർട്ട് സിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെ.ആർ.എഫ്.ബി.-യുടെ കീഴിൽവരുന്നതുമായ റോഡുകളുണ്ട്. അത് സംബന്ധിച്ച് പരിശോധന നടത്തിയപ്പോൾ ആ കരാറുകാരനെ വച്ച് റോഡ് നവീകരണ പ്രവൃത്തി

മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ലെന്ന് മനസ്സിലായി. അതിന്റെ ഭാഗമായി കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. വിവിധ റോഡുകളുടെ നവീകരണത്തിന് ടെണ്ടറുകൾ നൽകാനുള്ള തീരുമാനം കൈക്കൊണ്ടു. ആ തീരുമാനത്തിന്റെ ഫലമായാണ് ഇന്ന് പല റോഡുകളും ഗതാഗതയോഗ്യമായിത്തീർന്നത്. റോഡുകൾ പലതും ഗതാഗതയോഗ്യമായെങ്കിലും ഡക്ടുകൾ, ഹാൻഡ്റെയിൽ എന്നിവയുടെ നിർമ്മാണവും സൗന്ദര്യവൽക്കരണം ഉൾപ്പെടെയുള്ള പ്രവൃത്തികളും ഇനിയും പൂർത്തിയാക്കാനുണ്ട്. റോഡുകൾ ഗതാഗത യോഗ്യമാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനുപകരം ഡക്ടുകളായിരുന്നു ആദ്യം നിർമ്മിക്കുന്നതെങ്കിൽ കുത്തിപ്പൊളിച്ച റോഡുകളെല്ലാം അതേ സ്ഥിതിയിൽതന്നെ ഉണ്ടാകുമായിരുന്നു. ഇത് മനസ്സിലാക്കി, റോഡ് നവീകരണം പൂർത്തീകരിക്കാൻ നമ്മളെല്ലാം ഒരുമിച്ചുനിന്ന് ഇടപെടണം. ഇത് പൂർത്തീകരിച്ചാൽ, മാനവീയം വീഥിയും കലാഭവൻ മണി റോഡും പോലെ തിരുവനന്തപുരം നഗരത്തിലെ എല്ലാ റോഡുകളും സ്മാർട്ടായി മാറും.

സ്മാർട്ട് റോഡിന്റെ ഭാഗമായി പുതിയ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്ന വിവരവും സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ.......ഓർഡർ....... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

10.01AM]

**II. തിരുത്തിയ ഉത്തരം**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 26-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3289 -ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ

+ അനുബന്ധം II

26-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3289 -ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

[10.02AM]

**III നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

കാര്യവട്ടം ക്യാമ്പസിലെ വിദ്യാർത്ഥിയെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ: കേരള യൂണിവേഴ്സിറ്റിയുടെ കാര്യവട്ടം ക്യാമ്പസിൽ കെ.എസ്.യു. നേതാവായ സാൻജോസിനെ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ മർദ്ദിച്ചതുമൂലം വിദ്യാർത്ഥി സമൂഹത്തിനും രക്ഷിതാക്കൾക്കും ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

+ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം സിറ്റിയിലെ ശ്രീകാര്യം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ 02-07-2024-ന് രാത്രിയും പിറ്റേന്ന് പുലർച്ചെ ശ്രീകാര്യം പോലീസ് സ്റ്റേഷന് മുന്നിലും രണ്ട് വിഭാഗം വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം നടന്നതിൽ പോലീസ് കേസുകൾ എടുത്ത് അന്വേഷിച്ചുവരുന്നു. 02-07-2024-ന് രാത്രി കാര്യവട്ടം മെൻസ് റിസർച്ച് ഹോസ്റ്റലിൽ പുറത്തുനിന്നുള്ള ഒരാൾ പ്രവേശിച്ചത് കാരണമുണ്ടായ തർക്കമാണ് സംഘർഷത്തിലേയ്ക്ക് നയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കെ.എസ്.യു. നേതാക്കളോടൊപ്പമാണ് ക്യാമ്പസിനുപുറത്തുനിന്നുള്ള ജോബിൻസൺ എന്നയാൾ എത്തിയതെന്ന് പോലീസ് റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നു. തർക്കത്തെ തുടർന്നുണ്ടായ സംഘർഷത്തിൽ പതിനഞ്ചോളം എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ കെ.എസ്.യു. നേതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ശ്രീകാര്യം പോലീസ് ക്രൈം. നം.710/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. തുടർന്ന് കെ.എസ്.യു., യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ ശ്രീകാര്യം

പോലീസ് സ്റ്റേഷൻ ഉപരോധിച്ചു. കോൺഗ്രസ്സ് എം.എൽ.എ.-മാരായ ശ്രീ. ചാണ്ടി ഉമ്മൻ, ശ്രീ. എം. വിൻസെന്റ് എന്നിവർ സ്ഥലത്തെത്തി ഉപരോധത്തിന് നേതൃത്വം നൽകുകയും ചെയ്തു. ഈ സമയത്ത് കെ.എസ്.യു., യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ ഭാഗത്തുനിന്ന് പോലീസിന് നേരെ കല്ലേറുണ്ടായി. ഡ്യൂട്ടിയിലുണ്ടായിരുന്ന സീനിയർ പോലീസ് ഓഫീസർ സന്തോഷിന് കല്ലേറിൽ നെഞ്ചിൽ പരിക്കേറ്റു. ഈ സംഭവത്തിൽ പോലീസ് ഉദ്യോഗസ്ഥന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ എം.എൽ.എ.-മാരായ ശ്രീ. എം. വിൻസെന്റ്, ശ്രീ. ചാണ്ടി ഉമ്മൻ എന്നിവർക്ക് പുറമെ ഇരുപതോളം കെ.എസ്.യു, യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ക്രൈം.നം.709/2024 ആയി ശ്രീകാര്യം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതേസമയം എസ്.എഫ്.ഐ. പ്രവർത്തകരും സ്റ്റേഷന് സമീപത്തുണ്ടായിരുന്നു. സംഘർഷാവസ്ഥ സംജാതമായ സാഹചര്യത്തിൽ ഇരുപതോളം എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെയും ശ്രീകാര്യം പോലീസ് ക്രൈം.നം.708/2024 ആയി സ്വമേധയ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 02-07-2024-ന് രാത്രി ഹോസ്റ്റലിൽ ഉണ്ടായ

സംഘർഷത്തെ തുടർന്ന് ക്യാമ്പസിനുപുറത്തുള്ള ആദിനാഥ് എന്ന വ്യക്തി ശ്രീകാര്യം പോലീസ് സ്റ്റേഷനിലെത്തി മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഏഴ് എസ്.എഫ്.ഐ. പ്രവർത്തകർ ഉൾപ്പടെ ഒൻപത് പേർക്കെതിരെ ശ്രീകാര്യം പോലീസ് ക്രൈം.നം.711/2024 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.യു.-ക്കാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ അഞ്ച് പേരെ പ്രതികളാക്കി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘർഷാവസ്ഥ നിയന്ത്രണവിധേയമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പോലീസ് കൃത്യമായ ഇടപെടലും പ്രവർത്തനവുമാണ് നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ യാതൊരുവിധ രാഷ്ട്രീയ വിവേചനവുമില്ലാതെയാണ് നടപടികൾ എടുത്തുവരുന്നത്. സംഭവം സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസുകളിലും ശക്തമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കും. ക്യാമ്പസുകളിൽ ഈ രീതിയിലുള്ള സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട ഇടപെടലുകൾ നടത്താൻ ബന്ധപ്പെട്ട എല്ലാവരും തയ്യാറാകേണ്ടതുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, കേരളത്തിലെ ക്യാമ്പസുകളിൽ എസ്.എഫ്.ഐ. നടത്തുന്ന ക്രൂരമായ അക്രമ പരമ്പരകൾ ഈ സഭയിൽ ചർച്ചയ്ക്ക് വന്നപ്പോഴെല്ലാം എസ്.എഫ്.ഐ.-യുടെ പ്രവർത്തികളെ ന്യായീകരിക്കുന്നൊരു സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഇന്നും അദ്ദേഹം പറഞ്ഞത്, ഹോസ്റ്റലിൽ ഒരാൾ അതിക്രമിച്ച് കയറിയതിനെ തുടർന്നാണ് ഈ സംഘർഷം ഉണ്ടായത് എന്നുള്ളതാണ്. അത് നമുക്ക് പരിശോധിക്കാം. ലാ-കോളേജിലെ കെ.എസ്.യു.-വിന്റെ യൂണിറ്റ് പ്രസിഡന്റായിരുന്ന വനിതാ നേതാവ് അഫ്ന യാക്കുബിനെ നിലത്തിട്ട് ചവിട്ടിക്കൂട്ടിയ സംഭവത്തിലും കെ.എസ്.യു.-ക്കാർ താമസിക്കുന്ന വീടുകളിലെത്തി എസ്.എഫ്.ഐ.-ക്കാർ അക്രമം നടത്തിയതിലും പരിക്കേറ്റവർ ചികിത്സ തേടിയ ആശുപത്രിയിൽ എഴുപതോളം പേർ ചേർന്ന് അക്രമം നടത്തിയത് സംബന്ധിച്ചും അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സബ്മിഷൻ ഉന്നയിച്ചപ്പോൾ അത് അങ്ങയെ അസ്വസ്ഥനാക്കി. എസ്.എഫ്.ഐ.-യെ അധിക്ഷേപിക്കുന്നതിന് അതിരുവേണ്ടേ എന്നാണ് അങ്ങ് ചോദിച്ചത്.

അങ്ങ് വീണ്ടും പറഞ്ഞു, എസ്.എഫ്.ഐ. ഇങ്ങനെ പൊങ്ങി പൊങ്ങി പോകുന്നതിൽ ഞങ്ങൾക്കുള്ള അസൂയ ആണെന്ന്; പൊങ്ങി പൊങ്ങി പോകുന്നുണ്ട്. എ.ഐ.എസ്.എഫ്.-ന്റെ വനിതാ നേതാവിനെതിരെ കേട്ടാലറയ്ക്കുന്ന ഭാഷാ പ്രയോഗം നടത്തിയ നേതാവിനെ സംസ്ഥാന സെക്രട്ടറിയാക്കി പൊങ്ങി പൊങ്ങി പോയി. വിജയലക്ഷ്മി ടീച്ചറെ തടഞ്ഞുവച്ച് ആക്രമിച്ചയാൾ രാജ്യസഭാംഗമായി പൊങ്ങി പൊങ്ങി പോയിട്ടുള്ള കാര്യം കാണണം. കേരളത്തിന്റെ മനസാക്ഷിയെ ഞെട്ടിച്ച സിദ്ധാർത്ഥന്റെ മരണത്തിലേയ്ക്ക് നയിച്ച സംഭവത്തെക്കുറിച്ച് ഇവിടെ ചർച്ച നടന്നപ്പോഴും അങ്ങെടുത്ത സമീപനം ഇതുതന്നെയായിരുന്നു. അങ്ങ് നൽകുന്ന പൊളിറ്റിക്കൽ പാട്രണേജാണ് എസ്.എഫ്.ഐ.-ക്ക് ഈ ആക്രമണ പരമ്പരകൾ നടത്താനുള്ള ഊർജ്ജം പകരുന്നത്. ഹെൽമറ്റും ചെടിച്ചട്ടിയും മുളവടിയുംകൊണ്ട് എതിരാളികളുടെ കൈയും കാലും തലയും അടിച്ചുപൊട്ടിക്കുന്നതിനെ 'രക്ഷാപ്രവർത്തനം' എന്നുപറഞ്ഞ് സംരക്ഷിച്ചത് അങ്ങാണ്. അവരെ സംരക്ഷിച്ചതിന് അങ്ങ് നൽകിയ ആ പൊളിറ്റിക്കൽ പാട്രണേജിന് കേരളത്തിലെ ജനങ്ങൾ നൽകിയ ചുട്ട മറുപടിയാണ്

പാർലമെന്റ് തിരഞ്ഞെടുപ്പിലെ റിസൾട്ട്. സിദ്ധാർത്ഥന്റെ മരണം സംഭവിച്ചപ്പോൾ അങ്ങ് സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടു. പക്ഷേ അതോടൊപ്പംതന്നെ പ്രതികൾക്ക് പരീക്ഷ എഴുതുവാനുള്ള സഹായം വെറ്ററിനറി സർവ്വകലാശാലയും ഭരണകൂടവും ചെയ്തുകൊടുത്തുവെന്നുള്ളത് ഓർക്കണം. പരീക്ഷ എഴുതാൻ അനുവദിച്ചുകൊണ്ട് 25-ാം തീയതി ഹൈക്കോടതിയുടെ ഉത്തരവ് വന്നു. അതിനുകാരണം വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യയുടെ നോംസ് അനുസരിച്ച് എഴുപത്തഞ്ച് ശതമാനം ഹാജരില്ലാത്തവർക്ക് പരീക്ഷ എഴുതാൻ കഴിയില്ലെന്ന കാര്യം കോടതിയെ ബോധ്യപ്പെടുത്താൻ വെറ്ററിനറി സർവ്വകലാശാല പരാജയപ്പെട്ടതാണ്. 26-ാം തീയതിയിലെ പരീക്ഷയ്ക്ക് 25-ാം തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നതിനായി അന്ന് രാത്രി സർവ്വകലാശാല ഒന്നടങ്കം ഉണർന്ന് പ്രവർത്തിച്ചു. അതിന്റെ ഫലമായി മണ്ണുത്തിയിലേയ്ക്ക് പരീക്ഷാ കേന്ദ്രം അനുവദിക്കുകയും രണ്ട് ടീച്ചർമാരെ ഇൻവിജിലേറ്റർമാരായി നിയോഗിക്കുകയും ചെയ്തുകൊണ്ട് 26-ാം തീയതി രാവിലെ സർവകലാശാല ഉത്തരവിറക്കി. ആ ഉത്തരവിൽ ഈ നിർദ്ദേശങ്ങളൊന്നും നിലവിലെ

ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കുമുള്ള ഇളവായി എടുക്കേണ്ടതില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ദിവസങ്ങളോളം പട്ടിണിക്കിട്ട് ആഹാരം കൊടുക്കാതെ തല്ലിച്ചതച്ചവർക്ക് എന്ത് പരിഗണനയാണ് കൊടുക്കേണ്ടതെന്ന് അങ്ങ് വ്യക്തമാക്കണം. ഈ രക്ഷാസേനയുടെ ഏറ്റവും ഒടുവിലത്തെ ആക്രമണമാണ് കഴിഞ്ഞ ദിവസം കാര്യവട്ടം ക്യാമ്പസിലുണ്ടായത്. കെ.എസ്.യു.-ന്റെ തിരുവനന്തപുരം ജില്ലാ ജോയിന്റ് സെക്രട്ടറി സാൻജോസുമൊത്ത് ഭക്ഷണം കഴിച്ചതിനുശേഷം സാൻജോസിനെ ക്യാമ്പസിലെ സെന്റർ സർക്കിളിലാക്കി തിരിച്ചുപോകുമ്പോൾതന്നെ ക്യാമ്പസിലുണ്ടായിരുന്ന റിസർച്ച് യൂണിയന്റെ ചെയർമാനും ഒറ്റപ്പാലം മുൻ എം.പി. ശ്രീ. എസ്. അജയകുമാറിന്റെ മകനുമായ അജന്ത് അജയ് ഫോണിൽ വിളിച്ച് ഒരുത്തൻ വരുന്നുണ്ട് തടഞ്ഞുകൊള്ളണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അയാളുടെ പിറകെ മൂന്ന് ബൈക്കുകളിലായി ആളുകൾ പോയി അയാളെ തടഞ്ഞുനിർത്തി ബൈക്കിന്റെ കീ ഊരിയെടുത്തു. തുടർന്ന് തന്നെ തടഞ്ഞുവച്ചിരിക്കുകയാണെന്ന് ജോബിൻസൺ സുഹൃത്തായ സാൻജോസിനെ ഫോണിലൂടെ അറിയിക്കുന്നു. സാൻജോസ്

ഗ്രൗണ്ടിനടുത്തേയ്ക്ക് എത്തിയപ്പോൾ മുപ്പതോളം എസ്.എഫ്.ഐ.-ക്കാർ ജോബിൻസണെ തടഞ്ഞുവച്ചിരിക്കുന്നതായി കണ്ടു. സാൻജോസിനെ കണ്ടയുടൻതന്നെ എസ്.എഫ്.ഐ.-യുടെ നേതാവ് അഭിജിത്ത് ആക്രോശിച്ചുകൊണ്ട് 'ഇവനെ പൊക്കി ഹോസ്റ്റൽ റൂമിൽ കൊണ്ടിടടാ' എന്ന് പറഞ്ഞ് കഴുത്തിൽ കുത്തിപ്പിടിച്ച് വലിച്ചിഴച്ച് റിസർച്ച് ഹോസ്റ്റലിലേയ്ക്ക് കൊണ്ടുപോയി. അഭിമന്യു എന്ന എസ്.എഫ്.ഐ.-ക്കാരൻ സാൻജോസിന്റെ കഴുത്ത് ഞെരിച്ചു. ശ്വാസം കിട്ടാതെ കൈയുംകാലും പിടച്ചപ്പോൾ സാൻജോസിന്റെ തല ഗ്രില്ലിൽക്കൊണ്ട് ഇടിപ്പിച്ചു. അവിടെ വച്ചും അയാളെ മർദ്ദിച്ചു. അല്പം കഴിഞ്ഞപ്പോൾ സാൻജോസിന്റെ സുഹൃത്തുക്കളെക്കൂടി അവിടെ കൊണ്ടുവരികയും അവരെ എസ്.എഫ്.ഐ.-യുടെ ഇടി മുറിയിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. കാര്യവട്ടം ക്യാമ്പസിലെ ഇടി മുറിയുടെ നമ്പർ 121 ആണ്. സിദ്ധാർത്ഥിനെ ഇടിച്ച് ചതച്ച ഇടി മുറിയുടെ നമ്പർ 21 ആണ്. എല്ലാ കോളേജുകൾക്കും ഇടി മുറിയുണ്ട്. പ്രത്യയ ശാസ്ത്രത്തിന്റെ അടിത്തറയിലല്ല എസ്.എഫ്.ഐ. നിൽക്കുന്നത്, ഇടി മുറിയുടെ ഭീകരതയിലാണ്. അയാളെ ഈ 121-ാം നമ്പർ മുറിയിലെ

കസേരയിലിരുത്തി വിചാരണ തുടങ്ങി, ഇഷ്ടപ്പെടാത്ത മറുപടി കേൾക്കുമ്പോൾ ബൂട്ടിട്ട് ചവിട്ടുകയും കസേരയോടുകൂടി മറിഞ്ഞ് വീഴുകയും ചെയ്തു. ഇവിടെ ഒരു തെറ്റ് അവർ തിരുത്തി. വെറ്ററിനറി കോളേജിൽ ഭക്ഷണംപോലും കൊടുക്കാതെയിരുന്നെങ്കിൽ ഇവിടെ ഇടയ്ക്കിടയ്ക്ക് കുടിവെള്ളം കൊടുത്തിരുന്നു. 'യൂണിറ്റുണ്ടാക്കാൻ നീ ആരാടാ' എന്നുചോദിച്ച് ഒരു മണിക്കൂർ അവിടെ ഇരുത്തി അയാളെ മർദ്ദിച്ചു. യൂണിറ്റുണ്ടാക്കിയതാണ് അവരെ പ്രകോപിപ്പിച്ചത്. നവാഗതരെ സ്വാഗതം ചെയ്തുകൊണ്ട് സമീപ വർഷങ്ങളിലില്ലാത്ത വിധത്തിൽ ഇരുപതോളം ബോർഡുകൾ ക്യാമ്പസിൽ കെ.എസ്.യു. സ്ഥാപിക്കുകയും കൊടിതോരണങ്ങൾക്കൊണ്ട് അലങ്കരിക്കുകയും ചെയ്തിരുന്നു. സാൻജോസാണ് അതിന് നേതൃത്വം നൽകുന്നതെന്ന കാരണത്താൽ അതിൽ അസ്വസ്ഥരായിട്ടാണ് സാൻജോസിനെ ആക്രമിക്കാൻ ഇവർ തയ്യാറായത്. അങ്ങനെ ഒരു മണിക്കൂറോളം മർദ്ദനവും വിചാരണയും കഴിഞ്ഞതിനുശേഷം എന്നെ ആരും ഉപദ്രവിച്ചില്ലെന്ന് സാൻജോസിനെക്കൊണ്ട് എഴുതിവാങ്ങുകയായിരുന്നു. അത് വീഡിയോ റെക്കോർഡ് ചെയ്തു. ഞാൻ ഹോസ്റ്റലിലേയ്ക്ക് അതിക്രമിച്ച്

കയറിയെന്ന് സാൻജോസിനെക്കൊണ്ട് പറയിപ്പിച്ച് വീഡിയോ റെക്കോർഡ് ചെയ്യുകയായിരുന്നു. ഈ സാൻജോസ് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആളാണ്. അദ്ദേഹത്തിന്റെ മാതാപിതാക്കളെ 20 വർഷമായി എനിക്ക് അറിയാം. ദാരിദ്ര്യത്തിന്റെ പരമ കോടിയിൽ... (ബഹളം....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ ഇരിക്കൂ. അവരുടെ ഭാഗത്തുനിന്ന് കമന്റ് ഒന്നും വന്നിട്ടില്ല. ഇരിക്കൂ. ഏതെങ്കിലും തരത്തിൽ തടസ്സപ്പെടുത്തുന്നൊരു കമന്റ് അവരുടെ ഭാഗത്തുനിന്ന് വന്നിട്ടില്ല. ബഹുമാനപ്പെട്ട അംഗം അവതരിപ്പിക്കൂ. (ബഹളം...) അവതാരകന് അവസരം കൊടുക്കൂ.

ശ്രീ. എം. വിൻസെന്റ്: സർ, ദാരിദ്ര്യത്തിന്റെ പരമ കോടിയിലുള്ള ഒരു വീടാണത്. രണ്ട് നേരം പട്ടിണി കിടന്ന് മൂന്ന് നേരം മക്കൾക്ക് ഭക്ഷണം കൊടുക്കുന്ന രക്ഷകർത്താക്കളുള്ളൊരു നാടാണ് നമ്മുടേത്. അങ്ങനെ പട്ടിണി കിടന്ന്, മക്കളെ പഠിപ്പിക്കാൻവേണ്ടി കോളേജിൽ അയയ്ക്കുമ്പോൾ ആ മക്കൾ എസ്.എഫ്.ഐ.-ക്കാരുടെ ആക്രമണങ്ങൾക്ക് ഇരയായാൽ അവരുടെ ഉള്ള് പിടയുകയും ഹൃദയം തകർന്ന് പോകുകയും ചെയ്യും. ഒരു പോറലേറ്റാൽ

അവർക്ക് സഹിക്കാൻ കഴിയില്ല. ഈ ഇടിമുറിയിലേയ്ക്ക് കൊണ്ടുപോയപ്പോൾ സിദ്ധാർത്ഥിന്റെ അനുഭവമാണോ എനിക്ക് ഉണ്ടാകാൻ പോകുന്നതെന്ന് ഞാൻ പേടിച്ചുപോയി എന്നാണ് സാൻജോസ് പറഞ്ഞത്. ഇവരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. അലോഷ്യസ് സേവ്യറിന്റെ നേതൃത്വത്തിൽ ശ്രീകാര്യം പോലീസ് സ്റ്റേഷന് മുന്നിൽ പ്രതിഷേധിച്ചു. ഞാൻ രാത്രി അവിടേയ്ക്ക് പോയി. എന്റെ വാഹനം അവിടെയെത്തിയപ്പോൾത്തന്നെ എസ്.എഫ്.ഐ.-ക്കാർ കൈകൊണ്ടും കമ്പുകൊണ്ടുമൊക്കെ വാഹനത്തിൽ ഇടിക്കുകയും അടിക്കുകയും ചെയ്തത് ഇന്നും എന്റെ വാഹനം പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും. ഞാൻ ഡോർ തുറന്ന് ഇറങ്ങിയപ്പോൾ എന്നെ അവർ കൈയേറ്റം ചെയ്യാൻ ശ്രമിച്ചു.

മി. സ്പീക്കർ: അടിയന്തര പ്രമേയത്തിന് സമയ പരിധിയുണ്ട്. അതിനപ്പുറം സമയം അനുവദിക്കാൻ പറ്റില്ല. അടിയന്തര പ്രമേയത്തിന് അവതാരകന് സമയമുണ്ട്. അങ്ങ് അവതരിപ്പിക്കൂ. അങ്ങയുടെ സമയം കളയാതെ കൺക്ലൂഡ് ചെയ്യൂ. (ബഹളം...)

ശ്രീ. എം. വിൻസെന്റ്: സർ, അൻപതോളം പോലീസുകാർ നോക്കി നിൽക്കെയാണ് എന്നെ എസ്.എഫ്.ഐ.-ക്കാർ കൈയേറ്റം ചെയ്തത്. ഒരു മന്ത്രിയുടെ കാറിൽ കൊടികെട്ടിയതിന്റെ പേരിൽ കെ.എസ്.യു. നേതാക്കളുടെ വീട് റെയ്ഡ് ചെയ്ത് അറസ്റ്റ് ചെയ്ത പോലീസ് എന്നെ ആക്രമിച്ചപ്പോൾ നോക്കിനിൽക്കുകയായിരുന്നു. Cognizable offence നടക്കുന്നുവെന്ന് കണ്ടിട്ടും കൈയുംകെട്ടി നിന്ന് കൃത്യവിലോപം നടത്തിയ ആളുകളാണ് ഞാൻ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്ന് കാണിച്ച് എന്റെ പേരിൽ കേസ് എടുത്തിരിക്കുന്നത്. അവിടെത്തന്നെ മാർ ഇവാനിയോസ് കോളേജിലെ വിദ്യാർത്ഥിയെ ആക്രമിച്ചു. ആദിനാഥ് എന്ന ആ വിദ്യാർത്ഥി ആശുപത്രിയിൽപ്പോയി സ്കാൻ ചെയ്തതിനുശേഷം ഇരുന്നപ്പോൾ അവിടെവച്ചും അയാളെ ആക്രമിക്കുകയാണ് ചെയ്തത്. അതുപോലെ ജില്ലാ വൈസ് പ്രസിഡന്റ് നിർമ്മൽ, റിഷി എന്നിവരെ ആശുപത്രിയിൽവച്ച് ആക്രമിച്ചിരുന്നു. ക്യാമ്പസിൽ വച്ചും ആശുപത്രിയിൽ വച്ചുമൊക്കെ ഇവർ ആക്രമിക്കും; ഇവരുടെ രീതി അങ്ങനെയാണ്. ഇങ്ങനെ ക്യാമ്പസുകളിൽ നടത്തുന്ന അക്രമങ്ങൾ വിദ്യാർത്ഥികൾ ഇവിടുത്തെ

ക്യാമ്പസുകൾ ഉപേക്ഷിച്ചുപോകാൻ ഇടവരുത്തുന്നുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. ഈ കാര്യവട്ടം ക്യാമ്പസിൽ...

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഒരു പോയിന്റ് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കാര്യവട്ടം ക്യാമ്പസിൽ 2021-ൽ 24000 അപേക്ഷകൾ ഉണ്ടായിരുന്നു. കഴിഞ്ഞ വർഷം അത് 11000 ആയി കുറഞ്ഞു. ഈ വർഷം അത് 9000 ആയി കുറഞ്ഞു. കേരളത്തിലെ വിദ്യാർത്ഥികൾ വിദേശ സർവ്വകലാശാലയിലേയ്ക്ക് പോകുന്നതിന് എസ്.എഫ്.ഐ.-യുടെ ഭീകരത ഒരു കാരണമാണെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. എസ്.എഫ്.ഐ. കേരളത്തിനൊരു ബാധ്യതയായി മാറുകയാണ്.

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. എം. വിൻസെന്റ്: സർ, തെറ്റുതിരുത്തുമെന്ന് മുഖ്യമന്ത്രി പറയുന്നുണ്ടെങ്കിലും തെറ്റുകൾ കൂടുതൽ കൂടുതൽ ആവർത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊളിറ്റിക്കൽ പാട്ടണേജ് എസ്.എഫ്.ഐ.-ക്ക് കൊടുക്കുന്നതിന്റെ ഭാഗമായി നടക്കാൻ പാടില്ലാത്ത എന്തോ സംഭവങ്ങൾ നടക്കുന്നുവെന്നാണ് ബഹുമാന്യനായ ശ്രീ. എം. വിൻസെന്റ് ഇവിടെ പറഞ്ഞത്. എസ്.എഫ്.ഐ.-യെ അധിക്ഷേപിക്കുന്നതിന് അതിരുവേണ്ടേ എന്ന് ഞാൻ ഏതോ ഘട്ടത്തിൽ പറഞ്ഞുവെന്ന് അക്കൂട്ടത്തിൽ അദ്ദേഹം സൂചിപ്പിച്ചു. അത് ചില കാര്യങ്ങളിലൂടെ നമ്മുടെ നാട്ടിൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണല്ലോ; നമ്മളെല്ലാവരും പൊതുവെ അംഗീകരിക്കുന്നതും ആർ.എസ്.എസ്.-ന് വലിയ വിഷമമുണ്ടാക്കുന്നതുമായ പേരും ചിത്രവുമാണല്ലോ മഹാത്മാഗാന്ധിയുടേത്. വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലുണ്ടായിരുന്ന ഗാന്ധി ചിത്രം എസ്.എഫ്.ഐ. പ്രവർത്തകർ തകർത്തുവെന്നായിരുന്നല്ലോ വലിയ പ്രചാരണം അഴിച്ചുവിട്ടിരുന്നത്. അത് ഇപ്പോൾ ശബ്ദമുണ്ടാക്കുന്നവരെക്കാളും കടുത്ത ശബ്ദത്തിൽ നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ പ്രചരിപ്പിച്ചതാണല്ലോ; പക്ഷെ, പിന്നീട് വസ്തുതകൾ കൃത്യമായി പുറത്തുവന്നല്ലോ; എന്താണ് ആ

വസ്തുത? എസ്.എഫ്.ഐ. പ്രവർത്തകർ ഓഫീസ് വിട്ട് ഇറങ്ങുന്നു. (......ബഹളം.....)

മി. സ്പീക്കർ: മുഖ്യമന്ത്രി പറയട്ടെ.......(......ബഹളം.....)

ശ്രീ. പിണറായി വിജയൻ: സർ, ആ ഘട്ടത്തിൽ ഗാന്ധി ചിത്രം അവിടെയുണ്ട്. ഓഫീസിൽ കയറിയ എസ്.എഫ്.ഐ. പ്രവർത്തകരെല്ലാം അവിടെനിന്നും ഇറങ്ങുന്ന സമയത്ത് ഗാന്ധി ചിത്രത്തിന് ഒരു കേടുമില്ല. ഗാന്ധി ചിത്രം അവിടെയുണ്ട്. അതിനുശേഷം ഗാന്ധി ചിത്രം തകർക്കപ്പെട്ടു. അപ്പോൾ ആരാണ് ഗാന്ധി ചിത്രം തകർത്തത്? അവിടെയുള്ളത് കോൺഗ്രസുകാർ മാത്രമാണ്. ഗാന്ധി ചിത്രം തകർത്തതിന്റെ പേരിൽ എന്താണ് പറയാനുള്ളത്; നിങ്ങളെന്തിന് ഗാന്ധി ചിത്രം തകർക്കാൻ പോയി; (......ബഹളം.....) നാണംകെട്ട രീതിയിൽ പിന്നെയും അതിനെ ന്യായീകരിക്കാൻ നോക്കുകയാണോ? നാണംകെട്ട രീതിയിൽ അതിനെ ന്യായീകരിക്കുകയല്ല അങ്ങനെയൊരു അബദ്ധം പറ്റിയെന്ന് പറയുകയാണ് വേണ്ടത്. നിങ്ങളുടെ ചെറുപ്പക്കാർ ഇങ്ങനെ കാണിച്ചില്ലെങ്കിൽ ആ ഗാന്ധി ചിത്രം തകർത്തത് ശരിയല്ലെന്ന് പറയാനുള്ള ആർജവമാണ്

കാണിക്കേണ്ടത്. വെറുതെ കൈയും ഉയർത്തി ഇങ്ങനെ പറഞ്ഞതുകൊണ്ട് കാര്യമില്ല. അടുത്ത ദിവസമാണല്ലോ എ.കെ.ജി. സെന്റർ ആക്രമണ കേസിലുള്ള ഒരാളെ അറസ്റ്റ് ചെയ്തത്. എന്തായിരുന്നു ആ ഘട്ടത്തിലുണ്ടായിരുന്ന പരിഹാസം? ഇവിടെത്തന്നെ എത്രമാത്രം ചോദ്യങ്ങളായിരുന്ന പരിഹാസപൂർവ്വം ചോദിച്ചിരുന്നത്. ഇപ്പോൾ കോൺഗ്രസിന്റെ വേണ്ടപ്പെട്ട ആളുകൾതന്നെയല്ലേ പിടിയിലായത്; കഴിഞ്ഞ ദിവസം പിടിയിലായ ആൾ ഇതിന്റെ മുഖ്യ ആസൂത്രകനായിരുന്നുവെന്ന് വ്യക്തമായില്ലേ; അതേസമയം അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റിന്റെ അടുത്ത അനുയായി ആയിരുന്നുവെന്ന് മാധ്യമങ്ങൾതന്നെ റിപ്പോർട്ട് ചെയ്യുന്നു. (......ബഹളം.....) ഞാൻ ഒരു ദിവസം വിമാനത്തിൽ സഞ്ചരിക്കുമ്പോൾ ആ വിമാനത്തിൽവച്ച് ആക്രമിക്കാൻ ശ്രമമുണ്ടായല്ലോ; ആ ദിവസം ഇതേ വ്യക്തി ആ വിമാനത്തിലുണ്ടായിരുന്നുവെന്നും ഇപ്പോൾ പുറത്തുവന്നില്ലേ; അപ്പോൾ അതിന്റെ ആസൂത്രണത്തിലും ഇദ്ദേഹമുണ്ടായിരുന്നുവെന്നല്ലേ വ്യക്തമാകുന്നത്. അപ്പോൾ പ്രചാരണത്തിനുവേണ്ടി തെറ്റായ രീതികൾ പലപ്പോഴും നിങ്ങൾ

ഉപയോഗിക്കാറുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്. ഇവിടെ എസ്.എഫ്.ഐ.-യെ അധിക്ഷേപിക്കുന്നതിനുവേണ്ടി ബോധപൂർവ്വം ശ്രമങ്ങൾ നടന്നപ്പോൾ, അത്തരം അധിക്ഷേപം നടത്തുന്നതിന് അതിരുവേണ്ടേയെന്ന് ചിലപ്പോൾ ഞാൻ പറഞ്ഞിട്ടുണ്ടായിരിക്കാം. കുറച്ച് വർഷങ്ങൾക്കുമുമ്പ് യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ ചാപ്പ കുത്തി എന്നുപറഞ്ഞുകൊണ്ട് നടന്ന വമ്പിച്ച പ്രചാരണം നമ്മളെല്ലാവരും ഓർക്കുന്ന കാര്യമല്ലേ; എന്തായിരുന്നു ബഹളം; എന്തെല്ലാം കലാപങ്ങളായിരുന്നു അതിന്മേൽ സംഘടിപ്പിച്ചിരുന്നത്; ഈ ചാപ്പ കുത്തപ്പെട്ട ആൾ കെ.എസ്.യു. നേതാവായിരുന്നല്ലോ; പിന്നീട് അദ്ദേഹം ഇത് ഗൂഢാലോചനവഴി സ്വയം സൃഷ്ടിച്ചതാണെന്ന് പറയുന്ന നിലയുണ്ടായില്ലേ; ഇതൊക്കെ നമ്മുടെ നാട്ടിൽ സംഭവിച്ച കാര്യമല്ലേ; പുറത്തുവന്ന കാര്യമല്ലേ? ഇവിടെ എസ്.എഫ്.ഐ.-യെക്കുറിച്ച് പറയുമ്പോൾ, കേരളത്തിൽ ഏറ്റവും ഒടുവിൽ രക്തസാക്ഷിയായ ധീരജ് രാജേന്ദ്രൻ അടക്കം 35 പേരാണ് എസ്.എഫ്.ഐ. പ്രവർത്തനത്തിന്റെ പേരിൽ കൊലചെയ്യപ്പെട്ടത്. അത്തരത്തിൽ കേരളത്തിലെ വിദ്യാർഥി സംഘടനാ പ്രവർത്തനത്തിന്റെ

ഭാഗമായി ഈ രീതിയിൽ കൊലചെയ്യപ്പെടേണ്ടിവന്നത് എസ്.എഫ്.ഐ. പ്രവർത്തകരല്ലേ; ഇത്തരം ഏതെങ്കിലുമൊരു അനുഭവം കെ.എസ്.യു.-വിന് പറയാനുണ്ടോ? നമ്മുടെ സംസ്ഥാനത്ത് എല്ലാത്തരത്തിലും അപലപിക്കപ്പെട്ടപ്പോൾ ധീരജ് രാജേന്ദ്രന്റെ അരുംകൊലയെപ്പറ്റി ഇവരുടെ പ്രധാനപ്പെട്ട നേതാവ് പ്രതികരിച്ചത് എന്തായിരുന്നുവെന്ന് ഓർമ്മയില്ലേ; ഞാനത് ആവർത്തിക്കേണ്ടതുണ്ടോ; ഇരന്നുവാങ്ങിയത്, അല്ലേ; എന്നല്ലേ പറഞ്ഞിരുന്നത്; എന്താണ് ഇതിന്റെയൊക്കെ അർത്ഥം? കൊല നടത്തുക, നടത്തിയ കൊലയെ നിർലജ്ജം ന്യായീകരിക്കുക, കൊലയാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. രക്ഷാപ്രവർത്തനം എന്ന് വിളിച്ചതിന്റെ പേരിലാണ് ഈ തിരഞ്ഞെടുപ്പിൽ ഞങ്ങൾ പരാജയപ്പെട്ടതെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അത് ഞാൻ വീണ്ടും ആവർത്തിക്കണോ; എന്തായിരുന്നു സംഭവിച്ചത്; എന്തിനായിരുന്നു ഞങ്ങൾ സഞ്ചരിച്ച വാഹനത്തിനുമുന്നിലേക്ക് ചാടി വീണത്; ആ ചാടി വീഴുന്ന ഘട്ടത്തിൽ അവരെ പിടിച്ചുമാറ്റുന്നത് സാധാരണഗതിയിൽ രക്ഷാപ്രവർത്തനമല്ലേ; എന്താ സംശയം? (......ബഹളം.....) ഇവർ ബഹളം

വച്ചതുകൊണ്ടോ ഇവർക്കുവേണ്ടി കുറെ മാധ്യമങ്ങൾ വല്ലാതെ ശബ്ദം ഉയർത്തിയതുകൊണ്ടോ വസ്തുത വസ്തുതയല്ലാതെയാകുമോ? (......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ ഞങ്ങളെക്കുറിച്ച് പ്രചരിപ്പിക്കുന്ന വാർത്തകൾ എന്താണെന്നുള്ളത് ഇന്നലെ മനസ്സിലായല്ലോ; ഇന്നലെ മാതൃഭൂമി പത്രത്തിൽ ഒരു വാർത്ത കൊടുത്തില്ലേ; ശ്രീ. ഇ. പി. ജയരാജൻ എന്നയാൾ ആ കമ്മിറ്റിയിൽ സംസാരിക്കാത്ത വ്യക്തിയാണ്. നാണം വേണ്ടേ; ഇങ്ങനത്തെ ഓരോന്നുമെടുത്ത് വളയ്ക്കാൻ; എന്നിട്ട് അങ്ങനെ ഓരോന്നും എഴുന്നള്ളിച്ച് നടക്കുകയാണ്; ആ മാധ്യമ വാർത്തയും കൊണ്ടാണ് ഇപ്പോൾ നടക്കുന്നത്. രക്ഷാപ്രവർത്തനത്തെക്കുറിച്ചാണല്ലോ ഞാൻ പറഞ്ഞുവന്നത്. അത് കേൾക്കുമ്പോൾ ഇവർക്കിത്ര വിറളി എന്താണ്; ഇവർക്ക് സന്തോഷമല്ലേ വേണ്ടത്; അതിന്റെ ഭാഗമായി ഞങ്ങൾ പരാജയപ്പെട്ടെങ്കിൽ അതിനെക്കുറിച്ച് ഞാൻ വീണ്ടും പറയുമ്പോൾ ഇവർക്ക് സന്തോഷമല്ലേ വേണ്ടത്; ഇവരെന്തിനാണ് വെപ്രാളപ്പെട്ട് ചാടിക്കൊണ്ടിരിക്കുന്നത്; ഞങ്ങളുടെ വാഹനത്തിനുമുന്നിലേക്ക് ഈ

ആളുകൾ ചാടി വീഴുകയാണ്. ആ ചാടി വീഴുന്നവരെ പിടിച്ചുമാറ്റുന്നു. അങ്ങനെ പിടിച്ചുമാറ്റുന്നത് അവരുടെ ശരീരത്തിൽ തട്ടാതിരിക്കാൻവേണ്ടിയല്ലേ; അതല്ലേ ഞാൻ പറഞ്ഞത്; അതെങ്ങനെ കുറ്റകരമാകും; ഞാൻ കണ്ട വസ്തുത പറയാൻ ഞാൻ ബാധ്യസ്ഥനല്ലേ; ഞാൻ കാണാത്തതിനെക്കുറിച്ച് ഞാനെങ്ങനെ പറയും; അതിനുശേഷം അവിടെ എന്ത് സംഭവിച്ചുവെന്ന് ഞാൻ കാണുന്നില്ലല്ലോ; ഞാൻ കണ്ട കാര്യം ഞാൻ പറഞ്ഞു. അത് അന്നും പറഞ്ഞു, പിന്നെയും പറഞ്ഞു, ഇന്നും പറയുന്നു, നാളെയും പറയും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. (......ബഹളം.....) കൈയടി വേണോ വേണ്ടയോ എന്നുള്ളത് അവർ തീരുമാനിച്ചുകൊള്ളും. അതുവേറെ. (......ബഹളം.....)

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ, പ്ലീസ്.....പ്ലീസ്......

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് നിങ്ങൾ തീരുമാനിക്കണ്ട. കൈയടിക്കേണ്ട സമയത്ത് കൈ അടിച്ചുകൊള്ളും. (......ബഹളം.....) കേട്ടില്ലേ; അതിന് നിങ്ങളുടെ ശിപാർശ വേണ്ട; നിങ്ങളൊന്നും പറഞ്ഞിട്ട് കൈ അടിക്കുന്നവരല്ല അവർ; അത് മനസ്സിലാക്കിക്കോ; നിങ്ങൾ ഏർപ്പാട്

ചെയ്തുവച്ചാൽ മതി. ആ ഏർപ്പാട് നിങ്ങളുടെ കൂട്ടത്തിലെയുള്ളൂ, ഞങ്ങളുടെ കൂട്ടത്തിലില്ല. കുറച്ച് മാധ്യമങ്ങൾ എന്തൊക്കെയോ വാർത്തകൾ ഇങ്ങനെ പ്രചരിപ്പിച്ചപ്പോൾ ഞങ്ങളാകെ തീർന്നുപോകുകയാണെന്ന് നിങ്ങൾ ധരിക്കുകയല്ലേ; ആ വ്യാമോഹമൊന്നും വേണ്ട കേട്ടോ. ഏതെല്ലാം തരത്തിലുള്ള മാധ്യമവേട്ടകൾ നേരിട്ട ശേഷമാണ് ഞങ്ങളൊക്കെ ഇവിടെ നിൽക്കുന്നതെന്ന് അറിയാമോ; ഞാൻ വീണ്ടും അതിന്റെ കഥകളിലേയ്ക്ക് പോകണോ; അതിന്റെയൊക്കെ പിന്നിൽ യു.ഡി.എഫ്-ലെ പലരുമുണ്ടായിരുന്നില്ലേ? അപ്പോൾ അതുകൊണ്ടൊന്നും തകർന്നുപോകുന്നവരല്ല എൽ.ഡി.എഫ്. എന്ന് നിങ്ങൾ മനസ്സിലാക്കണം. യഥാർത്ഥ കാര്യങ്ങൾ ജനങ്ങളുടെ മുന്നിൽ പറയുകയെന്നതാണ് ഇവിടത്തെ പ്രശ്നം. ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് സിദ്ധാർത്ഥിന്റെ മരണവുമായി ബന്ധപ്പെട്ട് സംസാരിക്കുകയുണ്ടായി. സിദ്ധാർത്ഥിന്റെ മരണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് മാത്രമല്ല, ആ കേസ് ശരിയായ രീതിയിൽത്തന്നെ കൈകാര്യം ചെയ്യുകയും ചെയ്തു. പിന്നീട് ആ കേസ് സി.ബി.ഐ.

അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് സി.ബി.ഐ.ക്ക് കൈമാറി. എന്നാൽ സി.ബി.ഐ.-യും അതേ വഴിയല്ലേ സ്വീകരിച്ചത്? അവരുടെ അന്വേഷണത്തിൽ എന്തെങ്കിലും പുതിയ കണ്ടെത്തലുകളുണ്ടായോ? അല്ലെങ്കിൽ നേരത്തെ നടന്ന അന്വേഷണത്തെ ഏതെങ്കിലും തരത്തിൽ തള്ളിപ്പറഞ്ഞിട്ടുണ്ടോ? ശരിയായ രീതിയിലല്ലേ അന്വേഷണം നടന്നത്. ആ കേസിൽ ഉൾപ്പെട്ടവർക്ക് പരീക്ഷയെഴുതാൻ അനുമതി കിട്ടിയിട്ടുണ്ടെങ്കിൽ അത് ബഹുമാനപ്പെട്ട കോടതിയും യൂണിവേഴ്സിറ്റിയും ചേർന്ന് തീരുമാനിച്ച കാര്യമാണ്, അതിൽ ഗവൺമെന്റിന് യാതൊരു ബന്ധവുമില്ല. വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ കേസ്സിൽപ്പെട്ടതിന്റെ ഭാഗമായി പരീക്ഷയെഴുതാൻ പാടില്ലെന്ന് യൂണിവേഴ്സിറ്റിയും കോടതിയും തീരുമാനിക്കുകയാണെങ്കിൽ അവർ പരീക്ഷയെഴുതില്ല. പരീക്ഷ എഴുതണമെന്ന് അവർ തീരുമാനിച്ചാൽ പരീക്ഷയെഴുതും. അതൊക്കെ യൂണിവേഴ്സിറ്റിയുടെയും കോടതിയുടെയും കാര്യമാണ്. അതിൽ ഗവൺമെന്റിന് എങ്ങനെയാണ് ഉത്തരവാദിത്വമുണ്ടാകുന്നത്? പ്രധാനപ്പെട്ട കോളേജ് ക്യാമ്പസുകളിൽ

ഇടിമുറിയുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. എസ്.എഫ്.ഐ. ഇടിമുറികളിലൂടെ വളർന്നുവന്ന പ്രസ്ഥാനമല്ല, കേരളത്തിലെ വിവിധ കലാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിറഞ്ഞുനിന്നൊരു സംഘടനയായിരുന്നു കെ.എസ്.യു. അക്കാര്യം നിങ്ങൾക്ക് ഓർമ്മയില്ലേ? നിങ്ങളിൽ ചെറുപ്പക്കാർക്കൊന്നും അക്കാര്യം ഓർമ്മയുണ്ടാകില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള മുതിർന്ന അംഗങ്ങൾക്കൊക്കെ അക്കാര്യം ഓർമ്മയുണ്ടാകും. അങ്ങനെ ക്യാമ്പസുകളിൽ നിറഞ്ഞുനിന്നിരുന്ന കെ.എസ്.യു. എങ്ങനെയാണ് ശോഷിച്ചുപോയത്; എങ്ങനെയാണ് ഇന്നത്തെ അവസ്ഥയിലെത്തിയത്; അതാണ് നിങ്ങൾ ആലോചിക്കേണ്ടത്. കെ.എസ്.യു. നടത്തിയ ആക്രമണങ്ങളെ വിവിധ തലങ്ങളിൽ നേരിട്ടുകൊണ്ടുതന്നെയല്ലേ എസ്.എഫ്.ഐ. വളർന്നുവന്നത്. ആ എസ്.എഫ്.ഐ. പടിപടിയായിട്ടല്ലേ ഇവിടെ വളർന്നുവന്നത്. ഏതെങ്കിലുമൊരു ദിവസംകൊണ്ട് ഉണ്ടായതാണോ; പെട്ടെന്ന് സംഭവിച്ചതാണോ; എന്തെല്ലാം അതിക്രമങ്ങൾ അതിന്റെ ഭാഗമായി എസ്.എഫ്.ഐ.ക്ക് നേരിടേണ്ടിവന്നു? അതിനിടയിലാണ് 35

ധീരസഖാക്കൾക്ക് അവരുടെ ജീവൻവെടിയേണ്ട അവസ്ഥയുണ്ടായത്. അതിൽ പലതിന്റേയും രാഷ്ട്രീയ കാരണക്കാർ നിങ്ങളല്ലേ? അക്കാര്യം നിങ്ങൾ ഓർക്കണം, ആ പ്രസ്ഥാനം തകർന്നുപോയോ? അങ്ങനെയൊരു പ്രസ്ഥാനത്തെ താറടിച്ചുകാണിക്കേണ്ടത് നിങ്ങളുടെ ആവശ്യമായിരിക്കാം. ക്യാമ്പസുകളിൽ നിറഞ്ഞുനിൽക്കുന്നൊരു പ്രസ്ഥാനത്തിൽ നടക്കാൻ പാടില്ലാത്ത കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിൽ അതിനെ ന്യായീകരിക്കുകയെന്നത് ഞങ്ങളുടെ പണിയല്ലെന്ന കാര്യംകൂടി നിങ്ങൾ മനസ്സിലാക്കണം. തെറ്റായ കാര്യങ്ങൾ സംഭവിക്കുന്നുണ്ടെങ്കിൽ അത് തെറ്റാണെന്നുതന്നെ പറയും. നേരത്തേയും അങ്ങനെ പറഞ്ഞിട്ടുണ്ട്. ഇവിടെ ചില കാര്യങ്ങൾ പറയുമ്പോൾ നിങ്ങൾ ഒച്ചവെയ്ക്കാറില്ലേ? ആ സംഭവവുമായി ബന്ധപ്പെട്ടും തെറ്റായ കാര്യങ്ങൾ തെറ്റാണെന്നുതന്നെ പറഞ്ഞിട്ടുണ്ട്. ആ തെറ്റ് തിരുത്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് ആ സംഘടനയുടെ പ്രത്യേകത. അങ്ങനെ വലിയ അനുഭവ സമ്പത്തോടുകൂടി പ്രവർത്തിക്കുന്നൊരു സംഘടനയാണ് എസ്.എഫ്.ഐ. വീഴ്ചകളും കുറവുകളുമുണ്ടാകും. വിദ്യാർത്ഥി ജീവിതമാണ്. ഇവിടെ ഇരിക്കുന്ന എല്ലാവരും

വിദ്യാർത്ഥി ജീവിതം കഴിഞ്ഞുവന്നവരല്ലേ? വിദ്യാർത്ഥി ജീവിത കാലഘട്ടത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് അതേ രീതിയിൽത്തന്നെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാവുന്നതാണ്. ക്യാമ്പസുകളിൽ വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടാകുന്നത് എല്ലാത്തരത്തിലും നിർഭാഗ്യകരമായ കാര്യമാണ്. അങ്ങനെയുണ്ടാകാൻ പാടില്ലെന്നതന്നെയാണ് സർക്കാരിന്റെ വ്യക്തമായ അഭിപ്രായം. ഇത്തരം സംഘർഷങ്ങളുണ്ടാകുമ്പോൾ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായി പോലീസിന് ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടിവരും. ക്യാമ്പസുകളിൽ സംഘർഷാവസ്ഥ സംജാതമാകുന്ന സ്ഥിതിയുണ്ടാകാതിരിക്കാൻ വിദ്യാർത്ഥി സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധികൃതരും ആവശ്യമായ പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സംഘർഷങ്ങളുണ്ടാകുമ്പോൾ അതിനെ സങ്കുചിത രാഷ്ട്രീയ കാഴ്ചപ്പാടോടെ കണ്ടുകൊണ്ട് ഒരു പ്രത്യേക വിദ്യാർത്ഥി സംഘടനയെ താറടിക്കാനുള്ള തത്രപ്പാട് പ്രശ്നങ്ങളെ ഒന്നുകൂടി വഷളാക്കാനേ ഇടയാക്കൂ. സംഘർഷത്തിന്റെ ഉത്തരവാദി ആരാണ്; സംഭവങ്ങളുടെ

നിജസ്ഥിതിയെന്താണ് ഇതെല്ലാം അന്വേഷിച്ച് കണ്ടെത്തുന്നതിനുമുമ്പുതന്നെ പക്ഷപാതപരമായ വിധിയെഴുത്ത് നടത്തുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സമാധാനം നിലനിർത്താനുള്ള ശ്രമങ്ങളെ തുരങ്കം വയ്ക്കുന്ന സമീപനമായിട്ടാണ് അത് മാറുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമങ്ങൾക്ക് നല്ല ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. NAAC (The National Assessment and Accreditation Ccouncil)-ലും NIRF (The National Institutional Ranking Framework) റാങ്കിംഗിലും കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും മുൻനിരയിൽ നിൽക്കുന്നു. ഈ അഭിമാനകരമായ വസ്തുതകളെ തമസ്കരിച്ചുകൊണ്ടാണ് ക്യാമ്പസുകളിലാകെ ഗുണ്ടാ വിളയാട്ടമാണെന്ന പ്രചാരണം നടക്കുന്നത്. മരം കണ്ട് കാട് കാണുന്നില്ലെന്ന അവസ്ഥയുണ്ടാക്കരുത്. ഒരു കാലഘട്ടത്തിൽ ക്യാമ്പസുകളിൽ രാഷ്ട്രീയം പാടില്ലെന്നുവരെ ചിലർ അഭിപ്രായപ്പെടുകയുണ്ടായി. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം അധികാരത്തിൽവന്ന ആദ്യ ഗവൺമെന്റ്

നടപ്പാക്കിയ പുരോഗമനപരമായ പല പരിഷ്കരണങ്ങൾക്കുമെതിരെ സ്കൂൾ- കോളേജ് വിദ്യാർത്ഥികളെ തെരുവിലിറക്കിയത് ചരിത്രത്തിന്റെ ഭാഗമാണ്. അപ്രകാരം പിന്തിരിപ്പൻ ശക്തികളുടെ അജണ്ട നടപ്പാക്കാൻ സർവ്വാത്മനാ പിന്തുണ നൽകിയവരാണ് അവരുടെ ആശയങ്ങൾക്ക് വിദ്യാർത്ഥികളുടെയിടയിൽ അംഗീകാരം ലഭിക്കാതെ വന്നപ്പോൾ ക്യാമ്പസ്സിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾക്കെതിരെ വാളോങ്ങിയത്. എന്നാൽ ക്യാമ്പസുകളിലെ സംഘട്ടനം അപലപനീയവും അനഭിലഷണീയവുമാണ്. ഇക്കാര്യത്തിൽ ഉത്തരവാദികളായവർ നടപടികൾ നേരിടുകയും വേണം. എന്നാൽ ഒരു പ്രത്യേക സംഘടനയിൽ മാത്രം എല്ലാ കുറ്റങ്ങളും ചാർത്തി വസ്തുതകളെ വക്രീകരിക്കുന്ന നടപടികളുണ്ടാകാൻ പാടില്ല. ഒരു വിദ്യാർത്ഥി കൊല്ലപ്പെട്ടപ്പോൾ ആ ചെറുപ്പക്കാരനുൾപ്പെട്ട വിദ്യാർത്ഥി സംഘടനയുടെ ലേബൽ അടിസ്ഥാനപ്പെടുത്തി മരണം ഇരന്നുവാങ്ങിയതാണെന്ന അഭിപ്രായം ഒരു മുതിർന്ന നേതാവ് പറഞ്ഞത് ഇവർക്ക് നല്ല ഓർമ്മയുള്ള കാര്യമാണ്. അതിനെ ചെറിയ തോതിലെങ്കിലും അപലപിക്കാൻ നിങ്ങളാരെങ്കിലും തയ്യാറായോ? ഇത്തരം സമീപനങ്ങളാണ്

ക്യാമ്പസുകളിലെ സംഘർഷങ്ങൾക്ക് ഹേതുവായി മാറുന്നത്. പക്ഷപാതപരമായി മാത്രം കാര്യങ്ങൾ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നതിന് സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടാകാം. സർക്കാരിനെ സംബന്ധിച്ചിടത്തോളം അത്തരമൊരു ഉദ്ദേശ്യവും അംഗീകരിക്കാൻ കഴിയില്ല. വിദ്യാർത്ഥികൾ തമ്മിലുണ്ടാകുന്ന സംഘർഷങ്ങൾ വഴിവിട്ട് പോകാതിരിക്കാൻ രാഷ്ട്രീയ നേതൃത്വങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധികൃതരും ക്രമസമാധാന പാലകരും ഒരുമിച്ച് പരിശ്രമിക്കണം. അതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ ഗുണമേന്മയുള്ളതാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമാധാനപരമായ അന്തരീക്ഷം നിലനിൽക്കേണ്ടത് പഠനത്തിന്റെയും പാഠ്യേതര പ്രവർത്തനങ്ങളുടെയും സുഗമമായ നടത്തിപ്പിന് അനിവാര്യമാണ്. ഇത് നിലനിർത്താൻ സർക്കാർ നടത്തുന്ന ശ്രമങ്ങളോടൊപ്പം ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം നിങ്ങൾ 'ഏത് കാലത്താണ് ജീവിക്കുന്നതെന്ന്' ഞാൻ നിയമസഭയിൽ ചോദിച്ചു. എന്നാൽ അത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയെ വല്ലാതെ പ്രകോപിപ്പിച്ചു. ഇന്ന് ഈ സംഭവം നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ ആ വാചകങ്ങൾക്ക് ഒന്നുകൂടി അടിവരയിട്ടുകൊണ്ട് ഞാൻ ചോദിക്കുന്നു, 'നിങ്ങൾ ഏത് ഇരുണ്ട യുഗത്തിലാണ് ജീവിക്കുന്നതെന്ന്''. ഈ ക്രിമിനലുകൾക്ക് പൊളിറ്റിക്കൽ പാട്രണേജ് കൊടുക്കുന്നത് മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ വാക്കുകളുമാണെന്നാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ വീണ്ടും അടിവരയിട്ട് പറയുന്നു, മുഖ്യമന്ത്രിയുടെ ഇന്നത്തെ നിയമസഭാ പ്രസംഗത്തിലൂടെ

ക്യാമ്പസുകളിൽ വീണ്ടും അക്രമികൾക്ക് അഴിഞ്ഞാടുന്നതിനുവേണ്ടിയുള്ള പൊളിറ്റിക്കൽ പാടടണേജാണ് അദ്ദേഹം പരസ്യമായി നൽകിയത്. രക്ഷാപ്രവർത്തനം നടത്തിയെന്ന് ഞാൻ അന്നും പറഞ്ഞു, പലപ്രാവശ്യം പറഞ്ഞു, ഇന്നും പറയുന്നു, എന്നും പറയും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കേട്ടപ്പോൾ ഞങ്ങൾക്ക് വലിയ സന്തോഷമാണ് തോന്നിയത്. അതു കേട്ടപ്പോൾ ഞങ്ങളാണ് കൈയടിച്ചത്. കാരണം, ആ രക്ഷാ പ്രവർത്തനം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതിലൂടെ നിങ്ങൾ മാറില്ലെന്നും നിങ്ങൾ തിരുത്തില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറച്ച പ്രഖ്യാപനമായിരുന്നു നടത്തിയത്. അതായത്, എന്ത് വൃത്തികേടും എന്ത് ക്രിമിനൽ നടപടികളും കാണിക്കാനും ആരെയും വേട്ടയാടാനും തല്ലിക്കൊല്ലാനും കുറെ ആളുകൾക്ക് ലൈസൻസ് കൊടുത്തിരിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രിതന്നെ ആ ലൈസൻസ് കൊടുക്കുന്നത് കേരളത്തിലെ ജനങ്ങൾ കാണട്ടെ, അവർ വിലയിരുത്തട്ടെ. ഒരു കുടുംബത്തിന്റെ മുഴുവൻ പ്രതീക്ഷയായ ചെറുപ്പക്കാരനെ കോളേജ് ഹോസ്റ്റലിൽവച്ച് ആൾക്കൂട്ട വിചാരണ നടത്തി തല്ലിക്കൊന്ന്

കെട്ടിത്തൂക്കിയത് എങ്ങനെയാണ് സാർവദേശീയ സംഭവമാകുന്നത്? തന്റെ നിയോജകമണ്ഡലത്തിലെ ഒരു കുട്ടിയെ കോളേജ് ക്യാമ്പസിലെ ഇരുട്ടുമുറിയിലിട്ട് തല്ലിച്ചതച്ചിട്ടും അവനെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് പകരം പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയപ്പോഴാണ് എം.എൽ.എ.-മാരായ ശ്രീ. എം. വിൻസെന്റും ശ്രീ. ചാണ്ടി ഉമ്മനും പോലീസ് സ്റ്റേഷനിലെത്തിയത്. അവിടെയെത്തിയ എം.എൽ.എ.മാരെ 50 പോലീസുകാരുടെ മുന്നിൽവച്ച് എസ്.എഫ്.ഐ.ക്കാർ കൈയേറ്റം ചെയ്യുമ്പോൾ അതെങ്ങനെയാണ് സാർവദേശീയ സംഭവമാകുന്നത്? ഈ ചോദ്യങ്ങൾക്കൊന്നും മറുപടി പറയാൻ കഴിയാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേറെ കുറെ സംഭവങ്ങളെപ്പറ്റി സംസാരിക്കുകയാണ് ചെയ്തത്. ഞങ്ങളുടെ ചോദ്യം ഒരു വിദ്യാർത്ഥി നേതാവിനെ കോളേജ് ക്യാമ്പസ്സിലെ ഇരുട്ടുമുറിയിൽ കൊണ്ടുപോയി ക്രൂരമായി മർദ്ദിക്കുകയും കസേരയിലിരുത്തി വിചാരണ നടത്തുകയും ചെയ്തു. സിദ്ധാർത്ഥിന്റെ സംഭവമുണ്ടായപ്പോൾ ഞങ്ങൾ വിചാരിച്ചത് .........(ബഹളം) ..... ഇങ്ങനെ തടസ്സപ്പെടുത്തരുത്......... (ബഹളം) .....

മി.സ്പീക്കർ: പ്ലീസ്......അങ്ങ് സംസാരിച്ചോളൂ...........

ശ്രീ. വി. ഡി. സതീശൻ: സർ, സിദ്ധാർത്ഥിന്റെ സംഭവമുണ്ടായപ്പോൾ ഇനി കേരളത്തിൽ അത്തരമൊരു സംഭവം ആവർത്തിക്കില്ലെന്നാണ് കേരള സമൂഹം കരുതിയത്. അതിന്റെ നടുക്കവും വേദനയും മാറുന്നതിനുമുമ്പ് വീണ്ടുമൊരു ചെറുപ്പക്കാരനെ കസേരയിലിരുത്തി, ആൾക്കൂട്ട വിചാരണ നടത്തി, അവന്റെ തല കമ്പിയിൽ ഇടിപ്പിച്ച്, ഷൂ വച്ച് ചവിട്ടിക്കൂട്ടി ക്രൂരമായി മർദ്ദിച്ചു. ശ്വാസംമുട്ടി പിടയുന്ന സമയത്ത് ഞാൻ സിദ്ധാർത്ഥിനെ ഓർത്തുപോയി എന്നാണ് സാൻജോസ് പറഞ്ഞത്. ഒരു വിദ്യാർത്ഥി നേതാവിനെ കോളേജ് ഹോസ്റ്റലിലെ ഇരുണ്ടമുറിയിൽ കൊണ്ടുപോയി ഇതുപോലെ ക്രൂരകൃത്യം ചെയ്യാൻ ആരാണ് അനുവാദം കൊടുത്തത്. എന്നിട്ട് ആ കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനുപകരം എന്തിനാണ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോയത്? അവനെ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കെ.എസ്.യു. പ്രതിനിധികൾ അവിടെ ധർണ നടത്തിയത്. വീണ്ടും പോലീസ് സ്റ്റേഷനുമുന്നിൽ എന്തിനാണ് എസ്.എഫ്.ഐ-ക്കാർ വന്നത്? ആ കുട്ടിയെ

ആശുപത്രിയിൽ കൊണ്ടുപോയതിനുശേഷം പുലർച്ചെ 5.00 മണിക്ക് മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് കൂടെയുള്ള മറ്റ് കുട്ടികളെ എസ്.എഫ്.ഐ.-ക്കാർ വീണ്ടും മർദ്ദിച്ചു. ഹോസ്റ്റലിൽ, പോലീസ് സ്റ്റേഷനുമുന്നിൽ, വീണ്ടും മെഡിക്കൽ കോളേജ് ആശുപത്രിയിൽ എന്നിങ്ങനെ ഈ ക്രിമിനലുകൾ പുറകെ നടന്ന് ആക്രമിക്കുകയാണ്. ഈ വിദ്യാർത്ഥികളെ ഇങ്ങനെ ക്രൂരമായി ഉപദ്രവിച്ച സംഭവത്തെക്കുറിച്ചാണ് ഒരു മുഖ്യമന്ത്രി നിയമസഭയിൽ വന്ന് ഇങ്ങനെയൊരു മറുപടി പറഞ്ഞത്. എൽ.ഡി.എഫ്-ന്റെ നെറികെട്ട രാഷ്ട്രീയത്തിന്റെ ഇൻകുബേറ്ററിൽ വിരിയിച്ചെടുക്കുന്ന ഈ ഗുണ്ടാപട നിങ്ങളെയുംകൊണ്ടേ പോകൂ. ഒരു സംശയവുംവേണ്ട; നിങ്ങളെയും കൊണ്ടേ പോകൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞല്ലോ; എനിക്ക് അതിനെല്ലാം മറുപടി പറയണമല്ലോ; ഇവിടെ അലിഖിത നിയമവാഴ്ചയും പ്രാകൃത ശിക്ഷാരീതിയുമാണ് നടക്കുന്നത്. സിദ്ധാർത്ഥിന്റെ കേസിൽ പോലീസ് നൽകിയ റിമാൻഡ് റിപ്പോർട്ടിൽ ഹോസ്റ്റലിൽ അലിഖിത നിയമവാഴ്ചയാണെന്നും പ്രാകൃതമായ ശിക്ഷാ നടപടികളാണെന്നുമാണ്

പറയുന്നത്. എന്നിട്ടാണ് ഇവിടെ വന്ന് ഇങ്ങനെ ന്യായീകരിക്കുന്നത്. നിങ്ങളുടെ പോലീസാണ് റിമാൻഡ് റിപ്പോർട്ടിൽ ഇങ്ങനെ എഴുതിക്കൊടുത്തത്. കഴിഞ്ഞദിവസം കൊയിലാണ്ടിയിലെ ഗുരുദേവ കോളേജിൽ പ്രിൻസിപ്പലിന്റെ മുഖത്തല്ലേ അടിച്ചത്? എന്നിട്ട് ഒരു എസ്.എഫ്.ഐ ഏരിയാ സെക്രട്ടറി പ്രസംഗിക്കുകയല്ലേ; .... (ബഹളം)......എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ പറ്റില്ല....... ഞാൻ വഴങ്ങുന്നില്ല. ..... (ബഹളം) ........

<u>മി. സ്പീക്കർ</u>: അങ്ങ് സംസാരിക്കു, പ്ലീസ്...... പ്ലീസ്......(......ബഹളം.....)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ വഴങ്ങുന്നില്ല (......ബഹളം.....) കോളേജ് പ്രൻസിപ്പലിന്റെ രണ്ടുകാലും കൊത്തിയെടുക്കുമെന്നാണ് കഴിഞ്ഞ ദിവസം എസ്.എഫ്.ഐ.-യുടെ ഏരിയാ സെക്രട്ടറി പ്രസംഗിച്ചത്. പ്രിൻസിപ്പലിന്റെ നെഞ്ചത്ത് അടുപ്പുകൂട്ടുമെന്നും അവിടെയുള്ള അധ്യാപകരെ കൊണ്ടുപോകാൻ ഈ പോലീസ് മതിയാകില്ലെന്നും രണ്ട് ആംബുലൻസ് കൂടി കൊണ്ടുവരേണ്ടി വരുമെന്നും നിങ്ങളുടെ പോലീസ് സേനയെ നോക്കിയാണ് പറഞ്ഞത്. കാല് വെട്ടിക്കളയുന്ന അധ്യാപകരെ

ആശുപത്രിയിലെത്തിക്കാൻ വേണ്ടി രണ്ട് ആംബുലൻസ് വേണ്ടിവരുമെന്നാണ് പറയുന്നത്. ഇത് കേരളമാണോ? .......(ബഹളം) ........You please, I am on my legs, you have no right to interfere ....... (......ബഹളം.....)

മി. സ്പീക്കർ: അങ്ങ് സംസാരിക്കു, പ്ലീസ്...... പ്ലീസ്.....അവിടെ ഇരിക്കു..... (......ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, പാർലമെന്ററികാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രികൂടിയായ അദ്ദേഹം സഭയുടെ നടപടിക്രമങ്ങളെക്കുറിച്ചൊക്കെ അറിയണം. തിരുവനന്തപുരം ലാ കോളേജിൽ നടന്ന സംഭവത്തെപ്പറ്റി ഞാൻ ഇവിടെ അവതരിപ്പിച്ചു. അന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുപോലെ ന്യായീകരണം നടത്തി. ഞങ്ങളുടെ പെൺകുട്ടികളെ വലിച്ച് നിലത്തിട്ട് ചവിട്ടിയത് കണ്ടപ്പോഴുള്ള സങ്കടം കൊണ്ടാണ് അന്ന് ഈ വിഷയം സഭയിൽ കൊണ്ടുവന്നത്. അന്ന് അങ്ങ് അതിനെ ന്യായീകരിച്ചു. പിറ്റേ മാസം പതിനാറ് അധ്യാപികമാരുൾപ്പെടെയുള്ള ഇരുപത്തിയൊന്ന് അധ്യാപകരെ

ഇരുണ്ടമുറിയിൽ പൂട്ടിയിട്ട് ലൈറ്റ് ഓഫ് ചെയ്തു. പുറത്തിറങ്ങാൻ ശ്രമിച്ച അധ്യാപികയുടെ കൈ പിടിച്ച് തിരിച്ചു. ഒരു കോളേജിൽ പ്രിൻസിപ്പൽ ഇറങ്ങിയപ്പോൾ അവർക്ക് പ്രതീകാത്മകമായി ശവപ്പെട്ടി ഒരുക്കിക്കൊടുത്തു. വേറൊരു പ്രിൻസിപ്പലിന് ആദരാഞ്ജലികൾ അർപ്പിച്ചു. ഇവിടെ സംഘപരിവാറിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ; നിങ്ങളുടെ അധ്യാപക സംഘടനയിൽ 29 വർഷം പ്രവർത്തിച്ച ആ പ്രിൻസിപ്പലാണ് ഇപ്പോൾ ആലത്തൂരിൽ ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിയായി നിന്നത്. അവരെ നിങ്ങൾ കൊടുത്തതാണ്.

മി. സ്പീക്കർ: അങ്ങ് സംസാരിക്കു, പ്ലീസ്...... പ്ലീസ്. ...... (ബഹളം........)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയാനുള്ളത് മുഴുവനും പറഞ്ഞിട്ടേ പോകൂ... ഒമ്പത് മിനിട്ടായി. ഒരു മന്ത്രിയായാൽ ആദ്യം മര്യാദ വേണം.... ഞാൻ പറഞ്ഞിട്ടേ പോവുകയുള്ളൂ........

മി. സ്പീക്കർ: അങ്ങ് സംസാരിക്കു, പ്ലീസ്...... പ്ലീസ്.....അവിടെ ഇരിക്കു.....

(......ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, എന്താണ് ഇത്?..............ഞാൻ മുഴുവൻ പറഞ്ഞിട്ടേ പോകുകയുള്ളൂ. മഹാരാജാസ് കോളേജിൽ ഇതുപോലെ (...ബഹളം...)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, .... (മൈക്ക് ഓഫ്)........

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെന്താണ്; മന്ത്രിയായാൽ ഒരു മര്യാദവേണം. (...ബഹളം...) മഹാരാജാസ് കോളേജിൽ പ്രിൻസിപ്പലിന്റെ കസേര പുറത്തുകൊണ്ടുപോയി കത്തിച്ചു. അതിനേക്കാൾ നല്ലത് പ്രിൻസിപ്പലിനെ കത്തിക്കുന്നതായിരുന്നു. പ്രതീകാത്മകമായി ചെയ്തതാണ്. എം.ജി. യൂണിവേഴ്സിറ്റി ക്യാമ്പസിൽ എ.ഐ.എസ്.എഫ്. സംസ്ഥാന നേതാവിനെ ക്രൂരമായി മർദ്ദിച്ചു. എസ്.എഫ്.ഐ. നേതാക്കൾ പറഞ്ഞ വാക്കുകൾ എനിക്ക് ഇവിടെ പറയാൻ പറ്റില്ല. അതൊക്കെ അൺ-പാർലമെന്ററിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ന്യായീകരിച്ച ഈ വിദ്യാർത്ഥി സംഘടനയെക്കുറിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ പത്രമായ 'ജനയുഗം' എഴുതിയത് 'ഫാസിസ്റ്റ് കഴുകൻ കൂട്ടങ്ങൾ' എന്നാണ്.

ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസിലെ ഗാന്ധി ചിത്രം തകർത്തു. എസ്.എഫ്.ഐ.-ക്കാർ ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് അടിച്ചുതകർത്തത്... ആ പോയ പോക്കിൽ ഗാന്ധിയുടെ ചിത്രത്തിന് മാലയിടാൻ വേണ്ടി പോയതാണോ; അതിനാണോ പോയത്; (...ബഹളം...) നിങ്ങൾ സംഘ്പരിവാറിനെ സന്തോഷിപ്പിക്കാൻവേണ്ടി ചെയ്തതാണ്. നിങ്ങൾ എന്തിനാണ് ഏഷ്യാനെറ്റിന്റെ ഓഫീസ് അടിച്ചുതകർത്തത്?

ശ്രീ. കെ. പ്രേംകുമാർ: സർ, ...... (മൈക്ക് ഓഫ്).....(ബഹളം) ........

ശ്രീ. വി. ഡി. സതീശൻ: സർ, അത് പറയാം. ചാപ്പ കുത്തിയകാര്യം ഞാൻ പറയാം. എസ്.എഫ്.ഐ.-ക്കാർ ആക്രമിച്ചതിന്റെ ഫലമായി എ.ഐ.എസ്.എഫ്.-ന്റെ നേതാവ് ശ്രീ. സുബേഷ് സുധാകരൻ 123 ദിവസം ആശുപത്രിയിൽ കിടന്നു. "ഞങ്ങളെ ഇന്നുവരെ ഒരു ക്യാമ്പസിലും കെ.എസ്.യു.-ക്കാർ മർദ്ദിച്ചിട്ടില്ല. ഞങ്ങളെ മർദ്ദിക്കുന്നതും കൊല്ലാൻ ശ്രമിച്ചിട്ടുള്ളതും എസ്.എഫ്.ഐ.-ക്കാരാണ്" എന്നാണ് അദ്ദേഹം പറഞ്ഞത്. എ.കെ.ജി. സെന്ററിൽ ബോംബെറിഞ്ഞു എന്നിവിടെ പറഞ്ഞു. (...ബഹളം...)

ഇതുപോലുള്ള ആളുകളാണ് ഈ കുഴപ്പമുണ്ടാക്കുന്നത്, റോഡിൽ ഇറങ്ങിയാലും. ......... (...ബഹളം...)............ ഇതെന്താണ്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കൂ. അങ്ങ് അങ്ങോട്ട് നോക്കേണ്ട. അങ്ങേയ്ക്ക് സംസാരിക്കാൻ യാതൊരു തടസ്സവുമില്ല. അതെല്ലാം ignore ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് സംരക്ഷണം നൽകണം. എന്ത് മര്യാദയാണിത്?

മി. സ്പീക്കർ: അങ്ങേയ്ക്ക് മൈക്ക് തന്നിട്ടുണ്ട്. അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അതെങ്ങനെയാണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗം ഞാൻ കൃത്യമായി കേൾക്കുന്നുണ്ട്. മറുഭാഗവും കേൾക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: അങ്ങനെ സംസാരിക്കാൻ പറ്റില്ല.

മി. സ്പീക്കർ: മുഴുവനായും സൈലന്റായിനിന്നുകൊണ്ട് ഇവിടെയൊരു പ്രസംഗം നടക്കുമോ; പിൻഡ്രോപ് സൈലൻസിൽ എപ്പോഴെങ്കിലും ഇവിടെ പ്രസംഗം നടന്നിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങേയ്ക്ക് അതിന് പറ്റില്ല എന്നുപറഞ്ഞാൽമതി.

മി. സ്പീക്കർ: ഇവിടെ ആര് ഇരുന്നാലും അതുതന്നെയാണ് സ്ഥിതി. ചെയറിൽ എനിക്ക് പകരം അങ്ങിരുന്നാലും ഇതുതന്നെയാണ് ഗതി. സഭ ഒരിക്കലും പിൻഡ്രോപ് സൈലൻസ് ആകാറില്ല. അത് ഭരണ-പ്രതിപക്ഷാംഗങ്ങൾ കാണിക്കേണ്ട മര്യാദയാണ്. അക്കാര്യത്തിൽ എനിക്കെന്ത് ചെയ്യാൻ പറ്റും; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അവരോട് ഇരിക്കാൻ പറയൂ, മന്ത്രിമാർ ഉൾപ്പെടെയാണ് എണീറ്റ് നിൽക്കുന്നത്. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... എല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരിക്കൂ. പ്ലീസ്.. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എല്ലാം പറഞ്ഞിട്ടേ പോവുകയുള്ളൂ. മുഖ്യമന്ത്രി ചോദിച്ചു, എ.കെ.ജി. സെന്ററിൽ ബോംബ് എറിഞ്ഞതിന് എന്തെല്ലാം വാർത്തകൾ വന്നു; ഈ കേരളത്തിലെ

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകൻ ആരാണ്; പി. കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ സ്മാരകം തല്ലിത്തകർത്തത് ആരാണ്; നിങ്ങൾ തന്നെയല്ലേ; നിങ്ങൾ തന്നെയാണ്. എന്നിട്ടാണ് വർത്തമാനം പറയാൻ വരുന്നത്.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗം 13 മിനിട്ട് കഴിഞ്ഞു. സാധാരണ ഒരു വാക്കൗട്ട് സ്പീച്ച് ഇങ്ങനെ നടത്താറില്ല. അങ്ങുതന്നെ പാലിക്കുന്നൊരു gentleness ഉണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാലമത്രയും പാലിച്ചൊരു gentleness ഉണ്ട്. അതങ്ങ് ഇതിലും പാലിക്കണം. പ്ലീസ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25 മിനിട്ടെടുത്ത് സംസാരിച്ചല്ലോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ട് മറുപടിയാണ് പറഞ്ഞത്. ക്ലോക്കിൽ വളരെ ക്ലിയറായി ഞാൻ നോക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ഒരു പ്രതിപക്ഷ നേതാവിനോടും 13 മിനിട്ടായപ്പോൾ സമയമായെന്ന് പറഞ്ഞിട്ടില്ല. ബഹളം ഉണ്ടാക്കിയില്ലെങ്കിൽ ഞാൻ 10 മിനിട്ടുകൊണ്ട് തീർക്കുമായിരുന്നു. ഏതായാലും ഞാൻ പറയാനുള്ളത് പറഞ്ഞിട്ടേ പോവുകയുള്ളൂ.

ചാപ്പ കുത്തിയ സംഭവത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 2000 നവംബർ 10-ൽ ചാപ്പ കുത്തി. കോൺഗ്രസുകാരാണ് ചാപ്പ കുത്തിയതെന്ന് ആ വിദ്യാർത്ഥി എവിടെയാണ് പറഞ്ഞിട്ടുള്ളത്; 'കോൺഗ്രസ് ഓഫീസിലാണ് ചാപ്പ കുത്തിയത്' എന്ന് 'ദേശാഭിമാനി' ദിനപത്രത്തിൽ ഒരു വാർത്തവന്നു, ആ വാർത്ത വായിച്ചിട്ട് സഭയിൽ വന്ന് പറയല്ലെ. .....(ബഹളം)......ഒരു വാർത്തയുമില്ല. നിങ്ങൾ ഇരിക്കു. 'ദേശാഭിമാനി; ദിനപത്രത്തിൽ വന്ന വാർത്തയാണ്.

ഇവിടെ എന്താണ് നടക്കുന്നത്? ക്യാമ്പസുകളിൽ മുഴുവൻ ഇടിമുറികൾ ഉണ്ടാക്കി, പൈശാചികമായ വേട്ട നടത്തി എതിർ രാഷ്ട്രീയ പ്രവർത്തനം നടത്താൻ ആരെയും സമ്മതിക്കാതെ, ഞങ്ങളെ മാത്രമല്ല, എ.ഐ.എസ്.എഫ്.-നെ ഉൾപ്പെടെ ആരെയും സമ്മതിക്കാതെ ക്യാമ്പസുകളിൽ ക്രിമിനലുകൾ അഴിഞ്ഞാടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് നടത്തിയ ഈ പ്രസ്താവനയോടുകൂടി കേരളത്തിലെ ക്യാമ്പസുകളിൽ ഇനി ഇവരെ നിയന്ത്രിക്കാൻ ഒരാളുമില്ലാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണ്. ഈ സർക്കാർ ക്രിമിനലുകളെ

പ്രോത്സാഹിപ്പിച്ചാൽ ഇതൊക്കെ നിങ്ങളുടെ കൈവിട്ടുപോകും. ഇതിനെതിരെ ഞങ്ങൾ അതിശക്തമായി പ്രതിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇന്നത്തെ പ്രസ്താവന ഒരു കാരണവശാലും അങ്ങയുടെ സ്ഥാനത്തിന് ചേരാത്തതാണ്. നവകേരള സദസ്സിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടൊരു മുഖ്യമന്ത്രിയാണ് നിങ്ങൾ. നവകേരള സദസ്സിൽ യാത്ര ചെയ്തപ്പോൾ നിങ്ങളൊരു മഹാരാജാവാണെന്ന് നിങ്ങൾക്ക് തോന്നി. നിങ്ങളോട് ഞങ്ങൾ പറയുന്നു, നിങ്ങൾ മഹാരാജാവല്ല. നിങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ മഹാരാജാവൊന്നുമല്ല. ഞാൻ ജനങ്ങളുടെ ദാസനാണ്. എല്ലാക്കാലത്തും ജനങ്ങളോടൊപ്പമാണ് നിൽക്കുന്നത്. ജനങ്ങളുടെ കൂടെയാണ് നിൽക്കുന്നത്. ജനങ്ങൾക്കുവേണ്ടി എന്തുംചെയ്യും. ജനങ്ങൾക്കുവേണ്ടിയാണ്, ജനങ്ങളുടെ കൂടെയാണ്, ജനങ്ങളുടെ ദാസനാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അധികാരം കൈയിൽ വന്നപ്പോൾ അമിതാധികാരമുപയോഗിച്ച് ഈ ആളുകളെ മുഴുവൻ, പാവപ്പെട്ട കുഞ്ഞുങ്ങളെ തല്ലിക്കൊന്ന് കെട്ടിത്തൂക്കിയവനെ വരെ ന്യായീകരിച്ചപ്പോൾ, ആ കുട്ടികളെ മുഴുവൻ മർദ്ദിച്ചപ്പോൾ നിങ്ങൾ വിചാരിച്ചു നിങ്ങൾ മഹാരാജാവാണെന്ന്. നിങ്ങൾ മഹാരാജാവല്ല. നിങ്ങൾ മഹാരാജാവല്ല എന്നാണ് കേരളം നിങ്ങളെ ഓർമ്മപ്പെടുത്തിയത്. അതാണ് നിങ്ങൾ ധരിക്കേണ്ടത്. വെറുതെ എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. (...ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... വാക്കൗട്ടാണോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് വാക്കൗട്ട് ചെയ്യുന്നുണ്ടോ; പ്ലീസ്... പ്ലീസ്.. എല്ലാവരും സീറ്റിൽ പോയി ഇരിക്കൂ. പ്രതിപക്ഷനേതാവേ, അങ്ങ് വാക്കൗട്ട് ചെയ്യുന്നുണ്ടോ; എന്താണ്; വാക്കൗട്ടാണോ; എന്താണെന്ന് പറയൂ. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കൂ. നിങ്ങളുടെ ഉദ്ദേശ്യമെന്താണ്; വാക്കൗട്ടാണോ?

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്ന് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞ ആക്ഷേപകരമായ പരാമർശങ്ങൾ ഈ സഭാരേഖകളിലുണ്ടാകാൻ പാടില്ല. മഹാത്മാഗാന്ധിയുടെ ചിത്രം എസ്.എഫ്.ഐ.-ക്കാരാണ് തകർത്തതെന്ന് പറഞ്ഞത് ആക്ഷേപകരമായ പരാമർശമാണ്. അത് തകർത്തത് കോൺഗ്രസുകാർ തന്നെയാണെന്ന് പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. അത് സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണം+.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം+.

ശ്രീ. എം. ബി. രാജേഷ്: സർ, അതുമാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവർത്തിച്ച്, ചെയറിനെ ഭീഷണിപ്പെടുത്തുകയും ചെയറിനുനേരെ ആക്രോശങ്ങൾ നടത്തുകയും ചെയ്യുകയാണ്. സഭയ്ക്കകത്തും പുറത്തും ചെയറിനെ ഭീഷണിപ്പെടുത്താനും സമ്മർദ്ദത്തിലാക്കാനുമുള്ള

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11626/ഇ.ബി./2024/ലെജി. തീയതി 04-07-2024) സഭാ രേഖയിൽ നിലനിർത്തി.

ശ്രമമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തുന്നത്. സർവ്വകലാശാലാ വൈസ് ചാൻസലറെ തല്ലിച്ചതച്ചതും ......

മി. സ്പീക്കർ: അത് എല്ലാ ആളുകളും പാലിക്കേണ്ട ചില മര്യാദകളാണ്. ചെയറിനുനേരെ തുടർച്ചയായി ആക്ഷേപങ്ങൾ ചൊരിയുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് യോജിച്ചതല്ല. ചെയറിനെതിരെ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ചേമ്പറിൽ വന്ന് പറയാം. അല്ലാതെ ചെയറിനെതിരെ ആക്ഷേപസ്വരങ്ങൾ ചൊരിയുന്നത് ഒരു ജനാധിപത്യത്തിന്, ഒരു healthy democracy-ക്ക് ചേർന്നതല്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നുവെന്ന് ആരോപിച്ച് പ്രതിപക്ഷാംഗങ്ങളൊന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് ബഹളം വച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു)

[10.58AM]

**IV ശ്രദ്ധക്ഷണിക്കൽ**

പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വികസന പ്രവർത്തനങ്ങളുടെ ഭാഗമായും അപകട ഭീഷണിയൊഴിവാക്കുന്നതിനും പൊതുനിരത്തുകളിലും പൊതുസ്ഥലങ്ങളിലുമുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വനംവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈ ഉത്തരവുകൾ പ്രകാരം വലിയ പ്രയാസങ്ങൾ സംസ്ഥാന വ്യാപകമായി നേരിടുകയാണ്. തദ്ദേശസ്ഥാപനതല കമ്മിറ്റി ചേർന്ന് മുറിച്ചുമാറ്റേണ്ട മരം ഏതാണെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ വില നിർണ്ണയിക്കേണ്ടത് വനം വകുപ്പാണ്. വനം വകുപ്പിനോട് വില നിർണ്ണയം നടത്തിത്തരണമെന്ന് പറഞ്ഞാൽ സമയബന്ധിതമായി ലഭിക്കുന്നില്ലെന്നു മാത്രമല്ല വിലനിർണ്ണയം നടത്തിയാൽ അത് നാട്ടിലുള്ള വിലയുമായി യാതൊരു പൊരുത്തവുമില്ലാത്തതാണെന്ന ഗൗരവമായ വിഷയവും വരികയാണ്. ടി വിലനിർണ്ണയമനുസരിച്ച് ലേലം ചെയ്തുകഴിഞ്ഞാൽ എടുക്കാൻ ആളുണ്ടാവില്ല.

ഒന്നും രണ്ടും തവണ ലേലം ചെയ്തിട്ടും എടുക്കാതെ വരുമ്പോൾ ക്വട്ടേഷൻ വിളിക്കുകയാണ് പതിവ്. ക്വട്ടേഷൻ വിളിച്ചാലും ആളെ കിട്ടില്ല. അതുംകഴിഞ്ഞാൽ വെട്ടിമാറ്റി അട്ടിക്കിടണമെന്നാണ് നിലവിലുള്ള നിർദ്ദേശം. എന്നാൽ മരത്തിന്റെ വിലയോ അതിന്റെ ഇരട്ടിയോ കൊടുത്താൽപോലും വെട്ടിമാറ്റാൻ തൊഴിലാളികളെ കിട്ടില്ലെന്നതാണ് ഏറ്റവും ഗൗരവമായ വിഷയം. 3,000/- രൂപ വാല്യുവേഷൻ നിർണ്ണയിച്ച ഒരു മരത്തിന് 50,000/- രൂപ ചെലവഴിച്ച് വെട്ടിമാറ്റേണ്ട അവസ്ഥപോലും ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ക്രെയിൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഉപയോഗിക്കേണ്ടിവന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുമാത്രമല്ല, വെട്ടിമാറ്റി അട്ടിയിട്ട മഴമരത്തിന് ഒരു ക്യൂബിക് മീറ്ററിന് 3,630/- രൂപയാണ് വില നിർണ്ണയം നടത്തിയിട്ടുള്ളത്. ആരാണ് ഈ വിലയ്ക്ക് ഇത്തരം മരങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്; ഇങ്ങനെ വളരെയേറെ പ്രയാസങ്ങളാണ് ഇതുവഴി ഉണ്ടാകുന്നത്. മുറിച്ചുമാറ്റി അട്ടിയിട്ട മരങ്ങൾ മുഴുവനും കേരളത്തിലെ തെരുവോരങ്ങളിലും പൊതുഇടങ്ങളിലും കിടന്ന് മണ്ണരിച്ചുപോകുന്ന അവസ്ഥയാണുള്ളത്. പൊതുഖജനാവിലേയ്ക്ക് വരേണ്ട

കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഇതുവഴി വന്നുചേരുന്നത്. മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വികസന പ്രവർത്തനങ്ങൾ ആരംഭിക്കണമെങ്കിൽ വർഷങ്ങൾതന്നെ എടുക്കുന്ന അവസ്ഥയാണ്. സമയബന്ധിതമായി പൂർത്തീകരിക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ തടസ്സമായി ഇത് മാറുന്നു. എന്റെ മണ്ഡലത്തിലെ കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി നബാർഡിൽനിന്നും പണം അനുവദിച്ചു....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്....പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലത്തെ മരം മുറിച്ചുമാറ്റുന്നതിന് ഒരു വർഷത്തിലധികം സമയമെടുത്തു. പേരാമ്പ്ര മണ്ഡലത്തിലെ ഐ.ടി.ഐ-യുടെ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി അവിടെയുള്ള മരം മുറിച്ചുമാറ്റാത്തതിന്റെ ഫലമായി ഇതുപോലെ കാലതാമസമുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള കമ്മിറ്റിക്കുതന്നെ വിലനിർണ്ണയാവകാശം കൊടുക്കുകയും ബന്ധപ്പെട്ട വകുപ്പുതന്നെ മരം മുറിച്ചുമാറ്റുന്നതിനും മരത്തിന്റെ

വില മാർക്കറ്റ് വിലയ്ക്ക് അനുയോജ്യമായ വിധത്തിൽ ചിട്ടപ്പെടുത്തുന്നതിനും വേണ്ടിയുള്ള നടപടി സ്വീകരിക്കണം. മുറിക്കുന്ന മരത്തിന്റെ ചെലവ് എങ്ങനെ നിർവ്വഹിക്കണമെന്നതിനെ സംബന്ധിച്ച് ഒരു പൊതുനിർദ്ദേശം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് നമ്മൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ തരത്തിലുള്ള നടപടികൾ അനുസരിച്ചുമാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഇതിൽ മാറ്റമുണ്ടാകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അതിനുവേണ്ടി ശാസ്ത്രീയ പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനവും ഒപ്പം അത് നടപ്പിലാക്കാൻ ചട്ടങ്ങളിലും റൂൾസിലും ഭേദഗതി കൊണ്ടുവരുന്നതുൾപ്പെടെയുള്ള തീരുമാനവും ആവശ്യമാണ്. പ്രസ്തുത വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, തേക്ക്, മാഞ്ചിയം, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. എന്നാൽ അപകട ഭീഷണിയായി തെരുവോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ധാരാളം സാങ്കേതിക പ്രശ്നങ്ങളുണ്ട്. മഴയെയും കാറ്റിനെയും അതിജീവിക്കാൻ കഴിയുന്ന മരങ്ങൾ, അതായത് തമിഴ്നാട് മാതൃകയിൽ വാളൻപുളി ഉൾപ്പെടെയുള്ളവ വച്ചുപിടിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത്തരം ഘട്ടങ്ങളിൽ ദുരന്ത നിവാരണ അധികാരമുപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കാലോചിതമായ പരിഷ്കാരം ഈ കാര്യത്തിൽ ആവശ്യമാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവത്തിൽ ആലോചിച്ചുവരികയാണ്.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു[1])

1 അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.

(ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഉമ തോമസ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ പ്ലക്കാർഡുകളുമായിവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**11.04AM]**

**V സബ്മിഷൻ**

(ബഹുമാനപ്പെട്ട സ്പീക്കർ പ്രതിപക്ഷനേതാവിനെ സബ്മിഷൻ അവതരിപ്പിക്കുന്നതിനായി ക്ഷണിച്ചെങ്കിലും അദ്ദേഹം സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായില്ല.)

**1. വനഭൂമി പട്ടയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാൻ നടപടി**

**ശ്രീ. പി. എസ്. സുപാൽ:** സർ, 01-01-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറിയ കർഷകർക്കാണ് കേന്ദ്രസർക്കാരിന്റെ അനുമതിയോടെ പട്ടയം നൽകിവരുന്നത്. പല കാരണങ്ങൾകൊണ്ട് പട്ടയം ലഭിക്കാത്തവരെ

സംബന്ധിച്ച ഒരു വിവര ശേഖരണം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുൻകൈയെടുത്ത് കഴിഞ്ഞ മാർച്ച് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ മുഖാന്തരം നടത്തിയിരുന്നു. എന്നാൽ ഈ വിവരം യഥാസമയം അറിയാത്തതുമൂലവും തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലും മലയോര മേഖലയിൽ താമസിക്കുന്നവരുൾപ്പെടെ പലർക്കും അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ല. അത്തരത്തിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക് ഒരു അവസരം കൂടി നൽകാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ പുനലൂർ, പത്തനാപുരം താലൂക്കുകളിൽ 01-01-1977 മുതൽ വനഭൂമി കൈവശം വച്ചുവരുന്നതും 'ഭൂപതിവിന്' അർഹതപ്പെട്ടതുമായ 4552 അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള കേന്ദ്രാനുമതി ലഭിക്കുന്നതിനായി ഭൂമിയുടെ വിവരങ്ങൾ 'പരിവേഷ്' പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതും നാളിതുവരെ കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതുമാണ്. ഈ വിഷയത്തിൽ ഉൾപ്പെടെ സംസ്ഥാനത്തെ പതിവിന് അർഹമായ വനഭൂമി പട്ടയ അപേക്ഷകളിൽ

തീർപ്പ് കൽപ്പിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഒരു പ്രധാന പ്രശ്നമാണ്. അപേക്ഷാ തീയതി ജൂലൈ 30-വരെ നീട്ടാവുന്നതാണ്. അദ്ദേഹം ഉന്നയിച്ചതുപോലെ കൊല്ലം ജില്ലയിലെ വനഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കൈവശ രേഖകൾ സ്കാൻ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കാൻ 2,36,400 രൂപ ചെലവ് വരുമെന്ന് അറിയിച്ചിട്ടുണ്ട്, ആ ഫണ്ട് പട്ടയ മിഷനിൽനിന്നും ഉൾപ്പെടുത്താവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## 2. ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ഐ.ടി.ഐ ആണ് ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ. 02-09-2013 മുതൽ "പെരുന്ന ഗവൺമെന്റ് എൽ.പി.എസ്" കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

+ അനുബന്ധംV ആയി ചേർത്തിട്ടുണ്ട്.

'ഡ്രാഫ്റ്റ്സ്മാൻ', 'സിവിൽ', 'കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്', 'സ്കിൽ ആൻഡ് കെയർ' എന്നീ ട്രേഡുകൾ അനുവദിച്ചു. മതിയായ കെട്ടിട സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് 'സ്കിൽ ആൻഡ് കെയർ ' ട്രേഡ് ആരംഭിക്കുവാനും 'കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്' കോഴ്സിന് അംഗീകാരം നേടാനും സാധിക്കുന്നില്ല. ട്രേഡുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള ലാബ് സംവിധാനങ്ങൾ, ലൈബ്രറി റൂം, അമിനിറ്റീസ് സെന്റർ, ആവശ്യമായ ശുചിമുറികൾ എന്നിവയൊന്നുംതന്നെ അവിടെയില്ല. നിലവിൽ ആകെയുള്ള രണ്ട് കോഴ്സുകളിലായി 96 വിദ്യാർത്ഥിനികൾ പഠിക്കുന്നുണ്ട്. ഒരു ക്ലാസ് റൂം മാത്രം ഉപയോഗിച്ചുകൊണ്ടാണ് കഴിഞ്ഞ പത്ത് വർഷമായി ഐ.ടി.ഐ പ്രവർത്തിക്കുന്നത്. സ്ഥലസൗകര്യമില്ലാത്തതുമൂലം ഈ ഐ.ടി.ഐ.യിൽ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. ചങ്ങനാശ്ശേരി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഈ ഐ.ടി.ഐ.-ക്ക് നഗരസഭാ അധികൃതർ അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം 1 ഏക്കർ 7 സെന്റ് സ്ഥലം ഐ.ടി.ഐ.-ക്ക്

അനുവദിക്കുന്നതിനായി നഗരസഭ പ്രമേയം പാസാക്കുകയും ആയത് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം കമ്മിറ്റി തീരുമാനം, സ്ഥലത്തിന്റെ റവന്യൂ രേഖകൾ, ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടില്ലെന്ന് കാണിച്ചുകൊണ്ട് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ജോബ് മൈക്കിൾ, Come to the point.......പ്ലീസ്..... പ്ലീസ്, സബ്മിഷന് അനുവദിക്കുന്നത് ഒരു മിനിറ്റാണ്, ഇത് എത്ര സമയമാണ് എടുക്കുന്നത്...

ശ്രീ. ജോബ് മൈക്കിൾ: സർ, പ്രസ്തുത ഭൂമി അടിയന്തരമായി കൈമാറുന്നതിനും കൈമാറ്റത്തിന് കാലതാമസം നേരിടുകയാണെങ്കിൽ ഭൂമിയുടെ അഡ്വാൻസ് പൊസഷൻ എടുക്കുവാനുള്ള അനുവാദം നൽകണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ, ശ്രീ. കെ. ജെ. മാക്സി, ശ്രീ. കെ. വി. സുമേഷ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷൻ അവതരിപ്പിച്ചതായി കണക്കാക്കുന്നു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിമാർക്ക് മറുപടി മേശപ്പുറത്ത് വയ്ക്കാവുന്നതാണ്+.

(നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ മറ്റ് സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

11.08AM]

**VI റിപ്പോർട്ട് സമർപ്പണം**

1. 2024 -ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2024-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023 ഏപ്രിൽ 1 മുതൽ

2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

5. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. സണ്ണി ജോസഫിനുവേണ്ടി (ഡോ. കെ. ടി. ജലീൽ): സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സനുവേണ്ടി സമിതിയംഗമായ ഞാൻ

സമിതിയുടെ 2023-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് അറുപത്തിമൂന്നാമത് റിപ്പോർട്ടായി സമർപ്പിക്കുന്നു.

6. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. മുരളി പെരുനെല്ലി: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2023-24-ലെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

7. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

8. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീമതി യു. പ്രതിഭ: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

9. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. കെ. പി. എ. മജീദിനുവേണ്ടി ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സനുവേണ്ടി സമിതിയംഗമായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

10. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**11.12AM]**

**VII ധനകാര്യം**

2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXVII – സഹകരണം

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം

ധനാഭ്യർത്ഥന നമ്പർ XXXIX – വൈദ്യുത പദ്ധതികൾ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2024-2025 | | | | |
|---|---|---|---|---|---|---|
| | | 15.02.2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 147,46,65,000 | 289,43,67,000 | 294,93,32,000 | 578,87,33,000 | 873,80,65,000 |
| XXVII | സഹകരണം | 154,60,99,000 | 28,95,33,000 | 309,21,98,000 | 57,90,67,000 | 367,12,65,000 |
| XXXVIII | ജലസേചനം | 148,09,77,000 | 140,92,96,000 | 296,19,52,000 | 281,85,91,000 | 578,05,43,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 31,73,55,000 | 6,60,00,000 | 63,47,11,000 | 13,20,00,000 | 76,67,11,000 |
| XL | തുറമുഖങ്ങൾ | 24,36,83,000 | 21,73,00,000 | 48,73,68,000 | 43,46,00,000 | 92,19,68,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(ചർച്ചയില്ല)

**ധനാഭ്യർത്ഥന നമ്പർ – XX**

**ശുദ്ധജലവിതരണവും ശുചീകരണവും**

<u>മി. സ്പീക്കർ</u>: ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXVII**

**സഹകരണം**

<u>മി. സ്പീക്കർ</u>: സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള

തുക 2024-2025 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

**അനുകൂലിക്കുന്നവർ......**

**പ്രതികൂലിക്കുന്നവർ.....**

**ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

**ധനാഭ്യർത്ഥന നമ്പർ XXXVIII**

**ജലസേചനം**

മി. സ്പീക്കർ: ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

**അനുകൂലിക്കുന്നവർ......**

**പ്രതികൂലിക്കുന്നവർ......**

**ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

**ധനാഭ്യർത്ഥന നമ്പർ XXXIX**

**വൈദ്യുത പദ്ധതികൾ**

മി. സ്പീക്കർ: വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XL**

**തുറമുഖങ്ങൾ**

മി. സ്പീക്കർ: തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-2025

സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 05-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.16-ന് പിരിഞ്ഞു.)

*********

**അനുബന്ധം**

I ചോദ്യം നമ്പർ (*394)-ലെ 'ഡി' പിരിവിന്റെ വിശദമായ മറുപടി

**KRFB ROADS**

| Sl.No. | Name of Roads | Length (m) |
|---|---|---|
| 1 | VJT Hall Fly over road | 210 |
| 2 | Spencer - Gashouse junction | 238 |
| 3 | Thycadu house - Keezhethampanoor road | 595 |
| 4 | Killippalam to Attakulangara | 1166 |
| 5 | Statue - Geenral Hospital road | 444 |
| 6 | Norka - Gandhibhavan road | 502 |
| 7 | General Hospital – Vanchiyoor road | 705 |
| 8 | Overbridge – Uppidamoodu Junction | 731 |
| 9 | Althara to Chenthitta | 3030 |
| 10 | Forest Office to Bakery junction road | 585 |
| Total | | 8206 |

II രേഖാമൂലം നൽകിയ ഉത്തരങ്ങൾ

**(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ലേബർ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

5(*395) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന ലേബർ ക്യാമ്പുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമ്പുകളിൽ ഉൾക്കൊള്ളാവുന്നതിലധികം പേരെ പാർപ്പിച്ചിരിക്കുന്നതായും മതിയായ ശുചിമുറി സൗകര്യമില്ലെന്നും കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്. സംസ്ഥാന വ്യാപകമായി അതിഥി തൊഴിലാളി ക്യാമ്പുകളിലും നിർമ്മാണ സ്ഥലങ്ങളിലും നടക്കുന്ന പരിശോധനകളിൽ അതിഥി തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരിശോധിക്കുകയും ശോചനീയമായ താമസ സൗകര്യങ്ങളിൽ താമസിക്കുന്ന അതിഥി തൊഴിലാളികളെ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുനൽകുന്ന ഇടങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന്

തൊഴിലുടമകൾക്ക് നിർദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കുറവ് കണ്ടെത്തുന്ന ഇടങ്ങളിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് പരിശോധനാ ഉത്തരവ് ഉൾപ്പെടെ നൽകുകയും ചെയ്തുവരുന്നു.

(സി) പ്രസ്തുത ക്യാമ്പുകളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇതര സംസ്ഥാന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ ശക്തമാക്കുന്നുണ്ട്. അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താനായി എൻഫോഴ്സ്മെന്റ് വിഭാഗം ക്യാമ്പ് വിസിറ്റ് നടത്തുകയും തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസ സൗകര്യങ്ങൾ പരിശോധിക്കുകയും ചെയ്തുവരുന്നു.

**സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നടപടി**

6(*396) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സാഹസിക വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന നടപ്പാക്കിവരുന്നു.

സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വിവിധ സാഹസിക ടൂറിസം പദ്ധതികൾ ആരംഭിച്ചു. ഇടുക്കി ജില്ലയിലെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ ഗ്ലാസ് ബ്രിഡ്ജിന് തുടക്കമിട്ടു. ആർച്ചറി, റൈഫിൾ ഷൂട്ടിങ്, ഹൈറോപ്പ് ആക്ടിവിറ്റീസ്, എ.ടി.വി. തുടങ്ങിയ ആക്ടിവിറ്റികൾ

നടന്നുവരുന്നു. പാരാഗ്ലൈഡിങ്, കയാക്കിങ് തുടങ്ങിയ ആക്റ്റിവിറ്റികളും ഇടുക്കി ഡി.റ്റി.പി.സി.-യുമായി സഹകരിച്ച് നടന്നുവരുന്നു.

കോഴിക്കോട് പുലിക്കയത്ത് വൈറ്റ് വാട്ടർ കയാക്കിങ് പരിശീലനത്തിനുവേണ്ടി അന്താരാഷ്ട്ര കയാക്കിങ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിലെ ആക്കുളം ടൂറിസം വില്ലേജിൽ അഡ്വഞ്ചർ പാർക്ക് ആരംഭിച്ചു. ബേപ്പൂർ ഗോദീശ്വരത്ത് സാഹസിക വിനോദ സഞ്ചാരത്തിന്റേയും ഉത്തരവാദിത്ത ടൂറിസം മിഷന്റേയും നേതൃത്വത്തിൽ സർഫിങ് അക്കാദമി സ്ഥാപിച്ചു. കേരളത്തിലെ ട്രക്കിങ്, ഹൈക്കിങ് റൂട്ടുകൾ കണ്ടെത്തി മാപ്പ് ചെയ്യാനുള്ള പദ്ധതി ആരംഭിച്ചു. മൂന്നാർ ലക്ഷ്മി എസ്റ്റേറ്റിലേയും ഇടുക്കി ജില്ലയിലെ ആനമുടി ഹൈക്കുകളിലേയും രണ്ട് ഭൂപടങ്ങൾ KATPS തയ്യാറാക്കി. സംസ്ഥാനത്തെ 7 ജില്ലകളിൽ ഫ്ലോട്ടിങ് ബ്രിഡ്ജ് പദ്ധതി നടപ്പാക്കി. സംസ്ഥാനത്ത് വിവിധ ഡി.റ്റി.പി.സി.-കളും ടൂറിസം വകുപ്പിന്റെ സ്ഥാപനങ്ങളും നേതൃത്വം നൽകി സാഹസിക ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നു. അതോടൊപ്പം കേരളത്തിൽ അഡ്വഞ്ചർ ടൂറിസം

രജിസ്റ്റർ ചെയ്ത 60 യൂണിറ്റുകളും സ്വകാര്യ ഏജൻസികൾ നടത്തുന്ന 200-ൽപരം യൂണിറ്റുകളും പ്രവർത്തിക്കുന്നു.

സാഹസിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിനും കേരളം സാഹസിക വിനോദങ്ങൾക്കും അനുയോജ്യമായ സ്ഥലമാണെന്ന് ലോകത്തെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ വിദേശസഞ്ചാരികളെയും ഇതര സംസ്ഥാന സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വകുപ്പ് ചുവടെ ചേർക്കുന്ന അന്തർദേശീയ നിലവാരത്തിലുള്ള സാഹസിക ഫെസ്റ്റിവലുകൾ കേരളത്തിലെ വിവിധ ഇടങ്ങളിലായി സംഘടിപ്പിച്ചുവരുന്നു.

1. മലബാർ റിവർ ഫെസ്റ്റിവൽ (അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പ്) തുഷാരഗിരി, കോഴിക്കോട്
2. അന്തർദേശീയ പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ, വാഗമൺ, ഇടുക്കി
3. അന്തർദേശീയ സർഫിങ് ഫെസ്റ്റിവൽ, വർക്കല, തിരുവനന്തപുരം
4. MTB Kerala (അന്താരാഷ്ട്ര മൗണ്ടൻ ബൈക്ക് ചാമ്പ്യൻഷിപ്), വയനാട്

5. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, കോഴിക്കോട്

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ സാഹസിക ടൂറിസം പരിശീലന കേന്ദ്രം ആരംഭിക്കുന്നത് പരിശോധനയിലാണ്.

(ബി) സംസ്ഥാനത്തെ ഏതെല്ലാം സാഹസിക വിനോദ സഞ്ചാര കേന്ദ്രങ്ങളെയാണ് ദേശീയ, അന്തർദേശീയ നിലവാരമുള്ളതാക്കാൻ തിരഞ്ഞെടുത്തിരിക്കുന്നതെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ വർക്കലയെ അന്തർദേശീയ സർഫിങ് ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിന്റെ ആദ്യപടിയായി 2024 മാർച്ച് 29 മുതൽ 30 വരെ വർക്കലയിൽ അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. വിദേശികളടക്കം നിരവധി സഞ്ചാരികൾ ഈ ഫെസ്റ്റിവൽ കാണാൻ എത്തിച്ചേർന്നു. വർക്കലയിലെ സർഫിങ്ങിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ബീച്ചുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ

(SFI)-യുടെ സാങ്കേതിക സഹായത്തോടെ കുട്ടികൾക്ക് സർഫിങ് പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു.

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ നടക്കുന്നത് കോഴിക്കോട് ജില്ലയിലെ പുലിക്കയത്താണ്. പുലിക്കയത്ത് വൈറ്റ് വാട്ടർ കയാക്കിങ് പരിശീലനത്തിനായി അന്താരാഷ്ട്ര കയാക്കിങ് സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കി അതിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ വർഷം ജൂലൈ 7 മുതൽ വൈറ്റ് വാട്ടർ കയാക്കിങ്, വൈറ്റ് വാട്ടർ റാഫ്റ്റിങ് തുടങ്ങിയ സാഹസിക ഇനങ്ങളുടെ പരിശീലനവും ഇവിടെ ആരംഭിക്കും. കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴയും ചാലിപ്പുഴയും അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് മത്സരത്തിനും പരിശീലനത്തിനുമുള്ള വേദികളായി മാറും.

ബേപ്പൂർ ഗോദീശ്വരം ബീച്ചിൽ സർഫിങ് അക്കാദമി ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ബീച്ച് ടൂറിസത്തിനോടൊപ്പം ബീച്ച് സാഹസിക ടൂറിസം പദ്ധതികളും നടപ്പാക്കിവരുന്നു.

ഇടുക്കി ജില്ലയിലെ വാഗമണിനെ കേരളത്തിലെ സാഹസിക ടൂറിസം ഹബ്ബാക്കി മാറ്റാനുള്ള നടപടികൾ നടന്നുവരുന്നു. നിലവിൽ ലോകത്തിലെ മികച്ച ടോപ്പ് ലാൻഡിങ് പാരാഗ്ലൈഡിങ് ഡെസ്റ്റിനേഷനാണ് വാഗമൺ. അതുപോലെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ വിവിധങ്ങളായ സാഹസിക ആക്റ്റിവിറ്റികൾ നടന്നുവരുന്നു.

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സാഹസിക ടൂറിസം പരിപോഷിപ്പിക്കുന്നതിനോടൊപ്പംതന്നെ വകുപ്പ് പ്രഥമ പരിഗണന നൽകുന്നത് ആ മേഖലയിൽ മെച്ചപ്പെട്ട സൗകര്യവും ഗുണനിലവാരവുമുള്ള ഉപകരണങ്ങളും ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നതിനാണ്.

കേരളത്തിലെ സാഹസിക ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി “Adventure Tourism Safety and Security Guidelines” അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ കൂടുതൽ പ്രചാരത്തിലുള്ള 30 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾക്കൊള്ളിച്ചാണ് മേൽ റെഗുലേഷൻസ്

പുറത്തിറക്കിയിട്ടുള്ളത്. ഇതിനുപുറമെയുള്ള മറ്റ് സാഹസിക ടൂറിസം ആക്റ്റിവിറ്റികൾക്കായി പൊതുവായ സുരക്ഷാ മാർഗനിർദേശങ്ങളും റെഗുലേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ 26-07-2021-ലെ സ.ഉ.(കൈ)നം.13/2021/ടൂറിസം നമ്പർ ഉത്തരവ് പ്രകാരം കേരള അഡ്വഞ്ചർ & ആക്റ്റിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യ്യൂരിറ്റിയുമായി ബന്ധപ്പെട്ട് ക്യാമ്പിങിന് പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സർക്കാർ ഉത്തരവുകളിലെ നിർദേശപ്രകാരം സാഹസിക വിനോദ പരിപാടികൾ ചിട്ടയായും അപകടരഹിതമായും നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട ഏജൻസികൾക്കും നൽകിയിട്ടുണ്ട്.

ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിങ് ബ്രിഡ്ജ് എന്നിവയുടെ സാങ്കേതിക പരിശോധന എൻ.ഐ.ടി. മുഖാന്തരം നടപ്പാക്കണമെന്ന് നിർദേശം നൽകിയിരുന്നു.

കാലാകാലങ്ങളിലുണ്ടാകുന്ന കാലാവസ്ഥ മുന്നറിയിപ്പുകൾ പരിശോധിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തിക്കൊണ്ട് സാഹസിക ടൂറിസം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവക്കുന്നതിനും നിർദേശം നൽകിവരുന്നു.

അടിയന്തര സാഹചര്യങ്ങളിൽ കോസ്റ്റൽ പോലീസ്, ഫയർ, ആരോഗ്യം വകുപ്പുകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

**പ്ലസ് വൺ കോഴ്സിന്റെ കമ്മ്യൂണിറ്റി സീറ്റുകളിലേക്കുള്ള പ്രവേശനം**

7(*397) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ കോഴ്സിനുള്ള മെറിറ്റ് സീറ്റ് അലോട്ട്മെന്റ് കഴിയുന്നതിനുമുമ്പ് കമ്മ്യൂണിറ്റി സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം മെറിറ്റ് ക്വാട്ടയോടൊപ്പം നടത്തിവരുന്നു. അതത് സമുദായത്തിൽപ്പെട്ട അപേക്ഷകരിൽനിന്ന് മെറിറ്റ് അടിസ്ഥാനത്തിലാണ് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടത്തുന്നത്. 2024-25 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി പ്രവേശനത്തിന് 08-05-2024-ലെ സ.ഉ.(കൈ) നം.3015/2024/പൊ.വി.വ. പ്രകാരം അംഗീകരിച്ച പ്രോസ്പെക്ടസിലെ ഷെഡ്യൂൾ അനുസരിച്ചാണ് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം നടന്നുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശന നടപടികൾ 02-06-2024-ന് ആരംഭിച്ച് 01-07-2024-ന് അവസാനിക്കുന്ന തരത്തിലാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. മുൻകാലങ്ങളിലെന്നപോലെ മെറിറ്റ് ക്വാട്ടയുടെ രണ്ടാം അലോട്ട്മെന്റിനോടൊപ്പം 12-06-2024 മുതലാണ് കമ്മ്യൂണിറ്റി ക്വാട്ടയിലെ പ്രവേശനം ആരംഭിച്ചത് (01-07-2024-ന് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം പൂർത്തീകരിച്ചശേഷം ഒഴിഞ്ഞുകിടക്കുന്ന

സീറ്റുകൾ പൊതു മെറിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് സപ്ലിമെന്ററി അലോട്ട്മെന്റിനായുള്ള ഒഴിവിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്).

(ബി) കമ്മ്യൂണിറ്റി സീറ്റുകളിലേക്ക് പ്രവേശനം ലഭിച്ച വിദ്യാർഥികൾക്ക് പ്രസ്തുത നടപടിമൂലം മറ്റ് സ്കൂളുകളിലേക്ക് മാറാൻ അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട് എന്നത് വസ്തുതയാണോ?

ഒരു വിദ്യാർഥിക്ക് മെറിറ്റ് ക്വാട്ടയിലും കമ്മ്യൂണിറ്റി ക്വാട്ടയിലും പ്രവേശനം ലഭിച്ചാൽ വിദ്യാർഥിക്ക് ഇഷ്ടമുള്ള പ്രവേശനം തിരഞ്ഞെടുക്കാം. ഒരു വിദ്യാർഥിക്ക് രണ്ട് ക്വാട്ടയിലുംകൂടി പ്രവേശനം നേടാൻ കഴിയില്ല. ഏതെങ്കിലും ഒന്നിൽ മാത്രമേ പ്രവേശനം നേടാൻ കഴിയുകയുള്ളൂ. അതിനാൽ അവസരം നിഷേധിക്കപ്പെടുന്നില്ല മറിച്ച് മറ്റൊരു വിദ്യാർഥിക്കുകൂടി അവസരം ലഭിക്കുകയാണ് ചെയ്യുന്നത്.

(സി) എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ്

8(*398) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ കോഴ്സിലേക്കുള്ള മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും മലബാർ മേഖലയിൽ പതിനായിരത്തിലധികം പ്ലസ് വൺ സീറ്റുകളുടെ കുറവുണ്ട് എന്നത് പരിശോധിച്ചിട്ടുണ്ടോ?

പ്ലസ് വൺ കോഴ്സിലേക്കുള്ള മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ 3 ജില്ലകളിൽ മാത്രമാണ് സീറ്റുകൾ കുറവുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ. പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത് പ്രകാരമാണ് ഈ വർഷം അലോട്ട്മെന്റുകൾ ആരംഭിച്ചത്.

(സി) ഈ സാഹചര്യം പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കാൻ മലപ്പുറത്ത് താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നതിനും ഇതിനെക്കുറിച്ച് പഠിക്കാൻ ഹയർ സെക്കൻഡറി വിഭാഗം ജോയിന്റ് ഡയറക്ടർ (അക്കാദമിക്)-ഉം മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറും അടങ്ങിയ 2 അംഗ സമിതിയെ

നിയോഗിക്കാനും തീരുമാനമായിട്ടുണ്ട്. പ്രസ്തുത സമിതിയോട് 2024 ജൂലൈ 5-നകം റിപ്പോർട്ട് നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഡെസ്റ്റിനേഷൻ ചലഞ്ച്**

9(*399) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ചിന്റെ ഭാഗമായി പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് വികസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കുമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും

നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയിൻകീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60 ശതമാനം (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കിതുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിനായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുകൂടി വിനിയോഗിക്കുന്നുണ്ട്.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ നാളിതുവരെ ലഭിച്ച 156 അപേക്ഷകളിൽ 39 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇത്തരം വലിയ പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നത് പരിശോധനയിലാണ്.

**അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ പദ്ധതി**

10(*400) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) അതിദരിദ്രരായ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഓരോരോ വകുപ്പുകളും കൈക്കൊള്ളേണ്ടുന്ന നടപടികളെക്കുറിച്ച് ആലോചിക്കുകയും അതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിന് പട്ടയം മിഷനിൽ മുൻഗണന നൽകാൻ നിർദേശിച്ചിരുന്നു. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ സംസ്ഥാനത്തെ 5545 അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് അതിൽ ഭൂമി ലഭിച്ചാൽ വീട് വയ്ക്കാൻ അനുയോജ്യരായവർക്ക് (ഇൻസ്റ്റിറ്റ്യൂഷണൽ കെയർ ആവശ്യമായവർ ഒഴികെ) ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിന് പട്ടയം മിഷന്റെ കീഴിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകിയിരുന്നു. ഇടുക്കി ജില്ലയിൽ കണ്ടെത്തിയ

അതിദരിദ്ര കുടുംബങ്ങളിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി അനുവദിച്ചു. പ്രസ്തുത ലിസ്റ്റ് പ്രകാരം ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (1) ആയി ചേർക്കുന്നു.+

(ബി) എങ്കിൽ അവർക്ക് വിതരണം ചെയ്യുന്നതിന് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ കളക്ടർമാരും അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നതും ഭൂമി ഇല്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നതുമാണ്. ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തിവരുന്നു. ഇത്തരത്തിലുള്ള പരിശ്രമത്തിന്റെ ഫലമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 197 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| ക്രമ നം. | ജില്ല | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | കൊല്ലം | 19 |
| 2. | ഇടുക്കി | 134 |
| 3. | കണ്ണൂർ | 1 |
| 4. | കാസർഗോഡ് | 43 |
| | **ആകെ** | **197** |

മറ്റ് ജില്ലകളിലെ പുരോഗതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**തിരുവനന്തപുരം**

കാട്ടാക്കട താലൂക്കിൽ 16 അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി. ചിറയിൻകീഴ് താലൂക്കിൽ പഴയകുന്നുമ്മേൽ വില്ലേജിലും ഭൂമി കണ്ടെത്തിയിട്ടുണ്ട്. കാട്ടാക്കട താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ ഒരു കുടുംബത്തിന് പട്ടയം നൽകുന്നതിന് TLAC അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കി കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**കൊല്ലം**

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അതിദരിദ്രുടെ ലിസ്റ്റിൽപ്പെട്ട 38 പേരിൽ അർഹരാണെന്ന് കണ്ടെത്തിയ എല്ലാവർക്കും (19 പേർക്ക്) വിതരണം ചെയ്യാൻ ഭൂമി കണ്ടെത്തിയിട്ടുള്ളതും (ഇടമുളയ്ക്കൽ വില്ലേജിൽ) 22-02-2024-ൽ നടന്ന പട്ടയമേളയിൽ പട്ടയ വിതരണം നടത്തിയിട്ടുള്ളതുമാണ്. മറ്റ് താലൂക്കുകളിൽ വിതരണത്തിന് ഭൂമി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

**ആലപ്പുഴ**

ആലപ്പുഴ ജില്ലയിൽ അതിദരിദ്ര വിഭാഗത്തിൽ ഉൾപ്പെടുന്ന 342 പേരുടെ വിവരശേഖരണത്തിനായി വിവിധ താലൂക്കുകളിൽ നൽകുകയും ടി ലിസ്റ്റിൽ ഉൾപ്പെടുന്ന 57 ഗുണഭോക്താക്കൾ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

**കോട്ടയം**

ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്ന നടപടി വില്ലേജ് ജനകീയ സമിതിയിൽ ചർച്ച ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ

ഇത്തരത്തിൽ ഭൂമി ആവശ്യമായുള്ളവരുടെ വിവരശേഖരണം വില്ലേജ് തലത്തിൽ നടത്തിവരുന്നതുമാണ്.

**പത്തനംതിട്ട**

ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിന് പട്ടയം മിഷനിൽ മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുള്ളതും ടി ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്ന നടപടി വില്ലേജ് ജനകീയ സമിതിയിൽ ചർച്ച ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഭൂമി ആവശ്യമായുള്ളവരുടെ വിവരശേഖരണം വില്ലേജ് തലത്തിൽ നടത്തിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ ഭൂമി ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുന്നതിന് ഭൂമി കണ്ടെത്തുന്നതിലേക്ക് എല്ലാ സബ് ഓഫീസുകളിലേക്കും നിർദേശം നൽകിയിട്ടുണ്ട്.

**എറണാകുളം**

സർക്കാരിൽനിന്നും നൽകിയ അതിദരിദ്ര കുടുംബങ്ങളുടെ പട്ടിക പ്രകാരമുള്ള ആളുകളിൽ അർഹരായവരെ കണ്ടെത്തിയിട്ടുള്ളതാണ്. തുടർന്ന്

ടിയാളുകൾക്ക് പതിച്ചുനൽകുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വില്ലേജുകളിൽ പരിശോധന നടത്തിവരുന്നു.

**തൃശ്ശൂർ**

അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് വില്ലേജ് ജനകീയ സമിതിയുടെ പരിഗണനയ്ക്കുവച്ച് ആ വില്ലേജിലോ തൊട്ടടുത്ത വില്ലേജിലോ ഭൂമി കണ്ടത്തുന്നതിന് തഹസിൽദാർമാർ മുഖേന നടപടി സ്വീകരിച്ചിരുന്നതും ആയതുപ്രകാരം ചാലക്കുടി താലൂക്ക് മേലൂർ വില്ലേജിൽ സർവെ 158-ൽ 0.0121 ഹെക്ടർ ഭൂമിയുള്ളതായി ചാലക്കുടി തഹസിൽദാരും മറ്റ് താലൂക്കുകളിൽ ഭൂമിയില്ലെന്ന് ബന്ധപ്പെട്ട തഹസിൽദാർമാരും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**ഇടുക്കി**

ഇടുക്കി ജില്ലയിൽ 271 അതിദരിദ്ര കുടുംബങ്ങളുള്ളതിൽ 134 കുടുംബങ്ങളെയാണ് ഭൂരഹിതരും എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ കെയർ ആവശ്യമില്ലാത്തതുമായി കണ്ടെത്തിയത്. അവർക്ക് പൂർണ്ണമായും ഭൂമി കണ്ടെത്തി 22-02-2024-ൽ നടന്ന സംസ്ഥാന പട്ടയമേളയുടെ ഭാഗമായി പട്ടയം വിതരണ നടത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

**പാലക്കാട്**

ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിനായി ആലത്തൂർ താലൂക്കിൽ കണ്ണമ്പ്ര-2 വില്ലേജിൽ ബ്ലോക്ക് 34 റീസർവെ നമ്പർ 470/3-ൽ 0.0640 ഹെക്ടർ ഭൂമി തേൻകുറിശ്ശി-2 വില്ലേജിൽ ബ്ലോക്ക് നമ്പർ 19 റീസർവെ നമ്പർ 327/3-ൽ 0.2634 ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ചിറ്റൂർ താലൂക്കിൽ വടകരപ്പതി വില്ലേജിൽ അഹല്യ ഫൗണ്ടേഷനുകീഴിലുള്ള ഏകദേശം 3 ഏക്കറോളം വരുന്ന ഭൂമി 110 അതിദരിദ്ര കുടുംബങ്ങൾക്ക് പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് താലൂക്കുകളിൽ ഭൂമിയുടെ ലഭ്യത സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**മലപ്പുറം**

അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ മലപ്പുറം ജില്ലയിലെ എല്ലാ തഹസിൽദാർമാർക്കും നിർദേശം നൽകിയിട്ടുള്ളതാണ്. അതിദരിദ്ര കുടുംബങ്ങളുടെ പട്ടിക വില്ലേജ്തല ജനകീയ സമിതിയിൽ പരിഗണനയ്ക്കുവച്ച് ഭൂമി കണ്ടെത്തി നൽകുന്ന പ്രക്രിയ

വേഗത്തിലാക്കാനും നിർദേശം നൽകിയിട്ടുണ്ട്. പതിവിന് അനുയോജ്യമായ ഭൂമികൾ കണ്ടെത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**വയനാട്**

അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ മുഴുവൻ വില്ലേജ്, താലൂക്ക് ഓഫീസർമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ 06-10-2023-ൽ ഒരു യോഗം ചേരുകയും ടി വിഷയവുമായി ബന്ധപ്പെട്ട് നടപടി വേഗത്തിലാക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ഉദ്യോഗസ്ഥരുടെ സംശയങ്ങൾ ദൂരീകരിച്ച് നൽകുകയും ചെയ്തിരുന്നു. ആയതിനുശേഷം വില്ലേജ് തലത്തിൽനിന്നും നൽകിയ വിവരങ്ങൾ ക്രോഡീകരിച്ച് പൂർണ്ണമായ റിപ്പോർട്ട് നൽകാൻ തഹസിൽദാർമാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കോഴിക്കോട്**

ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്ന നടപടി വില്ലേജ് ജനകീയ സമിതിയിൽ ചർച്ച ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഭൂമി ആവശ്യമായുള്ളവരുടെ വിവരശേഖരണം വില്ലേജ് തലത്തിൽ നടത്തിവരുന്നതുമാണ്.

**കണ്ണൂർ**

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരായ ഒരാൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകിയിട്ടുണ്ട്. മറ്റുള്ളവർക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ്**

കാസർഗോഡ് ജില്ലയിൽ അതിദരിദ്രരുടെ ലിസ്റ്റിൽ പട്ടയം ലഭിക്കാത്ത 252 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. അതിൽ ഭൂരഹിതരായവർ 117 ആണ്. ആയതിൽ 77 പേർക്ക് ഭൂമി കണ്ടെത്തിയിട്ടുള്ളതും 43 പേർക്ക് 22-02-2024-ലെ പട്ടയമേളയിൽ പട്ടയം നൽകിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന കേസുകളിൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതെങ്കിലും ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അതിദരിദ്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുന്നതിന് ഈ ദൗത്യം പട്ടയ മിഷനിൽ ഉൾപ്പെടുത്തി മുൻഗണന നൽകിയതിന്റെ ഫലമായി നാളിതുവരെയായി 197 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 271 അതിദരിദ്ര കുടുംബങ്ങളുള്ളതിൽ 134 കുടുംബങ്ങളെയാണ് ഭൂരഹിതരും എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ കെയർ ആവശ്യമില്ലാത്തവരായി കണ്ടെത്തിയത്. അവർക്ക് പൂർണ്ണമായും ഭൂമി കണ്ടെത്തി 22-02-2024-ൽ നടന്ന സംസ്ഥാന പട്ടയമേളയുടെ ഭാഗമായി പട്ടയം വിതരണം നടത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മറ്റ് ജില്ലകളിൽ നടപടി പുരോഗമിച്ചുവരുന്നുണ്ട്.

(ഡി) ഈ സർക്കാർ ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കിയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശ ഭൂമി ഉൾപ്പെടെ 1,53,103 പട്ടയങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.+

**ജിയോ സെൽ ടാറിംഗ്**

11(*401) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ സാഹചര്യത്തിൽ ദീർഘകാലം ഈട് നിൽക്കുന്നതും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതുമായ നൂതന സാങ്കേതികവിദ്യകൾ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. കേരളം കാലാവസ്ഥ വ്യതിയാനത്തെ അഭിമുഖീകരിക്കുന്നതിനാൽ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് രൂപകല്പന കാലഘട്ടത്തിന്റെ ആവശ്യമാണ്. താപനില

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യതിയാനമനുസരിച്ച് ഡിസൈൻ ചെയ്യുന്ന സുപ്പീരിയർ പെർഫോമിങ് അസ്ഫാൽട്ട് റോഡുകൾ സൂപ്പർപേവ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള പഠനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമെൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി പതിവായിട്ടുണ്ടാകുന്ന മഴമൂലം കേരളത്തിലെ റോഡുകൾ തകരുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുന്നതിനും അതിനുള്ള പ്രതിവിധികൾ നിർദേശിക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണം നടന്നുവരികയാണ്. മെച്ചപ്പെട്ട റോഡ് നിർമ്മാണരീതികൾ കണ്ടെത്താൻ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ഹോട്ട് മിക്സ് അസ്ഫാൽട്ടിന്റെ ഈർപ്പ സംവേദന ക്ഷമതയെക്കുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായി. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലുകളുടെ

(aggregate) അമിത അസിഡിറ്റിയാണ് റോഡുകളുടെ തകരാറുകൾക്ക് ഒരു കാരണം എന്ന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തുകയും പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാംഘട്ടം പുരോഗമിക്കുകയാണ്. ക്വാറി മെറ്റീരിയലുകളുടെ ഉപയോഗം കുറച്ചുകൊണ്ടുള്ള നിർമ്മാണ രീതികൾ ആവിഷ്കരിക്കുന്നതിനുള്ള പഠന-ഗവേഷണങ്ങളും KHRI നടത്തിവരുന്നു.

(ബി) ജിയോ സെൽ സാങ്കേതികവിദ്യയിലൂടെ നിർമ്മിച്ച റോഡുകളുടെ ഈടും ഉറപ്പും ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജിയോ സെൽ/ജിയോ സിന്തെറ്റിക് സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള നിർമ്മാണത്തിന് ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC-SP 59:2019) മാനദണ്ഡങ്ങൾ നിലവിലുണ്ട്. നിരവധി ഗവേഷണങ്ങളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് ഇന്ത്യൻ റോഡ് കോൺഗ്രസ്

ഈ മാനദണ്ഡം നടപ്പാക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. അത് അനുസരിച്ചാണ് കേരളത്തിലും ഇത് ഉപയോഗപ്പെടുത്തുന്നത്.

(സി) അടിമണ്ണ് ഉറപ്പില്ലാത്ത തീരദേശ മേഖലയിലെ റോഡ് നിർമ്മാണത്തിൽ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

റോഡുകളുടെ നിർമ്മാണത്തിന് ഈ സാങ്കേതികവിദ്യ ഫലപ്രദമായി പൊതുമരാമത്ത് വകുപ്പ് ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നൽകിവരുന്നു.

**ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തിവരുന്ന സേവനങ്ങൾ**

12(*402) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നടത്തിവരുന്ന സേവനങ്ങൾ വിശദമാക്കുമോ?

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർ വ്യവസായശാലകൾ പരിശോധിച്ച് ഫാക്ടറീസ് ആക്റ്റ്, ബോയിലേഴ്സ് ആക്റ്റ്, കെമിക്കൽ ആക്സിഡന്റ് റൂൾ ഉൾപ്പെടെയുള്ള നിയമങ്ങൾ ഫാക്ടറി മാനേജ്മെന്റ് ഫാക്ടറികളിൽ നടപ്പിൽവരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നിയമലംഘകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൊഴിലാളികൾക്ക് തൊഴിൽ-ആരോഗ്യ പരിശീലന കേന്ദ്രമായ ഒക്യുപേഷണൽ ട്രെയിനിങ് ആൻഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് (OTI) വഴിയും സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന പരിശീലന വാഹനം ഉപയോഗിച്ചും മേഖലാ പരിശീലന കേന്ദ്രങ്ങൾ വഴിയും ഡി.ജി.യു.വി. ജർമ്മനി, അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) എന്നിവയുമായി സഹകരിച്ചുകൊണ്ടും ഇന്റർനാഷണൽ സേഫ്റ്റി കോൺക്ലേവ് ഉൾപ്പെടെ വിവിധ ആരോഗ്യ-

സുരക്ഷിതത്വ-അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. തൊഴിൽ-ആരോഗ്യ ഗവേഷണ കേന്ദ്രം (OHRC)-ന്റെ നേതൃത്വത്തിൽ കയർ, ക്രഷർ, കശുവണ്ടി, മത്സ്യസംസ്കരണം, പാക്കിങ്, ടെക്സ്റ്റൈൽ, തേയില ഫാക്ടറികൾ, സോൾവെന്റ് എക്സ്ട്രാക്ഷൻസ്, ഇലക്ട്രോണിക്സ്, ഇലക്ട്രോപ്ലേറ്റിങ് എന്നീ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യ പരിശോധന നടത്തി തൊഴിൽജന്യരോഗ നിർണ്ണയ സർവെയും ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ ഇൻഡസ്ട്രിയൽ ഹൈജീൻ സ്റ്റഡിയും നടത്തി തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽജന്യരോഗ സംശയ നിവാരണത്തിന് തൊഴിലാളികൾക്കുവേണ്ടി ടെലിമെഡിസിൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ സുരക്ഷിതത്വവും തൊഴിലാളികളുടെ ക്ഷേമവും പരിപാലിക്കപ്പെടുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കശുവണ്ടി ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഫാക്ടറീസ് ആക്റ്റ്, കേരള ഫാക്ടറീസ് റൂൾസ്, അൺ രജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്റ്റ് ഉൾപ്പെടെയുള്ള നിയമങ്ങൾ ഫാക്ടറി മാനേജ്മെന്റ് നടപ്പിൽവരുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും അല്ലാത്തപക്ഷം ഫാക്ടറി ഇൻസ്പെക്ടർമാർ മുഖേന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കശുവണ്ടി ഫാക്ടറിയുടെ കെട്ടിടനിർമ്മാണ പ്ലാനുകൾ അംഗീകരിക്കുന്ന സമയത്തുതന്നെ തൊഴിലാളികൾക്കാവശ്യമായ ഇരിപ്പിടം, തൊഴിൽസ്ഥലം, വെന്റിലേഷൻ സൗകര്യങ്ങൾ, കുടിവെള്ളം, മൂത്രപ്പുര, ക്രഷ്, വിശ്രമകേന്ദ്രം, കാന്റീൻ, വാഷിങ് സൗകര്യങ്ങൾ, ഫയർ ലേഔട്ട് എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കശുവണ്ടി തൊഴിലാളികളിൽ നടത്തിയ തൊഴിൽജന്യ രോഗനിർണ്ണയ സർവെയുടെ അടിസ്ഥാനത്തിൽ തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ട സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ക്രമീകരണങ്ങൾ നൽകുന്നുണ്ടെന്ന് പരിശോധന സമയത്ത് ഇൻസ്പെക്ടർമാർവഴി ഉറപ്പുവരുത്തുന്നു. അതോടൊപ്പം സുരക്ഷാരഥം എന്ന

സഞ്ചരിക്കുന്ന പരിശീലന വാഹനംവഴിയും മേഖല പരിശീലനകേന്ദ്രങ്ങൾവഴിയും കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി മാത്രമായി ആരോഗ്യ-സുരക്ഷിതത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി) പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. വകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയും ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നു.

(ഡി) ഫാക്ടറികളുടെ മികവ് പരിശോധിക്കാൻ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ നിലവിൽ സംവിധാനങ്ങളുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

## വാട്ടർ സ്ട്രീറ്റ് പദ്ധതി

13(*403) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ വാട്ടർ സ്ട്രീറ്റ് പദ്ധതി നടപ്പാക്കിവരുന്നുണ്ടോയെന്ന് അറിയിക്കുമോ; ഇത്തരം പദ്ധതികളുടെ സാധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ടോയെന്നും അതിന് അനുയോജ്യമായ എന്തെല്ലാം ഘടകങ്ങളാണ് സംസ്ഥാനത്തുള്ളതെന്നും വിശദമാക്കുമോ?

വിനോദസഞ്ചാര മേഖലയിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വാട്ടർ സ്ട്രീറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ.ഡബ്ല്യൂ.റ്റി.ഒ.-യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് പദ്ധതി. സസ്റ്റൈനബിൾ, ടാഞ്ചിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്നിക്, ടൂറിസം ഹബ്സ് എന്നതിന്റെ ചുരുക്കെഴുത്താണ് സ്ട്രീറ്റ്.

പദ്ധതിയുടെ ഭാഗമായി മറവന്തുരുത്ത് പഞ്ചായത്തിലെ വാട്ടർ സ്ട്രീറ്റ് 2022 ഏപ്രിൽ 28-ന് ഉദ്ഘാടനം ചെയ്തു. ജല സംരക്ഷണ പ്രവർത്തനത്തിലൂടെ അനുഭവവേദ്യ ടൂറിസം സാധ്യമാക്കുക എന്നതാണ് വാട്ടർ സ്ട്രീറ്റ് എന്ന പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യം. പ്രാദേശിക ശ്രദ്ധക്കുറവുമൂലം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറിയ ജലാശയ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടെ വൃത്തിയാക്കി സംരക്ഷിച്ച് അവിടങ്ങളിൽ തോണി യാത്രകൾ, ശിക്കാര യാത്രകൾ, കയാക്കിങ് പോലുള്ള സൗകര്യങ്ങൾ

ബഹുജനപങ്കാളിത്തത്തോടെ ഒരുക്കി ജലാശയങ്ങളുടെ തീരങ്ങൾ കൈയേറ്റത്തിന് വിധേയമാകാതെ തടഞ്ഞുകൊണ്ട് പൂച്ചെടികളും മറ്റും വച്ചുപിടിപ്പിച്ചും സംരക്ഷിച്ചും ജലത്തിലൂടെയുള്ള യാത്രകൾ ടൂറിസ്റ്റുകൾക്ക് ഒരുക്കിയും അതിനിടയിൽ പ്രാദേശിക ഭവനങ്ങളിലെത്തി ഓലമെടയലും തെങ്ങുകയറ്റവും തഴപ്പായ നെയ്ത്തും കള്ള് ചെത്ത്, മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, കാർഷിക പ്രവർത്തനങ്ങൾ എല്ലാം കണ്ടും അതിന്റെ ഭാഗമായും ടൂറിസ്റ്റുകളെ അനുഭവവേദ്യ ടൂറിസത്തിന്റെ ഭാഗമായി മാറ്റുക എന്നത് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യമാണ്. വീടുകളിൽപോയി തനത് രുചി വൈവിധ്യങ്ങൾ ആസ്വദിക്കാനുള്ള എത്നിക് ക്യൂസീൻ ഇതിന്റെ ഭാഗമായാണ്. ഈ പ്രവർത്തനങ്ങൾ മറവന്തുരുത്തിലും കടലുണ്ടിയിലും മാഞ്ചിറയിലും വലിയപറമ്പയിലും മികച്ച രീതിയിൽ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് വാട്ടർ സ്ട്രീറ്റ് പദ്ധതി നടപ്പാക്കിവരുന്നത്; വിശദാംശം നൽകുമോ?

വിനോദസഞ്ചാര മേഖലയിൽ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കുന്ന സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായി വാട്ടർ സ്ട്രീറ്റ്

പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. സ്ട്രീറ്റ് പദ്ധതി കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർകോട് ജില്ലയിലെ വലിയ പറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കിയത്. ഇതിൽ മറവന്തുരുത്ത്, വലിയപറമ്പ, മാഞ്ചിറ, കടലുണ്ടി എന്നീ പ്രദേശങ്ങളാണ് വാട്ടർ സ്ട്രീറ്റ് പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്.

**(സി) വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏത് പദ്ധതിക്കാണ് ഇത്തരത്തിൽ അന്താരാഷ്ട്ര അംഗീകാരം ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ?**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടപ്പാക്കുന്ന മറവൻതുരുത്ത് പഞ്ചായത്തിലെ സ്ട്രീറ്റ് പദ്ധതിയുടെ ഭാഗമായ വാട്ടർ സ്ട്രീറ്റ് പ്രവർത്തനങ്ങൾക്ക് ഡബ്ല്യൂ.ടി.എം. ഗ്ലോബൽ ആർ.ടി. അവാർഡ് 2022-ലെ

'Conserving Water and improving water scarcity & supply for neighbours' വിഭാഗത്തിൽ ഗ്ലോബൽ അവാർഡും ലഭിച്ചു. ഐ.സി.ആർ.ടി. ഇന്ത്യയുടെ ഇന്ത്യൻ സബ് കോണ്ടിനന്റൽ ഗോൾഡ് അവാർഡും 2022-ൽ ലഭിച്ചിട്ടുണ്ട്. മറവൻതുരുത്ത് പഞ്ചായത്തിലെ വാട്ടർ സ്ട്രീറ്റ് പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡുകൾ ലഭിച്ചത്.

**ഓട്ടിസം പാർക്ക്**

14(*404) <u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ഡോ. സുജിത് വിജയൻപിള്ള:</u>
<u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗം സാങ്കേതിക സൗഹൃദ വിദ്യാലയങ്ങളായി മാറുമ്പോൾ ഭിന്നശേഷിക്കാരായ കുട്ടികൾ പാർശ്വവൽക്കരിക്കപ്പെടാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ശാരീരികമായും ബൗദ്ധികമായും ഭിന്നശേഷിക്കാരായ കുട്ടികളെയും സ്കൂളിലെ സംവിധാനങ്ങളുടെയും സാങ്കേതികവിദ്യ ഉപയോഗത്തിന്റെയും ഭാഗമാക്കുന്നതിനായി പ്രത്യേക പരിഗണനയും പദ്ധതികളും നിലവിലുണ്ട്. ശാരീരികമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി ബാരിയർ ഫ്രീ പദ്ധതി നടപ്പാക്കിവരുന്നു. ബൗദ്ധിക ഭിന്നശേഷി കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും പ്രായോഗികമായി സമൂഹത്തിൽ ഇടപെടുന്നതിനായി ഓട്ടിസം പാർക്ക് പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ, സമഗ്രശിക്ഷാ കേരളയുടെ ഭാഗമായി ഓട്ടിസം സെന്ററുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഓട്ടിസം പാർക്ക് ആരംഭിച്ചിട്ടുണ്ടോ; എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള പാർക്കുകൾ ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഓട്ടിസം ബാധിച്ച കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്തുണ നൽകുകയെന്ന ലക്ഷ്യത്തോടെ ഓട്ടിസം പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 7 ജില്ലകളിലായി 8 ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഓരോ ഓട്ടിസം പാർക്കും ആലപ്പുഴ ജില്ലയിൽ രണ്ട് പാർക്കുകളും പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മിക്കുന്നതിനാണ് പദ്ധതി പ്രകാരം അനുമതി നൽകിയത്.

കണ്ണൂർ ജില്ലയിലെ പാലയാട് ഡയറ്റ് കോമ്പൗണ്ടിലെയും കോട്ടയം ജില്ലയിലെ മണർകാട് ഗവൺമെന്റ് യു.പി. സ്കൂളിലെയും ഓട്ടിസം പാർക്കുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. പാലക്കാട്, മലപ്പുറം, എറണാകുളം ജില്ലകളിൽ ഓട്ടിസം പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ ജില്ലകളിലെ ഓട്ടിസം പാർക്കുകളുടെ നിർമ്മാണത്തിനായി സ്ഥല ലഭ്യത, മണ്ണിന്റെ ഘടന എന്നിവ പരിശോധിച്ചുവരുന്നു.

കൂടാതെ, സമഗ്രശിക്ഷാ കേരളയുടെ ഭാഗമായി 168 ബി.ആർ.സി.-കളിലും ഓരോ ഓട്ടിസം സെന്ററുകൾവീതം പ്രവർത്തിച്ചുവരുന്നു. ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഓട്ടിസം പാർക്കിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

ഓട്ടിസം ബാധിച്ച കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി കുട്ടികളെ സ്വയം പരിപാലനത്തിന് പ്രാപ്തരാക്കുന്നതിനോടൊപ്പം അവരുടെ മാതാപിതാക്കൾക്ക് ആവശ്യമായ പിന്തുണയും പരിശീലനവും നൽകുകയും ചെയ്യുക, കുട്ടികളിൽ സാമൂഹ്യ അവബോധം വളർത്തുക, ശാരീരിക മാനസികക്ഷമത മെച്ചപ്പെടുത്താൻ സഹായിക്കുക, കുട്ടികളിലെ ആത്മവിശ്വാസം വർധിപ്പിക്കുക, അധ്യാപകർക്കാവശ്യമായ സഹായങ്ങൾ നൽകുക, കുട്ടികളിലെ ആശയ വിനിമയം മെച്ചപ്പെടുത്തുക, സ്വഭാവ വൈകല്യങ്ങൾ കുറയ്ക്കാൻ കുട്ടികളെ സഹായിക്കുക എന്നിവയാണ് ഓട്ടിസം പാർക്കിന്റെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രസ്തുത ലക്ഷ്യങ്ങൾക്കായി ചുവടെ പറയുന്ന പ്രവർത്തനങ്ങളാണ് ഓട്ടിസം പാർക്കുകളിൽ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നത്.

- വിവിധതരം തെറാപ്പികൾ
- പേരന്റ് ട്രെയിനിങ് പ്രോഗ്രാമുകൾ
- കൗൺസിലിങ്ങുകൾ
- തൊഴിൽ പരിശീലന യൂണിറ്റുകൾ

കൂടാതെ സംസ്ഥാനത്തെ 168 ഓട്ടിസം സെന്ററുകൾവഴി ഭിന്നശേഷി കുട്ടികൾക്കായി വെർച്വൽ ക്ലാസ് റൂം സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠഭാഗങ്ങൾ വീഡിയോ പാഠങ്ങളായും ശബ്ദപാഠങ്ങളായും വിവിധ കാറ്റഗറിയിൽപ്പെടുന്ന ഭിന്നശേഷി കുട്ടികൾക്കായി നിർമ്മിച്ചുവരുന്നു.

**ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

15(*405) ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയായ 'ബാരിയർഫ്രീ കേരള ടൂറിസത്തിന്റെ' ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലുമായി പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്ന 84

സ്ഥലങ്ങൾ കണ്ടെത്തുകയും പ്രസ്തുത പദ്ധതിക്ക് 6,01,11,791 രൂപയുടെ പുനർ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. കൈവരിയുള്ള റാമ്പ്, ബ്രെയിലി ലിപിയുള്ള ദിശാസൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ്, വീൽചെയർ, വാക്കിങ്സ്റ്റിക്ക്, ക്രച്ചസ് എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, തിരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ എന്നിവയിൽ ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ആദ്യഘട്ടത്തിൽ 120 ടൂറിസം ഡെസ്റ്റിനേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 69 എണ്ണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. ഇവയിൽ 175 റാമ്പുകൾ, 62 ടോയ്‌ലറ്റുകൾ, 115 വാക്കിങ്സ്റ്റിക്കുകൾ, 106 വീൽചെയറുകൾ, 807 സൈനേജുകൾ, 108 ക്രച്ചസ് എന്നിവ ഇതിനകം സജ്ജമാക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഭിന്നശേഷി സൗഹൃദ പാതകൾ ഒരുക്കുക, ഭിന്നശേഷി സൗഹൃദ പാർക്കിങ് എന്നിവ

ഒരുക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യ-മയക്കമരുന്ന് മാഫിയയുടെയും സാമൂഹ്യവിരുദ്ധരുടെയും ശല്യം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷ ശക്തമാക്കുന്നതിനുള്ള നടപടികൾ പോലീസുമായി ചേർന്ന് സംഘടിപ്പിക്കുന്നുണ്ട്. സാമൂഹ്യവിരുദ്ധരെയും ലഹരി മാഫിയയെയും ഉന്മൂലനം ചെയ്യുന്നതിനായി പോലീസ് പട്രോളിങ് നടത്തിവരുന്നുണ്ട്. ഈ പ്രദേശങ്ങളിലെയും സമീപ പ്രദേശങ്ങളിലെയും കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, ഹൗസ് ബോട്ട് എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

കൂടാതെ മയക്കമരുന്ന് ഇടപാടുകാരെക്കുറിച്ച് രഹസ്യമായി അന്വേഷിക്കുന്നതിനായി DANSAF (District Anti Narcotic Special Action

Force) സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും നിയന്ത്രിച്ചുവരുന്നുണ്ട്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ടൂറിസം പോലീസിനെ നിയമിച്ചും സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നുണ്ട്.

**ഫയൽ അദാലത്തുകൾ**

16(*406) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ മുതൽ ഡയറക്ടറേറ്റ് വരെ കാലങ്ങളായി തീർപ്പ് കല്പിക്കാതെ കിടന്നിരുന്ന ഫയലുകളിൽ തീർപ്പ് കല്പിക്കാൻ ഫയൽ അദാലത്തുകൾ മുഖേന കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ഉടൻ 2021-ൽ റവന്യൂ വകുപ്പിൽ കുടിശ്ശികയായ ഫയലുകൾ തീർപ്പാക്കുന്നതിനായി ഒരു ഫയൽ അദാലത്ത് നടത്തിയിരുന്നു. ആയതിന് തുടർച്ചയായി ഫയൽ തീർപ്പാക്കലിൽ വകുപ്പ് മേധാവി തലത്തിലും ലാൻഡ് റവന്യൂ കമ്മിഷണർ തലത്തിലും കൃത്യമായ മേൽനോട്ടം വഹിക്കുകയും നിശ്ചിത ഇടവേളകളിൽ നിർദേശങ്ങൾ നൽകുകയും ജില്ലാകളക്ടർമാരുമായി യഥാസമയം യോഗങ്ങൾ ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആകെ 2021088 ഫയലുകളാണ് 31-12-2021-വരെ റവന്യൂ വകുപ്പിൽ കുടിശ്ശികയായി ശേഷിച്ചിരുന്നത്. അതിൽ 1013272 ഫയലുകൾ തീർപ്പാക്കി (50.13 ശതമാനം). 10-10-2022-ലെ കണക്ക് പ്രകാരം നമ്പർ 27.എ., എൽ.ആർ.എം., എൽ.എ., റ്റി.എൽ.ബി., എൽ.റ്റി. എന്നീ വിഷയങ്ങളിലൊഴികെ 888982 ഫയലുകളും നമ്പർ 27 എ., എൽ.ആർ.എം., എൽ.എ., റ്റി.എൽ.ബി., എൽ.റ്റി. എന്നീ വിഷയങ്ങളിൽ മാത്രമായി 124290 ഫയലുകളും തീർപ്പായിട്ടുള്ളതാണ്.

(ബി) പ്രസ്തുത ഫയൽ അദാലത്തുകളിൽ നിലവിൽ നടന്നുവരുന്ന നടപടികൾ വിശദമാക്കാമോ?

04-06-2022-ലെ സ.ഉ.(കൈ)നം.11/2022/പി.&എ.ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ തലത്തിൽ 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ ഫയൽ അദാലത്ത് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലും ഫയൽ അദാലത്ത് നടന്നിരുന്നു. 2023-ലും 2024-ലും അത്തരം അദാലത്തുകൾ നടത്തുന്നതിന് പകരമായി സബ് ഓഫീസ് തലത്തിൽ വിഷയാധിഷ്ഠിതമായ അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി.

അഞ്ചുവർഷത്തിലധികം പഴക്കമുള്ള ഫയലുകളും ദീർഘനാളായി തീരുമാനമാകാത്ത ഫയലുകളും തീർപ്പാക്കാനുള്ളത് ത്വരിതപ്പെടുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി നിലവിൽ വന്ന സാഹചര്യത്തിൽ ഭൂമി തരംമാറ്റ അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് ത്വരിതപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ത്വരിതപ്പെട്ടിട്ടുണ്ട്.

തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ആർ.ഡി.ഒ. തലത്തിൽ അദാലത്തുകൾ ഉൾപ്പെടെയുള്ളവ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ 27

ഡിവിഷണൽ ഓഫീസുകളിലായി ഓഫ് ലൈനായി 226901 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും 223241 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്. തീർപ്പാക്കൽ ശതമാനം 98.39% ആണ്. ഓൺലൈനായി 4,52,215 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും 178620 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.

07-06-2024-ന് വിജ്ഞാപനം ചെയ്ത 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (XV എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, 27 ആർ.ഡി.ഒ.-മാർക്ക് ഉണ്ടായിരുന്ന അധികാരം സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ 71 ഡെപ്യൂട്ടി കളക്ടർമാരിലേക്ക് കൂടി വികേന്ദ്രീകരിച്ച് നൽകിക്കൊണ്ട് 27-06-2024-ലെ സ.ഉ.(അച്ചടി)നം.140/2024/ആർ.ഡി., 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/ആർ.ഡി. എന്നിവ പ്രകാരം

ഉത്തരവായിട്ടുള്ളതാണ്. 2024 ജൂലൈ 1 മുതലാണ് ഇത്തരത്തിലുള്ള വികേന്ദ്രീകരണം നടപ്പിൽ വന്നത്. ഭൂമിതരം മാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ തരംമാറ്റ അപേക്ഷകളിൽ ചുമതലക്കാരായി ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചുകൊണ്ടുള്ള ഈ ഉത്തരവുകളിലൂടെ, അപേക്ഷകളിൽ തീരുമാനമെടുത്ത് ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന് സാധിക്കുന്നതാണ്.

## എക്സ്പീരിയൻഷ്യൽ ടൂറിസം

17(*407) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>
<u>ശ്രീമതി ശാന്തകുമാരി കെ.:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജീവിതത്തെ എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് പ്രായോഗിക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗ്രാമീണ ജീവിതത്തെ എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധപ്പെടുത്തുന്നതിന് പ്രായോഗിക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

ടൂറിസം മേഖലയിൽ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഉത്തരവാദിത്ത ടൂറിസം മിഷനാണ്. കേരളത്തിലെ നാടൻ കരകൗശല വസ്തുക്കളും പരമ്പരാഗത തൊഴിലുകളും ഗ്രാമീണ ജീവിതവും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ആശയം മുന്നോട്ടുകൊണ്ടുവന്നത്. ടൂറിസം വികസനത്തിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും അതുവഴി കർഷകർ, ചെറുകിട സംരംഭകർ, പരമ്പരാഗത കരകൗശലത്തൊഴിലാളികൾ എന്നിവരെ പിന്തുണയ്ക്കുകയും ചെയ്യുന്നു എന്നതാണ് ഈ ആശയത്തിന്റെ പ്രാധാന്യം. കാർഷിക മേഖലകളിലെ സന്ദർശനങ്ങൾ, പരമ്പരാഗത മത്സ്യബന്ധന രീതികൾ, കൾച്ചറൽ ടൂർ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, ടെന്റ്

താമസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന എക്സ്പീരിയൻഷ്യൽ പാക്കേജുകൾ, ഹെറിറ്റേജ് ടൂർ പാക്കേജുകൾ, കാർബൺ ഫ്രീ പാക്കേജുകൾ, ഫിഷിങ് പാക്കേജുകൾ, ഫാമിങ് & ക്രാഫ്റ്റ് വില്ലേജ് പാക്കേജുകൾ, സ്റ്റോറി ടെല്ലിങ് പാക്കേജുകൾ എന്നിവ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വഴി ടൂറിസ്റ്റുകൾക്ക് ഗ്രാമീണ ജീവിതാനുഭവം വാഗ്ദാനം ചെയ്യുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, പ്രാദേശിക കലാകാരൻമാർക്കുവേണ്ടി വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം എന്നിങ്ങനെ കേരളത്തിൽ എക്സ്പീരിയൻഷ്യൽ ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും പരിശീലനങ്ങളും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ നടത്തിവരുന്നു.

ടൂറിസ്റ്റുകളുടെ താൽപര്യത്തിനനുസരിച്ച് കേരളത്തിലെ തനത് കലാരൂപങ്ങൾ, കളരിപ്പയറ്റ്, എത്തിക് ക്യൂസീൻ, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ വിഷയങ്ങൾ താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊണ്ടുള്ള പാക്കേജുകളാണ് ലേണിങ് എക്സ്പീരിയൻസ് പാക്കേജുകൾ. ഒരേ പാക്കേജിൽ തന്നെ വിവിധ താമസ സൗകര്യങ്ങൾ (ഹോം സ്റ്റേ, ടെന്റ് താമസം, മൺ കുടിലിലെ താമസം, സർവീസ്ഡ് വില്ലയിലെ താമസം, ഫാം ഹൗസിലെ താമസം) അനുഭവിച്ചറിയുന്നതിനുള്ള സൗകര്യമാണ് എക്സ്പീരിയൻഷ്യൽ സ്റ്റേ എന്ന പദ്ധതി.

(ബി) കരകൗശല വിദഗ്ധരെയും കർഷകരെയും ചെറുകിട സംരംഭകരെയും എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിന് പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കരകൗശല വിദഗ്ധരെയും കർഷകരെയും ചെറുകിട സംരംഭകരെയും എക്സ്പീരിയൻഷ്യൽ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രാദേശിക കലാകാരൻമാർക്കുവേണ്ടി വിവിധ

രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം എന്നിവ വഴി ടൂറിസം വികസനത്തിനായുള്ള പ്രവർത്തനങ്ങൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തിവരുന്നുണ്ട്. ഇതിനായി സുവനീർ നെറ്റ്‌വർക്ക് എന്ന പദ്ധതിക്ക് രൂപം നൽകി.

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്.

**(സി) ഈ മേഖലയിൽ നിലവിൽ പ്രവർത്തനക്ഷമമായ പാക്കേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പാക്കേജുകൾ ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?**

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വാഗ്ദാനം ചെയ്യുന്ന എല്ലാ പാക്കേജുകളും ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ പ്ലാറ്റ് ഫോം സൗകര്യം നിലവിലുണ്ട്. ഈ ഓൺലൈൻ പ്ലാറ്റ്ഫോം വഴി കൾച്ചറൽ ടൂർ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ, ടെന്റ് താമസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന എക്സ്പീരിയൻഷ്യൽ പാക്കേജുകൾ, ഹെറിറ്റേജ് ടൂർ പാക്കേജുകൾ, കാർബൺ ഫ്രീ പാക്കേജുകൾ, ഫിഷിങ് പാക്കേജുകൾ, ഫാമിങ് & ക്രാഫ്റ്റ് വില്ലേജ് പാക്കേജുകൾ, സ്റ്റോറി ടെല്ലിങ് പാക്കേജുകൾ എന്നിവവഴി ടൂറിസ്റ്റുകൾക്ക് ഗ്രാമീണ ജീവിതാനുഭവം വാഗ്ദാനം ചെയ്യുന്നു. കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി 140 എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടക്കുന്നു.

**റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പൂർത്തീകരണം**

18(*408) ശ്രീ. എം. മുകേഷ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടത്തിയ പ്രഖ്യാപനമനുസരിച്ച് റെയിൽവേ ഓവർ ബ്രിഡ്ജുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സർക്കാരിന്റെ ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 97 റെയിൽവേ മേൽപാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചു. ഇതിൽ 70 എണ്ണത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ട്. 5 RoB-കൾ ഗതാഗതത്തിന് തുറന്ന് നൽകിയിട്ടുണ്ട്. 8 RoB-കളുടെ നിർമ്മാണം പുരോഗമിക്കുന്നു. 3 RoB-കളുടെ ടെൻഡർ നടപടി നടക്കുന്നു. 2 RoB-കൾ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തിക അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. 19 RoB-കളുടെ സ്ഥലം ഏറ്റെടുക്കൽ പുരോഗമിക്കുന്നു. 17 RoB-കളുടെ GAD റെയിൽവേ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. 8

എണ്ണത്തിന്റെ DPR തയാറാക്കുന്നു. 4 എണ്ണത്തിന്റെ Alignment-ൽ തീരുമാനം ആകാനുണ്ട്.

റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ 3rd ലൈനിന്റേയും ഷൊർണ്ണൂർ മംഗലാപുരം 3rd & 4th ലൈനിന്റേയും ഷൊർണ്ണൂർ കോയമ്പത്തൂർ 3rd ലൈനിന്റേയും അലൈൻമെന്റ് റെയിൽവേ അന്തിമ തീരുമാനമാക്കാത്തതിനാൽ 3 RoB-കളുടെ ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നുള്ള അംഗീകാരം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം റെയിൽവേ ഓവർ ബ്രിഡ്ജുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണ ചുമതലയുള്ള മേൽപാലങ്ങളിൽ ഗുരുവായൂർ, കാഞ്ഞങ്ങാട്, ഫറോക്ക്, കാരിത്താസ് എന്നീ ആർ.ഒ.ബി.-കൾ

പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു. തിരൂർ RoB-യും പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുനൽകി.

കെ.ആർ.ഡി.സി.എൽ.-ന് നിർമ്മാണ ചുമതലയുള്ള മേൽപ്പാലം/ അടിപ്പാതകളുടെ ഭൂമി ഏറ്റെടുക്കലിനും നിർമ്മാണത്തിനുമുള്ള നടപടിക്രമങ്ങൾ വിവിധ തലങ്ങളിലായി പുരോഗമിക്കുകയാണ്.

(സി) ഇവയിൽ ഈ വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നവ ഏതൊക്കെയാണ്; വിശദമാക്കാമോ?

ആറ് റെയിൽവേ മേൽപ്പാലങ്ങൾ/അടിപ്പാതകൾ ഈ വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു (മാളിയേക്കൽ, ചിറങ്ങര, മുളന്തുരുത്തി, താനൂർ-തെയ്യാല, കൊടുവള്ളി, നിലമ്പൂർ യാർഡ് ഗേറ്റ്).

(ഡി) ആർ.ബി.ഡി.സി.കെ.-യും കെ.ആർ.ഡി.സി.എൽ.-ഉം നിർമ്മിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആർ.ബി.ഡി.സി.കെ.-യും കെ.ആർ.ഡി.സി.എൽ.-ഉം നിർമ്മിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഫാം ടൂറിസം മേഖലയിൽ മിൽമ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

19(*409) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപ്പാക്കിയിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഗ്രാമീണ വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി 'കേരള അഗ്രി ടൂറിസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെറ്റ്‌വർക്ക്'' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്. അഞ്ചുവിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.

കാറ്റഗറി 1 - പുരയിടത്തിലെ കൃഷി-25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) കാർഷിക ഉൽപന്നങ്ങളുടെ വില്പന ശൃംഖലയിൽ ഉൾപ്പെടുത്തും.

കാറ്റഗറി 2 - ഫാം വിസിറ്റ് യൂണിറ്റുകൾ - 25 സെന്റ് മുതൽ 1 ഏക്കർ വരെ - ഉൽപന്ന വില്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും.

കാറ്റഗറി 3 - ഫാം ആക്റ്റിവിറ്റി സെന്ററുകൾ - 1 ഏക്കർ മുതൽ 10 ഏക്കർ വരെ - വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപന്ന വില്പന ഔട്ട്‌ലെറ്റ്, മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ തുടങ്ങിയവ.

കാറ്റഗറി 4 - ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗ്രഹസ്ഥലി/സർവീസ്ഡ് വില്ലകൾ/ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ

ക്ലാസിഫിക്കേഷൻ/തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസുള്ള ഫാമിങ് യൂണിറ്റുകൾ ഈ വിഭാഗത്തിൽവരുന്നു.

കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ - 10 ഏക്കർ മുതൽ 50 ഏക്കർ വരെ- ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.

പദ്ധതിയുടെ ഭാഗമാകാൻ താൽപര്യമുള്ളവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. 103 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഫാം കേരള എന്ന ക്ലാസിഫിക്കേഷൻ പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. പദ്ധതി പ്രകാരം അംഗീകാരം ലഭിക്കുന്നതിന് കുറഞ്ഞ സാധാരണ ഭൂമി 10 ഏക്കറും കുറഞ്ഞ പ്ലാന്റേഷൻ ഭൂമി 50 ഏക്കറുമാണ്. കൂടാതെ ഇങ്ങനെ അംഗീകാരം കിട്ടുന്ന ഫാമുകൾക്ക് ആവശ്യമായ മാർക്കറ്റിങ് സപ്പോർട്ടും വിനോദസഞ്ചാര വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) ടൂറിസം വകുപ്പുമായി സഹകരിച്ച് സഹകരണ സ്ഥാപനമായ മിൽമ ഫാം ടൂറിസം രംഗത്ത് പുതിയ പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഫാം ടൂറിസം മേഖലയിൽ മിൽമ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ എന്തെല്ലാം വിധത്തിലുള്ള സഹായങ്ങളാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

(ബി&സി) നിലവിൽ പദ്ധതി നിർദേശങ്ങളൊന്നും ഔദ്യോഗികമായി ലഭ്യമായിട്ടില്ല. പദ്ധതി നിർദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(ഡി) ഡയറി ഫാമുകളെയും പ്രധാന ടൂറിസം കേന്ദ്രങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ ടൂറിസം പാക്കേജുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

അഗ്രി ടൂറിസം നെറ്റ്‌വർക്കിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യപ്പെട്ട ഫാം യൂണിറ്റുകളും ടൂറിസം കേന്ദ്രങ്ങളും ഉൾക്കൊള്ളിച്ച് ടൂറിസം പാക്കേജുകൾ നടപ്പാക്കുന്നുണ്ട്.

## രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

20(*410) ശ്രീ. മുരളി പെരുനെല്ലി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 34 സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളെ സ്മാർട്ട് ഓഫീസുകൾ ആക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ സംബന്ധിച്ച പദ്ധതികൾ വകുപ്പ് പരിഗണിച്ചുവരികയാണ്. ഇവ പൂർണ്ണസജ്ജമാകുന്നമുറയ്ക്ക് സബ് രജിസ്ട്രാർ

ഓഫീസുകളെ സ്മാർട്ട് ഓഫീസുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എത്ര രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിനുകീഴിലുള്ള 315 സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വികസനം**

21(*411) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ മാനവ വിഭവശേഷി വർധിപ്പിക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര മേഖലയിലെ മനുഷ്യവിഭവശേഷി വർധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ചുവടെ ചേർത്തിരിക്കുന്ന പരിശീലന കേന്ദ്രങ്ങളാണുള്ളത്. കോഴിക്കോട് ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിനുകീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, മലയാറ്റൂർ, തലശ്ശേരി സെന്ററുകൾ. ഇവ കൂടാതെ കേന്ദ്ര വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജിയുടെ അംഗീകാരത്തോടെ തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിങ് ടെക്നോളജി പ്രവർത്തിക്കുന്നു.

(ബി) വിനോദസഞ്ചാര മേഖലയിലെ മാനവശേഷി വികസനം ലക്ഷ്യമിട്ട് നടന്നുവരുന്ന പ്രധാന കോഴ്സുകളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസനം ലക്ഷ്യമിട്ട് നടന്നുവരുന്ന പ്രധാന കോഴ്സുകളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കിറ്റ്സ് എന്നീ സ്ഥാപനങ്ങൾ വിനോദസഞ്ചാര രംഗത്ത് നൽകിവരുന്ന സേവനങ്ങൾ വിശദമാക്കാമോ?

**ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്**

വർഷാവർഷം 1500-ൽ അധികം വിദ്യാർഥികൾക്ക് 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും ഹോട്ടൽ മാനേജ്മെന്റ് കോഴ്സിൽ വിദഗ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലിക്ക് പ്രാപ്തരാക്കുന്നു. കൂടാതെ ടൂറിസം വകുപ്പിലെ ഗസ്റ്റ് ഹൗസ് ജീവനക്കാർക്ക് മാനവവിഭവശേഷി വികസനത്തിന്റെ ഭാഗമായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം നൽകിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് കുറഞ്ഞ ചെലവിൽ കോഴ്സ് പൂർത്തിയാക്കി വിനോദസഞ്ചാര മേഖലയിലെ ജോലിക്ക് പ്രാപ്തരാക്കാൻ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)**

മാനവശേഷി വികസനത്തിനായി ടൂറിസത്തിന്റെ വിവിധ മേഖലകളിൽ കോഴ്സുകൾ നടത്തുന്നതോടൊപ്പം ഹോസ്പിറ്റാലിറ്റി മേഖലയ്ക്കാവശ്യമായ നൈപുണ്യ വികസന പരിശീലന പരിപാടികൾ, ഈ മേഖലയുടെ വികസനത്തിനാവശ്യമായ പഠനങ്ങൾ, ഗവേഷണ പരിപാടികൾ, സെമിനാറുകൾ, കൺസൾട്ടൻസി പ്രവർത്തനങ്ങൾ എന്നിവയും കിറ്റ്സ് നടത്തിവരുന്നു. ടൂറിസം മാനവശേഷി വികസനത്തിന് സഹായകമാകുന്ന തരത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള പ്രസ്ഥാനങ്ങളുമായി സഹകരിച്ച് അക്കാദമിക് കൊളാബറേഷനുകളിലൂടെയുള്ള പ്രവർത്തനങ്ങളും ടൂറിസം പഠനത്തിനും ഗവേഷണത്തിനും അറിവിനും പ്രയോജനപ്പെടുന്ന ജേർണലുകൾ, ന്യൂസ് ലെറ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും കിറ്റ്സ് നടത്തിവരുന്നു. വിനോദസഞ്ചാര മേഖലയിൽ മികച്ച പ്രൊഫഷണലുകളെ വാർത്തെടുക്കാൻ KITTS-ന് സാധിക്കുന്നുണ്ട്.

## പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം

22(*412) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുറമ്പോക്ക് കൈവശം വച്ചിട്ടുള്ളവർക്ക് വിവിധ കാരണങ്ങളാൽ അത്തരം പുറമ്പോക്കുകൾ പതിച്ചുനൽകുന്നതിന് തടസ്സമുള്ള കേസുകളിൽ അർഹരായ കുടുംബങ്ങളെ ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മറ്റ് സർക്കാർ ഭൂമികൾ കണ്ടെത്തി പതിച്ചുനൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ, ലൈഫ് മിഷൻ മുഖേന നടപ്പാക്കുന്ന 'ലൈഫ് ഭവന പദ്ധതി', മത്സ്യബന്ധന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന 'പുനർഗേഹം', പട്ടികജാതി-

പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭവന പദ്ധതികൾ എന്നിവയിൽ ഇത്തരം പുറമ്പോക്കിൽ താമസിച്ചുവരുന്ന കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും അതത് വകുപ്പുകൾ മുഖേന സ്വീകരിച്ചുവരുന്നതുമാണ്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുമോ?

സംസ്ഥാനത്തെ പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിലെ സർക്കാർ ഭൂമികൾ പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട "1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ" പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച "1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവും പുറമ്പോക്ക് ഭൂമികൾ പതിവിന് വിധേയമല്ലാത്തതുമാണ്.

എന്നാൽ, ഭാവിയിൽ പൊതുആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടിവരില്ലെന്ന് ബോധ്യമുള്ള ഇത്തരം പുറമ്പോക്കുകൾ 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലെ ചട്ടം-24, 1995-ലെ കേരള മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം-21 എന്നിവ പ്രകാരം സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ചുകൊണ്ട് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ തീരുമാനത്തിന് വിധേയമായി അർഹരായ കുടുംബങ്ങൾക്ക് പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ, പ്രധാനമായും റോഡ് പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവരാണ് പട്ടയത്തിനായി അപേക്ഷകൾ സമർപ്പിച്ചുവരുന്നത്. ഇത്തരം സംഗതികളിൽ, കൈവശക്കാർ പതിവിന് അർഹരാണെന്ന് ബോധ്യപ്പെടുന്ന എല്ലാ കേസുകളിലും കൈവശഭൂമി ഭാവിയിൽ പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് (റോഡ് വികസനത്തിന്) ആവശ്യമില്ലെന്നും പതിച്ചുനൽകുന്നതിന് തടസ്സമില്ലെന്നുമുള്ള പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപ

പത്രം (NOC) ലഭ്യമാകുന്നമുറയ്ക്ക് പഞ്ചായത്ത് പ്രദേശമാണെങ്കിൽ 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലെ ചട്ടം-24 പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളാണെങ്കിൽ 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം-21 പ്രകാരവും സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, പതിച്ചുനൽകുന്നതിന് മറ്റ് തടസ്സങ്ങളില്ലാത്ത ഇത്തരം പുറമ്പോക്കുകൾ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ തീരുമാനത്തിന് വിധേയമായി പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റവന്യൂ പുറമ്പോക്കുകളും മേല്പറഞ്ഞ ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകാൻ സാധിക്കാത്തവയാണ്. എന്നാൽ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, പതിച്ചുനൽകുന്നതിന് മറ്റ് തടസ്സങ്ങളില്ലാത്ത സ്ഥലങ്ങൾ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ ഉത്തരവിന് വിധേയമായി അർഹരായ കുടുംബങ്ങൾക്ക് പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരം താമസക്കാർക്ക് കുടിവെള്ളവും വൈദ്യുതി കണക്ഷനും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

07-07-1997-ലെ GO(MS) 511/1997/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകളുടെ അധികാരപരിധിയിൽ വരുന്ന തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകാൻ താലൂക്ക് തഹസിൽദാരെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കൈവശരേഖ വൈദ്യുതി കണക്ഷനും റേഷൻ കാർഡിനും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും സമാന ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കാവുന്നതാണ്.

## വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യാൻ നടപടി

23(*413) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകളുടെയും മറ്റ് ആനുകൂല്യങ്ങളുടെയും വിശദാംശം നൽകാമോ?

സംസ്ഥാന സർക്കാർ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നൽകിവരുന്ന സ്കോളർഷിപ്പുകൾ | സ്കോളർഷിപ്പ് തുക | റിമാർക്സ് |
|---|---|---|---|
| 1. | എൽ.എസ്.എസ്. സ്കോളർഷിപ്പ് | 1000/- | വരുമാന പരിധിയില്ല |
| 2. | യു.എസ്.എസ്. സ്കോളർഷിപ്പ് | 1500/- | വരുമാന പരിധിയില്ല |
| 3. | സൈനിക് സ്കൂൾ സ്കോളർഷിപ്പ് (കഴക്കൂട്ടം സൈനിക് സ്കൂളിലെ കേഡറ്റുകൾക്ക്) | 21000/- | കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ |
| 4. | മുസ്ലിം/നാടാർ/മറ്റ് പിന്നാക്ക/മുന്നാക്ക സമുദായത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | യു.പി. വിഭാഗം -125/-, എച്ച്.എസ്. വിഭാഗം - 150/- | 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന 25000-ൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള യു.പി./എച്ച്.എസ്. ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് |
| 5. | രാഷ്ട്രീയ ഇന്ത്യൻ മിലിറ്ററി കേഡറ്റ് സ്കോളർഷിപ്പ് | 21000/- | കുടുംബ വാർഷിക വരുമാനത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ |
| 6. | ശുദ്ധ സംസ്കൃതം സ്കോളർഷിപ്പ് | യു.പി.- 250/- എച്ച്.എസ്. - 300/- | സംസ്ഥാനത്തെ 30 ശുദ്ധ സംസ്കൃത സ്കൂളുകളിൽ 5 മുതൽ 7 വരെ പഠിക്കുന്ന 6 വീതം കുട്ടികൾക്ക് 250/- രൂപയും 8, 9 ക്ലാസുകളിൽ പഠിക്കുന്ന 6 വീതം കുട്ടികൾക്ക് 300/- രൂപയും വർഷാവസാന പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഫണ്ടിൽനിന്നും നൽകിവരുന്നു. കൂടാതെ 8, 9 ക്ലാസുകളിലെ 2 കുട്ടികൾക്ക് 150/- രൂപ വീതം നോൺ പ്ലാൻ ഫണ്ടിൽനിന്നും നൽകിവരുന്നു |
| 7. | സംസ്കൃതം സ്കോളർഷിപ്പ് | എൽ.പി. 100/- യു.പി.- 400/- എച്ച്.എസ്. 600/- | വർഷം തോറും നടത്തുന്ന സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ വിദ്യാഭ്യാസ ഉപജില്ലയിൽനിന്നുള്ള എൽ.പി./യു.പി./ എച്ച്.എസ്. വിഭാഗത്തിലുള്ള കുട്ടികൾക്ക് നൽകിവരുന്നു. |
| 8. | കലോത്സവ സ്കോളർഷിപ്പ് | 1000/- രൂപ | കേരള സ്കൂൾ കലോത്സവം, |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ സ്കൂൾ കലോത്സവം, എന്നിവയിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് ഒറ്റത്തവണ നൽകുന്ന സ്കോളർഷിപ്പ് |
| 9. | ഹയർസെക്കൻഡറി വിഭാഗം-ബി.പി.എൽ. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് | 5000/- രൂപ വീതം | ജനറൽ, എസ്.സി./എസ്.ടി., ആർട്സ്-സ്പോർട്സ്, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.എസ്.എൽ.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ സമയത്ത് തയ്യാറാക്കിയ WGPA യുടെ (Weightage of Grade Point Average) അടിസ്ഥാനത്തിൽ ഒന്നാം വർഷക്കാരുടെ അർഹത നിർണ്ണയിക്കുന്നു. പ്ലസ് വൺ ക്ലാസുകളിൽ അർഹത നേടിയവർക്ക് പ്ലസ് ടു ക്ലാസിലും വ്യവസ്ഥകൾ പാലിക്കുന്ന പക്ഷം സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |

**സംസ്ഥാന സർക്കാർ നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ**

1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തക വിതരണം.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും കൈത്തറി വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ യൂണിഫോം പദ്ധതി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ആനുകൂല്യം ലഭിക്കുന്നു.

സംസ്ഥാന ടി.ടി.ഐ./പി.പി.റ്റി.റ്റി.ഐ. കലോത്സവത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 2000/- രൂപയും രണ്ടാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 1600/- രൂപയും മൂന്നാം സ്ഥാനം നേടുന്ന കുട്ടികൾക്ക് 1200/- രൂപയും നൽകിവരുന്നു.

സബ് ജില്ലാ കലോത്സവത്തിൽ എ ഗ്രേഡ് നേടി ജില്ലാ തലത്തിലേക്ക് യോഗ്യത നേടുന്ന കുട്ടികൾക്ക് (വാർഷിക വരുമാനം 75000/- രൂപയിൽ താഴെയുള്ള) 10,000/- രൂപ വീതം ധനസഹായം നൽകിവരുന്നു.

സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒന്ന് മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ കുട്ടിക്കും

ഒരു വർഷം കുറഞ്ഞത് 3,500/- രൂപയെങ്കിലും ലഭിക്കുന്ന തരത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്നു. ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016-ൽ പ്രതിപാദിച്ചിട്ടുള്ള 21 തരം വൈകല്യം അനുഭവിക്കുന്നവർക്കും ഈ പരിഗണന ലഭിക്കുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിദ്യാലയങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി നടപ്പാക്കിവരുന്നു.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽവരുന്ന കുട്ടികൾക്ക് സപ്ലിമെന്ററി ന്യൂട്രീഷൻ എന്ന നിലയിൽ ആഴ്ചയിൽ 2 ദിവസം 150 ML വീതം പാൽ, ഒരു ദിവസം മുട്ട/നേന്ത്രപഴം എന്നിവ നൽകിവരുന്നു.

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ മരണപ്പെട്ടാൽ 50,000/- രൂപയും ഗുരുതരമായി പരിക്ക് പറ്റിയാൽ 10,000/- രൂപയും കുട്ടിയുടെ രക്ഷിതാവിന് ക്ലെയിമായി നൽകിവരുന്നു.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് സ്പെഷ്യൽ പാക്കേജ് മുഖേന സാമ്പത്തിക ആനുകൂല്യം നൽകിവരുന്നു.

സമഗ്ര ശിക്ഷ കേരള ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ഓരോ മാസവും ഓരോ കുട്ടിക്കും 120 രൂപ വീതം 10 മാസം ആകെ 1200/- രൂപ സ്റ്റൈപ്പന്റായി കുട്ടിയുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു.

ഒന്ന് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന ഭിന്നശേഷി വിഭാഗത്തിലെ ഓരോ പെൺകുട്ടിക്കും പ്രതിമാസം 200/- രൂപ വീതം 10 മാസത്തേക്ക് പ്രതിവർഷം 2000/- രൂപ വീതം സ്റ്റൈപ്പന്റായി ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നു.

മലയോരമേഖലകളിൽനിന്നും വിദ്യാലയങ്ങളിൽ വന്ന് പഠിക്കുന്ന 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി യാത്രാ സൗകര്യം ലഭ്യമാക്കുന്നു.

ഭിന്നശേഷി വിഭാഗം കുട്ടികളിൽ അർഹരായവർക്ക് എസ്കോർട്ട് അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, റീഡർ അലവൻസ് എന്നിവ നൽകിവരുന്നു.

(ബി) വിദ്യാർഥികൾക്ക് നൽകിവരുന്ന എൽ.എസ്.എസ്., യു.എസ്.എസ്. ഉൾപ്പെടെയുള്ള സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ കുടിശ്ശികയുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ അവ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ്, മുസ്ലീം/നാടാർ/മറ്റ് പിന്നാക്ക/മുന്നാക്ക സമുദായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് എന്നീ സ്കോളർഷിപ്പുകൾക്ക് കുടിശ്ശിക തുക അനുവദിക്കാനുണ്ട്. കുടിശ്ശിക തുക കൊടുത്ത് തീർക്കാൻ 2024-25 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുകയുടെ വിതരണ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി പ്രത്യേകം പോർട്ടൽ തയ്യാറാക്കി ഡി.ബി.റ്റി.

വഴി തുക വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുന്നമുറയ്ക്ക് കുടിശ്ശിക സ്കോളർഷിപ്പ് തുകകളുടെ വിതരണം പൂർണ്ണമായി ഡി.ബി.റ്റി. മുഖാന്തരം കൊടുത്തുതീർക്കാൻ കഴിയുന്നതാണ്.

സൗജന്യ യൂണിഫോം പദ്ധതിയിനത്തിൽ കുടിശ്ശിക ഉണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് കൊടുത്തുതീർക്കുന്നതാണ്.

ഫണ്ടിന്റെ അപര്യാപ്തതമൂലം 2023-24 വർഷം കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് നൽകാൻ സാധിച്ചില്ല. ഫണ്ട് ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ബി.പി.എൽ. മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതിയിൽ തുക കുടിശ്ശികയുണ്ട്.

**ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം**

24(*414) <u>ശ്രീമതി ശാന്തകുമാരി കെ.:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. വി. ജോയി:</u>

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ച തുകയേക്കാൾ ഉയർന്ന വരുമാനം രജിസ്ട്രേഷൻ ഇനത്തിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2022-23 സാമ്പത്തികവർഷത്തിൽ ബജറ്റ് എസ്റ്റിമേറ്റ് തുകയേക്കാൾ 179.5381 കോടി രൂപ അധികവരുമാനം ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റവന്യൂ | | | | ബജറ്റ് എസ്റ്റിമേറ്റ് | | |
|---|---|---|---|---|---|---|
| **വർഷം** | **സ്റ്റാമ്പ് ഡ്യൂട്ടി (രൂപ കോടിയിൽ)** | **രജി. ഫീസ് (രൂപ കോടിയിൽ)** | **ആകെ** | **സ്റ്റാമ്പ് ഡ്യൂട്ടി (രൂപ കോടിയിൽ)** | **രജി. ഫീസ് (രൂപ കോടിയിൽ)** | **ആകെ** |
| 22- 23 | 4138.5966 | 1523.5212 | 5662.1178 | 4246.0298 | 1236.5499 | 5482.5797 |

2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ന്യായവിലയുടെ 20 ശതമാനം വർധന മുന്നിൽക്കണ്ട് 2022-23 സാമ്പത്തികവർഷത്തിന്റെ

അവസാന മാസങ്ങളിൽ ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ വളരെയധികം വർധനയുണ്ടായതിനാൽ ആനുപാതികമായി വരുമാനവും വർധിച്ചു. കൂടാതെ കോവിഡ് കാലത്തെ ലോക്ക്ഡൗണും സാമ്പത്തിക പ്രതിസന്ധികളുംമൂലം രജിസ്റ്റർ ചെയ്യാതെ മാറ്റിവച്ച ആധാരങ്ങളും 2022-23 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി കാണുന്നു.

(ബി) 2022-23-ൽ ഡോക്യുമെന്റ് രജിസ്ട്രേഷൻ ഫീസിനത്തിൽ പിരിച്ചെടുത്ത തുകയിൽ വർധനയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

2022-23-ൽ ഡോക്യുമെന്റ് രജിസ്ട്രേഷൻ ഫീസിനത്തിൽ ബജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 286.9713 കോടി രൂപയുടെ വർധനയുണ്ടായിട്ടുണ്ട്.

(സി) സാമ്പത്തിക കരാറുകൾ നടപ്പാക്കുന്നതിന് ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം ആരംഭിച്ചതിന്റെ ഗുണഫലങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വാണിജ്യ ബാങ്കുകളിൽനിന്നും ചെറുകിട വ്യവസായ വായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഡിജിറ്റൽ

രൂപം നൽകുന്നതിനുള്ള സൗകര്യമാണ് ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ സംവിധാനത്തിലൂടെ നടപ്പാക്കിയിരിക്കുന്നത്. രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതും മുദ്രവില ആവശ്യമായതുമായ പണയാധാരങ്ങൾക്കും കരാറുകൾക്കും ഈ സൗകര്യം പ്രയോജനകരമാണ്. നിലവിലുള്ള ഇ-സ്റ്റാമ്പിങ് സൗകര്യം വിപുലീകരിച്ചുകൊണ്ടാണ് ഇത് നടപ്പാക്കിയിരിക്കുന്നത്. ഈ സംവിധാനം നടപ്പായിക്കഴിഞ്ഞാൽ അപേക്ഷകന് ഓൺലൈനായിത്തന്നെ ബന്ധപ്പെട്ട ബാങ്കിന്റെ പോർട്ടലിലുള്ള വിവരങ്ങൾ പരിശോധിച്ചുകൊണ്ട് കരാറിൽ ഇ-സൈൻ സൗകര്യം ഉപയോഗിച്ചുകൊണ്ട് ഒപ്പുവയ്ക്കാവുന്നതാണ്. ആദ്യ ഘട്ടത്തിൽ വാണിജ്യ ബാങ്കുകളും കെ.എസ്.എഫ്.ഇ., കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC), കെ.എസ്.ഐ.ഡി.സി., കേരള ബാങ്ക് എന്നീ സ്ഥാപനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനമാണ് നടപ്പാക്കിവരുന്നത്. ഈ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ആധാരങ്ങളുടെ എണ്ണവും ഈയിനത്തിലുള്ള നികുതി വരുമാനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭിക്കുന്നതാണ്. കൂടാതെ

ഇത്തരം ആധാരങ്ങളുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് പൂർണ്ണമായി ഒഴിവാക്കാനും കഴിയുന്നതാണ്. ഈ സംവിധാനം വിപുലീകരിച്ചുകൊണ്ട് ഭാവിയിൽ കൂടുതൽ സേവനങ്ങൾക്ക് ഈ ആശയം പ്രാവർത്തികമാക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

**എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനം**

25(*415) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് ലഭിച്ച നിരവധി വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്നുള്ള പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ?

പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് ലഭിച്ച നിരവധി വിദ്യാർഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം ഉണ്ടായതിനെ തുടർന്നുള്ള പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ട്. മികച്ച വിജയം ലഭിച്ച കുട്ടികൾക്ക് തുടർപഠനം ഉറപ്പാക്കുക എന്നത് സർക്കാരിന്റെ നയമാണ്. സംസ്ഥാനത്തൊട്ടാകെ ആകെ 222 വിദ്യാർഥികൾക്കാണ് ഇത്തരത്തിൽ പ്രവേശനം ലഭിക്കാതെ ശേഷിക്കുന്നത്.

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ.(കൈ) നം. 45/2024/പൊ.വി.വ. പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർധനയും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർധനയും ആവശ്യപ്പെടുന്ന എയ്ഡഡ്

സ്കൂളുകൾക്ക് അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർധനയും അനുവദിച്ച് ഉത്തരവായിട്ടുള്ളത് അനുസരിച്ചാണ് ഈ വർഷത്തെ പ്രവേശനം ആരംഭിച്ചത്.

(സി) സപ്ലിമെന്ററി അലോട്ട്മെന്റ് ബാക്കി നിൽക്കെ പ്ലസ് വൺ പഠനത്തിന് അർഹത നേടിയ മുഴുവൻ വിദ്യാർഥികൾക്കും പ്രവേശനം ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കാൻ മലപ്പുറത്ത് താൽക്കാലിക അധിക ബാച്ചുകൾ അനുവദിക്കുന്നതിനും ഇതിനെക്കുറിച്ച് പഠിക്കാൻ ഹയർ സെക്കൻഡറി വിഭാഗം ജോയിന്റ് ഡയറക്ടർ (അക്കാദമിക്)-ഉം മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറും അടങ്ങിയ 2 അംഗ സമിതിയെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയോട് 2024 ജൂലൈ 5-നകം റിപ്പോർട്ട് നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സാങ്കേതിക വിദ്യാധിഷ്ഠിത പാഠ്യപദ്ധതി

26(*416) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ സാങ്കേതികവിദ്യ സൗഹൃദമായെങ്കിലും സാങ്കേതികവിദ്യാ വിഷയങ്ങൾ പാഠപുസ്തകങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിവിധ വിഷയങ്ങളുടെ പഠനത്തിന് യോജിച്ച രീതിയിലുള്ള സാങ്കേതിക വിഭവങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തക രചനാ സമിതിയുടെ നേതൃത്വത്തിലാണ് ഓരോ പാഠഭാഗങ്ങൾക്കും യോജിച്ച സാങ്കേതിക വിഭവങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നത്. കുട്ടികളുടെ പ്രകൃതവും വിഷയത്തിന്റെ

സവിശേഷതയും അടിസ്ഥാനമാക്കി വ്യത്യസ്ത സാങ്കേതിക വിഭവങ്ങൾ നിർദേശിച്ചിരിക്കുന്നു. പാഠപുസ്തകം തയ്യാറാക്കുന്ന ഘട്ടത്തിൽതന്നെ പാഠപുസ്തക രചനാസമിതി സാങ്കേതിക വിഭവങ്ങളുടെ സാധ്യത കൃത്യമായി വിശകലനം ചെയ്യുന്നുണ്ട്.

(ബി) എങ്കിൽ നവീകരിച്ച പാഠ്യപദ്ധതിയിൽ സാങ്കേതികവിദ്യാ വിഷയങ്ങൾ കൂടുതലായി ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പഠനപ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യ ഫലപ്രദമായി ഉൾചേർക്കുന്നതിന്റെ ഭാഗമായി 'സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ' എന്ന നിലപാട് രേഖ തയ്യാറാക്കിയിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന രീതിയിൽ സ്കൂൾതലം മുതൽ നടന്ന ജനകീയ ചർച്ചയുടെ ഭാഗമായുള്ള നിർദേശങ്ങൾ ഇതിൽ പരിഗണിച്ചിട്ടുണ്ട്. സാങ്കേതികവിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള വ്യത്യസ്ത മേഖലകൾ ഉൾപ്പെടുത്തുകയും അതിനോടൊപ്പംതന്നെ ഓരോ ക്ലാസിലും സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസം എങ്ങനെ നടപ്പാക്കുന്നു എന്നതിനെക്കുറിച്ചും വിശദമായി ചർച്ച

ചെയ്തു. ഇതനുസരിച്ച് ഓരോ ക്ലാസ്സിലേക്കും തയ്യാറാക്കേണ്ട പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സിലബസ് ഗ്രിഡ് തയ്യാറാക്കി. സാങ്കേതികവിദ്യാ പുസ്തകങ്ങൾ തയ്യാറാക്കുന്നതിനുമുമ്പ് ഇതര വിഷയങ്ങളുടെ സിലബസ് ഗ്രിഡ്, കൺസെപ്റ്റ് മാപ് എന്നിവ വിശദമായി പരിശോധിച്ചു. ഓരോ വിഷയങ്ങൾക്കും അനുയോജ്യമായ പഠനാശയങ്ങൾ ഐ.സി.റ്റി. പുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി ഏകോപന യോഗവും നടന്നു.

ഇതര വിഷയങ്ങളുടെ പഠനത്തിന് അനുയോജ്യമായ രീതിയിൽ സാങ്കേതിക വിഷയങ്ങളുടെ പഠനാശയങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു. ഗണിതം, ശാസ്ത്രം, ഭാഷ എന്നിവ പഠിക്കുന്നതോടൊപ്പംതന്നെ സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നതിനുള്ള അവസരം വിദ്യാർഥികൾക്ക് ഇതിലൂടെ ലഭിക്കുന്നുണ്ട്. 1, 3, 5, 7 ക്ലാസുകളിലെ സാങ്കേതികവിദ്യയുടെ പുസ്തകങ്ങളാണ് ആദ്യഘട്ടത്തിൽ നവീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്ന്, മൂന്ന് ക്ലാസുകളിൽ പൂർണ്ണമായും എഡ്യൂറ്റയിൻമെന്റ് (edutainment) രീതിയിലുള്ള ഐ.സി.ടി. പഠനമാണ് നടക്കുന്നത്. സംഖ്യകളെ പരിചയപ്പെടുന്നതിനും ഗണിതക്രിയകൾ ഉപയോഗപ്പെടുത്തുന്നതിനും ഭാഷാ വിഷയങ്ങൾ

പഠിക്കുന്നതിനും ഉതകുന്ന കളിരീതിയിലുള്ള ഐ.സി.ടി. പ്രവർത്തനങ്ങളാണ് ഈ ക്ലാസുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അപ്പർ പ്രൈമറി തലത്തിൽ ഇതര വിഷയങ്ങളുടെ പഠനത്തിന് സഹായിക്കുന്ന വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾക്കൊപ്പം പ്രാഥമിക ഐ.ടി. നൈപുണികൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടിങ്, ഗ്രാഫിക്, പെയിന്റിങ്, സോഫ്റ്റ്‌വെയറുകൾ, ഓഫീസ് പാക്കേജുകൾ എന്നിവയെക്കുറിച്ച് അടിസ്ഥാന ധാരണ കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. ജിയോജിബ്ര, കെജ്യോഗ്രഫി, സ്റ്റെലറിയം എന്നീ വ്യത്യസ്ത വിഷയങ്ങളുടെ പഠനം വിദ്യാർഥികൾ ചെയ്യുന്നുണ്ട്. കളർ പെയിന്റ്, ക്രിറ്റ തുടങ്ങിയ ചിത്രരചന സോഫ്റ്റ്‌വെയറുകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. കോഡിങ്ങിലൂടെ സ്ക്രാച്ച് ഉപയോഗിച്ച് പാറ്റേണുകൾ വരയ്ക്കുന്നതിനുള്ള പ്രവർത്തനം, വെബ് ബ്രൗസിങ്, ഇ-ക്യൂബ് ഇംഗ്ലീഷ് ലാബ് പ്രവർത്തനം എന്നിവയ്ക്കൊപ്പം ഡിജിറ്റൽ വെൽബീയിങ് പ്രവർത്തനങ്ങളും കുട്ടികൾക്ക് നൽകിയിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സാങ്കേതികവിദ്യയുടെ സഹായവും ശേഷിയും പ്രദാനം ചെയ്യാൻ പ്രത്യേക പദ്ധതികൾ ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ?

ഓരോ കുട്ടിയേയും പരിഗണിച്ചുകൊണ്ട് പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി യൂണിവേഴ്സൽ ഡിസൈൻ ഫോർ ലേണിങ് അടിസ്ഥാനപ്പെടുത്തിയുള്ള പരിശീലനം അധ്യാപകർക്ക് നൽകിയിട്ടുണ്ട്. നവീകരിച്ച പാഠപുസ്തകങ്ങളിലും കുട്ടികളുടെ പഠനരീതിയിലുള്ള പ്രത്യേകതകൾ പരിഗണിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റീവ് ടെക്നോളജിയുടെ വിപുലമായ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കാർഷിക ടൂറിസം**

27(*417) <u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. കെ. ആൻസലൻ:</u>

ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാർഷിക ടൂറിസം വികസിപ്പിക്കുന്നതിന് സംസ്ഥാനത്ത് ലഭ്യമായ സാധ്യതകൾ എന്തൊക്കെയാണെന്ന് അവലോകനം ചെയ്തിട്ടുണ്ടോ?

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്. അഞ്ച് വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.

കാറ്റഗറി 1 - പുരയിടത്തിലെ കൃഷി-25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) കാർഷിക ഉൽപന്നങ്ങളുടെ വില്പന ശൃംഖലയിൽ ഉൾപ്പെടുത്തും.

കാറ്റഗറി 2 - ഫാം വിസിറ്റ് യൂണിറ്റുകൾ - 25 സെന്റ് മുതൽ 1 ഏക്കർ വരെ - ഉൽപന്ന വില്പനക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും.

കാറ്റഗറി 3 - ഫാം ആക്റ്റിവിറ്റി സെന്ററുകൾ - 1 ഏക്കർ മുതൽ 10 ഏക്കർ വരെ - വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപന്ന വില്പന ഔട്ട്‌ലെറ്റ്, മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ തുടങ്ങിയവ.

കാറ്റഗറി 4 - ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/സർവീസ്ഡ് വില്ലകൾ/ടെന്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ/തദ്ദേശസ്വയംഭരണ സ്ഥാപന ലൈസൻസുള്ള ഫാമിങ് യൂണിറ്റുകൾ ഈ വിഭാഗത്തിൽവരുന്നു.

കാറ്റഗറി 5 - ഫാം ടൂറിസം സെന്റർ - 10 ഏക്കർ മുതൽ 50 ഏക്കർ വരെ- ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.

ഇതുകൂടാതെ സംസ്ഥാന കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 64 ഫാമുകളിൽ ചിലതിൽ കാർഷിക ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്തുമായി ആലോചിച്ച് ഫാം ഓഫീസർമാർ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ഫാമുകളായ പെരിങ്ങമ്മല, നേര്യമംഗലം, അഞ്ചൽ, കൂത്താളി, തളിപ്പറമ്പ്, വെജിറ്റബിൾ ഫാം വണ്ടിപ്പെരിയാർ, വിത്ത് തോട്ടം മുണ്ടേരി എന്നിവിടങ്ങളിൽ ഇതിനായുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) എങ്കിൽ കാർഷിക മേഖലയെ സമ്പൂർണ്ണമായി ടൂറിസവുമായി ബന്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം പദ്ധതികളെക്കുറിച്ച് വിശദീകരിക്കാമോ?

കാർഷിക മേഖലയെ സമ്പൂർണ്ണമായി ടൂറിസവുമായി ബന്ധിപ്പിക്കാൻ സ്വീകരിച്ച നടപടിയാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതി. കാർഷിക ഉൽപന്നങ്ങളുടെ വില്പന ശൃംഖല, ഫാം വിസിറ്റ് യൂണിറ്റുകൾ, ഫാം ആക്ടിവിറ്റി സെന്ററുകൾ, വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപന്ന വില്പന ഔട്ട്‌ലെറ്റ്,

മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ എന്നിവ വഴി കേരളത്തിലെ എല്ലാ വിധത്തിലുള്ള കർഷകരെയും ടൂറിസവുമായി ബന്ധിപ്പിക്കുന്നു.

(സി) കാർഷിക ടൂറിസം പ്രാവർത്തികമാക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കാർഷിക ടൂറിസം പ്രാവർത്തികമാക്കിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പദ്ധതിയാണ് 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്'. പ്രസ്തുത പദ്ധതി വഴി കർഷകർക്ക് ടൂറിസവുമായി ബന്ധപ്പെട്ട് വരുമാന ലഭ്യത ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ ഭാഗമാകാൻ താൽപര്യമുള്ളവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. 103 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക ടൂർ പാക്കേജുകളും ഇതിന്റെ ഭാഗമായി യൂണിറ്റുകൾ ഒരുക്കുന്നുണ്ട്.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമായി കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്ത് യൂണിറ്റുകളിൽ കഴിഞ്ഞ സാമ്പത്തികവർഷം 16,86,000/- രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്.

(ഡി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്ഷയിച്ച് പോയേക്കാവുന്ന പരമ്പരാഗത കാർഷിക രീതികളെയും ഗ്രാമീണ ജീവിതത്തിന്റെ വിശുദ്ധിയെയും നിലനിർത്താൻ കാർഷിക ടൂറിസം പര്യാപ്തമാണോയെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

കാർഷിക രീതികളെയും ഗ്രാമീണ ജീവിതത്തിന്റെ വിശുദ്ധിയെയും നിലനിർത്തുന്നതിന് ‘കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്’’ പദ്ധതി സഹായകരമാകുന്നുണ്ട് എന്നാണ് വിലയിരുത്തൽ.

**റോഡുകളുടെയും പാലങ്ങളുടെയും ഗുണനിലവാരം**

28(*418) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. പ്രശാന്ത്:

<u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും ഗുണനിലവാരവും ദീർഘസേവന കാലയളവും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം, ദീർഘസേവന കാലയളവ് എന്നിവ ഉറപ്പുവരുത്തുന്നതിന് ഒന്നാംഘട്ടമായി ഫീൽഡ് ഓഫീസർമാരും രണ്ടാംഘട്ടം ക്വാളിറ്റി കൺട്രോൾ വിങ്ങും ഗുണനിലവാര പരിശോധന നടത്തിവരുന്നുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിന് 3 റീജിയണൽ ലബോറട്ടറികളും 11 ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. ഈ ഓഫീസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡിസൈൻ വിഭാഗം ചീഫ്

എഞ്ചിനീയറുടെ കാര്യാലയത്തിൽ ക്വാളിറ്റി കൺട്രോൾ മോണിറ്ററിങ് സെൽ പ്രവർത്തിച്ചുവരുന്നു. 3 റീജിയണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ 11 ജില്ലാ ലബോറട്ടറികളിൽ പരിശോധന നടത്തി റിപ്പോർട്ട് ക്വാളിറ്റി കൺട്രോൾ മോണിറ്ററിങ് സെല്ലിൽ സമർപ്പിക്കുന്നു. കൂടാതെ ഡയറക്ടർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ ക്വാളിറ്റി ലാബുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവലോകനം നടത്തി റിപ്പോർട്ട് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ എല്ലാ മാസവും ഓൺലൈൻ/ഓഫ്‌ലൈൻ വഴി ക്വാളിറ്റി കൺട്രോൾ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. ചീഫ് എഞ്ചിനീയർ ഡിസൈൻ ഓഫീസ് ക്വാളിറ്റി കൺട്രോൾ വിങ് ലഭ്യമാക്കുന്ന പ്രതിമാസ റിപ്പോർട്ടുകൾ അവലോകനം ചെയ്തുകൊണ്ട് പ്രവൃത്തിയുടെ മേന്മ ഉറപ്പുവരുത്താറുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ സംസ്ഥാന ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സർക്കാർ റോഡ് സെക്ടറിലെ അഞ്ച് Thematic മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു മികവിന്റെ

കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഈ thematic മേഖലകളിൽ ഒന്നായ ഗുണനിലവാര നിയന്ത്രണത്തിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖ്യമായ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ NABL അംഗീകൃത ലബോറട്ടറിയാണ്. വർഷംതോറും NABL ഓഡിറ്റുകൾക്ക് വിധേയമായി അന്താരാഷ്ട്ര ലബോറട്ടറി നിലവാരങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നു. ഇതിലൂടെ വകുപ്പിലെ പരിശോധനകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നു.

ഗുണനിലവാരവുമായി ബന്ധപ്പെട്ട് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിവിധ ഗവേഷണങ്ങളും piloting studies-ഉം നടത്തിവരുന്നു. IIT മദ്രാസുമായി സഹകരിച്ചുകൊണ്ട്, തീരപ്രദേശങ്ങളിലെ നിർമ്മാണത്തിനായി ബ്ലാസ്റ്റ് ഫർണസ് സ്ലാഗ് അടങ്ങിയ സിമന്റ് ഉപയോഗം പ്രോത്സാഹിപ്പിച്ചു. വലിയഴിക്കൽ പാലം നിർമ്മാണത്തിന് ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. നിർമ്മിതികളുടെ ഈട് വർധിപ്പിക്കുന്ന നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി അൾട്രാ ഹൈ പെർഫോമൻസ് കോൺക്രീറ്റ് സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ,

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാലങ്ങളുടെയും നിർമ്മിതികളുടെയും Non-Destructive പരിശോധന നടത്തിവരുന്നു. ഇത് മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും ഈടും വർധിപ്പിക്കാൻ സഹായിക്കും.

സമീപകാലത്ത്, റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലുകളുടെ (aggregate) അമിത അസിഡിറ്റിയാണ് റോഡുകളുടെ തകരാറുകൾക്ക് ഒരു കാരണം എന്ന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തുകയും പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തു. ഇവ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടത്തുന്ന ചില പ്രവർത്തനങ്ങളാണ്.

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടാസ്ക്ഫോഴ്സ് അവലോകനം ചെയ്യുന്നു. കൂടാതെ സാങ്കേതിക പ്രവർത്തനങ്ങൾ ചീഫ് എഞ്ചിനീയർ (ഡിസൈൻ) എല്ലാ മാസവും അവലോകനം ചെയ്യുന്നു.

(സി) റോഡ് വികസനവുമായി ബന്ധപ്പെട്ട് മികവിന്റെ കേന്ദ്രമായി മാറ്റുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (KHRI) റോഡ് സെക്ടറിലെ അഞ്ച് മേഖലകളിൽ മികവിന്റെ കേന്ദ്രമായി 2020-ൽ ഉയർത്തിയിട്ടുണ്ട്. ഈ മേഖലകൾ ചുവടെ ചേർക്കുന്നു:

1. നൂതന രൂപകല്പനയും നിർമ്മാണ രീതികളും (Innovation in Design/ Construction Practices)
2. ഗുണനിലവാരം ഉറപ്പാക്കലും കരാർ മാനേജ്മെന്റും (Quality Assurance and Contract Management)
3. റോഡ് അസെറ്റ് മാനേജ്മെന്റ് (Road Asset Management)
4. റോഡ് സുരക്ഷ മാനേജ്മെന്റ് (Road Safety Management)
5. തദ്ദേശീയ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കൽ (Promoting indigenous Research and Development)

ഇതുമായി ബന്ധപ്പെട്ട് ഇൻഡ്യയിലെ പ്രമുഖ IIT-കൾ, IISC എന്നിവയുമായി സഹകരിച്ച് നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## സീനിയർ സിറ്റിസൺ ഹോംസ്

29(*419) ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാനുപാതികമായി മുതിർന്ന പൗരൻമാരുടെ എണ്ണം സംസ്ഥാനത്ത് വർധിച്ചുവരുന്ന സാഹചര്യത്തിൽ വൃദ്ധജനങ്ങളെ ഒരുമിച്ച് താമസിപ്പിച്ച് അവർക്കാവശ്യമായ സഹായങ്ങളും സംരക്ഷണവും നൽകുന്നതിനായി സീനിയർ സിറ്റിസൺ ഹോംസ് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് പദ്ധതി തയാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മുതിർന്ന പൗരൻമാർക്കുവേണ്ടി പ്രത്യേക ഭവന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി 'സായന്തനം' എന്ന പേരിൽ സകലവിധ സൗകര്യങ്ങളും ആരോഗ്യപരിപാലനവും മാനസികസൗഖ്യവും ഉറപ്പുവരുത്തുന്ന 'സീനിയർ സിറ്റിസൺ ഹോംസ്' നിർമ്മിക്കുന്നതിനുള്ള ഒരു

പദ്ധതി ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള കോട്ടയം ഗാന്ധിനഗറിലെ 50.55 സെന്റ് സ്ഥലത്ത് 18 കോട്ടേജുകളും തിരുവനന്തപുരം നെട്ടയത്തുള്ള 63.66 സെന്റ് സ്ഥലത്ത് ബഹുനില കെട്ടിടവും (74 യൂണിറ്റ്) നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭവന, നഗരകാര്യ മന്ത്രാലയം (MoHUA) പുറപ്പെടുവിച്ച 'റിട്ടയർമെന്റ് ഹോമുകളുടെ വികസനത്തിനും നിയന്ത്രണത്തിനും' വേണ്ടിയുള്ള മാതൃകാ മാർഗനിർദേശങ്ങളും RERA നിയമങ്ങളും കർശനമായി അനുശാസിക്കുന്ന രീതിയിലായിരിക്കും ഭവന നിർമ്മാണ ബോർഡ് മുഖേന ടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫ്ലാറ്റുകളുടെ/ കോട്ടേജുകളുടെ വില്പനവില ഗുണഭോക്താക്കളിൽനിന്ന് ശേഖരിച്ച് RERA-യിൽ രജിസ്റ്റർ ചെയ്യുന്ന പദ്ധതിയായാണ് ഇത് നടപ്പാക്കുക.

(ബി) സ്വകാര്യ മേഖലയിലുള്ള റിട്ടയർമെന്റ് ഹോംസ് നടത്തിപ്പുകാർ ഉപഭോക്താക്കളെ അമിത ചൂഷണത്തിന് വിധേയമാക്കുന്നുവെന്ന ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ന്യായമായ നിരക്കിൽ മുതിർന്ന

പൗരൻമാരെ ഒരുമിച്ച് താമസിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സ്വകാര്യ മേഖലയിൽ നിലവിലുള്ള സീനിയർ സിറ്റിസൺസ് ഹോമുകളിൽനിന്നുള്ള ചൂഷണം ഒഴിവാക്കിക്കൊണ്ട് സർക്കാർ മേഖലയിൽതന്നെ മുതിർന്ന പൗരൻമാർക്ക് അതിനേക്കാൾ ചെലവ് കുറഞ്ഞ എന്നാൽ മികച്ച സൗകര്യങ്ങൾ നൽകുന്ന സീനിയർ സിറ്റിസൺ ഹോംസ് എന്ന ആശയത്തിനാണ് ഭവനനിർമ്മാണ ബോർഡ് രൂപം നൽകിയിട്ടുള്ളത്.

(സി) ഭവന നിർമ്മാണ ബോർഡുവഴി ഈ തരത്തിൽ ഒരു പദ്ധതി നടപ്പാക്കുന്നതിന് മാർഗനിർദേശങ്ങൾ നൽകാനോ നിയമനിർമ്മാണം നടത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

RERA ചട്ടങ്ങളനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനാൽ പ്രസ്തുത സീനിയർ സിറ്റിസൺ ഹോംസിന്റെ നിർമ്മാണത്തിനായി നിയമ നിർമ്മാണം നടത്തേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല.

**തീരദേശ ഹൈവേയുടെ നിർമ്മാണം**

30(*420) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ ഭാഗമായി പണി പൂർത്തീകരിച്ച റീച്ചുകളുടെ വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 2 റീച്ചുകളിലായി പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 6.25 കിലോമീറ്ററും മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കിലോമീറ്ററും ചേർത്ത് ആകെ 10.10 കിലോമീറ്റർ റോഡ് നിർമ്മാണവും കോഴിക്കോട് ജില്ലയിലെ 1 കിലോമീറ്റർ വരുന്ന ഏലത്തൂർ കോരപ്പുഴ പാലത്തിന്റെ നിർമ്മാണവുമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്.

(ബി) പൂർത്തീകരിച്ച റീച്ചുകളെ നേരത്തെ നൽകിയ വാഗ്ദാനമനുസരിച്ച് സൈക്കിൾ ട്രാക്കോടുകൂടി ഡിസൈൻ ചെയ്ത റോഡായി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരദേശ ഹൈവേയുടെ ഭാഗമായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച റോഡ് റീച്ചുകളിൽ മുൻനിശ്ചയിച്ച പ്രകാരം സൈക്കിൾ ട്രാക്ക് ഉൾപ്പെടെയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. മലപ്പുറം ജില്ലയിൽ പൂർത്തിയാക്കിയ രണ്ട് പ്രവൃത്തിയിലും സൈക്കിൾ ട്രാക്കോടുകൂടിയാണ് ഹൈവേ നിർമ്മിച്ചിരിക്കുന്നത്.

(സി) നിർമ്മാണം പൂർത്തിയായ പ്രദേശങ്ങളെ വിലയിരുത്തി തീരദേശത്ത് ഭാവിയിൽ ഉണ്ടാകാവുന്ന വികസനങ്ങൾ വിശദമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തിയായ മലപ്പുറം ജില്ലയിലെ മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.8 കിലോമീറ്റർ നീളം വരുന്ന റീച്ച് പൂർത്തീകരിച്ചത് പ്രദേശത്തിന്റെ സമഗ്രവികസനത്തിന് സഹായകരമാകുന്നുണ്ട്. ഈ റോഡ് മെച്ചപ്പെട്ടതോടെ പ്രദേശത്തെ മത്സ്യബന്ധന മേഖലയ്ക്ക് സഹായകരമായിട്ടുണ്ട്. അതോടൊപ്പം പ്രധാന

വിനോദസഞ്ചാര കേന്ദ്രമായ ളുവൽ തീരം ബീച്ചിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ സഹായകരമാകുകയും ഇത് മുഖാന്തരം കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാനും സാധിച്ചിട്ടുണ്ട്.

തീരദേശ ഹൈവേ പൂർത്തിയാകുന്നതോടെ തീരമേഖലയുടെ തൊഴിലും ജീവിതനിലവാരവും ഉയരും. തീരമേഖലയിലെ ടൂറിസം കേന്ദ്രങ്ങളുടെ വികാസവും അത്തരം കേന്ദ്രങ്ങളിൽ തീരദേശജനതയ്ക്ക് കൂടുതൽ തൊഴിലവസരവും ലഭ്യമാകും. മത്സ്യബന്ധന മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കാനെടുക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഇതിലൂടെ മത്സ്യബന്ധന വിപണനം ശക്തിപ്പെടുത്താനും സാധിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് സുഗമമായി ഹാർബറുകളിലേക്ക് എത്തിച്ചേരുന്നതിന് വഴിയൊരുക്കുന്നതിലൂടെ മത്സ്യബന്ധന തൊഴിലാളികൾക്ക് മികച്ച വിലയും ഉപഭോക്താക്കൾക്ക് നല്ല മത്സ്യത്തിന്റെ ലഭ്യതയും ഉറപ്പുവരുത്തുന്നതിനും തീരദേശ ഹൈവേ പൂർത്തീകരിക്കുന്നതിലൂടെ സാധ്യമാകുന്നതാണ്. കൂടാതെ റോഡ് ഉപയോക്താക്കളുടെയും തദ്ദേശവാസികളുടെയും ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന

തരത്തിലാണ് നിർദിഷ്ട തീരദേശ ഹൈവേ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി പാർക്കിങ് ബേ, ബസ് ബേ, ട്രക്ക് ബേകൾ, ടൂറിസം സൗകര്യങ്ങൾ, വിനോദ കേന്ദ്രങ്ങൾ തുടങ്ങിയ പാതയോര സൗകര്യങ്ങൾ/Wayside Amenities ഹൈവേയിൽ ഉടനീളം നിശ്ചിത ഇടവേളകളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങൾക്ക് പകരം വൈദ്യുതി ഉപയോഗിക്കുന്ന പരിസ്ഥിതി സൗഹൃദ വാഹനങ്ങളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, ഓരോ 12 കിലോമീറ്റർ ഇടവേളയിലും ചാർജിങ് സ്റ്റേഷനുകളും വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) തീരദേശ ഹൈവേ നിർമ്മാണത്തിന്റെ ഏതൊക്കെ ഭാഗങ്ങളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂർ വരെ ആകെ 600 കിലോമീറ്ററോളം വരുന്ന തീരദേശ ഹൈവേ പദ്ധതിയുടെ 529.5 കി. മീ. ഭാഗമാണ് കിഫ്ബി ഫണ്ടിങ് വിനിയോഗിച്ച് നിർമ്മിക്കുന്നത്. ഇതിൽ 525 കി. മീ. കേരള റോഡ് ഫണ്ട്

ബോർഡ് മുഖേനയും 4.5 കി. മീ. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള മുഖേനയുമാണ് നിർവഹണം നടത്തുന്നത്.

(ഇ) നിലവിൽ ഭൂമി ഏറ്റെടുക്കലിന് സാമ്പത്തിക അനുമതി ലഭിച്ച റീച്ചുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് സാമ്പത്തികാനുമതി ലഭിച്ച റീച്ചുകൾ ചുവടെ ചേർക്കുന്നു.

**1. തിരുവനന്തപുരം ജില്ല – 4 റീച്ചുകൾ – 74.20 കി. മീ.**

റീച്ച് 1 - പൊഴിയൂർ മുതൽ കോവളം വരെ 18.94 കി. മീ. - 55.07 കോടി

റീച്ച് 2 - കുമരിച്ചന്ത മുതൽ പള്ളിത്തുറ വരെ 18.08 കി. മീ. - 255.09 കോടി

റീച്ച് 3 - പള്ളിത്തുറ മുതൽ ഒന്നാംപാലം വരെ 21.53 കി. മീ. - 135.59 കോടി

റീച്ച് 4 - ഒന്നാംപാലം മുതൽ കാപ്പിൽ വരെ 15.65 കി. മീ. - 72.87 കോടി

**2. കൊല്ലം ജില്ല – 3 റീച്ചുകൾ – 41.5 കി. മീ.**

റീച്ച് 1 - കാപ്പിൽ മുതൽ തങ്കശ്ശേരി വരെ 17.80 കി. മീ. - 179.57 കോടി

റീച്ച് 2 - തങ്കശ്ശേരി മുതൽ നീണ്ടകര വരെ 7.18 കി. മീ. - 41.03 കോടി

റീച്ച് 3 - ഇടപ്പള്ളികോട്ട മുതൽ അഴീക്കൽ വരെ 16.52 കി. മീ.- 122.70 കോടി

**3. ആലപ്പുഴ ജില്ല – 2 റീച്ചുകൾ – 54.99 കി. മീ.**

റീച്ച് 1 - വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെ 22.10 കി. മീ.- 142.57 കോടി

റീച്ച് 3 - SH ബൈപാസ് ക്രോസിങ് മുതൽ സൗത്ത് ചെല്ലാനം വരെ -

32.89 കി. മീ. - 91.02 കോടി

**4. എറണാകുളം ജില്ല – 2 റീച്ചുകൾ – 48.00 കി. മീ.**

റീച്ച് 1 - സൗത്ത് ചെല്ലാനം മുതൽ ഫോർട്ട് കൊച്ചി വരെ 21.30-184.60 കോടി

റീച്ച് 2 - പുതുവൈപ്പ് മുതൽ മുനമ്പം വരെ 26.70 കി. മീ.-238.66 കോടി

**5. തൃശ്ശൂർ ജില്ല – 3 റീച്ചുകൾ – 61.94 കി. മീ.**

റീച്ച് 1 - അഴീക്കോട് മുനമ്പം പാലം 0.875 കി. മീ. - 181.55 കോടി

റീച്ച് 2 - അഴീക്കോട് മുതൽ വലപ്പാട് വരെ 32.14 കി. മീ. - 182.81 കോടി

റീച്ച് 3 - വലപ്പാട് - കാപ്പിരിക്കാട് 28.92 കി. മീ. - 136.28 കോടി

**6. മലപ്പുറം ജില്ല – 5 റീച്ചുകൾ – 36.05 കി. മീ.**

റീച്ച് 1 - പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 14.98 കി. മീ.-57.78 കോടി

റീച്ച് 2 - ഉണ്ണിയാൽ മുതൽ മുഹിയുദ്ധീൻ പള്ളി വരെ 8.1 കി. മീ.-41.54 കോടി

റീച്ച് 3 - മുഹിയുദ്ധീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.85 കി. മീ.-27.5 കോടി

റീച്ച് 4 - കെട്ടുങ്ങൽ മുതൽ അരിയല്ലൂർ വരെ 8.89 കി. മീ. - 21.01 കോടി

റീച്ച് 5 - മുദിയം പാലം - 0.23 കി. മീ.-23.92 കോടി

ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ച മലപ്പുറം ജില്ലയിലെ ചെ.0/00 മുതൽ ചെ.4/800 വരെയുള്ള ഭാഗം

**7. കോഴിക്കോട് ജില്ല – 11 റീച്ചുകൾ – 49.51 കി. മീ.**

റീച്ച് 1- കടലുണ്ടി കടവ് മുതൽ മടത്തിൽ പാടം വരെ 5.69 കി.മീ.-10.11 കോടി

റീച്ച് 3 - ബിസി റോഡ് മുതൽ കോതി വരെ 6.50 കി. മീ.-86.25 കോടി

റീച്ച് 5 - പുതിയാപ്പ മുതൽ പുതിയനിരത്ത് വരെ 0.45 കി. മീ. - 2 കോടി

റീച്ച് 6 - പുതിയനിരത്ത് മുതൽ കോരപ്പുഴ വരെ 3.46 കി. മീ. - 0.61 1 കോടി

റീച്ച് 7 - കോരപ്പുഴ പാലം - 28.85 കോടി

റീച്ച് 8 - കോരപ്പുഴ മുതൽ കൊയിലാണ്ടി വരെ 10.94 കി. മീ. - 11.76 കോടി

റീച്ച് 9 - കൊയിലാണ്ടി മുതൽ മുത്തായം വരെ 6.59 കി. മീ. - 105.28 കോടി

റീച്ച് 10 - മുത്തായം മുതൽ കൊടിക്കൽ വരെ 4.53 കി. മീ. - 3.55 കോടി

റീച്ച് 11 - കൊടിക്കൽ മുതൽ കൊളവിപ്പാലം വരെ 7.50 കി.മീ. - 64.47 കോടി

റീച്ച് 12- കൊളാവിപ്പാലം മുതൽ കോട്ടക്കൽ കടവ് വരെ 2.86 കി.മീ. - 34.33 കോടി

റീച്ച് 13 - കുഞ്ഞാലി മരക്കാർ പാലം 0.99 കി. മീ.- 9.77 കോടി

**8. കണ്ണൂർജില്ല – 4 റീച്ചുകൾ – 45.61 കി. മീ.**

റീച്ച് 1 - മാഹി മുതൽ പയ്യാമ്പലം വരെ 31.10 കി. മീ. - 133.82 കോടി

റീച്ച് 3 - മീൻകുന്ന് മുതൽ ചാൽ വരെ 3.7 കി. മീ. - 2.42 കോടി

റീച്ച് 5 - പാലക്കോട് മുതൽ കുന്നരു സിറ്റി വരെ 4.67 കി. മീ. - 34.71 കോടി

റീച്ച് 8- കുന്നരു സിറ്റി മുതൽ പാണ്ട്യാലക്കടവ് വരെ 6.14 കി.മീ. -6.50 കോടി

**9. കാസർഗോഡ് ജില്ല – 2 റീച്ചുകൾ – 56.29 കി. മീ.**

റീച്ച് 1 - വലിയപറമ്പ് പാലം 0.44 കി. മീ. - 55.45 കോടി

റീച്ച് 2 - പാണ്ട്യാലക്കടവ് മുതൽ പന്നിക്കുന്ന് വരെ 56.15 കി.മീ. - 44.68 കോടി

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇരവിപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

1(4899) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിൽ 2021 വർഷം മുതൽ നാളിതുവരെ കെട്ടിടങ്ങൾ, നിരത്തുകൾ, പാലങ്ങൾ എന്നീ വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടെയും അനുവദിച്ച തുകയുടെയും വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**നിരത്തുകൾ**

അനുബന്ധം 1 ആയി ചേർക്കുന്നു.+

**കെട്ടിട വിഭാഗം**

അനുബന്ധം 2 ആയി ചേർക്കുന്നു.+

**പാലങ്ങൾ വിഭാഗം**

1. മുണ്ടയ്ക്കൽ-കൊണ്ടേത്ത് പാലം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മുണ്ടയ്ക്കൽ-കൊണ്ടേത്ത് പാലത്തിനും മുണ്ടയ്ക്കൽ-കച്ചിക്കടവ് പാലത്തിനുമായി 5.5 കോടി രൂപയുടെ ഭരണാനുമതി 05-01-2021-ൽ നൽകിയിരുന്നു. റോഡ് നിർമ്മാണത്തിന് കിഫ്ബി പ്രോജക്ട് പ്രൊപ്പോസൽ ഉള്ളതിനാൽ പാലം നിർമ്മാണത്തിനായി മാത്രം ഭരണാനുമതി പുനർനാമകരണം ചെയ്യാൻ CMT മീറ്റിങ്ങിൽ തീരുമാനമെടുക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 8.44 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കും നാമകരണ മാറ്റത്തിനുമായി പാലങ്ങൾ വിഭാഗം സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

2. പരവൂർ മയ്യനാട് പാലം

ഇരവിപുരം മണ്ഡലവും ചാത്തന്നൂർ മണ്ഡലവും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലം. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 35.11 ലക്ഷം രൂപയുടെ ഭരണാനുമതി 03-07-2023-ൽ നൽകിയിട്ടുണ്ട്. 15-11-2023-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിക്കുന്നു.

3. Maintenance of Iravipuram Bridge

ഈ പ്രവൃത്തിക്കായി 6.5 ലക്ഷം രൂപയുടെ ഭരണാനുമതി 17-02-2023-ൽ നൽകിയിട്ടുണ്ട്. 24-02-2023-ൽ കരാർവച്ച പ്രസ്തുത പ്രവൃത്തി 21-02-2024-ൽ പൂർത്തീകരിച്ചു.

4. Providing 50 MM BC in ROB near SN College, Kollam

20-02-2024-ൽ 41 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

5. Removing and refixing existing expansion joint of Thanni Bridge in Kollam district.

1.12 ലക്ഷം രൂപയുടെ ഭരണാനുമതി 05-01-2024-ൽ ലഭിച്ച ഈ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

**ബൈപാസുകളുടെ നിർമ്മാണം**

2(4900) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബൈപാസുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**നിരത്ത് വിഭാഗം**

അനുബന്ധം 1 ആയി ചേർക്കുന്നു.+

**കെ.ആർ.എഫ്.ബി.–പി.എം.യു.**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ആർ.എഫ്.ബി.–പി.എം.യു.-ന് കീഴിൽ കൊല്ലം ജില്ലയിലെ അഞ്ചൽ ബൈപാസ് പ്രവൃത്തി ആയൂർ അഞ്ചൽ പ്രവൃത്തിയിലുൾപ്പെടുത്തി 21-02-2024-ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ആർ.ബി.ഡി.സി.കെ.**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ബി.ഡി.സി.കെ. മുഖാന്തരം നിർമ്മാണം പൂർത്തിയാക്കിയ പേരാമ്പ്ര ബൈപാസ് 30-04-2023-ന് ഗതാഗതത്തിന് തുറന്നുകൊടുത്തു.

(ബി) ഏതെല്ലാം ബൈപാസുകളുടെ നിർമ്മാണമാണ് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്നത്; വിശദമാക്കുമോ?

**കെ.ആർ.എഫ്.ബി.-പി.എം.യു.**

കെ.ആർ.എഫ്.ബി.-പി.എം.യു.-ന് കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ കൊല്ലം - 1, എറണാകുളം - 2, തൃശ്ശൂർ - 3, മലപ്പുറം - 2, കോഴിക്കോട് - 1, കണ്ണൂർ - 1 പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. മേൽ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബൈപാസ്

കൊട്ടാരക്കര ബൈപാസ് നിർമ്മാണം (ഫ്ലൈ ഓവർ ഉൾപ്പെടുന്ന) SH1-MC റോഡിന് സമാന്തരമായി കൊട്ടാരക്കര ഭാഗത്ത് ബൈപാസ് നിർമ്മാണം എന്ന പദ്ധതി നടപ്പാക്കുന്നതിനായി 05-11-2022-ലെ GO(Rt)No.1069/2022/PWD പ്രകാരം തത്വത്തിൽ ഭരണാനുമതിയും കിഫ്ബി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27-04-2023-ലെ ഉത്തരവ് നമ്പർ PWD 025-01/APR-1/2023/KIIFB പ്രകാരം 110.36 കോടി രൂപയുടെ സാമ്പത്തികാനുമതി സ്ഥലമേറ്റെടുക്കുന്നതിനായും ലഭ്യമായിട്ടുള്ളതാണ്.

2. <u>തൃശ്ശൂർ ജില്ലയിലെ കേച്ചേരി - അക്കിക്കാവ് ബൈപാസ് റോഡ്</u>

14-03-2017-ലെ GO(Rt)No.1324/2016 PWD പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതിയും പുതുക്കിയ സാമ്പത്തികാനുമതി പ്രകാരം 15-02-2020-ൽ 48.59 കോടി രൂപയും 11-12-2020-ൽ 29.42 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 35 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. <u>തൃശ്ശൂർ ജില്ലയിലെ ചേലക്കര ബൈപാസ്</u>

10-07-2017-ലെ GO.(Rt)No.942/2017/PWD പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതിയും 3.17 കോടി രൂപയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി സാമ്പത്തികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. നിലവിൽ ഈ പ്രവൃത്തിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പൊതുജന അഭിപ്രായ സ്വീകരണം 22-06-2024-ൽ പൂർത്തിയായിട്ടുള്ളതാണ്.

4. <u>തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ബൈപ്പാസ്</u>

10-07-2017-ലെ GO(Rt)No.942/2017/PWD പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. നിലവിൽ പ്രവൃത്തി DPR ഘട്ടത്തിലാണ്.

G.O.(Rt) No.1069/2022/PWD പ്രകാരം 05-11-2022-ൽ എറണാകുളം ജില്ലയിൽ കോലഞ്ചേരി ബൈപാസ്, തറയിൽ കവല ബൈപാസ്, മലപ്പുറം ജില്ലയിൽ കർമ്മ ബൈപാസ്, വേങ്ങര ബൈപാസ്, കോഴിക്കോട് ജില്ലയിൽ ഫറോക്ക് IOC ബൈപാസ്, കണ്ണൂർ ചക്കരക്കൽ ബൈപാസ് എന്നീ 6 പുതിയ ബൈപ◌ാസുകൾക്ക് 200 കോടി രൂപയ്ക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

**ആർ.ബി.ഡി.സി.കെ**

അനുബന്ധം 2 ആയി ചേർക്കുന്നു+

**എസ്റ്റിമേറ്റ് സമർപ്പിച്ച പ്രവൃത്തികളുടെ ഭരണാനുമതി ലഭിക്കുന്നതിന് നടപടി**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

3(4901) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ ബജറ്റിൽ 20 ശതമാനം തുക നീക്കിവച്ച പെരുമ്പൂള-നായാടംപൊയിൽ പ്രവൃത്തി പ്രായോഗികമല്ലാത്തതിനാൽ തുക വ്യത്യാസമില്ലാതെ രണ്ട് പ്രവൃത്തികൾക്ക് (മുക്കം ടൗൺ പരിഷ്കരണം-രണ്ടാം ഘട്ടം, മുക്കം-കുറ്റിപ്പാല-വെസ്റ്റ് മാമ്പറ്റ) പൊതുമരാമത്ത് വകുപ്പിന് എസ്റ്റിമേറ്റ് സമർപ്പിച്ചുവെങ്കിലും ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഈ രണ്ട് പ്രവൃത്തികൾക്കും അടിയന്തരമായി ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മുക്കം-കുറ്റിപ്പാല-വെസ്റ്റ് മാമ്പറ്റ ബൈപാസ് റോഡ് പ്രവൃത്തിക്ക് 02-07-2024-ലെ സ.ഉ.(സാധാ)നമ്പർ 664/2024/പൊ.മ.വ. പ്രകാരം 506 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മുക്കം ടൗൺ പരിഷ്കരണം - രണ്ടാം ഘട്ടം ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

## തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് സ്ഥലം

4(4902) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് പൊതുമരാമത്ത് വകുപ്പിന്റെ (ദേശീയപാത വിഭാഗം) കീഴിലുള്ള സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഫയൽ - 13/ഡി3/2023/പി.ഡബ്ല്യൂ.ഡി. (കംപ്യൂട്ടർ നം-2413922)-ന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് വകുപ്പ് തലത്തിൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് പൊതുമരാമത്ത് വകുപ്പിന്റെ (ദേശീയപാത വിഭാഗം) കീഴിലുള്ള സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

5(4903) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര കിലോമീറ്റർ റോഡുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനുകീഴിൽ 178.395 കിലോമീറ്ററും കെ.ആർ.എഫ്.ബി.-പി.എം.യു.-ന്റെ കീഴിൽ 67.025 കിലോമീറ്ററും ഉൾപ്പെടെ 245.42 കിലോമീറ്റർ റോഡുകളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത റോഡുകളുടെ പേര് വിവരം, നീളം, വീതി എന്നീ വിശദാംശം നൽകാമോ?

പ്രസ്തുത റോഡുകളുടെ പേര് വിവരം, നീളം, വീതി എന്നിവ അനുബന്ധം (എ) ആയി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) അതിൽ ഏതെല്ലാം റോഡുകൾ എത്ര കിലോമീറ്റർ വീതം ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകൾ എത്ര കിലോമീറ്റർ വീതം അപ്രകാരം നവീകരിക്കാൻ ബാക്കിയുണ്ടെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ റോഡുകൾ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കാൻ നടപടികളുണ്ടോയെന്ന് വിശദീകരിക്കാമോ?

(സി&ഡി) ബി.എം. & ബി.സി നിലവാരത്തിൽ ചെയ്തവയും ചെയ്യാൻ ബാക്കിയുള്ളവയുടെയും വിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.+

**തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ പൂത്തോട്ട റോഡ് വികസന പദ്ധതി**

6(4904) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ പൂത്തോട്ട റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

എസ്.എൻ. ജംഗ്ഷൻ പൂത്തോട്ട റോഡ് നാലുവരിപ്പാതയാക്കുന്നതിന് 300 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിന് 450 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് കിഫ്ബിയിൽനിന്ന് തീരുമാനമെടുത്തിട്ടുള്ളത്. ഒന്നാം ഘട്ടം എസ്.എൻ. ജംഗ്ഷൻ (ചെ.0/000) മുതൽ പുത്തൻകാവ് ജംഗ്ഷൻ (ചെ.12/600) വരെയും രണ്ടാംഘട്ടം പുത്തൻകാവ് (ചെ.12/600) മുതൽ പൂത്തോട്ട (ചെ.13/500) വരെയുമാണ്. ഇരുവശത്തും ഡ്രെയിനേജ്, ഫുട്ട്പാത്ത് ഉൾപ്പെടെ 22 മീറ്റർ വീതിയിൽ നാലുവരിയായി കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമാണ് റോഡ് വികസനം നടത്താൻ ഉദ്ദേശിക്കുന്നത്. റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി പൊന്നുംവില നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടുള്ളതും

വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ കിഫ്ബി സ്ഥല പരിശോധന നടത്തുകയും ബസ് ബേ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നിവയുൾപ്പെടുത്തി അലൈൻമെന്റ് റിവൈസ് ചെയ്യുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം പദ്ധതിയുടെ DPR പുതുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത വികസന പദ്ധതി അനിശ്ചിതമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായുള്ള സർവെ നടപടികൾ സ്പെഷ്യൽ തഹസിൽദാർ കിഫ്ബിയുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരികയാണ്. ബസ്ബേ, ജംഗ്ഷൻ വികസനം എന്നിവ കൂടി ഉൾപ്പെടുത്തിയ പുതുക്കിയ ഡ്രോയിങ് ഡിസൈൻ വിഭാഗത്തിൽനിന്ന് ലഭ്യമാക്കി അധികമായി വേണ്ടിവരുന്ന ഭൂമിക്ക് അതിർത്തിക്കല്ലുകൾ

സ്ഥാപിച്ച് പൊന്നുംവില നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പാലാ ബൈപാസ് റോഡിന്റെ മൂന്നാംഘട്ട പൂർത്തീകരണം**

**7(4905)** <u>**ശ്രീ. മാണി സി. കാപ്പൻ**</u>**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പാലാ ബൈപാസ് മൂന്നാംഘട്ടം പൂർത്തീകരണത്തിന് വിഘാതമായി നിൽക്കുന്ന പാലാ മരിയൻ ജംഗ്ഷനിലെ സാജൻ ഗീതാഞ്ജലിയുടെ ഉടമസ്ഥതയിലുള്ള സ്ഥലവും വീടും ഏറ്റെടുക്കുന്നതിന് സർക്കാർ അനുവദിച്ച തുക അദ്ദേഹത്തിന് നൽകി ബൈപാസിന്റെ മൂന്നാംഘട്ടം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത തുക അദ്ദേഹത്തിന് നൽകുമ്പോൾ പലിശ ഉൾപ്പെടെയുള്ള തുകയാണോ സർക്കാർ നൽകേണ്ടത്; വ്യക്തമാക്കാമോ?

(എ&ബി) ആർ.വി. ജംഗ്ഷൻ മുതൽ പുലിയന്നൂർ ജംഗ്ഷൻ വരെയുള്ള പാരലൽ റോഡ് - ശ്രീ. പി. എം. സാജൻ, ഗീതാഞ്ജലി, അരുണാപുരം -

സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പാലാ പാരലൽ റോഡ് റീച്ച് II പദ്ധതി പൂർത്തീകരണത്തിനായി ഭൂമി ഏറ്റെടുക്കലിനും റോഡ് നിർമ്മാണത്തിനുമായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കുട്ടനാട്ടിലെ മുണ്ടക്കൽ ചാവറ റോഡ് നവീകരണം**

8(4906) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ചാവറ ഭവനിലേക്ക് മുണ്ടക്കൽ ഭാഗത്തുനിന്നും ആരംഭിക്കുന്ന റോഡിന്റെ നവീകരണം വൈകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.–പി.എം.യു. മുഖേന നടപ്പാക്കുന്ന മുണ്ടയ്ക്കൽ പാലം-ചാവറ സി ബ്ലോക്ക് റോഡ് പ്രവൃത്തിക്കായി 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി

നൽകിയിട്ടുണ്ട്. തുടർന്ന്, 870 മീറ്റർ നീളമുള്ള പ്രസ്തുത പ്രവൃത്തിക്ക് 9.71 കോടി രൂപയുടെ ഡി.പി.ആർ. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം മുഖേന തയ്യാറാക്കി സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ ഡി.പി.ആർ. പരിശോധനയുടെ ഭാഗമായി അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിൽനിന്നും ആവശ്യമായ രേഖകൾ ലഭ്യമാക്കി കിഫ്ബിയിൽ പുനഃസമർപ്പിക്കുകയും ചെയ്തു. ഇതിനുശേഷം രണ്ടാമത്തെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് കിഫ്ബി നൽകുകയും ആയതിന്റെ മറുപടി ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിൽനിന്നും ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. കിഫ്ബിയിൽനിന്നും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് വീണ്ടും ലഭിക്കുകയും ആയതിനുള്ള മറുപടി പുന:സമർപ്പിക്കുകയും ചെയ്തു. നിലവിൽ ഡി.പി.ആർ. കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയിലാണ്. സമർപ്പിച്ച ഡി.പി.ആർ. അംഗീകരിച്ച് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് മുണ്ടൂർ പി.ഡബ്ല്യൂ.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനം**

9(4907) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ മുഖേന പൈപ്പിടുന്നതിന്റെ കാലതാമസം കാരണം വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് മുണ്ടൂർ പി.ഡബ്ല്യൂ.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൈപ്പിടുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം അറിയുമോ; വ്യക്തമാക്കാമോ?

പൈപ്പുകൾ ലഭ്യമാകുന്നതിന്റെ കാലതാമസംമൂലമാണ് പൈപ്പിടുന്നതിന് ഈ റോഡിൽ കാലതാമസം വരുന്നതെന്നാണ് കേരള വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നത്.

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

സമയാസമയങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് കത്തുകൾ മുഖേന ജലജീവൻ മിഷന്റെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നിർദേശങ്ങൾ നൽകുന്നുണ്ട്. DICC യോഗത്തിലും ഇതുസംബന്ധിച്ച നിർദേശം നൽകിയിട്ടുണ്ട്.

**ഏഴക്കാട്-വേലിക്കാട് റോഡ് നവീകരണം**

10(4908) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ ഏഴക്കാട്-വേലിക്കാട് റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) 20 ശതമാനം ബജറ്റ് പ്രൊവിഷനിലുൾപ്പെട്ട 3.77 കിലോമീറ്റർ വരുന്ന ഏഴക്കാട്-വേലിക്കാട് റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, സംരക്ഷണ ഭിത്തി പുതുക്കൽ, അത്യാവശ്യമുള്ള ഓടയുടെ നിർമ്മാണം, 40 mm ഘനത്തിൽ ക്ലോസ് ഗ്രേഡ് ഉപയോഗിച്ച് ഉപരിതലം പുതുക്കൽ മുതലായവ ഉൾപ്പെടുത്തി തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

11(4909) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനായുള്ള കണ്ടിൻജൻസി ചാർജ് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) റോഡ് ഫണ്ട് ബോർഡിന്റെ നേതൃത്വത്തിൽ നഗര പാത വികസന പദ്ധതിയിലുൾപ്പെടുത്തി കൊല്ലം നഗരത്തിലെ 23.76 കിലോമീറ്റർ റോഡുകളാണ് വികസിപ്പിക്കുന്നത് (മേവറം-കാവനാട് - 13.15 കിലോമീറ്റർ, റയിൽവേ സ്റ്റേഷൻ-ഡീസന്റ് ജംഗ്ഷൻ-6.30 കിലോമീറ്റർ, തിരുമുല്ലവാരം-കല്ലുപാലം-കച്ചേരി ജംഗ്ഷൻ-4.31 കിലോമീറ്റർ). ഇതിലേയ്ക്കായി 8.341 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. റോഡുകളുടെ ഫീൽഡ് തല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി. പദ്ധതിയുടെ ലാൻഡ് അക്വിസിഷനായി 435,65,03,647/- രൂപയും കണ്ടിജൻസി ചാർജിനത്തിൽ 50 ലക്ഷം രൂപയും 15-03-2024-ലെ സ.ഉ.(സാധാ) നം.371/2024/പൊ.മ.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജായ 50 ലക്ഷം രൂപ റിലീസ് ചെയ്യുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഇരവിപുരം മണ്ഡലത്തിലെ ക്യൂ.എ.സി റോഡിലെ റെയിൽവേ കൈയേറ്റം**

12(4910) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ക്യൂ.എ.സി. റോഡിൽ റെയിൽവേ കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ക്യൂ.എ.സി. റോഡിൽ റെയിൽവേ കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം തിട്ടപ്പെടുത്തൽ**

13(4911) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡ് പുറമ്പോക്ക് സ്ഥലം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ ഭാഗങ്ങളിലാണെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ പുറമ്പോക്ക് ഭൂമി പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. പരാതി ലഭിച്ചിട്ടുള്ള ചെയിനേജുകളിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. അയത്തിൽ പള്ളിമുക്ക് റോഡിൽ മുള്ളുവിള ജംഗ്ഷനിൽ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള പൊതുമരാമത്ത് റോഡുകളിലെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകണമെന്ന് കൊല്ലം താലൂക്ക് തഹസീൽദാരോട് പൊതുമരാമത്ത് വകുപ്പിൽനിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**കൊല്ലം-ചെങ്കോട്ട റോഡ് വികസനം**

14(4912) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലം-ചെങ്കോട്ട റോഡിന്റെ വികസനത്തിനായുള്ള ഇൻവെസ്റ്റിഗേഷനും വിശദമായ പദ്ധതിരേഖയും തയ്യാറാക്കുന്നതിനുള്ള നടപടികളുടെ പുരോഗമനം വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ വികസനം ദേശീയപാത വികസന അതോറിറ്റിയുടെ പരിഗണനയിലുള്ളതിനാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ; ദേശീയപാത വികസന അതോറിറ്റി ഈ റോഡിന്റെ വികസനത്തിനായുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ബജറ്റ് 2022-23-ൽ ഉൾപ്പെടുത്തി കൊല്ലം ചെങ്കോട്ട അങ്കമാലി മുതൽ കേശവദാസപുരം വരെയുള്ള നാലുവരിപ്പാത നിർമ്മാണ പദ്ധതികൾക്കായി 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൊല്ലം ചെങ്കോട്ട പദ്ധതിയുടെ feasibility report പൊതുമരാമത്ത് വകുപ്പിന്റെ, ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കി നൽകിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 01-08-2023-ൽ PWD secretary-യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത റോഡിൽ NHAI-യുടെ പ്രോജക്ടുകൾ നടക്കുന്നതിനാൽ മറ്റ് പ്രോജക്ടുകൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ദേശീയപാത വികസന അതോറിറ്റിയിൽനിന്നും വ്യക്തത വരുത്തുമോ; ഗതാഗത തിരക്കേറിയ പ്രസ്തുത റോഡിന്റെ വികസനത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത 744-ന്റെ ഇടമൺ മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് അടിയന്തര അറ്റകുറ്റപ്പണികൾക്കല്ലാതെ വികസനത്തിനായുള്ള യാതൊരു പദ്ധതിയും ഇപ്പോൾ നിലവിലില്ലെന്നാണ് NHAI അറിയിച്ചിരിക്കുന്നത്. ഇടമൺ മുതൽ കടമറ്റകോണം വരെ നിലവിലുള്ള ദേശീയപാതാ ഭാഗത്ത് ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന മാനദണ്ഡങ്ങളേക്കാൾ കുറഞ്ഞ അലൈൻമെന്റാണ് നിലവിലുള്ളത്. ഈ ഭാഗത്ത് വാസസ്ഥലങ്ങളും വാണിജ്യ സ്ഥാപനങ്ങളും ഉയർന്നുവന്നത് ഭൂമി ഏറ്റെടുക്കുന്നതിന് വെല്ലുവിളിയുയർത്തുന്നു. അതിനാൽ IRC മാനദണ്ഡങ്ങളനുസരിച്ചുള്ള ഒരു ഗ്രീൻ ഫീൽഡ് അലൈൻമെന്റാണ് ഡി.പി.ആർ. കൺസൽട്ടന്റ് മുന്നോട്ടുവച്ചിരിക്കുന്നത്.

**കുന്നത്തുനാട് മണ്ഡലത്തിൽ റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെട്ട റോഡുകൾ**

15(4913) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെട്ട റോഡുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) അവയിൽ ഏതൊക്കെ റോഡുകൾക്ക് തുക അനുവദിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; കരാറുകാരുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെട്ട റോഡുകളുടെ പട്ടിക അനുബന്ധം - 1 ആയും+ തുക അനുവദിച്ച് കരാർ ഉറപ്പിച്ച റോഡുകളുടെയും കരാറുകാരുടെയും വിശദാംശങ്ങൾ അനുബന്ധം -2 ആയും ചേർത്തിരിക്കുന്നു.+

(സി) കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത റോഡുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് എന്ത് സംവിധാനമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത റോഡുകൾക്ക് അടിയന്തര അറ്റകുറ്റപ്പണികൾ പ്രീ-മൺസൂൺ പ്രവൃത്തികളിലുൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

**തിരുവനന്തപുരം-അങ്കമാലി പാത**

16(4914) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.സി. റോഡിന് സമാന്തരമായി നിർമ്മിക്കുന്ന തിരുവനന്തപുരം-അങ്കമാലി പാതയുടെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് പാതയുടെ ഡി.പി.ആർ. താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**കഴക്കൂട്ടം-അടൂർ റോഡ് സുരക്ഷ ഇടനാഴി**

17(4915) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-അടൂർ റോഡ് സുരക്ഷാ ഇടനാഴി പദ്ധതി ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ എന്ത് തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

കഴക്കൂട്ടം-അടൂർ മാതൃകാ സുരക്ഷാ ഇടനാഴി പദ്ധതി 05-12-2016-ന് കരാർവച്ച് ആരംഭിച്ചു. ഈ പ്രവൃത്തിയുടെ ആകെ അടങ്കൽ തുക 146.67 കോടി രൂപയായിരുന്നു. ഈ പ്രവൃത്തിക്കുവേണ്ടി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Safe Corridor Demonstration Project (M/s. GHV-EKK (JV) | |
|---|---|
| Expenditure from IPC 01 to 31 (work bills) | 1,37,46,85,420 |
| Expenditure for Maintenance bills 1 to 5 | 1,36,32,520 |
| **Total** | **1,38,83,17,940** |

(ബി) റോഡ് സുരക്ഷാ ഇടനാഴിയുടെ ഭാഗമായി ഇവിടെ എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ക്രമീകരണങ്ങളെല്ലാം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെയും ഇനി പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശം വെളിപ്പെടുത്തുമോ?

റോഡ് വികസനത്തോടൊപ്പം റോഡ് സുരക്ഷാ പ്രവൃത്തികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് കഴക്കൂട്ടം-തൈക്കോട് ലിങ്ക് 72 ബൈപാസ് റോഡും തൈക്കോട് മുതൽ അടൂർ വരെയുള്ള എം.സി. റോഡിന്റെ ഭാഗവും അന്തർദേശീയ നിലവാരത്തിലുള്ള മാതൃകാ സുരക്ഷാ റോഡായി വികസിപ്പിക്കുകയെന്നതായിരുന്നു ഈ പ്രവൃത്തിയുടെ ലക്ഷ്യം. ബി.എം. & ബി.സി. ഉപരിതല നവീകരണം, ഓടകളുടെയും കലുങ്കുകളുടെയും നിർമ്മാണം, രണ്ട് പാലങ്ങളുടെ (ചടയമംഗലം, അടൂർ) വീതി കൂട്ടൽ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് (31 എണ്ണം), ബസ് കാത്തിരിപ്പ് കേന്ദ്രം (14 എണ്ണം), മിനി മാസ്റ്റ് ലൈറ്റ് (5 എണ്ണം), ആവശ്യമായ സ്ഥലങ്ങളിൽ ഇന്റർലോക്ക് ടൈലുകൾ പാകൽ, സംരക്ഷണ ഭിത്തി നിർമ്മാണം, ട്രാഫിക് സേഫ്റ്റി സൈൻ

ബോർഡുകൾ, റോഡ് മാർക്കിങ്, റോഡ് സ്റ്റഡ് എന്നീ പ്രവൃത്തികൾക്കുപുറമേ അധിക പ്രവൃത്തിയായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്നീ ക്രമീകരണങ്ങളാണ് ഈ പദ്ധതിയിലുണ്ടായിരുന്നത്. കൂടാതെ റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പോലീസ് വകുപ്പിന് വാഹനങ്ങൾ അനുവദിച്ചുനൽകി. പ്രസ്തുത ക്രമീകരണങ്ങളെല്ലാംതന്നെ 2020-ൽ പൂർത്തീകരിച്ച് 2026 വരെ മെയിന്റനൻസ് കാലാവധിയിലാണ്.

(സി) പ്രസ്തുത പാതയിൽ സിഗ്നൽ സംവിധാനമില്ലാത്ത എത്ര ജംഗ്ഷനുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

എല്ലാ മേജർ ജംഗ്ഷനുകളിലും സിഗ്നൽ സംവിധാനമുണ്ട്. (പോത്തൻകോട്, തൈക്കോട്, വെഞ്ഞാറമൂട്, കാരേറ്റ്, കിളിമാനൂർ, നിലമേൽ, ആയൂർ, കൊട്ടാരക്കര, നെല്ലിമൂട്ടിൽപ്പടി, അടൂർ ബൈപാസ് തുടങ്ങുന്നിടത്തും ബൈപാസ് അവസാനിക്കുന്നിടത്തും)

(ഡി) കഴക്കൂട്ടം-അടൂർ സുരക്ഷാ ഇടനാഴി പദ്ധതി പരാജയപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ?

മാതൃകാ സുരക്ഷാ പദ്ധതി പരാജയമല്ല. ഈ പദ്ധതിയിലൂടെ കേരളത്തിൽ ആദ്യമായി IRC-യുടെ അംഗീകാരത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള സൈൻ ബോർഡുകൾ, റോഡ് മാർക്കിങ്ങുകൾ മുതലായവ പ്രാവർത്തികമാക്കാൻ കഴിഞ്ഞു. ഇതുമൂലം ജനങ്ങളിൽ പുതിയ അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ആകെ 844 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ കെ.എസ്.റ്റി.പി. സ്ഥാപിച്ചിരുന്നു. കെ.എസ്.റ്റി.പി.-യുടെ 123-ാമത് സ്റ്റിയറിങ് കമ്മിറ്റിയുടെ നിർദേശപ്രകാരം ലോക്കൽ ബോഡീസിന്റെ റെസൊല്യൂഷൻ ലഭിക്കുന്നമുറയ്ക്ക് സോളാർ ലൈറ്റുകൾ മാറ്റി പകരം LED ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അവയുടെ മെയിന്റനൻസും എനർജി ചാർജും അതത് ലോക്കൽ ബോഡികളെ ഏല്പിക്കാൻ തീരുമാനമായിട്ടുള്ളതുമാണ്.

**റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടി**

18(4916) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ടി.ടി. അബ്ദുള്ള മാസ്റ്റർ സ്മാരക റോഡ്, പൂക്കിപ്പറമ്പ് അറക്കൽ ഒഴൂവൂർ റോഡ് എന്നീ രണ്ട് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ആവശ്യപ്പെട്ട പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള അനുകൂല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ രണ്ട് റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ട ആവശ്യകത സംബന്ധിച്ച വിവരങ്ങളും റോഡുകളുടെ പ്രത്യേകതകളും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

**പുതുക്കാട് മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ**

19(4917) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കുറുമാലി-തൊട്ടിപ്പാൾ റോഡ്, മണ്ണംപേട്ട-മാവിൻചുവട് റോഡ് എന്നിവയുടെ നിർമ്മാണം കരാറുകാരുടെ അനാസ്ഥമൂലം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കാമോ?

(എ&ബി) ചെങ്ങാലൂർ മണ്ണംപേട്ട മാവിൻചുവട് റോഡിന്റെ ബി.എം. പ്രവൃത്തി പൂർത്തീകരിക്കുകയും തുടർന്ന് കരാറുകാരന്റെ അനാസ്ഥമൂലം പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തിരുന്നു. ഈ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്യാൻ എഗ്രിമെന്റ് അതോറിറ്റിക്ക് ശിപാർശ ചെയ്തവേളയിൽ പ്രവൃത്തി പുനരാരംഭിക്കുകയും ബി.സി. പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് മൺസൂൺ സീസൺ ആരംഭിക്കുകയും കാലാവസ്ഥ അനുകൂലമാകുന്നമുറയ്ക്ക് ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ അറിയിച്ചിട്ടുള്ളതുമാണ്. കുറുമാലി

തൊട്ടിപ്പാൾ റോഡ് എന്ന പ്രവൃത്തിയിലെ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(സി) കുറുമാലി-തൊട്ടിപ്പാൾ റോഡ് നിർമ്മാണം അപകടസ്ഥിതിയിൽ പാതി വഴിയിൽ ഉപേക്ഷിച്ച കരാറുകാരനെ ഒഴിവാക്കുന്നതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

02-07-2024-ൽ പ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**അങ്കമാലി-കുണ്ടന്നൂർ പുതിയ റോഡ്**

20(4918) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-കുണ്ടന്നൂർ പുതിയ റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ റോഡിന്റെ ദിശ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ ദിശ നിർണ്ണയിച്ചിട്ടുള്ളത് എങ്ങനെയെന്ന് വ്യക്തമാക്കാമോ?

(എ&ബി) അങ്കമാലി-കുണ്ടന്നൂർ പുതിയ റോഡിന്റെ അലൈൻമെന്റിന് ദേശീയപാത അതോറിറ്റി ചെയർമാന്റെ നേതൃത്വത്തിലുള്ള LA Committee അന്തിമ അംഗീകാരം നൽകിയിട്ടുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ഇതിനായി സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കാമോ?

ദേശീയപാത 544 (അങ്കമാലി-കുണ്ടന്നൂർ ബൈപാസ്)-ന്റെ നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ ഇളവ് ചെയ്യുന്ന വിഷയം പരിഗണിക്കണമെന്ന ദേശീയപാത അതോറിറ്റിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കണിയാമ്പുഴ റോഡ് വികസനം**

21(4919) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരസഭയിലെ ഏരൂരും വൈറ്റിലയുമായി ബന്ധിപ്പിക്കുന്ന കണിയാമ്പുഴ റോഡിന്റെ വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

(എ-സി) General Budget Work 2019-20 Improvements to Eroor Kaniyampuzha Road Ch.0/700 to 2/250 including LA എന്ന പ്രവൃത്തിക്ക് സർക്കാർ 10 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി സമർപ്പിച്ച റോഡ് അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ

പ്രവൃത്തി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ നടമ വില്ലേജിൽനിന്നും 463 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനുള്ള ഉത്തരവ് റവന്യൂ വകുപ്പിൽനിന്ന് നൽകിയിട്ടുണ്ട്. Approved Alignment-ന്റെ Original Sketch റവന്യൂ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. Land Acquisition നടപടികൾ പൂർത്തിയാക്കി സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ക്രമീകരിക്കുന്നതാണ്.

**പുറമേരി-കുനിങ്ങാട് -വേറ്റുമ്മൽ റോഡ് നിർമ്മാണം**

22(4921) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുറമേരി-കുനിങ്ങാട്-വേറ്റുമ്മൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രവൃത്തിയിൽ എന്തൊക്കെ

ഘടകങ്ങളാണ് (എസ്റ്റിമേറ്റിലെ കമ്പോണെന്റ്സ്) ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ?

നബാർഡ് അംഗീകാരത്തോടെ നടപ്പാക്കുന്ന കുനിങ്ങാട്-പുറമേരി-വേറ്റുമ്മൽ റോഡ് ചെയിനേജ് 0/000 മുതൽ 3/050 പ്രവൃത്തിയിൽ 2 കിലോമീറ്റർ വരെ ഡ്രെയിനേജ്, ആക്സസ് സ്ലാബ്, 5 കൾവെർട്ട്, 1 ക്രോസ് ഡ്രെയിൻ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ കോൺക്രീറ്റ് ആൻഡ് ഡി.ആർ. ഡ്രെയിനേജ്, കോൺക്രീറ്റ് കൾവെർട്ട് 7 എണ്ണം ബി. എം. & ബി. സി. റോഡ് വർക്ക്, റോഡ് സേഫ്റ്റി വർക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ കരാർ കാലാവധി 9 മാസമാണ്. ആയത് പ്രകാരം 25-11-2024 വരെയാണ് പൂർത്തീകരണ തീയതി. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ നിർമ്മാണം**

23(4922) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തീരദേശ ഹൈവേ പദ്ധതിക്കായി 6500 കോടി രൂപയ്ക്ക് ഭരണാനുമതിയും വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ പുതുവൈപ്പ്-മുനമ്പത്തിന്റെ സ്ഥലമേറ്റെടുക്കലിനായി 238.66 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ (ബി) ഉത്തരവും നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് തീരദേശ ഹൈവേക്കായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി 6(1) നോട്ടിഫിക്കേഷൻ ഗസറ്റ് വിജ്ഞാപനം ഇറക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നുംവില

ഉദ്യോഗസ്ഥരുമായി (സ്പെഷ്യൽ തഹസിൽദാർ കിഫ്ബി) സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇതേ തുടർന്ന് 4(1) നോട്ടിഫിക്കേഷൻ, ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ച് 2024 ജൂണിൽ പൊതുജന അഭിപ്രായ സ്വീകരണവും നടത്തിയിട്ടുണ്ട്. നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ റവന്യൂ വകുപ്പിനുകീഴിൽ നടന്നുവരുന്നു.

(ബി) ഇതുസംബന്ധിച്ച സാമൂഹ്യാഘാത പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

CSES എന്ന ഏജൻസി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ട് CSES വെബ്സൈറ്റിൽ 25-05-2024-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൽകിയിട്ടുണ്ട്. പബ്ലിക് ഹിയറിങ്ങിലെ വിവരശേഖരണങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് CSES പ്രസിദ്ധീകരിക്കുന്നതാണ്.

(സി) പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ എത്ര കുടുംബങ്ങളേയും സ്ഥാപനങ്ങളേയും തീരദേശ ഹൈവേ നിർമ്മാണം ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കരട് റിപ്പോർട്ടിൻ പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പദ്ധതി ബാധിതരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങൾ - 741

പദ്ധതി പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ - 48

പദ്ധതി നേരിട്ട് ബാധിക്കുന്ന കെട്ടിടങ്ങൾ, വീടുകൾ - 301

വരുമാനദായക കെട്ടിടങ്ങൾ - 141

രണ്ടും ചേർന്നുള്ള കെട്ടിടങ്ങൾ - 16

മാറ്റി താമസിപ്പിക്കേണ്ടതായി വരുന്ന കുടുംബങ്ങൾ - 205

ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾ - 493

മാറ്റി സ്ഥാപിക്കേണ്ട കച്ചവട സ്ഥാപനങ്ങൾ - 116

(ഡി) അവർക്കായുള്ള പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് 10-03-2023-ലെ GO.(MS)No.50/2023/RD ഉത്തരവ്ുപ്രകാരം പ്രത്യേക പുനരധിവാസ പുനരുദ്ധാരണ പാക്കേജ് കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡിലെ വെള്ളക്കെട്ട്**

24(4923) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ബി.എം.ബി.സി. നിലവാരത്തിൽ നിർമ്മിച്ച കരുവന്തല-ചക്കംകണ്ടം റോഡിന്റെ പല ഭാഗങ്ങളിലും കാനകളുടെ

അപര്യാപ്തതമൂലം മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

വളരെ വീതി കുറഞ്ഞ റോഡായതിനാൽ ചില സ്ഥലങ്ങളിൽ കാന പണിയുന്നതിന് സാധിച്ചിരുന്നില്ല.

(ബി) പ്രസ്തുത റോഡിൽ വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങളിൽ കാന നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ സ്ഥലം ലഭ്യമല്ല. സ്ഥലവും ഫണ്ടും ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമുള്ള സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

**മൂവാറ്റുപുഴ-കൂത്താട്ടുകുളം ലിങ്ക് റോഡ്**

25(4924) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-കൂത്താട്ടുകുളം ലിങ്ക് റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം നിർത്തിവയ്ക്കാൻ കിഫ്ബി നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി ധന സഹായത്താൽ നവീകരണം വിഭാവന ചെയ്ത മൂവാറ്റുപുഴ-ക്കുത്താട്ടുകുളം റോഡ് പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും ആദ്യഘട്ടത്തിൽ സ്ഥലമേറ്റെടുക്കലിനായി 450.33 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബി അഡീഷണൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത റോഡിലെ ട്രാഫിക് വോളിയം കുറവാണെന്ന് കിഫ്ബി വിലയിരുത്തുകയും തൽക്കാലം അതിർത്തി കല്ലുകൾ പുനഃസ്ഥാപിക്കുന്ന പ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിനും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിധ്യത്തിൽ മീറ്റിങ് നടത്താനും തീരുമാനിച്ചിരുന്നു. അതിൻപ്രകാരം മൂവാറ്റുപുഴ/ഇടുക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) മൂവാറ്റുപുഴ-കൂത്താട്ടുകുളം ലിങ്ക് റോഡ് വികസന പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കണ്ടിൻജൻസി ചാർജ് ഇനത്തിൽ കിഫ്ബിയിൽനിന്ന് 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് KRFB മൂവാറ്റുപുഴ/ഇടുക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും റിക്വിസിഷൻ എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾക്ക് അനുവദിച്ച തുക**

26(4925) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡ് പ്രവൃത്തികൾക്ക് 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ 9,54,95,700/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിനുകീഴിൽ മൂന്ന് റോഡുകളാണ് നെയ്യാറ്റിൻകര മണ്ഡലത്തിൽ ഉൾപ്പെടുന്നത്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2021-22 കാലയളവിൽ വടക്കേകോട്ട റോഡ് - 0.37 കിലോമീറ്റർ 1.98 ലക്ഷം രൂപയും വ്ലാത്താങ്കര-ആവണക്കിൻവിള റോഡ് - 2.95 കിലോമീറ്റർ, ആറയൂർ-പൊൻവിള റോഡ് - 1.576 കിലോമീറ്റർ എന്നീ രണ്ട് റോഡുകൾക്കായി 28.80 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2. 2022-23 - ഇല്ല.

3. 2023-24 കാലയളവിൽ വ്ലാത്താങ്കര-ആവണക്കിൻവിള റോഡ് - 2.95 കിലോമീറ്റർ, ആറയൂർ-പൊൻവിള റോഡ് - 1.576 കിലോമീറ്റർ എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ട് റോഡുകൾക്കായി 26.91 ലക്ഷം രൂപയും വടക്കേകോട്ട റോഡ് - 0.37 കിലോമീറ്റർ 1.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡ് പ്രവൃത്തികൾക്ക് 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 22 കോടി രൂപയുടെ ഭരണാനുമതി NHAI-ൽനിന്നും നൽകിയിട്ടുണ്ട്. ഈ ഭരണാനുമതി തുക ഉപയോഗിച്ച് ONE TIME MAINTENANCE പ്രവൃത്തിയിലുൾപ്പെടുത്തി വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഓൾഡ് NH-66 റോഡ് ബി.എം.&ബി.സി. ചെയ്ത് നവീകരിച്ചിട്ടുണ്ട്.

**എരുമേലി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം**

27(4926) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി കൊരട്ടി-ഓരുങ്കൽതടം-കരിമ്പിൻതോട്

റോഡിനെ എരുമേലി ബൈപാസ് റോഡായി പ്രഖ്യാപിച്ച് ദീർഘദൂര യാത്രക്കാരുടെ വാഹനങ്ങൾ പ്രസ്തുത റോഡുവഴി തിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിരത്ത് സെക്ഷൻ എരുമേലി കാര്യാലയത്തിന്റെ കീഴിലുള്ള 6.600 കിലോമീറ്റർ നീളമുള്ള പ്രധാന ജില്ലാ പാതയായ കൊരട്ടി ഓരുങ്കൽ കരിമ്പിൻതോട് റോഡ് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി NABARD-TRANCHE XXVII 2021-22 Improvements to Koratty-Orungal- Karimpinthodu Road: Ch.0/000 to 6/600Km എന്ന പ്രവൃത്തി 28-10-2023-ൽ ബി.എം.&ബി.സി. നിലവാരത്തിൽ ടാറിങ് പൂർത്തീകരിച്ചിട്ടുള്ളതാണ്. കാഞ്ഞിരപ്പള്ളി-എരുമേലി റോഡിൽ കറുവാമൂഴിയിൽനിന്നും ആരംഭിച്ച് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിന് സമീപം വലിയമ്പലത്തിന് പിന്നിലൂടെ കടന്ന് എരുമേലി-മുക്കട റോഡിലെ കരിമ്പിൻതോട്ടിൽ എത്തിച്ചേരുന്ന ഈ റോഡ് കാഞ്ഞിരപ്പള്ളി ഭാഗത്തുനിന്നും റാന്നി, പത്തനംതിട്ട, തിരുവനന്തപുരം തുടങ്ങിയ പ്രദേശത്തേക്കുമുള്ള ദീർഘദൂര യാത്രികർക്ക് എരുമേലി ടൗൺ ഒഴിവാക്കി സഞ്ചരിക്കുന്നതിന് ഏറ്റവും

അനുയോജ്യമാണ്. ശബരിമല തീർഥാടനകാലത്തും മറ്റും എരുമേലി ടൗണിൽ അഭൂതപൂർവ്വമായ ജനതിരക്കാണ് അനുഭവപ്പെടുക. എരുമേലി കൊച്ചമ്പലം മുതൽ വലിയമ്പലം വരെയുള്ള ടൗൺ ഭാഗം പേട്ടകെട്ട് പാതയാണെന്നുള്ളതും കൊച്ചമ്പലത്തിൽനിന്നും അയ്യപ്പഭക്തർ വാവർ പള്ളിയിലേക്ക് പ്രവേശിക്കുന്നത് പ്രധാന മൂന്ന് റോഡുകൾ സന്ധിക്കുന്ന സെൻട്രൽ ജംഗ്ഷനിൽ റോഡ് മുറിച്ചുകടന്നാണെന്നുള്ളതും കാലങ്ങളായി വലിയ ഗതാഗതസ്തംഭനത്തിന് ഇടയാക്കുന്നുണ്ട്. ശബരിമല തീർഥാടനകാലത്ത് എരുമേലി ടൗണിലെ വാഹന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ഏറെ സഹായകരമാകുന്ന ഈ റോഡ് എരുമേലി ബൈപാസായി പ്രഖ്യാപിച്ച് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

**കുറ്റ്യാടി പക്രന്തളം റോഡ് പുനരുദ്ധാരണം**

28(4928) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടിയിൽനിന്നും പക്രന്തളം ഭാഗത്തേക്കുള്ള റോഡ് തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് പുനരുദ്ധാരണം നടത്തുമോ;

വിശദമാക്കാമോ?

കുറ്റ്യാടി മുതൽ പക്രന്തളം വരെയുള്ള ഭാഗത്ത് കുറ്റ്യാടി തൊട്ടിൽപാലം റോഡിൽ 0/000 മുതൽ 0/745 വരെയുള്ള ഭാഗത്ത് KWA ഡെപ്പോസിറ്റ് പ്രവൃത്തി നിലവിലുണ്ട്. 0/745 മുതൽ 3/100 വരെയുള്ള ഭാഗത്തും 3/100 മുതൽ 5/000 വരെയുള്ള ഭാഗത്തും (തൊട്ടിൽപാലം റോഡിന്) 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പുനരുദ്ധാരണ പ്രവൃത്തി ടെൻഡർ നടപടിയിലാണ്.

**കാഞ്ഞാണി ബസ്സ് സ്റ്റാൻഡിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ നടപടി**

29(4929) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ബി.എം. പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും കാഞ്ഞാണി ബസ്സ് സ്റ്റാൻഡിനോട് ചേർന്ന കാനയിലൂടെ വെള്ളം ഒഴുകിപ്പോകുന്ന തരത്തിൽ പുനഃക്രമീകരണം നടത്താത്തതിനാൽ പ്രസ്തുത ബസ്സ് സ്റ്റാൻഡിലും പരിസര പ്രദേശങ്ങളിലും വെള്ളക്കെട്ടും തന്മൂലം അപകടങ്ങളുമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കിലോമീറ്റർ 7/200-ൽ കാഞ്ഞാണി ബസ്സ് സ്റ്റാൻഡിന് മുൻവശത്ത് സ്ഥിതി ചെയ്യുന്ന കാന പുനർ നിർമ്മിക്കുന്നതിനുള്ള ഇനങ്ങൾ കിലോമീറ്റർ 7/000 - 14/600-ൽ നടന്നുവരുന്ന ബജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതോടെ പരാതിക്ക് പരിഹാരം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ്**

30(4930) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണ കരാർ ഏത് സ്ഥാപനത്തിനാണ് നൽകിയതെന്ന് വിശദമാക്കുമോ;

(ബി) കരാർ പ്രകാരം എന്നാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്ന് അറിയിക്കാമോ?

(എ&ബി) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ കലാഭവൻ മണി റോഡ്, മാനവീയം വീഥി എന്നീ റോഡുകൾ സ്മാർട്ട് റോഡുകളാക്കി പണി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. വി.ജെ.ടി. ഹാൾ - ഫ്ലൈഓവർ റോഡ് BM & BC വർക്കുകൾവരെ പൂർത്തീകരിച്ചിട്ടുണ്ട്. സ്പെൻസർ - ഗ്യാസ് ഹൗസ് റോഡ്, സ്റ്റാച്യൂ - ജനറൽ ഹോസ്പിറ്റൽ റോഡ്, നോർക്ക - ഗാന്ധിഭവൻ റോഡ്, സി.വി.രാമൻപിള്ള റോഡ്, ജനറൽ ഹോസ്പിറ്റൽ - വഞ്ചിയൂർ റോഡ് എന്നിവ BM layer ടാറിങ് പൂർത്തിയാക്കിയിട്ടുണ്ട്. ഇവ ഗതാഗതത്തിന് തുറന്നുകൊടുത്തു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു. കിള്ളിപ്പാലം - അട്ടക്കുളങ്ങര റോഡ്, തൈക്കാട് ഹൗസ് - കീഴെ തമ്പാനൂർ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡ്, ഉപ്പിലാമൂട് - ഓവർബ്രിഡ്ജ് റോഡുകൾ ഭാഗികമായി BM വർക്കുകൾ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ബേക്കറി ജംഗ്ഷൻ - ഫോറസ്റ്റ് ഓഫീസ് റോഡ് ഡക്ട് വർക്കുകൾ, കുടിവെള്ള പൈപ്പ് ലൈൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചു. BM layer ടാറിങ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽ പറഞ്ഞ സ്മാർട്ട് റോഡുകൾ കൂടാതെ BM & BC ടാറിങ് ചെയ്ത് ഫുട്ട്പാത്ത്, ഓട നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയായ 25 റോഡുകൾ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

**റോഡ് അലൈൻമെന്റ് പരിഷ്കരണം**

31(4931) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കരുവാൻ കല്ല് - പടിക്കൽ റോഡിലെ ഉങ്ങുങ്ങൽ വളവിൽ പ്രദേശത്തെ റോഡ് അലൈൻമെന്റ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (നിരത്തുകൾ) അയച്ച

പി.ഡബ്ല്യു.ഡി./ആർ.ബി./എഫ്.എൽ./22927/2022 എന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കരുവാൻ കല്ല് - പടിക്കൽ റോഡിലെ ഉങ്ങുങ്ങൽ വളവിലെ റോഡ് അലൈൻമെന്റ് പുന:ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് 83.15 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവൃത്തിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും പ്രത്യേക ഫണ്ട് ലഭ്യമല്ലാത്തതിനാലും നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല.

**തീരദേശപാതയുടെ നിർമ്മാണത്തിനായി സാമൂഹ്യാഘാത പഠനം**

32(4932) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊഴിയൂർ മുതൽ കോവളം വരെയുള്ള തീരദേശപാതയുടെ നിർമ്മാണത്തിനായി സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ തീരദേശപാതയുടെ ഒന്നാം പാദമായ കൊല്ലംകോട് മുതൽ കോവളം വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയോട് അനുബന്ധിച്ച് റവന്യൂ വകുപ്പ് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് "സെന്റർ ഫോർ ലാൻഡ് ആൻഡ് സോഷ്യൽ സ്റ്റഡീസ്" എന്ന ഏജൻസി മുഖാന്തരം സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ബാലുശ്ശേരി അങ്ങാടിയിലെ ഗതാഗത തടസ്സം പരിഹരിക്കാൻ നടപടി**

33(4933) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താമരശ്ശേരി റോഡിൽ ബാലുശ്ശേരി അങ്ങാടിയിൽ സ്ഥിരമായി ഗതാഗത തടസ്സമുണ്ടാകുന്നതും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ബാലുശ്ശേരി അങ്ങാടിയിൽ റോഡിന് ആവശ്യത്തിന് വീതി ഇല്ലാത്തത് കാരണം ഗതാഗത തടസ്സമുണ്ടാകുന്നത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കിഫ്ബി മുഖേന പത്ത് കോടി രൂപ അനുവദിച്ച ബാലുശ്ശേരി ബൈപാസ് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

(എ-സി) ഗതാഗത തടസ്സം പരിഹരിക്കുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ബാലുശ്ശേരി ബസ്സ് സ്റ്റാൻഡ് ബ്ലോക്ക് ബൈപാസ് റോഡ് നിർമ്മാണത്തിന് 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ DPR തയ്യാറാക്കുന്നതിനായി M/s Esteem Developers-മായി കരാറിൽ ഏർപ്പെടുകയും അലൈൻമെന്റ് പ്ലാൻ റോഡ്സ് വിഭാഗം അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ അലൈൻമെന്റ് 13 വീടുകളെ ബാധിക്കുന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദേശമനുസരിച്ച് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കാൻ തീരുമാനിച്ചു. ജനങ്ങളുടെ പ്രതിഷേധം കാരണം

ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് അന്തിമമാക്കാൻ സാധിച്ചില്ല. തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ 7-10-2023-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിനെ ഇൻവെസ്റ്റിഗേഷൻ വീണ്ടും നടത്തുന്നതിനായി ഏല്പിക്കാൻ നിർദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ 29-10-2023-ൽ കെ.ആർ.എഫ്.ബി.-പി.എം.യു. കാര്യാലയത്തിൽനിന്നും പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ ബാലുശ്ശേരി ബസ്സ് സ്റ്റാൻഡ് ബ്ലോക്ക് ബൈപാസ് പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമാകുന്നതിനുവേണ്ടിയുള്ള ഡ്രോൺ സർവെ നടപടികൾ പൂർത്തീകരിക്കുകയും ആയതിന്റെ അലൈൻമെന്റ് സ്കെച്ച് പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്.

**ചാലെച്ചിറ ചാവറ ഭവൻ റോഡ് നവീകരണം**

34(4934) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ചാലെച്ചിറ ചാവറ ഭവൻ റോഡിന്റെ നവീകരണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ബജറ്റ് വിഹിതമുള്ള ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് റീ ടെൻഡർ ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കുട്ടനാട്ടിലെ ചാലെച്ചിറ - ചാവറ ഭവൻ റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ട് 'Budget Work 2018-2019-Construction of a new Road from Chavara Bhavan to Chalechira in Kainakary Grama Panchayath" എന്ന പ്രവൃത്തിക്ക് 2518 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ 3-ാം തവണ ടെൻഡറിൽ 34.94 ശതമാനം എസ്റ്റിമേറ്റ് തുകയെ അധികരിച്ചാണ് quote ചെയ്തത്. കൂടാതെ

സൈറ്റിലെ സാഹചര്യവും Cost Index വ്യത്യാസവും ഭരണാനുമതിയും കാലാവധിയും തീർന്നത് കാരണം പുതുക്കിയ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. ആയതിന്മേൽ സർക്കാരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

**തേനാരി-കൊച്ചിൻ ഫ്രോണ്ടിയർ റോഡ് നവീകരണം**

35(4935) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ 3.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ തേനാരി - കൊച്ചിൻ ഫ്രോണ്ടിയർ റോഡ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ

നടത്താനാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) 20 ശതമാനം ബജറ്റ് പ്രൊവിഷനിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ തേനാരി-കൊച്ചിൻ ഫ്രോണ്ടിയർ റോഡിന്റെ ഉപരിതലം പുതുക്കൽ പ്രവൃത്തി, ഓടകളുടെയും സംരക്ഷണ ഭിത്തിയുടെയും പുനർനിർമ്മാണം, 40mm ഘനത്തിൽ ഉപരിതലം പുതുക്കൽ എന്നിവയുൾപ്പെടുത്തി 350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ റോഡുകളുടെ മെയിന്റനൻസ്**

36(4936) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്കാണ് മെയിന്റനൻസിന് ഫണ്ട് അനുവദിച്ചതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ നൽകിയ മെയിന്റനൻസ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മെയിന്റനൻസിന് ഫണ്ട് അനുവദിച്ച റോഡുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

2023-24 കാലയളവിൽ വ്ലാത്താങ്കര-ആവണക്കിൻവിള റോഡ് 2.95 കി.മീ, ആറയൂർ-പൊൻവിള റോഡ് 1.576 കിലോമീറ്റർ എന്നീ രണ്ട് റോഡുകൾക്കായി 26.91 ലക്ഷം രൂപയും വടക്കേകോട്ട് റോഡ് - 0.37 കിലോമീറ്റർ 1.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ദേശീയ പാത വിഭാഗത്തിന്റെ പരിധിയിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് Traffic Safety measures at NH 66 - Construction of drain,

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

footpath and allied works between Aralumoodu (Ch582/200) to Inchivila (Ch598/400) പ്രവൃത്തിക്കായി 54.51 ലക്ഷം രൂപ അനുവദിച്ചിരുന്നു.

**കുറുമാലി – തൊട്ടിപ്പാൾ – മുളങ്ങ് റോഡ് നിർമ്മാണം**

37(4937) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലി-തൊട്ടിപ്പാൾ - മുളങ്ങ് റോഡ് നിർമ്മാണം കരാറുകാരൻ പാതി വഴിയിൽ ഉപേക്ഷിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഭാഗമായി കരാർ കമ്പനിയായ മലബാർ കൺസ്ട്രക്ഷൻസ് പല ഭാഗങ്ങളിലും റോഡ് പൊളിച്ചിട്ടിരിക്കുന്നതുമൂലം ഗതാഗതം അപകടാവസ്ഥയിലായതിനാൽ അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദേശം പാലിക്കാത്ത പ്രസ്തുത കരാറുകാരനെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് വലിയ കാലതാമസം വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി അക്കാര്യത്തിൽ ഉത്തരവാകുന്നതിനും റോഡ് നവീകരണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) പ്രസ്തുത കരാറുകാരൻ കരാർ പ്രകാരം പ്രവൃത്തി നടപ്പാക്കാത്തതിനെത്തുടർന്ന് ടിയാനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ച് പുനഃക്രമീകരിക്കുന്നതിന് നടപടി തുടങ്ങിയിട്ടുണ്ട്. ആയത് സംബന്ധിച്ച് പ്രസ്തുത കരാറുകാരനെ with risk & cost-ൽ ഒഴിവാക്കുന്നതിനുള്ള ശിപാർശ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കരാറുകാരൻ ഈ റോഡിൽ വാട്ടർ അതോറിറ്റിയുടെ JJM പൈപ്പിടൽ കാരണം പ്രവൃത്തിയൊന്നും ചെയ്യാൻ സാധിക്കുന്നില്ലെന്ന് കാണിച്ച് ഹൈക്കോടതിയിൽ ഇതിനെതിരെ WP(c)40250/2023 പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് ഹൈക്കോടതി കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയോട്

തീരുമാനമെടുക്കുന്നതിന് നിർദേശിച്ചതിനെത്തുടർന്ന് 27-03-2024-ൽ പൊതുമരാമത്ത് ഡെപ്യൂട്ടി സെക്രട്ടറി ഹിയറിങ് നടത്തുകയും തുടർന്ന് 02-07-2024-ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

**റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ**

38(4938) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴ പെയ്താൽ റോഡുകൾ തകർന്നുപോകുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

കാലാവസ്ഥാ വ്യതിയാനം കാരണം റോഡുകൾ തകരുന്നത് ചെറുക്കാനുള്ള നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പഠനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുകയും റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റലുകളുടെ (aggregate) അമിത അസിഡിറ്റിയാണ് റോഡുകളുടെ തകരാറുകൾക്ക് ഒരു കാരണം എന്ന് കണ്ടെത്തുകയും, പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

താപനില വ്യതിയാനമനുസരിച്ച് ഡിസൈൻ ചെയ്യുന്ന "സുപ്പീരിയർ പെർഫോമിങ് അസ്ഫാൽറ്റ് റോഡുകൾ-സൂപ്പർപേവ്" പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള പഠനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പുരോഗമിക്കുന്നു. ഇതിനായി റോഡിലെ താപനിലയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന പ്രത്യേക ബിറ്റുമെൻ (പെർഫോമൻസ് ഗ്രേഡ്) ഉപയോഗിക്കുന്നു.

റോഡുകളുടെ പരിപാലനം ഉറപ്പുവരുത്തുന്നതിനായി റണ്ണിങ് കോൺട്രാക്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും നിലവിൽ ജില്ലാടിസ്ഥാനത്തിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരേയും ചീഫ് എഞ്ചിനീയർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് 16-05-2024-ലെ സ.ഉ.(സാധാ)നം. 512/2024/പൊ.മ.വ. പ്രകാരം ഒരു പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ട്. ഈ സംഘം പരിശോധന നടത്തി യഥാസമയം റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിക്കുകയും റിപ്പോർട്ട് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനുകീഴിലുള്ള എല്ലാ റോഡുകളും മണ്ണിന്റെ ഘടന, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ഭൂമിയുടെ ചരിവിനനുസരിച്ചുള്ള ഓടകൾ ഉൾപ്പെടുത്തി ബി.എം. & ബി.സി ഉപരിതലത്തോടെയാണ് നിർമ്മിക്കുന്നത്.

(ബി) പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനും മെച്ചപ്പെട്ട ടാറിങ് നടത്തുന്നതിനും പുതിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുമോ; മഴയുള്ളപ്പോഴും ടാർ ചെയ്യാമെന്ന അവസ്ഥ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനും മെച്ചപ്പെട്ട ടാറിങ് നടത്തുന്നതിനും ജർമ്മൻ ടെക്നോളജി ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീ സൈക്ലിങ് നിർമ്മാണ രീതി, മറ്റ് നൂതന സാങ്കേതികവിദ്യകളായ വൈറ്റ് ടോപ്പിങ്, ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി, കോൾഡ് മിക്സ്, വാം മിക്സ്, അസ്ഫാൾട്ട് ടെക്നിക്, പെർഫോറേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള നിർമ്മാണ രീതി, Soil Stabilisation Method എന്നിവയുൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ

പ്രയോജനപ്പെടുത്തുന്നുണ്ട്. മഴ സമയത്ത് ടാർ ചെയ്യാൻ അനുയോജ്യമായ സാങ്കേതികവിദ്യ സംബന്ധിച്ച പരിശോധന തുടരുന്നു. എന്നാൽ അടിയന്തരമായി റോഡിലെ കുഴി അടയ്ക്കുന്നതിനായി ഏത് സാഹചര്യത്തിലും ഉപയോഗിക്കാവുന്ന Instant road repair mix ഉപയോഗിക്കുന്നുണ്ട്.

(സി) റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്നും ഈ കുഴികൾ അടയ്ക്കുന്നതിന് ശാസ്ത്രീയമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

റോഡുകളുടെ പരിപാലനം ഉറപ്പാക്കാനായി Running contract പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ റോഡിലെ കുഴികൾ അടയ്ക്കുന്ന പ്രവൃത്തി ഉൾപ്പെടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നുണ്ട്. വിവിധ ഏജൻസികളുടെ പ്രവൃത്തികൾ മുഖേന തകരുന്ന റോഡുകൾ അതത് ഏജൻസികളുടെ ചെലവിൽ തന്നെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നുണ്ട്. ഡി.എൽ.പി. നിലവിലുള്ള റോഡുകൾ നിലവിലുള്ള കരാറുകാർ തന്നെ അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നു.

(ഡി) അതിശക്തമായ മഴയിൽ റോഡുകളിലെ ടാർ ഒലിച്ചുപോകുന്നതും കുഴികളുണ്ടാകുന്നതും തടയുന്നതിനായി വകുപ്പിന്റെ റിസർച്ച് വിഭാഗം സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ശക്തമായ മഴയിൽ റോഡിന്റെ ദീർഘകാല ഈട് വർധിപ്പിക്കുന്നതിന് ഹോട്ട് മിക്സ് അസ്ഫാൾട്ടിന്റെ സംവേദനക്ഷമതയെക്കുറിച്ചുള്ള ഗവേഷണം കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നുവരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെയാണ് ഗവേഷണ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പരിഗണിച്ചത്. മറ്റ് ജില്ലകളെ പരിഗണിച്ച് പദ്ധതിയുടെ രണ്ടാംഘട്ടം പുരോഗമിക്കുകയാണ്. കൂടാതെ കാലാവസ്ഥാ വ്യതിയാനം അതിജീവിക്കാനായി ഹോട്ട് മിക്സ് അസ്ഫാൾട്ടിന്റെ പെർഫോമൻസ് പഠനവിധേയമാക്കാനും പ്രതികൂല കാലാവസ്ഥയെ അതിജീവിക്കുന്ന നൂതന asphalt മിക്സുകൾ വികസിപ്പിക്കാനും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ Advanced Asphalt Mix Performance Testing Laboratory ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെർക്കള-ജാൽസൂർ അന്തർസംസ്ഥാന പാത

39(4939) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർക്കള-ജാൽസൂർ അന്തർസംസ്ഥാന പാത ഗതാഗത യോഗ്യമല്ലാത്തവിധം തകർന്നിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് മികച്ച രീതിയിൽ നവീകരിച്ച് ഗതാഗത യോഗ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഒ.പി.ബി.ആർ.സി. സ്കീമിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ ചെർക്കള-ജൽസൂർ കെ.എസ്.റ്റി.പി. റോഡ് ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) Package IV-ൽ ഉൾപ്പെട്ടതാണ്. OPBRC Package IV, V എന്നീ പദ്ധതികൾക്ക് 17-09-2022-ലെ G.O.

(Rt)No.938/2022/PWD പ്രകാരം യഥാക്രമം 96.15 കോടി, 52.89 കോടി എന്നിങ്ങനെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

OPBRC പാക്കേജ് 4-ലെ കുറ്റിയാടി-കേളൂർ, ചെർക്കള-ജൽസൂർ റോഡുകളിൽ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് വന്ന ഓവർലാപ് സ്ട്രെച്ചുകൾ ഒഴിവാക്കി. കൂടാതെ സുൽത്താൻ ബത്തേരി - പുൽപ്പള്ളി - പെരിക്കല്ലൂർ റോഡും OPBRC പദ്ധതിയിലുൾപ്പെടുത്താൻ കഴിയാത്തവിധം രൂപകല്പനയിലുണ്ടായ അപര്യാപ്തതമൂലം OPBRC പാക്കേജ് 4-ൽ നിന്ന് ഒഴിവാക്കി. പുതുക്കിയ DPR അനുസരിച്ച് ചെർക്കള-ജൽസൂർ റോഡിൽ Ch:10/000 to 16/000, 22/000 to 39/138 (23.198 കിലോമീറ്റർ), കുറ്റിയാടി - കേളൂർ റോഡ് Ch:0/000 to 5/000 (5 കിലോമീറ്റർ) എന്നീ സ്ട്രെച്ചുകൾ ചേർന്നുള്ള 28.138 കിലോമീറ്ററാണ് OPBRC പാക്കേജ് 4-ൽ ഉൾപ്പെട്ടിട്ടുള്ളത്.

OPBRC പാക്കേജ്-4 മുമ്പ് രണ്ട് പ്രാവശ്യം ടെൻഡർ ചെയ്തപ്പോൾ ആരും പ്രവൃത്തി ക്വാട്ട് ചെയ്തിരുന്നില്ല. നിലവിൽ പുതുക്കിയ DPR അനുസരിച്ച് കാസർകോഡ്, കോഴിക്കോട് ജില്ലകളിലായി 28.138 കി.മീ റോഡ് മാത്രം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് ആരും ക്വാട്ട് ചെയ്യാൻ സാധ്യതയില്ലാത്തതിനാൽ

OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ ഒരുമിച്ച് ഒറ്റ പാക്കേജായി ടെൻഡർ ചെയ്യുന്നതിനും OPBRC Package IV-ന്റെ പുതുക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയായ 23.32 കോടി രൂപ, ഭരണാനുമതി നൽകിയ തുകയെക്കാൾ കുറവ് വന്നതിനാൽ ആയതിനുള്ള പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസലും സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

റോഡിന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് Overlay Proposal-ൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**വർക്കല മോഡൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തി**

40(4940) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഗവൺമെന്റ് മോഡൽ ഹൈസ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ സാങ്കേതികാനുമതി നല്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) വർക്കല മോഡൽ ഹൈസ്കൂൾ പുതിയ കെട്ടിടത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റ് വിശദ പരിശോധനകൾക്കുശേഷം 28-06-2024-ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിടം**

41(4941) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനിയിൽ സ്ഥിതിചെയ്യുന്ന ഫയർസ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) നടപ്പുസാമ്പത്തിക വർഷം കെട്ടിടനിർമ്മാണങ്ങൾക്കായി "'4059-60-051-85(P)" ശീർഷകത്തിൽ 21 കോടി രൂപ

വകയിരുത്തിയിട്ടുള്ളതിൽനിന്നും തുക ഉപയോഗിച്ച് നരിക്കുനി അഗ്നിരക്ഷാ നിലയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് വകുപ്പുതല വർക്കിങ് ഗ്രൂപ്പിൽ പരിശോധിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടർ ജനറൽ ഫയർ ആൻഡ് റസ്ക്യൂ തയ്യാറാക്കിവരുന്നു.

**തോലന്നൂർ കോളേജ് കെട്ടിട നിർമ്മാണപ്രവർത്തനം**

42(4942) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ബജറ്റിൽ ഉൾപ്പെടുത്തിയ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 വർഷത്തെ ബജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനുള്ള 10 കോടി രൂപയുടെ അടങ്കലായി ഉൾപ്പെടുത്തിയ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം എന്ന

പ്രവൃത്തി ആദ്യഘട്ടം ആരംഭിക്കുന്നതിനായി 70 ലക്ഷം രൂപയുടെ വൈദ്യുതീകരണ പ്രവൃത്തിയുൾപ്പെടെയുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽനിന്നും ഭരണാനുമതിക്കായി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിൽനിന്നും ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡ്സ് സെക്ഷനും ഗവൺമെന്റ് റെസ്റ്റ് ഹൗസിനും കെട്ടിട നിർമ്മാണം**

43(4943) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ വെസ്റ്റ് എളേരിയിൽ (ഭീമനടി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പി.ഡബ്ല്യൂ.ഡി. റോഡ്സ് സെക്ഷനും അതോടനുബന്ധിച്ച് ഗവൺമെന്റ് റെസ്റ്റ് ഹൗസിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടും ഭരണാനുമതി നൽകാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഭീമനടിയിൽ പൊതുമരാമത്ത് വകുപ്പ് റെസ്റ്റ്ഹൗസ് കം സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിന് 22-12-2022-ലെ GO.(Rt)No.1250/2022/PWD പ്രകാരം 3.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എളേരിയിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിച്ചപ്പോൾ ആ സ്ഥലത്തെ ചൊല്ലി അവകാശം ഉന്നയിച്ച് ഒരു സ്വകാര്യ വ്യക്തി കോടതിയെ സമീപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ പിന്നീട് സ്വീകരിക്കാൻ സാധിക്കാതെവരികയും ഇൻവെസ്റ്റിഗേഷൻ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തു. പ്രസ്തുത വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലാണുള്ളത്. (OS No. 235/2022 at Munsiff Court Kanhangad).

പ്രവൃത്തിക്ക് കാലതാമസം നേരിടുന്നതിനാൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രി നേരിട്ട് നടത്തിയ റിവ്യൂ മീറ്റിങ്ങുകളിലും ചീഫ് എഞ്ചിനീയർ തലത്തിലും ജില്ലാതല സി.എം.ടി. യോഗത്തിലും ചർച്ച

ചെയ്യുകയും തൃക്കരിപ്പൂർ മണ്ഡലത്തിലെതന്നെ ചിറ്റാരിക്കൽ എന്ന മറ്റൊരു സ്ഥലത്ത് കൊളിച്ചാൽ ചെറുപുഴ മലയോര ഹൈവേയുടെ ഇടത് ഭാഗത്തായി (ch25/00) പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ളതും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസ് പ്രവർത്തിച്ചിരുന്നതുമായ ഒരു ഒഴിഞ്ഞ സ്ഥലമുണ്ടെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അറിയിച്ചു. തുടർന്ന് 05-04-2024-ന് സ്ഥലം പൊതുമരാമത്ത് ഉദ്യോഗസ്ഥരടക്കം പരിശോധിക്കുകയും പ്രസ്തുത സ്ഥലം, ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് കം സെക്ഷൻ ഓഫീസ് സമുച്ചയം നിർമ്മിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

പരപ്പ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പിന് തത്വത്തിൽ കൈമാറുന്നതിനുള്ള നടപടികൾക്കായി ബഹുമാനപ്പെട്ട എം.എൽ.എ. കത്ത് നൽകുകയും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13-05-2024-ലെ യോഗത്തിൽ സ്ഥലം വിട്ടുനൽകുന്നതിന് അംഗീകാരം നൽകുകയും ചെയ്തു. സ്ഥല വിസ്തൃതി 20 സെന്റ് ആകയാൽ ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം ഭൂമി

കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഈ സ്ഥലം ലഭ്യമായാലുടൻ ഇൻവെസ്റ്റിഗേഷൻ നടത്തി കെട്ടിടം രൂപകല്പന ചെയ്ത് ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഗസ്റ്റ് ഹൗസ് നിർമ്മാണം**

44(4944) **ശ്രീ. വി. ജോയി:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല പി.ഡബ്ല്യൂ.ഡി ഗസ്റ്റ് ഹൗസ് നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ?

വർക്കല ഗസ്റ്റ് ഹൗസിൽ ജനറൽ സിവിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് 45,47,200/- (നാല്പത്തി അഞ്ച് ലക്ഷത്തി നാല്പത്തി ഏഴായിരത്തി ഇരുന്നൂറ് രൂപ) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവൃത്തിയുടെ 60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ വർക്കല ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജുകൾ

നിർമ്മിക്കുന്നതിനും നിലവിലുള്ളവ റെനോവേഷൻ നടത്തുന്നതിനുമായി 9,96,50,000/- (ഒൻപത് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിൽ പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഡിസംബർ മാസത്തോടെ അതിഥികൾക്ക് നൽകാൻ സാധിക്കത്തക്ക രീതിയിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കോട്ടായി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

45(4945) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 ബജറ്റിൽ ഉൾപ്പെടുത്തിയ കോട്ടായി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം (1.90 കോടി രൂപ) നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

2020-21 ബജറ്റിൽ ഉൾപ്പെടുത്തിയ കോട്ടായി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തി 2023 ഒക്ടോബർ 16-ന് ആരംഭിച്ചിട്ടുള്ളതും ഫൗണ്ടേഷൻ പ്രവൃത്തികളുടെ ഭാഗമായി ഗ്രൗണ്ട് ഫ്ലോർ സ്ലാബ്

പൂർത്തീകരിക്കുകയും കോളം പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒന്നര വർഷമാണ് (2025 ഏപ്രിൽ 15).

**തൃക്കണ്ണാപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ കെട്ടിട നിർമ്മാണം**

46(4946) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃക്കണ്ണാപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ച തുക എത്രയെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) തൃക്കണ്ണാപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി 09-03-2022-ലെ സ.ഉ.(സാധാ)നമ്പർ. 261/2022/PWD പ്രകാരം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ്, ആർക്കിടെക്ചറൽ ഡ്രോയിങ്

തയ്യാറാക്കി ആയതിന്റെ സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസിന്റെ നവീകരണം**

47(4947) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനടുത്ത് സ്ഥിതിചെയ്യുന്ന കൊണ്ടോട്ടി പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസിന്റെ നവീകരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന റെസ്റ്റ് ഹൗസ് ആയതുകൊണ്ട് അതിനനുസൃതമായ നവീകരണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിലുള്ള കൊണ്ടോട്ടി റെസ്റ്റ് ഹൗസ് നവീകരണം എന്ന പ്രവൃത്തിയെ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 17-03-2022-ൽ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും

തുടർന്ന് 11-11-2022-ൽ 64.5 ലക്ഷം രൂപയുടെ നവീകരിച്ച എസ്റ്റിമേറ്റും സമർപ്പിച്ചിരുന്നു. എന്നാൽ ധന ലഭ്യത പരിശോധിച്ച് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നില്ല. നടപ്പുസാമ്പത്തിക വർഷം (2024-25) 68 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, 22-05-2024-ന് ചേർന്ന വർക്കിങ് ഗ്രൂപ്പിൽ സമർപ്പിച്ചുവെങ്കിലും നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല.

പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നമുറയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും Airport clearance സംബന്ധമായ നിബന്ധനകൾക്കുള്ള അനുമതി വാങ്ങിയശേഷം കൊണ്ടോട്ടി റെസ്റ്റ് ഹൗസ് നവീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ**

48(4948) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ ഏതെല്ലാം

പ്രവൃത്തികളാണ് നടന്നുവരുന്നത്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി പ്രത്യേകം വിശദമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ നടന്നുവരുന്ന പ്രവൃത്തികളും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

**പത്തിരിപ്പാല ഗവൺമെന്റ് സ്കൂൾ കെട്ടിടനിർമ്മാണം**

49(4949) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് സ്കൂളിൽ 17-01-2024-ലെ സർക്കാർ ഉത്തരവ് [സ.ഉ.(സാധാ)454/2024/പൊ.വി.വ.] പ്രകാരം ഭരണാനുമതി ലഭിച്ച കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല ഗവൺമെന്റ് സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള സിവിൽ പ്രവൃത്തികളുടെയും ഇലക്ട്രിക്കൽ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ സ്കൂൾ കെട്ടിട നിർമ്മാണം**

50(4950) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ വകയിരുത്തിയ തരൂർ ചാപ്രത്തോണിപ്പാടം ജി.എം.എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2023-24 പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടിരൂപ വകയിരുത്തിയ തരൂർ ചാപ്രത്തോണിപ്പാടം ജി.എം.എൽ.പി. സ്കൂളിലെ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള 19-02-2024-ലെ G.O.(RT)No.1351/2024/GEDN ഉത്തരവുപ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക അനുമതി

27-06-2024-ലെ Order No.PWD/BLDG/EST-TS/22422/2023 പ്രകാരം നൽകി പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ വിവിധ കെട്ടിട നിർമ്മാണങ്ങൾ**

51(4951) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ വിവിധ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നൽകിയത് സംബന്ധിച്ച തുടർ വിവരം നൽകാമോ?

വർക്കല മണ്ഡലത്തിലെ വിവിധ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി ബന്ധപ്പെട്ട

സ്ഥാപന മേധാവികൾക്ക് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയതിന്റെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) നിലവിൽ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നവ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

നിലവിൽ രൂപരേഖ തയ്യാറാക്കിവരുന്നവയുടെ വിവരങ്ങൾ അനുബന്ധം II ആയും+ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നവയുടെ വിശദവിവരങ്ങൾ അനുബന്ധം III ആയും ചേർക്കുന്നു.+

**നെന്മാറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ**

52(4952) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ;

(സി) പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഒള്ളൂർക്കടവ് പാലം നിർമ്മാണം**

53(4953) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാലുശ്ശേരി-കൊയിലാണ്ടി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒള്ളൂർക്കടവ് പാലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; നിലവിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; പാലത്തിന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

21-08-2022-ൽ എഗ്രിമെന്റ് കാലാവധി പൂർത്തിയായതാണ്. P4-P5 Bow string/ആർച്ച് ഭാഗം ഒഴികെയുള്ള മുഴുവൻ ഭാഗങ്ങളിലെയും (A1 to P4, P5 to A2) സ്ലാബ് വരെയുള്ള ഭാഗം പണി പൂർത്തിയായതാണ്. Bow string-ന്റെ tie beam പൂർത്തീകരിച്ചതും Bow string ആർച്ചിന്റെ Reinforcement work കഴിഞ്ഞ് Shuttering പ്രവൃത്തി അവസാന ഘട്ടത്തിലുമാണ്. ആർച്ച് ഭാഗത്തെ സ്ലാബ് (P3-P4 & P5-P7) ഹാൻഡ് റെയിൽ വർക്ക്, P5 fonder pile cap (2 Nos), അപ്രോച്ച് റോഡ് വർക്ക്, പെയിന്റിങ്, ടാറിങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തി സെപ്റ്റംബർ 30-ന് പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെഞ്ചാലി പാലം**

54(4954) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തൃക്കുളം തെയ്യാല റോഡിൽ വെഞ്ചാലി പ്രദേശത്തുള്ള പമ്പ് ഹൗസിന് സമീപം തോടിന് കുറുകെയുള്ള പാലം പൊതുമരാമത്ത് വകുപ്പിന്റേതാണോ എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് വീതി വളരെ കുറവായതിനാൽ ഈ പ്രദേശത്ത് തൃക്കുളം തെയ്യാല റോഡിൽ ഗതാഗത ബുദ്ധിമുട്ടും പാലത്തിന്റെ തൊട്ടുമുൻപിൽ റോഡിന് വളവ് ആയതിനാൽ അപകടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൃക്കുളം തെയ്യാല റോഡിലുള്ള പ്രസ്തുത ചെറിയ പാലം വീതി കൂട്ടുകയാണെങ്കിൽ അപകടങ്ങൾ ഒഴിവാക്കാം എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെഞ്ചാലി പാലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതല്ല. ആയത് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലാണെന്നാണ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്.

**വടവന്തൂർ പാലം നിർമ്മാണം**

55(4955) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വടവന്തൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ വടവന്തൂർ പാലം നിർമ്മാണം പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചത്; എത്ര സമയമാണ് പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്നത്; എത്ര തവണ കരാർ കാലാവധി നീട്ടിനൽകി; എത്ര തുക പിഴ ഈടാക്കി എന്നിവ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി 21-08-2020-ൽ ആരംഭിച്ചു. 18 മാസമാണ് പ്രവൃത്തിയുടെ കാലാവധി. ഇതുവരെ 5 തവണ പ്രവൃത്തിക്കുവേണ്ടി കരാർ കാലാവധി നീട്ടി നൽകി. കരാറുകാരനിൽനിന്നും പിഴയായി ഇതുവരെ 4,50,000/- രൂപ ഈടാക്കിയിട്ടുണ്ട്.

(സി) പാലം പണി അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

നിലവിലെ മൺസൂൺ മഴ നിലയ്ക്കുന്നമുറയ്ക്ക് ടാറിങ് (മെക്കാഡം ടാറിങ്) ചെയ്ത് സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കല്ലാച്ചേരി കടവ് പാലം നിർമ്മാണം**

56(4956) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം-കുത്തുപറമ്പിനെ ബന്ധിപ്പിക്കുന്ന കല്ലാച്ചേരി കടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ?

കല്ലാച്ചേരി കടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 31-10-2016-ലെ GO.(Rt)No.1496/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 12-02-2020-ൽ കിഫ്ബിയിൽനിന്നും 10.14 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. അതിൽ ലാൻഡ് അക്വിസിഷനുള്ള 2.145 കോടി രൂപ കൂടി ഉൾപ്പെടുന്നു. പദ്ധതിക്കായി 132 സെന്റ് ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി 13-10-2020-ലെ G.O.(Rt)No.3106/2020/RD പ്രകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കായി 5.22 ലക്ഷം രൂപ കണ്ടിൻജൻസി ചാർജിനത്തിൽ 12-02-2024-ൽ അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത പാലം നിർമ്മാണത്തിന്റെ 6(1) വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കുകയും 16-05-2024-ൽ 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള സാമൂഹ്യാഘാത പഠനത്തിനായി KAIROS, ബർണ്ണാച്ചേരി കണ്ണൂരിനെ നിയമിച്ചിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിലെ ചെടിയാലക്കടവ് പാലം നിർമ്മാണം

57(4957) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൂണേരി-ചെക്ക്യാട് ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെടിയാലക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

നാദാപുരം മണ്ഡലത്തിലെ ചെടിയാലക്കടവ് പാലത്തിന്റെ 2 Span slab വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഉമ്മത്തൂർ ഭാഗത്തുള്ള Abutment foundation പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

31-12-2024-ൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**നാദാപുരം മണ്ഡലത്തിലെ പാക്കോയി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

58(4958) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ പാക്കോയി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാക്കോയി പാലം നിർമ്മാണത്തിന്റെ ഭാഗമായി വാണിമേൽ ഭാഗത്ത് 35 മീറ്ററും നരിപ്പറ്റ ഭാഗത്ത് 55 മീറ്ററും അപ്രോച്ച് റോഡ് നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 15 മീറ്റർ deck slab കൂടി പൂർത്തീകരിക്കാനുണ്ട്. ആയത് പൂർത്തീകരിച്ചതിനുശേഷം അപ്രോച്ച് റോഡിന്റെ പണി തുടങ്ങി 2024 ഡിസംബർ 30-നകം പൂർത്തീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ പുന്നപ്പാടം പാലം നിർമ്മാണം**

59(4959) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ പുന്നപ്പാടം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ പുന്നപ്പാടം മമ്പാട് പാലത്തിന്റെ പുനർനിർമ്മാണം പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ ടാറിങ് ഒഴികെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മഴ മാറുന്നമുറയ്ക്ക് ടാറിങ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. നിലവിൽ പാലം ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പുന്നപ്പാടം മമ്പാട് പാലം നിർമ്മാണ പ്രവൃത്തി 31-12-2024-ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

60(4960) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10.50 കോടി രൂപ കിഫ്ബി ഫണ്ടുപയോഗിച്ച് സ്ഥലം ഏറ്റെടുത്ത് പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള റെയിൽവേയുടെ അനുമതി ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റെയിൽവേയുടെ ആവശ്യപ്രകാരം പുതുക്കി സമർപ്പിച്ച ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങിന് (GAD) റെയിൽവേയിൽനിന്നും അംഗീകാരം ലഭിക്കാനുണ്ട്.

(ബി) പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്തിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകൾ എന്നിവയുടെ നിർമ്മാണ അനുമതിക്കായി ആർ.ബി.ഡി.സി.കെ. വഴി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ സ്വീകരിക്കുമോ;

(സി) എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്തിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകൾ റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ-സെക്ഷന് ഇടയിൽവരുന്ന ആർ.ഒ.ബി.കളായതിനാൽ, ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) റെയിൽവേയുടെ 3rd line-ന്റെ അലൈൻമെന്റ് അന്തിമമായതിനുശേഷം മാത്രമേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 11-07-2022-ൽ സതേൺ റെയിൽവേ അറിയിച്ചു. റെയിൽവേയുടെ ഉന്നതതല യോഗങ്ങളിൽ ഈ വിഷയം ഉന്നയിക്കുകയും 3rd line അലൈൻമെന്റ് അന്തിമമാക്കി, ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള ആർ.ഒ.ബി.-കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) അംഗീകാരം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 08-06-2023-ന് നടന്ന സംസ്ഥാന സർക്കാരും ദക്ഷിണ റെയിൽവേയും തമ്മിലുള്ള bi-monthly അവലോകന യോഗത്തിൽ 3rd line അലൈൻമെന്റിന്റെ പൂർത്തീകരണം അവസാന ഘട്ടത്തിലാണെന്നും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) അംഗീകാരം പരിഗണനയിലുണ്ടെന്നും റെയിൽവേ അറിയിച്ചു.

കൂടാതെ പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനാൽ ഇതിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) പ്രത്യേക പരിഗണനയിൽ അംഗീകരിച്ച് നൽകണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 3rd line അലൈൻമെന്റിനുവേണ്ടി റെയിൽവേ ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് (GAD) 05-01-2024-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ഇത് റെയിൽവേയുടെ പരിഗണനയിലാണ്.

**കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണം**

61(4961) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

കാവാലിപ്പുഴ ളുക്കപാലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കരാർ ആയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് നൽകി, ഡിസൈൻ തയ്യാറാക്കിയശേഷം ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കുന്നതുമാണ്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധനയ്ക്കായുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സംബന്ധിച്ച് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

സോയിൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഉടമ്പടിവച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ രൂപകല്പന പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തെക്കൊണ്ട് നിർവഹിപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കാവാലിപ്പുഴ ഇുക്കുപാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ്വച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് നൽകാൻ തയ്യാറായിവരുന്നു.

**കടുത്തുരുത്തി മണ്ഡലത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി**

62(4962) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ തകർന്ന വെമ്പള്ളി-കല്ലേലി പാലം, വയലാ-കോടികുളം പാലം എന്നിവ പുനർനിർമ്മിക്കുന്നതിനായി കോട്ടയം ബ്രിഡ്ജസ് ഡിവിഷൻ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ (ഡി.പി.ആർ.) എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ-സി) 2018-ലെ പ്രളയത്തിൽ കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ തകർന്ന വെമ്പള്ളി-കല്ലേലി പാലം, വയലാ-കോടികുളം പാലം എന്നീ പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പോസലുകൾക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല.

**പയ്യന്നൂർ മണ്ഡലത്തിലെ പാടിയിൽ കടവ് പാലം നിർമ്മാണം**

63(4963) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ പാടിയിൽ കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ പാടിയിൽ കടവ് പാലം നിർമ്മാണ പ്രവൃത്തി മൂന്ന് തവണ ടെൻഡർ ചെയ്തു. നിലവിൽ ടെൻഡർ excess അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസലുമായി ബന്ധപ്പെട്ട് വ്യക്തത ആവശ്യമുള്ള വിഷയങ്ങളിൽ സ്പഷ്ടീകരണം ലഭ്യമാക്കാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതി എത്ര തവണയാണ് ടെൻഡർ ചെയ്തത്; കരാറുകാർ എത്ര ശതമാനം തുകയാണ് അധികം ക്വാട്ട് ചെയ്തതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി മൂന്ന് തവണ ടെൻഡർ ചെയ്തിട്ടുണ്ട്.

1. ആദ്യ ടെൻഡർ - ആരും പങ്കെടുത്തില്ല.

2. രണ്ടാം ടെൻഡർ - മൂന്ന് പേർ പങ്കെടുത്തു.

a) ശ്രീ. പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി - എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 15.72% കൂടുതൽ (Rs.10,82,49,868.20/-)

b) ശ്രീ. രാജേഷ് വർക്കി - എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 23.96% കൂടുതൽ (Rs.11,59,60,163.72/-)

c) ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 27% കൂടുതൽ (Rs.11,88,04,115.40/-)

3. മൂന്നാം ടെൻഡർ - രണ്ട് പേർ പങ്കെടുത്തു.

a. ശ്രീ. രാജേഷ് വർക്കി - എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 14.5% കൂടുതൽ (Rs.10,71,10,929.76/-)

b. ശ്രീ. കെ. എം. അബ്ദുള്ള കുഞ്ഞി, ശ്രീ. ടി. എ. അബ്ദുൾ റഹിമാൻ (Joint venture) - എസ്റ്റിമേറ്റ് പി.എ.സി. തുകയെക്കാൾ 22.10% കൂടുതൽ (Rs.11,42,20,872.19/-)

(സി) പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് അനുവദിക്കാൻ കഴിയുന്ന പരമാവധി അധിക തുക എത്ര ശതമാനമാണ്; പ്രസ്തുത തുകയിലേക്ക് കരാറുകാരനെ എത്തിക്കുന്നതിനുള്ള നെഗോസിയേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

നിലവിലുള്ള DsoR നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ 10 ശതമാനം അധികം, ലോക്കൽ മാർക്കറ്റ് നിരക്കിലുള്ള എസ്റ്റിമേറ്റ് തുക, കരാറുകാരന്റെ Negotiated Quoted Rate എന്നിവയിൽ ഏതാണോ കുറവ് അതാണ് ടെൻഡർ അപ്രൂവൽ കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി തുക. ഈ പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുകയായ Rs.10,27,43,695.76/- രൂപയാണ് അനുവദിക്കാവുന്ന പരമാവധി തുക.

മൂന്നാമത്തെ തവണ പ്രവൃത്തി ടെൻഡർ ചെയ്തപ്പോൾ L1 bidder ആയ ശ്രീ. രാജേഷ് വർക്കിയോട് നിരക്കുകൾ കുറയ്ക്കുന്നതിനായി പ്രൈസ് software മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിരക്കുകൾ കുറയ്ക്കാൻ കരാറുകാരൻ

തയ്യാറായിട്ടില്ല. നെഗോസിയേഷൻ നടത്തിയതിന്റെ രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പഴയങ്ങാടിപാലം, വെങ്ങര റെയിൽവേ മേൽപ്പാലം നിർമ്മാണം**

64(4964) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽനിന്ന് ധനാനുമതി ലഭിച്ചതും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പാലത്തിന്റെയും വെങ്ങര റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

1. പഴയങ്ങാടി പുതിയ പാലം

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലത്തിന്റെ നിർമ്മാണത്തിന് 03-11-2020-ലെ സ.ഉ(സാധാ)നം.896/2020/പൊ.മ.വ. പ്രകാരം 16.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി 24-02-2021-ലെ PWD016-38/APR-5/2021/KIIFB ഉത്തരവുപ്രകാരം കിഫ്ബിയിൽനിന്നും 15.486 കോടി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് പ്രവൃത്തിയുടെ ഡിസൈൻ പുതുക്കിയത് പരിഗണിച്ച് കിഫ്ബിയിൽനിന്നും 29-06-2022-ലെ PWD016-38/APR-2/2022/KIIFB ഉത്തരവുപ്രകാരം 19.90 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. 13-05-2022-ൽ 18.51 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് 05-09-2023-ൽ ശ്രീ. റ്റി. എ. അബ്ദുൾ റഹിമാൻ എന്ന കരാറുകാരന് 17.97 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി 22% പൂർത്തിയായിട്ടുണ്ട്. പൈലിങ് പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 27 പൈലുകൾ പൂർത്തീകരിച്ചു. മാടായി കെട്ടിടം പൊളിച്ചുമാറ്റുന്നതിന്റെ ഇ-ടെൻഡർ പ്രവൃത്തി പൂർത്തീകരിച്ചു.

2. <u>വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ്</u>

കണ്ണൂർ ജില്ലയിലെ മാടായി-എട്ടിക്കുളം എച്ച്.എസ്-പാലക്കോട് റോഡിന്റെയും വെങ്ങര ഓവർ ബ്രിഡ്ജിന്റെയും പ്രവൃത്തിക്ക് 10-07-2017-ലെ സ.ഉ.(സാധാ)നം.942/2017/PWD പ്രകാരം തത്വത്തിൽ 25 കോടി രൂപയുടെ ഭരണാനുമതിയും 06-09-2019-ലെ PWD015-46/APR-2/2019/KIIFB ഉത്തരവുപ്രകാരം കിഫ്ബിയിൽനിന്നും 20.84 കോടി രൂപയുടെ

സാമ്പത്തികാനുമതിയും നൽകി. 03-05-2020-ൽ 20.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് 02-11-2020-ന് ശ്രീ. റ്റി. എ. അബ്ദുൾ റഹിമാൻ എന്ന കരാറുകാരന് 12.136 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി പുരോഗതി 82% ആയിട്ടുണ്ട്. പൈൽ, പൈൽ ക്യാപ്പ്, അബട്ട്മെന്റ് തുടങ്ങിയ പ്രവൃത്തി പൂർത്തീകരിച്ചു. നിലവിൽ അപ്രോച്ച് റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തിയും ഹാൻഡ് റെയിൽ വർക്കും പുരോഗമിക്കുന്നു. റെയിൽവേ സ്പാനിന്റെ ഫൗണ്ടേഷൻ, സബ്സ്ട്രക്ചർ തുടങ്ങിയവയുടെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി റെയിൽവേയിൽനിന്ന് അംഗീകാരം ലഭ്യമാക്കാൻ KRDCL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കൈപ്പമംഗലം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പുരോഗതി**

65(4965) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ആല - ഗോതുരുത്ത് പാലം, പുത്തൻപള്ളി - മുനക്കൽ പാലം, ചക്കര പാടം - മുഴവഞ്ചേരി പാലം,

ഉപ്പുംതുരുത്തി പാലം, ആറാട്ടുവഴി പാലം എന്നിവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാലങ്ങളുടെ നിർമ്മാണം വേഗത്തിലാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ആല - ഗോതുരുത്ത് പാലം

ഗോതുരുത്ത് ഭാഗത്തെ അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള പ്രവൃത്തി ടെൻഡർ ചെയ്തിട്ടുള്ളതിന്റെ തുടർനടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

പുത്തൻപള്ളി - മുനക്കൽ പാലം

സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത അലൈൻമെന്റും ഡിസൈൻ ഡ്രോയിങ്ങും തയ്യാറാക്കുകയും GAD പ്രകാരമുള്ള 440 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് ലഭ്യമാക്കുകയും പ്രസ്തുത പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട സ്പഷ്ടീകരണം ലഭ്യമാക്കാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

ചക്കര പാടം - മുഴവഞ്ചേരി പാലം

സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത അലൈൻമെന്റും ജനറൽ ഡിസൈൻ ഡ്രോയിങ്ങും തയ്യാറാക്കുകയും GAD പ്രകാരമുള്ള 3210 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ 04-07-2023-ൽ ഭരണാനുമതിക്കായി സർക്കാരിലേക്ക് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തിക്കായി ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം ഉള്ളതിനാൽ പ്രൊപ്പോസൽ ഡെഫർ ചെയ്തിട്ടുണ്ട്.

<u>ഉപ്പുംതുരുത്തി പാലം</u>

സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത അലൈൻമെന്റും ജനറൽ ഡിസൈൻ ഡ്രോയിങ്ങും തയ്യാറാക്കുകയും GAD പ്രകാരമുള്ള 3200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി വിശദമായി പരിശോധിച്ചുവരുന്നു.

<u>ആറാട്ടുവഴി പാലം</u>

ജനറൽ ഡിസൈൻ ഡ്രോയിങ് പ്രകാരം അലൈൻമെന്റിൽ ചില മാറ്റങ്ങൾ ആവശ്യമാണ്. അതിനായി റിവൈസ്ഡ് അലൈൻമെന്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗതിയിലാണ്.

**നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം**

66(4966) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട് - വിളക്കുമരം പാലം കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിന് 31-10-2016-ലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ. പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 09-08-2018-ൽ 18.43 കോടി രൂപയുള്ള കിഫ്ബിയുടെ സാമ്പത്തികാനുമതിയും 24-02-2021-ൽ 21.22 കോടി രൂപയുള്ള പുതുക്കിയ

സാമ്പത്തികാനുമതിയും ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. 13-02-2019-ൽ 19.91 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 22-07-2019-ൽ 20.37 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ അപ്രോച്ച് സ്ലാബും നടപ്പാതയും ഒഴികെ പാലത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പരപ്പേൽ ദ്വീപുഭാഗത്തെ ഗാബിയോൺ പ്രവൃത്തികളും അപ്രോച്ച് റോഡുകളുടെ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി 31-03-2024-ൽ അവസാനിച്ചു. 30-09-2024 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; സ്ഥലമെടുപ്പ് നടപടി ദ്രുതഗതിയിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കുകയും 23-11-2023-ന് സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. നിലവിൽ അപ്രോച്ച് റോഡിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ കോഴിച്ചാൽ- മീന്തുള്ളി പാലം**

67(4967) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ കോഴിച്ചാൽ - മീന്തുള്ളി പാലം നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയ കോഴിച്ചാൽ - മീന്തുള്ളി പാലം നിർമ്മാണ പ്രവൃത്തിയുടെ 2.40 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ഭരണാനുമതിക്കായി ചീഫ്

എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

**പുലിമല പാലം നിർമ്മാണം**

68(4968) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ വടക്കുംഭാഗം റോഡിലെ പുലിമല പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ തൃക്കാരിയൂർ - വടക്കുംഭാഗം റോഡിലെ പുലിമല പാലത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ വിങ്ങിലേക്ക് നൽകിയിട്ടുണ്ട്. ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിങ്, ഡിസൈൻ വിങ്ങിൽനിന്നും തയ്യാറാക്കിയതിൽ പാലത്തിന്റെ അലൈൻമെന്റ് straight ആയിട്ടാണ് നിർദേശിച്ചിരുന്നത്. എന്നാൽ കോതമംഗലം ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾക്ക് സുഗമമായ ഗതാഗതത്തിന്,

നാഗഞ്ചേരി - വടക്കുംഭാഗം റോഡിലേക്ക് തിരിഞ്ഞ് പാലത്തിന്റെ അലൈൻമെന്റ് skew ആയിട്ട് നൽകണമെന്ന് നാട്ടുകാരും പഞ്ചായത്ത് പ്രതിനിധികളും നിരന്തരം ആവശ്യമുന്നയിച്ചിരുന്നു. അതിനാൽ പ്രധാന റോഡിനോട് ചേർന്നുള്ള അലൈൻമെന്റിലേക്ക് ചെറിയ skew നൽകിക്കൊണ്ട് പാലത്തിന്റെ പുതുക്കിയ ഡിസൈൻ ഡ്രോയിങ് എത്രയും വേഗം തയ്യാറാക്കുന്നതിന് ഡിസൈൻ വിങ് നടപടി സ്വീകരിച്ചുവരുന്നു. പാലത്തിന് നൽകേണ്ട horizontal & vertical clearance-മായി ബന്ധപ്പെട്ട അനുമതി ജലസേചന വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജനറൽ ഡിസൈൻ ഡ്രോയിങ് തയ്യാറായ◌ാൽ ഉടൻ ഭരണാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിക്കാനാകും.

**പാണ്ടമംഗലം പാലം പുനർനിർമ്മാണം**

69(4969) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പാണ്ടമംഗലം പാലം പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആയത് സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കോട്ടക്കൽ നിയോജകമണ്ഡലത്തിൽ പാണ്ടമംഗലം പാലം പുനർനിർമ്മിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ബജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

**തോരായിക്കടവ് പാലം നിർമ്മാണം**

70(4970) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പാലത്തിന് എത്ര മീറ്റർ അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തോരായിക്കടവ് പാലം നിർമ്മാണം എന്ന പദ്ധതിക്ക് 31-10-2016-ലെ G.O.(Rt)No.1496/2016/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 04-02-2018-ൽ 14.90 കോടി രൂപയുടെ സാമ്പത്തികാനുമതിയും 26-02-2021-ൽ 18.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. 28-01-2022-ൽ 21.61 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 26-06-2023-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. നിലവിൽ 21% പ്രവൃത്തി

പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പൂക്കോട് ഭാഗത്ത് 150 മീറ്ററും അത്തോളി ഭാഗത്ത് 100 മീറ്ററും നീളത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പാലം കരാർ പ്രകാരം എപ്പോഴാണ് പൂർത്തീകരിക്കേണ്ടത്; നിർമ്മാണം കാലതാമസമില്ലാതെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കരാർ പ്രകാരം 04-01-2025-ലാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത്. നിർമ്മാണം കരാർ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനായി കരാറുകാരന് കർശന നിർദേശം നൽകിയിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

71(4971) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം - തേക്കടി റോഡിലെ അഞ്ചാം മൈൽ കനാൽ പാലം വീതി കൂട്ടി നിർമ്മിക്കാനുള്ള പ്രവൃത്തി, മഴുവന്നൂർ - കടയിരിപ്പ് റോഡിലെ വെട്ടിക്കൽ പാലം പുനർനിർമ്മിക്കാനുള്ള പ്രവൃത്തി എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസലുകൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

എറണാകുളം - തേക്കടി റോഡിലെ അഞ്ചാം മൈൽ കനാൽ പാലം വീതി കൂട്ടി നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

മഴുവന്നൂർ - കടയിരിപ്പ് റോഡിലെ വെട്ടിക്കൽ പാലം പുനർനിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിങ്ങിൽനിന്ന് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിങ് തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം

എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഈ പാലത്തിന്റെ Vertical Clearance കുറച്ചുനൽകുന്നതിനായി ജലസേചന വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മംഗലത്തുനട - പാങ്കോട് റോഡിൽ വെട്ടിക്കൽ ക്ഷേത്രത്തിന് സമീപമുള്ള പാലം (ഫയൽ നമ്പർ പി.ഡബ്ല്യൂ.എഫ്./ ബി.ആർ./ എഫ്.എൽ./7680/2022) ചെമ്പറക്കി - വിലങ്ങ് റോഡിലെ കനാൽ പാലം (ഫയൽ നമ്പർ പി.ഡബ്ല്യൂ.ഡി./ബി.ആർ./എഫ്.എൽ./8775/2022) എന്നിവയുടെ പുനർനിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വെട്ടിക്കൽ പാലം - മഴുവന്നൂർ-കടയിരിപ്പ് റോഡിലെ വെട്ടിക്കൽ പാലം പുനർനിർമ്മിക്കാനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ വിങ്ങിൽനിന്ന് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിങ് തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം എസ്റ്റിമേറ്റ് തയാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഈ പാലത്തിന്റെ Vertical

Clearance കുറച്ചുനൽകുന്നതിന് ജലസേചന വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ചെമ്പറക്കി - വിലങ്ങ് റോഡിലെ കനാൽ പാലം

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ചെമ്പറക്കി - വിലങ്ങ് റോഡിലെ അപകടാവസ്ഥയിലായ കനാൽ പാലം പുതുക്കി പണിയുന്നതിനായി കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ. 09-04-2022-ൽ നൽകിയ കത്ത് പ്രകാരം സോയിൽ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി 09-10-2023-ൽ 1.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. 16-01-2024-ലെ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ CMT മീറ്റിങ്ങിലെ തീരുമാനപ്രകാരം പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം ഇറിഗേഷൻ വകുപ്പിനെ ഏൽപ്പിക്കുകയും ഇറിഗേഷൻ വകുപ്പ് ആലുവ PVIP 1/4 സെക്ഷന്റെ കീഴിൽ എം.എൽ.എ. ഫണ്ടിൽ പ്രവൃത്തി ചെയ്യുന്നതിന് ടെൻഡർ പൂർത്തിയാക്കിയിട്ടുമുണ്ട്. പ്രവൃത്തിയുടെ Contract Agreement വച്ചിട്ടുണ്ടെന്നും

സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ടെന്നും ആലുവ പി.വി.ഐ.പി. ഡിവിഷൻ നം. 2 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07-02-2024-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച പാലങ്ങൾ**

72(4972) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ; 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ പ്രവൃത്തി പൂർത്തീകരിച്ച പാലങ്ങൾ ഏതെല്ലാമാണെന്നും അവ പൊതുജനങ്ങൾക്കായി തുറന്നുനൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ പുരോഗമിക്കുന്ന പാലം പ്രവൃത്തികൾ ചുവടെ പറയുന്നവയാണ്.

1. കരിമ്പുഴയ്ക്ക് കുറുകെ ഏനാദി പാലത്തിന്റെ നിർമ്മാണം.

2. പുന്നപ്പുഴയ്ക്ക് കുറുകെ മുട്ടിക്കടവ് പാലത്തിന്റെ നിർമ്മാണം.

3. ഇരുട്ടുകുത്തിപാലം നിർമ്മാണം.

4. വഴിക്കടവ്-ചക്കപ്പാടം റോഡിലെ മണിമൂളി പാലത്തിന്റെ പുനർനിർമ്മാണം.

2016 മുതൽ നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച പാലങ്ങൾ ചുവടെ പറയുന്നവയാണ്.

1. പുന്നപ്പുഴയ്ക്ക് കുറുകെ കുട്ടപ്പാടിപാലം നിർമ്മാണം.

2. ചാലിയാറിനുകുറുകെ കൈപ്പിനിക്കടവ് പാലം പുനർനിർമ്മാണം.

3. കരിയൻതോട് പാലം പുനർനിർമ്മാണം.

4. കുതിരപ്പുഴയ്ക്ക് കുറുകെ തൃക്കൈക്കുത്ത് പാലം നിർമ്മാണം.

(ബി) പ്രസ്തുത മണ്ഡലത്തിലെ മരത്തിൻകടവ് പാലം, എടക്കരയിലെ സമാന്തരപാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

എന്താണെന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണുള്ളതെന്നും ഫയൽ നമ്പർ സഹിതം അറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിലെ മരത്തിൻകടവ് പാലം, എടക്കര സമാന്തരപാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു.

മരത്തിൻകടവ് പാലം - PRICE ID No.PWD/BR/FL/4626/2024

എടക്കര സമാന്തര പാലം- PRICE ID No.PWD/BR/FL/4624/2024

(സി) പ്രസ്തുത മണ്ഡലത്തിലെ ഏനാന്തിക്കടവ് പാലം, ഇരുട്ടുകുത്തിക്കടവ് പാലം, അമ്പൂട്ടാൻപെട്ടി-ശാന്തിഗ്രാം പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഏനാന്തിക്കടവ് പാലം നിർമ്മാണത്തിനായി ഇ-ടെൻഡർ നടത്തി. പ്രവൃത്തി ഇപ്പോൾ എഗ്രിമെന്റ് സ്റ്റേജിലാണ്.

ഇരുട്ടുകുത്തി പാലത്തിന്റെ അബട്ട്മെന്റ് (A1) ഭാഗത്ത് ഫൗണ്ടേഷൻ പ്രവൃത്തിയുടെ ഭാഗമായുള്ള പ്രാഥമിക പ്രവൃത്തികൾ നടന്നുവരുന്നു.

അമ്പൂട്ടാൻപെട്ടി-ശാന്തിഗ്രാം പാലം - CRF സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി 12-06-2024-ലെ സ.ഉ.(സാധാ) നം.572/2024/പൊമവ പ്രകാരം 12.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെയുള്ള ഫ്ലൈ ഓവറിന്റെ നിർമ്മാണം**

73(4973) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല വരെ നിർമ്മിക്കുന്ന ഫ്ലൈ ഓവർ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; പദ്ധതി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ?

(എ-സി) മലപ്പുറം പോലീസ് സ്റ്റേഷൻ മുതൽ കിഴക്കേത്തല ചെത്ത് പാലം വരെയുള്ള ഫ്ലൈ ഓവർ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 942/2017/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ വിശദമായ പദ്ധതിരേഖയ്ക്ക് കിഫ്ബിയിൽനിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്ക് ദേശീയപാത അതോറിറ്റിയിൽനിന്നും 12-10-2021-ന് NOC ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി ബഹുമാനപ്പെട്ട മലപ്പുറം എം.എൽ.എ. 01-12-2021-ന് പദ്ധതി പ്രദേശം സന്ദർശിക്കുകയും അലൈൻമെന്റിൽ പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം 200 മീറ്റർ നീളം കൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് നിർദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്തി, പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം

200 മീറ്റർ നീളം കൂട്ടിയ അലൈൻമെന്റ് കിഫ്ബിയിൽ സമർപ്പിച്ചു. മലപ്പുറം കോട്ടപ്പടി ടൗൺ ഡെവലപ്മെന്റ് ഫോറം നാലുവരിപ്പാതയ്ക്ക് ആവശ്യമായ ഭൂമി സൗജന്യമായി സർക്കാരിന് വിട്ടുനൽകാമെന്ന് 29-02-2020-ൽ കിഫ്ബിയെ അറിയിച്ചിരുന്നതാണെന്നും, സൗജന്യമായി ഭൂമി നൽകിയാൽ മാത്രം അലൈൻമെന്റ് നീട്ടുന്ന കാര്യം പരിഗണിച്ചാൽ മതിയെന്ന് കിഫ്ബി നിർദേശം നൽകിയിട്ടുമുണ്ട്.

**അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണം**

74(4974) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും 154.626 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16-12-2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അഴീക്കോട്-മുനമ്പം പാലത്തിന് 160 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 154.626 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 181.55 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 143.15 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 143.28 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ അഴീക്കോട് ഭാഗത്തെ പൈലിങ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തൂണുകളുടേയും സ്ലാബുകളുടേയും നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കായൽ ഭാഗത്തെ പൈലിങ് പ്രവൃത്തികളിൽ 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 196 പൈലുകളിൽ 112 എണ്ണത്തിന്റെയും 34 പൈൽ ക്യാപ്പുകളിൽ 10 എണ്ണത്തിന്റെയും 55 തൂണുകളിൽ 17 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി മുനമ്പം ഭാഗത്തെ പെട്രോൾ പമ്പിന്റെ സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

മുനമ്പം ഭാഗത്തെ കായലിനോട് ചേർന്നുള്ള ഐ.ആർ. ബാഹുലേയൻ & കൊ.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം പുറമ്പോക്കാണെന്നും ഹർജിക്കാരന് സ്ഥലത്തിന്റെ വിലയ്ക്ക് നഷ്ടപരിഹാരം ലഭിക്കാൻ അർഹതയില്ലെന്നുമാണ് ലാൻഡ് അക്വിസിഷൻ ഓഫീസർ (സ്പെഷ്യൽ തഹസിൽദാർ, എൽ.എ. എൻ.എച്ച്. നം. 3, വൈറ്റില) റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഈ സ്ഥലത്തെ ഓഫീസ് കെട്ടിടത്തിന് നഷ്ടപരിഹാര തുകയായ 3,67,310/- രൂപ കണക്കാക്കി ഈ തുക മേൽ കമ്പനിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനായി ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ സമർപ്പിക്കാൻ ലാൻഡ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടു. എന്നാൽ സർക്കാർ അനുവദിച്ച തുക കുറവായതിനാൽ നിരസിക്കുകയാണെന്നും ഈ ഭൂമി കമ്പനിയുടെ സ്വന്തം ഭൂമിയാണെന്നും ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ WP©14109/2022 ഫയൽ

ചെയ്തിട്ടുള്ളതാണെന്നും ഹർജിക്കാരൻ അറിയിച്ചിരുന്നു. കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ഈ കമ്പനിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സ്റ്റേ ചെയ്യാൻ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലാണ് ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നത്.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 2025 ജനുവരി 17 വരെയാണ്.

**കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട് -ചേന്നൂർ പാലത്തിന്റെ നിർമ്മാണം**

75(4975) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ജി.ഐ.ഡി.എ. (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും പൊതുമരാമത്ത് വകുപ്പ് 06-11-2021-ന് 37.50 കോടി രൂപയ്ക്ക് ഭരണാനുമതി

നൽകിയതുമായ കടമക്കുടി ഗ്രാമപഞ്ചായത്തിലെ കോതാട്-ചേന്തർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ?

സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഡിസൈൻ പലതവണ പുതുക്കേണ്ടിവന്നത് കാലതാമസത്തിന് കാരണമായി. പുതുക്കിയ രൂപകല്പനയും DSOR-ലെ മാറ്റവുമനുസരിച്ച് 23-03-2023-ന് ഭരണാനുമതി 41.14 കോടിയായി പുതുക്കിനൽകി. IWAI ക്ലിയറൻസ് ലഭിച്ചു. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചതിലുള്ള തിരുത്തലുകൾ നടത്തിവരുന്നു. CRZ ക്ലിയറൻസ്, വാട്ടർ മെട്രോ ക്ലിയറൻസ്, നിർമ്മാണത്തിനാവശ്യമായ ഭൂമി എന്നിവ ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടി സ്വീകരിക്കാൻ സാധിക്കും.

(ബി) പ്രസ്തുത പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ; എത്ര സെന്റ് ഭൂമിയാണ് പാലം നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ GIDA-യുടെ കീഴിൽ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പാലത്തിനായി വാട്ടർ മെട്രോയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വാട്ടർമെട്രോ ഏറ്റെടുത്ത സ്ഥലം പാലം നിർമ്മാണത്തിനായി ലഭ്യമാക്കുന്ന നടപടികൾ GIDA മുഖാന്തരം സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. CRZ ക്ലിയറൻസ്, വാട്ടർ മെട്രോ ക്ലിയറൻസ്, നിർമ്മാണത്തിനാവശ്യമായ ഭൂമി എന്നിവ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാൻ സാധിക്കൂ.

**തൃപ്പൂണിത്തുറയിലെ ഇരുമ്പ് പാലം നിർമ്മാണം**

76(4976) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരത്തെ കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇരുമ്പ് പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ?

ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി നിശ്ചയിക്കുന്നതിനുള്ള അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ച്

തഹസീൽദാരുടെ കാര്യാലയത്തിൽനിന്നും ഭൂമി അളന്ന് തിട്ടപ്പെടുത്തിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കും.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുത്തതിനുശേഷം തുടർനടപടികൾ സ്വീകരിക്കും.

**ഫ്ലൈഓവർ നിർമ്മാണം**

77(4977) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാതകളിൽ ഫ്ലൈഓവർ നിർമ്മാണത്തിനായുള്ള എത്ര പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനപാതകളിൽ ഫ്ലൈഓവർ നിർമ്മാണത്തിനായി നിലവിലുള്ള പ്രൊപ്പോസലുകൾ ചുവടെ പറയുന്നവയാണ്.

1. മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജകമണ്ഡലത്തിലെ ജസീല ജംഗ്ഷനിലെ ഫ്ലൈഓവർ.

2. മലപ്പുറം ജില്ലയിലെ വേങ്ങര ഫ്ലൈഓവർ.

3. തൃശ്ശൂർ ജില്ലയിലെ മമ്മിയൂർ ഫ്ലൈഓവർ.

4. കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഫ്ലൈഓവർ.

5. കോഴിക്കോട് ജില്ലയിലെ അരീക്കാട് ഫ്ലൈഓവർ.

6. കണ്ണൂർ ജില്ലയിലെ മേലെചൊവ്വ ഫ്ലൈഓവർ.

7. കണ്ണൂർ ജില്ലയിലെ സൗത്ത് ബസാർ ഫ്ലൈഓവർ.

8. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി ഫ്ലൈഓവർ.

9. തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ഫ്ലൈഓവർ.

10. മലപ്പുറം ജില്ലയിലെ കിഴക്കേത്തല ചെത്തുപാലം ഫ്ലൈഓവർ.

11. കോഴിക്കോട് ജില്ലയിലെ കൊടുവള്ളി - സിറാജ് ഫ്ലൈഓവർ.

12. തൃശ്ശൂർ ജില്ലയിലെ കൊക്കാല & കിഴക്കേകോട്ട ഫ്ലൈഓവർ.

13. മലപ്പുറം ജില്ലയിലെ തിരൂർ - ചമ്രവട്ടം ഫ്ലൈഓവർ.

14. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഫ്ലൈഓവർ.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ഫ്ലൈഓവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഓരോന്നും നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഫ്ലൈഓവറുകൾ ചുവടെ പറയുന്നവയാണ്.

1. തൃശ്ശൂർ ജില്ലയിലെ മമ്മിയൂർ ഫ്ലൈഓവറിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. ചെറുവണ്ണൂർ ഫ്ലൈഓവറിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. അരീക്കാട് മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. RR പാക്കേജ് അംഗീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ഫ്ലൈഓവർ നിർമ്മാണത്തിന് ഓരോ സ്ഥലത്തും നിർവഹണ ഏജൻസി ആരാണെന്നും എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**കുട്ടനാട്ടിലെ മുട്ടേൽ പാലത്തിന്റെ നിർമ്മാണം**

78(4978) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മുട്ടേൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ മുട്ടേൽ പാലത്തിന്റെ നിർമ്മാണ പ്രവൃത്തി കിഫ്ബി ധനസഹായത്തോടുകൂടി നടപ്പാക്കുന്നതിനായി 10-07-2017-ലെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

G.O(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 16-09-2019-ൽ 24.21 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറിൽനിന്നും വെർട്ടിക്കൽ ക്ലിയറൻസിനുള്ള NOC-യും ലഭിച്ചിട്ടുണ്ട്. തുടർന്ന് 15-03-2024-ൽ കിഫ്ബിയുടെ പ്രോജക്ട് അപ്രൈസൽ വിഭാഗം സ്ഥലപരിശോധന നടത്തുകയും 16-04-2024-ൽ  കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ചെലവുകുറഞ്ഞ തരത്തിൽ ഡിസൈൻ പുതുക്കുന്നതിന് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം 02-05-2024-ൽ ഡിസൈൻ പുതുക്കുന്നതിനും പുതുക്കിയ ഡ്രോയിങ്ങുകൾ ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) ലാൻഡ് അക്വിസിഷൻ നടപടികൾ കഴിഞ്ഞ പ്രസ്തുത പാലത്തിന്റെ ടെൻഡർ നടപടികൾ അടിയന്തരമായി നടത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുട്ടേൽ പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് 08-04-2024-ൽ 6.46 കോടി രൂപ നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയതിനുശേഷം തുടർനടപടികൾ സ്വീകരിക്കാം.

**കോട്ടക്കൽ മണ്ഡലത്തിലെ കുളക്കാട് സ്കൂൾ കെട്ടിട നിർമ്മാണം**

79(4979) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ കുളക്കാട് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തിയും പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ജി.എൽ.പി.എസ്. കുളക്കാടിന് പുതിയ കെട്ടിട നിർമ്മാണത്തിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ ഡ്രോയിങ് സ്കൂൾ അധികൃതർ അംഗീകരിച്ചതിനെത്തുടർന്ന് 2 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള DPR വിദ്യാഭ്യാസ വകുപ്പിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരികയാണ്.

**മമ്മിയൂർ ഫ്ലൈഓവർ നിർമ്മാണ പദ്ധതി**

80(4980) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മമ്മിയൂർ ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മമ്മിയൂർ ഫ്ലൈഓവർ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിലെ മമ്മിയൂർ ഫ്ലൈഓവർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 12 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുമുണ്ട്. ടോട്ടൽ സ്റ്റേഷൻ സർവെ പൂർത്തീകരിച്ചു. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ട്.

**സ്മാർട്ട് സിറ്റി പദ്ധതി**

81(4981) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിലവിൽ ഏതൊക്കെ റോഡുകളിലാണ് നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നത്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി കെ.ആർ.എഫ്.ബി.-ക്ക് കീഴിൽ പ്രവൃത്തി നടക്കുന്ന റോഡുകളുടെയും പ്രവൃത്തികളുടെയും നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. **മാനവീയം വീഥി-** പൂർണ്ണമായും പൂർത്തീകരിച്ച് 20-08-2023-ന് തുറന്നുകൊടുത്തിട്ടുണ്ട്.

2. **കലാഭവൻ മണി റോഡ്-** പൂർണ്ണമായും പൂർത്തീകരിച്ച് 26-08-2023-ന് തുറന്നുകൊടുത്തിട്ടുണ്ട്.

3. **വി.ജെ.ടി. ഹാൾ - ഫ്ലൈഓവർ റോഡ് -** രണ്ട് ലെയർ ടാറിങ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. നിലവിലെ പുരോഗതി 95% ആണ്. ഈ റോഡിന്റെ നടപ്പാതയുൾപ്പെടെ സൗന്ദര്യവൽക്കരണം നടത്തുന്നതിനുള്ള ടെൻഡർ നടപടി സ്വീകരിച്ചുവരുന്നു.

4. **സ്പെൻസർ ജംഗ്ഷൻ മുതൽ ഗ്യാസ് ഹൗസ് ജംഗ്ഷൻ വരെ** - ആദ്യ ലെയർ ടാറിങ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

5. **സ്റ്റാച്യൂ - ജനറൽ ആശുപത്രി റോഡ്** - പ്രധാന പ്രവൃത്തികൾ (ഓട നിർമ്മാണം, അണ്ടർ ഗ്രൗണ്ട് RCC ഡക്റ്റ്/ HDPE പവർ ഡക്റ്റ്, കുടിവെള്ള പൈപ്പ്, ഇലക്ട്രിക് കേബിളിങ്, കോംപാക്റ്റ് സബ്-സ്റ്റേഷൻസ്, ഇലക്ട്രിക് ഫീഡർ പില്ലർ, സ്ട്രീറ്റ് ലൈറ്റ്, സീവറേജ് പ്രവൃത്തികൾ) എല്ലാം

പൂർത്തിയാക്കി ഒന്നാംഘട്ട ടാറിങ് ചെയ്ത് 01-04-2024-ന് റോഡ് തുറന്നുകൊടുത്തിട്ടുണ്ട്.

ശേഷിക്കുന്ന പണികൾ:- നടപ്പാതയിൽ ടൈൽ പാകൽ, സർവീസ് കണക്ഷനുകൾ (കുടിവെള്ളം/വൈദ്യുതി) പുതിയ ലൈനിൽ കണക്ട് ചെയ്യുക, വഴിവിളക്കുകൾ തെളിയിക്കുക, റോഡ് മാർക്കിങ്/സൈൻ എന്നിവ ചെയ്തുവരുന്നു.

6. **NORKA ജംഗ്ഷൻ – ഗാന്ധി ഭവൻ റോഡ്** - പ്രധാന പ്രവൃത്തികൾ (അണ്ടർ ഗ്രൗണ്ട് RCC ഡക്ട്/HDPE പവർ ഡക്ട്, കുടിവെള്ള പൈപ്പ്, ഇലക്ട്രിക് കേബിളിങ്, കോംപാക്ട് സബ്-സ്റ്റേഷൻസ്, ഇലക്ട്രിക് ഫീഡർ പില്ലർ, സീവറേജ് പ്രവൃത്തികൾ) എല്ലാം പൂർത്തിയാക്കി ഒന്നാം ഘട്ട ടാറിങ് ചെയ്ത് 03-04-2024-ന് റോഡ് തുറന്നുകൊടുത്തിട്ടുണ്ട്.

ശേഷിക്കുന്ന പണികൾ:- ടൈൽ പാകിയ നടപ്പാത, ആവശ്യമായ ഇടങ്ങളിൽ ഓട, സർവീസ് കണക്ഷനുകൾ (കുടിവെള്ളം/വൈദ്യുതി) പുതിയ ലൈനിൽ കണക്ട് ചെയ്യുക, സ്ട്രീറ്റ് ലൈറ്റ്, റോഡ് മാർക്കിങ്/സൈൻ.

**7. തൈക്കാട് ഹൗസ് – കീഴേ തമ്പാനൂർ (M G രാധാകൃഷ്ണൻ റോഡ്):** പ്രധാന പ്രവൃത്തികൾ പൂർത്തികരിച്ചു (ഓട നിർമ്മാണം, അണ്ടർ ഗ്രൗണ്ട് RCC ഡക്ട്/HDPE പവർ ഡക്ട്, കുടിവെള്ള പൈപ്പ്, ഇലക്ട്രിക് കേബിളിങ്, കോംപാക്ട് സബ്-സ്റ്റേഷൻസ്, ഇലക്ട്രിക് ഫീഡർ പില്ലർ, സ്ട്രീറ്റ് ലൈറ്റ്, സീവറേജ് പ്രവൃത്തികൾ). മോഡൽ സ്കൂൾ ജംഗ്ഷൻ മുതൽ ശാസ്താ ക്ഷേത്രം വരെയുള്ള 395 മീറ്റർ ഒന്നാംഘട്ട ടാറിങ് നടത്തി റോഡ് 15-04-2024-ന് തുറന്നുകൊടുത്തിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തെ ഒന്നാംഘട്ട ടാറിങ്ങിന് മുന്നോടിയായുള്ള 2 ലെയർ മെറ്റൽ വിരിച്ച് ടാറിങ്ങിനുള്ള പ്രൈമർ അടിച്ചിട്ടിരിക്കുന്നു.

**8. ജനറൽ ആശുപത്രി-വഞ്ചിയൂർ ജംഗ്ഷൻ:** ശക്തമായ മഴ വകവയ്ക്കാതെ പരിശ്രമിച്ചതിന്റെ ഫലമായി ഒന്നാംഘട്ട ടാറിങ് പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്.

**9. ഓവർ ബ്രിഡ്ജ്-ഉപ്പിടാമൂട് പാലം:** പ്രധാന പ്രവൃത്തികളായ കുടിവെള്ളത്തിനുള്ള പൈപ്പ്, ശ്രമകരമായ അണ്ടർഗ്രൗണ്ട് പവർ ഡക്ട്, അതിനോടൊപ്പമുള്ള 21 മാൻഹോൾ ചേംബർ, 3 കൾവെർട്ട് എന്നിവ

പൂർത്തിയാക്കി കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. 170 മീറ്റർ ഒഴികെയുള്ള ഭാഗങ്ങളിൽ ഒന്നാംഘട്ട ടാറിങ്ങും ശേഷിക്കുന്ന ഭാഗത്ത് മെറ്റലും വിരിച്ചിട്ടുണ്ട്. ഈ ഭാഗത്ത് ഓടയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

10. **ബേക്കറി ജംഗ്ഷൻ - ഫോറസ്റ്റ് ഓഫീസ് റോഡ്-** ട്രെഞ്ച് എടുത്ത് പവർഡക്ട് സ്ഥാപിക്കുന്ന പ്രവൃത്തി, കുടിവെള്ളത്തിനുള്ള പൈപ്പ്ലൈൻ, മാൻഹോൾ ചേംബർ, കൾവെർട്ട് എന്നിവ പൂർത്തിയാക്കി അത്യാവശ്യ സീവറേജ് പ്രവൃത്തികൾ KWA അറേഞ്ച് ചെയ്തിട്ടുണ്ട്. റോഡ് ഫോർമേഷൻ പ്രവ ൃത്തികൾ 17-06-2024 മുതൽ പുരോഗമിക്കുന്നു. കാലാവസ്ഥ അനുയോജ്യമായാലുടൻ റോഡ് ഫോർമേഷൻ പണികൾ പൂർത്തിയാക്കി ടാറിങ് നടത്തുന്നതാണ്.

11. **കിള്ളിപ്പാലം-അട്ടകുളങ്ങര റോഡ്:** പദ്ധതിയിലുൾപ്പെട്ട പ്രധാന പ്രവൃത്തികളായ നാലുവരി പാതയുടെ രണ്ടു വശത്തുമുള്ള പവർഡക്ട് സ്ഥാപിക്കൽ, 80 മാൻഹോൾ ചേംബറുകൾ, കൾവെർട്ടുകളുടെ പുനർ നിർമ്മാണം, കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കൽ (മെയിൻ ലൈനും റൈഡർ ലൈനും) തുടങ്ങിയവ പൂർത്തിയാക്കി രണ്ടുവരി റോഡ് ടാർ ചെയ്ത്

14-04-2024 മുതൽ ഗതാഗതയോഗ്യമാക്കി. ബാക്കി ഭാഗത്തെ ടാറിങ് അധിക പ്രവൃത്തിയായി നടപ്പാക്കുന്ന ഓടയുടെ നിർമ്മാണം പൂർത്തിയാകുന്നതിനോടൊപ്പം ചെയ്യുന്നതാണ്. 920 മീറ്റർ നീളത്തിലാണ് 2 മീറ്റർ വീതിയിലുള്ള ഓട നിർമ്മിക്കുന്നത്. നിലവിൽ 660 മീറ്റർ സ്ലാബ് ഉൾപ്പെടെ പൂർത്തിയാക്കി ശേഷിക്കുന്ന 260 മീറ്റർ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. അതോടൊപ്പംതന്നെ ഇലക്ട്രിക്കൽ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

12. **ആൽത്തറ – ചെന്തിട്ട റോഡ്:** ആൽത്തറ മുതൽ NORKA ജംഗ്ഷൻ വരെയും മേട്ടുക്കട മുതൽ ഫ്ലൈഓവർ വരെയും 4 വരി പാതയായും NORKA മുതൽ മേട്ടുക്കടവരെ രണ്ടുവരി പാതയായുമാണ് നിർമ്മിക്കുന്നത്. ആൽത്തറ മുതൽ തമ്പാനൂർ ഫ്ലൈഓവർ വരെ ഒന്നാംഘട്ട ടാറിങ് (DBM) നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രധാനപ്പെട്ട പ്രവ്യത്തികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. (പവർഡക്ട്, ചേംബർ, കേബിളിങ്, മെയിൻലൈനും റൈഡർലൈനും ഉൾപ്പെട്ട കുടിവെള്ള പൈപ്പുകൾ, റോഡ് ഫോർമേഷൻ, ഒന്നാംഘട്ട ടാറിങ്).

<u>ശേഷിക്കുന്ന പ്രവ്യത്തികൾ</u>

ഹാൻഡ് റെയിൽ (പുരോഗമിക്കുന്നു)

മീഡിയൻ (പുരോഗമിക്കുന്നു)

സ്ട്രീറ്റ് ലൈറ്റിംഗ് (പുരോഗമിക്കുന്നു)

സൈക്കിൾ ട്രാക്ക്

നടപ്പാതയിൽ ടൈൽ വിരിക്കൽ (പുരോഗമിക്കുന്നു)

സർവീസ് കണക്ഷൻസ് (പുരോഗമിക്കുന്നു)

രണ്ടാം ഘട്ട ടാറിങ്

റോഡ് മാർക്കിങ് /സൈൻ ബോർഡ്സ്.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് മുമ്പുതന്നെ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി നഗരത്തിലെ റോഡുകൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എത്ര റോഡുകളാണ് ഇപ്രകാരം നവീകരിക്കുന്നത്; ഏതൊക്കെ; ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നത്?

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ കൂടുതൽ റോഡുകൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകൾ യഥാസമയം പുനർനിർമ്മിക്കുന്നതിൽ പരാജയപ്പെട്ടതുമൂലം ജനങ്ങൾ വലിയ ദുരിതം അനുഭവിക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ സമയബന്ധിതമായും കൂടുതൽ യാത്രാദുരിതങ്ങൾ ഉണ്ടാകാതെയും നടപ്പാക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കെ.ആർ.എഫ്.ബി.-സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ ഓടകൾക്കുപുറമെ ഡ്രെഞ്ചും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടതാണ്. നിലവിലുള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിലാകാതെ കുഴിയെടുക്കുക എന്നത് വളരെ ശ്രമകരമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന ലൈനുകളിൽ അപ്രതീക്ഷമായി തകരാർ സംഭവിക്കുകയും തന്മൂലം പദ്ധതി നിർവഹണം തടസമാകുന്നതും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് വിവിധ യൂട്ടിലിറ്റി ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ച് ദ്രുതഗതിയിൽ പദ്ധതി പൂർത്തീകരണത്തോടടുക്കുകയാണ്.

ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനാണ് മുൻഗണന നൽകിയത്. 2 റോഡുകൾ ഒഴികെ മറ്റ് റോഡുകൾ ഗതാഗതയോഗ്യമാക്കിക്കഴിഞ്ഞു.

**നാദാപുരം മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവൃത്തികൾ**

82(4982) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ മലയോര ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ ഓരോ റീച്ചിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

1. <u>ചുങ്കക്കുറ്റി-പൂതംപാറ റോഡ്</u>

ഈ പ്രവൃത്തിക്ക് 38.473 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടി വന്നതിനാൽ സമയപരിധിക്കകം സാങ്കേതികാനുമതി നൽകാൻ സാധിച്ചില്ല. ഈ പ്രവൃത്തിയുടെ സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2. <u>പൂതംപാറ ബ്രിഡ്ജ് - മൂന്നാം കൈ തൊട്ടിൽപ്പാലം റോഡ്</u>

ഈ പ്രവൃത്തിക്ക് 45.34 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രദേശവാസികൾ കോടതിയെ സമീപിച്ചതിനെത്തുടർന്ന് തടസ്സപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിയുടെ സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. തൊട്ടിൽപ്പാലം-മുള്ളൻകുന്ന് റോഡ്

ഈ പ്രവ്ൃത്തിക്ക് കിഫ്ബി 29.77 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതി പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രദേശവാസികൾ കോടതിയെ സമീപിച്ചതിനാൽ തടസ്സപ്പെട്ടിട്ടുണ്ട്.

4. മുള്ളൻകുന്ന്-പെരുവണ്ണാമൂഴി റോഡ്

ഈ പ്രവൃത്തിയുടെ മുള്ളൻകുന്ന് മുതൽ ചവറമൂഴി വരെയുള്ള 1 കി.മീ നാദാപുരം മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. പ്രവൃത്തിക്ക് കിഫ്ബി 38.399 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. പ്രസ്തുത റീച്ചിൽ ഇറിഗേഷൻ

അക്വിഡക്ട് ക്രോസിങ് ഉള്ളതിനാലും ഇറിഗേഷൻ ലാൻഡ് ലഭ്യമല്ലാത്തതിനാലും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയുടെ സാമ്പത്തികാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തീരദേശ ഹൈവേ**

83(4983) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡാണ് തീരദേശ ഹൈവേ ആക്കി മാറ്റുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 525 കി. മീ. ഭാഗമാണ് തീരദേശ ഹൈവേയായി KRFB-PMU വഴി നിർമ്മിക്കുന്നത്.

(ബി) ഇതിനായി എത്ര രൂപ ചെലവഴിച്ചു; പ്രസ്തുത തുക ഏത് ഏജൻസി മുഖേനയാണ് ലഭ്യമാക്കിയത്; നിർവഹണ ചുമതല ആർക്കാണ്; എന്നിവ വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ചാണ് തീരദേശ ഹൈവേയുടെ സ്ഥലമെടുപ്പും നിർമ്മാണവും നടത്തുന്നത്. ഇതിന്റെ നിർവഹണ ചുമതല കെ.ആർ.എഫ്.ബി.-പി.എം.യു.-വിനാണ്. നിലവിൽ ഈ ഭാഗത്തെ സ്ഥലമേറ്റെടുപ്പ് നടപടികളാണ് പുരോഗമിക്കുന്നത്. നാളിതുവരെ സ്ഥലമേറ്റെടുപ്പിനുള്ള കണ്ടിൻജൻസി ചാർജിനത്തിലും കോമ്പൻസേഷൻ ഇനത്തിലും പൂർത്തിയായ ഹൈവേയുടെ നിർമ്മാണത്തിനായി 61,09,98,313 രൂപ ചെലവഴിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ ഭാഗമായി ആർ.ബി.ഡി.സി.കെ.യു.-ടെ കീഴിൽവരുന്ന മലപ്പുറം ജില്ലയിലെ 'CH: 0+000 മുതൽ CH4+800 വരെയുള്ള 4.8 കി.മീ. നിർമ്മാണം ' പദ്ധതിക്ക് ഭൂമി ഏറ്റെടുക്കലുൾപ്പെടെ 280.09 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്.

(സി) തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലം ഏതൊക്കെ ജില്ലകളിലായി ഏറ്റെടുത്തുവെന്നും ഈ ഭൂമിക്ക് പണം

നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണ് നൽകിയതെന്നും അറിയിക്കാമോ?

തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. നിലവിൽ മലപ്പുറം ജില്ലയിലെ മൊഹ്‌യുദീൻപള്ളി കെട്ടുങ്കൽ വരെയുള്ള 3.85 കി.മീ. റോഡ് നിർമ്മാണത്തിന് 0.5670 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 88,81,889/- രൂപയും തൃശ്ശൂർ ജില്ലയിലെ അഴീക്കോട് മുനമ്പം പാലം നിർമ്മാണത്തിന് 0.45 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 9,69,74,814/- രൂപയും കോഴിക്കോട് ജില്ലയിലെ കുഞ്ഞാലിമരക്കാർ പാലം നിർമ്മാണത്തിന് 0.2610 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 1,34,50,113/- രൂപയും കിഫ്ബി അനുവദിച്ചു. ആർ.ബി.ഡി.സി.കെ.-യെ ഏല്പിച്ച ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഈ ഭാഗത്ത് 3.5530 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് അർഥനാപത്രം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നപടികളുടെ ഭാഗമായുള്ള 11(1) എന്ന വിജ്ഞാപനം പുറപ്പെടുവിച്ച് സർവെ നടപടികൾ പുരോഗമിക്കുന്നു.

(ഡി) ആലപ്പുഴ മണ്ഡലത്തിൽ തീരദേശഹൈവേ പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവന്നിട്ടുണ്ടെന്നും എത്ര രൂപ നൽകിയെന്നും വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ തീരദേശ ഹൈവേ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. വലിയഴീക്കൽ മുതൽ തോട്ടപ്പള്ളി വരെയും SH ബൈപാസ് ക്രോസിങ് മുതൽ സൗത്ത് ചെല്ലാനം വരെയുള്ള ഹൈവേക്കായി 54.81 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. പായൽക്കുളങ്ങര മുതൽ SH ബൈപാസ് ക്രോസിങ് വരെയുള്ള തീരദേശ ഹൈവേയുടെ അലൈൻമെന്റ് NATPAC തയ്യാറാക്കിവരുന്നു.

**ദേശീയപാത 66-ന്റെ നവീകരണ പ്രവർത്തനങ്ങൾ**

84(4984) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും നാളിതുവരെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) എത്ര റീച്ചുകൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർണ്ണതോതിൽ ഗതാഗതത്തിനായി തുറന്നിട്ടുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) എത്ര റീച്ചുകളിൽ പണി പൂർത്തീകരിക്കാനുണ്ടെന്നും അവ ഏതൊക്കെയെന്നും ഓരോ റീച്ചിലും പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശവും വ്യക്തമാക്കുമോ;

(ഡി) ഓരോ റീച്ചിലും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സാഹചര്യത്തിൽ പണികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

(എ-ഡി) 4 ബ്ലാക്ക് സ്പോട്ടുകളുടെ റെക്ടിഫിക്കേഷൻ ഉൾപ്പെടെ 19 സ്ട്രെച്ചുകളിലായാണ് ദേശീയപാത 66-ന്റെ വികസനം പുരോഗമിക്കുന്നത്. ഓരോ സ്ട്രെച്ചിലെയും പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I+ ആയി ചേർക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6 സ്ട്രെച്ചുകൾ പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്. പ്രസ്തുത സ്ട്രെച്ചുകളുടെ വിവരങ്ങൾ അനുബന്ധം II +ആയി ചേർക്കുന്നു.

**തീരദേശ ഹൈവേ കടന്നുപോകുന്ന ജില്ലകൾ**

85(4985) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ ഹൈവേകൾ ഏതൊക്കെ ജില്ലകളിലൂടെയും തുറമുഖങ്ങളിലൂടെയുമാണ് കടന്നുപോകുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ തീരദേശ ഹൈവേ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. തീരദേശ ഹൈവേ കൊല്ലം, ആലപ്പുഴ, എറണാകുളം, ബേപ്പൂർ, അഴീക്കൽ പോർട്ടുമായി ബന്ധിപ്പിക്കുന്നതിന് NHAI-യുടെ പോർട്ട് കണക്ടിവിറ്റി പ്രോജക്ടിൽ ഉദ്ദേശിച്ചിരുന്നെങ്കിലും നിലവിൽ ഈ പോർട്ടുകൾ NH-മായി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധിപ്പിക്കുന്ന പദ്ധതിയുമായാണ് NHAI മുന്നോട്ടുപോകുന്നത്. തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പൊന്നാനി അഴിമുഖത്തിന് കുറുകെയുള്ള കേബിൾ സ്റ്റേയ്ഡ് ബ്രിഡ്ജ് ഉൾപ്പെടെ CH: 0 + 00 മുതൽ CH 4 + 800 വരെയുള്ള 4.8 കി.മീ. നിർമ്മാണം ആർ.ബി.ഡി.സി.കെ. മുഖേന നടപ്പാക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ മാത്രം ഫണ്ട് ഉപയോഗിച്ചാണോ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനവും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതെന്നും പദ്ധതിക്കുവേണ്ട സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ മുതൽ കാസർഗോഡ് ജില്ലയിലെ പന്നിക്കുന്ന് വരെയുള്ള തീരദേശ ഹൈവേ കിഫ്ബി ഫണ്ടുപയോഗിച്ചാണ് സ്ഥലമേറ്റെടുപ്പും നിർമ്മാണ പ്രവർത്തനവും നടത്തുന്നത്. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. 2025 അവസാനത്തോടുകൂടി സ്ഥലമേറ്റെടുപ്പ്

നടപടികൾ പൂർത്തിയാക്കി രണ്ടുവർഷ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ആർ.ബി.ഡി.സി.കെ.-യെ ഏല്പിച്ച ഭാഗത്തിന് ഭൂമി ഏറ്റെടുക്കലുൾപ്പെടെ 280.09 കോടി രൂപയുടെ സാമ്പത്തികാനുമതി സംസ്ഥാന സർക്കാരിന് കീഴിലുള്ള കിഫ്ബി നൽകിയിട്ടുണ്ട്. ഈ ഭാഗത്തെ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഈ ഭാഗത്ത് ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് സർവെ നടപടികൾ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ 19(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നമുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്.

**ദേശീയപാതയായി പ്രഖ്യാപിച്ച റോഡുകൾ**

86(4986) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ റോഡുകൾ ദേശീയപാതയായി കേന്ദ്ര ഉപരിതല റോഡ് ഗതാഗത മന്ത്രാലയം പ്രഖ്യാപിച്ചിട്ടുണ്ടെന്ന് റോഡുകളുടെ പേരും ആകെ ദൂരവും സഹിതം വ്യക്തമാക്കാമോ;

എന്നുമുതലാണ് ഇവയ്ക്ക് ദേശീയപാത സ്റ്റാറ്റസ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയപാതയായി പ്രഖ്യാപിക്കപ്പെട്ടശേഷം പ്രസ്തുത റോഡുകളുടെ നവീകരണത്തിനായോ അറ്റകുറ്റപ്പണിക്കായോ സംസ്ഥാന സർക്കാർ പണം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് നിലവിൽ 11 ദേശീയപാതകളാണുള്ളത്. 6 എണ്ണം NHAI-യുടെ കീഴിലും 5 എണ്ണം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിലുമാണ് വരുന്നത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

ഏറ്റവും അവസാനമായി കേരളത്തിൽ NH 183 ദേശീയപാത 07-04-2017-ലെയും NH 183A, 185 എന്നീ ദേശീയപാതകൾ 04-03-2014-ലെയും ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമാണ് ദേശീയപാതയായി പ്രഖ്യാപിച്ചത്. അതിന് വളരെ മുമ്പ് ദേശീയപാതകളായി പ്രഖ്യാപിക്കപ്പെട്ടവയുടെ പ്രഖ്യാപന തീയതികൾ ഇപ്പോൾ ലഭ്യമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദേശീയപാതയായി പ്രഖ്യാപിച്ച പ്രസ്തുത റോഡുകൾക്ക് ദേശീയപാതയുടെ വീതിയോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

NHAI-ക്ക് കീഴിലുള്ള ദേശീയപാതകളുടെ പദ്ധതികൾക്ക് NHAI ആണ് പണം അനുവദിക്കുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിലുള്ള ദേശീയപാതകളുടെ പ്രധാന പദ്ധതികൾക്ക് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽനിന്നാണ് പണം ലഭിക്കുന്നത്. എന്നാൽ മഴക്കാലപൂർവ ശുചീകരണത്തിനും അത്യാവശ്യ ഘട്ടങ്ങളിലെ അറ്റകുറ്റപണികൾക്കുമായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്താറുണ്ട്.

(ഡി) ഇവയുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുള്ളതായി സംസ്ഥാനത്തിന് വിവരം ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ വരുന്ന 473.25 കി.മീ. നീളം ദേശീയപാതകളെ IRC മാനദണ്ഡങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

## വിഴിഞ്ഞം തുറമുഖം മുതൽ കൊച്ചി തുറമുഖം വരെ പുതിയ ഗ്രീൻഫീൽഡ് ദേശീയപാത

87(4987) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാത അതോറിറ്റി മുഖേന റോഡ് വികസനം നടപ്പാക്കുന്ന പ്രധാന റോഡ് പദ്ധതികൾ ഏതൊക്കെയെന്നും ഇവയെ ഭാരത്മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പദ്ധതിയുടെ പേരും ചെലവഴിക്കുന്ന തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് ദേശീയപാത അതോറിറ്റി മുഖേന റോഡ് വികസനം നടപ്പാക്കുന്ന പ്രധാന റോഡ് പദ്ധതികളിൽ ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ദേശീയപാത 66-ന്റെ 19 സ്ട്രെച്ചുകളിലെ (ബ്ലാക്ക് സ്പോട്ട് റെക്റ്റിഫിക്കേഷൻ ഉൾപ്പെടെ) പ്രവൃത്തി, ദേശീയപാത

85-ന്റെ വീതി കൂട്ടൽ, ദേശീയപാത 544-ലെ പതിനൊന്ന് ബ്ലാക്ക് സ്പോട്ടുകളുടെ റെക്ടിഫിക്കേഷൻ പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു.

ദേശീയപാത 66-ന്റെ മൂന്ന് സ്ട്രെച്ചുകൾ, ദേശീയപാത 544-ന്റെ മൂന്ന് സ്ട്രെച്ചുകൾ, ദേശീയപാത 966 എ എന്നീ പാതകൾ ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ളതാണ്.

സംസ്ഥാനത്ത് ദേശീയപാത അതോറിറ്റി മുഖേന റോഡ് വികസനം നടപ്പാക്കുന്ന പ്രധാന റോഡ് പദ്ധതികളിൽ ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വിഴിഞ്ഞം തുറമുഖത്തുനിന്നും കൊച്ചി തുറമുഖംവരെ എത്തുന്ന പുതിയ ഒരു ഗ്രീൻഫീൽഡ് ദേശീയപാതയുടെ നിർമ്മാണത്തിന് ദേശീയപാതാ അതോറിറ്റിയോ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമോ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയാമോ; വിശദാംശം ലഭ്യമാക്കാമോ?

വിഴിഞ്ഞം തുറമുഖത്തുനിന്നും കൊച്ചി തുറമുഖംവരെ എത്തുന്ന ഗ്രീൻഫീൽഡ് ദേശീയപാതയുടെ നിർമ്മാണം നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിഗണനയിലില്ലെന്ന് NHAI അറിയിക്കുന്നു.

## വടക്കഞ്ചേരി മണ്ണുത്തി ദേശീയപാതയിലെ ടോൾ പിരിവ്

88(4988) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി മണ്ണുത്തി ദേശീയപാതയിൽ പന്നിയങ്കരയിൽ പുതുക്കിയ ടോൾ നിരക്ക് നിലവിൽ വന്നിട്ടുണ്ടോ; എന്നാണ് നിരക്ക് നിലവിൽ വന്നത്; പുതുക്കിയ നിരക്കുകൾ എപ്രകാരമാണ്; വ്യക്തമാക്കുമോ?

വടക്കഞ്ചേരി-മണ്ണുത്തി ദേശീയപാതയിൽ പന്നിയങ്കര ടോൾ പ്ലാസയിൽ പുതുക്കിയ ടോൾ നിരക്ക് 03-06-2024-ന് പ്രാബല്യത്തിൽ വന്നു. പുതുക്കിയ നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥലത്ത് ടോൾ പിരിവ് ആരംഭിച്ചത് എന്നാണ്; ടോൾ പിരിവ് ആരംഭിച്ചതിനുശേഷം എത്ര തവണ ടോൾ നിരക്ക് വർധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും നിരക്കിലുണ്ടായ വർധന എത്രയാണെന്ന് വ്യക്തമാക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടക്കഞ്ചേരി-മണ്ണുത്തി ദേശീയപാതയിൽ പൂർത്തിയാക്കിയ ആനുപാതിക നീളം റോഡിന് 09-03-2022 മുതൽ ടോൾ പിരിവ് ആരംഭിച്ചിട്ടുള്ളതാണ്. നാലുതവണയാണ് ടോൾ നിരക്ക് പുതുക്കിയിട്ടുള്ളത്. കൺസഷൻ എഗ്രിമെന്റ് (ആർട്ടിക്കിൾ 27.2, ക്ലോസ് 27.1.1) ഷെഡ്യൂൾ. ആർ, 06-06-2013-ലെ യൂസർ ഫീ നോട്ടിഫിക്കേഷൻ നമ്പർ S.O 1462(E)എന്നിവ പ്രകാരമാണ് ടോൾ വാർഷിക നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് എത്രയായിരുന്നു; നാളിതുവരെ ടോൾ പിരിവിലൂടെ എത്ര തുക സമാഹരിക്കാൻ കമ്പനിക്ക് സാധിച്ചിട്ടുണ്ട്; ടോൾ പിരിവ് എന്നുവരെ തുടരാനാണ് കരാറുള്ളതെന്ന് വ്യക്തമാക്കുമോ?

ദേശീയപാത അതോറിറ്റി നൽകിയ മറുപടിയനുസരിച്ച് റീസ്ട്രക്ചറിങ്ങിനുശേഷം ആകെ നിർമ്മാണചെലവ് 910.28 കോടി രൂപയാണ്. 09-03-2022 മുതൽ 31-05-2024 വരെ കളക്ട് ചെയ്ത യൂസർ ഫീ

347.48 കോടി രൂപയാണ്. കൺസഷൻ കാലാവധി 14-09-2032 വരെയാണ്.

**മിൽമ ബൂത്ത് സ്ഥാപിക്കാൻ എൻ.ഒ.സി.**

89(4989) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽപ്പെട്ട നാടുകാണി പരപ്പനങ്ങാടി പി.ഡബ്ല്യൂ.ഡി. റോഡിൽ പരപ്പനങ്ങാടി ബസ് സ്റ്റാൻഡിന്റെയും റെയിൽവേ അണ്ടർപ്പാസിന്റെയും അടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ മിൽമ ബൂത്ത് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി കെ. ഫാത്തിമ നൽകിയ നിവേദനത്തിൽ അന്തിമ തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ നം. 6917173/2023/എം (പി.ഡബ്ല്യൂ.ഡി.) ഫയൽ പ്രകാരം പൊതുമരാമത്ത് വകുപ്പുമന്ത്രി പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) വിഭാഗം ചീഫ് എഞ്ചിനീയർക്ക് വിഷയം പരിശോധിച്ച്

റിപ്പോർട്ട് നൽകുന്നതിന് ആവശ്യപ്പെട്ടത് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ശ്രീമതി കെ. ഫാത്തിമയുടെ നിവേദനം പ്രകാരം മിൽമ ബൂത്ത് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായുള്ള എൻ.ഒ.സി. നൽകുമോ; വിശദമാക്കാമോ?

(എ-സി) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം മറ്റ് വകുപ്പിനോ വ്യക്തികൾക്കോ നൽകാൻ പാടില്ലെന്ന സർക്കുലറിലെ നിർദേശം നിലനിൽക്കുന്നതിനാൽ സ്വകാര്യ വ്യക്തികൾക്ക് സ്ഥലം അനുവദിക്കാനാവില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ-ക്കും കക്ഷിക്കും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ തലത്തിൽ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**റോഡുകളുടെ ഇരുവശങ്ങളിലും ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി**

90(4990) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറുപടി നൽകുമോ:

(എ) ദേശീയപാതകളുടെയും സംസ്ഥാന, ഗ്രാമീണ റോഡുകളുടെയും ഇരുവശങ്ങളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളുമായി ചേർന്ന് സന്നദ്ധ/സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ റോഡുകളുടെയും ഇരുവശങ്ങളിലും ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും അവ നിശ്ചിത കാലയളവുവരെ പരിപാലിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള കെ.എസ്.ടി.പി.-യുടെ പ്രവൃത്തികളുടെ ഭാഗമായി മുറിച്ചുമാറ്റിയ മരങ്ങൾക്ക് പകരമായി റോഡിലെ സ്ഥലലഭ്യതയ്ക്കനുസരിച്ച് പുതിയവ വച്ചുപിടിപ്പിക്കുകയും 5 വർഷം കരാറുകാർതന്നെ പരിപാലിക്കുകയും ചെയ്യും. വനം വന്യജീവി വകുപ്പിന്റെ നാട്ടുമാവും തണലും പദ്ധതി പ്രകാരം സംസ്ഥാനത്തെ ദേശീയ സംസ്ഥാന പാതകളുടെ ഇരുവശങ്ങളിലും ലഭ്യമായ സ്ഥലങ്ങളിൽ നാട്ടുമാവിൻ തൈകൾ

വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്ന വനം വന്യജീവി വകുപ്പിന്റെ പദ്ധതി പ്രകാരം പാതയോരങ്ങളിൽ ഫല വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തുകൂടി കടന്നുപോകുന്ന എല്ലാ പ്രധാന റോഡുകളും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായി നിശ്ചിത കാലയളവിലേക്ക് ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ?

പരിശോധിക്കാവുന്നതാണ്.

**കോട്ടയം ജില്ലയിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ**

91(4991) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ നബാർഡ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

**ടോൾ പിരിവ് കേന്ദ്രങ്ങൾ**

92(4992) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത ഉൾപ്പെടെയുള്ള വിവിധ റോഡുകളിൽ എത്ര ടോൾ ബൂത്തുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതൊക്കെ; വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥലത്തും ടോൾ പിരിവ് ആരംഭിച്ചത് എന്നാണ്; ടോൾ പിരിവ് ആരംഭിച്ചതിനുശേഷം എത്ര തവണ നിരക്ക് വർധിപ്പിച്ചിട്ടുണ്ട്;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ തവണയും നിരക്കിലുണ്ടായ വർധന എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ടോൾ പിരിവിന് ആധാരമായ ഓരോ പദ്ധതിയുടെയും ആകെ നിർമ്മാണ ചെലവ് എത്രയായിരുന്നു; ഓരോ സ്ഥലത്തും നാളിതുവരെ ടോൾ പിരിവിലൂടെ എത്ര തുക സമാഹരിക്കാൻ ബന്ധപ്പെട്ട കമ്പനി/ഏജൻസിക്ക് സാധിച്ചിട്ടുണ്ട്; ഓരോ സ്ഥലത്തും ടോൾ പിരിവ് എന്നുവരെ തുടരാനാണ് കരാറുള്ളതെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ നിലവിൽ 7 ടോൾ ബൂത്തുകളും ദേശീയപാത അതോറിറ്റിയുടെ കീഴിൽ 7 ടോൾ ബൂത്തുകളുമാണുള്ളത്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള ടോൾ ബൂത്തുകളിൽ ടോൾ പിരിവ് ആരംഭിച്ചതിനുശേഷം ഇതുവരെ നിരക്ക് വർധിപ്പിച്ചിട്ടില്ല. ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള ടോൾ ബൂത്തുകളുടെ വിശദവിവരം അനുബന്ധം I+ ആയും ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ള ടോൾ ബൂത്തുകളുടെ വിശദവിവരം അനുബന്ധം II+ ആയും ചേർക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകുന്ന നടപടി**

93(4993) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. (നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട 30-09-2009-ലെ 20541/സി3/2009/പൊ.മ.വ. നമ്പർ സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രസ്തുത അപേക്ഷകർക്ക് പൊതുമരാമത്ത് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല.

## വള്ളിക്കുന്ന് മണ്ഡലത്തിലെ ദേശീയപാത വിഭാഗം ഓഫീസ് മിനി റെസ്റ്റ് ഹൗസായി മാറ്റുന്നതിന് നടപടി

94(4994) **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ചുമതല കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഏറ്റെടുത്തതിന്റെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരിയിൽ പ്രവർത്തിച്ചിരുന്ന പൊതുമരാമത്ത് ദേശീയപാത വിഭാഗം ഓഫീസ് മിനി റെസ്റ്റ് ഹൗസ് ആയി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് മലപ്പുറം ജില്ലാ പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ വകുപ്പുതല വർക്കിങ് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരിയിൽ പ്രവർത്തിച്ചിരുന്ന പൊതുമരാമത്ത് ദേശീയപാത വിഭാഗം ഓഫീസ് മിനി റെസ്റ്റ് ഹൗസ് ആയി മാറ്റുന്നതിനുള്ള 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വർക്കിങ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. പുതുക്കിയ പ്രൊപ്പോസൽ ലഭിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു.

**കുറ്റ്യാടി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നടപടി**

95(4995) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലേക്കും കോഴിക്കോട്ടേക്കും യാത്ര ചെയ്യുന്നവർ കുറ്റ്യാടി ജംഗ്ഷനിൽ യാത്രാക്കുരുക്കിൽപെടുന്നത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വകുപ്പ് തലത്തിൽ സമർപ്പിച്ച പദ്ധതി അംഗീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) കുറ്റ്യാടി ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് കുറ്റ്യാടി ജംഗ്ഷൻ പുനരുദ്ധരിക്കുന്നതിനായി 'General Investigation work 2024-25 Investigation work for Junction improvement at Kuttiady Town in SH 38 PUKC road (PRICE ID: PWD/RD/EST/10810/2024-3-1-1) എന്ന പേരിൽ 7.5 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

(സി) കുറ്റ്യാടി ടൗൺ നവീകരണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

Kuttiady Town provide handrail & foot path SH PUKC Road km 43/700 to 44/300 Kuttiady Thottipalam road km 0/000 to 0/300 and Kuttiady Mullankunnu Road 0/000 to 0/358 പ്രവൃത്തി 30-07-2024-ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സെക്ഷൻ ഓഫീസ്**

(4996) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സെക്ഷൻ ഓഫീസ് ഇല്ലാത്തതിനാൽ സർക്കാർ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവർത്തനങ്ങൾക്കും മറ്റും ബുദ്ധിമുട്ടുണ്ടാകുന്നത് കണക്കിലെടുത്ത് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ഒരു സെക്ഷൻ ഓഫീസ് മണ്ഡലത്തിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ കോട്ടയം ജില്ലയിൽ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ മൂന്ന് സെക്ഷനുകൾ പ്രവർത്തിക്കുന്നതിനാൽ പുതുതായി പൂഞ്ഞാർ മണ്ഡലത്തിൽ

പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

## മണലൂർ മണ്ഡലത്തിലെ ചൊവ്വല്ലൂർപടി തിരുവ് സെന്ററിൽ വെള്ളക്കെട്ടിന് പരിഹാരം

97(4997) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽപ്പെട്ട ചൊവ്വല്ലൂർപടി തിരുവ് സെന്ററിൽ മഴപെയ്താലുടൻ റോഡിൽനിന്നും ഭൂരിഭാഗം കടകളിലേക്കും വെള്ളം കയറി കച്ചവടക്കാർക്ക് വലിയ നഷ്ടവും യാത്രക്കാർക്ക് ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററിലെ വെള്ളക്കെട്ടിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) പ്രസ്തുത ഭാഗത്ത് ഡ്രെയിൻ നിർമ്മിച്ച് വെള്ളക്കെട്ടിന് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നു. ഗുരുവായൂർ-

ആൽത്തറ-പൊന്നാനി റോഡ് & ഗുരുവായൂർ-ചൂണ്ടൽ റോഡ് എന്ന പദ്ധതി നിർദേശത്തിൽ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പ് നിർദേശിച്ചിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ ചലഞ്ച്**

98(4998) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കാൻ വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "ഡെസ്റ്റിനേഷൻ ചലഞ്ച്". ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള

ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയിൻകീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്. ബാക്കിതുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ചതിനുശേഷം മാത്രമേ വിനോദസഞ്ചാര വകുപ്പിന്റെ വിഹിതം അനുവദിക്കുകയുള്ളൂ.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടുകൂടി വിനിയോഗിക്കുന്നുണ്ട്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ നാളിതുവരെ 39 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്ന് വിശദമാക്കുമോ?

അപേക്ഷ നൽകേണ്ടതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു.

ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി https://apps. Keralatourism.org/destination-challenge എന്ന പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിലെ ടൂറിസം സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/കണ്ടെത്തി പദ്ധതി പ്രൊപ്പോസലിന്റെ ഡി.പി.ആർ. തയ്യാറാക്കി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴി സമർപ്പിക്കുകയും DPR-ന്റെ ഹാർഡ് കോപ്പി ടൂറിസം വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം പദ്ധതി പ്രൊപ്പോസലിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

പദ്ധതിക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നുള്ള ലാൻഡ് NOC-യും പ്രൊപ്പോസലിനൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കണം.

പദ്ധതി പ്രദേശത്തുനിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതാണ്. പദ്ധതി പ്രൊപ്പോസലിനോടൊപ്പംതന്നെ ഈ വരുമാനവും അതിന്റെ ഉപയോഗവും സംബന്ധിച്ചൊരു ബിസിനസ് പ്ലാൻകൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം**

99(4999) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ വർധനവിന് അനുസൃതമായി വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളം സന്ദർശിക്കുന്ന വിദേശ-സ്വദേശ വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി ടൂറിസം വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പ്രധാന ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു. പ്രധാന ടൂറിസം കേന്ദ്രമായ കോവളത്ത് പദ്ധതി ടെൻഡർ ചെയ്തു. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവിടങ്ങളിൽ വിപുലമായ പദ്ധതിക്ക് തീരുമാനിച്ചു. അതോടൊപ്പം വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡെസ്റ്റിനേഷനുകൾ ആകർഷകമാക്കാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫ്ലോട്ടിങ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ്, കയാക്കിങ്, സർഫിങ് തുടങ്ങിയ സാഹസിക വിനോദസഞ്ചാര പദ്ധതികൾ

ആവിഷ്കരിച്ചു. പ്രാദേശിക ഡെസ്റ്റിനേഷനുകൾ വളർത്തിക്കൊണ്ടുവരാൻ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കാരവൻ ടൂറിസം, ഹെലി ടൂറിസം, സിനി ടൂറിസം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു. അതോടൊപ്പം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ജനപങ്കാളിത്തത്തോടെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു. ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യം ഉൾപ്പെടെ സാധ്യമാക്കുന്ന പദ്ധതികളും നടപ്പാക്കുന്നു.

(ബി) സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും റോഡുവക്കിൽ കെട്ടിക്കിടക്കുന്ന മാലിന്യങ്ങളും വിനോദസഞ്ചാരമേഖലയെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡ് സൗകര്യം വലിയ നിലയിൽ മെച്ചപ്പെടുത്താനായിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള മികച്ച റോഡുകൾ സോഷ്യൽ മീഡിയയും മറ്റ് മാധ്യമങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മികച്ച റോഡുകൾ ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള

സഞ്ചാരികളുടെ എണ്ണം വർധിപ്പിക്കാനും സഹായകരമായി. വിനോദസഞ്ചാര വകുപ്പിനുകീഴിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിന് ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പാക്കുന്നു.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

100(5000) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽനിന്നും ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലയിൽനിന്നും ലഭിച്ച പ്രൊപ്പോസലുകളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. ചിൽഡ്രൻസ് ആൻഡ് അഡ്വഞ്ചർ പാർക്ക് അറ്റ് കാരമല - തരൂർ ഗ്രാമപഞ്ചായത്ത്

83,50,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. പാലക്കുഴി ഗ്രീൻ ഹിൽസ് ആൻഡ് സിൽവർ ഫാൾസ് - കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

നിരാക്ഷേപപത്രം വനം വകുപ്പിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് ടി പദ്ധതിയുടെ വിനോദസഞ്ചാര സാധ്യതകൾക്കൂടി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. ആനക്കൽ നരിമടക്കുന്ന് ഇക്കോട്ടൂറിസം പദ്ധതി - കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

നിരാക്ഷേപപത്രം റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് ടി പദ്ധതിയുടെ വിനോദസഞ്ചാര സാധ്യതകൾക്കൂടി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

4. ഭാരതപ്പുഴ റിവർ സൈഡ് ടൂറിസം- ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത്

നിരാക്ഷേപപത്രം ഇറിഗേഷൻ വകുപ്പിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് ടി പദ്ധതിയുടെ വിനോദസഞ്ചാര സാധ്യതകൾക്കൂടി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉത്തരവാദിത്ത ടൂറിസം**

101(5001) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ മലബാർ മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി മലബാർ മേഖലയിലും വ്യത്യസ്ത പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. സ്ട്രീറ്റ്, മോഡൽ ആർ.ടി. വില്ലേജ്, എക്സ്പീരിയൻസ് എത്തിക് ക്യുസീൻ, വില്ലേജ് ലൈഫ്, സ്ത്രീ

സൗഹാർദ്ദ വിനോദസഞ്ചാരം, എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ എന്നിവ മലബാർ മേഖലയിലും നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിലെ വലിയപറമ്പയിൽ മോഡൽ ആർ.ടി. വില്ലേജ് പദ്ധതി പൂർത്തിയാക്കി, പ്രദേശം ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിച്ചു. സ്ട്രീറ്റ് പദ്ധതിയിൽ വലിയപറമ്പയെ ഉൾപ്പെടുത്തി, പദ്ധതി പുരോഗമിക്കുന്നു. മലബാർ മേഖലയിൽ 2200 പേർക്ക് വിവിധ ടൂറിസം നൈപുണ്യ വികസന പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(സി) നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ?

പിണറായി, അഞ്ചരക്കണ്ടി, ചേകാടി, കടലുണ്ടി എന്നീ പ്രദേശങ്ങളിൽ സ്ട്രീറ്റ് പദ്ധതികൾ പുരോഗമിക്കുന്നു. കേരള അഗ്രി ടൂറിസം പദ്ധതി മലബാറിലെ വിവിധ പ്രദേശങ്ങളിൽ നടപ്പാക്കിവരുന്നു. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി,

കോഴിക്കോട് ബേപ്പൂരിൽ ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്നീ പദ്ധതികൾ നടന്നുവരുന്നു.

**കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം**

102(5002) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയശേഷം ടൂറിസം മേഖലയിൽ പ്രാദേശിക തൊഴിലുകളിൽ വളർച്ച ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയശേഷം ടൂറിസം മേഖലയിൽ പ്രാദേശിക തൊഴിലുകളിൽ വളർച്ച ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ടൂറിസം വ്യവസായം, വിവിധ ഘട്ടങ്ങളിലായി നടന്ന ഉത്തരവാദിത്ത പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹത്തിന് പ്രയോജനം ചെയ്തു. ആഗോള ടൂറിസം രംഗത്ത് ഒരു ആശയമായി മാത്രം നിലനിന്നിരുന്ന ഉത്തരവാദിത്ത ടൂറിസത്തിന് ഒരു പ്രാവർത്തിക മാതൃക

സൃഷ്ടിച്ചുകൊണ്ട് ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കേരളത്തിൽ മാറിയിരിക്കുന്നു. ടൂറിസം മേഖലയ്ക്കാവശ്യമായ പ്രത്യക്ഷ-പരോക്ഷ ഉൽപന്നങ്ങളും സേവനങ്ങളും ലഭ്യമാക്കാൻ, വിവിധ പരിശീലനങ്ങളിലൂടെ പ്രാദേശിക ജനസമൂഹത്തെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത്.

ടൂറിസം രംഗത്തെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് വിവിധ പരിശീലനങ്ങൾ പ്രാദേശിക സമൂഹത്തിന് നൽകുകയും ഇപ്രകാരം പരിശീലനം ലഭിച്ച ആളുകളെ ആർ.ടി. യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഈ യൂണിറ്റുകൾവഴി ചെറുതും വലുതുമായ വിവിധ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് തൊഴിലും വരുമാനവും ഉറപ്പാക്കുന്നു. നിലവിൽ കെ.ആർ.ടി.എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രാദേശിക യൂണിറ്റുകളുടെ എണ്ണം 25188 ആണ്. ഈ യൂണിറ്റുകളുടെ പ്രവർത്തനം വഴി 52344 പ്രത്യക്ഷ ഗുണഭോക്താക്കളും 98432 പരോക്ഷ ഗുണഭോക്താക്കളും സംസ്ഥാനത്തുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടത്തിൽ

ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനമാരംഭിച്ച 2017 ഓഗസ്റ്റ് മാസം മുതൽ 2024 മാർച്ച് 31 വരെ 77.61 കോടി രൂപയുടെ പ്രാദേശിക വരുമാനം ആർ.ടി. യൂണിറ്റുകളുടെ പ്രവർത്തനങ്ങളിലൂടെ ലഭ്യമായിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതി**

103(5003) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാരകേന്ദ്രം പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ കാണക്കാരി, ഈരാറ്റുപേട്ട, വിജയപുരം, ചെമ്പ്, വാഴൂർ, വെള്ളാവൂർ, ഉദയനാപുരം, ഉഴവൂർ, കടനാട്, വെച്ചൂർ, നീണ്ടൂർ എന്നിങ്ങനെ 11 പഞ്ചായത്തുകൾ അപേക്ഷ സമർപ്പിച്ചു. അതിൽ കാണക്കാരി, വാഴൂർ, ഉഴവൂർ പഞ്ചായത്തുകൾ സമർപ്പിച്ച പദ്ധതികൾക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്. നീണ്ടൂർ പഞ്ചായത്തിൽനിന്ന് ലഭിച്ച പദ്ധതിയുടെ ഡി.പി.ആർ. പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

അപേക്ഷ നൽകേണ്ടതിന്റെ നടപടിക്രമം ചുവടെ ചേർക്കുന്നു.

ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി https://apps.keralatourism.org/destination-challenge എന്ന പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിക്കുള്ളിലെ ടൂറിസം സാധ്യതയുള്ള പ്രദേശം തിരിച്ചറിഞ്ഞ്/കണ്ടെത്തി പദ്ധതി പ്രൊപ്പോസലിന്റെ ഡി.പി.ആർ. തയ്യാറാക്കി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോം വഴി സമർപ്പിക്കുകയും DPR-ന്റെ ഹാർഡ് കോപ്പി ടൂറിസം വകുപ്പ് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനൊപ്പം പദ്ധതി പ്രൊപ്പോസലിന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

പദ്ധതിക്കാവശ്യമായ നിയമപരമായ എല്ലാ അനുവാദങ്ങളും ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നുള്ള ലാൻഡ് NOC-യും പ്രൊപ്പോസലിനൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കണം.

പദ്ധതി പ്രദേശത്തുനിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത ടൂറിസം പദ്ധതിയുടെ കൃത്യമായ നടത്തിപ്പിനും പരിപാലനത്തിനുമായി ഉപയോഗിക്കേണ്ടതാണ്. പദ്ധതി പ്രൊപ്പോസലിനോടൊപ്പംതന്നെ ഈ വരുമാനവും അതിന്റെ ഉപയോഗവും സംബന്ധിച്ചൊരു ബിസിനസ് പ്ലാൻകൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

പദ്ധതി തുകയുടെ 60 ശതമാനമോ 50 ലക്ഷം രൂപയോ (അതിലേതാണോ കുറവ് അത്) ടൂറിസം വകുപ്പാണ് നൽകുന്നത്.

ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായോ പ്ലാൻ ഗ്രാന്റായോ മറ്റേതെങ്കിലും ഫണ്ടുകൾ (സി.എസ്.എസ്. ഉൾപ്പെടെ) മുഖേനയോ കണ്ടെത്തേണ്ടതാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിനോടൊപ്പം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ചതിനുശേഷം മാത്രമേ വിനോദസഞ്ചാര വകുപ്പ് ഫണ്ട് അനുവദിക്കുകയുള്ളൂ.

അപേക്ഷകൾ വിനോദസഞ്ചാര വകുപ്പിന്റെ ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ഭരണാനുമതി നൽകുന്നതായിരിക്കും.

ഭരണാനുമതി ലഭിച്ച ദിവസം മുതൽ 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയായിരിക്കണം.

## ജല ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി

104(5004) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല ടൂറിസം സാധ്യത കണക്കിലെടുത്ത് വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പ◌ാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

ജല ടൂറിസത്തിന് വളരെയേറെ സാധ്യതകളുള്ള കേരളത്തിലെ പ്രദേശങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

പ്രധാന കായലുകൾ/ജലാശയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഹൗസ് ബോട്ട് ടൂറിസം സാധ്യമാക്കി. ഇതിന് എല്ലാ പിന്തുണയും ടൂറിസം വകുപ്പ് നൽകുന്നു. വിദേശ-ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ടൂറിസം ഉൽപന്നമാണ് ഹൗസ് ബോട്ടുകൾ.

'ഡെവലപ്മെന്റ് ഓഫ് ബാക്ക് വാട്ടർ സർക്യൂട്ട് ഇൻ ആലപ്പുഴ - ബാക്ക് വാട്ടർ ആസ് എ മെഗാ സർക്യൂട്ട് ഇൻ കേരള' എന്ന പദ്ധതിയിൽ

ഉൾപ്പെടുത്തി തണ്ണീർമുക്കം, കായംകുളം, അരൂക്കുറ്റി, കഞ്ഞിപ്പാടം, നെടുമുടി, തോട്ടപ്പിള്ളി എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും നിർമ്മിച്ചിട്ടുണ്ട്.

മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര - സംസ്ഥാന ഫണ്ടുപയോഗിച്ച് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ബോട്ട് ടെർമിനലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ ഡി.ടി.പി.സി.-യുടെ കീഴിലുള്ള പൂക്കോട്, കർലാട് തടാക കേന്ദ്രങ്ങളിൽ തുഴബോട്ടുകൾ ഉപയോഗിച്ചുവരുന്നുണ്ട്.

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴയിൽ ഇറിഗേഷൻ വകുപ്പും ഡി.ടി.പി.സി.-യും സംയുക്തമായി പരിപാലിച്ചുവരുന്ന ഉദ്യാനത്തിൽ പെഡൽ ബോട്ടിങ് നടത്തിവരുന്നു.

കൊല്ലം ജില്ലയിലെ സാമ്പ്രാണിക്കൊടി, ആശ്രാമം അഡ്വഞ്ചർ പാർക്ക്, മൺട്രോതുരുത്ത് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കായി ബോട്ടിങ് സംവിധാനവും വാട്ടർ സ്പോർട്സ്

ആക്റ്റിവിറ്റീസും വില്ലേജ് ബാക്ക്‌വാട്ടർ ടൂർ പാക്കേജും കൊല്ലം ഡി.ടി.പി.സി. മുഖേന നടത്തിവരുന്നു.

കോട്ടയം ജില്ലയിൽ ജല ടൂറിസം സാധ്യത കണക്കിലെടുത്ത് വലിയമട വാട്ടർഫ്രന്റ് പദ്ധതി കുമരകത്ത് നടപ്പാക്കിവരുന്നു. അതോടൊപ്പം ജില്ലയിൽ ചീപ്പുങ്കൽ, കോടിമത, ഏഴുമാന്തുരുത്ത്, കാന്താരിക്കടവ്, കുമരകം ബോട്ട് ജെട്ടി ഏരിയ, കവണാറ്റിൻകര ബോട്ട് ടെർമിനൽ, നാലുപങ്ക്, കോട്ടയം കച്ചേരിക്കടവ്, മനക്കച്ചിറ ടൂറിസം പദ്ധതി എന്നിവിടങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ, സംസ്ഥാനത്ത് ജലസാഹസിക വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് ചുവടെ ചേർക്കുന്ന അന്താരാഷ്ട്ര തലത്തിലുള്ള മത്സരങ്ങളും ഫെസ്റ്റുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചുവരുന്നു.

- മലബാർ റിവർ ഫെസ്റ്റിവൽ (അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പ്) തുഷാരഗിരി, കോഴിക്കോട്.
- അന്തർദേശീയ സർഫിങ് ഫെസ്റ്റിവൽ വർക്കല, തിരുവനന്തപുരം.

- ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, കോഴിക്കോട്.

കേരളത്തിലെ തിരഞ്ഞെടുത്ത ബീച്ചുകൾ അന്തർദേശീയ നിലവാരത്തിലുള്ള വാട്ടർ സ്പോർട്സ് ഓപ്പറേറ്റിങ് ഡെസ്റ്റിനേഷനുകളാക്കി അവിടെ അടിസ്ഥാന സൗകര്യങ്ങളും വാട്ടർ സ്പോർട്സ് റൈഡുകളും ഓപ്പറേറ്റ് ചെയ്യുന്നതിനും ഡെക്കുകൾ നിർമ്മിക്കുന്നതിനുമുള്ള സാങ്കേതിക പരിശോധന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന നടത്തിവരികയാണ്.

ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്.

(ബി) ജല ടൂറിസം സാധ്യത കണക്കിലെടുത്ത് സ്വകാര്യ മേഖലയിൽ വാട്ടർ ഫ്രണ്ടേജുള്ള പ്രദേശങ്ങളിൽ കായലിനോട് ചേർന്ന് വസ്തു ഉള്ളവർക്ക് സംരംഭങ്ങൾ ആരംഭിക്കാൻ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; അത്തരം സംരംഭങ്ങൾക്ക് എന്തെങ്കിലും സബ്സിഡി നൽകാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(സി) കായലിനോട് ചേർന്നുകിടക്കുന്ന സി.ആർ.ഇസഡ്. 2-ൽപെട്ട കരഭൂമിയിൽ ജല ടൂറിസം സാധ്യത കണക്കിലെടുത്ത് എന്തെല്ലാം ഇളവുകൾ നൽകിയിട്ടുണ്ട്; പ്രസ്തുത ഭൂമിയിൽ ജല ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ സംരംഭം ആരംഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കാമോ?

കായലിനോട് ചേർന്നുകിടക്കുന്ന സി.ആർ.ഇസഡ്.2-ൽപെട്ട കരഭൂമിയിൽ ജല ടൂറിസം സാധ്യത കണക്കിലെടുത്ത് വകുപ്പ് നിലവിൽ ഇളവുകൾ നൽകിയിട്ടില്ല. കൂടാതെ പ്രസ്തുത ഭൂമിയിൽ ജല ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ സംരംഭം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ നിലവിൽ വകുപ്പ് തയ്യാറാക്കിയിട്ടില്ല.

**ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

105(5005) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെയും വാഗമണ്ണിലെയും ഗ്ലാസ് ബ്രിഡ്ജുകളുടെ കരാറുകൾ ടെൻഡർ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കരാറുകൾ നൽകുന്നതിനുമുമ്പ് കരാർ നേടിയ സ്ഥാപനങ്ങൾക്ക് ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിൽ മുൻപരിചയമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) വയനാട്ടിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം പൂർണ്ണമായും സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്.

PPP മാതൃകയിൽ വാഗമൺ അഡ്വഞ്ചർ ടൂറിസം കേന്ദ്രം വികസിപ്പിക്കാനായി ഇടുക്കി ഡി.ടി.പി.സി. EOI ക്ഷണിച്ചതിൻപ്രകാരം തിരഞ്ഞെടുത്ത ഏജൻസി നടപ്പാക്കിയ വിവിധ ഘടകങ്ങളിൽ ഒന്ന് മാത്രമാണ് ഗ്ലാസ് ബ്രിഡ്ജ്.

**ജലസാഹസ ടൂറിസം**

106(5006) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസാഹസ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താനുള്ള എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജലസാഹസിക വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് അന്താരാഷ്ട്ര തലത്തിലുള്ള മത്സരങ്ങളും ഫെസ്റ്റുകളും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സംഘടിപ്പിച്ചുവരുന്നു. അവ ചുവടെ ചേർക്കുന്നു.

1. <u>മലബാർ റിവർ ഫെസ്റ്റിവൽ (അന്തർദേശീയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പ്) തുഷാരഗിരി, കോഴിക്കോട്</u>: കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും കോഴിക്കോട് ഡി.ടി.പി.സി.-യും ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷനും (IKCA) സംയുക്തമായി മലബാർ റിവർ ഫെസ്റ്റിവൽ 2024 ജൂലൈ മാസം 25, 26, 27, 28 തീയതികളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

2. <u>അന്തർദേശീയ സർഫിങ് ഫെസ്റ്റിവൽ, വർക്കല,തിരുവനന്തപുരം</u>: കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും തിരുവനന്തപുരം ഡി.ടി.പി.സി.-യും സർഫിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.എഫ്.ഐ.)-യുടെ സാങ്കേതിക പിന്തുണയോടുകൂടി സംയുക്തമായി അന്താരാഷ്ട്ര സർഫിങ് മത്സരം 2024 മാർച്ച് 29, 30, 31 തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയ്ക്ക് സമീപമുള്ള ഇടവ ബീച്ചിൽ വച്ച് നടത്തുകയുണ്ടായി.

3. <u>ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്, കോഴിക്കോട്</u>: കേരളത്തിലെ ജലസാഹസിക ടൂറിസത്തിന് പുതിയ ദിശ കൈവരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പും കോഴിക്കോട് ഡി.ടി.പി.സി.-യും ചേർന്ന് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് നടത്തിവരുന്നു. കേരളത്തിലെ 7 ബീച്ചുകൾ കേന്ദ്രീകരിച്ച് ഫ്ലോട്ടിങ് ബ്രിഡ്ജുകൾ ആരംഭിച്ചു. ബേപ്പൂർ ഗോദീശ്വരത്ത് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സർഫിങ് അക്കാദമി സ്ഥാപിച്ചു.

കേരളത്തിലെ തിരഞ്ഞെടുത്ത ബീച്ചുകൾ അന്തർദേശീയ നിലവാരത്തിലുള്ള വാട്ടർ സ്പോർട്സ് ഓപ്പറേറ്റിങ് ഡെസ്റ്റിനേഷനുകളാക്കി

അവിടെ അടിസ്ഥാന സൗകര്യങ്ങളും വാട്ടർ സ്പോർട്സ് റൈഡുകളും ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ഡെക്കുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശോധന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന നടത്തിവരികയാണ്. കേരളത്തിലെ വിവിധ ബീച്ചുകളിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാങ്കേതിക സാഹചര്യങ്ങൾ വിലയിരുത്തി സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തി സാഹസിക ആക്റ്റിവിറ്റികൾ (ATV Ride, Sea Kayaking, Surfing, Scuba Diving, Para Sailing, Speed Boat, Jet Skie, Power Boat Fun Rides, Wind Surfing, etc.) ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാനും ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുവാനുമായി എന്തൊക്കെ നൂതന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.

ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതടക്കമുള്ള പ്രവൃത്തികൾ നടപ്പാക്കിവരികയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് പോലീസ് അധികാരികൾ, മറ്റ് ഇതര വകുപ്പുകൾ എന്നിവയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ ഈ കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഗ്യാപ്പ് അസെസ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് കണ്ടെത്തിയ വിടവുകൾ പരിഹരിക്കാൻ എല്ലാ ജില്ലാ ഓഫീസർമാർക്കും ഡി.ടി.പി.സി. സെക്രട്ടറിമാർക്കും നിർദേശം നൽകുകയും ആയതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതുപ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ശുചിത്വം

ഉറപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ ടോയ്‌ലറ്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും പരിഗണനയിലാണ്.

വർക്കല, കോവളം, മൂന്നാർ തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളെ വൃത്തിയായി സംരക്ഷിക്കുന്നതിലേക്കായി ടി കേന്ദ്രങ്ങളെ "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ"-ന്റെ ഭാഗമാക്കിയിട്ടുണ്ട്. വർക്കല, കോവളം, മൂന്നാർ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് നടക്കുന്ന എല്ലാ വികസന പ്രവൃത്തികളേയും ഒരു കുടക്കീഴിൽ കൊണ്ടുവരണമെന്ന ലക്ഷ്യത്തോടെ ടി കേന്ദ്രങ്ങൾക്ക് സമഗ്ര മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി കേരളത്തിൽ എത്തുന്ന വിദേശികളുടെ എണ്ണം**

107(5007) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി കേരളത്തിൽ എത്തുന്ന വിദേശികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച്

വർധനയുണ്ടായിട്ടുണ്ടോ; പ്രധാനമായും ഏതെല്ലാം രാജ്യങ്ങളിൽനിന്നാണ് ടൂറിസ്റ്റുകൾ എത്തുന്നതെന്ന് അറിയിക്കാമോ; ഇവർക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടൂറിസം വകുപ്പ് ശേഖരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം 2023-ൽ കേരളത്തിൽ ആകെ 649057 വിദേശ ടൂറിസ്റ്റുകൾ എത്തിയിട്ടുള്ളതാണ്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 87.83% വർധനയുണ്ടായിട്ടുണ്ട്. കേരളത്തിലെ വിവിധ താമസ യൂണിറ്റുകളിൽനിന്നും വിദേശ ടൂറിസ്റ്റുകളുടെ എണ്ണം, രാജ്യം എന്നിവ തിരിച്ചുള്ള വിവരങ്ങളാണ് വകുപ്പ് നിലവിൽ ശേഖരിച്ചുവരുന്നത്. കേരളത്തിൽ എത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ യാത്രയുടെ ഉദ്ദേശ്യം തിരിച്ചുള്ള വിവരങ്ങൾ നിലവിൽ വകുപ്പ് ശേഖരിച്ചുവരുന്നില്ല. അതുകൊണ്ടുതന്നെ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി കേരളത്തിലെത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വകുപ്പിൽ ലഭ്യമല്ല. വകുപ്പിൽ ലഭ്യമായിട്ടുള്ള 2023-ൽ കേരളത്തിലെത്തിയ വിദേശ ടൂറിസ്റ്റുകളുടെ രാജ്യം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചിമ്മിനി ഇക്കോ ടൂറിസം**

108(5008) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഡാം മേഖലയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനംവകുപ്പ് മുഖേന ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ചിമ്മിനി ഡാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതി രൂപരേഖ ലഭിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് 'പ്രൈസ്'' സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്നില്ല. പദ്ധതിക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രവും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി 13-01-2023-ൽ സമർപ്പിച്ചിട്ടുള്ള 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

'പ്രൈസ്'' സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റ് സഹിതം പരിഷ്കരിച്ച വിശദ രൂപരേഖയും വനം വകുപ്പിന്റെ നിരാക്ഷേപപത്രവും ലഭിക്കുന്നമുറയ്ക്ക്, വിനോദസഞ്ചാര സാധ്യതകൂടി വിലയിരുത്തി ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്ക് അനുമതിയും സാമ്പത്തിക സഹായവും പരിഗണിക്കാവുന്നതാണ്.

**ടൂറിസം എഞ്ചിനീയറിങ് വിഭാഗം**

109(5009) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം എഞ്ചിനീയറിങ് വിഭാഗം എന്ന പേരിൽ പ്രത്യേക വിങ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനവും ഘടനയും വിശദമാക്കാമോ?

(എ&ബി) വിനോദസഞ്ചാര വകുപ്പിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പരിശോധന, ഗുണമേന്മ ഉറപ്പുവരുത്തൽ, ബിൽ പരിശോധന എന്നിവ

നിർവഹിക്കുന്നതിന് 19-01-2024-ലെ സ.ഉ.(കൈ) നം.1/2024/TSM പ്രകാരം വിനോദസഞ്ചാര വകുപ്പിൽ എഞ്ചിനീയറിങ് വിഭാഗം രൂപീകരിച്ചും 10 തസ്തികകൾ 3 വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ചും പ്രസ്തുത തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 2 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 7 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |

**ആസ്ട്രോ ടൂറിസം പദ്ധതി**

110(5010) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ ആസ്ട്രോ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പദ്ധതി ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

(എ&ബി) 28-01-2024-ലെ സ.ഉ.(സാധാ)നം. 54/2024/ടൂറിസം പ്രകാരം, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏച്ചിലാംവയൽ, ആസ്ട്രോ സയൻസ് പാർക്ക് ഫേസ് 1 എന്ന പദ്ധതിക്ക് മൂന്ന് കോടി എൺപത്തിയെട്ട് ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ നിർവഹണ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ചിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

111 (5011) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തി കടുമ്പു പാറയിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായി ഭൂമി കൈമാറുകയോ രൂപരേഖ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പഞ്ചായത്തിൽ കടുമ്പു പാറയെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയുടെ യോഗതീരുമാനം അറിയിച്ചിരുന്നു. നിലവിലെ മാർഗനിർദേശങ്ങൾ പ്രകാരം നിർദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഭൂവുടമസ്ഥാവകാശ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്നുള്ള നിരാക്ഷേപപത്രവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സമർപ്പിക്കേണ്ടതാണ്. ടി പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്ന ഭൂമി നിലവിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതാണ്. അതിനുള്ള നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

**നെന്മാറ മണ്ഡലത്തിലെ ടൂറിസം വികസനം**

112(5012) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പോത്തുണ്ടി ഡാം പ്രദേശത്തെ ടൂറിസം വികസനത്തിന്റെ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ ടൂറിസം വികസനത്തിനായി നിലവിൽ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ടൂറിസത്തിന് ഏറെ സാധ്യതയുള്ള പോത്തുണ്ടിയിൽ പുതിയ ടൂറിസം പദ്ധതി നടപ്പ്ാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) പോത്തുണ്ടി ഡാം പ്രദേശത്തിന്റെ ടൂറിസം വികസനത്തിനായി പാലക്കാട് ജില്ലാ ഓഫീസർ മുഖേന പ്രസ്തുത പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പരിശോധിച്ചുവരികയാണ്.

പോത്തുണ്ടി ഡാം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതിനാൽ പ്രസ്തുത വകുപ്പിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ ബാപ്പുജി പാർക്ക് നവീകരണം**

113(5013) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ 20% തുക വകയിരുത്തുകയും ടൂറിസം വകുപ്പിന് നിർവഹണ ചുമതലയുള്ളതുമായ ഒറ്റപ്പാലം മണ്ഡലത്തിലെ ബാപ്പുജി പാർക്ക് നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം സർക്കാരിലേക്ക് സമർപ്പിച്ചതെന്നാണ്; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ബാപ്പുജി പാർക്ക് നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും പദ്ധതി രൂപരേഖയും പരിശോധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്.

**കായംകുളം ഡി.ടി.പി.സി. അമിനിറ്റി സെന്റർ**

114(5014) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മാസം മുതൽ 2024 മേയ് വരെ കായംകുളം ഡി.ടി.പി.സി. അമിനിറ്റി സെന്റർ വഴി ലഭിച്ച വരുമാനം എത്രയെന്നും ഏതൊക്കെ മാർഗങ്ങളിലൂടെയാണ് വരുമാനം ലഭിച്ചതെന്നും വിശദമാക്കാമോ?

2016 മേയ് മാസം മുതൽ 2024 മേയ് വരെ അമിനിറ്റി സെന്റർവഴി കായംകുളം ഡി.ടി.പി.സി.-ക്ക് ലഭിച്ച വരുമാനം 15,12,009/- രൂപയാണ്. അമിനിറ്റി സെന്റർ വാടകയ്ക്ക് നൽകിയ ലൈസൻസ് ഫീസ് ഇനത്തിലാണ് വരുമാനം ലഭിച്ചത്.

**കാപ്പാട് ബീച്ചിന്റെ സമഗ്ര വികസനം**

115(5015) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പാട് ബീച്ചിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കറ്റ് ലഭിച്ച ബീച്ച് എന്ന നിലയ്ക്കുള്ള പരിഗണന ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്ത‍ുനിന്ന് കാപ്പാടിന് ലഭിച്ചിട്ടില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് ഡി.ടി.പി.സി.-യുടെ നടത്തിപ്പിലുള്ള കാപ്പാട് ബീച്ചിന്റെ വികസനത്തിനായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ബ്ലൂ ഫ്ലാഗ് സർട്ടിഫൈഡ്- കാപ്പാട് ബീച്ച് പുനരുദ്ധാരണ പദ്ധതി - ഫേസ് II-ന് ഒരു കോടി അൻപത് ലക്ഷം രൂപയുടെയും ബീച്ചിന്റെ പരിപാലനത്തിനായി 26 ലക്ഷം രൂപയുടെയും നവീകരണത്തിനും സൈഡ് പ്രൊട്ടക്ഷൻ വർക്കുകൾക്കുമായി 99.90 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

(5016) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ടൂറിസം മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ടൂറിസം വികസനത്തിനായി 2016 മേയ് മുതൽ നാളിതുവരെ നടപ്പ◌ാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ-സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വിഭാവന ചെയ്തിട്ടുള്ള ടൂറിസം പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

| പദ്ധതി | പ്രവർത്തനപുരോഗതി |
|---|---|
| കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ പദ്ധതി | 80% പൂർത്തീകരിച്ചു. |
| ബ്യൂട്ടിഫിക്കേഷൻ ഓഫ് റാണിപുരം റിസോർട്ട് അറ്റ് കാസർഗോഡ് | 30% പൂർത്തീകരിച്ചു. |

| | |
|---|---|
| റെനോവേഷൻ ഓഫ് റാണിപുരം റിസോർട്ട് അറ്റ് കാസർഗോഡ് | 70% പ്രവൃത്തി പൂർത്തീകരിച്ചു. |
| ഇക്കോ സെൻസിറ്റീവ് ആസ്ട്രോ ടൂറിസം പ്രോജക്ട് അറ്റ് മഞ്ഞംപൊതിക്കുന്ന് | പ്രവൃത്തി ആരംഭിച്ചു. |
| കോട്ടഞ്ചേരി ഹിൽസ് ഇക്കോ ടൂറിസം പദ്ധതി (ഡെസ്റ്റിനേഷൻ ചലഞ്ച്) | പ്രവൃത്തി പുരോഗമിക്കുന്നു. |

2016 മേയ് മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കൈറ്റ് ബീച്ച് പദ്ധതി.
- മെയിന്റനൻസ് വർക്ക് ഓഫ് റാണിപുരം റിസോർട്ട് അറ്റ് കാസർഗോഡ്.
- അഡീഷണൽ വർക്ക് ഓഫ് കൈറ്റ് ബീച്ച് പദ്ധതി.

**വാഗമണിലെ ഗ്ലാസ് ബ്രിഡ്ജ്**

(5017) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമണിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വാഗമൺ കോലാഹലമേട്ടിലെ അഡ്വഞ്ചർ പാർക്ക് നടത്തിപ്പിനുള്ള കരാർ പ്രകാരം, സാഹസിക വിനോദോപാധികൾ ഏർപ്പെടുത്തേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമായതിനാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമല്ല.

(ബി) വാഗമണിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി സർക്കാർ ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി.യുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ടെൻഡറിൽ പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; ആദ്യം നിശ്ചയിച്ച പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷനിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രീ ക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) വാഗമൺ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന് പ്രത്യേക ടെൻഡർ വിളിച്ചിരുന്നില്ല. പൊതു-സ്വകാര്യ പങ്കാളിത്ത (PPP) വ്യവസ്ഥയിൽ വാഗമൺ അഡ്വഞ്ചർ പാർക്ക് വികസിപ്പിക്കാൻ ഡി.ടി.പി.സി. ക്ഷണിച്ച താൽപര്യപത്ര (EOI) പ്രകാരമാണ് പദ്ധതിക്കായി 'ഭാരത് മാതാ വെഞ്ച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് '-നെ തിരഞ്ഞെടുത്തത്.

(ഡി) പ്രസ്തുത ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും എത്ര തുകയാണ് ഓരോ സ്ഥാപനവും ക്വാട്ട് ചെയ്തതെന്നും വിശദമാക്കാമോ?

PPP മാതൃകയിൽ വാഗമൺ അഡ്വഞ്ചർ പാർക്ക് വികസനത്തിനായി ഭാരത് മാതാ വെഞ്ച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ശ്രീ. ബിനു ജോർജ് എന്ന വ്യക്തിയുമാണ് EOI സമർപ്പിച്ചത്.

(ഇ) ഏത് സ്ഥാപനത്തിനാണ് പ്രസ്തുത നിർമ്മാണ കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എറണാകുളം പെരുമ്പാവൂർ കുവപ്പടി തോട്ടുവയിലെ ഭാരത് മാതാ വെഞ്ച്വേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനെയാണ് വാഗമൺ സാഹസിക

വിനോദകേന്ദ്രം വികസിപ്പിക്കാനുള്ള പങ്കാളിയായി തിരഞ്ഞെടുത്തത്. ഡി.ടി.പി.സി.-യും കമ്പനിയുമായി ഒപ്പുവച്ച കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**വയനാട്ടിലെ ഗ്ലാസ് ബ്രിഡ്ജ്**

118(5018) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ഗ്ലാസ് ബ്രിഡ്ജിന്റെ കരാർ ടെൻഡറിലൂടെയാണോ നൽകിയതെന്നും ഏത് സ്ഥാപനത്തിനാണ് കരാർ നൽകിയതെന്നും അറിയിക്കുമോ?

വയനാട്ടിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ഗ്ലാസ് ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കരാർ നൽകുന്നതിനുമുമ്പ് കരാർ നേടിയ സ്ഥാപനങ്ങൾക്ക് ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിൽ മുൻ പ്രവൃത്തിപരിചയം ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാർ നേടിയ സ്ഥാപനത്തിന്റെ മുൻ പ്രവൃത്തിപരിചയം സംബന്ധിച്ച രേഖകൾ നൽകിയിരുന്നോ; വിശദമാക്കുമോ?

(ബി&സി) ബാധകമല്ല.

**പിറവം മണ്ഡലത്തിലെ ടൂറിസം സ്പോട്ടുകൾ**

119(5019) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ വിനോദസഞ്ചാര വികസനത്തിനായി തിരഞ്ഞെടുക്കുന്നതിന് അനുയോജ്യമായ സ്പോട്ടുകൾ ഏതൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടൂറിസം സ്പോട്ടുകളാക്കി മാറ്റുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്നും ഏതെല്ലാം സ്ഥലങ്ങളുടെ പ്രൊപ്പോസലാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ-സി) പിറവം മണ്ഡലത്തിൽ വിനോദസഞ്ചാര വികസനത്തിന് 'ഡെസ്റ്റിനേഷൻ ചലഞ്ച്' പ്രകാരം ചുവടെ ചേർത്ത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. മൂലമ്മൽ ടൂറിസം പാർക്ക് (എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്)

2. ഡെവലപ്മെന്റ് ഓഫ് വയലോരം (മണീട് ഗ്രാമ പഞ്ചായത്ത്).

**വയ്യാങ്കരച്ചിറ ടൂറിസം പദ്ധതി**

120(5020) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പദ്ധതിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമായ പദ്ധതി രേഖയുടെ പകർപ്പും ലഭ്യമാക്കുമോ?

'Development of Backwaters Circuit in Alappuzha in Backwater region as a Mega Circuit in Kerala' പദ്ധതിയുടെ ഘടകമായ 'Development of Micro Destination at Vayyankara Chira' 2017-ൽ പൂർത്തിയാക്കി, നടത്തിപ്പിനായി ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിപുലീകരണം പരിശോധിച്ചുവരുന്നു.

**മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം**

121(5021) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

മലബാറിലെ ടൂറിസം വികസനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. നൂതന പദ്ധതികളും ഡെസ്റ്റിനേഷൻ വികസനവും സാധ്യമാക്കി മലബാറിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാണ് പദ്ധതി. മുഴപ്പിലങ്ങാട് ബീച്ച് വികസനവും KTDC സ്റ്റാർ ഹോട്ടലും മലബാർ-മലനാട് റിവർ ക്രൂയിസ് പദ്ധതിയും ചാലിയം, ബേപ്പൂർ ബീച്ച് വികസന പദ്ധതികളും തലശ്ശേരി ഹെറിറ്റേജ് പദ്ധതിയും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി. ലിറ്റററി സർക്യൂട്ട്, തുഷാരഗിരിയിൽ അന്താരാഷ്ട്ര കയാക്കിങ് സെന്റർ, ഗോദീശ്വരം ബീച്ചിൽ സർഫിങ് അക്കാദമി, ബേപ്പൂർ വാട്ടർ ഫെസ്റ്റ് എന്നിവയ്ക്ക് തുടക്കമിട്ടു. ഓണാഘോഷം, ന്യൂ ഇയർ-ക്രിസ്തുമസ് ഇല്യൂമിനേഷൻ തുടങ്ങിയവ മലബാറിലും വിപുലമായി സംഘടിപ്പിച്ചു. CBL മലബാറിലേക്കും വ്യാപിപ്പിച്ചു. മലബാറിന്റെ ടൂറിസം സാധ്യതകളെ പരിചയപ്പെടുത്തുന്നതിനായി മലബാർ റിവർ ഫെസ്റ്റ്, വയനാട് മഡ് ഫെസ്റ്റ്, MTB മൗണ്ടൻ സൈക്കിളിങ് ചാമ്പ്യൻഷിപ്പ് തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു. മലബാറിലേക്ക് സഞ്ചാരികളെ ആകർഷിക്കുവാൻ

ഫാം ട്രിപ്പ് സംഘടിപ്പിച്ചു. വയനാട് കേന്ദ്രീകരിച്ച് വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും സഞ്ചാരികളെ ആകർഷിക്കുകയും ചെയ്തു.

ബേക്കൽ ടൂറിസത്തിന്റെ ഭാഗമായി നടപ്പാക്കിയ ബേക്കൽ ടൂറിസം വില്ലേജ് പദ്ധതി ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിക്കുകയും പദ്ധതിക്ക് കരാർവച്ച് തുടക്കമിടുകയും ചെയ്തു. ഡെസ്റ്റിനേഷൻ വെഡ്ഡിങ് കേന്ദ്രമായികൂടി ബേക്കൽ മാറി. ബേക്കലിൽ കൂടുതൽ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും തുടരുന്നുണ്ട്. ഈ നിലയിൽ മലബാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താനുള്ള ശ്രമമാണ് ടൂറിസം വകുപ്പ് നടത്തുന്നത്.

(ബി) മലബാർ റിവർ ക്രൂയിസ് പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ  സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്ന മലബാർ റിവർക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 17 ബോട്ട് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി

നടപ്പാക്കിവരുന്ന മലനാട്, മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.

**ഹോംസ്റ്റേ നിർമ്മാണം**

122(5022) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം നയത്തിന്റെ ഭാഗമായി ഹോംസ്റ്റേകൾ നിർമ്മിച്ചവർക്കും പുതുതായി നിർമ്മിക്കുന്നവർക്കും തീരദേശ മേഖലയിൽ നിർമ്മാണത്തിന് ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുകൂടി നിർദേശം നൽകി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉദാരനടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള ടൂറിസം നയമാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. കേരള ടൂറിസം നടപ്പാക്കുന്ന ഹോംസ്റ്റേ ക്ലാസിഫിക്കേഷനും ഉത്തരവാദിത്ത

ടൂറിസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി തീരദേശ പരിപാലന നിയമപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇളവുകൾ അനുവദിക്കുന്നില്ല.

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ എരവത്ത്കുന്ന് പൈതൃക ടൂറിസം**

(5023) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ എരവത്ത്കുന്ന് പൈതൃക ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ 'എരവത്ത്കുന്ന്'-ൽ ടൂറിസം വകുപ്പ് നിലവിൽ പദ്ധതിയൊന്നും നടപ്പാക്കിയിട്ടില്ല.

**പെരിയ എയർസ്ട്രിപ്പ് പദ്ധതി**

124(5024) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ബജറ്റിൽ പ്രഖ്യാപിച്ച

പെരിയ എയർസ്ലിപ്പ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ലിപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് ഒരു ഏജൻസിയെ കണ്ടെത്തുന്നതിന് PMC ആയി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ഗതാഗതവകുപ്പ് ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന്, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) തയ്യാറാക്കുന്നതിന് ടെൻഡർ ക്ഷണിക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുകയാണ്.

(ബി) ഇതിനായി കാസർഗോഡ് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഇതിനകം എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) ഇപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ എത്ര ഭൂമി ലീസിന് നൽകിയെന്നും അതിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചോയെന്നും അറിയിക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; ലീസിന് നൽകിയ ഭൂമിയിൽ പാട്ട തുക കുടിശ്ശികയുണ്ടോ; വിശദമാക്കുമോ?

(ബി-ഡി) ബി.ആർ.ഡി.സി. ഇതിനായി ഭൂമി ഏറ്റെടുത്തിട്ടില്ല.

**അരുവിക്കര ടൂറിസം കോറിഡോർ പദ്ധതി**

125(5025) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച അരുവിക്കര ടൂറിസം കോറിഡോർ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സമയബന്ധിതമായി ഈ പദ്ധതി ആരംഭിച്ച് നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) അരുവിക്കര ഡാം - കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം-

നെയ്യാർഡാം - ബോണക്കാട് - പൊന്മുടി എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതാണ് അരുവിക്കര ടൂറിസം ഇടനാഴി പദ്ധതി. പദ്ധതിക്ക് വിശദമായ രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. ജില്ലാ കളക്ടർ ഇതുസംബന്ധിച്ച യോഗം വിളിച്ചുചേർത്തിരുന്നു. പദ്ധതിരേഖ തയ്യാറാക്കാൻ അക്രെഡിറ്റഡ് ഏജൻസിയെ ഏല്പിച്ചെങ്കിലും കാര്യമായ പുരോഗതിയുണ്ടായില്ല. മറ്റൊരു ഏജൻസിയെ ഇതിനായി ചുമതലപ്പെടുത്തുന്നത് പരിശോധിക്കുകയാണ്.

**വിനോദസഞ്ചാര മേഖലയെ അന്തർദേശീയ തലത്തിൽ അവതരിപ്പിക്കാൻ നടപടി**

126(5026) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>:
<u>ശ്രീ. എം. വിജിൻ</u>:
<u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ സാധ്യതകളും പ്രത്യേകതകളും ദേശീയ-അന്തർദേശീയ തലത്തിൽ അവതരിപ്പിക്കുന്നതിനും പ്രചാരണം

നടത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡായി അവതരിപ്പിക്കുന്നതിനും വിനോദസഞ്ചാര മേഖലയുടെ സാധ്യതകളും പ്രത്യേകതകളും വിദേശ സഞ്ചാരികളിലേക്ക് എത്തിക്കുന്നതിനുമായി ദുബായ്, റഷ്യ, ഇംഗ്ലണ്ട്, സ്പെയിൻ, ജർമ്മനി എന്നീ രാജ്യങ്ങളിൽ സംഘടിപ്പിച്ച ATM Dubai, OTDYK Leisure Moscow, WTM London, FITUR Madrid, ITB Berlin തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ വിനോദസഞ്ചാര വകുപ്പ് 2023-ൽ പങ്കെടുത്തിട്ടുണ്ട്. ഇതോടൊപ്പം കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് മിഡിൽ ഈസ്റ്റ് നഗരങ്ങളായ Riyad, Damam, Muscat യൂറോപ്യൻ നഗരങ്ങളായ Hamburg, Berlin, Barcelona, Milan, Paris, London, Prague, Vienna റഷ്യൻ നഗരങ്ങളായ Moscow, St. Petersburg തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ വിനോദസഞ്ചാര വകുപ്പ് B2B Meets സംഘടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മേളകളിലെ കേരള

ടൂറിസത്തിന്റെ സ്ഥിരസാന്നിധ്യം ഈ രാജ്യങ്ങളിൽനിന്നുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വഴിയൊരുക്കിയിട്ടുണ്ട്.

ആഭ്യന്തര/വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി റേഡിയോ, ടി.വി., അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം, സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തിവരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽനിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിവരുന്നു.

വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ ഡൊമെസ്റ്റിക് സമ്മർ ഹോളിഡെ ക്യാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ചുനടപ്പാക്കിവരുന്നു. നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads

എന്നിവ മുഖേന മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) ലോകത്തിലെ ഏറ്റവും വലിയ വിനോദസഞ്ചാര മേളയായ സ്പെയിനിലെ ഫിട്ടൂർ മേളയിൽ സംസ്ഥാന ടൂറിസം രംഗത്തെ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നോ; വിശദമാക്കാമോ?

അന്താരാഷ്ട്ര വിനോദസഞ്ചാര മേളയായ FITUR Madrid-ൽ ഒരു പതിറ്റാണ്ടിലേറെയായി വിനോദസഞ്ചാര വകുപ്പ് പങ്കെടുത്തുവരുന്നു. 2024-ൽ ജനുവരി 24 മുതൽ 28 വരെ സംഘടിപ്പിച്ച ടി മേളയിൽ "കെട്ടുകാഴ്ച" Festival of Pagodas എന്ന തീമിനെ അടിസ്ഥാനമാക്കി സജ്ജീകരിച്ച കേരള പവലിയൻ ഒട്ടേറെ സന്ദർശകരെ ആകർഷിച്ചിട്ടുണ്ട്.

(സി) അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ വിനോദസഞ്ചാര മേഖലയ്ക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

- നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക 2020-21-ൽ കേരളത്തിന് ഒന്നാം സ്ഥാനം.
- ന്യൂയോർക്ക് ടൈംസിന്റെ നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ രാജ്യത്തുനിന്നും ഇടം നേടിയ ഏക ടൂറിസം കേന്ദ്രം - കേരളം.
- ടൈം മാഗസിന്റെ നിർബന്ധമായും കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം ഇടം നേടി.
- WTM ലണ്ടൻ 2021-ൽ അയ്മനം, മാതൃകാ ഉത്തരവാദിത്ത ഗ്രാമം ആഗോള ട്രാവൽ മാർക്കറ്റ് അവാർഡ് കരസ്ഥമാക്കി.
- WTM ലണ്ടൻ 2022-ൽ കേരളത്തിന് ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് - ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പ്രോജക്ട്.
- ഇന്ത്യാ ടുഡേ ന്യൂസ് മാഗസിൻ സംഘടിപ്പിച്ച സ്റ്റേറ്റ്സ് സർവെ 2021-ൽ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി കേരളം തിരഞ്ഞെടുക്കപ്പെട്ടു.
- ട്രാവൽ & ലെയ്ഷർ ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് 2022 - ബെസ്റ്റ് വെഡ്ഡിങ് ഡെസ്റ്റിനേഷൻ.

- ബുക്കിങ് ഡോട്ട് കോം എന്ന ഡിജിറ്റൽ ട്രാവൽ ഏജൻസി പ്രഖ്യാപിച്ച ട്രാവലർ റിവ്യൂ അവാർഡ്സ് 2022-ൽ മോസ്റ്റ് വെൽക്കമിങ് റീജിയൻ എന്ന അംഗീകാരം കേരളത്തിന് ലഭ്യമായി. പ്രസ്തുത പട്ടികയിൽ ഇത് നാലാം തവണയാണ് കേരളം ഒന്നാമതായത്.
- കൊണ്ടെ നെസ്റ്റ് ട്രാവലർ മാഗസിൻ തിരഞ്ഞെടുത്ത ലോകത്തിലെ തന്നെ കണ്ടിരിക്കേണ്ട ആദ്യ 30 വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ കോട്ടയത്തെ അയ്മനം ഉത്തരവാദിത്ത വിനോദസഞ്ചാര ഗ്രാമം തിരഞ്ഞെടുക്കപ്പെട്ടു.
- ട്രാവൽ ആൻഡ് ലെയ്ഷർ വേൾഡ് വിഷൻ അവാർഡ് 2022-നായി കേരള ഉത്തരവാദിത്ത ടൂറിസം മിഷനെ തിരഞ്ഞെടുത്തു.
- പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ ഗോൾഡ് അവാർഡ് 2022-ചെയ്ഞ്ച് ഓഫ് എയർ പോസ്റ്റ് കോവിഡ് ക്യാമ്പയിൻ.
- ഇന്ത്യാ ടുഡേ സംഘടിപ്പിച്ച സർവെയിൽ ബെസ്റ്റ് പെർഫോമിങ് സ്റ്റേറ്റ് ടൂറിസം ആയി കേരളം തിരഞ്ഞെടുക്കപ്പെട്ടു.
-

## സാഹസിക വിനോദസഞ്ചാര മേഖലയുടെ വികസനം

127(5027) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സാഹസിക വിനോദസഞ്ചാരം വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സാഹസിക വിനോദസഞ്ചാരം വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നു. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മുഖേന സ്വകാര്യ പങ്കാളിത്തത്തോടെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ ആർച്ചറി, റൈഫിൾ ഷൂട്ടിങ്, ഹൈ റോപ്പ് ആക്റ്റിവിറ്റീസ്, എ.ടി.വി. തുടങ്ങിയ സാഹസിക ടൂറിസം ആക്റ്റിവിറ്റികൾ നടന്നുവരുന്നു. കൂടാതെ പുലിക്കയത്ത് അന്താരാഷ്ട്ര കയാക്കിങ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. ലോക കയാക്കിങ്

ചാമ്പ്യൻഷിപ്പിനുള്ള സൗകര്യമൊരുക്കലും കയാക്കിങ് പരിശീലനത്തിനും മത്സരങ്ങൾക്കുമായി വിനോദസഞ്ചാരവകുപ്പ് യാഥാർഥ്യമാക്കിയ ഒരു പദ്ധതിയാണിത്.

സ്വകാര്യ നിക്ഷേപവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് ടൂറിസം നിക്ഷേപ സംഗമം (TIM) സംഘടിപ്പിച്ചു. TIM വഴി സാഹസിക ടൂറിസം മേഖലയിൽതന്നെ നിക്ഷേപം നടത്തുന്നതിനും പുതിയ സാഹസിക ആക്ടിവിറ്റികൾ ആരംഭിക്കുന്നതിനും നിരവധി അപേക്ഷകൾ വന്നിട്ടുണ്ട്. അതുപോലെതന്നെ സാഹസിക വിനോദസഞ്ചാരത്തിന് ഉണർവേകാൻ തയ്യാറായി നിരവധി സ്റ്റാർട്ടപ്പുകളും അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇവയെല്ലാം വിശദമായി പരിശോധിച്ച് സാഹസിക വിനോദസഞ്ചാര മേഖലയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ മേഖലയിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സാഹസിക ടൂറിസം ആക്റ്റിവിറ്റി ചെയ്യുന്ന യൂണിറ്റുകൾക്കായി ടൂറിസം വകുപ്പ് ഒരു രജിസ്ട്രേഷൻ നടപടിക്രമം കൊണ്ടുവന്നിട്ടുണ്ട്. 14-10-2019-ലെ സ.ഉ(കൈ)നം.18/2019/ടൂറിസം, 26-07-2021-ലെ സ.ഉ(കൈ)നം. 13/2021/ടൂറിസം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സാഹസിക പ്രവർത്തനങ്ങൾക്കായി "കേരള ടൂറിസം അഡ്വഞ്ചർ & ആക്റ്റിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റെഗുലേഷൻസ്" നടപ്പാക്കിവരുന്നു.

സർക്കാർ ഉത്തരവുകളും റെഗുലേഷൻസും പാലിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും തദ്ദേശസ്വയംഭരണവകുപ്പ് മേധാവികൾക്കും നിർദേശം നൽകിയിട്ടുണ്ട്.

നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) സാഹസിക വിനോദസഞ്ചാര മേഖലയുടെ വികാസം സംസ്ഥാനത്ത് ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സാഹസിക വിനോദസഞ്ചാരമേഖല ഇന്ന് കേരളത്തിൽ ഏറ്റവും തൊഴിൽ സാധ്യതയുള്ള മേഖലയായി വളർന്നിരിക്കുന്നു. സംസ്ഥാനത്ത് കര, ജല, വ്യോമ മേഖലകളിൽ സാഹസിക ടൂറിസം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വകുപ്പിനുകീഴിലെ അനുബന്ധ ഏജൻസികളും ഡി.ടി.പി.സി.-കളിലുമായി എല്ലാ ജില്ലകളിലും വിവിധങ്ങളായ സാഹസിക യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ സാഹസിക വിനോദസഞ്ചാര മേഖലയിൽ 3000-ന് മുകളിൽ ജീവനക്കാർ കേരളത്തിൽ പൊതു-സ്വകാര്യ മേഖലകളിൽ ജോലി ചെയ്തുവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലത്ത് സാഹസിക വിനോദസഞ്ചാര മേഖലയിൽ ലഭ്യമായ വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സെന്ററുകളിൽനിന്ന് മാത്രമായി 23.5 കോടി രൂപയുടെ വരുമാനം 2023-24 സാമ്പത്തിക വർഷം നേടുകയുണ്ടായി. ഈ സർക്കാർ നിലവിൽ വന്നശേഷം സാഹസിക ടൂറിസത്തിന് നൽകുന്ന

പ്രാധാന്യം വഴി ഡി.ടി.പി.സി.കളും ടൂറിസം അനുബന്ധ ഏജൻസികളും സാഹസിക ടൂറിസം യൂണിറ്റുകൾവഴി കൂടുതൽ തൊഴിലവസരങ്ങളും മികച്ച വരുമാനവും ലഭ്യമായിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ-സാഹസിക വിനോദസഞ്ചാര മേഖലയിൽനിന്നുള്ള വരുമാനം കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും GST ഇനത്തിൽ ഗവൺമെന്റിന് മികച്ച വരുമാനം ലഭിക്കുന്നുണ്ട്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണം**

128(5028) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് മാലിന്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻവേണ്ടി ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വമിഷനുമായി ചേർന്ന് ഗ്യാപ്പ് അസസ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വിനോദസഞ്ചര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ വകുപ്പ് നടപ്പാക്കിയിരുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി വിനോദസഞ്ചാര വകുപ്പ് കോട്ടയം ജില്ലയിലെ കുമരകത്ത് ഒരു STP സ്ഥാപിച്ചിട്ടുണ്ട്. കുമരകത്തുള്ള പ്ലാന്റിൽ മാലിന്യം

ബാർജ് മുഖേന കൊണ്ടുപോയി സംസ്കരിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ വട്ടക്കായലിലും H ബ്ലോക്കിലും STP-കളുടെ പ്രവർത്തനം ആരംഭിക്കുന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത് വകുപ്പിന്റെ പ്രഥമ പരിഗണനയിലാണ്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനായി മാലിന്യസംസ്കരണവും ശുചിത്വവും ഉറപ്പുവരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തി അവയുടെ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നു.

<u>ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ:</u>

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ

ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ". 14 ജില്ലകളിലായി നടപ്പാക്കിവരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ 117 ഡെസ്റ്റിനേഷനുകളിലായി പ്രവർത്തിച്ചുവരുന്നു.

<u>കോവളം ഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം:</u>

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പ്ാക്കിവരുന്നു.

<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം:</u>

ഇടുക്കി ജില്ലയിലുൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽമേട് (ആമപ്പാറ), രാമക്കൽമേട് പാർക്ക് , പരുന്തുംപാറ, പാഞ്ചാലിമേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക് - ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്) തൊമ്മൻകുത്ത്, അരുവിക്കുഴി എന്നീ

ഡെസ്റ്റിനേഷനുകളിലെ മാലിന്യസംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വേൾഡ് ക്ലാസ് ടോയ്‌ലറ്റ്:

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ച ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ പ്രവൃത്തികൾ നടന്നുവരുന്നു.

**ആക്കുളം ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

129(5029) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്ലാസ് ബ്രിഡ്ജ്, ഫ്ലോട്ടിങ് ബ്രിഡ്ജ് പോലെ വ്യത്യസ്തമായ നിർമ്മിതികൾ സർക്കാർ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതിന് പൊതുവായ സുരക്ഷാമാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ

സുരക്ഷാപരിശോധന നടത്താൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാഹസിക ടൂറിസം പദ്ധതികൾക്ക് പൊതു സുരക്ഷാമാനദണ്ഡം തയ്യാറാക്കിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായി നിർമ്മിച്ച ഗ്ലാസ് ബ്രിഡ്ജുകളുടെയും ഫ്ലോട്ടിങ് ബ്രിഡ്ജുകളുടെയും പൊതുവായ സുരക്ഷാ പരിശോധന എൻ.ഐ.ടി. മുഖേന നടത്തിവരുന്നുണ്ട്. 30-05-2024-ലെ ഡയറക്ടറുടെ ഉത്തരവുപ്രകാരം അനുബന്ധ സ്ഥാപനങ്ങൾ മുഖേന നടന്നുവരുന്ന എല്ലായിനം സാഹസിക ടൂറിസം ആക്ടിവിറ്റികളുടെയും സുരക്ഷ ഉറപ്പുവരുത്തേണ്ട ചുമതല KATPS ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഏല്പിച്ചിട്ടുണ്ട്.

(ബി) ആക്കുളം പാർക്കിന്റെ ചുമതല ഏത് സൊസൈറ്റിക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ കരാറും നടപടിക്രമങ്ങളും വിശദീകരിക്കാമോ?

ആക്കുളം പാർക്കിന്റെ പരിപാലനം ഡി.റ്റി.പി.സി. നേരിട്ടാണ് നടത്തുന്നത്.

(സി) ആക്കുളത്ത് ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന്റെ ടെൻഡർ നടപടിക്രമങ്ങൾ വിശദമാക്കുമോ; കരാറുകാരന്റെ ഇക്കാര്യത്തിലുള്ള മുൻപരിചയം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; പ്രസ്തുത കരാറുകാരന് പൊതുമരാമത്ത് വകുപ്പിന്റെ രജിസ്ട്രേഷനുണ്ടോ; വിശദമാക്കുമോ?

ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ് ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം സ്വന്തം ചെലവിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്നായിരുന്നു ടെൻഡർ വ്യവസ്ഥ. QCBS രീതിയിലാണ് ഏജൻസിയെ തിരഞ്ഞെടുത്തത്. തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. പദ്ധതി നടപ്പാക്കാൻ സാങ്കേതികജ്ഞാനവും സാമ്പത്തിക ഭദ്രതയുമാണ് ഡി.റ്റി.പി.സി. വ്യവസ്ഥ ചെയ്തിരുന്നത്. അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ അംഗീകാരം, കരാർ ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായിരിക്കണം, സാഹസിക ടൂറിസം മേഖലയിൽ ഒരു വർഷത്തെ മുൻപരിചയം എന്നിവയായിരുന്നു മാനദണ്ഡങ്ങൾ.

(ഡി) പ്രസ്തുത ബ്രിഡ്ജ് തകർന്ന സംഭവത്തിൽ പാർക്കിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലോ ബന്ധപ്പെട്ട സൊസൈറ്റിയോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കി ബ്രിഡ്ജ് തുറക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതായി ടെൻഡർ ലഭിച്ച സ്ഥാപനം ഇതുവരെ അറിയിച്ചിട്ടില്ല. ഡി.റ്റി.പി.സി.-ക്ക് കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽതന്നെ ഡി.റ്റി.പി.സി.ക്കോ/വകുപ്പിനോ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടില്ല. എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരംകൂടി ലഭിച്ചതിനുശേഷം മാത്രമെ പാലത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഗ്ലാസ് ബ്രിഡ്ജിന്റെ structural stability പരിശോധന NIT നടത്തിയിട്ടുണ്ട്. ഇതിനുപയോഗിച്ച ഗ്ലാസിന്റെ stability പരിശോധിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

**വ്ലാത്താങ്കര-ചെങ്കൽ തീർഥാടന ടൂറിസം**

130(5030) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്ലാത്താങ്കര, ചെങ്കൽ എന്നീ സ്ഥലങ്ങളിൽ തീർഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിനോദസഞ്ചാര വകുപ്പ് നെയ്യാറ്റിൻകര മണ്ഡലത്തിലെ തീർഥാടന ടൂറിസത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്ന പദ്ധതികളാണ് "പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് സ്വർഗ്ഗാരോപിത മാതാ ചർച്ച്", "ഡെവലപ്മെന്റ് ഓഫ് ടൂറിസം അറ്റ് ദക്ഷിണ കൈലാസം മഹേശ്വരൻ ശിവപാർവതി ടെമ്പിൾ" എന്നിവ. ടി പദ്ധതികൾ നടപ്പാക്കുന്നത് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേനയാണ്. 2019-20 കാലഘട്ടത്തിലാണ് ഈ പദ്ധതികൾ ആരംഭിച്ചത്. കോവിഡ് മഹാമാരിമൂലവും ചില സാങ്കേതിക കാരണങ്ങളാലും ടി പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു. ടി പദ്ധതികൾ താമസംവിനാ

പൂർത്തീകരിക്കുന്നതിന് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ചെങ്കൽ ദക്ഷിണ കൈലാസം ശിവപാർവതി ക്ഷേത്രത്തിൽവരുന്ന വിനോദസഞ്ചാരികളുടെയും ഭക്തരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അമിനിറ്റി സെന്റർ, കൂത്തമ്പലം, ലാൻഡ് സ്കേപ്പിങ് ആൻഡ് സോളാർ ലൈറ്റിങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. നിലവിൽ അമിനിറ്റി സെന്ററിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

തീർഥാടന ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്ത് വ്ലാത്താങ്കര സ്വർഗ്ഗാരോപിത മാതാ ചർച്ചിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മൾട്ടിപർപ്പസ് ഹാൾ, എ.ടി.എം., ഷോപ്സ് എന്നിവ ഉൾപ്പെടുന്ന അമിനിറ്റി സെന്റർ നിർമ്മിക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. നിലവിൽ അമിനിറ്റി സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**ഫാം ടൂറിസം പദ്ധതി**

131(5031) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെടുത്തുന്ന ഫാം ടൂറിസം പദ്ധതിയുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായിട്ടാണ് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി ആരംഭിച്ചത്.

പദ്ധതിയുടെ ഭാഗമാകാൻ താൽപര്യമുള്ളവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുകയും 952 പേർ 2 ഘട്ടങ്ങളിലായി പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 452 യൂണിറ്റുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. 103 യൂണിറ്റുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗമായി കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകളിൽ കഴിഞ്ഞ സാമ്പത്തികവർഷം 16,86,000/- രൂപയുടെ വരുമാനം ലഭിച്ചതായി യൂണിറ്റുകൾ അറിയിച്ചിട്ടുണ്ട്. പുതുതായി അഗ്രി ടൂറിസം യൂണിറ്റ് ആരംഭിക്കുന്നതിനോ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ വിപുലീകരണത്തിനോ ധനസഹായം നൽകുന്നതിനായി ഒരു പദ്ധതി പ്രൊപ്പോസൽ കെ.ആർ.ടി.എം. സൊസൈറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ ശുചിത്വ സംരക്ഷണത്തിൽ വിനോദസഞ്ചാര മേഖലയെ മികച്ച നിലവാരത്തിൽ നിലനിർത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നു.

<u>ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ:</u>

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ". 14 ജില്ലകളിലായി നടപ്പാക്കിവരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ ജീവനക്കാർ 117 ഡെസ്റ്റിനേഷനുകളിലായി പ്രവർത്തിച്ചുവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ചുവരുന്നുണ്ട്.

<u>കോവളം ഡെസ്റ്റിനേഷനിലെ മാലിന്യ സംസ്കരണം:</u>

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പ്ാക്കിവരുന്നു.

<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം:</u>

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽമേട് (ആമപ്പാറ),

രാമക്കൽമേട് പാർക്ക്, പരുന്തുംപാറ, പാഞ്ചാലിമേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക് - ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്), തൊമ്മൻകുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യസംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

വേൾഡ് ക്ലാസ് ടോയ്‌ലറ്റ്:

കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പാക്കിവരുന്നു. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതികൾ പൂർത്തീകരിച്ച ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ പ്രവൃത്തികൾ നടന്നുവരുന്നു.

വിനോദസഞ്ചാര മേഖലയിൽ സർക്കാർ മുതൽമുടക്കിൽ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ ഭാഗമായി കോവളം ടൂറിസം കേന്ദ്രം വികസനത്തിന് കിഫ്ബി

വഴി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവിടങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

**കേരളത്തിന്റെ ടൂറിസം സാധ്യതകൾ**

132(5032) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിനുശേഷം കേരളത്തിൽ ടൂറിസത്തിന്റെ വ്യാപ്തി വർധിക്കുന്ന സാഹചര്യത്തിൽ ഓരോ ജില്ലയിലെയും ടൂറിസം സാധ്യതകളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിനോദസഞ്ചാരികളെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുകയും അവയുടെ ടൂറിസം സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താനും പരിസ്ഥിതിക്ക് കോട്ടം

സംഭവിക്കാതെ ഓരോ പ്രദേശങ്ങളുടേയും സവിശേഷതകൾ പൂർണ്ണമായും ഉൾക്കൊണ്ട് അതത് സ്ഥലങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്താനുമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. ഇതിന്റെ ഭാഗമായി വർക്കല, മലമ്പുഴ, മൂന്നാർ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**വിനോദസഞ്ചാര മേഖലകളിലെ അപകട മരണങ്ങൾ**

133(5033) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലകളിൽ ചെറുപ്പക്കാരുടെയും വിദ്യാർഥികളുടെയും അപകടമരണങ്ങൾ ആശങ്കജനകമാംവിധം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് സുരക്ഷയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ ഇത്തരം കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ബീച്ചുകളിലും മറ്റും ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ ലൈഫ് ഗാർഡുമാരെയും സജ്ജമാക്കിയിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ഭാഗമായുള്ള സാഹസിക ടൂറിസം പദ്ധതികളിലും ഇത്തരം സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്താനുള്ള മാർഗരേഖ ഉണ്ടാക്കിയിട്ടുണ്ട്.

(ബി) അപകട മരണങ്ങൾക്ക് പ്രധാന കാരണങ്ങളിലൊന്ന് മദ്യം-മയക്കുമരുന്ന് എന്നിവയുടെ അനിയന്ത്രിത ഉപയോഗമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷ ശക്തമാക്കുന്നതിനുള്ള നടപടികൾ പോലീസുമായി ചേർന്ന് നടപ്പാക്കുന്നുണ്ട്. സാമൂഹ്യവിരുദ്ധരെയും ലഹരി മാഫിയെയും ഉന്മൂലനം ചെയ്യുന്നതിനായി പോലീസ് പട്രോളിങ് നടത്തിവരുന്നുണ്ട്. ഈ പ്രദേശങ്ങളിലെയും സമീപ

പ്രദേശങ്ങളിലെയും കച്ചവട സ്ഥാപനങ്ങൾ, ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ട് എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.

കൂടാതെ മയക്കമരുന്ന് ഇടപാടുകാരെക്കുറിച്ച് രഹസ്യമായി അന്വേഷിക്കുന്നതിനായി DANSAF (District Anti Narcotic Special Action Force) സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പരിസര പ്രദേശങ്ങളിലും നിയന്ത്രിച്ചുവരുന്നുണ്ട്. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ടൂറിസം പോലീസിനെ നിയമിച്ചും സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നുണ്ട്.

(സി) ഇത്തരം അപകട മരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് അവബോധമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ മുൻകരുതലുകളെ സംബന്ധിച്ച് വിനോദസഞ്ചാരികൾക്കിടയിൽ

അവബോധമുണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പുകൾ ഉണ്ടാകുന്ന ഘട്ടത്തിൽ ഇത്തരം ടൂറിസം കേന്ദ്രങ്ങൾ അടയ്ക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കൂടുതൽ അപകടങ്ങൾ വരുത്തിവയ്ക്കുന്ന പ്രവൃത്തികളും രാത്രിയാത്രകളും ഒഴിവാക്കുന്നതിന് നവമാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും അവബോധം നൽകിവരുന്നു. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ്

ഗാർഡുകൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു.

**ടൂറിസം മേഖലയുടെ വികസനം**

134(5034) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീസൺ എന്ന സങ്കല്പം ഒഴിവാക്കി വർഷം മുഴുവനും വിനോദസഞ്ചാരികൾക്ക് വന്നുപോകാൻ കഴിയുന്ന മേഖലയാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വിനോദസഞ്ചാര മേഖലയിലേക്ക് സഞ്ചാരികളെ ആകർഷിക്കാനുള്ള നിരവധി പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്നത്. അതിന്റെ ആദ്യപടിയായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ടൂറിസം സീസൺ രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും. ഒരു വർഷത്തെ ടൂറിസം ഉത്സവ ആഘോഷങ്ങൾ സംബന്ധിച്ച കലണ്ടർ മുൻകൂറായി പ്രസിദ്ധീകരിക്കുകയും അതനുസരിച്ചുള്ള പ്രചരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഓണാഘോഷം, ചാമ്പ്യൻസ് ബോട്ട് ലീഗ്

തുടങ്ങിയവ അന്താരാഷ്ട്ര സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രചരണം നടത്തുന്നുണ്ട്. ബീച്ച് ടൂറിസം, സാഹസിക ടൂറിസം എന്നിവ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ലോട്ടിങ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ് മുതലായ പദ്ധതികൾക്കൊപ്പം ബേപ്പൂർ ഫെസ്റ്റ്, കയാക്കിങ് ഫെസ്റ്റ് സർഫിങ്, പാരാഗ്ലൈഡിങ് തുടങ്ങിയ സാഹസിക വിനോദ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഹെറിറ്റേജ് ടൂറിസം സർക്യൂട്ടുകൾ, ലിറ്ററി സർക്യൂട്ടുകൾ, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. മൺസൂൺ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. വയനാട്ടിൽ മഡ് ഫെസ്റ്റ് ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) പ്രത്യേകമായ വിനോദ സഞ്ചാരകേന്ദ്രങ്ങൾ എന്നതിൽനിന്നും സംസ്ഥാനത്തെ മുഴുവനായി ഒരു വിനോദസഞ്ചാര മേഖലയായി

വികസിപ്പിക്കുന്ന സമീപനത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടി വിശദമാക്കുമോ?

കേരളത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കിമാറ്റുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇതിനായി അടിസ്ഥാന സൗകര്യവികസന രംഗത്തും ഹോസ്പിറ്റാലിറ്റി മേഖലയിലും പ്രചരണരംഗത്തും നൂതനമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാധ്യതകൾ പരിശോധിക്കുകയും അവ ടൂറിസം ആകർഷണങ്ങളാക്കി മാറ്റുകയും ചെയ്യുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതും ഹെലിടൂറിസം, വെഡ്ഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പാക്കുന്നതും ഈ ലക്ഷ്യം മുന്നിൽ കണ്ടാണ്. ടൂറിസം കോറിഡോർ വികസനം ഇതിലേക്കുള്ള പ്രധാന ചുവടുവയ്പാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ

പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. കൂടാതെ റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആയോധനകലകളുടെ പ്രോത്സാഹനം എന്നിവ നടപ്പാക്കിവരുന്നു. ഈ നിലയിൽ കേരളത്തെ ഒരു ടൂറിസം ഹബ്ബായി പടിപടിയായി ഉയർത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം.

ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രാദേശിക ഡെസ്റ്റിനേഷനുകൾ വളർത്തിക്കൊണ്ടുവരാൻ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര

സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) സഞ്ചാരികൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ മേഖലയിലെ കൂടുതൽ കാഴ്ചകൾ സാധ്യമാക്കുന്നതിനുദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് കുറഞ്ഞ സമയത്തിനുള്ളിൽ മേഖലയിലെ കൂടുതൽ കാഴ്ചകൾ കാണുന്നതിനും ആസ്വദിക്കുന്നതിനുംവേണ്ടി ഹെലി ടൂറിസം പ്രോജക്റ്റ് കേരള ടൂറിസം ഒരു പ്രധാന ആശയമായി നടപ്പാക്കിയിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിലും അനുബന്ധ റോഡുകളിലും വൃത്തിയും ശുചിത്വവുമുള്ള വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുമോ; വ്യക്തമാക്കുമോ?

കേരളം സന്ദർശിക്കുന്ന വിദേശ-സ്വദേശ വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം പ്രദാനം ചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

സംസ്ഥാനത്തെ പ്രധാന ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നതിന്റെ ഭാഗമായി കോവളം, ശംഖുംമുഖം, വർക്കല, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി യഥാക്രമം 3,66,83,104/-, 2,01,48,812/-, 3,72,40,171/-, 2,82,07,491/- എന്നീ തുകകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യമുൾപ്പെടെ സാധ്യമാക്കുന്ന പദ്ധതികളും നടപ്പാക്കുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിക്കുന്നതുവഴി മെച്ചപ്പെട്ട ശൗചാലയ സൗകര്യങ്ങൾ ഒരുക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പാക്കിവരുന്നു.

**വയനാട്ടിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണം**

135(5035) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വയനാട്ടിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ഗ്ലാസ് ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിനായി ടെൻഡർ വിളിച്ചിരുന്നോ; ആർ.എഫ്.പി. യുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ടെൻഡറിൽ പ്രീക്വാളിഫിക്കേഷൻ കണ്ടീഷൻ എന്തായിരുന്നു എന്നും ആദ്യം നിശ്ചയിച്ച പ്രീക്വാളിഫിക്കേഷൻ കണ്ടീഷനിൽ ഏതെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രീക്വാളിഫിക്കേഷൻ കണ്ടീഷൻ വ്യവസ്ഥകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ടെൻഡറിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പങ്കെടുത്തതെന്നും എത്ര തുകയാണ് ഓരോ സ്ഥാപനവും ക്വാട്ട് ചെയ്തതെന്നും വിശദമാക്കാമോ;

(ഇ) ഏത് സ്ഥാപനത്തിനാണ് പ്രസ്തുത നിർമ്മാണ കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഇ) ബാധകമല്ല.

**കുന്നംകുളം മണ്ഡലത്തിലെ ടൂറിസം പദ്ധതി**

136(5036) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിൽ ആനക്കുണ്ട് ജലാശയവുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ, പോർക്കളം ഗ്രാമപഞ്ചായത്തുകളിലെ ആനക്കുണ്ട് ജലാശയ സംരക്ഷണത്തിന്റെയും വികസനത്തിന്റെയും ഭാഗമായുള്ള വിനോദസഞ്ചാര പദ്ധതിക്ക് 2021-22-ലെ വിശദമായ ബജറ്റ്

എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) പ്രകാരം, രണ്ട് കോടി രൂപ അടങ്കൽ തുക കണക്കാക്കി, അതിന്റെ 20% ആയ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു (ക്രമ നമ്പർ:2359).

ഏകദേശം 18 ഏക്കർ വിസ്തൃതിയുള്ളതും നെൽകൃഷി ചെയ്യുന്നതുമായ പാടശേഖരമായതിനാൽ വിനോദസഞ്ചാര പദ്ധതിക്കായി പ്രദേശത്ത് ബണ്ടുകൾ സ്ഥാപിക്കേണ്ടതും അനുയോജ്യമായ റോഡ് നിർമ്മിക്കേണ്ടതും ആനക്കുണ്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മണ്ണും നീക്കി ജലാശയത്തിന്റെ ആഴം കൂട്ടേണ്ടതും അത്യാവശ്യമാണ്. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായാൽ മാത്രമേ പ്രദേശത്ത് ടൂറിസം പദ്ധതി നടപ്പാക്കാനാവൂ എന്നാണ് വിനോദസഞ്ചാര വകുപ്പിന്റെ വിലയിരുത്തൽ.

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ആനക്കുണ്ടിലെ വിനോദസഞ്ചാര പദ്ധതി നടപ്പാക്കാനുള്ള തുടർനടപടികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

137(5037) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലൂടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലൂടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതിന്റെ ഫലമായി എത്ര കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ അധികമായി അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017-18 മുതൽ 2020-21 അക്കാദമിക വർഷങ്ങളിലായി 6.8 ലക്ഷത്തിലധികം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേർന്നു.

**വിദ്യാഭ്യാസ പരിഷ്കരണം**

138(5038) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് വിദ്യാഭ്യാസ പരിഷ്കരണം പൂർണ്ണമായും ഏത് വർഷം മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ അവകാശ നിയമം 2009 മുതൽ നടപ്പാക്കിവരികയാണ്. അതനുസരിച്ചുള്ള പരിഷ്കരണം ഉടൻ പൂർണ്ണമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഹൈസ്കൂൾ പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുവർഷം മുതൽ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

2023-ൽ രൂപീകരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പാഠപുസ്തക പരിഷ്കരണം 2024-25 അധ്യയന വർഷത്തിൽ 1, 3, 5, 7, 9 ക്ലാസുകളിൽ നടപ്പാക്കിക്കഴിഞ്ഞു. 2025-26 അധ്യയന വർഷത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലും നടപ്പാക്കുകയാണ്. പാഠ്യപദ്ധതി മാറിയതിനനുസരിച്ച് കാലാനുസൃതമായി മൂല്യനിർണ്ണയ പ്രവർത്തനങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ട്. ഇതിൻപ്രകാരം ഈ വർഷം പരിഷ്കരിച്ച പാഠ്യപദ്ധതിയനുസരിച്ച് പരിഷ്കരണം നടന്ന 1, 3, 5, 7, 9 ക്ലാസുകളിൽ ഈ അധ്യയന വർഷവും 2, 4, 6, 8, 10 ക്ലാസുകളിൽ അടുത്ത അധ്യയന വർഷവും വിലയിരുത്തൽ പരിഷ്കാരം നടക്കും. ഇതുസംബന്ധിച്ച മാർഗരേഖ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കും.

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള പരിഷ്കരണം എന്നുമുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ

കമ്മിറ്റി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഈ അധ്യയനവർഷം മുതൽ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തിദിനമാക്കിയത് സർക്കാർ നയമാണോ; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഹൈക്കോടതി ഉത്തരവ് പ്രകാരമാണ് പ്രവൃത്തി ദിനങ്ങൾ 220 ദിവസമായി ക്രമീകരിച്ചത്. ഇതുസംബന്ധിച്ച കോടതി നടപടികൾ നടന്നുവരികയാണ്.

**അധ്യയന ദിനങ്ങൾ 220 ആക്കിയ നടപടി**

139(5039) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയന ദിനങ്ങൾ 220 ദിവസമാക്കിയ തീരുമാനത്തിൽനിന്നും ഒന്ന് മുതൽ അഞ്ചുവരെയുള്ള ക്ലാസുകളെ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പ്രവൃത്തി ദിനങ്ങൾ 220 ആക്കിയ തീരുമാനത്തിൽനിന്നും 1 മുതൽ 5 വരെയുള്ള ക്ലാസുകളെ ഒഴിവാക്കിയിട്ടില്ല. 220 പ്രവൃത്തി ദിനത്തിൽ ഒന്നാംപാദ വാർഷിക പരീക്ഷയ്ക്കായി എട്ട് പ്രവൃത്തി ദിനങ്ങളും രണ്ടാംപാദ വാർഷിക പരീക്ഷയ്ക്കായി ആറ് പ്രവൃത്തി ദിനങ്ങളും വാർഷിക പരീക്ഷയ്ക്കായി 22 പ്രവൃത്തി ദിനങ്ങളും നീക്കിവച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾക്കായി രണ്ട് ദിവസം അടക്കം 38 ദിനങ്ങൾ 220 പ്രവൃത്തി ദിനങ്ങളിൽനിന്നും മാറ്റിവയ്ക്കേണ്ടതായി വരും. കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള ശനിയാഴ്ചകളിലെ ആറ് ക്ലസ്റ്റർ യോഗങ്ങൾക്ക് അവധി നൽകേണ്ടിവരുന്നതുമൂലം ആകെ 38 + 6 = 44 പ്രവൃത്തിദിനങ്ങൾ ബോധനദിനങ്ങൾ അല്ലാതായി മാറും. മഴക്കെടുതികൾ, മറ്റേതെങ്കിലും വിധത്തിലുണ്ടാകുന്ന പ്രാദേശിക അവധികൾ എന്നിവ കണക്കിലെടുത്ത് ശരാശരി ആറ് ദിവസംകൂടി പ്രവൃത്തി ദിനങ്ങളിൽനിന്ന് നഷ്ടപ്പെടുന്നുണ്ട്. തന്മൂലം ലഭിക്കാവുന്ന അധ്യയന ദിനങ്ങൾ 170 മാത്രമാണ്.

(ബി) 220 അധ്യയന ദിനങ്ങളായി വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിച്ചത് ഏതെങ്കിലും ശാസ്ത്രീയ പഠനത്തിന്റെ

അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

220 പ്രവൃത്തി ദിനങ്ങളായി വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിച്ചതിലേക്ക് ഇപ്പോൾ പഠനം നടത്തിയിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 7 ചട്ടം (3), 2009-ലെ കേന്ദ്രനിയമമായ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമത്തിലെ പട്ടികയിലെ വ്യവസ്ഥ എന്നിവ നിഷ്കർഷിച്ച പ്രകാരമുള്ള അധ്യയന ദിനങ്ങൾ, അധ്യയന മണിക്കൂർ ലഭിക്കത്തക്ക വിധത്തിലാണ് കലണ്ടർ പരിഷ്കരിച്ചത്.

**എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകൾ വിജയിച്ച കുട്ടികൾ**

140(5040) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകൾ വിജയിച്ച

എത്ര കുട്ടികളുണ്ടെന്ന് അധ്യയന വർഷം അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കുട്ടികൾക്ക് സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഓരോന്നിലും കുടിശ്ശികയുള്ളത് എത്ര തുകയാണെന്നും എത്രപേർക്കാണ് നൽകാനുള്ളതെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

2019-20 വർഷം മുതൽ ഈ ഇനത്തിൽ തുക കുടിശ്ശികയായുണ്ട്. കുടിശ്ശിക കൊടുത്തുതീർക്കാൻ സർക്കാർ നടപ്പുസാമ്പത്തിക വർഷം 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനായി പ്രത്യേകം പോർട്ടൽ തയ്യാറാക്കി ഡി.ബി.റ്റി. മുഖേന തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തി വിവരശേഖരണം പൂർത്തിയായി കുടിശ്ശിക കൊടുത്തുതീർക്കുന്നമുറയ്ക്കേ ജില്ല തിരിച്ച് തുക കണക്കാക്കാൻ കഴിയൂ.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സ്കോളർഷിപ്പ് പരീക്ഷകൾ വിജയിച്ച കുട്ടികളെ സംബന്ധിച്ചുള്ള കൃത്യമായ വിവരം വിദ്യാഭ്യാസ വകുപ്പിന്റെ പക്കലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

**എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് മാറ്റുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ**

141(5041) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് മറ്റൊരാളിലേക്ക് മാറ്റുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട റൂൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(എ&ബി) 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം III ചട്ടം 5 എ-യിലെ വ്യവസ്ഥകൾ പ്രകാരം ഒരു എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശത്തോടെയുള്ള മാനേജ്മെന്റ് കൈമാറ്റം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്.

ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂളിന്റെ നിയന്ത്രണാധികാരി മുഖാന്തരം യഥാസമയം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കണം.

(സി) കെ.ഇ.ആർ. നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്ട്രാർ ഓഫീസ് മുഖേന മാത്രമായി സ്കൂൾ-സ്ഥാവരജംഗമ വസ്തുക്കൾ മറ്റൊരാളിലേക്ക് മാറ്റിയെങ്കിൽ പ്രസ്തുത പ്രവൃത്തി വകുപ്പ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം നൽകാമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ കൈമാറ്റം ചെയ്തവ അവകാശതർക്കങ്ങളോ സിവിൽക്കേസുകളോ നിലവിലില്ലാത്തപക്ഷം ക്രമപ്പെടുത്താൻ 24-11-2021-ലെ സർക്കാർ സർക്കുലർ നം. എഫ്2/85/2021/പൊ.വി.വ പ്രകാരം ഒരു മാസക്കാലം അവസരം നൽകിയിരുന്നു. ആയതിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ നടത്തുന്ന സമാന സ്വഭാവമുള്ള യാതൊരുവിധ കൈമാറ്റങ്ങളും അംഗീകരിക്കുകയില്ലെന്നും പ്രസ്തുത സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്ലസ് വൺ പ്രവേശനത്തിനുള്ള അലോട്ട്മെന്റ്**

142(5042) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിനുള്ള എത്ര അലോട്ട്മെന്റ് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇനി അലോട്ട്മെന്റ് പൂർത്തീകരിക്കാനുണ്ടോയെന്നും ഉണ്ടെങ്കിൽ ഈ ഘട്ടത്തിൽ എത്ര സീറ്റുകളിൽ അഡ്മിഷൻ നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ഹയർ സെക്കൻഡറിയിൽ മൂന്ന് അലോട്ട്മെന്റുകൾ അടങ്ങിയ മുഖ്യഘട്ട അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇനി സപ്ലിമെന്ററി അലോട്ട്മെന്റുകളാണ് നടക്കാനുള്ളത്. സപ്ലിമെന്ററി അലോട്ട്മെന്റിനായി സംസ്ഥാനത്ത് 68161 സീറ്റുകൾ നിലവിലുണ്ട്.

വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ മുഖ്യഘട്ടത്തിൽ 3 അലോട്ട്മെന്റുകൾ പൂർത്തിയായി. സപ്ലിമെന്ററി അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു. മൂന്നാംഘട്ട അലോട്ട്മെന്റിനുശേഷം 9270 സീറ്റുകളിലേക്ക് അഡ്മിഷൻ നൽകാൻ സാധിക്കും.

(ബി) സംസ്ഥാനത്ത് ഈ അധ്യയന വർഷം എത്ര വിദ്യാർഥികൾ പ്ലസ് വൺ പ്രവേശനം നേടിയിട്ടുണ്ടെന്നും എത്ര വിദ്യാർഥികൾക്ക് ഇനിയും പ്ലസ് വൺ അഡ്മിഷൻ ലഭിക്കാനുണ്ടെന്നും എത്ര പ്ലസ് വൺ സീറ്റുകൾ ഒഴിവുണ്ടെന്നും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച എത്ര കുട്ടികൾക്ക് പ്ലസ് വൺ അഡ്മിഷൻ ഇനി ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശം ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു.+

വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ മൂന്നാം ഘട്ട അലോട്ട്മെന്റിനുശേഷം ഒഴിവുള്ള സീറ്റുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ അനുബന്ധം 2+ ആയി ചേർക്കുന്നു.

ആകെ അപേക്ഷകൾ -49054

ഒഴിവുള്ള സീറ്റുകളുടെ എണ്ണം -9270

അഡ്മിഷൻ ഇനി ലഭിക്കാനുള്ളവരുടെ എണ്ണം -8021

(വി.എച്ച്.എസ്.ഇ. പ്രവേശനം സംസ്ഥാനതലത്തിലാണ് നടക്കുന്നത്)

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ വിഷയങ്ങൾക്കും A+ നേടിയ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികളുടെ എണ്ണം -36

(മതിയായ ഓപ്ഷൻ ഇല്ലാത്തതുകൊണ്ടാണ് അഡ്മിഷൻ ലഭിക്കാത്തത്)

**സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി പ്രകാരമുള്ള പാചകക്കാരുടെ വേതന കുടിശ്ശിക**

143(5043) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രകാരം പാചകക്കാരുടെ വേതന വിതരണത്തിൽ കുടിശ്ശികയുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികളുടെ 2023-24 അധ്യയന വർഷത്തെ മാർച്ച് മാസം വരെയുള്ള മുഴുവൻ ഓണറേറിയവും വിതരണം ചെയ്തിട്ടുണ്ട്. 2024 ഏപ്രിൽ, മേയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസമാണ് കുടിശ്ശികയായി ഇനി വിതരണം ചെയ്യാനുള്ളത്. ഈ തുക വിതരണം ചെയ്യുന്നതിനാവശ്യമായ 5.4240 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാഭ്യാസ വകുപ്പ് വാടകയ്ക്കെടുത്ത ഇലക്ട്രിക് കാറുകൾ**

144(5044) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള തുക വിനിയോഗിച്ച് വിദ്യാഭ്യാസ വകുപ്പ് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ എന്തിനുവേണ്ടിയാണ് ഇപ്രകാരം വാഹനങ്ങൾ വാടകയ്ക്കെടുത്തത്; വിശദാംശം ലഭ്യമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്ക് അനുവദിക്കുന്ന തുക വിനിയോഗിച്ച് 14 വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഓദ്യോഗിക ആവശ്യങ്ങൾക്കായി അനെർട്ടിൽനിന്നും ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. സ്കൂളുകൾ സന്ദർശിച്ച് ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതടക്കമുള്ള ഡി.ഡി.ഇ. ആഫീസിലെ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത വാഹനങ്ങൾ ആരുടെ ഉപയോഗത്തിനാണ് നൽകിയിട്ടുള്ളത്; സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട

എന്തെങ്കിലും പ്രവർത്തനങ്ങൾക്ക് ഈ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതടക്കമുള്ള ഡി.ഡി.ഇ. ആഫീസിലെ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുത്തിട്ടുള്ളത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഉപയോഗത്തിനാണ് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

(സി) വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി ഫണ്ട് ചെലവഴിച്ചത് മാനദണ്ഡങ്ങൾ അനുസരിച്ചാണോ; എങ്കിൽ പ്രസ്തുത മാനദണ്ഡം വ്യക്തമാക്കുമോ?

14 വാഹനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ലീസിനെടുത്ത് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയത് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയ്ക്ക് അനുസൃതമാണ്. വകുപ്പിനുകീഴിൽ വരുന്ന 14 ഡി.ഡി.ഇ. കാര്യാലയങ്ങളിലും നിലവിലുണ്ടായിരുന്ന സർക്കാർ വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധി 2024 മെയ് മാസം അവസാനിച്ചതിനെ തുടർന്നാണ്

സർക്കാർ ഏജൻസിയായ അനെർട്ടിൽനിന്ന് ലീസ് വ്യവസ്ഥയിൽ 14 ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി മോണിറ്റർ ചെയ്യുന്നതടക്കമുള്ള വിവിധ പ്രവർത്തനങ്ങൾക്കായാണ് ജില്ലകൾക്ക് വാഹനങ്ങൾ അനുവദിക്കുന്നത്. സംസ്ഥാനത്തെ 12000-ഓളം സ്കൂളുകളിലെ പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന 218 റവന്യൂ, ജില്ല, വിദ്യാഭ്യാസ ജില്ല, ഉപജില്ല കാര്യാലയങ്ങൾക്ക് ആകെ ലഭ്യമായിട്ടുള്ളത് കേവലം 14 വാഹനങ്ങൾ മാത്രമാണ്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയ്ക്ക് അനുസൃതമായി ഉച്ചഭക്ഷണ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽനിന്ന് മാത്രം തുക വിനിയോഗിച്ചുകൊണ്ടും ഇതുസംബന്ധിച്ച എല്ലാ മാർഗരേഖകളും കൃത്യമായി പാലിച്ചുകൊണ്ടുമാണ് വാഹനങ്ങൾ ലീസിന് എടുത്തിട്ടുള്ളത്. 2009-ൽ ഇതേ ഫണ്ട് വിനിയോഗിച്ചുകൊണ്ട് ജില്ലകൾക്കായി 14 ടാറ്റാ സുമോ വാഹനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് വിലയ്ക്ക് വാങ്ങിച്ചിരുന്നു. ഈ വാഹനങ്ങളുടെ കാലാവധി കഴിഞ്ഞതിനെ

തുടർന്നാണ് പുതിയ വാഹനങ്ങൾ ലീസിന് എടുത്തിട്ടുള്ളത്. ഭരണപരമായ ചെലവുകൾക്ക് അനുവദിക്കുന്ന തുക ആസ്തി വികസനത്തിന് വിനിയോഗിക്കാൻ പാടില്ലെന്ന വ്യവസ്ഥ പാലിച്ചുകൊണ്ടും ധനവകുപ്പിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ചുമാണ് വാഹനങ്ങൾ ലീസിന് എടുത്തിട്ടുള്ളത്.

മുഖ്യമായും 4 ഇനങ്ങളിലായാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ട് അനുവദിക്കുന്നത്. പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്കുള്ള തുക (മെറ്റീരിയൽ കോസ്റ്റ്), പാചക തൊഴിലാളികളുടെ ഓണറേറിയം, എഫ്.സി.ഐ.-ക്ക് നൽകേണ്ട അരിയുടെ വില, സപ്ലൈകോയ്ക്ക് നൽകേണ്ട അരിയുടെ കടത്തുകൂലി എന്നിവയാണ് ഈ 4 ഇനങ്ങൾ. ഇതിൽ അനുവദിക്കുന്ന തുക പ്രസ്തുത ആവശ്യങ്ങൾക്കല്ലാതെ ഭരണപരമായ ചെലവുകൾക്കും മറ്റും വിനിയോഗിക്കാൻ അനുവാദമില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച 4 ഇനങ്ങളിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന ആകെ തുകയുടെ 2.7 ശതമാനം ഭരണപരമായ ചെലവുകൾ നടത്തുന്നതിനായി എം.എം.ഇ. (മാനേജ്മെന്റ് മോണിറ്ററിങ് ആൻഡ്

ഇവാല്യുവേഷൻ) ഫണ്ട് എന്ന പ്രത്യേക വിഭാഗത്തിൽ അനുവദിക്കുന്നു. ഇതിൽനിന്ന് വാഹനങ്ങൾ വാങ്ങുന്നതും വാടകയ്ക്കെടുക്കുന്നതും ഉൾപ്പെടെയുള്ള ഗതാഗത ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാരിന് തുക വിനിയോഗിക്കാമെന്ന് 2006-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉച്ചഭക്ഷണ പദ്ധതി മാർഗരേഖകളിലും 21-06-2010-ലെ എം.എം.ഇ. ഫണ്ട് സംബന്ധമായ പുതുക്കിയ മാർഗരേഖയിലും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് 5 വർഷത്തെ കരാറിൽ അനെർട്ടിൽനിന്ന് ലീസിന് ജില്ലകൾക്കായി 14 വാഹനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയത്. 14 വാഹനങ്ങൾക്കുംകൂടി ആകെ 81.14 ലക്ഷം രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

(ഡി) പ്രസ്തുത വാഹനങ്ങൾ വിദ്യാഭ്യാസ വകുപ്പ് ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടോ; എങ്കിൽ വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത വാഹനങ്ങൾ വിദ്യാഭ്യാസ വകുപ്പ് ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. വാഹനങ്ങളുടെ ലോഗ് ബുക്കുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക**

145(5045) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023-24 അധ്യയനവർഷം വരെ (2024 മാർച്ച്) കുടിശ്ശിക തുകകളൊന്നുംതന്നെ വിതരണം ചെയ്യുന്നതിനായി നിലവിലില്ല. എന്നാൽ സ്കൂളുകൾക്ക് അനുവദിച്ചിരുന്ന പാചക ചെലവിനത്തിലെ തുക സമയബന്ധിതമായി പിൻവലിക്കാത്തതിനാലും മറ്റ് ചില സാങ്കേതിക പ്രശ്നങ്ങൾ കാരണവും അപൂർവം ചില സ്കൂളുകൾക്ക് തുക മാറിയെടുക്കാൻ സാധിച്ചില്ല. ഇത്തരത്തിൽ തുക മാറാൻ സാധിക്കാതിരുന്ന സ്കൂളുകളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ചുവരുന്നുണ്ട്. പാചകത്തൊഴിലാളികളുടെ 2024

ഏപ്രിൽ, മേയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസ തുകയാണ് കുടിശ്ശികയായി ഇനി വിതരണം ചെയ്യാനുള്ളത്.

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പാചകത്തൊഴിലാളികളുടെ 2024 ഏപ്രിൽ, മേയ് മാസങ്ങളിലെ കുടിശ്ശികയായ അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ 5.4240 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കാൻ സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി നടപ്പാക്കിയിട്ടുണ്ടോ; ഇതിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ?

സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതി സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും (150 ml വീതം) ഒരു ദിവസം മുട്ട/നേന്ത്രപ്പഴം എന്നിവയും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി നൽകിവരുന്നു. സപ്ലിമെന്ററി

ന്യൂട്രീഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 232.14 കോടി രൂപ സംസ്ഥാന അധിക വിഹിതമായി സംസ്ഥാന സർക്കാർ നടപ്പുവർഷത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

**സ്കൂൾ കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾക്കുള്ള പരിഹാരം**

146(5046) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ എന്താണെന്നും ആയതിന്റെ തോത് കണ്ടെത്തുന്നതിനുമായി എസ്.സി.ഇ.ആർ.ടി മുഖേന പഠനം നടത്തിയിട്ടുണ്ട്. കുട്ടികളുടെ മാനസിക പ്രശ്നങ്ങളിൽ ഇടപെടുന്നതെങ്ങനെയെന്ന് വിശദമാക്കി സമീപനരേഖ തയ്യാറാക്കിയിരുന്നു. കോവിഡ് കാലത്ത് കുട്ടികളുടെ മാനസികാരോഗ്യപ്രശ്നങ്ങൾ പ്രത്യേകമായി

പഠിക്കുകയും വൈകാരികമായ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിന് അധ്യാപക പരിശീലന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുമുണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് NIMHANS-മായി സഹകരിച്ച് അധ്യാപക പരിശീലനങ്ങൾ നൽകിയിരുന്നു. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും പരിശീലനം ലഭിച്ച ഒരു അധ്യാപിക/അധ്യാപകൻ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുകൊണ്ട് സൗഹൃദ ക്ലബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്കൂളുകളിൽ സൈക്കോളജിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂൾ തലത്തിൽ കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1012 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. അധ്യാപകർ, കൗൺസിലർ എന്നിവർ മുഖേന പ്രാഥമിക കൗൺസിലിങ് നടത്തിയശേഷം

റഫറൽ സമ്പ്രദായം എന്ന നിലയ്ക്ക് സൈക്കോളജിസ്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

(സി) സ്കൂളുകളിലെ ലഹരി ഉപയോഗംമൂലം കുട്ടികൾക്കിടയിലുണ്ടാകുന്ന മാനസികാരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിന് വകുപ്പ് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

എല്ലാ വർഷവും നിംഹാൻസ് (NIMHANS) ബാംഗ്ലൂരിൽനിന്നും പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലെയും സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് മയക്കുമരുന്നിന്റെ ദുരുപയോഗം തടയൽ, ആത്മഹത്യ അടയാളങ്ങളും അവ തടയലും, ടെക്നോളജി അഡിക്ഷൻ, മെന്ററിങ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. മെന്റൽ ഹെൽത്ത്-ൽ വിദഗ്ധരുടെ സഹായത്തോടെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലും ഒരു സെഷൻ നൽകിവരുന്നു. 10 ജീവിത നൈപുണികളുടെ ഉപയോഗം

കുട്ടികളിലെത്തിക്കാൻ പ്രത്യേക പ്രോഗ്രാമുകൾ എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും സൗഹൃദ കോ- ഓർഡിനേറ്റർമാർ മുഖേന നടപ്പാക്കിവരുന്നു.

**സ്കൂളുകളിൽ കളിസ്ഥലം ഒരുക്കാൻ നടപടി**

147(5047) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ വളർച്ചയ്ക്കാവശ്യമായ കളിസ്ഥലങ്ങൾ സ്കൂളുകളിലുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഓരോ സ്കൂളിനുംവേണ്ട കളിസ്ഥലങ്ങളുടെ വിസ്തീർണ്ണം എത്രയെന്ന് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്കൂളുകളിൽ ആവശ്യമായ കളിസ്ഥലം ഒരുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(ബി&സി) ആവശ്യമായ മാർഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്ലസ് വൺ പ്രവേശനം താലൂക്കടിസ്ഥാനത്തിൽ നടത്താൻ സ്വീകരിച്ച നടപടി

148(5048) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും എ-പ്ലസ് ഗ്രേഡ് ലഭിച്ച നിരവധി വിദ്യാർഥികൾക്ക് അവരുടെ താലൂക്കിലോ ജില്ലയിലോ സീറ്റ് ലഭിക്കാത്ത സാഹചര്യമുണ്ടെന്നത് വസ്തുതയാണോ?

വളരെ കുറച്ച് ഓപ്ഷനുകൾ മാത്രം അപേക്ഷകളിൽ ഉൾക്കൊള്ളിച്ചതിനാൽ സംസ്ഥാനത്തൊട്ടാകെ എ-പ്ലസ് ഗ്രേഡ് ലഭിച്ച 222 വിദ്യാർഥികൾക്കാണ് പ്ലസ് വൺ പ്രവേശനം ലഭിക്കാത്തത്. പ്രസ്തുത

വിദ്യാർഥികൾക്ക് സപ്ലിമെന്ററി അലോട്ട്മെന്റോടുകൂടി പ്രവേശനം ലഭിക്കുന്നതാണ്.

(ബി) പ്ലസ് വൺ പ്രവേശനം താലൂക്കടിസ്ഥാനത്തിൽ നടത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്ലസ് വൺ പ്രവേശനം താലൂക്കടിസ്ഥാനത്തിൽ നടത്താൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) പ്ലസ് വൺ പ്രവേശനം താലൂക്കടിസ്ഥാനത്തിൽ നടത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചുവെന്ന് അവകാശപ്പെടുമ്പോഴും നിരവധി വിദ്യാർഥികൾക്ക് അവരുടെ താലൂക്കിലോ ജില്ലയിലോപോലും സീറ്റ് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

പ്ലസ് വൺ പ്രവേശനം താലൂക്കടിസ്ഥാനത്തിലല്ല മറിച്ച് ജില്ലാ അടിസ്ഥാനത്തിലാണ് നടത്തുന്നത്. പ്ലസ് വൺ പ്രവേശനത്തിൽ അപേക്ഷകൻ എസ്.എസ്.എൽ.സി പഠിച്ച സ്കൂൾ, താമസിക്കുന്ന ലോക്കൽ ബോഡി, താലൂക്ക് എന്നിങ്ങനെ ബോണസ് പോയിന്റുകൾ അനുവദിക്കുന്നുണ്ട്. ഇതിനാൽ തന്നെ ഭൂരിഭാഗം വിദ്യാർഥികൾക്കും സമീപ

പ്രദേശങ്ങളിൽതന്നെ പ്രവേശനം ലഭിക്കുന്നുണ്ട്. മെറിറ്റടിസ്ഥാനത്തിൽ സംവരണ മാനദണ്ഡങ്ങളനുസരിച്ച് നടക്കുന്ന അലോട്ട്മെന്റ് പ്രക്രിയയിൽ മികച്ച വിജയം കൈവരിച്ച ധാരാളം വിദ്യാർഥികൾ ഒരു നിർദ്ദിഷ്ട സ്കൂൾ/കോഴ്സ് മാത്രം ഓപ്ഷനായി നൽകുന്നതിലാണ് ലഭ്യമായ സീറ്റിന് പുറമേ റാങ്ക് ലിസ്റ്റിലുള്ളവർ അവരുടെ താഴ്ന്ന ഓപ്ഷനുകളിലേയ്ക്ക് പിന്തള്ളപ്പെടുകയോ അല്ലെങ്കിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യമോ ഉണ്ടാകുന്നത്.

**ജനനത്തീയതി തിരുത്തുന്നതിനായുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

149(5049) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവീസ് ബുക്കിൽ ജനനത്തീയതി തിരുത്തുന്നതിനായി ബിജി വർഗ്ഗീസ്, ഫുൾ ടൈം മീനിയൽ, സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്., കോതമംഗലം സമർപ്പിച്ച അപേക്ഷയിന്മേൽ (ഇ/8080576/2024/മിൻ/എഡ്യൂ) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

സർവീസ് ബുക്കിൽ ജനനത്തീയതി തിരുത്തുന്നതിനായി ബിജി വർഗ്ഗീസ്, ഫുൾ ടൈം മീനിയൽ, സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്., കോതമംഗലം എന്ന അപേക്ഷക 50 വയസ്സ് കഴിഞ്ഞതിനുശേഷമാണ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചത്. അപേക്ഷകയ്ക്ക് 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ സർവീസ് ബുക്കിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന് 15-12-2014-ലെ ജി.ഒ.(പി) 274/2014/പൊ.വി.വ പ്രകാരം നിർവാഹമില്ലെന്ന വിവരം ജി2/502/2024/പൊ.വി.വ എന്ന നമ്പർ ഫയലിൽ നടപടി കൈക്കൊണ്ട് ശ്രീമതി ബിജി വർഗ്ഗീസിനെ അറിയിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**ഫയൽ അദാലത്ത് നടത്താൻ നടപടി**

150(5050) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) താലൂക്ക് തലങ്ങളിലും ജില്ലാ തലങ്ങളിലും അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഓഫീസുകളിൽ ഇനിയും തീർപ്പാകാതെ ശേഷിക്കുന്ന ഫയലുകളിൽ അന്തിമ തീരുമാനം കൈക്കൊണ്ട് ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് സംസ്ഥാനത്തെ മുഴവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും ഇതിനോടകംതന്നെ കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളെ മൂന്ന് സോണുകളായി തിരിച്ച് ജൂലൈ 19, 26, ആഗസ്റ്റ് 5 എന്നീ തീയതികളിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ

ഓഫീസർ/ഉപജില്ല വിദ്യാഭ്യാസ ഓഫീസർ തലങ്ങളിൽ ഫയൽ അദാലത്തുകൾ നടത്താൻ നിർദേശം നൽകിയിട്ടുണ്ട്.

**കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ല്യു.എസ്. സംവരണം**

151(5051) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-ടെറ്റ് പരീക്ഷയിൽ ഇ.ഡബ്ല്യു.എസ്. സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ CTET പരീക്ഷയ്ക്ക് EWS (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) വിഭാഗത്തിലുള്ളവർക്ക് മാർക്കിന് ഇളവ് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ സമാന രീതിയിൽ സംസ്ഥാനത്ത് നടത്തുന്ന കെ-ടെറ്റ് പരീക്ഷയ്ക്കും EWS (മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർ) വിഭാഗത്തിലുള്ളവർക്ക് ഇളവ് ഇപ്പോൾ അനുവദിക്കേണ്ടതില്ലെന്ന്

26-08-2023-ലെ G.O.(Rt) No.4863/2023/GEDN പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

**കൈറ്റ് വഴി എ.ഐ. പരിശീലനം**

152(5052) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര ഹൈസ്കൂൾ/ഹയർ സെക്കൻഡറി അധ്യാപകർക്കാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കൈറ്റ് വഴി എ.ഐ. സംബന്ധിച്ച് പരിശീലനം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിലെ എല്ലാ അധ്യാപകർക്കും ഘട്ടംഘട്ടമായി നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നൽകുന്നതിന് തീരുമാനിക്കുകയും ആദ്യ ഘട്ടമായി സെക്കൻഡറി, ഹയർ സെക്കൻഡറി മേഖലയിലെ 20,469 അധ്യാപകർ 4 ദിവസത്തെ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. ഫണ്ട്

153(5053) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട് പിരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക നിർദേശം സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട് സ്വീകരിക്കുന്നത് സംബന്ധിച്ച് മാർഗനിർദേശങ്ങൾ 25-06-2007-ലെ സ.ഉ(സാധാ) നം.126/2007/പൊ.വി.വ ഉത്തരവിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. 07-04-2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.എച്ച്1/6578/2020/ഡി.ജി.ഇ പ്രകാരം എല്ലാവിധ നിർബന്ധിത പണപ്പിരിവുകളും വിലക്കിയിട്ടുണ്ട്.

(ബി) അന്യായമായി പി.ടി.എ. ഫണ്ട് പിരിക്കുന്ന സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഈ വിഷയത്തിൽ പരാതികൾ ലഭ്യമായ സ്കൂളുകളിൽ അന്വേഷണം നടത്തിയെങ്കിലും രക്ഷാകർത്താക്കൾ സ്കൂളിനായി തങ്ങളുടെ ഇഷ്ടപ്രകാരം നൽകിയ തുകകളാണ് സ്വീകരിച്ചതെന്നും നിർബന്ധമായി പിരിച്ചിട്ടില്ലെന്നും കണ്ടെത്തുകയുണ്ടായി. നിർബന്ധിത പിരിവ് നടത്തുന്നതായി കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**വിദ്യാലയങ്ങളിലെ ലഹരി വ്യാപനം തടയാൻ നടപടി**

154(5054) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിലും പരിസരങ്ങളിലും ലഹരി വ്യാപനമുണ്ടെന്നതും ലഹരി ഉൽപന്നങ്ങളുടെ സ്ഥിരം ഉപയോക്താക്കളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളും ഉൾപ്പെടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാലയങ്ങളിലെയും പരിസരത്തെയും ലഹരി ഉപയോഗവും വില്പനയും തടയുന്നതിന് എക്സൈസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ

വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാലയങ്ങളിലെയും പരിസരത്തെയും ലഹരി ഉപയോഗവും വില്പനയും തടയുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ ക്യാമ്പയിൻ നടപ്പാക്കുന്നുണ്ട്. കൂടാതെ തെറ്റായ ജീവിതശൈലി, ഭക്ഷണരീതി, ലഹരി വിധേയത്വമുള്ളവരെ കണ്ടെത്തി പരിചരണം ഉറപ്പാക്കൽ എന്നിവ ലക്ഷ്യംവച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് മെഡിക്കൽ ദന്തപരിശോധന ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ വിദ്യാലയങ്ങളിലും ഈ വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കണ്ടെത്താനും തരണം ചെയ്യാനും ബോധവൽക്കരണത്തിനുമായി ടി വകുപ്പുകളുമായി ചേർന്ന് ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് വിദ്യാലയ പരിസരങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെയും കുട്ടികളുടെ പങ്കാളിത്തത്തോടെയും നിരീക്ഷണം ശക്തമാക്കാനും കുട്ടികളെ ലഹരിയുടെ പിടിയിൽനിന്നും

രക്ഷപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുട്ടികളുടെ കൂട്ടായ്മയായ വിദ്യാലയതല ജാഗ്രത ബ്രിഗേഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആന്റി നർക്കോട്ടിക് ക്ലബ്ബുമായി ചേർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ അവർക്ക് പരിശീലനവും ലഹരി വിരുദ്ധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. വിദഗ്ധ പരിശീലനം ലഭിച്ച അധ്യാപകർ 1650 ഹയർ സെക്കൻഡറി അധ്യാപകർക്ക് ഈ വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

സ്കൂൾ തലത്തിൽ അമ്മമാരുടെ ഒരു കൂട്ടായ്മയായി അമ്മ റിസോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടി കൂട്ടായ്മ ആശയ വിനിമയത്തിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി കുട്ടികളുടെ കുടുംബങ്ങളിലുള്ള ലഹരി സംബന്ധമായ പ്രശ്നങ്ങൾ ശേഖരിക്കുകയും സ്കൂൾ ജാഗ്രതാ സമിതിക്ക് വിവരം കൈമാറാൻ നിർദേശിച്ചിട്ടുമുണ്ട്. പ്രാദേശിക തലത്തിൽ ചേരുന്ന കോർണർ പി.ടി.എ മുഖേന ശാക്തീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

## എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്

155(5055) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് അധ്യയനവർഷങ്ങളിൽ സംസ്ഥാനത്ത് എൽ.എസ്.എസ്. പരീക്ഷ പാസായ കുട്ടികളുടെ എണ്ണം പ്രതിവർഷം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധം I ആയി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത കാലയളവിൽ യു.എസ്.എസ്. പരീക്ഷ പാസായ കുട്ടികളുടെ എണ്ണം പ്രതിവർഷം എത്രയെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധം II ആയി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത കാലയളവിൽ എൽ.എസ്.എസ്. പരീക്ഷ പാസായ കുട്ടികളിൽ എത്രപേർക്ക് സ്കോളർഷിപ്പ് തുക ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം വർഷം, ജില്ല തിരിച്ച് ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത കാലയളവിൽ യു.എസ്.എസ്. പരീക്ഷ പാസായ കുട്ടികളിൽ എത്രപേർക്ക് സ്കോളർഷിപ്പ് തുക ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം വർഷം, ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ എൽ.എസ്.എസ്. പരീക്ഷ പാസായ കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ട തുകയുടെ കുടിശ്ശിക എത്രയാണെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത കാലയളവിൽ യു.എസ്.എസ്. പരീക്ഷ പാസായ കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ നൽകേണ്ട തുകയുടെ കുടിശ്ശിക എത്രയാണെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ജി) വിദ്യാർഥികൾക്ക് നൽകേണ്ട എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുകകൾ എന്നത്തേക്ക് നൽകി തീർക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(സി-ജി) 2017-18 വർഷം വരെ എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പ് തുക യഥാക്രമം 200/-, 300/- രൂപ നിരക്കിലായിരുന്നു നൽകിവന്നിരുന്നത്. 2018-19 വർഷം മുതൽ സ്കോളർഷിപ്പ് തുക 1000/-,

1500/- രൂപ നിരക്കിൽ വർധിപ്പിച്ചിരുന്നു. 2019-20 വർഷം മുതൽ ഈ ഇനത്തിൽ തുക കുടിശ്ശികയായുണ്ട്. കുടിശ്ശിക കൊടുത്തുതീർക്കാൻ സർക്കാർ നടപ്പുസാമ്പത്തിക വർഷം 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനായി പ്രത്യേകം പോർട്ടൽ തയ്യാറാക്കി ഡി.ബി.റ്റി. മുഖേന തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തി വിവരശേഖരണം പൂർത്തിയായി കുടിശ്ശിക കൊടുത്ത് തീർക്കുന്നമുറയ്ക്കേ ജില്ല തിരിച്ച് തുക കണക്കാക്കാൻ കഴിയൂ.

**വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് സമഗ്രമായ പദ്ധതി**

156(5056) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങേണ്ടതല്ലെന്നും കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ വളർച്ചയ്ക്ക് കളിസ്ഥലം ഉൾപ്പെടെയുള്ള ഭൗതിക ചുറ്റുപാടുകൾ വളരെ

അത്യന്താപേക്ഷിതമാണെന്നുമുള്ള ഹൈക്കോടതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. എൻ. പ്രകാശ്, ശ്രീമതി രജനി ആർ. എന്നിവർ ഫയൽ ചെയ്ത WP(C) 19170/24-ന്മേലുള്ള ഹൈക്കോടതിയുടെ 11-04-2024-ലെ ഉത്തരവിൽ Chapter-IV Rule 3 (2) of KER പ്രകാരം ഓരോ കാറ്റഗറിയിലുള്ള സ്കൂളുകൾക്കുവേണ്ട കളിസ്ഥലങ്ങളുടെ വിസ്തൃതി സംബന്ധിച്ചും ഓരോ കളിസ്ഥലത്തിനും ഉണ്ടാകേണ്ട ഫെസിലിറ്റി സംബന്ധിച്ചും മാർഗനിർദേശം പുറപ്പെടുവിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ വിദ്യാലയങ്ങളുടെ കോമ്പൗണ്ടുകൾ സ്കൂൾ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ സ്കൂളിന്റെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്ത് കളിസ്ഥലം, കെട്ടിടങ്ങൾ, ജൈവവൈവിധ്യ ഉദ്യാനങ്ങൾ, ശൗചാലയങ്ങൾ, പാചകപ്പുര

എന്നിവയ്ക്കുവേണ്ട സ്ഥലസൗകര്യങ്ങളെക്കുറിച്ച് വിദ്യാഭ്യാസ ചട്ടങ്ങളിൽ പ്രത്യേകമായി നിഷ്കർഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

(ബി&സി) ശ്രദ്ധയിൽവന്നിട്ടില്ല. സ്കൂൾ കോമ്പൗണ്ട് അനുചിതമായി വിനിയോഗിക്കാൻ അനുവാദമില്ല. ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിത നടപടി സ്വീകരിക്കുന്നതായിരിക്കും. ഓരോ സ്കൂളിനും ആവശ്യമായ സ്ഥല വിസ്തൃതി, കെട്ടിട സൗകര്യം, കളിസ്ഥലം, ശൗചാലയങ്ങൾ എന്നിവയെക്കുറിച്ച് കെ.ഇ.ആർ അധ്യായം IV ചട്ടം 1, 3, 5, 9 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കളിസ്ഥലം, ശൗചാലയങ്ങൾ, ജൈവവൈവിധ്യ ഉദ്യാനം, പാചകപ്പുര മുതലായവയുടെ സ്ഥലസൗകര്യം എത്രമാത്രം ആയിരിക്കണം എന്നിവ സംബന്ധിച്ച് ആവശ്യാനുസരണം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) എല്ലാ സർക്കാർ സ്കൂളുകളിലും കളിസ്ഥലം നിർമ്മിക്കുന്നതിന് സമഗ്രമായ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

കളിസ്ഥലം നിലവിലില്ലാത്ത സ്കൂളുകളിൽ സ്ഥലലഭ്യത പരിശോധിച്ച് കളിസ്ഥലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി**

157(5057) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചത് എന്നാണെന്ന് അറിയിക്കാമോ?

14-12-2021.

(ബി) പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ഇതുവരെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ക്ലാസ് മുറികൾക്ക് KER പ്രകാരമുള്ള അളവുകൾ ഇല്ലാത്തതിനാലാണ് ഫിറ്റ്നസ് ലഭിക്കാത്തത്.

(സി) പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

10-06-2024-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും സംയുക്തമായി നടത്തിയ യോഗത്തിൽ സ്കൂളുകൾക്ക് ഫിറ്റ്നസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിന്റെ പ്രശ്നംകൂടി പരിശോധിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടം**

158(5058) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23, 2023-24 വർഷങ്ങളിൽ ഏതൊക്കെ സ്കൂളുകൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതെന്നും അനുവദിച്ച തുകയെത്രയാണെന്നും വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23, 2023-24 വർഷങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**കണ്ടംകുളങ്ങര എൽ.പി. സ്കൂൾ നവീകരണം**

159(5059) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ വിളവൂർക്കൽ എച്ച്.എസ്.എസ്.-ന്റെ നവീകരണത്തിനായി കിഫ്ബിവഴി അനുവദിച്ച ഫണ്ട് മതിയായ സ്ഥലം ലഭ്യമല്ലാത്തതിനാൽ കണ്ടംകുളങ്ങര എൽ.പി. സ്കൂളിലേക്ക് മാറ്റുന്നത് സംബന്ധിച്ച നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS വിളവൂർക്കൽ സ്കൂളിന്റെ നിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. പകരം സ്കൂൾ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും ആയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം

160(5060) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തികൾ നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

## പൊതുവിദ്യാലയങ്ങളിലെ ടൈപ്പ് വൺ പ്രമേഹ ബാധിതരായ വിദ്യാർഥികളുടെ പരിചരണം

161(5061) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ അധ്യാപകർക്ക് കുട്ടികളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിചരിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണെന്നും പ്രസ്തുത ഏജൻസികൾ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

(എ&ബി) എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവധിക്കാല അധ്യാപക പരിശീലന പരിപാടിയിലുൾപ്പെടുത്തി ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്ക് സ്കൂളിൽ ഒരുക്കിക്കൊടുക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ എല്ലാ അധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത അധ്യാപകർക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി പരിശീലനം നൽകുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

**കുന്നത്തുനാട് മണ്ഡലത്തിൽ വിദ്യാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ**

162(5062) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാകിരണം പദ്ധതിയുടെ കീഴിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കുന്നത്തുനാട് മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങളും അവയ്ക്ക് ചെലവാക്കിയ തുകയും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി പരിഗണിച്ച സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**5 കോടി കിഫ്ബി പദ്ധതി :-**

5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തിയ വാഴക്കുളം സൗത്ത് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

**3 കോടി കിഫ്ബി പദ്ധതി :-**

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ് കടയിരുപ്പ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

**1 കോടി കിഫ്ബി പദ്ധതി :-**

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കില നിർവഹണ ഏജൻസിയായ ജി.എച്ച്.എസ്.എസ് പൂത്രിക്ക സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചു. വിദ്യാകിരണം പദ്ധതിയുടെ കീഴിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുതുതായി നിർമ്മാണ പ്രവർത്തനങ്ങളൊന്നും തന്നെ ഇല്ല.

## യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

163(5063) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:

**ശ്രീ. എം. മുകേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസം പൂർത്തിയാക്കിയാലും ആധുനിക കാലഘട്ടത്തിനാവശ്യമായ തൊഴിൽ വൈദഗ്ധ്യമില്ലാത്ത യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ 23 വയസ്സിൽ താഴെയുള്ള യുവാക്കൾക്കും പ്ലസ് ടു ലെവൽ വിദ്യാർഥികൾക്കും അവരുടെ തൊഴിൽക്ഷമത വർധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്താനുമായി നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ (സ്കിൽ ഡെവലപ്മെന്റ് സെന്റർ) സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നു. ഈ കേന്ദ്രത്തിൽ ആറ് മാസത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽഡ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. രാജ്യത്തും വിദേശത്തുമായി തൊഴിൽ സാധ്യതയുള്ള 29 പുതുതലമുറ കോഴ്സുകളാണ് തുടക്കത്തിൽ ആരംഭിക്കുന്നത്. എല്ലാ കോഴ്സുകളും സൗജന്യമാണ്. 2023-24

വർഷത്തിൽ എല്ലാ ജില്ലകളിലുമായി പൈലറ്റ് അടിസ്ഥാനത്തിൽ 14 കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങി. 2024-25 വർഷത്തിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 210 ആകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതികൾക്കായുള്ള പരിശീലനം നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ജില്ലാ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ കേരളം, ജില്ലാ പഞ്ചായത്ത്, ജില്ലാ കളക്ടർ എന്നിവരുടെ പ്രതിനിധികളടങ്ങുന്ന ഒരു ജില്ലാ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) പരിശീലനത്തിനായി എന്തെല്ലാം ട്രേഡുകളാണ് (കോഴ്സുകളാണ്) തെരഞ്ഞെടുത്തിരിക്കുന്നത്; വിശദവിവരം അറിയിക്കാമോ?

പരിശീലനത്തിനായി 2024-25 വർഷത്തിൽ 29 കോഴ്സുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ആയത് അനുബന്ധമായി ചേർക്കുന്നു+.

(ഡി) പരിശീലനത്തിനാവശ്യമായ ആസൂത്രണങ്ങൾ നടത്തുന്നതിന് പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശീലനത്തിനാവശ്യമായ ആസൂത്രണങ്ങൾ നടത്തുന്നത് സർവശിക്ഷാ കേരളയും (SSK) പദ്ധതി നിർവഹണം നടത്തുന്നത് പൊതുവിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ. വിഭാഗവുമാണ്.

**സൗജന്യ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

164(5064) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ റിപ്പോർട്ടുകൾ വൈകുന്നത് പൊതുവിദ്യാലയങ്ങളിലെ സൗജന്യ ഉച്ചഭക്ഷണ പദ്ധതിയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിയടക്കം സ്കൂളുകളിൽ ഉപയോഗിക്കുന്ന കുടിവെള്ള സാമ്പിൾ അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും സ്കൂളിലെ ജലസംഭരണികളും കിണറുകളും ശുചീകരിക്കാനും അണുവിമുക്തമാക്കാനും

ബന്ധപ്പെട്ട എല്ലാ പ്രധാനാധ്യാപകർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-05-2024, 31-05-2024 തീയതികളിലെ QIP(1)/7335/2024/DGE നമ്പർ സർക്കുലറുകൾ പ്രകാരം നിർദേശം നൽകിയിരുന്നു.

(ബി) പ്രസ്തുത പരിശോധനാ റിപ്പോർട്ടുകൾ സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നും എത്ര സ്കൂളുകളിൽ ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായുള്ള 10675 സ്കൂളുകളിൽ അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് കുടിവെള്ള പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 8314 സ്കൂളുകൾക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2361 സ്കൂളുകൾക്ക് പരിശോധനാ റിപ്പോർട്ട് ലഭ്യമാകാനുണ്ട്.

(സി) അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ ജല പരിശോധന ഉൾപ്പെടെയുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിൽ പരാജയപ്പെട്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.ടി.എ, എസ്.എം.സി എന്നിവയുടെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെയും സഹകരണത്തോടെയും സ്കൂൾ തുറക്കുന്നതിനുമുമ്പായി സ്കൂളിലെ ജലസംഭരണികളും കിണറുകളും വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കാൻ സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27-05-2023-ലെ എൻ.എം.എ(1) – 10706/2024/ഡിജിഇ നമ്പർ കത്ത് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന നിർദേശം നൽകിയിട്ടുണ്ട്.

**(ഡി) ജലപരിശോധനാ റിപ്പോർട്ടുകൾ ലഭിക്കാത്ത സ്കൂളുകളിൽ കുട്ടികളുടെ ഭക്ഷണത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?**

പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ജലപരിശോധനാ റിപ്പോർട്ടുകൾ ലഭിക്കാത്ത സ്കൂളുകളുടെ വിവരങ്ങൾ ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ജലപരിശോധന**

165(5065) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ജലപരിശോധനയ്ക്കും പാചകക്കാരുടെ വൈദ്യപരിശോധനയ്ക്കും സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് പണം അനുവദിച്ച് നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ജലപരിശോധനയ്ക്കും പാചകക്കാരുടെ വൈദ്യപരിശോധനയ്ക്കും വകുപ്പിൽനിന്നും സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് പണം അനുവദിക്കുന്നില്ല. എന്നാൽ സ്കൂളുകളിൽനിന്നും ഉച്ചഭക്ഷണ സാമ്പിളുകളോടൊപ്പം കുടിവെള്ള സാമ്പിളുകളും റാൻഡമായി ശേഖരിച്ച് NABL അക്രെഡിറ്റേഷനുള്ള ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുള്ള ചെലവ് പൊതുവിദ്യാഭ്യാസ വകുപ്പ് വഹിക്കുന്നുണ്ട്.

(ബി) ജലപരിശോധന സൗജന്യമായി ചെയ്യാൻ സാധിക്കുന്ന സർക്കാർ സ്കൂളുകൾക്ക് സമയബന്ധിതമായി പ്രസ്തുത റിപ്പോർട്ട് ലഭിക്കാത്തതിനാൽ പ്രതിസന്ധി നേരിടുന്നുവെന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എൻ.സി.ഇ.ആർ.ടി.-യുടെ അംഗീകൃത പാഠപുസ്തകങ്ങൾ ഉപയോഗിക്കണമെന്ന നിർദേശം**

166(5066) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ എൻ.സി.ഇ.ആർ.ടി.-യുടെ അംഗീകൃത പാഠപുസ്തകങ്ങൾ തന്നെ ഉപയോഗിക്കണമെന്ന് സി.ബി.എസ്.ഇ. നിർദേശം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ സി.ബി.എസ്.ഇ. സ്കൂളുകളും എൻ.സി.ഇ.ആർ.ടി.-യുടെ അംഗീകൃത പാഠപുസ്തകങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നതെന്ന് വിദ്യാഭ്യാസ വകുപ്പ് ഉറപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത മാനദണ്ഡം പാലിക്കാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

കേരള വിദ്യാഭ്യാസ ആക്റ്റിലും ചട്ടങ്ങളിലും സി.ബി.എസ്.ഇ. സ്കൂളുകളെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. കേരള വിദ്യാഭ്യാസ ആക്റ്റിലും ചട്ടങ്ങളിലും പരാമർശിച്ചിട്ടുള്ള സ്കൂളുകളിലാണ് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധന നടത്തുന്നത്. സി.ബി.എസ്.ഇ. Affiliation Bye-laws Chapter 11.2 പ്രകാരം സി.ബി.എസ്.ഇ. സ്കൂളുകളിൽ periodic inspection നടത്തുന്നത് സി.ബി.എസ്.ഇ. അധികൃതരാണ്. സി.ബി.എസ്.ഇ. സ്കൂളുകളിൽ എൻ.സി.ഇ.ആർ.ടി.-യുടെ അംഗീകൃത പാഠപുസ്തകങ്ങൾ തന്നെയാണോ ഉപയോഗിക്കുന്നതെന്നത് സംബന്ധിച്ച പരിശോധന വിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടില്ല.

**ഓപ്പൺ ബുക്ക് എക്സാം**

167(5067) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ ബുക്ക് എക്സാം സംവിധാനം കേരള സിലബസിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഓപ്പൺ ബുക്ക് എക്സാം സംവിധാനം കേരള സിലബസിൽ നടപ്പാക്കാൻ തീരുമാനമായിട്ടില്ല. കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ (2023) തുറന്ന പുസ്തക പരീക്ഷകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താമെന്ന നിർദേശമുണ്ട്.

(ബി) ഏതൊക്കെ വിഷയങ്ങളിലാണ് പ്രസ്തുത രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; പരീക്ഷകൾക്കുള്ള മാർഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഏതെല്ലാം വിഷയങ്ങളിൽ ഓപ്പൺ ബുക്ക് എക്സാം രീതി നടപ്പാക്കാമെന്ന് തീരുമാനിച്ചിട്ടില്ല. പ്രസ്തുത പരീക്ഷ രീതികളുമായി ബന്ധപ്പെട്ട മാർഗരേഖ തയ്യാറാക്കപ്പെട്ടിട്ടില്ല.

(സി) ഓപ്പൺ ബുക്ക് പരീക്ഷയിലൂടെ കുട്ടികൾക്ക് ഏത് രീതിയിലുള്ള കഴിവുകൾ പോഷിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഓപ്പൺ ബുക്ക് പരീക്ഷകളിലൂടെ പഠിതാക്കളുടെ വിശകലനശേഷി, വിമർശനാത്മകശേഷി, പ്രശ്നപരിഹരണശേഷി, അപഗ്രഥന-ഉദ്ഗ്രഥനശേഷി തുടങ്ങിയ ഉയർന്നതല ചിന്താ പ്രക്രിയകളെ പരിപോഷിപ്പിക്കാൻ സാധിക്കുന്നതാണ്. ഓപ്പൺ ബുക്ക് പരീക്ഷകൾ കുട്ടികളെ അറിവ് തേടുന്നവരും വിവരങ്ങൾ വിശകലനം ചെയ്യുന്നവരുമായി വളർത്തിയെടുക്കാനും സഹായിക്കുന്നു.

**എൻ.സി.ഇ.ആർ.ടി. പാഠപുസ്തകത്തിലെ മാറ്റങ്ങൾ**

168(5068) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ അനഭിലഷണീയമായ മാറ്റങ്ങൾ വരുത്തുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

എൻ.സി.ഇ.ആർ.ടി. പാഠപുസ്തക പരിഷ്കരണം നടന്നുവരികയാണ്. എൻ.സി.ഇ.ആർ.ടി.-യുടെ ഹയർ സെക്കൻഡറി പുസ്തകങ്ങളിൽ ചിലത്

മാത്രമാണ് സംസ്ഥാനത്ത് ഉപയോഗിക്കുന്നത്. ഈ പുസ്തകങ്ങളുടെ ഉള്ളടക്കത്തിലെ മാറ്റം വളരെ ഗൗരവത്തോടെ കാണുകയും അതിനനുസൃതമായി സർക്കാർ ബദൽ പാഠപുസ്തകങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാഠപുസ്തകങ്ങളിലെ മാറ്റങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് സമിതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഹയർ സെക്കൻഡറി പാഠപുസ്തകങ്ങളിൽ എൻ.സി.ഇ.ആർ.ടി. വരുത്തിയ മാറ്റം പരിശോധിക്കുന്നത് സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ വിദഗ്ധർ, വിഷയം പഠിപ്പിക്കുന്ന മൂന്ന്/നാല് അധ്യാപകർ, ബന്ധപ്പെട്ട വിഷയത്തിന്റെ ചുമതലയുള്ള റിസർച്ച് ഓഫീസർ എന്നിവർ അംഗങ്ങളായുള്ള സമിതി രൂപീകരിക്കുകയും ആ വിഷയത്തിലുണ്ടായ മാറ്റത്തെ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും

ചെയ്തിട്ടുണ്ട്. ഹയർ സെക്കൻഡറി ക്ലാസുകളിൽ കുട്ടികൾ പരിചയപ്പെടേണ്ട അനിവാര്യമായ ചില ഭാഗങ്ങൾ ഒഴിവാക്കിയെന്ന് കണ്ടെത്തിയതിനെതുടർന്ന് ആ ഭാഗങ്ങൾ ഉൾപ്പെടുത്തി കേരളത്തിൽ ബദൽ പാഠപുസ്തകം തയ്യാറാക്കി കുട്ടികൾക്ക് അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(സി) എൻ.സി.ഇ.ആർ.ടി. ഒഴിവാക്കിയതും എന്നാൽ വിദ്യാർഥികൾ അനിവാര്യമായി അറിഞ്ഞിരിക്കേണ്ടതാണെന്ന് വിലയിരുത്തപ്പെടുന്നതുമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തി ബദൽ പുസ്തകങ്ങൾ തയ്യാറാക്കുമോ; വ്യക്തമാക്കാമോ?

എസ്.സി.ഇ.ആർ.ടി. രൂപീകരിച്ച സമിതി എല്ലാ വിഷയങ്ങളിലെയും മാറ്റം ആവശ്യമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, ഇക്കണോമിക്സ്, സോഷ്യോളജി എന്നീ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിൻപ്രകാരം മേൽവിഷയങ്ങളിൽ വിശേഷാൽ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ എൻ.സി.ഇ.ആർ.ടി ഹയർ സെക്കൻഡറിയിൽ ഒഴിവാക്കിയ പാഠഭാഗങ്ങളെല്ലാം ഉൾപ്പെടുത്തി വിദ്യാർഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**സ്കൂളുകളിൽ ലിംഗസമത്വ ആശയങ്ങൾ വളർത്താൻ നടപടി**

169(5069) ശ്രീ. പി. നന്ദകുമാർ:
ശ്രീ. വി. ജോയി:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ വളർത്താനാവശ്യമായ ഉള്ളടക്കം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ലിംഗ നീതിയിലും ലിംഗ സമത്വത്തിലും ലിംഗാവബോധത്തിലും അധിഷ്ഠിതമായ വിദ്യാഭ്യാസം മെച്ചപ്പെട്ട സാമൂഹ്യ വ്യവസ്ഥയും വികസനവും ഉറപ്പാക്കുന്നതിന് വഴിയൊരുക്കുമെന്നതിനാൽ ഇവ കുട്ടികളിൽ വളർത്താനാവശ്യമായ ഉള്ളടക്കം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രത്യേക ലിംഗ വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നതുകൊണ്ട് വിവേചനങ്ങളും അതിക്രമങ്ങളും നേരിടേണ്ടിവരുന്ന അവസ്ഥ സമൂഹത്തിലുണ്ടായാൽ വികസനത്തിലും സാമൂഹ്യാരോഗ്യത്തിലും

മുന്നിലെത്താൻ കഴിയില്ല. വിവേചനങ്ങളെ ഇല്ലാതാക്കുന്ന ഉള്ളടക്കങ്ങൾ, ചിത്രീകരണങ്ങൾ, ഭാഷ, പെരുമാറ്റങ്ങൾ എന്നിവ പാഠ്യപദ്ധതി, പാഠപുസ്തകം, വിനിമയ പ്രക്രിയ, വിദ്യാലയ അന്തരീക്ഷം എന്നിവയിലുണ്ടാകേണ്ടതുണ്ടെന്ന ആവശ്യകത തിരിച്ചറിഞ്ഞാണ് ഈ വിഷയങ്ങളെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത ആശയം മുൻനിർത്തി പാഠ്യപദ്ധതി രൂപീകരണത്തിൽ എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിൽ 26 വിഷയങ്ങളെ അധികരിച്ച് ഫോക്കസ് ഗ്രൂപ്പ് രൂപീകരിച്ചിരിക്കുന്നു. ആയതിൽ ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തിയിരുന്നു. വിഷയവുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങി സമൂഹത്തിലെ നാനാതുറകളിൽ ഉൾപ്പെട്ടവരെ ഉൾച്ചേർത്ത് ജനകീയ ചർച്ച നടത്തിയിരുന്നു. അതനുസരിച്ച് സമീപനരേഖ തയ്യാറാക്കുകയും കുട്ടികളുടെ അനുഭവത്തിനും അറിവിനും അനുസരിച്ചുള്ള പാഠഭാഗങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്കൂളുകളിൽ ലിംഗസമത്വം എന്ന ആശയം മുൻനിർത്തി ബോയ്സ്-ഗേൾസ് സ്കൂളുകൾ മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകൾ ഇത്തരത്തിൽ മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്; വിശദമാക്കുമോ?

ഉണ്ട്. ലിംഗസമത്വം ഉറപ്പുവരുത്തുക, സഹവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന ആശയം അടിസ്ഥാനപ്പെടുത്തി 2021 മേയ് മുതൽ 2024 ഓഗസ്റ്റ് വരെ സംസ്ഥാനത്ത് 51 ബോയ്സ്/ഗേൾസ് സ്കൂളുകൾ മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്.

**ഹയർ സെക്കൻഡറി സീറ്റുകളുടെ എണ്ണം**

170(5070) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും നിലവിലുള്ള ഹയർ സെക്കൻഡറി സ്കൂളുകളുടെ എണ്ണം ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഓരോ ജില്ലയിലും നിലവിലുള്ള ഹയർ സെക്കൻഡറി സ്കൂളുകളുടെ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള എണ്ണം അനുബന്ധം. 1 ആയി ഉള്ളടക്കം ചെയ്യുന്നു+.

(ബി) സർക്കാർ വർഷംതോറും നടത്തുന്ന ആനുപാതിക വർധന ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ജില്ലയിലും നിലവിലുള്ള ഹയർ സെക്കൻഡറി സീറ്റുകളുടെ എണ്ണം ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ച് ലഭ്യമാക്കാമോ?

സർക്കാർ വർഷംതോറും നടത്തുന്ന ആനുപാതിക വർധന ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ജില്ലയിലും നിലവിലുള്ള ഹയർ സെക്കൻഡറി സീറ്റുകളുടെ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള എണ്ണം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു+.

(സി) സംസ്ഥാനത്ത് ഓരോ ജില്ലയിലും നിലവിലുള്ള ഹയർ സെക്കൻഡറി കോഴ്സ് കോമ്പിനേഷനുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+

സംസ്ഥാനത്ത് ഓരോ ജില്ലയിലും നിലവിലുള്ള ഹയർ സെക്കൻഡറി കോഴ്സ് കോമ്പിനേഷനുകളിൽ പഠിക്കുന്ന കുട്ടികളുടെ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ചുള്ള എണ്ണം അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു+.

**കാർത്തികേയൻ കമ്മീഷൻ**

171(5071) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കാർത്തികേയൻ കമ്മീഷൻ രൂപീകരിക്കപ്പെട്ടത് എന്നാണ്; പ്രസ്തുത കമ്മീഷനിൽ ആകെ എത്ര അംഗങ്ങളുണ്ട്; അംഗങ്ങൾ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

22-12-2022-ലാണ് കാർത്തികേയൻ നായർ ചെയർമാനായ കമ്മിറ്റി രൂപീകരിച്ചത്.

കമ്മിറ്റി അംഗങ്ങൾ

1. പ്രൊ. വി. കാർത്തികേയൻ നായർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(മുൻ ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം) - ചെയർമാൻ

2. ശ്രീ. ബി. അബുരാജ് (ഡയറക്ടർ, SIET) - കമ്മിറ്റി അംഗം

3. ഡോ. പി. എം. അനിൽ- കമ്മിറ്റി അംഗം

(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം, കോഴിക്കോട്)

4. ശ്രീ. അശോക് കുമാർ- കമ്മിറ്റി അംഗം

(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി, ചെങ്ങന്നൂർ)

5. ശ്രീ. ആർ. സുരേഷ് കുമാർ- മെമ്പർ സെക്രട്ടറി

(ജോയിന്റ് ഡയറക്ടർ, ഹയർ സെക്കൻഡറി)

(ബി) കമ്മീഷൻ എന്തെല്ലാം വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാനാണ് സർക്കാർ നിർദേശിച്ചിരുന്നത്; നാളിതുവരെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി വിവിധ ഇനങ്ങളിലായി ഓഫീസ് ചെലവുകൾ ഉൾപ്പെടെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്?

1. വിദ്യാർഥികൾ കുറവുള്ള ഹയർ സെക്കൻഡറി ബാച്ചുകളുണ്ടെങ്കിൽ സ്വീകരിക്കേണ്ടതായ നടപടികൾ

2. നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സ് കോമ്പിനേഷനുകളിൽ പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് മാറ്റങ്ങൾ ആവശ്യമുണ്ടോയെന്നത് സംബന്ധിച്ച കാര്യങ്ങൾ

3. സ്ഥിരമായി അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളതും വിദ്യാർഥികളുടെ എണ്ണം തീരെ കുറഞ്ഞതുമായ ബാച്ചുകളിലും കോഴ്സ് കോമ്പിനേഷൻ മാറേണ്ടതുണ്ടെങ്കിൽ അത്തരം ബാച്ചുകളിലും സ്വീകരിക്കേണ്ട നടപടികൾ

4. പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നതും പുതുതായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടോയെന്നതും സംബന്ധിച്ച്

5. ഇതുവരെ തസ്തിക നിർണ്ണയം നടത്തിയിട്ടില്ലാത്ത ബാച്ചുകൾ നിലനിൽക്കുന്ന സ്കൂളുകളിൽ സ്വീകരിക്കേണ്ട നടപടികൾ

6. താൽക്കാലിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിലും ബാച്ചുകൾ ട്രാൻസ്ഫർ ചെയ്ത് ലഭിച്ച സ്കൂളുകളിലുമുള്ള അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചും ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചും

7. ഏകജാലക പ്രവേശന രീതികളിൽ മാറ്റങ്ങളാവശ്യമുണ്ടോയെന്നത് സംബന്ധിച്ചും

8. ഹയർ സെക്കൻഡറി അൺ എയ്ഡഡ് സ്കൂളുകളിലെ ബാച്ചുകൾ പുനഃക്രമീകരിക്കേണ്ടതുണ്ടോയെന്നും പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും സ്കൂളുകൾ നിർത്തലാക്കുക അഥവാ പുതുതായി അനുവദിക്കുക എന്നത് സംബന്ധിച്ചും എയ്ഡഡ് സ്കൂളുകളിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകൾ തുടരേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും.

നിലവിൽ സർക്കാരിൽനിന്നും തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്; റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കമ്മീഷന്റെ റിപ്പോർട്ട് 20-09-2023-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്.

(ഡി) കാർത്തികേയൻ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു+.

**കലാ അധ്യാപക തസ്തികകൾ**

172(5072) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലെ ഹൈസ്കൂൾ വിദ്യാലയങ്ങളിൽ നിലവിൽ എത്ര കലാ അധ്യാപക തസ്തികകളുണ്ടെന്നും എത്ര കലാ അധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ; ചിത്രകലാ അധ്യാപകർ എത്രയെന്നും സംഗീത അധ്യാപകർ എത്രയെന്നും അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ സ്കൂളുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കുട്ടികൾക്ക് ആനുപാതികമായി എത്ര കലാ അധ്യാപകരെ ഓരോ ജില്ലയിലും നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമം ഇതുവരെ എല്ലാ സ്കൂളുകളിലും പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

യു.പി. വിഭാഗം മാത്രമുള്ള സ്കൂളുകളിൽ ആകെ കുട്ടികൾ അഞ്ഞൂറോ അതിലധികമോ ഉണ്ടെങ്കിൽ മ്യൂസിക്/ഫിസിക്കൽ എഡ്യൂക്കേഷൻ/ ഡ്രോയിങ്/സ്വീയിങ് എന്നിവയിൽ ഏതെങ്കിലും ഒരു തസ്തിക അനുവദിക്കാം. ഹൈസ്കൂളുകളിൽ 8, 9 ക്ലാസുകളിലായി ആർട്ട് ഗ്രൂപ്പിന് 5 പീരിയഡുണ്ടെങ്കിൽ ഒരു ആർട്ട് ഗ്രൂപ്പ് തസ്തിക അനുവദിക്കാം. പ്രസ്തുത നിയമം പാലിച്ചാണ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും തസ്തിക അനുവദിച്ചിട്ടുള്ളത്.

(സി) കലാ അധ്യാപകരുടെ നിയമനത്തിൽ ചിത്രകലാ അധ്യാപകർ, സംഗീത അധ്യാപകർ എന്നിവരെ നിയമിക്കുന്നതിന് ഏതെങ്കിലും അനുപാതം നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അനുപാതം നിശ്ചയിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുപാതം നിശ്ചയിച്ചിട്ടില്ല.

(ഡി) ഏതെങ്കിലും സ്കൂളുകളിൽ കലാ അധ്യാപകർ വിരമിച്ചാൽ പ്രസ്തുത പോസ്റ്റ് ഇല്ലാതാകുന്ന സ്ഥിതി നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലനിൽക്കുന്നില്ല.

**പ്ലസ് ടു സേ പരീക്ഷാ ഫലം**

173(5073) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജൂൺ മാസം നടത്തുന്ന പ്ലസ് ടു സേ പരീക്ഷകളുടെ പരീക്ഷാ ഫലം എന്നത്തേക്ക് അറിയിക്കുവാൻ സാധിക്കും;

(ബി) പ്രസ്തുത പരീക്ഷ എഴുതിയ കുട്ടികൾക്ക് ഡിഗ്രി കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ളതുകൊണ്ട് അടിയന്തരമായി സേ പരീക്ഷാ ഫലം പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) 2024-ലെ ഹയർ സെക്കൻഡറി സേ/ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം 27-06-2024-ന്

ആരംഭിച്ചു. അനന്തര നടപടികൾ പൂർത്തിയാക്കി മറ്റ് സാങ്കേതിക പ്രശ്നങ്ങളുണ്ടാകാത്തപക്ഷം 12-07-2024-ഓടെ പരീക്ഷാഫലം പ്രഖ്യാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മലപ്പുറം ജില്ലയിലെ ചേരിയം ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി**

174(5074) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല. എന്നാൽ 18-01-22-ലെ WP(C) No.1591/18-ലെ കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം ഇടമലക്കുടി ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂളിന്റെ യു.പി. വിഭാഗം തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് 02-06-2023-ലെ സ.ഉ.(കൈ) നം.70/2023/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ സ്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(സി) മലപ്പുറം ജില്ലയിൽ ചേരിയം ഗവൺമെന്റ് ഹൈസ്കൂൾ ഹയർ സെക്കൻഡറിയായി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ ടി സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) മലപ്പുറം ജില്ലയിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിന് ജില്ലയിലെ ഹൈസ്കൂളുകളെ ഹയർ സെക്കൻഡറിയായി അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമാണ്. പുതിയ സ്കൂളുകൾ

അനുവദിക്കുന്നതിനോ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം ഒന്നുംതന്നെ എടുത്തിട്ടില്ല. കൂടാതെ പുതുതായി സ്കൂളുകൾ അനുവദിക്കുന്നത്/അപ്ഗ്രേഡ് ചെയ്യുന്നത്/പുന:ക്രമീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നത്/അപ്ഗ്രേഡ് ചെയ്യുന്നത്/Restructuring (എൽ.പി.-യോടൊപ്പം 5-ാം ക്ലാസും യു.പി യോടൊപ്പം 8-ാം ക്ലാസും ആരംഭിക്കുന്നത്) സംബന്ധിച്ച് വിവിധ സ്കൂൾ മാനേജർമാർ കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീൽ നം.1140/2018 ഫയൽ ചെയ്തിരുന്നു. റിട്ട് അപ്പീൽ നം.1140/2018-ന്റെ 10-07-2019-ലെ വിധിന്യായത്തിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ SLP(C) No.27966-27970/2019 ഫയൽ ചെയ്യുകയും ആയതിന്റെ 02-12-2019-ലെ ഉത്തരവിൽ 10-07-2019-ലെ വിധിന്യായം സ്റ്റേ ചെയ്യുകയുമുണ്ടായി. ആയതിൽ അന്തിമവിധി ലഭിച്ചിട്ടില്ല. ആയതിനാൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണിക്കാൻ ഇപ്പോൾ നിർവാഹമില്ല.

**ശ്രീ ശാരദവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ ആൺകുട്ടികൾക്കായി പ്രത്യേക ഡിവിഷൻ**

175(5075) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു ഹയർ സെക്കൻഡറി സ്കൂളെങ്കിലും ഉണ്ടാകണമെന്ന നയപ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലുള്ള ഏക ഹയർ സെക്കൻഡറി സ്കൂളായ ശ്രീ ശാരദവിലാസം ഹയർ സെക്കൻഡറി സ്കൂൾ പെൺകുട്ടികൾക്ക് മാത്രമുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സ്കൂളിൽ ആൺകുട്ടികൾക്കായി പ്രത്യേക ഡിവിഷൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശിപാർശ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ അധ്യാപക തസ്തികകൾ**

176(5076) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിഭാഗങ്ങളിൽ സർക്കാർ അംഗീകരിച്ച അധ്യാപക തസ്തികകളുടെ എണ്ണം എയ്ഡഡ്, സർക്കാർ തലം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ട അധ്യാപകരുടെ എണ്ണവും ഒഴിവുള്ള തസ്തികകളുടെ എണ്ണവും എയ്ഡഡ്, സർക്കാർതലം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിഭാഗങ്ങളിലെ അധ്യാപക-വിദ്യാർഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഭാഗങ്ങൾ ഏകീകരിക്കുമ്പോൾ അധ്യാപക-വിദ്യാർഥി അനുപാതത്തിൽ മാറ്റം വരുത്തുന്നതിന് സ്കൂൾ ഏകീകരണ കോർ കമ്മിറ്റിയുടെ നിർദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിഭാഗങ്ങൾ ഏകീകരിക്കുന്നതിലൂടെ നിലവിലെ കുട്ടികളുടെ എണ്ണം കണക്കാക്കി അധിക അധ്യാപക തസ്തികകളുടെ എണ്ണം, നഷ്ടപ്പെടുന്ന അധ്യാപക തസ്തികകളുടെ എണ്ണം എന്നിവ സർക്കാർ, എയ്ഡഡ്തലം തിരിച്ച് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; നഷ്ടപ്പെടുന്ന തസ്തികകളിലെ അധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുമോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹയർ സെക്കൻഡറി അധ്യാപക തസ്തികകൾ**

177(5077) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ എത്ര എച്ച്.എസ്.എസ്.ടി., എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപക തസ്തികകളാണുള്ളതെന്നും ക്രമപ്രകാരം ജൂനിയർ ഹയർ സെക്കൻഡറി അധ്യാപകർ എത്ര പീരിയഡാണ് പഠിപ്പിക്കേണ്ടതെന്നും ആഴ്ചയിൽ 16 പീരിയഡ് മാത്രം

പഠിപ്പിക്കേണ്ട എത്ര എച്ച്.എസ്.എസ്.ടി. തസ്തികളാണ് നിലവിലുള്ളതെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ആകെ നിലവിലുള്ള എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകരുടെയും അതിൽ അഞ്ചുവർഷം സർവീസ് പൂർത്തിയാക്കിയവരുടെയും 8 വർഷം സർവീസ് പൂർത്തിയാക്കിവരുടെയും 15 വർഷം സർവീസ് പൂർത്തിയാക്കിയവരുടെയും എണ്ണം എത്ര വീതമാണെന്ന് അറിയിക്കാമോ;

(സി) എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് കിട്ടിയശേഷം എച്ച്.എസ്.എസ്.ടി. ആയി പ്രൊമോട്ട് ചെയ്ത നിലവിൽ സർവീസിലുള്ളവരുടെ ആകെ എണ്ണവും 15 വർഷത്തെ എച്ച്.എസ്.എസ്.ടി. ജൂനിയർ സമയബന്ധിത ഹയർ ഗ്രേഡ് കിട്ടിയശേഷം എച്ച്.എസ്.എസ്.ടി. ആയി പ്രൊമോട്ട് ചെയ്ത നിലവിൽ സർവീസിലുള്ളവരുടെ ആകെ എണ്ണവും വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഹൈസ്കൂൾ, ഹയർ സെക്കൻഡറി ഏകീകരണം പൂർത്തിയായാൽ നിലവിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകർക്ക് 8, 9, 10 എന്നീ ക്ലാസുകളിൽ പഠിപ്പിക്കേണ്ട സാഹചര്യം വരുമോയെന്ന് അറിയിക്കാമോ; ആഴ്ചയിൽ 16 മണിക്കൂർ മാത്രം പഠിപ്പിക്കുന്ന എച്ച്.എസ്.എസ്.ടി. സീനിയർ അധ്യാപകരെ താഴ്ന്ന ക്ലാസുകളിൽ പഠിപ്പിക്കാൻ നിയോഗിക്കുമോ; വ്യക്തമാക്കുമോ?

സ്കൂൾ ഏകീകരണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു. ഏകീകരണ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനമാകുകയുള്ളൂ.

**ടീം വിമുക്തിയുടെ പ്രവർത്തനം**

178(5078) ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളോടനുബന്ധിച്ച് ടീം വിമുക്തി എന്ന പേരിൽ എന്തെല്ലാം കായിക പരിശീലനങ്ങളും മത്സരങ്ങളുമാണ് സംഘടിപ്പിച്ചുവരുന്നതെന്ന് അറിയിക്കുമോ?

വിമുക്തിയുടെ ഭാഗമായി വിദ്യാർഥികൾക്കായി ഫുട്ബോൾ, ഖൊഖൊ, വോളിബോൾ, ഹാൻഡ്ബോൾ, നെറ്റ്ബോൾ എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അതിനോടനുബന്ധിച്ചുള്ള കായിക പരിശീലനവും നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി നാളിതുവരെ എത്ര സ്കൂളുകളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

1000 സ്കൂളുകളിൽ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) പെൺകുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും പെട്ടെന്നുണ്ടാകുന്ന അപകടങ്ങളിൽനിന്നും ആക്രമണങ്ങളിൽനിന്നും രക്ഷനേടുന്നതിനും സ്വയം പ്രതിരോധം തീർക്കുന്നതിനും ആവശ്യമായ പരിശീലനം നൽകാറുണ്ടോ; എങ്കിൽ എത്ര

സ്കൂളുകളിൽ എത്ര പെൺകുട്ടികൾക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

138 സ്കൂളുകളിലായി ഏകദേശം 6900 പെൺകുട്ടികൾക്ക് വിമുക്തിയുടെ ആഭിമുഖ്യത്തിൽ സ്വയംരക്ഷാ പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും Adolescence Awareness Programme എന്ന പദ്ധതിയുടെ ഭാഗമായി കൗമാര ക്ലബ്ബുകൾ അധ്യാപകരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി self defence-നുവേണ്ടി കരാട്ടെ, കളരി, കുങ്ഫു എന്നിവയുടെ പരിശീലനവും പ്രോത്സാഹിപ്പിക്കുന്നു.

**പൊതുവിദ്യാലയത്തിൽ പ്രവേശനം നേടിയവരുടെ എണ്ണം**

179(5079) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024-25 അധ്യയനവർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലെ വർധന വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2024-25 അധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ ആകെ കുട്ടികളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടില്ല. എട്ടാം ക്ലാസിൽ സർക്കാരിൽ 586 കുട്ടികളുടെയും എയ്ഡഡിൽ 4945 കുട്ടികളുടെയും വർധനയുണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) സംസ്ഥാനത്ത് ഇരുപത്തിയഞ്ചിൽ കുറവ് കുട്ടികൾ പഠിക്കുന്ന എത്ര സർക്കാർ/എയ്ഡഡ് സ്കൂളുകൾ നിലവിലുണ്ട്; തരംതിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഇരുപത്തിയഞ്ചിൽ താഴെ കുട്ടികൾ പഠിക്കുന്ന 416 സർക്കാർ സ്കൂളുകളും 712 എയ്ഡഡ് സ്കൂളുകളും 2024-25 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിന കണക്കനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്.

**സ്കൂൾ മേളകളിലെ ഫണ്ട് വിതരണം**

180(5080) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2023-24 അധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം, സംസ്ഥാന സ്കൂൾ കായികമേള എന്നിവ ഓരോന്നിന്റെയും നടത്തിപ്പിനായി ഓരോ സബ് കമ്മിറ്റിക്കും അനുവദിച്ച ബജറ്റ് തുക, ഇതുവരെ നൽകിയ തുക, ബജറ്റ് തുകയ്ക്ക് പുറമെ ചെലവായ തുക എന്നിവ എത്രയാണെന്ന വിവരം പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ?

2023-24 അധ്യയന വർഷത്തിലെ സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം, സംസ്ഥാന സ്കൂൾ കായികമേള എന്നിവയുടെ നടത്തിപ്പിനായി ഓരോ സബ് കമ്മിറ്റിക്കും നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-1-ൽ ചേർത്തിട്ടുണ്ട്+.

(ബി) 2023-24 അധ്യയന വർഷത്തിലെ ജില്ലാതല സ്കൂൾ കലോത്സവം, ശാസ്ത്രോത്സവം, കായികമേള എന്നിവ ഓരോന്നിന്റെയും നടത്തിപ്പിനായി ഓരോ സബ് കമ്മിറ്റിക്കും അനുവദിച്ച ബജറ്റ് തുക, ലഭ്യമാക്കിയ തുക, ബജറ്റ് തുകയ്ക്ക് പുറമെ ചെലവായ തുക എന്നിവ എത്രയാണെന്ന വിവരം ജില്ല തിരിച്ച് പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2023-24 അധ്യയന വർഷത്തിലെ ജില്ലാതല സ്കൂൾ കലോത്സവം, ശാസ്ത്രോത്സവം, കായികമേള എന്നിവയുടെ നടത്തിപ്പിനായി ഓരോ സബ് കമ്മിറ്റിക്കും നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ചേർത്തിട്ടുണ്ട്+.

**ഒറ്റപ്പാലം മണ്ഡലത്തിലെ ചാലഞ്ച് ഫണ്ട്**

181(5081) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ ചാലഞ്ച് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി പൂർത്തിയാക്കിയ എത്ര എയ്ഡഡ് സ്കൂളുകളുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2016-17 വർഷം മുതൽ ഒറ്റപ്പാലം മണ്ഡലത്തിൽ ചാലഞ്ച് ഫണ്ട് പദ്ധതിയിലുൾപ്പെട്ട സ്കൂളുകളൊന്നും ഇല്ല.

**തോട്ടുമുക്കം ഗവൺമെന്റ് യു.പി. സ്കൂളിന് കെട്ടിട നിർമ്മാണം**

182(5082) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ ചെലവഴിച്ച് തോട്ടുമുക്കം ഗവൺമെന്റ് യു. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതിയും ധനാനുമതിയും ലഭിക്കാൻ കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അനുമതികൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന തോട്ടുമുക്കം ഗവൺമെന്റ് യു.പി. സ്കൂളിന്റെ DPR പരിശോധനക്കായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്. DPR-ന് അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് ജി.യു.പി.എസ്.-ന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

183(5083) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട് പഞ്ചായത്തിലെ അഴീക്കോട് ജി.യു.പി.എസ്.-ന് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കിഫ്ബി ഫണ്ടിൽനിന്നും 2022-ൽ ഒരു കോടി രൂപ അനുവദിച്ച് ഉത്തരവായ പ്രവൃത്തികൾ വേഗത്തിൽ നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് ജി.യു.പി.എസ്-ന് ഒരു കോടി രൂപ കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ കവറേജ് പ്രശ്നമുള്ളതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. ആയത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്കൂളിനടുത്ത് പ്രവർത്തിക്കുന്ന സയൻസ് സെന്റർ പുനരുദ്ധരിക്കുന്നതിനും മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങൾക്കും പ്രസ്തുത സയൻസ് സെന്റർ ഉപകാരപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സയൻസ് സെന്ററുകൾ പ്രവർത്തിക്കുന്നില്ല.

## ഇംഗ്ലീഷ് അധ്യാപക നിയമനം

184(5085) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും പ്രാമുഖ്യം നൽകേണ്ട ഭാഷാ വിഷയമായിട്ടും ഇംഗ്ലീഷ് ഭാഷ പഠിച്ച യോഗ്യരായ ഉദ്യോഗാർഥികളെ ഇംഗ്ലീഷ് അധ്യാപക നിയമനങ്ങളിൽ അർഹമായ രീതിയിൽ പരിഗണിക്കാത്ത വിഷയം പരിശോധിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോടതി വിധിയും അന്ത്യശാസനവും നൽകിയിട്ടും അനുകൂല നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഹൈസ്കൂൾ വിദ്യാർഥികളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന

കാര്യമായതിനാൽ ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

(എ-സി) കേരള ഹൈക്കോടതി റിട്ട് പെറ്റിഷൻ നം. 23159/2018-ന്മേൽ 10-08-2021-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ മറ്റ് ഭാഷാ വിഷയങ്ങൾക്ക് അനുവദിക്കുന്നതുപോലെ ഇംഗ്ലീഷ് വിഷയത്തിനും ലഭ്യമായ പീരിയഡുകളുടെ അടിസ്ഥാനത്തിൽ തസ്തികകൾ അനുവദിക്കേണ്ടതാണ്. കോടതിയുടെ വിധിന്യായം വകുപ്പുകളുടെ ഏകീകരണ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പൂർണ്ണമായും നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടമെന്ന നിലയിൽ 3, 4 ഡിവിഷനുകളുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 639 താൽക്കാലിക എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികകൾ സൃഷ്ടിച്ച് ദിവസവേതന/കരാറടിസ്ഥാനത്തിൽ നിയമനം നൽകാനാണ് നിലവിൽ 29-11-2023-ലെ സ.ഉ(കൈ)നം.182/2023/പൊ.വി.വ പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 2024-2025 അധ്യയന വർഷത്തിലെ തസ്തിക

നിർണ്ണയത്തിൽ HSA (English) തസ്തികയ്ക്ക് പീരിയഡ് അടിസ്ഥാനത്തിൽ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**അധ്യാപകരുടെ വർക്ക്ലോഡുകൾ പരിഷ്ക്കരിക്കുന്നതിന് നടപടി**

185(5086) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അധ്യാപകരുടെ വർക്ക്ലോഡ് നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിൽ അധ്യാപകരുടെ വർക്ക്ലോഡ് ആഴ്ചയിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

കെ.ഇ.ആർ പ്രകാരം മണിക്കൂർ അടിസ്ഥാനത്തിൽ വർക്ക്ലോഡ് നിജപ്പെടുത്തുന്നില്ല. എന്നാൽ കെ.ഇ.ആർ. അധ്യായം 23 ചട്ടം 6-ലെ വ്യവസ്ഥകൾ പ്രകാരം ലാംഗ്വേജ് തസ്തികകൾ അനുവദിക്കുന്നതിന് വ്യവസ്ഥകളുണ്ട്. അവയുടെ പൊതു രൂപം ചുവടെ ചേർക്കുന്നു.

| No. of periods per week | No. of posts and nature of posts |
|---|---|
| 4 and above but below 15 | 1 part time |

| | |
|---|---|
| 15 and above but below 29 | 1 full time |
| 29 and above but below 54 | 2 full time etc. |

യു.പി സ്കൂൾ അധ്യാപകർക്കും എൽ.പി സ്കൂൾ അധ്യാപകർക്കും തസ്തിക അനുവദിക്കുന്നത് ക്ലാസ്/ഡിവിഷൻ അടിസ്ഥാനത്തിലാണ്; അതായത് ഒരു ക്ലാസിൽ ഒരു അധ്യാപകൻ എന്ന തോതിൽ. അത് കൂടാതെ പീരിയഡ് അടിസ്ഥാനത്തിൽ അർഹതയുള്ളപക്ഷം ലാംഗ്വേജ് അധ്യാപകരെയും അനുവദിക്കും. ഹൈസ്കൂൾ കോർ വിഷയങ്ങൾക്കും ഇംഗ്ലീഷിനും 07-01-2002-ലെ സ.ഉ.(കൈ) നം.11/2002/പൊ.വി ഉത്തരവിനൊപ്പമുള്ള പട്ടിക പ്രകാരമാണ് അധ്യാപകരെ അനുവദിക്കുന്നത്.

(ii) RTE ആക്ടിന്റെ സെക്ഷൻ 19 & 25 പ്രകാരമുള്ള ഷെഡ്യൂളിന്റെ 4-ാം നിബന്ധന പ്രകാരം അധ്യാപനത്തിനും മുന്നൊരുക്കത്തിനുമായി ആഴ്ചയിൽ 45 മണിക്കൂർ അധ്യാപകരുടെ പ്രവൃത്തി സമയമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(iii) സ്പെഷ്യലിസ്റ്റ് ടീച്ചർമാർക്ക് പ്രത്യേക രീതിയിലാണ് തസ്തിക നിർദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത വിഭാഗങ്ങളിലെ അധ്യാപകരുടെ ആഴ്ചയിലെ വർക്ക്‌ലോഡുകളിൽ അന്തരം നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ക്ലാസ് കൈകാര്യം ചെയ്യേണ്ടിവരുന്ന പീരിയഡുകളുടെ എണ്ണത്തിൽ സ്കൂളിലെ ക്ലാസ് ഡിവിഷനുകളുടെ എണ്ണമനുസരിച്ച് അന്തരമുണ്ടാകും. മേൽ വിവരിച്ച പ്രകാരം എല്ലാ അധ്യാപകർക്കും ഒരേ മാനദണ്ഡത്തിലല്ല തസ്തികകൾ അനുവദിക്കുന്നത്. അതിനാൽ അത്തരത്തിലും അന്തരമുണ്ടാകും. (പീരിയഡ് കുറവായ വിഷയങ്ങളിൽ ഒരേ മാനദണ്ഡത്തിൽ എല്ലാ സ്കൂളിലും പ്രത്യേകം തസ്തിക അനുവദിക്കുന്നതിന് സാധിക്കുകയുമില്ല).

(സി) സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി പ്രസ്തുത അധ്യാപകരുടെ ആഴ്ചയിലെ വർക്ക്‌ലോഡുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി പ്രസ്തുത വിഭാഗങ്ങളിലെ അധ്യാപകരുടെ പ്രവൃത്തി ദിനങ്ങളും പ്രവൃത്തി സമയവും ഏകീകരിക്കാൻ

ഉദ്ദേശ്യമുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യങ്ങളിൽ വ്യക്തത കൈവരികയുള്ളൂ.

(ഇ) പ്രൈമറി വിഭാഗത്തിലെ പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിന് എത്ര മണിക്കൂർ സമയം വേണ്ടിവരുമെന്ന് വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിന് നിശ്ചയിച്ച മണിക്കൂറുകൾ 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമാണോ; അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ നിബന്ധനകൾ അനുസരിച്ചാണ് നിലവിൽ സ്കൂൾ അധ്യയനം നടത്തിവരുന്നത്.

**കെ-ടെറ്റ് പരീക്ഷയുടെ ഫീസ് ഘടന**

186(5087) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് പരീക്ഷാഭവൻ മുഖേന നടത്തുന്ന ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പരീക്ഷയുടെ ഫീസ് ഘടന എത്രയാണ്; നിലവിൽ ഇതുവരെ എത്ര പരീക്ഷകൾ നടത്തിയിട്ടുണ്ട്; ഇതുവരെ പരീക്ഷാ ഫീസിനത്തിൽ ലഭിച്ച തുക എത്രയാണ്; ഇത് കൈകാര്യം ചെയ്യുന്നത് ആരാണ്; ഏത് അക്കൗണ്ടിലേക്കാണ് ഈ തുക ലഭിക്കുന്നത്; വിശദമാക്കാമോ?

കെ-ടെറ്റ് പരീക്ഷയ്ക്ക് ഓരോ വിഭാഗത്തിലും അപേക്ഷാഫീസ് 500/- (അഞ്ഞൂറ്) രൂപയാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനും ഭിന്നശേഷിയുള്ളവർക്കും ഫീസ് 250/- (ഇരുന്നൂറ്റി അൻപത്) രൂപയാണ്. ആഗസ്റ്റ് 2023 വിജ്ഞാപന പ്രകാരമുള്ള പ്രത്യേക

പരീക്ഷയിൽ ഓരോ കാറ്റഗറികളിലേക്കും പട്ടികജാതി/പട്ടികവർഗത്തിനും ഭിന്നശേഷിയുള്ളവർക്കും അപേക്ഷ ഫീസ് 750/- (എഴുന്നൂറ്റി അൻപത്) രൂപയും മറ്റുള്ള വിഭാഗക്കാർക്ക് 1000/- (ആയിരം) രൂപയും ആക്കിയിരുന്നു. നിലവിൽ ഇതുവരെ 20 കെ-ടെറ്റ് പരീക്ഷകൾ നടത്തിയിട്ടുണ്ട്.

01-03-2012-ലെ G.O.(P) No.70/12/G.Edn സർക്കാർ ഉത്തരവ് പ്രകാരം കെ-ടെറ്റ് പരീക്ഷ സംബന്ധിച്ച അക്കാദമിക് അതോറിറ്റിയായി എസ്.സി.ഇ.ആർ.ടി-യെ ചുമതലപ്പെടുത്തി. 25-06-2012-ലെ G.O.(Ms)No.205/12/G.Edn. പ്രകാരം പരീക്ഷാഭവനെ പരീക്ഷ നടത്താനുള്ള ഏജൻസിയായും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. മത്സരാർഥികൾ എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പരീക്ഷ ഫീസടയ്ക്കുന്നത്. ഇതുവരെ പരീക്ഷാ ഫീസിനത്തിൽ ലഭിച്ച തുക 85,77,02,960/- (എൺപത്തി അഞ്ച് കോടി എഴുപത്തേഴ് ലക്ഷത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) ആണ്.

(ബി) പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിക്കുന്നത്; ഇതുവരെ ചെലവഴിച്ച തുകയുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടാണ് തുകയുടെ ചെലവെങ്കിൽ ആയത് പരീക്ഷാ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്കോ സർക്കാർ ശീർഷകത്തിലേക്കോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) 25-06-2012-ലെ G.O.(Ms) No.205/12/G.Edn. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കെ-ടെറ്റ് ഫണ്ട് വിനിയോഗിക്കുന്നത്. അതിൻപ്രകാരം കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും പരീക്ഷാ ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽനിന്നാണ് കണ്ടെത്തേണ്ടത്. പരീക്ഷാ ഭവൻ സെക്രട്ടറിയുടെ ആവശ്യാനുസരണമുള്ള തുക എസ്.സി.ഇ.ആർ.ടി ഡയറക്ടർ അഡ്വാൻസായി അനുവദിക്കുന്നതും ചെലവഴിച്ച തുക സംബന്ധിച്ച എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, വൗച്ചറുകൾ ധനവിനിയോഗ പത്രം തുടങ്ങിയവ പരീക്ഷാ ഭവൻ സെക്രട്ടറി എസ്.സി.ഇ. ആർ.ടി-ക്ക് നൽകുന്നതുമാണ്. തുടർന്ന് എസ്.സി.ഇ.ആർ.ടി-യിലെ

ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ആഡിറ്റ് ടീം വരവുചെലവുകൾ ആഡിറ്റ് നടത്തുന്നതുമാണ് പ്രസ്തുത ഉത്തരവ് പ്രകാരം തുടർന്നുവരുന്ന രീതി. നിലവിൽ ഈ രീതി മാറ്റുന്ന വിഷയം പരിഗണനയിലില്ല.

**എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിലെ നിയമനം**

187(5088) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷിനെ ഭാഷാ വിഷയമായി പരിഗണിച്ച് പീരിയഡ് അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) എച്ച്.എസ്.റ്റി. ഇംഗ്ലീഷ് പി.എസ്.സി. ലിസ്റ്റ് പുതുതായി എല്ലാ ജില്ലകളിലും നിലനിൽക്കുന്ന അവസരത്തിൽ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക നിയമനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

3, 4 ഡിവിഷനുകൾ മാത്രമുള്ള സ്കൂളുകളിൽ മുൻവർഷം താൽക്കാലിക തസ്തികകൾ അനുവദിച്ചിരുന്നു. ആയതിൽ താൽക്കാലിക നിയമനം നടത്തുമ്പോൾ പി.എസ്.സി ലിസ്റ്റിലുള്ളവർക്ക് മുൻഗണനയുണ്ട്. കൂടാതെ റഗുലർ തസ്തികകളിൽ പി.എസ്.സി വഴി പരമാവധി നിയമനങ്ങൾ നടത്തുന്നുണ്ട്.

(സി) ഒരു ഇംഗ്ലീഷ് അധ്യാപകൻപോലും ഇല്ലാത്ത സ്കൂളിലെങ്കിലും എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ?

കുറഞ്ഞത് 5 ഡിവിഷനുകളുള്ള സ്കൂളുകളിലെല്ലാം ഇംഗ്ലീഷ് തസ്തികയിൽ അധ്യാപക നിയമനം അനുവദിച്ചിട്ടുള്ളതാണ്. 3, 4 ഡിവിഷനുകൾ മാത്രമുള്ള സ്കൂളായാലും ഇംഗ്ലീഷ് അധ്യാപകരെ നൽകുന്നതിന് മുൻവർഷം മുതൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) 2023-2024-ലെ സ്റ്റാഫ് ഫിക്സേഷനുശേഷമുള്ള ഗവൺമെന്റ് സ്കൂളിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അധ്യാപകരുടെ ആകെ ഒഴിവുകൾ ജില്ല തിരിച്ച് നൽകാമോ?

| **ജില്ല** | **ഒഴിവുകൾ** |
| --- | --- |
| തിരുവനന്തപുരം | 17 |

| | |
|---|---|
| കൊല്ലം | 4 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 4 |
| കോട്ടയം | 0 |
| ഇടുക്കി | 4 |
| എറണാകുളം | 0 |
| തൃശ്ശൂർ | 7 |
| പാലക്കാട് | 9 |
| മലപ്പുറം | 17 |
| കോഴിക്കോട് | 5 |
| വയനാട് | 9 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 6 |

(ഇ) 2024-2025-ലെ സ്റ്റാഫ് ഫിക്സേഷൻ ഈ അധ്യയന വർഷംതന്നെ നടത്തി പുതിയ തസ്തിക സൃഷ്ടിക്കപ്പെടുന്നതിൽ നിയമനം നടത്തുമോ; വ്യക്തമാക്കുമോ?

2024-2025-ലെ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ**

188(5089) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിലും വിദ്യാലയങ്ങളിലും വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയാണെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു+. ഹയർ സെക്കൻഡറി വിഭാഗത്തിൽ 72 ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ജൂനിയർ, 52 ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ, 34 ലബോറട്ടി അസിസ്റ്റന്റ്, ഒരു ക്ലാർക്ക് എന്നീ ഒഴിവുകളുണ്ട്. എച്ച്.എസ്.എസ്.റ്റി തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അധ്യാപകർക്ക് തസ്തികമാറ്റത്തിനായി നിജപ്പെടുത്തിയിരിക്കുന്നു. യോഗ്യരായ ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ ടി ഒഴിവുകൾ 1:3

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുപാതത്തിൽ കേരള പി.എസ്.സി-ക്കും തസ്തികമാറ്റ നിയമനങ്ങൾക്കുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കൻഡറിയിൽ തസ്തികനിർണ്ണയം നടത്തി വ്യവസ്ഥാപിത ഒഴിവുകൾ തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ ബൈട്രാൻസ്ഫർ ഉൾപ്പെടെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു. ലാബോറട്ടറി അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ 07 ഒഴിവുകൾ (SC/ST & GENERAL വിഭാഗം) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും 22 ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളതുമാണ്. മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് തസ്തികയിലെ ഒരു ഒഴിവ് ആസ്ഥാന ഓഫീസിൽനിന്ന് സ്ഥലം മാറ്റം മുഖേന നികത്തുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ നിലവിലുള്ള അധ്യാപകരുടെ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്; ഒഴിവുള്ള തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ, വർക്കിങ് അറേഞ്ച്മെന്റിലോ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>അനധ്യാപക തസ്തിക</u>

പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട്. നിലവിൽ ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും വർക്കിങ് അറേഞ്ച്മെന്റിലും ആരും ജോലി ചെയ്യുന്നില്ല.

<u>അധ്യാപക തസ്തിക</u>

പൊതുവിദ്യാഭ്യാസ വകുപ്പിൽ HST(Sanskrit), PET(HS), FTJLT (Arabic) (LP) അധ്യാപക തസ്തികകളിലാണ് റാങ്ക് ലിസ്റ്റ് നിലവിലുള്ളത്. ലിസ്റ്റ് നിലവിലില്ലാത്ത ഒഴിവുള്ള തസ്തികകളിൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി താൽക്കാലിക അധ്യാപക നിയമനം നടത്തുന്നു. ഹയർ സെക്കൻഡറി വിഭാഗത്തിൽ സംസ്ഥാന തലത്തിലാണ് റാങ്ക് ലിസ്റ്റുകൾ

നിലവിലുള്ളത്. ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ജൂനിയർ, സീനിയർ തസ്തികകളിൽ ദിവസവേതനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് പ്രിൻസിപ്പൽമാർക്ക് അധികാരം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ നിലവിലുള്ള പി.എസ്.സി ലിസ്റ്റുകളെ സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു+. ദിവസവേതനാടിസ്ഥാനത്തിൽ 15 വൊക്കേഷണൽ ടീച്ചർമാർ സേവനം അനുഷ്ഠിച്ചുവരുന്നു.

(സി) ജില്ലയിലെ ഒഴിവുകൾ നികത്താൻ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>അനധ്യാപക തസ്തിക</u>

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ തസ്തികകളിൽ പി.എസ്.സി ലിസ്റ്റുള്ള തസ്തികകളിൽ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്, എഫ്.ടി.എം. പി.ടി.സി.എം തസ്തികകളിലെ ഒഴിവുകൾ കളക്ടർക്കും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിലേക്കും അറിയിക്കും.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>അധ്യാപക തസ്തിക</u>

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ തസ്തികകളിലെ നിയമനാനുപാത പ്രകാരമുള്ള ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ശിപാർശ പി.എസ്.സി.-യിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് നിയമനം നൽകുകയും ചെയ്തുവരുന്നു. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ അതത് കാലങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി താൽക്കാലിക അധ്യാപക നിയമനം നടത്തുന്നു. എച്ച്.എസ്.എസ്.റ്റി തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അധ്യാപകർക്ക് തസ്തികമാറ്റ നിയമനമായി നിജപ്പെടുത്തിയിരിക്കുന്നു. നിയമനം നൽകുന്നതിനായി യോഗ്യരായ ജൂനിയർ അധ്യാപകരുടെ അഭാവത്തിൽ ടി ഒഴിവുകൾ 1:3 അനുപാതത്തിൽ കേരള പി.എസ്.സി-ക്കും തസ്തികമാറ്റ നിയമനങ്ങൾക്കുമായി നിജപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ കുറവുമൂലം പല വിഷയങ്ങളിലും അധ്യാപക തസ്തികയിൽ കുറവുവരുന്ന സാഹചര്യം നിലവിലുണ്ട്. എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഇംഗ്ലീഷ്), എച്ച്.എസ്.എസ്.റ്റി ജൂനിയർ

(മലയാളം) എന്നീ വിഷയങ്ങളിൽ അധ്യാപക തസ്തികയിൽ കുറവ് വന്നിട്ടുണ്ട്. ടി സാഹചര്യത്തിൽ ഹയർ സെക്കൻഡറിയിൽ തസ്തിക നിർണ്ണയം നടത്തി വ്യവസ്ഥാപിത ഒഴിവുകൾ തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ ബൈട്രാൻസ്ഫർ ഉൾപ്പെടെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു. ഹയർ സെക്കൻഡറി നിയമനം സംസ്ഥാന തലത്തിലായതിനാൽ ജില്ല തിരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയില്ല. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ ആകെ ഒഴിവുകൾ കണക്കാക്കി ആയതിൽ പി.എസ്.സി വഴി നികത്തേണ്ടുന്ന ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ നിയമനം നിർത്തിവച്ചിരിക്കുന്ന തസ്തികകൾ ഒഴികെ ബാക്കിയുള്ള തസ്തികകളിലെ ഒഴിവുകളിൽ നിയമന ശിപാർശകൾക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർ സ്ഥാനക്കയറ്റം**

189(5090) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രൈമറി വിദ്യാലയങ്ങളിലെ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ള നിർദിഷ്ട യോഗ്യതയുള്ള ഹെഡ്മാസ്റ്റർമാർക്ക് ശമ്പള നിർണ്ണയവും ഇൻക്രിമെന്റുകളും അനുവദിക്കുന്നത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 21-06-2023-ലെ ഒ.എ.[ഇ.കെ.എം.]-1609/2022 നമ്പർ വിധിന്യായം പരിശോധിച്ച് നടപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ലോവർ പ്രൈമറി സ്കൂൾ, അപ്പർ പ്രൈമറി സ്കൂൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ എല്ലാ ഹെഡ്മാസ്റ്റർമാർക്കും ടിയാളുകൾ ഹെഡ്മാസ്റ്റർമാരായി ജോലിയിൽ പ്രവേശിച്ച തീയതി മുതൽ KS&SSR, Part-II, ചട്ടം 31 (എഫ്) പ്രകാരം ഹെഡ്മാസ്റ്റർ തസ്തികയിലെ ആനുകൂല്യം അനുവദിച്ചും, അപ്രകാരം ടിയാളുകളുടെ ശമ്പളം

ഫിക്സ് ചെയ്ത് കുടിശ്ശിക അനുവദിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ട് 19-10-2023-ലെ സ.ഉ (സാധാ) നം. 6414/2023/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ള പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരിൽ ഭൂരിഭാഗവും നിർദിഷ്ട യോഗ്യത നേടിയിട്ടുള്ളവരാകയാൽ ഇവർക്ക് നിലവിൽ നൽകിയിട്ടുള്ള താൽക്കാലിക പ്രൊമോഷൻ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കാമോ; ഇപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

**എയ്ഡഡ് സ്കൂൾ യു.പി.എസ്.റ്റി. തസ്തികയിലെ ആശ്രിത നിയമനം**

190(5091) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ യു.പി.എസ്.റ്റി. തസ്തികയിൽ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് (തിരുവനന്തപുരം ജില്ല) ശ്രീമതി അശ്വതി എൻ.

എസ്. നൽകിയ അപേക്ഷയിന്മേലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിന്മേൽ (ഫയൽ നമ്പർ: ബി.5/50990/2023) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി അശ്വതി എൻ. എസ്. നൽകിയ അപേക്ഷ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 14-06-2024-ലെ ബി5/50990/23 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ മാനേജർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ 24-06-2024-ന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശ്രിത നിയമനവുമായി ബന്ധപ്പെട്ട അപ്രൂവൽ നടപടികൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഓഫീസുകളിലെ ഫയൽ നമ്പർ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും നിരസിച്ച പ്രസ്തുത ഉത്തരവിനെതിരെ മാനേജർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ 24-06-2024-ന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ ബി4/752542/2024 നമ്പരായി അപ്പീൽ നിലവിലുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും സർക്കാരിലും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിലില്ല.

(ഡി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് അംഗീകാരം നൽകുന്നത് അനന്തമായി നീണ്ടുപോകുന്നതിന്റെ ചട്ടപ്രകാരവും സാങ്കേതികവുമായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സീനിയറായി നിയമനം ലഭിച്ച അധ്യാപകർക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലാണ് 14-06-2024-ലെ ബി5/50990/2023 നമ്പർ ഉത്തരവ് പ്രകാരം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനം നിരസിച്ചിട്ടുള്ളത്.

(ഇ) അശ്വതി എൻ.എസ്.-ന് പ്രസ്തുത തസ്തികയിൽ അംഗീകാരം നൽകുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വ്യവസ്ഥ ഏതെന്ന് അറിയിക്കാമോ?

കെ. ഇ. ആർ. പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ടിയാരിയുടെ നിയമനം സംബന്ധിച്ചുള്ള അപേക്ഷയിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തിയിട്ടുണ്ട്.

1. 29-06-2023-ലെ മാനേജരുടെ നിയമന ഉത്തരവിൽ നിയമന തീയതിയിൽ തിരുത്തൽ നടത്തിയിട്ടുണ്ട്.

2. 2023-24-ലെ യു.പി.എസ്.എ.-യുടെ അംഗീകൃത തസ്തികകളുടെ എണ്ണം 10 ആണ്. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 01-07-2023-ൽ 12 യു.പി.എസ്.റ്റി.-മാർ ജോലി ചെയ്യുന്നതായി കാണുന്നു.

3. പ്രഥമാധ്യാപികയുടെ ജോയിനിങ് റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4. എച്ച്.എസ്.ടി. മലയാളം തസ്തികയിൽ പ്രൊമോഷനായി പോയ ശ്രീമതി എസ്. മഞ്ജുഷയുടെ പ്രൊമോഷൻ അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല.

5. ശ്രീമതി അശ്വതി എൻ. എസ്.-ന്റെ സീനിയറായ ശ്രീമതി രേഷ്മാ രാജ് (01-06-2023), ശ്രീമതി ഭാഗ്യാ സലിം (26-06-2023) എന്നിവർക്ക് നിയമനാംഗീകാരം നൽകാനുണ്ട്.

(എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത നിയമനത്തിനുള്ള അംഗീകാരം എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സീനിയറായി നിയമനം ലഭിച്ച അധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചതിനുശേഷം ശ്രീമതി അശ്വതി എൻ.എസ്.-ന്റെ നിയമനാംഗീകാരത്തിനായുള്ള അപേക്ഷ പരിഗണിക്കാൻ സാധിക്കുന്നതാണ്.

**എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് നിയമനം**

191(5092) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിലവിലെ ഒഴിവുകളിലെ നിയമനത്തിന് സർക്കാർ നിശ്ചയിച്ച യോഗ്യതകൾ ഇല്ലാത്തവർക്ക് മാനേജർമാർ സ്വന്തം നിലയ്ക്ക് വേതനം നൽകി നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം ഒഴിവുകളിൽ യോഗ്യരായ ഭിന്നശേഷിക്കാർക്ക് നിയമനം നടത്താൻ ബന്ധപ്പെട്ട ഉപജില്ലാ ഓഫീസർമാർക്ക് നിർദേശം നൽകുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളാ വിദ്യാഭ്യാസ ആക്റ്റിലെ സെക്ഷൻ 11, KER ചട്ടങ്ങളിലെ അധ്യായം XIV (A) ചട്ടം 1 (1) എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിലെ നിയമനാധികാരി അതത് മാനേജർമാരാണ്. ആയതിനാൽ ചട്ടപ്രകാരമല്ലാതെ ഏതെങ്കിലും പ്രത്യേക വ്യക്തിയെയോ വിഭാഗത്തെയോ നിയമിക്കാൻ നിർദേശം നൽകാവുന്നതല്ല. നിയമനം നടത്തി അംഗീകാരത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് ചട്ട

പ്രകാരമാണോ നിയമനം എന്നത് പരിശോധിച്ച് അംഗീകരിച്ച്/നിരസിച്ച് നൽകാനേ വിദ്യാഭ്യാസ ഓഫീസർമാർക്ക് കഴിയുകയുള്ളൂ.

**ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി**

192(5094) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ എല്ലാ സ്കൂളുകളെയും ഭിന്നശേഷി സൗഹൃദമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ അക്കാദമിക പിന്തുണ നൽകിവരുന്നു. വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദപരമാണ്. കെട്ടിടങ്ങളിൽ റാംബ് & റെയിൽ ഘടിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്കായി വിദ്യാലയങ്ങളിൽ അഡാപ്റ്റഡ് ടോയ്‌ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളെ ഭിന്നശേഷി

സൗഹൃദമാക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാരിയർ ഫ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. എന്നാൽ, ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളെ ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

**സ്റ്റേറ്റ് റിസോഴ്സ് സെന്റർ-കേരളയുടെ പ്രവർത്തനം**

193(5095) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റിസോഴ്സ് സെന്റർ-കേരളയുടെ പ്രവർത്തനത്തിന് ഏതെല്ലാം തരത്തിലാണ് ഫണ്ട് ലഭ്യമാക്കുന്നത് എന്നറിയിക്കാമോ; ഇത്തരത്തിൽ ലഭ്യമായ കഴിഞ്ഞ മൂന്ന് വർഷത്തെ ഫണ്ട് സംബന്ധിച്ച വിവരം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പ്രോഗ്രാം കോർഡിനേറ്റർ എന്നീ തസ്തികകളിലേക്കുള്ള

നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന യോഗ്യതയും നിയമന രീതിയും വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ റൂളിൽ നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ വ്യത്യസ്തമായിരിക്കെ പ്രോഗ്രാം കോർഡിനേറ്റർക്ക് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ അധികച്ചുമതല നൽകുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ധനകാര്യ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ക്രമക്കേടുകൾ എന്തൊക്കെയാണ്; അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഈ സ്ഥാപനത്തിലെ വാഹനം ഉൾപ്പെടെയുള്ള ഔദ്യോഗിക സൗകര്യങ്ങൾ ദുരുപയോഗം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(എഫ്) ഈ സ്ഥാപനത്തിൽ ഒരു ഫുൾ ടൈം ഡയറക്ടറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

**വിരമിച്ച അധ്യാപകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി**

194(5096) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി വിഭാഗം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഓഫീസിൽനിന്നും തുടർച്ചയായി വിട്ടുനിൽക്കുന്നതിനാൽ പെൻഷൻ ഫയലുകളുടെ നീക്കം പ്രതിസന്ധിയിൽ ആയതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തുടർച്ചയായി ഓഫീസിൽനിന്ന് വിട്ടുനിൽക്കുന്നതായോ പെൻഷൻ ഫയലുകളുടെ നീക്കം പ്രതിസന്ധിയിലായതായോ ഉള്ള പരാതികളൊന്നും നിലവിൽ ലഭിച്ചിട്ടില്ല. തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ

സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിങ് ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചിങ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽനിന്ന് ടി ഉദ്യോഗസ്ഥ അക്കാദമിക മോണിറ്ററിങ്ങിനും പരീക്ഷ വിജിലൻസ് സ്ക്വാഡ് അംഗമായും 2 ജില്ലയുടെ ചുമതലയുള്ള ഓഫീസ് മേധാവി എന്ന നിലയിൽ പങ്കെടുക്കേണ്ട ഔദ്യോഗിക മീറ്റിങ്ങുകൾക്കുമായാണ് ഓഫീസിൽനിന്ന് വിട്ടുനിന്നതെന്നും അനധികൃതമായി ഓഫീസിൽനിന്ന് വിട്ടുനിന്നിട്ടില്ലെന്നും കാണുന്നു.

(ബി) പെൻഷൻ ഫയലുകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ വിരമിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പല അധ്യാപകർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്നതിനാൽ ഈ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ആകെ 6 പെൻഷൻ ഫയലുകളാണ് കുടിശ്ശികയുള്ളത്. ആയതിൽ 2 എണ്ണം ന്യൂനതയുള്ളവയാണ്. മറ്റ് ഫയലുകൾ സമയബന്ധിതമായി അക്കൗണ്ടന്റ് ജനറൽ ഓഫീസിലേക്ക് അയക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മലയാളം വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്**

195(5097) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ മാതൃഭാഷ മലയാളം ആയിട്ടുള്ളവരിൽനിന്നും മലയാളത്തിന് കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

നിലവിലില്ല.

**ഓണറേറിയം കുടിശ്ശിക അനുവദിക്കാൻ നടപടി**

196(5098) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർത്ത് മഴുവന്നൂർ യു.പി. സ്കൂളിൽ നിയമിക്കപ്പെട്ട സിൽജ സി. കെ. എന്ന അധ്യാപികയുടെ ഓണറേറിയം കുടിശ്ശിക

അനുവദിച്ച് കിട്ടുന്നതിനായി എ.ഇ.ഒ വഴി ഡി.ജി.ഇ.-ൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഓണറേറിയം കുടിശ്ശിക അനുവദിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രീമതി സിൽജ സി. കെ.-യുടെ അപേക്ഷ 06-04-2022-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുകയും ആയത് NS4/495413/2022 നം. ഫയലിൽ പരിശോധിക്കുകയും 02-07-2024-ലെ NS4/495413/2022/DGE നം. ഉത്തരവ് പ്രകാരം ടിയാരിക്ക് ഓണറേറിയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുകൈക്കൊള്ളുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

197(5099) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) മഞ്ചേശ്വരം മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളിലെ ജലപരിശോധനാ ലാബുകൾ**

198(5100) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ജലപരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കുമോ; ഓരോ ലാബും സജ്ജമാക്കുന്നതിന് എത്ര രൂപ വീതമാണ് മുതൽ മുടക്കിയിട്ടുള്ളത്; ലാബുകളിൽനിന്നും പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിലെ ജി.എച്ച്.എസ്.എസ്, മലയിൻകീഴ് (സ്കൂൾ കോഡ് 1037), ജി.എച്ച്.എസ്.എസ് ഫോർ ഗേൾസ്, കന്യാകുളങ്ങര (സ്കൂൾ കോഡ് -1146) എന്നീ സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഭൂജലവകുപ്പിൽ നടപ്പാക്കുന്ന നൂറ് ശതമാനം ഗ്രാന്റ്-ഇൻ-എയ്ഡ് കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഓരോ ജില്ലയിൽ 2 വീതം 28 സ്കൂൾ ലാബുകൾ തിരഞ്ഞെടുത്ത് ഓരോ ലക്ഷം രൂപ വീതം കേന്ദ്ര ഫണ്ട് ചെലവാക്കിയാണ് സ്കൂൾ ലാബ് സജ്ജീകരിച്ചിരിക്കുന്നത്. ഓരോ ലാബിനും ഒരു ലക്ഷം രൂപ വീതമാണ് മുതൽ മുടക്കിയിട്ടുള്ളത്. ജല പരിശോധന നടത്തുന്നതിന് ടീച്ചർമാർക്കും വിദ്യാർഥികൾക്കും മതിയായ പരിശീലനവും ജലപരിശോധനയുടെ

ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണവും നൽകിയിട്ടുണ്ട്. പ്രദേശവാസികൾക്ക് ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്കൂൾ അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് സ്കൂളുകളുടെ ജലപരിശോധന നടത്താൻ ഈ ലാബുകൾ ഉപയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഈ അധ്യയന വർഷത്തിൽ ടി സ്കൂളുകൾ പരിശോധന നടത്തിയതായി അറിയിച്ചിട്ടില്ല.

**തുല്യതാ കോഴ്സുകൾ**

199(5101) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പന്ത്രണ്ടാം തരത്തിലും പത്താം തരത്തിലും നടത്തി വരുന്ന തുല്യതാ കോഴ്സുകളെ സംബന്ധിച്ച് വിശദമാക്കാമോ; 2021, 2022, 2023 വർഷങ്ങളിൽ ഇതിന്റെ പ്രയോജനം നേടിയ ആളുകളുടെ എണ്ണം ജില്ലതിരിച്ച്

വിശദമാക്കാമോ; ഇതിൽ ട്രാൻസ്ജെൻഡർ, എസ്.സി., എസ്.ടി., ഭിന്നശേഷിക്കാർ എന്നിവർ എത്ര വീതമുണ്ടെന്ന് വിശദമാക്കാമോ?

2006 മുതലാണ് പത്താംതരം തുല്യതാ കോഴ്സിന് തുടക്കം കുറിച്ചത്. കോഴ്സിന്റെ കാലാവധി 10 മാസമാണ്. പത്താംതരം തുല്യതാ കോഴ്സിന്റെ 16 ബാച്ചുകൾ പൂർത്തിയായിട്ടുണ്ട്. 17-ാം ബാച്ചിന്റെ (2023-24) ക്ലാസുകൾ നടന്നുവരുന്നു. 18-ാം ബാച്ചിന്റെ (2024-25) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിവരുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2015 മുതൽ ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് നടത്തിവരുന്നു. രണ്ട് അധ്യയന വർഷമാണ് ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ കാലാവധി. ഹ്യുമാനിറ്റിസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്. ടി കോഴ്സിന്റെ 6 ബാച്ചുകൾ പൂർത്തിയായിക്കഴിഞ്ഞു. ഏഴാം ബാച്ചിന്റെ (2022-24) രണ്ടാം വർഷത്തെയും എട്ടാം ബാച്ചിന്റെ (2023-25) ഒന്നാം വർഷത്തെയും ക്ലാസുകൾ നടന്നുവരുന്നു. 2024 ജൂലൈ 5 മുതൽ ടി ബാച്ചിന്റെ പൊതുപരീക്ഷ

ആരംഭിക്കും. 9-ാം ബാച്ചിന്റെ (2024-26) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിവരുന്നു.

2021, 2022, 2023 വർഷങ്ങളിൽ പത്താംതരം തുല്യതാ കോഴ്സിന്റെ പ്രയോജനം നേടിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം, പ്രയോജനം ലഭിച്ച എസ്.സി, എസ്.ടി, ഭിന്നശേഷി, ട്രാൻസ്ജെൻഡർ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയും+ ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ പ്രയോജനം നേടിയവരുടെ ജില്ല തിരിച്ചുള്ള എണ്ണം, പ്രയോജനം ലഭിച്ച എസ്.സി, എസ്.ടി, ഭിന്നശേഷി, ട്രാൻസ്ജെൻഡർ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും+ ചേർക്കുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ**

200(5102) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിട നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക, പ്രവൃത്തിയുടെ പുരോഗതി എന്നിവ വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നടപ്പാക്കിയ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്[+].

## വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ ബോധവൽക്കരണ പരിപാടി

201(5103) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർഥികൾക്കിടയിൽ ലഹരി ഉപയോഗം വ്യാപിക്കുന്നത് തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ബോധവൽക്കരണ പരിപാടികൾ വ്യക്തമാക്കുമോ?

ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി 2024-25 അധ്യയന വർഷം ആന്റി ഡ്രഗ് പാർലമെന്റ്, സംവാദ സദസ്, ലഹരി വിരുദ്ധ സെമിനാർ, ക്ലാസ് സഭ എന്നിവ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ രൂപീകരിച്ച ജാഗ്രത സമിതി, ജാഗ്രത ബ്രിഗേഡുകൾ, ജാഗ്രത കോ-ഓർഡിനേറ്റർമാർ എന്നിവരുടെ പ്രവർത്തനം ഊർജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും. കൗൺസലിങ് സേവനങ്ങൾ സുഗമമാക്കുന്നതിന് എക്സൈസ് വകുപ്പും വനിത ശിശു വികസന വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. രക്ഷാകർതൃ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടികളുടെ ശ്രദ്ധയെ കൂടുതൽ ഉൽപാദനക്ഷമവും ഫലപ്രദവുമായ രീതിയിൽ കൊണ്ടുവരുന്നതിന് വൈവിധ്യമാർന്ന പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടപ്പാക്കും. കൂടാതെ എക്സൈസ്, വിമുക്തി മിഷൻ, പൊലീസ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, വനിത

ശിശു വികസന വകപ്പ്, സാമൂഹ്യനീതി വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസം എന്നിവയുമായി ചേർന്ന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുള്ളതും ആയത് പ്രകാരം അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുള്ളതുമാണ്. ഈ വർഷത്തെ ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തിപ്പിനായി 1 കോടി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഹയർ സെക്കൻഡറി വിഭാഗത്തിൽ സ്കൂളുകളിലെ ലഹരി ഉപയോഗം തടയുന്നതിന് കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിന്റെയും, എസ്.പി.സി, എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ അനുബന്ധ ഏജൻസികളുടെ പ്രവർത്തനങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചാരണവും ബോധവൽക്കരണവും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ സർക്കാർ നിർദേശിച്ച മാതൃകയിൽ ലഹരി വിരുദ്ധ ക്യാമ്പയിനുകളും പ്രോഗ്രാമുകളും നടന്നുവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ലഹരി ഉപയോഗത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ചും ലഹരി വ്യാപനം തടയുന്നതിനും വിവിധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ തനത് പരിപാടികളും എക്സൈസ് വകുപ്പ്, പൊലീസ് വകുപ്പ് എന്നിവരുടെ സഹകരണത്തോടെ കൂട്ടായും കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിങ് സെൽ, നാഷണൽ സർവീസ് സ്കീം (NSS) പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി മയക്കമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി Yellow line campaign, Habit state, Health & Arena, ജാഗ്രതാ മതിൽ, ഫ്ലാഷ് മോബുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക**

202(5104) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ വിവിധ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിന് കിഫ്ബി, പ്ലാൻ ഫണ്ട്, ഓൺ ഫണ്ട്, പൊതുമരാമത്ത്

വകുപ്പ്, നബാർഡ് തുടങ്ങി വിവിധ വകുപ്പുകളിൽനിന്ന് അനുവദിച്ച തുകയുടെ വിശദവിവരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തരം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) വണ്ടൂർ മണ്ഡലത്തിൽ 2016 മേയ് മാസം മുതൽ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി അനുവദിച്ച തുകയുടെയും നിലവിലെ പുരോഗതിയെയും സംബന്ധിച്ച് സ്കൂളുകൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്+. സമഗ്രശിക്ഷാ-കേരള മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്+.

**സ്കൂളുകളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനം**

203(5105) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പരിശീലനം നൽകുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ വേതനം എത്ര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയാണ്; ആയത് ഏത് വർഷം മുതൽ നിശ്ചയിച്ചിട്ടുള്ളതാണ്; പിന്നീട് വേതന വർധന വരുത്താതിരുന്നതിന്റെ കാരണമെന്താണ്; വ്യക്തമാക്കുമോ?

എലിമെന്ററി വിഭാഗത്തിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും ഇപ്പോൾ നൽകിവരുന്നു. 2018 ഏപ്രിൽ മുതലാണ് സമഗ്ര ശിക്ഷാ പദ്ധതി നിലവിൽ വന്നത്. 2018-നുമുമ്പ് സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആർ.എം.എസ്.എ.-യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ആർ.എം.എസ്.എ.-യുടെ ഭാഗമായിരുന്ന കാലയളവിൽ എലിമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22000/-രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815/- രൂപയും വേതനമായി നൽകിയിരുന്നു. 10 മാസത്തേക്കാണ് ഈ തുക നൽകിയിരുന്നത്. അവധിക്കാലമായ ഏപ്രിൽ, മേയ് മാസങ്ങളിൽ ഇവരുടെ സേവനം ലഭിച്ചിരുന്നില്ല. എന്നാൽ 2018-19 അധ്യയന വർഷം മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വർഷത്തിൽ 12 മാസവും കരാർ

അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. സമഗ്ര ശിക്ഷാ മാനദണ്ഡ പ്രകാരം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എലിമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 20,000/-രൂപയും സെക്കൻഡറി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 25,000/-രൂപയുമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഓരോ വർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗം ചേർന്നാണ് സമഗ്രശിക്ഷാ കേരളയുടെ വിവിധ പദ്ധതികൾ അംഗീകരിക്കുന്നതും പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതും. ഇത് 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും എന്ന രീതിയിലാണ് നടപ്പാക്കുന്നത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ് നിലവിൽ അനുവദിക്കുന്ന തുക വർധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടില്ല. അടുത്ത വർഷത്തെ പ്രോജക്ട്

സമർപ്പിക്കുമ്പോഴും വേതനം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

(ബി) ഇവരുടെ നിയമനത്തിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

ഒരു പദ്ധതി വർഷം ഏപ്രിൽ 2-ാമത്തെ പ്രവൃത്തിദിനം മുതൽ അടുത്ത മാർച്ച് 31 വരെയാണ് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത്. കാലാവധി കഴിഞ്ഞാൽ, മുൻകാലത്തെ പ്രകടനം വിലയിരുത്തി അടുത്ത പദ്ധതി വർഷത്തിലേക്ക് പുതിയ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്.

(സി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്ഥിരമായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കുന്നതിനുള്ള തടസ്സമെന്താണ്;

(ഡി) എല്ലാ സ്കൂളുകളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കാനും അവർക്ക് കാലോചിതമായ വേതനം ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ?

(സി&ഡി) 28-10-2021-ലെ സുപ്രീംകോടതി വിധി (writ petition civil 132 of 2016) പ്രകാരം എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ടായതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്ന് നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവൂ. സുപ്രീംകോടതിയുടെ WP(C)132/2016, 876/2017 നമ്പർ കേസിലെ 28-10-2021-ലെ വിധിന്യായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താൽക്കാലിക ക്രമീകരണം എന്ന നിലയിൽ സമഗ്ര ശിക്ഷ കേരളയുടെ കീഴിൽ ക്ലസ്റ്റർ രീതിയിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സ്വീകരിക്കേണ്ട അനുബന്ധ നടപടിക്രമങ്ങൾ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കോടതിയുടെ 28-10-2021-ലെയും തുടർന്നുള്ള

ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കുകയാണെങ്കിൽ സർക്കാരിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകും. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയൂ.

**സ്കൂൾ യൂണിഫോം വിതരണം**

204(5106) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ തുറന്ന് നാളിതുവരെയായിട്ടും സ്കൂൾ യൂണിഫോം വിതരണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 2024-25 അധ്യയനവർഷത്തേയ്ക്കുള്ള യൂണിഫോം തുണി, 2024 ജൂലൈ ആദ്യവാരം തന്നെ സ്കൂളുകളിൽ പൂർണ്ണമായും വിതരണം പൂർത്തീകരിക്കുന്നതാണ്.

(ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് യൂണിഫോം വിതരണം ചെയ്ത വകയിൽ കുടിശ്ശികയിനത്തിൽ എത്ര രൂപ നൽകാനുണ്ടെന്നും പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്നും വിശദമാക്കാമോ?

അലവൻസ് ഇനത്തിൽ 2022-23 വർഷത്തിൽ 49,46,60,400/- രൂപയും 2023-24 വർഷത്തിൽ 47,50,72,800/- രൂപയും നൽകാനുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അവസാനമായി യൂണിഫോമിനുള്ള തുക നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

2023–24 അധ്യയനവർഷം കൈത്തറി യൂണിഫോമിനായി 87.91 കോടി രൂപയും അലവൻസ് ഇനത്തിൽ 33,12,38,400/- രൂപയും നൽകിയിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ**

205(5107) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എത്ര എസ്റ്റിമേറ്റുകൾ പൊതുമരാമത്ത് വകുപ്പിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 9 എസ്റ്റിമേറ്റുകൾ ലഭ്യമായിട്ടുണ്ട്.

**എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ്**

206(5108) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ യഥാസമയം വിദ്യാർഥികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ് ഇനത്തിൽ കുടിശ്ശികയുള്ള തുക കൊടുത്തുതീർക്കാൻ 30 കോടി രൂപ നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പോർട്ടലിൽ സ്കൂളുകൾ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നമുറയ്ക്ക് പ്രസ്തുത സ്കോളർഷിപ്പ് തുകയുടെ വിതരണം ഡി.ബി.റ്റി. മുഖേന കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ എത്ര രൂപയാണ് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പായി വിദ്യാർഥികൾക്ക് നൽകിവരുന്നത്; വിശദമാക്കാമോ?

എൽ.എസ്.എസ്. - 1000/- രൂപ

യു.എസ്.എസ്. - 1500/- രൂപ

**മഞ്ചേശ്വരം താലൂക്കിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ**

207(5109) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം താലൂക്കിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**ദേശീയ വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള അധ്യയന ദിവസങ്ങൾ**

208(5110) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന അധ്യയന മണിക്കൂർ വ്യവസ്ഥകൾ പ്രകാരം ഒരു അധ്യയന വർഷത്തിൽ എത്ര അധ്യയന ദിവസങ്ങൾ ആവശ്യമാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്ത് കഴിഞ്ഞ അധ്യയന വർഷം വിദ്യാഭ്യാസ കലണ്ടർ പ്രകാരം എത്ര അധ്യയന ദിവസങ്ങളുണ്ടായിരുന്നുവെന്ന് അറിയിക്കാമോ?

ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന അധ്യയന മണിക്കൂർ വ്യവസ്ഥകൾ പ്രകാരം ഒരു അധ്യയന വർഷത്തിൽ, ഏറ്റവും കുറഞ്ഞത്, ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ 200 പ്രവൃത്തിദിനങ്ങളും 800 അധ്യയന മണിക്കൂറും, ആറാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ 220 പ്രവൃത്തിദിനങ്ങളും 1000 അധ്യയന മണിക്കൂറും ഉണ്ടായിരിക്കണം. പരീക്ഷകളുൾപ്പെടെ അധ്യയന മണിക്കൂറുകളല്ലാത്ത മണിക്കൂറുകൾ ഒഴിവാക്കിയാൽ കുറഞ്ഞത് 220 പ്രവൃത്തിദിനങ്ങൾ

ആവശ്യമാണ്. സംസ്ഥാനത്ത് കഴിഞ്ഞ അധ്യയന വർഷം വിദ്യാഭ്യാസ കലണ്ടർ പ്രകാരം 205 പ്രവൃത്തിദിനങ്ങളുണ്ടായിരുന്നു.

(ബി) പുതുക്കിയ വിദ്യാഭ്യാസ കലണ്ടർ പ്രകാരം എത്ര അധ്യയന ദിവസങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; അധ്യയന ദിവസങ്ങൾ കൂട്ടുന്നതിന്റെ ഭാഗമായി ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2024-25 അധ്യയന വർഷത്തിൽ വിദ്യാഭ്യാസ കലണ്ടർ പ്രകാരം 220 പ്രവൃത്തി ദിനങ്ങളാണുള്ളത്. അധ്യയന ദിനങ്ങൾ കൂട്ടുന്നതിന്റെ ഭാഗമായി 25 ശനിയാഴ്ചകൾ പ്രവൃത്തിദിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അധ്യാപകരുടെ ക്ലസ്റ്റർ പരിശീലനത്തിനായി നീക്കിവച്ചിട്ടുള്ള ആറ് ശനിയാഴ്ചകളും പരീക്ഷകൾക്കിടയിൽ വരുന്ന മൂന്ന് ശനിയാഴ്ചകളും ആഴ്ചയിൽ ആറ് പ്രവൃത്തിദിനം വരാത്ത രീതിയിലുള്ള ആറ് ശനിയാഴ്ചകളും ആറ് പ്രവൃത്തിദിനം വരുന്ന ഏഴ് ശനിയാഴ്ചകളും ഉൾപ്പെടുന്നു.

(സി) ഈ അധ്യയന വർഷത്തെ അധ്യയന ദിനമാക്കിയ ആദ്യത്തെ ശനിയാഴ്ച എത്ര അധ്യാപകർ സ്കൂളുകളിൽ ഹാജരായിട്ടുണ്ടെന്നും എത്ര പേർ

അവധിയെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; അധ്യാപക സംഘടനകളെ വിശ്വാസത്തിലെടുത്ത് വിദ്യാഭ്യാസ കലണ്ടർ പരിഷ്കരിക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഈ അധ്യയന വർഷത്തെ അധ്യയന ദിനമാക്കിയ ആദ്യത്തെ ശനിയാഴ്ച 117226 അധ്യാപകർ സ്കൂളിൽ ഹാജരായിട്ടുണ്ട്. 33292 അധ്യാപകർ അന്നേദിവസം അവധിയെടുത്തിട്ടുണ്ട്. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP(C) 25120/2023 കേസിലെ 26-02-2024 -ലെ വിധിന്യായം പാലിച്ചുകൊണ്ട് പുറപ്പെടുവിച്ച 25-04-2024-ലെ എസ്2 (എ) 1599098/2023/ഡി.ജി.ഇ. നമ്പർ ഉത്തരവിൽ വരുംവർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VII ചട്ടം 3 പ്രകാരമുള്ള പ്രവൃത്തിദിനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ടി കേസിലെ 23-05-2024-ലെ Contempt Case (C) No. 1134/2024(S) പ്രകാരം 06-06-2024-ന് മുമ്പായി 2024-25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദേശം നൽകാൻ ഹൈക്കോടതി ഉത്തരവിടുകയും അതുപ്രകാരം instructions

ഹൈക്കോടതിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് 220 പ്രവൃത്തിദിനങ്ങൾ ഉൾപ്പെടുത്തി കലണ്ടർ പ്രസിദ്ധീകരിച്ചത്. 2024-25 വർഷത്തെ അക്കാദമിക് കലണ്ടറിൽ 220 പ്രവൃത്തിദിനങ്ങൾ ഉൾപ്പെടുത്തിയതിനെതിരെ അധ്യാപക സംഘടനകൾ ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. അതിന്മേലുള്ള കോടതി നടപടിക്രമം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

**പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ നടപടി**

209(5111) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ ഘടനയും ഓഫീസ് സംവിധാനങ്ങളും ഏകീകരിച്ചുകൊണ്ടുള്ള 31-05-2019-ലെ ഗവൺമെന്റ് ഉത്തരവനുസരിച്ച് മേൽ ആവശ്യങ്ങൾക്കായി സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; പ്രസ്തുത ഉദ്യോഗസ്ഥൻ സ്പെഷ്യൽ റൂൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; സ്പെഷ്യൽ റൂൾ

തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടൊപ്പം പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തുവരുന്ന മറ്റ് ഏതെല്ലാം ഉദ്യോഗസ്ഥരാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ ഉത്തരവാദിത്വം നിർവഹിച്ചവരിൽ സർക്കാർ സർവീസിൽനിന്ന് റിട്ടയർ ചെയ്തവർ, സർക്കാർ റഗുലർ സർവീസിലുള്ളവർ, കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുണ്ടെങ്കിൽ ഇവരുടെ വിശദാംശം തരം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി 23-02-2022-ലെ സ.ഉ. (സാധാ) നം. 1030/2022/GEDN പ്രകാരം താഴെപ്പറയുന്നവരെ അംഗങ്ങളാക്കി 6 അംഗ കോർ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. (ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് വീട്, പീലിക്കോട് പി. ഒ., കാസർഗോഡ് (വിദ്യാഭ്യാസ വിദഗ്ധൻ, വിദഗ്ധ സമിതി)

2. ശ്രീ. ജ്യോതിചൂടൻ ജി., (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്, വിദഗ്ധ സമിതിയംഗം)

3. ശ്രീ. കെ. സി. ഹരികൃഷ്ണൻ, (റിട്ട. അധ്യാപകൻ), വിദ്യാഭ്യാസ വകുപ്പ്)

4. ശ്രീ. സി. പി. പത്മരാജ്, (റിട്ട. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദ്യാഭ്യാസ വകുപ്പ്)

5. ശ്രീ. ആർ. മുരളീധരൻപിള്ള, (റിട്ട. ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ വകുപ്പ്)

6. ശ്രീ. സുരേഷ് കുമാർ എ. കെ., (ഹയർ സെക്കൻഡറി വിഭാഗത്തിലെ സീനിയർ പ്രിൻസിപ്പൽ)

ഇവരിൽ ഡോ. സി. രാമകൃഷ്ണൻ വിദ്യാകിരണം അസി. കോർഡിനേറ്ററായും ശ്രീ. സുരേഷ് കുമാർ എ. കെ. സമഗ്രശിക്ഷയിലെ പ്രോഗ്രാം ഓഫീസറായും നിലവിൽ ജോലി ചെയ്തുവരുന്നു. ശേഷിച്ചവർ

സർക്കാർ സർവീസിൽനിന്ന് വിരമിച്ചവരാണ്. 28-02-2022-ലെ സ.ഉ. (സാധാ) നം.1195/2022/പൊ.വിവ. പ്രകാരം കമ്മിറ്റിയുടെ കൺവീനറായി ശ്രീ. സുരേഷ്‌കുമാർ എ.കെ.-യെ ചുമതലപ്പെടുത്തി. ശ്രീ. ആർ. മുരളീധരൻപിള്ള വ്യക്തിഗതമായ അസൗകര്യംമൂലം കമ്മിറ്റിയുടെ ഭാഗമായില്ല.

(സി) ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടില്ലെങ്കിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ മറ്റേതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഇവരിൽ ആരൊക്കെയാണ് റഗുലർ സർവ ീസിന്റെ ഭാഗമായുള്ളത െന്ന് വ്യക്തമാക്കാമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ഹയർ സെക്കൻഡറി അധ്യാപക തസ്തികകളിലെ ഒഴിവുകൾ**

210(5112) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടും അധ്യാപകരെ നിയമിക്കാത്തതുകാരണം ഒഴിഞ്ഞുകിടക്കുന്ന എത്ര തസ്തികകളുണ്ടെന്ന വിശദാംശം വിഷയം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ സ്ഥിര ബാച്ചുകളിൽ നിലവിൽ തസ്തിക സൃഷ്ടിക്കാത്ത അധ്യാപക ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ നടന്നുവരുന്നു. ആയത് പൂർത്തിയായാൽ മാത്രമേ നിലവിലെ അധ്യാപക തസ്തികകൾ എത്രയെന്ന് കൃത്യമായി കണക്കാക്കുവാനും ഒഴിവുകൾ കൃത്യമായി കണക്കാക്കി ആയത് നികത്തുവാനും സാധിക്കുകയുള്ളൂ.

**2023-24 വർഷത്തെ എൽ.പി.എസ്.റ്റി. തസ്തിക നിർണ്ണയം**

211(5113) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷത്തിൽ സർക്കാർ വിദ്യാലയങ്ങളിൽ എത്ര എൽ.പി.എസ്.റ്റി. അധിക തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(ബി) അംഗീകാരം നൽകിയ അധിക തസ്തികകൾ വഴിയുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) അംഗീകാരം നൽകിയിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

(എ-സി) 2023-24 വർഷത്തെ അധിക തസ്തികകൾ ഒഴിച്ചുള്ളവയുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

**എച്ച്.എസ്.എസ്.റ്റി. സോഷ്യോളജി നിയമനം**

212(5114) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.എസ്.എസ്.റ്റി. സോഷ്യോളജി ജൂനിയർ തസ്തികയിലേക്ക് പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിലില്ല.

(ബി) എച്ച്.എസ്.എസ്.റ്റി. സോഷ്യോളജി ജൂനിയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ?

14 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) പ്രസ്തുത തസ്തികയിലേക്ക് 2023-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ചുരുക്കപ്പട്ടിക 22-11-2023-ൽ പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം**

213(5115) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവയ്ക്കുന്ന ഒഴിവുകളുടെ അനുപാതം മുൻകാലങ്ങളിലേതിനെക്കാളും വർധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

23-05-2024-ലെ സ.ഉ(കൈ) നം. 50/2024/പൊ.വി.വ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള അനുപാതം, ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെ, നിലവിലെ 10 ശതമാനം എന്നത് എൽ.പി/യു.പി സ്കൂൾ അധ്യാപകർക്ക് 20 ശതമാനവും ഹൈസ്കൂൾ അധ്യാപകർക്ക് 15 ശതമാനവുമായി വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വർധിപ്പിച്ചിട്ടുണ്ടെങ്കിൽ ഇതിന് ആധാരമാക്കിയ കാരണങ്ങൾ വെളിപ്പെടുത്തുമോ?

മുമ്പ് അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം എൽ.പി/യു.പി സ്കൂൾ അധ്യാപകർക്ക് 35 ശതമാനം, ഹൈസ്കൂൾ അധ്യാപകർക്ക് 25 ശതമാനം, ഭാഷാധ്യാപകർക്ക് 30 ശതമാനമായിരുന്നത് 24-12-2021-ലെ സ.ഉ. (പി) 27/2021/പൊ.വി.വ ഉത്തരവ് പ്രകാരം 10 ശതമാനമായി കുറച്ചിരുന്നു. ആയതിനെതിരെ നിരവധി നിവേദനങ്ങൾ ലഭിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് 23-05-2024-ലെ സ.ഉ(കൈ)നം.50/2024/പൊ.വി.വ പ്രകാരം എൽ.പി/യു.പി സ്കൂൾ അധ്യാപകർക്ക് 20 ശതമാനമായും ഹൈസ്കൂൾ അധ്യാപകർക്ക് 15 ശതമാനമായും ഉയർത്തിയത്.

(സി) ഇത്തരത്തിൽ സ്ഥലംമാറ്റത്തിനുള്ള അനുപാതം വർധിപ്പിച്ചത് പി.എസ്.സി. വഴിയുള്ള നിയമനത്തെ ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി. നിയമനത്തെ ഇത് ബാധിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

23-05-2024-ലെ സ.ഉ(കൈ)നം.50/2024/പൊ.വി.വ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം, ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെയാണ് വർധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. ആയതിനാൽ പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തെ ബാധിക്കുകയില്ല.

**കറുകച്ചാൽ എ.ഇ.ഒ.യ്ക്ക് എതിരായ അച്ചടക്ക നടപടി**

214(5116) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും പട്ടികജാതി വിഭാഗക്കാരിയുമായ ശ്രീമതി ഓമന കെ. കെ.-യ്ക്കെതിരായി അച്ചടക്ക നടപടി സ്വീകരിച്ചത് ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണെന്നും എന്താണ് പരാതിയെന്നും വ്യക്തമാക്കാമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി ഓമന കെ. കെ. 07-04-2024-ൽ മണിമല സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് നടത്തിയ പ്രസംഗത്തിൽ സർക്കാരിനെയും സർക്കാരിന്റെ നയങ്ങളെയും രൂക്ഷമായി വിമർശിച്ചതായി ദൃശ്യമാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജില്ലാതല നിയന്ത്രണാധികാരി എന്ന നിലയിൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ടി വിഷയത്തിൽ കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടിയാൾ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടി വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനായുള്ള കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശിപാർശ പരിശോധിച്ച് ടിയാളുടെ അച്ചടക്ക അധികാരി സർക്കാരായതിനാൽ ടി വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ചീഫ്

വിപ്പിൽനിന്നും ഒരു പരാതി ലഭിച്ചിരുന്നു. ടി പരാതി അനുബന്ധം 1- ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത ഉദ്യോഗസ്ഥയുടെ പേരിൽ ചുമത്തിയിരിക്കുന്ന ചാർജ് എന്താണെന്ന് അറിയിക്കാമോ?

കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ഓമന കെ. കെ 07-04-2024-ൽ മണിമല സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് നടത്തിയ പ്രസംഗം കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 60-ന്റെ ലംഘനമാണ് എന്നതാണ് ടിയാൾക്കെതിരെ ചുമത്തിയിരിക്കുന്ന ചാർജ്.

(സി) ടിയാളുടെ ഔദ്യോഗിക കൃത്യനിർവഹണം സംബന്ധിച്ച് നാളിതുവരെ മറ്റെന്തെങ്കിലും പോരായ്മകൾ കണ്ടെത്തുകയോ ടിയാൾക്കെതിരെ ആരുടെയെങ്കിലും പരാതി ലഭിക്കുകയോ ഉണ്ടായിട്ടുണ്ടോ?

ഇല്ല.

(ഡി) ഗുണമേന്മാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് അനുകൂലമായി പ്രസംഗിച്ചതിന്റെ പേരിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അച്ചടക്ക നടപടി നേരിടേണ്ടിവന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി ഓമന കെ. കെ. 07-04-2024-ൽ മണിമല സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് നടത്തിയ പ്രസംഗം സംബന്ധിച്ച് ടി ഓഫീസറുടെ ഭാഗത്തുനിന്നും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 60-ന്റെ ലംഘനമുണ്ടായതായി കണ്ടെത്തിയതിനെ തുടർന്നാണ് ടിയാൾക്കെതിരെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാൻ സർക്കാർ തീരുമാനമെടുത്തത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അച്ചടക്ക അധികാരി സർക്കാരായതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് സർക്കാർ 01-07-2024-ലെ സ.ഉ (സാധാ) നം.4131/2024/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 11-ആയി ചേർക്കുന്നു+.)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ടിയാളുടെ പ്രസംഗത്തിന്റെ ഓഡിയോ/വീഡിയോ കേൾക്കാതെയും നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അപ്രകാരം ചെയ്യാതെയും ടിയാൾക്കെതിരെ അച്ചടക്ക നടപടിക്ക് കോട്ടയം ഡി.ഡി.ഇ. ശിപാർശ ചെയ്തത് ടിയാൾക്ക് നിലവിൽ ലഭിക്കേണ്ട സ്ഥാനക്കയറ്റം തടയുന്നതിനുവേണ്ടി മനഃപൂർവമായി ചെയ്തതാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ പട്ടികജാതിക്കാരിയായ ടിയാളുടെ സ്ഥാനക്കയറ്റം തടയുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ശ്രീമതി ഓമന കെ. കെ.-യുടെ ഭാഗത്തുനിന്നുണ്ടായ അച്ചടക്ക ലംഘനത്തിനാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത്.

**തസ്തിക നിലനിർത്തുന്നതിനായി ഡോ. ഷൈനി കുര്യാക്കോസ് സമർപ്പിച്ച അപേക്ഷ**

215(5117) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002 അധ്യയന വർഷം മുതൽ 2017-2018 അധ്യയന വർഷംവരെ എറണാകുളം ജില്ലയിലെ തൃക്കണാർവട്ടം എസ്.എൻ.എച്ച്.എസ്.എസ്-ൽ എച്ച്.എസ്.എസ്.റ്റി ഹിന്ദി(സീനിയർ) ആയി പ്രവർത്തിച്ചിരുന്ന ഡോ. ഷൈനി കുര്യാക്കോസ് ടിയാളുടെ തസ്തിക നിലനിർത്തിക്കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ ഇ 3/145/2021 നമ്പർ ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്താണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഡോ. ഷൈനി കുര്യാക്കോസ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)27024/20 നമ്പർ കേസിലെ 04-12-2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 27-04-2021 -ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ Acd C3/198603/HSE/2021 നമ്പർ ഉത്തരവ് പ്രകാരം

തൃക്കണാർവട്ടം എസ്.എൻ.എച്ച്.എസ്.എസ്-ലെ തസ്തിക നിർണ്ണയ ഉത്തരവ് റദ്ദ് ചെയ്യുകയും എച്ച്.എസ്.എസ്.റ്റി (ഹിന്ദി), എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഹിന്ദി) തസ്തികകൾ പുനർനിർണ്ണയിക്കുന്നത് ബന്ധപ്പെട്ട് 15-06-2024-ൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 മുതൽ 2023-24 അക്കാദമിക് വർഷം വരെയുള്ള തസ്തിക നിർണ്ണയം നടത്തി ആവശ്യമായ തസ്തിക നിലനിർത്തുന്നതിനും മതിയായ കുട്ടികളില്ലാത്ത തസ്തിക ഡീഗ്രേഡ് ചെയ്യുന്നതിനുമായി ഐ.സി.റ്റി സെൽ റിപ്പോർട്ട് സഹിതം അടിയന്തരമായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) 16-06-2021-ന് എം.എൽ.എ. മുഖാന്തരം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

അപേക്ഷ E3/145/2021/G.EDN നമ്പർ ഫയലിൽ ചേർത്ത് പരിശോധിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ ഹൈസ്കൂൾ ഇംഗ്ലീഷ് അധ്യാപക തസ്തികയ്ക്കായുള്ള ബൈട്രാൻസ്ഫർ ലിസ്റ്റ്**

216(5118) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അധ്യാപക തസ്തികയ്ക്കായുള്ള ബൈട്രാൻസ്ഫർ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എത്ര പേരാണ് ലിസ്റ്റിലുള്ളതെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അധ്യാപക തസ്തികയ്ക്കായുള്ള ബൈട്രാൻസ്ഫർ ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽ 4 പേരാണുള്ളത്.

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നും അവസാനം നിയമനം നൽകിയത് എന്നാണെന്നും വിശദമാക്കുമോ?

പ്രസ്തുത ലിസ്റ്റിൽനിന്നും 3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം നൽകിയത് 29-11-2023-നാണ്.

(സി) നിലവിലുള്ള ലിസ്റ്റിൽനിന്നും അടിയന്തരമായി എത്ര പേർക്ക് നിയമനം നൽകാൻ കഴിയുമെന്നും അത് എന്ന് നൽകാൻ കഴിയുമെന്നും വിശദമാക്കുമോ?

നിലവിലുള്ള ലിസ്റ്റിൽനിന്നും ഒരാൾക്കുകൂടി നിയമനം നൽകാനുണ്ട്. ഒഴിവ് വരുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

**പ്രൈമറി അധ്യാപകരുടെ യോഗ്യത**

217(5119) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിൽ പ്രൈമറി അധ്യാപക യോഗ്യതയിൽ പി.എസ്.സി. വിജ്ഞാപന പ്രകാരം എസ്.എസ്.എൽ.സി. വരെ മലയാളം പഠിച്ചിരിക്കണമെന്ന നിബന്ധനയ്ക്ക് മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

മാറ്റം വരുത്തിയിട്ടില്ല. 24-02-2023-ലെ സ.ഉ.(കൈ)നം.19/2023/ പൊ.വി.വ. പ്രകാരം പ്രൈമറി തലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശിക ഭാഷയായ

മലയാളം എസ്.എസ്.എൽ.സി.-ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ആയോ അല്ലെങ്കിൽ പഠനമാധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ.പി., യു.പി. അധ്യാപകരായി നിയമിക്കുന്നതിന് ഉത്തരവായി. കൂടാതെ 28-6-2023-ലെ G.O.(MS)No.87/2023/GEDN പ്രകാരം 22-05-2018-ലെ സ.ഉ.(കൈ)നം.67/ 2018/ പൊ.വി.വ. എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധ്യാപന ജോലി പ്രതീക്ഷിച്ച് ട്രെയിനിങ് യോഗ്യത കരസ്ഥമാക്കിയവർക്കും ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും 24-02-2023-ലെ സ.ഉ.(കൈ)നം. 19/2023/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ട് അപ്രകാരം നിയമിതരാകുന്നവർക്ക് മലയാള പ്രാവീണ്യം ഉറപ്പാക്കുന്നതിനായുള്ള യോഗ്യതാ പരീക്ഷ എഴുതുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. 24-02-2023-നുശേഷം ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് മേൽ ആനുകൂല്യം അനുവദിക്കുന്നതല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപക തസ്തികകളിലെ ഒഴിവുകൾ

218(5120) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഹൈസ്കൂളുകളിൽ എത്ര ഇംഗ്ലീഷ് അധ്യാപക തസ്തികകളാണ് ഒഴിവുള്ളതെന്ന് വിശദമാക്കുമോ?

ഒൻപത്.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിയമന ശിപാർശ ലഭിച്ച 3 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി 6 ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകാവുന്നതാണ്.

## വിദ്യാഭ്യാസ വകുപ്പിലെ തസ്തികമാറ്റം/പ്രൊമോഷൻ നിയമനങ്ങൾ

219(5121) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഏതെല്ലാം അധ്യാപക തസ്തികകളിലേക്കാണ് തസ്തികമാറ്റംവഴി നിയമനങ്ങൾ നടത്തുന്നതെന്നും പ്രൊമോഷൻവഴി നിയമനങ്ങൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ?

പ്രൈമറി വിഭാഗത്തിലെയും ഹൈസ്കൂൾ വിഭാഗത്തിലെയും അധ്യാപക തസ്തികകളിലേക്കും ഭാഷാ അധ്യാപക തസ്തികകളിലേക്കുമാണ് മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾ നൽകുന്നത്. പ്രൈമറി വിഭാഗത്തിലുള്ള അധ്യാപകരിൽനിന്നും ഹൈസ്കൂൾ വിഭാഗത്തിലെ അധ്യാപകരിലേക്കും പാർട്ട്ടൈം ഭാഷാ അധ്യാപകരിൽനിന്നും ഫുൾടൈം ഭാഷാ അധ്യാപകരിലേക്കും ഫുൾടൈം ലോവർ ഗ്രേഡ് ഭാഷാ അധ്യാപകരിൽനിന്നും ഹൈസ്കൂൾ ഭാഷാ അധ്യാപകരിലേക്കുമാണ് പ്രൊമോഷൻ വഴിയുള്ള നിയമനങ്ങൾ നൽകുന്നത്.

ഹയർ സെക്കൻഡറി വിഭാഗത്തിൽ എച്ച്.എസ്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലേക്ക് എച്ച്.എസ്.എ., എൽ.പി.എസ്.എ./യു.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും യോഗ്യരായവർക്ക് തസ്തികമാറ്റ

നിയമനം നൽകിവരുന്നു. കൂടാതെ, എച്ച്.എസ്.എസ്.റ്റി. തസ്തികയിലേക്ക് എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിൽനിന്നും തസ്തികമാറ്റ നിയമനവും നൽകിവരുന്നു.

(ബി) വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക തസ്തികകളിലേക്കുള്ള പ്രൊമോഷൻ നിയമനങ്ങളും തസ്തികമാറ്റ നിയമനങ്ങളും തമ്മിലുള്ള അന്തരം വിശദമാക്കാമോ?

The Kerala State and Subordinate Service Rules, 1958-ന്റെ പാർട്ട് 1 റൂൾ 2 (11) പ്രകാരം ഏതെങ്കിലും ഒരു സർവീസിലോ അല്ലെങ്കിൽ ഒരു ക്ലാസ് ഓഫ് സർവീസിലോ ഉള്ള ഒരു കാറ്റഗറിയിലോ/ഗ്രേഡിലോ ഉള്ള ഒരു ഉദ്യോഗസ്ഥന് അതേ സർവീസിലെയോ ക്ലാസ് ഓഫ് സർവീസിലെയോ അതിന് തൊട്ടുമുകളിലുള്ള കാറ്റഗറിയിലേക്കോ/ഗ്രേഡിലേക്കോ യോഗ്യത, സീനിയോറിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന രീതിയാണ് പ്രൊമോഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം നിയമനങ്ങളിൽ ഒരു line of promotion നിലവിലുണ്ടായിരിക്കും. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ തലം വരെയുള്ള അധ്യാപകരുടെ

ഇത്തരം പ്രൊമോഷൻ നിയമനങ്ങൾ കേരള വിദ്യാഭ്യാസ നിയമം, 1959-ലെ അധ്യായം XIV എ, ചട്ടം 43-ൽ പ്രതിപാദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിൽ താഴ്ന്ന കേഡറിലെ യോഗ്യരായ അധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉയർന്ന കേഡറിലെ അധ്യാപക തസ്തികയിലേക്ക് കേരള വിദ്യാഭ്യാസ നിയമം, 1959-ലെ അധ്യായം XIV എ, ചട്ടം 43 പ്രകാരം നിയമനാധികാരി പ്രൊമോഷൻ നിയമനം നൽകുന്നു. എന്നാൽ, The Kerala State and Subordinate Service Rules, 1958-ന്റെ പാർട്ട് 1 റൂൾ 2 (13) പ്രകാരം ഒരു സർവീസിൽ സേവനമനുഷ്ഠിക്കുന്ന പ്രൊബേഷൻ പൂർത്തീകരിച്ച ഒരു ഉദ്യോഗസ്ഥന് മറ്റൊരു സർവീസിലെ ഉയർന്ന കാറ്റഗറിയിലേക്കോ/ ഗ്രേഡിലേക്കോ ഇതിനായി രൂപീകരിച്ച വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസരിച്ചോ, അല്ലെങ്കിൽ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന രീതിയാണ് തസ്തികമാറ്റ നിയമനം. ഇത്തരം നിയമനങ്ങൾ line of promotion അടിസ്ഥാനമാക്കിയല്ല നടത്തുന്നത്. കൂടാതെ, ഓരോ തസ്തികകളിലേയ്ക്കുമുള്ള നിയമനരീതി അതുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ

എപ്രകാരമാണോ വ്യവസ്ഥ ചെയ്തിരിക്കുന്നത് അതിനെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കാൻ കഴിയുക. നിയമനം ലഭിക്കുന്ന തസ്തികയും അതിന്റെ ഫീഡർ കാറ്റഗറി തസ്തികകളും ഒരേ സർവീസിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അതിനെ പ്രൊമോഷൻ നിയമനമായും നിയമനം ലഭിക്കുന്ന തസ്തികയും അതിന്റെ ഫീഡർ കാറ്റഗറി തസ്തികകളും വ്യത്യസ്ത സർവീസിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം നിയമനത്തെ തസ്തികമാറ്റ നിയമനമായും വിവക്ഷിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, ഫുൾ ടൈം മീനിയൽ എന്നീ വിഭാഗങ്ങളിലെ 5% ആൾക്കാരെ അധ്യാപക തസ്തികകളിലേക്ക് തസ്തികമാറ്റം മുഖേന പി.എസ്.സി. വഴി നിയമിക്കുന്നു. കൂടാതെ, ഹൈസ്കൂൾ, പ്രൈമറി തലം വരെയുള്ള അധ്യാപകരുടെ ഹയർ സെക്കൻഡറി അധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളും ഇനി നടപ്പാക്കാൻ പോകുന്ന, 01-07-2023-ലെ സ.ഉ (പി) നം. 8/2023/പൊ.വി.വ ഉത്തരവുപ്രകാരമുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ലാബ് അസിസ്റ്റന്റുമാരുടേയും ഹയർ

സെക്കൻഡറി അധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളും 70:20:5:5 അനുപാതത്തിൽ തസ്തികമാറ്റം മുഖേനയാണ് നടത്തേണ്ടത്.

(സി) പ്രൈമറി അധ്യാപക തസ്തികയുടെ തൊട്ടുമുകളിലുള്ള ഹൈസ്കൂൾ അധ്യാപക കേഡർ തസ്തികയിലേക്ക് നിയമനങ്ങൾ നടത്തുന്നത് തസ്തികമാറ്റം/പ്രൊമോഷൻ വഴിയാണോ എന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രൈമറി അധ്യാപക തസ്തികയുടെ തൊട്ടുമുകളിലുള്ള ഹൈസ്കൂൾ അധ്യാപക കേഡർ തസ്തികയിലേക്ക് കേരള വിദ്യാഭ്യാസ നിയമം, 1959-ലെ അധ്യായം XIV എ, ചട്ടം 43 പ്രകാരം പ്രൈമറി അധ്യാപകരിൽനിന്നും പ്രൊമോഷൻ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിലെ 5% അനധ്യാപകരിൽനിന്നും തസ്തികമാറ്റം വഴിയും നിയമനങ്ങൾ നടത്തുന്നുണ്ട്.

(ഡി) ഹൈസ്കൂൾ അധ്യാപക തസ്തികയുടെ തൊട്ടടുത്ത അധ്യാപക കേഡർ തസ്തികയായ ഹയർ സെക്കൻഡറി ജൂനിയർ തസ്തികയിലേക്ക് നിലവിലുള്ള നിയമനം തസ്തികമാറ്റം വഴിയാണോ നടത്തുന്നതെന്ന്

വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾ നാളിതുവരെ നടത്തിയത് ഭരണ വകുപ്പ് ഡയറക്ടറാണോ എന്ന് വ്യക്തമാക്കാമോ?

എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികകളിലേക്ക് എച്ച്.എസ്.എ., എൽ.പി.എസ്.എ./യു.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ്, ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും യോഗ്യരായവർക്ക് തസ്തികമാറ്റ നിയമനം നൽകിവരുന്നു. 28-12-2020 വരെയുള്ള തസ്തികമാറ്റ ഒഴിവുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനയാണ് നികത്തിയിട്ടുള്ളത്.

(ഇ) നിലവിൽ ഹൈസ്കൂൾ അധ്യാപക തസ്തികയിൽനിന്നും ഹയർ സെക്കൻഡറി ജൂനിയർ അധ്യാപക തസ്തികകളിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം നടത്തുന്നതിന് പി.എസ്.സി.-യെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

01-07-2023-ലെ സ.ഉ.(പി)നം.8/2023/പൊ.വി.വ. പ്രകാരം 29-12-2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ പി.എസ്.സി. മുഖേന

നികത്തുന്നതിന് ഉത്തരവായിട്ടുണ്ട്. തുടർന്ന് പി.എസ്.സി. നിർദേശിച്ച ഭേദഗതി സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഹൈസ്കൂൾ അധ്യാപകരെ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപകരാക്കി സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിയമതടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

16-04-2001-ലെ സ.ഉ(പി) 144/2001/പൊ.വി.വ (എസ്.ആർ.ഒ. നമ്പർ 411/2001) പ്രകാരമുള്ള The Kerala Higher Secondary Education Subordinate Service Rules, 2001 വിശേഷാൽ ചട്ടത്തിലെ റൂൾ 3.1 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപക നിയമനരീതി രണ്ട് തരത്തിലാണ്. 75% നേരിട്ടുള്ള നിയമനവും 25% എച്ച്.എസ്.എ, യു.പി.എസ്.എ./എൽ.പി.എസ്.എ. എന്നീ തസ്തികകളിൽനിന്നുമുള്ള തസ്തികമാറ്റ നിയമനവും. തുടർന്ന് 01-07-2023-ലെ സ.ഉ (പി)നം. 8/2023/പൊ.വി.വ (എസ്.ആർ.ഒ നമ്പർ 735/2023) പ്രകാരം 29-12-2020 മുതലുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ ഒഴിവുകൾ

പി.എസ്.സി മുഖേന നികത്തുന്നതിനും എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ നിയമനത്തിന് എച്ച്.എസ്.എ, യു.പി.എസ്.എ./എൽ.പി.എസ്.എ. എന്നിവർക്കൊപ്പം ഹയർ സെക്കൻഡറിയിലെ മിനിസ്റ്റീരിയൽ വിഭാഗം, ലാബ് അസ്സിസ്റ്റന്റുമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തിയും ഉത്തരവായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിൽ പി.എസ്.സി. നിർദേശിച്ച ചില മാറ്റങ്ങൾ സർക്കാർ പരിഗണനയിലാണ്. അതുകൂടി പൂർത്തിയായാലേ എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ ഒഴിവുകളിലേക്ക് പി.എസ്.സി.-ക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനാകൂ. ഹൈസ്കൂൾ അധ്യാപകരെ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപകരാക്കി സീനിയോറിറ്റി അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിലുള്ള KS&SSR ചട്ടങ്ങൾ പ്രകാരവും കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവീസ് റൂൾസ്, 2001 പ്രകാരവുമാണ് ജൂനിയർ അധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുന്നത്

എന്നതിനാൽ ഈ തസ്തികയിലേക്ക് ഹൈസ്കൂൾ അസിസ്റ്റന്റുമാരെ പ്രൊമോഷൻവഴി നിയമിക്കാൻ കഴിയില്ല.

**അധ്യാപക തസ്തികകളിലേക്കുള്ള ബൈട്രാൻസ്ഫർ - പ്രൊമോഷൻ നിയമനങ്ങൾ**

220(5122) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ അധ്യാപക തസ്തികകളിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളും പ്രൊമോഷൻ നിയമനങ്ങളും തമ്മിലുള്ള അന്തരം വിശദമാക്കാമോ?

The Kerala State and Subordinate Service Rules, 1958-ന്റെ പാർട്ട് 1 റൂൾ 2 (13) പ്രകാരം ഒരു സർവീസിൽ സേവനമനുഷ്ഠിക്കുന്ന പ്രൊബേഷൻ പൂർത്തീകരിച്ച ഒരു ഉദ്യോഗസ്ഥന് മറ്റൊരു സർവീസിലെ ഉയർന്ന കാറ്റഗറിയിലേക്കോ/ഗ്രേഡിലേക്കോ ഇതിനായി രൂപീകരിച്ച വിശേഷാൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസരിച്ചോ അല്ലെങ്കിൽ മറ്റ് സർക്കാർ ഉത്തരവുകൾ പ്രകാരമോ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന രീതിയാണ് തസ്തികമാറ്റ നിയമനം. ഇത്തരം നിയമനങ്ങൾ line of

promotion അടിസ്ഥാനമാക്കിയല്ല നടത്തുന്നത്. എന്നാൽ, The Kerala State and Subordinate Service Rules, 1958-ന്റെ പാർട്ട് 1 റൂൾ 2 (11) പ്രകാരം ഏതെങ്കിലും ഒരു സർവീസിലോ, അല്ലെങ്കിൽ ഒരു ക്ലാസ് ഓഫ് സർവീസിലോഉള്ള ഒരു കാറ്റഗറിയിലോ/ഗ്രേഡിലോഉള്ള ഒരു ഉദ്യോഗസ്ഥന് അതേ സർവീസിലെയോ ക്ലാസ് ഓഫ് സർവീസിലെയോ അതിന് തൊട്ടുമുകളിലുള്ള കാറ്റഗറിയിലേക്കോ/ഗ്രേഡിലേക്കോ യോഗ്യത, സീനിയോറിറ്റി എന്നിവയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന രീതിയാണ് പ്രൊമോഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരം നിയമനങ്ങളിൽ ഒരു line of promotion നിലവിലുണ്ടായിരിക്കും. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾതലം വരെയുള്ള അധ്യാപകരുടെ ഇത്തരം പ്രൊമോഷൻ നിയമനങ്ങൾ കേരള വിദ്യാഭ്യാസ നിയമം, 1959-ലെ അധ്യായം XIV എ, ചട്ടം 43-ൽ പ്രതിപാദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിൽ താഴ്ന്ന കേഡറിലെ യോഗ്യരായ അധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉയർന്ന കേഡറിലെ അധ്യാപക തസ്തികയിലേക്ക് കേരള വിദ്യാഭ്യാസ നിയമം, 1959-ലെ അധ്യായം XIV എ, ചട്ടം 43 പ്രകാരം

നിയമനാധികാരി പ്രൊമോഷൻ നിയമനം നൽകുന്നു. കൂടാതെ, ഓരോ തസ്തികകളിലേക്കുമുള്ള നിയമനരീതി അതുമായി ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ എപ്രകാരമാണോ വ്യവസ്ഥ ചെയ്തിരിക്കുന്നത് അതിനെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കാൻ കഴിയുക. നിയമനം ലഭിക്കുന്ന തസ്തികയും അതിന്റെ ഫീഡർ കാറ്റഗറി തസ്തികകളും ഒരേ സർവീസിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അതിനെ പ്രൊമോഷൻ നിയമനമായും നിയമനം ലഭിക്കുന്ന തസ്തികയും അതിന്റെ ഫീഡർ കാറ്റഗറി തസ്തികകളും വ്യത്യസ്ത സർവീസിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം നിയമനത്തെ തസ്തികമാറ്റ നിയമനമായും വിവക്ഷിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, ഫുൾ ടൈം മീനിയൽ എന്നീ വിഭാഗങ്ങളിലെ 5% ആൾക്കാരെ അധ്യാപക തസ്തികകളിലേക്ക് തസ്തികമാറ്റം മുഖേന പി.എസ്.സി. വഴി നിയമിക്കുന്നു. കൂടാതെ, ഹൈസ്കൂൾ, പ്രൈമറി തലംവരെയുള്ള അധ്യാപകരുടെ ഹയർ സെക്കൻഡറി അധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളും ഇനി നടപ്പാക്കാൻ പോകുന്ന, 01-07-2023-ലെ സ.ഉ.(പി)നം.8/2023/പൊ.വി.വ ഉത്തരവുപ്രകാരമുള്ള

മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും ഹയർ സെക്കൻഡറി അധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളും തസ്തികമാറ്റം മുഖേനയാണ് നടത്തേണ്ടത്.

(ബി) പ്രൈമറി തലങ്ങളിലെ അധ്യാപകരെ ഹൈസ്കൂൾ അധ്യാപകരാക്കുന്നതിന് പ്രൊമോഷൻ അല്ലെങ്കിൽ ബൈട്രാൻസ്ഫർ നിയമനങ്ങളാണോ ഇപ്പോൾ തുടർന്നുവരുന്നത്; കാരണം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രൈമറി തലങ്ങളിലെ അധ്യാപകരെ ഹൈസ്കൂൾ അധ്യാപകരാക്കുന്നതിന് കേരള വിദ്യാഭ്യാസ നിയമം, 1959-ലെ അധ്യായം XIV എ, ചട്ടം 43 പ്രകാരം പ്രൊമോഷൻ വഴിയാണ് നിയമിക്കുന്നത്. കാരണം 'എ' പിരിവിൽ വിശദമാക്കിയിട്ടുണ്ട്.

(സി) ഹൈസ്കൂൾ അധ്യാപകരെ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപകരാക്കുന്നതിന് പ്രൊമോഷൻ രീതി അവലംബിക്കുന്നതിൽ എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

16-04-2001-ലെ സ.ഉ(പി) നം.144/2001/പൊ.വി.വ. (എസ്.ആർ.ഒ. നമ്പർ 411/2001) പ്രകാരമുള്ള The Kerala Higher Secondary Education Subordinate Service Rules, 2001 വിശേഷാൽ ചട്ടത്തിലെ റൂൾ 3.1 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിൽ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപക നിയമനരീതി രണ്ട് തരത്തിലാണ്. 75% നേരിട്ടുള്ള നിയമനവും 25% എച്ച്.എസ്.എ, യു.പി.എസ്.എ./എൽ.പി.എസ്.എ. എന്നീ തസ്തികകളിൽനിന്നുമുള്ള തസ്തികമാറ്റ നിയമനവും. തുടർന്ന് 01-07-2023-ലെ സ.ഉ (പി)നം.8/2023/പൊ.വി.വ. (എസ്.ആർ.ഒ. നമ്പർ 735/2023) പ്രകാരം 29-12-2020 മുതലുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിനും എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ നിയമനത്തിന് എച്ച്.എസ്.എ., യു.പി.എസ്.എ./ എൽ.പി.എസ്.എ. എന്നിവർക്കൊപ്പം ഹയർ സെക്കൻഡറിയിലെ മിനിസ്റ്റീരിയൽ വിഭാഗം, ലാബ് അസ്സിസ്റ്റന്റുമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തിയും ഉത്തരവായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിൽ പി.എസ്.സി. നിർദേശിച്ച ചില മാറ്റങ്ങൾ സർക്കാർ

പരിഗണനയിലാണ്. അതുകൂടി പൂർത്തിയായാലേ എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ ഒഴിവുകളിലേക്ക് പി.എസ്.സി.-ക്ക് വിജ്ഞാപനം പുറപ്പെടുവിക്കാനാകൂ. KS&SSR പ്രകാരവും മേൽ വിവരിച്ച പ്രകാരം വിശേഷാൽ ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിലും ഹൈസ്കൂൾ അധ്യാപകരെ ഹയർ സെക്കൻഡറി ജൂനിയർ അധ്യാപകരാക്കുന്നതിന് പ്രൊമോഷൻ രീതി അവലംബിക്കുന്നതിൽ നിയമതടസ്സമുണ്ട്.

(ഡി) 28-12-2020-നുശേഷം നാളിതുവരെ എത്ര പ്രൊമോഷൻ/ ബൈട്രാൻസ്ഫർ നിയമനങ്ങളാണ് ഹൈസ്കൂൾ വിഭാഗത്തിൽനിന്നും ഹയർ സെക്കൻഡറി ജൂനിയർ വിഭാഗത്തിലേക്ക് നടത്തിയതെന്ന് വ്യക്തമാക്കാമോ; നിയമനം നടത്തിയില്ലെങ്കിൽ കാരണം വിശദമാക്കാമോ?

28-12-2020-നുശേഷമുള്ള ഒഴിവുകളിലേക്ക് ഹൈസ്കൂൾ വിഭാഗത്തിൽനിന്നും ഹയർ സെക്കൻഡറി വിഭാഗത്തിലേക്ക് തസ്തികമാറ്റ നിയമനങ്ങൾ നടന്നിട്ടില്ല. 29-12-2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നികത്തുന്നതിനുള്ള ചട്ടഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

## അധ്യാപക നിയമനങ്ങൾ

221(5123) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എൽ.പി.എസ്.റ്റി., യു.പി.എസ്.റ്റി., എച്ച്.എസ്.റ്റി., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ), എച്ച്.എസ്.എസ്.റ്റി.(സീനിയർ) തസ്തികകളിലായി എത്ര അധ്യാപക നിയമനങ്ങൾ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമായി നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>സർക്കാർ സ്കൂളുകളിലെ നിയമനം</u>**

എൽ.പി.എസ്.റ്റി. - 5109

യു.പി.എസ്.റ്റി. - 4180

എച്ച്.എസ്.റ്റി.-3530

എച്ച്.എസ്.എസ്.റ്റി - 62

എച്ച്.എസ്.എസ്.റ്റി ജൂനിയർ - 1066

നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ)-30

നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)-49

**എയ്ഡഡ് സ്കൂളുകളിലെ നിയമനം**

എൽ.പി.എസ്.റ്റി.- 5367

യു.പി.എസ്.റ്റി.- 4970

എച്ച്.എസ്.റ്റി.-3839

എച്ച്.എസ്.എസ്.റ്റി.- 842

എച്ച്.എസ്.എസ്.റ്റി. ജൂനിയർ - 554

നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ)-10

നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ)-25

**ഹിന്ദി ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിങും ബിരുദവുമുള്ളവരെ ഹെഡ്മാസ്റ്റർ പദവിയിലേക്ക് പരിഗണിക്കൽ**

222(5124) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.ഇ.ആർ. ചാപ്റ്റർ XXXII റൂൾ 6(4)-ൽ ചേർത്തിട്ടുള്ള നോട്ട് (iii)-ൽ ഭാഷാ അധ്യാപക കോഴ്സ് പാസ്സായവരെ ബി.എഡ്. നേടുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ഇങ്ങനെ അധ്യാപകരായി നിയമിക്കപ്പെടുന്നവർക്ക് പ്രിൻസിപ്പൽ ആകുന്നതിന് തടസ്സമില്ലാത്തനിലയ്ക്ക് ഹിന്ദി ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിങ്ങും ബിരുദവുമുള്ള ഹൈസ്കൂൾ അധ്യാപകരെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് പദവിയിലേക്ക് പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

01-08-2016-ലെ സ.ഉ.(എം.എസ്.)നം.130/2016/പൊ.വി.വ. പ്രകാരം എൽ.റ്റി.റ്റി.സി./ഡി.എൽ.ഇ.ഡി. (അറബിക്, ഉറുദു, ഹിന്ദി) കോഴ്സുകൾ ബി.എഡ്. ബിരുദത്തിന് തുല്യമല്ല. അതിനാൽ അത്തരം അധ്യാപകരെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് പദവിയിലേക്ക് പരിഗണിക്കുന്നതിന് കഴിയുകയില്ല.

**ഇംഗ്ലീഷ് അധ്യാപകരുടെ ഒഴിവുകൾ**

223(5125) <u>ശ്രീ. നജീബ് കാന്തപുരം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ എത്ര അധ്യാപകരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

84 അധ്യാപകരുടെ ഒഴിവുകളാണ് നിലവിലുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിലവിലുള്ള ഒഴിവുകളിൽ നിയമാനുസൃതമുള്ള നിശ്ചിത ശതമാനം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റം, സമാശ്വാസ തൊഴിൽദാന പദ്ധതി, ബൈട്രാൻസ്ഫർ എന്നിവ വഴി നികത്താവുന്നതാണ്.

**അധ്യാപകരുടെ ഒഴിവ്**

224(5126) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ‍ുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ നിലവിലുള്ള അധ്യാപകരുടെ ഒഴിവുകൾ ജില്ല, വിഭാഗം എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

എൽ.പി., യു.പി., എച്ച്.എസ്.റ്റി. വിഭാഗങ്ങളിലെ നിലവിലുള്ള അധ്യാപകരുടെ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു+.

ഹയർ സെക്കൻഡറി വിഭാഗത്തിലെ നിയമനം സംസ്ഥാന തലത്തിലായതിനാൽ ടി വിഭാഗം അധ്യാപകരുടെ ഒഴിവുകളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു+.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ നിലവിലുള്ള അധ്യാപകരുടെ ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത അധ്യാപകരുടെ ഒഴിവുകൾ നികത്താൻ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വിശദമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 2024-ലെ പ്രതീക്ഷിത വിരമിക്കൽ ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകളിൽ നിയമനാനുസൃതമുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത അധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2024 ജൂൺ മുതലുണ്ടായ ഒഴിവുകളിൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയത്തിനുശേഷം തസ്തിക നഷ്ടപ്പെടുന്ന അധ്യാപകരെ മാറ്റി നിയമിച്ചശേഷം ബാക്കിവരുന്ന ഒഴിവുകൾ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ നിയമനം, പ്രൊമോഷൻ എന്നിങ്ങനെ വിഹിതംചെയ്ത് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി) വിഭാഗത്തിൽ ബാച്ച് ഷിഫ്റ്റിങ് മുഖേനയും കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് മുഖേനയും തസ്തികകളിൽ മാറ്റംവരുന്നതിനാൽ സ്റ്റാഫ്

ഫിക്സേഷൻ നടപടികൾ പൂർത്തിയായി തസ്തികകളുടെ എണ്ണം കൃത്യമായതിനുശേഷം മാത്രമേ ഒഴിവുകൾ നികത്താൻ സാധിക്കുകയുള്ളൂ. പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി) വിഭാഗത്തിൽ നോൺ വൊക്കേഷണൽ ടീച്ചർ സീനിയർ തസ്തികയിലെ 40 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 14 ഒഴിവുകൾ ബൈട്രാൻസ്ഫർ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാറുന്ന തൊഴിൽ സംസ്കാരവും തൊഴിലാളികളുടെ ഭാവിയും**

225(5127) <u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. വാഴൂർ സോമൻ:</u>
<u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ-സാമ്പത്തിക-വ്യാവസായിക രംഗത്ത് ലോകം പിന്തുടരുന്ന സംവിധാനങ്ങളിൽനിന്നും ഘടനാപരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിൽ മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ സമഗ്രവിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ വിദ്യാർഥികളുടെ തൊഴിൽക്ഷമത വർധിപ്പിക്കാൻ സംസ്ഥാനത്തിന്റെ തൊഴിൽ നൈപുണ്യ വികസന നിലവാരം ഉയർത്തുന്നതിന് പ്രധാന ചാലകശക്തിയായി നിൽക്കുന്നത് വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള സർക്കാർ/സ്വകാര്യ ഐ.റ്റി.ഐ.-കളാണ്. വ്യാവസായിക രംഗത്തുനിന്നും ലോകം പിന്തുടരുന്ന സംവിധാനങ്ങളിൽനിന്നും ഘടനാപരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിൽ മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ കാലഹരണപ്പെട്ട ട്രേഡുകൾ റീവാമ്പിങ്ങിലൂടെ ഒഴിവാക്കി പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംരംഭകത്വ പരിശീലനവും സിലബസിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപത്തിയഞ്ചോളം ന്യൂജെൻ ട്രേഡുകളിൽ പരിശീലനം നൽകാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ജനറേറ്റീവ് ടെക്നോളജിയുടെ വരവുമൂലം നിരവധി തൊഴിൽമേഖലകൾ കാലഹരണ

ഭീഷണി നേരിടുകയാണ്. അത് ഘടനാപരമായ സങ്കീർണ്ണതയിലേക്ക് നയിച്ചിട്ടുണ്ട്. നിലവിലെ വ്യവസായിക രംഗത്തിന് ആവശ്യമാകുന്ന തരത്തിലുള്ള തൊഴിൽക്ഷമതയുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവുമൂലമുണ്ടാകുന്ന സ്ട്രക്ചറൽ അൺഎംപ്ലോയ്മെന്റാണ് നിലവിൽ കേരളത്തിൽ യുവാക്കളുടെ ഇടയിൽ തൊഴിലില്ലായ്മയുടെ പ്രധാനപ്പെട്ട കാരണം. ഇത് മറികടക്കുന്നതിനുവേണ്ടി ലോകത്തെമ്പാടും പുതുതായി രൂപപ്പെട്ടുവരുന്ന തൊഴിൽ മേഖലകളിലും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലകളിലുമുള്ള തൊഴിലുകൾക്ക് അനുയോജ്യമായ രീതിയിൽ നമ്മുടെ സംസ്ഥാനത്തെ യുവാക്കളെയും മറ്റും പ്രാപ്തരാക്കുന്നതിനുവേണ്ടി ആ മേഖലകൾക്ക് അനുയോജ്യമായ നൈപുണ്യവികസന പ്രവർത്തനങ്ങൾക്ക് അതത് മേഖലയിലെ വ്യാവസായിക പ്രമുഖരുമായി ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കുന്നതുവഴി ഘടനാപരമായ സങ്കീർണ്ണതകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അതോടൊപ്പംതന്നെ ഘടനാപരമായ സങ്കീർണ്ണതകൾ ഒരിക്കലുണ്ടായാൽ, അത് കുറേക്കാലം നീണ്ടുനിൽക്കുന്നതാണ്. ആ

ദീർഘകാലം നീണ്ടുനിൽക്കുന്ന അവസ്ഥയുണ്ടാകുമ്പോൾ രണ്ട് തരത്തിലുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്:

1) ഇതിനോടകംതന്നെ ഘടനാപരമായ സങ്കീർണ്ണതകൾമൂലം തൊഴിലില്ലായ്മ നേരിടുന്ന യുവാക്കൾക്കോ തൊഴിലാളികൾക്കോ ഒരു ക്യൂറേറ്റീവ് മോഡലിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതുവഴി അവർക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കും.

2) ഹൈസ്കൂൾ മുതലുള്ള കുട്ടികൾക്കിടയിൽ വൊക്കേഷണൽ ഓറിയന്റേഷൻ നൽകി അവർക്കനുയോജ്യമായ തൊഴിൽ മേഖലകൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും അവരുടെ ശക്തികൾക്കും ദൗർബല്യങ്ങൾക്കും അനുസൃതമായി നൈപുണ്യശേഷി ആർജിച്ചെടുക്കുന്നതുവഴി അവർക്കിണങ്ങുന്ന തൊഴിൽ മേഖലകളിലേക്ക് കാലേക്കൂട്ടി എത്തിച്ചേരാവുന്ന തരത്തിൽ ഇവരെ തയ്യാറാക്കുന്ന രീതിയിൽ ഒരു വൊക്കേഷണൽ ഓറിയന്റേഷൻ വേണം. അത് ഒരു സ്ട്രക്ച്ചറൽ മാറ്റമാണ്. എട്ടാം ക്ലാസ് മുതലുള്ള വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും മറ്റ്

ഗുണഭോക്താക്കൾക്കും വൊക്കേഷണൽ ഓറിയന്റേഷൻ നൽകുന്നതിനുള്ള നടപടികൾ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) ഇതിനോടകം കൈക്കൊണ്ടിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ പിന്തുടർന്നുവരുന്ന നിലവിലെ സംവിധാനങ്ങളിൽനിന്നും ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമായി തൊഴിൽമേഖലയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) വ്യാവസായിക മേഖലയിൽ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഉൽപാദന പ്രക്രിയകൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിശീലനം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

വ്യാവസായിക മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉൽപാദന പ്രക്രിയകൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിശീലനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിനുകീഴിലുള്ള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് നൈപുണ്യ വികസനവും സാങ്കേതിക പരിജ്ഞാനവും നൽകാനായി 'നവശക്തി-23' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിൽ വിപണി സാഹചര്യങ്ങളുടെ മാറ്റങ്ങൾക്കനുസൃതമായി ചുമട്ടുതൊഴിലാളി സമൂഹത്തെ പരിഷ്കരിക്കുന്നതിനും പൊതുസമൂഹത്തിനിടയിലെ ചുമട്ടുതൊഴിലാളികളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാക്കാനും ലക്ഷ്യംവച്ച് ചുമട്ടുതൊഴിലാളികളെ തിരഞ്ഞെടുത്ത് അവർക്ക് ത്രിതല പരിശീലനം, പ്രത്യേക യൂണിഫോം, നൂതന സുരക്ഷാ ഉപകരണങ്ങൾ എന്നിവ നൽകുന്ന പദ്ധതിയാണ് 'നവശക്തി-23'. തൊഴിലാളികളുടെ വർക്ക് അലോട്ട്മെന്റ്, വേതന വിതരണം,

തൊഴിലുടമകളുടെ ബോർഡിലേക്കുള്ള പണമടവ് എന്നിവ പൂർണ്ണമായും മൊബൈൽ ആപ്പ്, സോഫ്റ്റ്‌വെയർ എന്നിവവഴി ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ആലുവ ഐ.എസ്.ആർ.ഒ. യാർഡ്, ആലുവ ഗോഡൗൺ, ഇടയാർ ഇൻഡസ്ട്രിയൽ പാർക്ക്, തൃക്കാക്കര ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ 150 ചെറുപ്പക്കാരായ തൊഴിലാളികളെ തിരഞ്ഞെടുത്ത് മൂന്ന് മാസത്തോളം അവർക്ക് സുരക്ഷാആരോഗ്യ പരിശീലനം, സോഫ്റ്റ് സ്കിൽ പരിശീലനം, ടെക്നിക്കൽ പരിശീലനം, പ്രത്യേക യൂണിഫോം എന്നിവ നൽകുകയും അവർക്ക് സർട്ടിഫിക്കറ്റ്, ഫോർക്ക് ലിഫ്റ്റ്, മിനി ക്രെയിൻ എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള ഡ്രൈവിങ് ലൈസൻസ് ലഭ്യമാക്കുകയും ചെയ്തു.

ആധുനിക സാങ്കേതികവിദ്യകൊണ്ട് മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന വ്യാവസായിക മേഖലകൾക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിനുവേണ്ടി അതത് മേഖലകളിലെ വ്യാവസായിക പ്രമുഖരുമായി സഹകരിച്ചുകൊണ്ട് മികവിന്റെ കേന്ദ്രങ്ങൾ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) സ്ഥാപിച്ചിട്ടുണ്ട്. ഈ മികവിന്റെ കേന്ദ്രങ്ങൾവഴി അതത്

മേഖലകൾക്കിണങ്ങുന്ന ഏറ്റവും നൂതനമായ ശാസ്ത്ര സാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. രാജ്യത്ത് ഏറ്റവും മികച്ചതും നൂതനവുമായ സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ നിർമ്മാണ മേഖലയിൽ നൈപുണ്യ വികസനം നൽകുന്നതിന് Indian Institute of Infrastructure and Construction (IIIC) എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. കൂടാതെ ലൈഫ് സയൻസ് മേഖലയിലും ഓയിൽ ആൻഡ് റിഗ് മേഖലയിലും കെയ്സിന്റെ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മറ്റ് മേഖലകളിൽ മാറുന്ന സാഹചര്യത്തിൽ അനുയോജ്യമായ നൈപുണ്യ വികസന പ്രവർത്തനങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെയ്സിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ഫാക്ടറി തൊഴിലാളികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, സൂപ്പർവൈസർമാർ, മാനേജ്മെന്റ് പ്രതിനിധികൾ തുടങ്ങിയവർക്ക് വിവിധ സുരക്ഷിതത്വ ആരോഗ്യ പരിശീലന പരിപാടികൾ

സംഘടിപ്പിക്കുന്നതിനായി ഇന്ത്യയിലെ ആദ്യത്തെ ഒക്യുപേഷണൽ ഹെൽത്ത് & സേഫ്റ്റി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (ഒ.ടി.ഐ.) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിനുകീഴിൽ എറണാകുളത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടി ഓഫ്‌ലൈൻവഴിയും ഓൺലൈൻവഴിയും വിവിധ പരിശീലന പരിപാടികൾ ഒ.ടി.ഐ. മുഖേന സംഘടിപ്പിച്ചുവരുന്നു. സഞ്ചരിക്കുന്ന മൊബൈൽ സുരക്ഷാ പരിശീലന വാഹനമായ 'സുരക്ഷാരഥം' മുഖേനയും വിവിധ ആരോഗ്യ-സുരക്ഷിതത്വ പരിശീലന പരിപാടികൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്.

2023 ഫെബ്രുവരി 6, 7 തീയതികളിൽ കൊച്ചിയിൽവച്ച് കേരള ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് "ഇന്റർനാഷണൽ വിഷൻ സീറോ കോൺക്ലേവ് ഓൺ ഒക്യുപേഷണൽ സേഫ്റ്റി & ഹെൽത്ത് 2023-സുരക്ഷിതം 2.0" എന്ന ദ്വിദിന രാജ്യാന്തര സെമിനാർ സംഘടിപ്പിച്ചു. "ഇൻഡസ്ട്രി 4.0-തൊഴിൽ ആരോഗ്യ സുരക്ഷിതത്വത്തിലെ വെല്ലുവിളികളും അവസരങ്ങളും (Industry 4.0-challenges and opportunities in Occupational Safety and Health)" എന്ന പ്രമേയത്തിലൂന്നി ജർമൻ സോഷ്യൽ ആക്സിഡന്റ്

ഇൻഷ്വറൻസ് ഏജൻസിയായ DGUV ജർമ്മനി, ഇന്റർനാഷണൽ സോഷ്യൽ സെക്യൂരിറ്റി അസോസിയേഷനായ ISSA, ഇന്റോ-ജർമ്മൻ ഫോക്കൽ പോയിന്റ് (IGFP), നാഷണൽ സേഫ്റ്റി കൗൺസിൽ - കേരള ചാപ്റ്റർ എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് ഈ കോൺക്ലേവ് വകുപ്പ് സംഘടിപ്പിച്ചത്. നാലാം വ്യാവസായിക വിപ്ലവം (Industry 4.0) മുൻനിർത്തി ആധുനിക സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, മെഷീൻ ലേണിങ്, IOT, ഡാറ്റാ അനലിറ്റിക്സ് എന്നീ സംവിധാനങ്ങളെ തൊഴിൽ അപകടങ്ങളും തൊഴിൽജന്യരോഗങ്ങളും തടയുന്നതിനായി പ്രയോജനപ്പെടുത്തുകയും അതുപോലെ വ്യവസായ മേഖലയിൽ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാൻ സാധ്യതയുള്ള തൊഴിൽ ആരോഗ്യസുരക്ഷിതത്വ വെല്ലുവിളികളെ വിലയിരുത്തുന്നതിനുമായി ജർമ്മനി, നെതർലാൻഡ്, അമേരിക്ക, ഫ്രാൻസ്, യുണൈറ്റഡ് കിങ്ഡം തുടങ്ങിയ രാജ്യങ്ങളിലെ പന്ത്രണ്ടോളം പ്രഗല്ഭരായ വിദേശ വിദഗ്ധരാണ് ടി അന്താരാഷ്ട്ര കോൺഫറൻസിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചത്. അന്താരാഷ്ട്ര തൊഴിൽ സംഘടന(ILO)-യുമായി

ചേർന്ന് ചെറുകിട കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്കും/ തൊഴിലാളി യൂണിയൻ നേതാക്കൾക്കും തൊഴിലുടമകൾക്കുമായി നൂതന പരിശീലന പരിപാടിയായ WISCON (Work Improvements for Small Construction Site) എന്ന പരിശീലന പരിപാടി ഇന്ത്യയിൽത്തന്നെ ആദ്യമായി ഐ.എൽ.ഒ. സംഘടിപ്പിച്ചത് കേരള ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുമായി ചേർന്ന് 2020 ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരത്ത് വച്ചാണ്. ഇതിന്റെ തുടർച്ചയായി ഐ.എൽ.ഒ.-യുമായി ചേർന്ന് ചെറുകിട വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും/തൊഴിലാളി യൂണിയൻ നേതാക്കൾക്കും തൊഴിലുടമകൾക്കും WISE (Work Improvement for Small Enterprises) എന്ന പരിശീലന പരിപാടി 2022 ഏപ്രിൽ മാസം എറണാകുളത്തെ വകുപ്പിന്റെ പരിശീലന കേന്ദ്രമായ ഒ.ടി.ഐ.-യിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. 2024 മാർച്ച് 11 മുതൽ 15 വരെ തീയതികളിലായി WISE (Work Improvement for Small Enterprises), WISCON (Work Improvements for Small Construction Site) എന്നീ പരിശീലന പരിപാടികൾ

തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ ഐ.എൽ.ഒ.-യുമായി ചേർന്ന് വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി.

(സി) കോവിഡ് മഹാമാരിക്കുശേഷം ഡിജിറ്റൽ തൊഴിൽ പ്ലാറ്റ്ഫോമിന്റെ വളർച്ച കാര്യക്ഷമമായി ഉപയോഗപ്പെടുത്തി തൊഴിൽ സാധ്യതകളെ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സേവനം മെച്ചപ്പെടുത്തുന്നതിനുമായി khwwb.org എന്ന ക്ഷേമ ബോർഡ് വെബ്സൈറ്റിൽ സി.എം.എസ്. പോർട്ടൽ സംവിധാനം ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ നടപ്പാക്കിയിട്ടുണ്ട്.

ലോക കേരള സഭയുടെ 2020 ജനുവരി 1, 2 തീയതികളിൽ നടന്ന രണ്ടാം സമ്മേളനത്തിൽ തൊഴിൽ വകുപ്പിൽനിന്നും സർക്കാരിന് മികച്ച പ്രൊഫഷണലുകളെ കണ്ടെത്താൻ സഹായകരമായ വിധത്തിൽ പ്രവാസികൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണമെന്നുള്ള ശിപാർശ ഉൾപ്പെട്ടിരുന്നു. ഇതിന്റെയടിസ്ഥാനത്തിലും കോവിഡ്

മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലയിലും തൊഴിൽ നഷ്ടപ്പെടലും സാമ്പത്തികമാന്ദ്യവും ഉടലെടുക്കുകയും നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുകയും ചെയ്ത പശ്ചാത്തലത്തിൽ അവരിൽനിന്നും വിദഗ്ധതൊഴിലാളികളെ കണ്ടെത്തുന്നതിനും തിരികെ വന്നവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാകുന്ന സ്വയംതൊഴിൽ/കരിയർ സേവനങ്ങൾ ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിനുമായി ഓൺലൈനായി പ്രവാസികൾക്കായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോർട്ടൽ പ്രാബല്യത്തിൽവരികയും ചെയ്തിട്ടുണ്ട്.

കോവിഡ് മഹാമാരിക്കുശേഷം ഡിജിറ്റൽ ടെക്നോളജിയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലെയുള്ള ജനറേറ്റീവ് ടെക്നോളജിയുടെയും പിന്തുണയിൽ വിവിധ തൊഴിൽ മേഖലകളിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സഹായത്തോടുകൂടി മികച്ചരീതിയിൽ പ്രവർത്തനം സാധ്യമാക്കുന്നതിനുവേണ്ടി നൈപുണ്യ വികസനം ഹൈബ്രിഡ് (ഓൺലൈൻ & ഓഫ്‌ലൈൻ) മാതൃകയിൽ സംഘടിപ്പിക്കുകയും ഇതുമായി

ബന്ധപ്പെട്ട വിവിധ മേഖലകൾ മനസ്സിലാക്കി ജോലി ചെയ്യുന്നതിനുള്ള കരിയർ ഗൈഡൻസ് നൽകുകയും ഇത്തരത്തിലുള്ള ഡിജിറ്റൽ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നൈപുണ്യ പരിശീലനം വിവിധ ഏജൻസികളുമായും ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമുകളുമായും സഹകരിച്ച് കെയ്സ് മുഖേന നടപ്പാക്കിവരികയാണ്.

(ഡി) ആധുനിക സാങ്കേതികവിദ്യയുടെ വർധിച്ച കടന്നുകയറ്റം ആഗോള മേഖലയിലുണ്ടാക്കിയിട്ടുള്ള കൂട്ടപിരിച്ചുവിടലുകളും തൊഴിൽ ലഭ്യതയിലെ കുറവും കാര്യക്ഷമമായി പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ആധുനിക സാങ്കേതികവിദ്യയുടെ വർധിച്ച കടന്നുകയറ്റം ആഗോള മേഖലയിലുണ്ടാക്കിയിട്ടുള്ള കൂട്ടപിരിച്ചുവിടലുകളും തൊഴിൽ ലഭ്യതയിലെ കുറവും കാര്യക്ഷമമായി പ്രതിരോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

ആധുനിക സാങ്കേതികവിദ്യയുടെ വർധിച്ച കടന്നുകയറ്റംമൂലം ആവർത്തിത സ്വഭാവമുള്ള എല്ലാ തൊഴിലുകളും ഓട്ടോമേറ്റ് ചെയ്യപ്പെടുകയും

ജനറേറ്റീവ് സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും യന്ത്രവൽകൃതമാകുകയും ചെയ്തിട്ടുണ്ട്. ഇത് പരമ്പരാഗത മേഖലയിൽ ഉൾപ്പെടുന്ന വലിയ വിഭാഗം തൊഴിൽമേഖലയെ പ്രതികൂലമായി ബാധിക്കും. ഇത് മുന്നിൽക്കണ്ട് മൂന്ന് തരത്തിലുള്ള നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ചാണ് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE ഈ പ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുന്നത്:

1) ആധുനിക സാങ്കേതികവിദ്യയുടെ വർധിച്ച കടന്നുകയറ്റംമൂലം തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും പ്രവർത്തിച്ചിരുന്നവരെയും കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി മേല്പറഞ്ഞ തൊഴിൽമേഖലയിൽനിന്നുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിന് അവരെ 'സ്കിൽ രജിസ്ട്രി' എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിരവരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുന്നതിന് 'പ്രതീക്ഷ' എന്ന പേരിൽ ഒരു പദ്ധതി കെയ്സ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

2) ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ വിവിധ മേഖലകൾ യന്ത്രവൽകൃതമാവുകയോ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തുകയോ ചെയ്യുമ്പോൾ ഒരു ഹ്യൂമൻ-ഹ്യൂമനോയ്ഡ് കൊളാബറേറ്റീവ് വർക്ക് മാതൃകയുണ്ടാകും. അത്തരത്തിൽ യന്ത്രങ്ങളുമായി ചേർന്ന് ജോലി ചെയ്യുന്നതിന് നമ്മുടെ സംസ്ഥാനത്ത് യുവാക്കളെ പരിചയപ്പെടുത്തുന്നതിനുവേണ്ടി നൈപുണ്യ വികസന പ്രവർത്തനങ്ങൾ ജനറേറ്റീവ് ടെക്നോളജി, ഓട്ടോമോട്ടീവ് ടെക്നോളജി, ഡ്രോൺ ടെക്നോളജി തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം രൂപപ്പെടുത്തിയിട്ടുണ്ട്.

**നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന**

**(1) <u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>**

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ വിദ്യാർഥികൾക്കും തൊഴിൽരഹിതർക്കുംവേണ്ടി 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ

(സി.ഡി.സി). കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ സെന്ററുകളായാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്.

**(2) <u>എംപ്ലോയബിലിറ്റി സെന്റർ</u>**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ്സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ പരിശീലനം

നൽകിവരുന്നു. കൂടാതെ തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു.

**(3) കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

**(4) മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. ഓരോ ജോബ് ക്ലബിലും തിരഞ്ഞെടുക്കുന്ന തൊഴിലനുസരിച്ച് രണ്ട് പേരിൽ കുറയാത്ത അംഗങ്ങൾവീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്.

**(5) <u>ശരണ്യ</u>**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന

പദ്ധതിയാണിത്.

**(6) നവജീവൻ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖാന്തരം സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നവജീവൻ എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പാത്തുകയുടെ 25% (12500/-രൂപ) സർക്കാർ സബ്സിഡി അനുവദിച്ച് നൽകുന്നതുമാണ് ഈ പദ്ധതി.

**(7) അൺ എംപ്ലോയ്മെന്റ് അലവൻസ് സ്കീം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ 21-35-നും മധ്യേ പ്രായമുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി വകുപ്പ് മുഖേന തൊഴിൽരഹിത വേതനപദ്ധതി എന്ന പേരിൽ ഒരു ക്ഷേമപദ്ധതി നടപ്പാക്കിവരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 21,38,18,000/- രൂപ ബജറ്റിൽ വകയിരുത്തുകയും 6040 ഗുണഭോക്താക്കൾക്കായി 16,85,520/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**(8) സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി**

സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തിരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെക്കുറിച്ച് ഉദ്യോഗാർഥികൾ, വിദ്യാർഥികൾ, രക്ഷിതാക്കൾ,

സാമൂഹ്യ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗനിർദേശങ്ങളും നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധിച്ചുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ, സർവകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**(9) നിയുക്തി**

സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2015 വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിയുക്തി എന്ന പേരിൽ മെഗാ ജോബ്ഫെയർ നടത്തിവരുന്നുണ്ട്. തൊഴിലുടമകളെയും ഉദ്യോഗാർഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരിക എന്ന ആശയമാണ് മെഗാ റിക്രൂട്ട്മെന്റ് മേളകളായി രൂപാന്തരം പ്രാപിച്ചത്.

ഇടനിലക്കാരില്ലാതെ വകുപ്പ് നേരിട്ട് തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

**(10) മോഡൽ കരിയർ സെന്റർ**

നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദായകരായ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ എന്ന പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് വിഭാവന ചെയ്തിട്ടുള്ളത്. ടി സെന്റർ സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമായ സമഗ്രമായ കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. തിരുവനന്തപുരത്ത് മോഡൽ കരിയർ സെന്റർ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാണ്. ആറ്റിങ്ങൽ, നോർത്ത് പറവൂർ, ആലുവ, കൊച്ചി, തലപ്പള്ളി, കാട്ടാക്കട, കോതമംഗലം, മൂവാറ്റുപുഴ, മാവേലിക്കര, ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിൽ മോഡൽ കരിയർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**(11) സമന്വയ**

സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന 2020-21 സാമ്പത്തിക വർഷം മുതൽ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സമന്വയ. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വിദൂര പ്രദേശങ്ങളിലെ മേഖലയിൽ നേരിട്ടെത്തി, തൊഴിൽ മാർഗനിർദേശം, സ്വയംതൊഴിൽ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം, തൊഴിൽ സംബന്ധമായ അറിവ് നൽകൽ, മത്സരപരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, അഭിമുഖം, സംഘചർച്ച എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, മത്സര പരീക്ഷകൾക്കായും മറ്റും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നുനൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, കരിയർ മാർഗനിർദേശം, സ്വയംതൊഴിൽ ചെയ്യാനുള്ള നൈപുണ്യ വികസന പിന്തുണ, സംരംഭകത്വ

വികസനം, നൈപുണ്യ പരിശീലനം തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

**(12) <u>കൈവല്യ</u>**

ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ. പ്രസ്തുത പദ്ധതി 2016-ൽ ആരംഭിച്ചു. 2016-ൽ പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 9195 ഭിന്നശേഷിക്കാർക്ക് 45,95,40,000/-രൂപ സ്വയം തൊഴിൽ വായ്പയായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ 2,10,000/- രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് 3619 ഉദ്യോഗാർഥികൾക്ക് വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, 7,60,000/- രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് 2216 ഉദ്യോഗാർഥികൾക്ക് കപ്പാസിറ്റി ബിൽഡിങ്, 60,00,000/-രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് 1275 ഉദ്യോഗാർഥികൾക്ക് മത്സര പരീക്ഷാ പരിശീലനവും നൽകിയിട്ടുണ്ട്.

**ബാലവേല നിരോധനം**

226(5128) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി ബാലവേല നിരോധിച്ച സംസ്ഥാനമെന്ന ഖ്യാതി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ബാലവേല വിമുക്തമാക്കുന്നതിനുള്ള നടപടി സംസ്ഥാനം 2007 മുതൽ തന്നെ തുടർന്നുവരുന്നു. 31-10-2007-ലെ G.O(Rt) No.3226/2007/LBR പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും തൊഴിൽ വകുപ്പ് സെക്രട്ടറി കൺവീനറായും ധനകാര്യം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, ഫിഷറീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം, എസ്.സി./എസ്.റ്റി. , റവന്യൂ , വിവര പൊതുജനസമ്പർക്കം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായി കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബർ രൂപീകരിക്കുകയും തൊഴിൽ വകുപ്പ് തന്നെ പ്രത്യേക ശ്രദ്ധചെലുത്തി പരിശോധനകൾ നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. അതുകൊണ്ടുതന്നെ ബാലവേല നിരോധിത സംസ്ഥാനം എന്ന ഖ്യാതി കേരളത്തിനുണ്ട്.

(ബി) ബാലവേല നിർത്തലാക്കുന്നതിനായി തൊഴിൽ വകുപ്പിനുകീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം പരിശോധന നടത്തുന്നതിനൊപ്പംതന്നെ 1986-ലെ ചൈൽഡ് ആൻഡ് അഡോളസന്റ് ലേബർ (പ്രൊഹിബിഷൻ ആൻഡ് റഗുലേഷൻ) നിയമപ്രകാരമുള്ള പരിശോധനയും നടത്തിവരുന്നുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലും ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയും ജില്ലാതല ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയും യോഗം ചേർന്ന് ബാലവേല നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ലോക ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 സംസ്ഥാനത്ത് എല്ലാ വർഷവും ആചരിച്ചുവരുന്നുണ്ട്. 2024-ൽ ടി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൊഴിൽ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് നിർവഹിച്ചു.

01-11-2023-ലെ സ.ഉ.(സാധാ) നമ്പർ 1333/2023/LBR പ്രകാരം കോർ കമ്മിറ്റി ഓൺ ചൈൽഡ് ലേബർ, 01-11-2023-ലെ സ.ഉ.(സാധാ) നമ്പർ 1334/2023/LBR പ്രകാരം സ്റ്റേറ്റ് മോണിറ്ററിങ് കമ്മിറ്റി ഓൺ ചൈൽഡ് ലേബർ എന്നിവ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, പ്ലാന്റേഷനുകൾ എന്നിവിടങ്ങളിലും പരിശോധന നടത്തുകയും തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ബാലവേലയുമായി ബന്ധപ്പെട്ട നിയമവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

(സി) ബാലവേല എവിടെയെങ്കിലും കണ്ടെത്തുകയാണെങ്കിൽ അറിയിക്കേണ്ടത് എവിടെയാണെന്ന് വിശദമാക്കാമോ?

ബാലവേല കണ്ടെത്തുകയാണെങ്കിൽ തൊഴിൽ വകുപ്പിലോ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലോ ചൈൽഡ് ലൈൻ ഹെൽപ്പ് ലൈൻ നമ്പരായ 1098- ലോ അറിയിക്കേണ്ടതാണ്.

**ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രൊവിഡന്റ് ഫണ്ട് പദ്ധതി നടപ്പാക്കാൻ നടപടി**

227(5129) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ കേരള സംസ്ഥാന ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥർക്ക് നാളിതുവരെ പ്രൊവിഡന്റ് ഫണ്ട് പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) തൊഴിൽ വകുപ്പിനുകീഴിലുള്ള മറ്റ് ക്ഷേമനിധി ബോർഡുകളിലും മറ്റ് സ്ഥാപനങ്ങളിലും സമാനരീതിയിൽ ജോലിയിൽ പ്രവേശിച്ചവർക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ നടപ്പാക്കിയപ്പോൾ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽമാത്രം പ്രസ്തുത ആനുകൂല്യം നിഷേധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ അടിയന്തരമായി പരിഹാര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ സൂപ്പർന്യൂമററി വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഭിന്നശേഷി ജീവനക്കാർക്ക്

കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ടിലേക്ക് അംഗത്വം തുടങ്ങുന്നതിന് നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് അനുവദിച്ചുകൊണ്ട് സാധ്യമാകുമോ എന്നുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ക്ഷേമനിധി ബോർഡുകൾ**

228(5130) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോന്നിലും എത്ര പേർ അംഗങ്ങളാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഓരോ ക്ഷേമനിധി ബോർഡിൽനിന്നും അംഗങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) ഓരോ ക്ഷേമനിധി ബോർഡ് മുഖാന്തരവും എത്ര പേർക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു+.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

229(5131) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മിക്കാനുദ്ദേശിച്ച ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഭൂമി പ്രയോജനപ്പെടുത്തി മറ്റെന്തെങ്കിലും സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത ഭൂമിയിൽ മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ഗിഗ് തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ്**

230(5132) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ കണക്ക് ലഭ്യമാക്കുമോ?

ഗിഗ് തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല.

(ബി) ഗിഗ് തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി ബോർഡും സമർപ്പിത സാമൂഹിക സുരക്ഷാ ഫണ്ടും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഗിഗ്/പ്ലാറ്റ്ഫോം തൊഴിലാളി നിർവചനത്തിലുൾപ്പെടുന്ന മുഴുവൻ തൊഴിലാളികളുടെയും അവരുടെ പ്രാഥമിക തൊഴിൽ ഉടമകൾ, അഗ്രഗേറ്റർമാർ എന്നിവരുടേയും സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്ന ഒരു നിയമവും നിലവിലില്ലാത്ത സാഹചര്യത്തിൽ ഗിഗ് തൊഴിലാളികളുടെ തൊഴിൽനിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

സർക്കാർ പരിഗണനയിലുള്ള ഗിഗ് തൊഴിലാളികൾക്കായുള്ള നിയമനിർമ്മാണ ബില്ലിൽ ഒറ്റ ക്ഷേമനിധി ബോർഡിനുകീഴിൽ ഗിഗ് തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഒരു ക്ഷേമനിധി പദ്ധതിയും പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികൾക്കായി കേരള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർമാരുടെ ക്ഷേമനിധി പദ്ധതി എന്ന

മറ്റൊരു പദ്ധതിയും രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം**

231(5133) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണമെത്ര; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 2655736 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (2016 മേയ് മാസം 20 മുതൽ 2024 മേയ് 31 വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഏത് വർഷം വരെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കാണ് ജോലി നൽകാൻ കഴിഞ്ഞിട്ടുള്ളത്; അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന താൽക്കാലിക ഒഴിവുകൾ ബന്ധപ്പെട്ട ജില്ലാ/സ്പെഷ്യൽ/പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് അറിയിക്കപ്പെടുന്നത്. ഇപ്രകാരം അറിയിക്കപ്പെടുന്ന ഒഴിവുകൾ സംവരണതത്വം പാലിച്ച് ബുക്ക് ചെയ്ത് ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് ഓഫീസുകളിൽ അറിയിക്കുകയും അവിടെനിന്ന് ലിസ്റ്റ് വാങ്ങി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേത് ഉൾപ്പെടെ ക്രോഡീകരിച്ച് ഉദ്യോഗദായകൻ നൽകുകയുമാണ് ചെയ്തുവരുന്നത്.

ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും പ്രത്യേകം പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുകളാണ് തയ്യാറാക്കുന്നത്. ഈ സീനിയോറിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിസ്റ്റുകളിൽനിന്നാണ് അറിയിക്കപ്പെടുന്ന ഒഴിവുകൾക്ക് ഉദ്യോഗാർത്ഥികളെ നാമനിർദേശം ചെയ്യുന്നത്. ഇക്കാരണത്താൽ ഓരോ ജില്ലയിലും അറിയിക്കപ്പെടുന്ന വേക്കൻസികൾക്ക് നാമനിർദേശം ചെയ്യുന്നവരുടെ സീനിയോറിറ്റി വ്യത്യസ്തമായിരിക്കും. അതുപോലെ സംവരണാടിസ്ഥാനത്തിലാണ് ലിസ്റ്റ് നൽകുന്നതെന്നതിനാൽ ഓരോ എക്സ്ചേഞ്ചിലും രജിസ്റ്റർ ചെയ്തിട്ടുള്ള സംവരണ വിഭാഗക്കാരുടെ എണ്ണത്തിനനുസരിച്ച് സീനിയോറിറ്റിയിലും വ്യത്യാസം വരുന്നതാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നൽകുന്ന ലിസ്റ്റിൽനിന്നും അഭിമുഖം/ടെസ്റ്റ് നടത്തി നിയമനം നൽകുന്നത് ഉദ്യോഗദായകനാണ്. ഈ സാഹചര്യത്തിൽ ജില്ല തിരിച്ച് വിവിധങ്ങളായ തസ്തികകൾക്ക് ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഏത് സീനിയോറിറ്റിവരെയുള്ളവരെ നിലവിൽ പരിഗണിച്ചിട്ടുണ്ടെന്ന വിവരം പ്രത്യേകം പ്രത്യേകം വകുപ്പിൽ ലഭ്യമല്ല.

(ഡി) ഏകീകൃത സീനിയോറിറ്റി ലിസ്റ്റ്, നിശ്ചിതകാലാവധി കൂടുമ്പോൾ അപ്ഡേറ്റ് ചെയ്ത് ഓൺലൈനായി എല്ലാവർക്കും പരിശോധിക്കാൻ

കഴിയുന്ന വിധത്തിൽ ലഭ്യമാക്കണമെന്ന നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ അപ്രകാരം തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ യോഗ്യത, മറ്റിതര യോഗ്യതകൾ രജിസ്റ്റർ ചെയ്തവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഓരോ യോഗ്യതകളുടെയും സീനിയോറിറ്റി ലിസ്റ്റ് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റ് www.eemplyopyment.kerala.gov.in എന്ന വെബ്സൈറ്റിലൂടെ എല്ലാവർക്കും ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് 2024-2026 വർഷത്തേക്കുള്ളതാണ്. ഈ ലിസ്റ്റ് ഓരോ ആറ് മാസക്കാലയളവിലും റിവ്യൂ (അപ്ഡേറ്റ്) ചെയ്യുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി എത്രയാണ്; പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ചുള്ള നിർദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ ഫുൾടൈം ഒഴിവുകളിലെ ഓപ്പൺ വിഭാഗത്തിനെ പരിഗണിക്കുന്ന ഉയർന്ന പ്രായപരിധി 41 വയസ്സാണ്. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 3 വർഷവും (44 വയസ്സും) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് 5 വർഷവും (46 വയസ്സും) ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഒഴിവുകളിൽ മുൻഗണന വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. എല്ലാ ഇളവുകളും ഉൾപ്പെടെ സംസ്ഥാന സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സാണ്. പ്രായപരിധി ഉയർത്തുന്നകാര്യം നിലവിൽ പരിഗണനയിലില്ല.

(എഫ്) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നടക്കുന്ന താൽക്കാലിക, കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അത് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നതിന് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പിലെ ആക്റ്റ് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും അനധികൃത നിയമനം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ നടത്തുന്ന പരിശോധനകളിലും കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം ടി കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദേശങ്ങൾ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഗിഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം**

232(5134) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. എം. വിൻസെന്റ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഗിഗ് തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല.

(ബി) ഗിഗ് തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠനം നടത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഓൺലൈൻ ഭക്ഷണവിതരണ മേഖലയിലെ തൊഴിൽതർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖല ഉൾപ്പെടുന്ന ഗിഗ് മേഖലയിലെ

പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുതകുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി സാങ്കേതികരംഗത്ത് വൈദഗ്ധ്യമുള്ള വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരമാനിച്ചിട്ടുണ്ട്. കൂടാതെ ഗിഗ്/പ്ലാറ്റ്ഫോം തൊഴിലാളി നിർവചനത്തിലുൾപ്പെടുന്ന മുഴുവൻ തൊഴിലാളികളുടേയും തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവനവേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും അവരുടെ പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനുമായി കേരള സംസ്ഥാന പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കർ (രജിസ്ട്രേഷനും ക്ഷേമവും) ബിൽ എന്ന പേരിൽ നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത ബിൽ നിയമമാകുന്നമുറയ്ക്ക് ഗിഗ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽസ്ഥിരതയും മറ്റാനുകൂല്യങ്ങളും പരിഹരിക്കപ്പെടുന്നതാണ്.

**അതിഥി തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്താൻ നടപടി**

233(5135) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. പി. കെ. ബഷീർ:

<u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലിനായി എത്തിച്ചേരുന്ന അതിഥി തൊഴിലാളികൾക്ക് തൊഴിൽദാതാവ് താമസസൗകര്യം ഏർപ്പെടുത്താറുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് തൊഴിലിനായി എത്തുന്ന അതിഥി തൊഴിലാളികൾക്ക് തൊഴിൽ ദാതാവ് താമസസൗകര്യം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ട്. 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി അതിഥി തൊഴിലാളികളുടെ താമസസൗകര്യം സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ട്. അതിഥി തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ക്യാമ്പ് വിസിറ്റ് നടത്തുകയും തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന താമസസൗകര്യവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും പരിശോധിക്കുകയും ചെയ്തുവരുന്നു. അഞ്ചോ

അതിലധികമോ കുടിയേറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതോ അല്ലെങ്കിൽ കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളിൽ ഏതെങ്കിലും ദിവസത്തിൽ ജോലി ചെയ്തിരുന്നതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും അഞ്ചോ അതിലധികമോ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾ ജോലിചെയ്യുന്ന അല്ലെങ്കിൽ ജോലിചെയ്യിക്കുന്ന എല്ലാ കരാറുകാർക്കും ഈ നിയമം ബാധകമാണ്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ നടത്തേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ നിർദേശിക്കുന്ന ഓരോ കരാറുകാരനും സർക്കാർ നിയമിച്ച തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരിൽനിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. ഇങ്ങനെ ലൈസൻസെടുക്കുന്ന കരാറുകാർ തൊഴിലാളികൾക്ക് താമസസൗകര്യവും ഉറപ്പുവരുത്താറുണ്ട്. കേരളത്തിലേക്ക് തൊഴിലിനായി വരുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളും ഏജന്റുമാർ/കോൺട്രാക്ടർമാർ മുഖേന വരുന്നവരല്ല. ഇങ്ങനെ വരുന്ന തൊഴിലാളികൾ സ്വന്തം ചെലവിൽ താമസസൗകര്യങ്ങൾ കണ്ടെത്തുന്നു. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ

നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽനിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുമ്പോൾ അതിഥി തൊഴിലാളികളുടെ താമസസൗകര്യങ്ങൾ സംബന്ധിച്ചും ലേബർ ക്യാമ്പുകൾ സംബന്ധിച്ചും പരിശോധനകൾ നടത്താറുണ്ട്.

(ബി) അതിഥി തൊഴിലാളികൾ വൃത്തിഹീനമായ ചുറ്റുപാടിൽ താമസിക്കേണ്ടിവരുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നതിനും മറ്റ് സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും

വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ്/ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ടി തൊഴിലാളികൾക്കുവേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ലേബർ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗംകൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

(സി) അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ്

പരിശോധനകൾ നടത്താറുണ്ട്. 1996-ലെ ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ് പ്രകാരവും 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) നിയമപ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ ശോചനീയമായ താമസസൗകര്യത്തിൽ പാർത്തിരുന്ന അതിഥി തൊഴിലാളികളെ അവിടെനിന്നും മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുനൽകുന്ന സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് നിർദേശം നൽകുകയും നിലവിലെ ക്യാമ്പുകളിലെ അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് കണ്ടെത്തുന്ന ഇടങ്ങളിൽ അത് അടിയന്തരമായി പരിഹരിക്കുന്നതിന് തൊഴിലുടമകൾക്ക് നിർദേശം നൽകുകയും ചെയ്തുവരുന്നു.

**ലയങ്ങളിലെ നിയമലംഘനങ്ങൾ**

234(5136) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തൊഴിൽ വകുപ്പ് സംസ്ഥാനത്തെ തോട്ടം തൊഴിലാളി ലയങ്ങളിൽ നടത്തിയ പരിശോധനയിൽ എന്തൊക്കെ നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പ്ലാന്റേഷൻ ലേബർ നിയമപ്രകാരം നടത്തിയ പരിശോധനയിൽ താഴെ ചേർക്കുന്ന ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. Section 15 Rule 60 (3): ലയങ്ങൾക്കും അവയുടെ വാതിലുകൾ, ജനലുകൾ എന്നിവ ഉൾപ്പെടെയുള്ളവ വൈറ്റ് വാഷ്, പെയിന്റിങ്സ്, വാർണിഷ് എന്നിവ ചെയ്യാതിരിക്കുക, ഇവ നടത്തിയ തീയതി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുക
2. Section 15 Rule 60 (1): ലയങ്ങളിൽ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തുക
3. Section 9 Rule 12: ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് ശൗചാലയം, ബാത്ത്റൂം സൗകര്യം ഏർപ്പെടുത്താതിരിക്കുക

4. Section 9 Rule 17: ഡ്രെയിനേജുകൾ കൃത്യമായി പരിപാലനം നടത്താതിരിക്കുക

5. Section 8 Rule 8: കുടിവെള്ള സ്രോതസ്സുകളുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ പരാജയപ്പെടുക

6. Section 8 Rule 11: തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹെൽത്ത് ഓഫീസറിൽനിന്ന് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുക

7. Section 8 Rule 10 (1): തുറന്ന കിണർ രാസവസ്തുക്കൾ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സംരക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും വീഴ്ച വരുത്തുക

8. Section 16 Rule 60 (1) (2): ലയങ്ങളിലെ ചോർച്ചയും തകർന്ന തറയും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ വീഴ്ച വരുത്തുക

9. Section 15 Rule 57(5): ലയങ്ങളിലെ പരിസര മാലിന്യങ്ങളും അഴുക്കുചാലുകളും ശുചിമുറി മാലിന്യങ്ങളും കൃത്യമായി ദിവസേന നീക്കം ചെയ്യാതിരിക്കുക

10. Section 8 Rule 10 (2): കിണറുകളിലെ വെള്ളം കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കാതെയും ആയത് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുക

11. Section 15 Rule 57 (3): ലയങ്ങളിലേയ്ക്കുള്ള റോഡുകളും പാതകളും കൃത്യമായി പരിപാലിക്കാതിരിക്കുക

(ബി) എത്ര തോട്ടങ്ങളിലാണ് നാളിതുവരെ പരിശോധന പൂർത്തിയാക്കിയതെന്നും ഇനി എത്ര തോട്ടങ്ങളിൽ പരിശോധന നടത്താനുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

510 തോട്ടങ്ങളിലാണ് നാളിതുവരെയായി പരിശോധന നടത്തിയിട്ടുള്ളത്. 2 എസ്റ്റേറ്റുകളിൽ പരിശോധന നടത്താനുണ്ട്.

(സി) നിയമലംഘനങ്ങൾ കണ്ടെത്തിയ തോട്ടങ്ങളിൽ പരിഹാരത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

എസ്റ്റേറ്റുകളിൽ പരിശോധന നടത്തി അപാകതകൾ പരിഹരിക്കാൻ ഉടമകൾക്ക് നിർദേശം നൽകാറുണ്ട്. തുടർപരിശോധനകളിൽ ന്യൂനതകൾ

പരിഹരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ന്യൂനതകൾ പരിഹരിക്കാത്തപക്ഷം നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനംവഴി തൊഴിൽ തേടുന്ന പദ്ധതി**

235(5137) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് നൈപുണ്യ പരിശീലനംവഴി തൊഴിൽ തേടുന്ന പദ്ധതി പ്രകാരം എത്രപേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് മാറുന്ന കാലഘട്ടത്തിന് അനുയോജ്യമായ രീതിയിലുള്ള നൈപുണ്യ വികസനം സാധ്യമാകുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് വിവിധ മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും നൈപുണ്യ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകിയുമാണ് നൈപുണ്യ വികസന മേഖലയിൽ

സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ കെയ്സ് പ്രവർത്തിച്ചുവരുന്നത്. നാളിതുവരെ മികവിന്റെ കേന്ദ്രങ്ങൾവഴി 18,260 ഉദ്യോഗാർഥികൾക്കും കെയ്സിന്റെ അക്രെഡിറ്റഡ് സ്ഥാപനങ്ങൾ വഴി 7400 ഉദ്യോഗാർഥികൾക്കും നൈപുണ്യ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പരിശീലനം കിട്ടിയ അഭ്യസ്തവിദ്യർക്ക് ജോലി തേടുന്നതിനുള്ള എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ് തൊഴിലില്ലായ്മ നേരിടുന്നതിനുവേണ്ടി നൈപുണ്യ പരിശീലനം നൽകുന്നതിനോടൊപ്പം തന്നെ 70 ശതമാനത്തോളം പ്ലേസ്മെന്റ് ഉറപ്പുനൽകാൻ സാധിക്കുന്ന നൈപുണ്യ വികസന പങ്കാളികളുമായി ചേർന്നിട്ടാണ് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. കൂടാതെ കെയ്സ് നേരിട്ട് വിവിധ ജില്ലകളിൽ സ്റ്റേറ്റ് ജോബ് പോർട്ടൽ വഴി ജില്ലാതല തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ട്, അതിൽ നൈപുണ്യ വികസന പരിശീലനം ലഭിച്ചവർ പങ്കെടുക്കുന്നുണ്ട്. ഇതുകൂടാതെ CII പോലുള്ള മറ്റ് വ്യാവസായിക പ്രമുഖരുമായും ചേർന്ന് തൊഴിൽ നൽകുന്നതിനുവേണ്ട

നടപടികളും സ്വീകരിച്ചിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിൽ നേടിയെടുക്കാൻ സഹായിക്കുന്നതിന്റെ ഭാഗമായി NSDCI-യുമായി സഹകരിക്കുന്നുണ്ട്. കൂടാതെ എഞ്ചിനീയറിങ്, പോളിടെക്നിക്, ഐ.റ്റി.ഐ. ബിരുദധാരികൾക്ക് വിവിധ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് അവരുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനായി ഓൺ ദ ജോബ് ട്രെയിനിങ്ങിനുള്ള അവസരങ്ങൾ സാധ്യമാക്കിയിട്ടുണ്ട്.

(സി) ഇവർക്ക് വിദേശ കമ്പനികളിൽ ഉൾപ്പെടെ ജോലി തിരഞ്ഞെടുക്കുന്നതിനുള്ള സംവിധാനങ്ങൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർഥികൾക്ക് വിവിധ വിദേശരാജ്യങ്ങളിൽ ലഭ്യമായിട്ടുള്ള തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി NSDCI-യുമായി സഹകരിച്ചും NORKA ROOTS, ODEPEC പോലെയുള്ള റിക്രൂട്ട്മെന്റ് ഏജൻസികളുമായി സഹകരിച്ചും

കെയ്സ് സ്വന്തം നിലയ്ക്കും വിദേശരാജ്യത്തെ റിക്രൂട്ട്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ടും നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ**

236(5138) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കാത്തത് പരിഹരിക്കുന്നതിന് ഇ.പി.എഫ്.ഒ. കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ തൊഴിലാളികൾക്കനുകൂലമായി തീരുമാനങ്ങളെടുക്കുന്നതിന് എന്തെങ്കിലും ഇടപെടൽ നടത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് തൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, കേന്ദ്രസർക്കാരിന്റെ തൊഴിൽ മന്ത്രാലയത്തിനുകീഴിലുള്ള എംപ്ലോയീസ്

പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന് കൈമാറുകയാണ് ചെയ്യുന്നത്.

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ നടപ്പാക്കുന്ന എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് സ്കീം, 1952; എംപ്ലോയീസ് പെൻഷൻ സ്കീം, 1995; എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീം, 1976 എന്നീ പദ്ധതികൾ വഴി രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ഗുണഭോക്താക്കൾക്കും യഥാസമയം പി.എഫ്. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, തൊഴിലാളികളുടെ പി.എഫ്. വിഹിതം ഒടുക്കുന്നതിൽ വീഴ്ചവരുത്തുന്ന തൊഴിലുടമകളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള വിവിധ നിയമങ്ങളും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആക്റ്റിൽ നിഷ്കർഷിക്കുന്നുണ്ട്.

**തൊഴിലില്ലായ്മ നിരക്ക്**

237(5139) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തൊഴിൽരഹിതരായ എത്ര യുവതീയുവാക്കൾ ഉണ്ടെന്നാണ് സർക്കാർ കണക്ക് വ്യക്തമാക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവതീയുവാക്കളുടെ വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ 2655736 ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 949966 പുരുഷന്മാരും 1705752 സ്ത്രീകളും 18 ട്രാൻസ്ജെൻഡർമാരും ഉൾപ്പെടുന്നു.

**ബേബിജോൺ മെമ്മോറിയൽ വനിതാ ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം**

238(5140) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരിയിൽ പ്രവർത്തിക്കുന്ന ബേബിജോൺ മെമ്മോറിയൽ വനിതാ ഐ.റ്റി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കാൻ വെസ്റ്റ് എളേരി പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയ ഭൂമി ഏറ്റെടുക്കാൻ കാലതാമസമെടുക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി കൈമാറുന്നതിന് പഞ്ചായത്ത് സന്നദ്ധത അറിയിച്ച് ഐ.റ്റി.ഐ. വകുപ്പ് ഡയറക്ടർക്ക് കത്തുനൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) വെസ്റ്റ് എളേരി ഐ.റ്റി.ഐ.-ക്ക് കെട്ടിടനിർമ്മാണത്തിനായി ഭീമനടി വില്ലേജിൽ 101/Apt സർവെ നമ്പരിൽപ്പെട്ട 1.07 ഏക്കർ ഭൂമി ഗവർണറുടെ പേരിൽ 01-04-2024-ന് രജിസ്റ്റർ ചെയ്ത് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**കായംകുളം സർക്കാർ ഐ.റ്റി.ഐ.-ക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി**

239(5141) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം സർക്കാർ ഐ.റ്റി.ഐ.-ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

19-06-2009-ൽ പ്രവർത്തനമാരംഭിച്ച കായംകുളം ഐ.റ്റി.ഐ.-ക്ക് 2010-ൽതന്നെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ സർവകക്ഷി യോഗങ്ങൾ സംഘടിപ്പിക്കുകയും സ്ഥല അന്വേഷണം ഊർജിതമാക്കുകയും ചെയ്തു. 2014-ൽ കായംകുളം വില്ലേജിൽ വിവിധ സർവെ നമ്പരിലുള്ള 1 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നഗരസഭ തീരുമാനിക്കുകയും 25 ലക്ഷം രൂപ കളക്ടറുടെ വർക്കിങ് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. കണ്ടെത്തിയ ഭൂമി അളന്ന് തരംതിരിച്ചു. സിവിൽ മോണിറ്ററിങ് കമ്മിറ്റി നിലവിൽ കണ്ടെത്തിയ സ്ഥലം നികത്തി ഉപയോഗ്യമാക്കുന്നതിന് ധാരാളം പണം ചെലവാകുമെന്നും ഐ.റ്റി.ഐ.-യിലേക്കുള്ള വഴിയുടെ അഭാവവും റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രസ്തുത

സ്ഥലം വീണ്ടും പരിശോധനനടത്തി സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനും മണ്ണ് പരിശോധനയും ടോട്ടൽ സ്റ്റേഷൻ സർവെ നടത്തുന്നതിനും 1,67,000/- രൂപ ചെലവാകുമെന്ന് PWD അറിയിച്ചതിൻപ്രകാരം നഗരസഭ തുക അനുവദിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകളെല്ലാവരും സ്ഥലം കൈമാറ്റത്തിന് തയ്യാറാണെന്ന് അറിയിക്കുകയും മൂന്ന് ഉടമകൾ സമ്മതപത്രം എഴുതി നൽകുകയും മറ്റുള്ളവരുടെ സമ്മതപത്രങ്ങൾ സമാഹരിച്ച് അടിയന്തരമായി ആർ.ഡി.ഒ.-ക്ക് അയയ്ക്കുന്നതാണെന്നും മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്.

**നൈനാർ പിള്ള മെമ്മോറിയൽ ആര്യനാട് ഗവൺമെന്റ് ഐ.റ്റി.ഐ. ഹോസ്റ്റൽ കെട്ടിട നിർമ്മാണം**

240(5142) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന നൈനാർ പിള്ള മെമ്മോറിയൽ ആര്യനാട് ഗവൺമെന്റ് ഐ.റ്റി.ഐ.-യിൽ പണി തടസ്സപ്പെട്ടിരിക്കുന്ന ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന നൈനാർ പിള്ള മെമ്മോറിയൽ ആര്യനാട് ഗവൺമെന്റ് ഐ.റ്റി.ഐ. ഹോസ്റ്റലിന്റെ മുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് സ്ട്രക്ചറൽ ഡിസൈൻ യൂണിറ്റ് അറിയിച്ചിരുന്നു. ടി സാഹചര്യത്തിൽ പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള റിക്വയർമെന്റും സൈറ്റ് പ്ലാനും പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

**ഐ.റ്റി.ഐ.-കളിലെ വിവിധ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ**

241(5143) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.-കളിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർമാർ മുതൽ അഡീഷണൽ ഡയറക്ടർ വരെയുള്ള തസ്തികകളുടെ നിയമനവും പ്രമോഷനുകളുമായി ബന്ധപ്പെട്ട റൂൾ/സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഓർഡറുകൾ

(സബോർഡിനേറ്റ് & സ്റ്റേറ്റ് സർവീസസ്) എന്നിവയുടെ പകർപ്പ് നൽകാമോ?

ഗ്രൂപ്പ് ഇൻസ്ട്രക്ടർ മുതൽ അഡീഷണൽ ഡയറക്ടർ വരെയുള്ള തസ്തികകളുടെ നിയമനവും പ്രൊമോഷനുകളുമായി ബന്ധപ്പെട്ട റൂൾ/ സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഓർഡറുകൾ (സബോർഡിനേറ്റ് & സ്റ്റേറ്റ് സർവീസസ്) എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു+.

(ബി) മേല്പറഞ്ഞ സ്പെഷ്യൽ റൂളിൽ/എക്സിക്യൂട്ടീവ് ഓർഡറുകളിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്; ഇവയുമായി ബന്ധപ്പെട്ട ഉത്തരവുകൾ/പകർപ്പുകൾ നൽകാമോ?

മേല്പറഞ്ഞ സ്പെഷ്യൽ റൂളിൽ/എക്സിക്യൂട്ടീവ് ഓർഡറുകളിന്മേൽ പുതിയ ഭേദഗതി ഉത്തരവുകൾ ഉണ്ടായിട്ടില്ല. എന്നാൽ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിങ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ 1971 ഭേദഗതി ചെയ്യുന്നതിലേക്കായി ട്രെയിനിങ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വ്യാവസായിക പരിശീലന വകുപ്പിലെ ഐ.റ്റി.ഐ.-കളുടെ എൻ.സി.വി.റ്റി. അഫിലിയേഷൻ

242(5144) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ ആകെ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ?

ആകെ 3624 ജീവനക്കാരുടെ തസ്തികകളുണ്ട്.

(ബി) വ്യാവസായിക പരിശീലന വകുപ്പിൽ എത്ര വീതം അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുണ്ടെന്ന് അറിയിക്കാമോ?

അഡീഷണൽ ഡയറക്ടർ - 2

ജോയിന്റ് ഡയറക്ടർ - 2

ഡെപ്യൂട്ടി ഡയറക്ടർ - 3

(നോട്ട്: മേൽ തസ്തികകൾ കൂടാതെ വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായുള്ള STRIVE പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ഒരു അഡീഷണൽ ഡയറക്ടർ, ഒരു

ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടിന്റെ കാലാവധി 31-05-2024-ൽ അവസാനിച്ചതിനാൽ ടി തസ്തികകൾ നിലനിർത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്, പ്രൈവറ്റ് ഐ.റ്റി.ഐ.-കളുടെയും പരിശോധന ചുമതലയുള്ള ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികകളുടെ എണ്ണം അറിയിക്കാമോ?

നിലവിൽ 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികകളുണ്ട്.

(ഡി) ഐ.റ്റി.ഐ.-കൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനായി ഗ്രൂപ്പ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് അറ്റൻഡർ എന്നിവയടക്കമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിൽനിന്നും ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഐ.റ്റി.ഐ.-കളിലാണ് തസ്തികകൾ സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ; ഈ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഐ.റ്റി.ഐ.-കൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനായി ഗ്രൂപ്പ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് അറ്റൻഡർ എന്നിവയടക്കമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിൽനിന്നും ശിപാർശ സർക്കാരിന് ലഭിച്ചിട്ടില്ല.

(ഇ) വ്യാവസായിക പരിശീലന വകുപ്പിന് ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ പത്ത് സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുകയുടെ പട്ടിക നൽകാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കഴിഞ്ഞ പത്ത് സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച കേന്ദ്ര ഫണ്ടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(എഫ്) ഗവൺമെന്റ് ഐ.റ്റി.ഐ.-കളുടെ എൻ.സി.വി.റ്റി. അഫിലിയേഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 8 യൂണിറ്റുകൾ ഇല്ലാത്ത ഐ.റ്റി.ഐ.-കളിൽ അത് അനുവദിക്കുന്നതിനും അനാവശ്യ തസ്തികകളുണ്ടെങ്കിൽ അവ ഒഴിവാക്കി അനിവാര്യ തസ്തികകളായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രൂപ്പ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് അറ്റൻഡർ എന്നിവ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ഐ.റ്റി.ഐ.-കളുടെ എൻ.സി.വി.റ്റി. അംഗീകാരം നഷ്ടപ്പെട്ടിട്ടില്ല. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ട്രേഡുകൾ, തസ്തികകൾ എന്നിവ അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിലെ പ്രായപരിധി**

243(5145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന നിയമനങ്ങളിലെ പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്ന നിയമനങ്ങൾക്ക് സംസ്ഥാന സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ

ഫുൾടൈം ഒഴിവുകളിലേക്ക് ഓപ്പൺ വിഭാഗത്തെ പരിഗണിക്കുന്ന പ്രായപരിധി 41 വയസ്സാണ്. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 3 വർഷവും (44 വയസ്സ്) പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് 5 വർഷവും (46 വയസ്സ്) ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ഒഴിവുകളിൽ മുൻഗണനാ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. എല്ലാ ഇളവുകളും ഉൾപ്പെടെ സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ചില വകുപ്പുകളിൽനിന്നും അറിയിക്കുന്ന ഒഴിവുകൾക്ക് ടി വകുപ്പിലെ വിശേഷാൽ ചട്ടപ്രകാരം പ്രായപരിധിയിൽ വ്യത്യാസമുണ്ടാകാറുണ്ട്.

(ബി) വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ വ്യത്യസ്തമായ പ്രായപരിധി പിന്തുടർന്ന് വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പ്രായം 18-36 വയസ്സായി അറിയിക്കുന്ന സംസ്ഥാന സർക്കാർ/ അർധസർക്കാർ ഒഴിവുകളിൽ ഉയർന്ന പ്രായപരിധി 36 വയസ്സിൽ നിന്നും 41 വയസ്സാക്കികൊണ്ടും, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 39 വയസ്സിൽനിന്നും 44 വയസ്സാക്കികൊണ്ടും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് 41 വയസ്സിൽനിന്നും 46 വയസ്സാക്കികൊണ്ടും 21-10-2013-ലെ സ.ഉ.(സാധാ)നം 1783/2013/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പ്രായപരിധിയിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയ്ക്കുള്ള വയസ്സിളവ് അതത് വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട ഒഴിവുകൾക്ക് മാത്രമേ ബാധകമായിട്ടുള്ളൂ. തുറന്ന മത്സരവിഭാഗത്തിൽ എല്ലാ വിഭാഗക്കാരെയും 41 വയസ്സുവരെയാണ് പരിഗണിക്കുന്നത്. എന്നാൽ 18-39 പ്രായപരിധിയിൽ അറിയിക്കുന്ന ഡ്രൈവർ, ടീച്ചർ തുടങ്ങിയ തസ്തികകൾക്ക് മേല്പറഞ്ഞ ഉത്തരവ് ബാധകമാക്കിയിട്ടില്ല. അതിനാൽ ടി തസ്തികകൾക്ക് വ്യത്യസ്തമായ പ്രായപരിധിയാണ് പിന്തുടർന്നുവരുന്നത്. ഇത്തരത്തിൽ വ്യത്യസ്തമായ പ്രായപരിധിയിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ തുറന്ന

മത്സരവിഭാഗത്തിലും സംവരണാനുകൂല്യമുള്ള വിഭാഗങ്ങൾക്ക് അർഹമായ വയസ്സിളവ് അനുവദനീയമാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

244(5146) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവീസ് കമ്മ്ീഷന്റെ നിയമന പരിധിയിൽ ഉൾപ്പെടാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിർദേശം നിലവിലുണ്ടോ?

കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന KS&SSR rule 9a(i) പ്രകാരമാണ് നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കണമെന്നും

പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് മുഖേന നടത്തണമെന്ന് വകുപ്പ് മേധാവികൾക്ക് സർക്കാർ കാലാകാലങ്ങളിൽ കർശനനിർദേശം നൽകിയിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്റ്റ് പ്രകാരം സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പി.എസ്.സി.-യുടെ പരിധിക്ക് പുറത്തുവരുന്ന എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് മുഖേന CNV ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽസ്ഥാപങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽവരാത്ത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തണമെന്നും ഇതിനുവിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന

നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദേശം നൽകിയിട്ടുണ്ട്.

(ബി) നിയമനത്തിന് യോഗ്യരായവരില്ലെന്ന സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വാങ്ങിയ ശേഷമേ നേരിട്ടുള്ള നിയമനം നടത്താൻ പാടുള്ളൂവെന്ന വ്യവസ്ഥയുണ്ടോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെട്ട വേക്കൻസികൾക്ക് യോഗ്യരായവരില്ലെന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വാങ്ങിയശേഷമേ നേരിട്ട് നിയമനം നടത്താൻ പാടുള്ളൂവെന്ന വ്യവസ്ഥയുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെട്ട വേക്കൻസി സംസ്ഥാനതലത്തിൽ സർക്കുലേറ്റ് ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർഥികളെ ലഭ്യമായിട്ടില്ലെങ്കിൽ പത്രം/റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെ ടി ഒഴിവ് പ്രസിദ്ധീകരണം നടത്തിയിട്ടും ഉദ്യോഗാർഥികളെ ലഭ്യമല്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ഉദ്യോഗദായകന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (NAC) നൽകുന്നു.

(സി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് നിയമനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

വകുപ്പുതല പരിശോധനകളിൽ മേല്പറഞ്ഞ വ്യവസ്ഥകൾ ലംഘിച്ച് ചില നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്രകാരം നിയമനം നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിലും അനധികൃത നിയമനം സംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളിന്മേൽ നടത്തുന്ന പരിശോധനകളിലും അനധികൃത/കരാർ/ദിവസവേതന വ്യവസ്ഥയിലുള്ള നിയമനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദേശങ്ങൾ നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള ജോലി സാധ്യതകൾ**

245(5147) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി സാധ്യതകൾ മുൻകൂട്ടി അറിയുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത മുൻകൂട്ടി അറിയുന്നതിന് സെലക്ട് ലിസ്റ്റ് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇത് വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും ഓൺലൈൻ മുഖേനയും പരിശോധിക്കാവുന്നതാണ്. ഉദ്യോഗദായകൻ ഒഴിവ്

അറിയിക്കുന്നമുറയ്ക്ക് മാത്രമാണ് മേല്പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഉദ്യോഗാർഥികളെ നാമനിർദേശം ചെയ്യുന്നത്.

(ബി) ഉദ്യോഗാർഥികൾ കൃത്യമായി രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെങ്കിലും അവർക്ക് സീനിയോറിറ്റിയെക്കുറിച്ച് അറിയുന്നതിനായി സീനിയോറിറ്റി ലിസ്റ്റോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ വിദ്യാഭ്യാസ യോഗ്യത രജിസ്റ്റർ ചെയ്തിട്ടുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റുകൾ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസിദ്ധീകരിക്കാറുണ്ട്. മൂന്ന് വർഷമാണ് ഈ സീനിയോറിറ്റി ലിസ്റ്റിന്റെ കാലാവധി. കാലാവധി അവസാനിക്കുന്നമുറയ്ക്ക് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന വേക്കൻസികൾക്ക് ഈ ലിസ്റ്റിൽനിന്നാണ് ഉദ്യോഗാർഥികളെ നാമനിർദേശം ചെയ്യുന്നത്. ഉദ്യോഗാർഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായോ

www.eemployment.kerala.gov.in എന്ന വെബ്സൈറ്റിലൂടെയോ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.

**പ്ലസ് ടു അഡ്മിഷന് വെയിറ്റേജ് മാർക്ക് ലഭിക്കാത്ത സാഹചര്യം**

246(5148) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ ഹൈസ്കൂളിൽനിന്ന് പത്താം ക്ലാസ് പാസ്സായ വിദ്യാർഥികളെ പ്ലസ് ടു അഡ്മിഷന് പരിഗണിക്കുമ്പോൾ മറ്റ് പൊതുവിദ്യാലയങ്ങളിൽ പഠിച്ച വിദ്യാർഥികൾക്ക് ലഭിക്കുന്ന വെയിറ്റേജ് മാർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹയർ സെക്കൻഡറിയിൽ നിലവിൽ കേരള സിലബസിൽ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച കുട്ടികൾക്ക് മാത്രമാണ് മൂന്ന് ബോണസ് പോയിന്റ് നൽകിവരുന്നത്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംപ്രകാരം വീടിനുസമീപത്തുള്ള ജനറൽ വിദ്യാലയങ്ങളിൽ പഠനം പൂർത്തിയാക്കിയ

വിദ്യാർഥികൾക്ക് അതിന്റെ തുടർച്ചയായി അതേ സ്കൂളിലും അതേ വിദ്യാഭ്യാസ സമ്പ്രദായത്തിലും ഉപരിപഠനം സാധ്യമാകുന്നതിനായി വിവിധ പരാതികളുടെയും കോടതിവിധികളുടെയും അടിസ്ഥാനത്തിലാണ് സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം വിദ്യാർഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് വിവിധ ബോണസ് പോയിന്റുകൾ നൽകിവരുന്നത്. 2024-25-ലെ പ്രോസ്പെക്ടസ് പ്രകാരം അർഹമായ ബോണസ് പോയിന്റ് ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ടെക്നിക്കൽ ഹൈസ്കൂൾ വിജയിച്ച വിദ്യാർഥികൾക്കും വി.എച്ച്.എസ്.ഇ. പ്രവേശനത്തിന് നൽകിവരുന്നുണ്ട്.

(ബി) ടെക്നിക്കൽ ഹൈസ്കൂളിൽനിന്നും എല്ലാ വിഷയങ്ങളിലും എ പ്ലസ് വാങ്ങിയ വിദ്യാർഥികൾക്കുപോലും മറ്റ് വിദ്യാർഥികളെ അപേക്ഷിച്ച് അഡ്മിഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2024-25 അധ്യയന വർഷം ടെക്നിക്കൽ സ്കൂളിൽനിന്നും ഉപരിപഠനത്തിന് അർഹത നേടിയ 1309 വിദ്യാർഥികൾ സംസ്ഥാനത്ത് ജനറൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രവേശനം ഇതുവരെ നേടിയിട്ടുണ്ട്. ടെക്നിക്കൽ ഹൈസ്കൂളുകളിലേക്കുള്ള പ്രവേശനം അഭിരുചി പരീക്ഷയുടെ

അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഏഴാം ക്ലാസ് വരെ പൊതുധാരാവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം സാങ്കേതിക വിദ്യാഭ്യാസത്തിനായാണ് ടെക്നിക്കൽ ഹൈസ്കൂളുകളിലേക്ക് പഠന സമ്പ്രദായം മാറി പ്രവേശനം നേടുന്നത്. എഞ്ചിനീയറിങ്ങിലോ ശാസ്ത്രസാങ്കേതിക മേഖലകളിലോ ഉപരിപഠനത്തിന് ശക്തമായ അടിത്തറ നൽകുന്ന ടെക്നിക്കൽ ഹൈസ്കൂളിലെ വിദ്യാഭ്യാസ പദ്ധതിയിൽ പത്താം ക്ലാസ് കഴിയുന്നവർക്ക് തുടർവിദ്യാഭ്യാസത്തിന് 15 ടെക്നിക്കൽ സ്കൂളുകളിലായി 2530 സീറ്റുകൾ പ്ലസ് വൺ പഠനത്തിന് ലഭ്യമാണ്. കൂടാതെ പോളിടെക്നിക്കുകളിലെ പ്രവേശനത്തിന് ടെക്നിക്കൽ ഹൈസ്കൂൾ പരീക്ഷ ജയിച്ചവർക്ക് 10% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവർക്ക് നൽകുന്നുമില്ല. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ അഡ്മിഷൻ റാങ്ക് പട്ടിക തയ്യാറാക്കുന്നതിന് WGPA കണക്കാക്കുന്നതിന് ഉപയോഗിക്കുന്ന സൂത്രവാക്യം ടെക്നിക്കൽ പാസ്സായ വിദ്യാർഥികൾക്കും മറ്റ് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ഒന്നുതന്നെയാണ്.

**ഭൂരഹിതരുടെ എണ്ണം**

247(5149) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരുടെ നിലവിലുള്ള എണ്ണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ദിനംപ്രതി വ്യത്യാസപ്പെടുന്ന സാഹചര്യത്തിൽ അത്തരത്തിലുടെ വിവരശേഖരണം റവന്യൂ വകുപ്പ് മുഖേന നടത്തിയിട്ടില്ലാത്തതും വിവരം റവന്യൂ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതുമാണ്.

(ബി) ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മപദ്ധതി നടപ്പാക്കിയിട്ടുള്ളതും 19-04-2023-ലെ സ.ഉ.(കൈ)87/2023/ആർ.ഡി. ഉത്തരവുപ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്.

കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്റ്റ് 1960-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് 1995-ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. 1964-ലെയും 1995-ലെയും ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്നമുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചുവരുന്നത്. കേരളത്തിലെ എല്ലാ ഭൂരഹിതരെയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പട്ടയ മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. പട്ടയ മിഷന്റെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് അതിൽ

ഉയർന്നുവരുന്ന പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെക്കുറിച്ച് അന്വേഷണം നടത്തിവരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തിവരുന്നതുമാണ്. നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

(സി) ദീർഘകാലമായി പട്ടയമില്ലാത്ത ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ?

വിവിധ നിയമപ്രശ്നങ്ങളാൽ പട്ടയം നൽകുന്നതിന് തടസ്സം നേരിടുന്ന വിഷയങ്ങൾ പരിശോധിച്ച് അവ പരിഹരിക്കുന്നതിന് 19-04-2023-ലെ സ.ഉ.

(കൈ)87/2023/ആർ.ഡി ഉത്തരവുപ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുണ്ട്. "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് " എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മപദ്ധതിയാണ് പട്ടയ മിഷൻ. പട്ടയവിതരണം ഊർജിതമാക്കുന്നതിനും സമയബന്ധിതമായി നടത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനം ഏകോപിപ്പിക്കാനും നിരീക്ഷിക്കാനും ആവശ്യമായ നിർദേശങ്ങൾ തത്സമയം നൽകാനുമാണ് പട്ടയ മിഷൻ ലക്ഷ്യംവയ്ക്കുന്നത്. സർക്കാർ ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിച്ചും കൃഷിചെയ്തും വരുന്ന ഭൂരഹിതരായവർക്ക് നിയമപ്രകാരം പട്ടയം നൽകുന്നതിന് തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും (പട്ടയം ഡാഷ്ബോർഡ്) പ്രവർത്തിച്ചുവരുന്നു. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗനിർദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മിഷണർ നൽകുകയും സർക്കാർ ഉത്തരവുകൾ മുഖേനയോ

അല്ലെങ്കിൽ ചട്ടഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർതലത്തിലും നടപടി സ്വീകരിച്ചുവരുന്നു.

നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അർഹരായ എല്ലാവർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പട്ടയ മിഷൻ മുഖേന നടന്നുവരുന്നു. ഈ നടപടികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് വർഷത്തിനുള്ളിൽ 153103 കുടുംബങ്ങൾക്ക് പട്ടയം നൽകിക്കൊണ്ട് ഭൂമിയുടെ അവകാശികളാക്കി മാറ്റുന്നതിന് സാധിച്ചു.

**ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ച കണക്കുകൾ**

248(5150) ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി നികുതി അടയ്ക്കാത്തതും ആരുടെയും കൈവശത്തിലല്ലാത്തതുമായ ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

വർഷങ്ങളായി നികുതി അടയ്ക്കാത്തതും ആരുടെയും കൈവശത്തിലല്ലാത്തതുമായ ഉടമസ്ഥരില്ലാത്ത ഭൂമി സംബന്ധിച്ച ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു +.

(ബി) ഇത്തരത്തിലുള്ള ഭൂമി ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താമെന്ന് റവന്യൂ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. Kerala Escheats and Forfeitures Act പ്രകാരം ഏറ്റെടുക്കുന്ന ഭൂമികളിന്മേൽ ടി നിയമത്തിലെ വകുപ്പ് 9(2) പ്രകാരം 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ നിയമത്തിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കുമനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് സർക്കാർ പുറമ്പോക്കാക്കി മാറ്റും. സർക്കാർ പുറമ്പോക്കുകൾ എന്ന നിലയിൽ ഉപയോഗിക്കാവുന്ന എല്ലാ ആവശ്യങ്ങൾക്കും ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമിയും ഉപയോഗിക്കാൻ കഴിയും.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങൾ**

249(5151)<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ കണക്കുകൾപ്രകാരം നിലവിൽ സംസ്ഥാനത്ത് എത്ര ഭൂരഹിത കുടുംബങ്ങളാണുള്ളത്; അറിയിക്കുമോ?

സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളുടെ എണ്ണം ദിനംപ്രതി വ്യത്യാസപ്പെടുന്ന സാഹചര്യത്തിൽ അത്തരത്തിലൊരു വിവരശേഖരണം റവന്യൂ വകുപ്പ് മുഖേന നടത്തിയിട്ടില്ലാത്തതും വിവരം റവന്യൂ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതുമാണ്.

(ബി) ഭൂരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

“എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ” എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മപദ്ധതി

നടപ്പാക്കിയിട്ടുള്ളതും 19-04-2023-ലെ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി ഒരു നിയമസഭാ നിയോജകമണ്ഡലത്തിലെ പട്ടയ വിഷയങ്ങൾ കണ്ടെത്തി പട്ടയ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലി എന്ന പേരിൽ നിയമസഭാ സമാജികന്റെ അധ്യക്ഷതയിൽ നിയോജകമണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ആറ് മാസത്തിലൊരിക്കൽ യോഗം ചേർന്നുകൊണ്ട് പുരോഗതി വിലയിരുത്തിവരുന്നു. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഒരു ഡാഷ്ബോർഡും സജ്ജമാക്കി പ്രവർത്തിച്ചുവരുന്നുണ്ട്. ടി പോർട്ടലിൽ ലഭ്യമായിട്ടുള്ള പട്ടയ പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ചശേഷം പരിഹരിക്കാവുന്നവയ്ക്ക് വ്യക്തമായ മാർഗനിർദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലാൻഡ്

റവന്യൂ കമ്മീഷണർ നൽകുകയും സർക്കാർ ഉത്തരവ് മുഖേനയോ ചട്ടഭേദഗതിയിലൂടെയോ പരിഹരിക്കേണ്ടവയിൽ സർക്കാർതലത്തിലും നടപടി സ്വീകരിച്ചുവരുന്നു. 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്റ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് 1995-ലെ കേരള മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്ന് വർഷകാലയളവിനുള്ളിൽ 153103 പട്ടയങ്ങൾ നൽകിക്കൊണ്ട് ഭൂരഹിതരായ കുടുംബങ്ങളെ ഭൂമിയുടെ അവകാശികളാക്കിയിട്ടുണ്ട്. 1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്നമുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം

അനുവദിച്ചുവരുന്നത്. ഇതുകൂടാതെ നിലവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് അതിൽ ഉയർന്നുവരുന്ന പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെക്കുറിച്ച് അന്വേഷണം നടത്തിവരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതത് വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തിവരുന്നു. നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

**റവന്യൂ വകുപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിന് നടപടി**

250(5152) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഹസിൽദാർ ഒഴിവുകളിലേക്ക് പരിഗണിക്കാൻ വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ പരിഗണനയ്ക്കായി ഒടുവിൽ സമർപ്പിച്ച ഡെപ്യൂട്ടി തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റിൽ ഭൂരിഭാഗംപേരും അഴിമതിക്കാരും ക്രിമിനൽ കേസ് പ്രതികളും ആയിരുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽനിന്നും യോഗ്യതാ ടെസ്റ്റ് വിജയിച്ച്, പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചവരിൽനിന്നും സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ പ്രകാരമാണ് ജീവനക്കാരെ ഫീൽഡ് ഓഫ് ചോയ്സിലുൾപ്പെടുത്തുന്നത്. പ്രസ്തുത ഫീൽഡ് ഓഫ് ചോയ്സിലുൾപ്പെട്ട ഓരോ ജീവനക്കാരുടെയും കോൺഫിഡൻഷ്യൽ റിപ്പോർട്ട്, അച്ചടക്കനടപടി, വിജിലൻസ്/ക്രിമിനൽ കേസ് വിവരങ്ങൾ എന്നിവ വകുപ്പുതല സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗം പ്രത്യേകം പ്രത്യേകം പരിഗണിച്ച് യോഗ്യത നിർണ്ണയിച്ചശേഷമാണ് തഹസിൽദാർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിലുൾപ്പെടുത്തുന്നത്. വകുപ്പുതല

സ്ഥാനക്കയറ്റ സമിതി (ലോവർ) യോഗതീരുമാനപ്രകാരം യോഗ്യരായ ജീവനക്കാരെമാത്രം ഉൾപ്പെടുത്തിയാണ് സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്യുന്നത്. അസാധാരണ ഗസറ്റ് വിജ്ഞാപനം-550 തീയതി 14-02-2024, അസാധാരണ ഗസറ്റ് വിജ്ഞാപനം-1886 തീയതി 13-06-2024 എന്നിവ പ്രകാരം ഒടുവിൽ പ്രസിദ്ധീകരിച്ച 2024-ലെ സെലക്ട് ലിസ്റ്റിൽനിന്നും സീനിയോരിറ്റി ലിസ്റ്റിലുള്ളതും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ അച്ചടക്കനടപടി, വിജിലൻസ്/ക്രിമിനൽ കേസ് എന്നിവ നേരിടുന്ന പത്ത് ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്. അതുകൊണ്ട് ഒടുവിലത്തെ ഡെപ്യൂട്ടി തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിഭാഗംപേരും അഴിമതിക്കാരും ക്രിമിനൽ കേസ് പ്രതികളുമാണെന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ബി) ഇതിന്റെ പശ്ചാത്തലത്തിൽ വകുപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പിൽ സ്ഥാനക്കയറ്റം നൽകുന്നതിലേക്കായി വകുപ്പുതല സ്ഥാനക്കയറ്റ സമിതികൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ യോഗ്യരായ

ജീവനക്കാരെ മാത്രമാണ് ഉൾപ്പെടുത്തുന്നത്. ചട്ടപ്രകാരം തീർത്തും സുതാര്യമായിട്ടാണ് ഇത്തരത്തിലുള്ള സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കിവരുന്നത്.

**കപിത്താൻസ് റിസോർട്ട് സ്ഥിതിചെയ്യുന്ന സ്ഥലം**

251(5153) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ചിന്നക്കനാലിലെ കപ്പിത്താൻസ് റിസോർട്ട് പരിസ്ഥിതി ദുർബല പ്രദേശത്താണോ സ്ഥിതി ചെയ്യുന്നതെന്ന് അറിയിക്കുമോ?

ചിന്നക്കനാൽ വില്ലേജിൽ സ്ഥിതിചെയ്യുന്ന കപ്പിത്താൻസ് റിസോർട്ട് ഉൾപ്പെടുന്ന സ്ഥലം വനം വകുപ്പ് മുഖേന അന്വേഷിച്ചതിൽ പരിസ്ഥിതി ദുർബലപ്രദേശത്തിൽ ഉൾപ്പെട്ടുവരുന്നില്ല.

(ബി) റിസോർട്ട് സ്ഥിതിചെയ്യുന്ന വസ്തുവിൽ കെട്ടിടമുള്ളകാര്യം മറച്ചുവച്ച് ഭൂമിയുടെ ഉടമസ്ഥരാരെങ്കിലും വീട് നിർമ്മിക്കാൻ അനുമതിതേടി

ദേവികുളം തഹസിൽദാർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് അപേക്ഷ സമർപ്പിച്ചത്; ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഭൂമിയുടെ നിലവിലെ ഉടമസ്ഥർ ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ പഞ്ചായത്തിലെ ആറാം വാർഡിൽ സ്ഥിരതാമസക്കാരനാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. ടി വസ്തുവിന്റെ മുൻ കൈവശക്കാരായിരുന്ന ശ്രീമതി അനിറ്റ അൽഫോൻസ്, രോഹിണി വീട്, തിരുവനന്തപുരം; അമൃത അൽഫോൻസ്, വില്ല-ഡി-മെസ്സിഡസ്, നീണ്ടകര എന്നിവർ ടി വസ്തുവിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നൽകിയ അപേക്ഷയിൽ സ്ഥലത്ത് കെട്ടിടമുള്ളതായി സൂചിപ്പിച്ചിരുന്നില്ല. എന്നാൽ സ്ഥലം പരിശോധിച്ച് ചിന്നക്കനാൽ വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ സ്ഥലത്ത് കെട്ടിടങ്ങളുള്ളതായി പരാമർശിച്ചിരുന്നു. പിന്നീട് ടി കെട്ടിടങ്ങളിൽനിന്ന് മാറി 83.70 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി ലഭിക്കുന്നതിന് നിലവിലെ കൈവശക്കാരനായ മാത്യു എ. കുഴൽനാടൻ, ടോണി സാബു, ടോം സാബു എന്നിവർ ചേർന്ന് അപേക്ഷ

സമർപ്പിച്ചിരുന്നു. പരിശോധനയിൽ അപേക്ഷയ്ക്ക് ആസ്പദമായ സ്ഥലത്ത് നിലവിൽ NOC ലഭിക്കാതെ നിർമ്മിച്ച കെട്ടിടം സ്ഥിതിചെയ്യുന്നതായി കണ്ടെത്തുകയുണ്ടായി. നിലവിലെ ഭൂമിയുടെ ഉടമസ്ഥർ ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിലെ സ്ഥിരതാമസക്കാരനാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ അവിടെയുള്ള താമസക്കാരല്ല. അപേക്ഷകളുടെയും ബന്ധപ്പെട്ട തണ്ടപ്പേർ രജിസ്റ്ററിന്റെ പ്രസക്ത ഭാഗത്തിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു [+].

**ഭൂനികുതി നിർണ്ണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ**

252(5154) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂനികുതി നിർണ്ണയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പ്രസ്താവിച്ചിരിക്കുന്ന ഉത്തരവിന്റെ വിശദാംശം നൽകാമോ?

കേരള ലാൻഡ് ടാക്സ് ആക്റ്റ് 1961-ലെ രണ്ടാം വകുപ്പുപ്രകാരം ഒഴിവാക്കിയിട്ടുള്ള ഭൂമികളും സർക്കാർവക ഭൂമികളുമൊഴികെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഭൂമികൾക്കും ഇനമോ തരമോ കണക്കിലെടുക്കാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഭൂനികുതി ചുമത്തുന്നു. സർവെ ചെയ്ത ഭൂമികൾക്ക് നികുതി ചുമത്തേണ്ടത് ഓരോ കൈവശഭൂമിക്കും റവന്യൂ റെക്കോഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തീർണ്ണത്തെ ആസ്പദമാക്കിയാണ്. നികുതിദായകർ ഓരോ വർഷത്തേയും നികുതി അതത് വർഷം ഒക്ടോബർ മാസം 15-ാം തീയതിയോ അതിനുമുമ്പോ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ഒടുക്കേണ്ടതും ഇതിൽ വീഴ്ചവരുത്തിയാൽ കുടിശ്ശിക തുകയ്ക്ക് തുടർന്നുവരുന്ന ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ പ്രതിവർഷം ഒൻപത് ശതമാനം നിരക്കിൽ പലിശ ഈടാക്കുന്നതുമാണ്.

(ബി) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ഭൂനികുതിയിൽ വർധന വരുത്തിയത് എന്നാണെന്നും എത്ര ശതമാനം വർധനയാണ് വരുത്തിയതെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ ഭൂനികുതിയിൽ വർധന വരുത്തിയത് 2022-ലാണ്. 01-04-2022 മുതലാണ് ടി വർധന പ്രാബല്യത്തിൽ വരുന്നത്.

സംസ്ഥാനത്ത് പഞ്ചായത്ത് ഏരിയയിൽ 8.1 ആർസ് വരെയുള്ള ഭൂമിയുടെ നികുതി 100 ശതമാനം വർധിപ്പിച്ച് ഒരു ആറിന് പ്രതിവർഷം 2.5 രൂപയിൽനിന്നും 5 രൂപയായി വർധിപ്പിച്ചു. 8.1 ആറിന് മുകളിലുള്ള ഭൂമിയുടെ നികുതി 50 ശതമാനം വർധിപ്പിച്ച് ഒരു ആറിന് 6 രൂപയിൽനിന്നും 8 രൂപയാക്കി. മുനിസിപ്പാലിറ്റി ഏരിയായിൽ 2.43 ആർസ് വരെയുള്ള ഭൂമിക്ക് 100 ശതമാനം വർധിപ്പിച്ച് 5 രൂപയിൽനിന്നും 10 രൂപയാക്കി. 2.43 ആർസിന് മുകളിൽ 50 ശതമാനം വർധിപ്പിച്ച് 10 രൂപയിൽനിന്നും 15 രൂപയാക്കി. കോർപ്പറേഷൻ ഏരിയായിൽ 1.62 ആർ വരെയുള്ള ഭൂമിക്ക് 100 ശതമാനം വർധിപ്പിച്ച് പ്രതിവർഷം 10 രൂപയിൽനിന്നും 20 രൂപയാക്കി. 1.62 ആർസിനുമുകളിൽ 50 ശതമാനം വർധിപ്പിച്ച് 20 രൂപയിൽനിന്നും 30 രൂപയാക്കി.

(സി) ഭൂനികുതി വർധിപ്പിച്ചതിലൂടെ സർക്കാരിനുണ്ടായ വരുമാന വർധന എത്രയാണെന്ന് വ്യക്തമാക്കാമോ?

ജില്ലകളിൽനിന്നും ലഭ്യമായ DCB കണക്കുകൾപ്രകാരം ഭൂനികുതി വരുമാനം 2022 മാർച്ചിൽ 132.99 കോടി രൂപയായിരുന്നത് ഭൂനികുതി

വർധിപ്പിച്ചതിലൂടെ 2023 മാർച്ചിൽ 212.37 കോടി രൂപയായി വർധിച്ചിട്ടുണ്ട്. അപ്രകാരം സർക്കാരിന് ഭൂനികുതി വർധിപ്പിച്ചതിലൂടെ 79.38 കോടി രൂപയുടെ വരുമാന വർധനവാണ് ഉണ്ടായിട്ടുള്ളത്.

**ഭൂപരിഷ്കരണ നിയമത്തിൽ ഇളവ്**

253(5155) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് ലഭിച്ച തോട്ടഭൂമി മുറിച്ചുവിറ്റ് തരംമാറ്റിയിട്ടുണ്ടെങ്കിൽ അത് കണ്ടെത്തി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഏതുസാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇളവ് ലഭിച്ച തോട്ടഭൂമി മുറിച്ചുവിറ്റ് തരംമാറ്റിയിട്ടുണ്ടെങ്കിൽ അവ കണ്ടെത്തി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് നിലവിലെ കേരള ഭൂപരിഷ്കരണ നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 87(1) വിശദീകരണം II-ലാണ് ഇക്കാര്യം പ്രതിപാദിക്കുന്നത്. ഇളവ് ലഭിച്ച ഭൂമി തരംമാറ്റിയാൽ ഇളവ് ഇല്ലാതാകുകയും അത് ഇളവ് ലഭിച്ച വ്യക്തി ആർജിച്ച ഭൂമിയായി കണക്കാക്കി മിച്ചഭൂമി കേസ് പുനരാരംഭിക്കേണ്ടതാണെന്നുമാണ് പ്രസ്തുത വിശദീകരണം. എന്നാൽ ഇത്തരത്തിൽ നിലവിലുള്ള മിച്ചഭൂമി കേസുകൾ പുനരാരംഭിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടിക്ക് വലിയ കാലതാമസവും തടസ്സങ്ങളുമുണ്ടാകുന്ന സാഹചര്യത്തിൽ തരംമാറ്റിയ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകും എന്ന വ്യവസ്ഥയോടെ ഒരു നിയമഭേദഗതിക്ക് 2019-ൽ മന്ത്രിസഭ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഭേദഗതി സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

**മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ കുമാരപുരം വില്ലേജിൽനിന്നും മാറ്റുന്നതിന് നടപടി**

254(5156) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ ഇടുക്കി ജില്ലയിലെ കുമാരപുരം വില്ലേജിന്റെ അധികാര പരിധിയിൽ വരുന്നതുമൂലം അവിടെയുള്ള ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ കുമാരപുരം വില്ലേജിൽനിന്നും സ്വന്തം ജില്ലയായ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിലേക്ക് മേല്പറഞ്ഞ പ്രദേശങ്ങളെ മാറ്റുന്നതിനുള്ള നടപടികളുണ്ടാകുമോ; വിശദീകരിക്കുമോ;

(സി) ഈ വിഷയത്തിൽ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നതിനാലും ടി പ്രദേശത്തെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജിനോടും ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലും സർവെ നടപടികൾ പൂർത്തിയാക്കി ജില്ലാ കളക്ടർമാർ റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കണ്ണൂർ ജില്ലയിലെ റവന്യൂ വില്ലേജുകളുടെ വിഭജനം**

255(5157) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതെങ്കിലും റവന്യൂ വില്ലേജുകളെ ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തീരുമാനിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽനിന്നും പുതിയ താലൂക്ക്/വില്ലേജ്/ആർ.ഡി.ഒ രൂപീകരണം/വിഭജനം ഉൾപ്പെടെ പുതിയ അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമായിവരുന്നുണ്ട്. വില്ലേജുകളുടെ വിഭജനം ഉൾപ്പെടെയുള്ള പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മിഷണറേറ്റ് തലത്തിൽ ഒരു ടീമിനെ സർക്കാർ നിയോഗിച്ചിട്ടുള്ളതും റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി അത്തരം ചെലവുകൾ വഹിക്കാൻ പര്യാപ്തമാകുന്നമുറയ്ക്ക് കണ്ണൂർ ജില്ലയിലുൾപ്പെടെയുള്ള വില്ലേജുകളുടെ വിഭജനം സംബന്ധിച്ച വിഷയം പരിഗണിക്കാവുന്നതാണ്.

(ബി) ജില്ലയിലെ ചിറക്കൽ വില്ലേജിലുള്ള ജനസംഖ്യ എത്രയാണെന്ന് സൂചിപ്പിക്കാമോ?

ചിറക്കൽ വില്ലേജിലെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 45601 ആയിരുന്നു. എന്നാൽ ഏകദേശം 60000-ൽപ്പരം ജനങ്ങൾ വില്ലേജ് പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വില്ലേജ് വിഭജിക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

(ഡി) ജനസംഖ്യ കൂടുതലുള്ള വില്ലേജുകളിലെ ജീവനക്കാരുടെ ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ലാൻഡ് ബോർഡുകളുടെ പ്രവർത്തനം**

256(5158) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള ഭൂ പരിഷ്കരണ റിവ്യൂ ബോർഡിലും സർക്കാർതലത്തിലും സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറി തലത്തിലും യോഗങ്ങൾ നടത്തി താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിവരുന്നു.

(ബി) ലാൻഡ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താലൂക്ക് ലാൻഡ് ബോർഡുകളെ 4 സോണുകളായി വിഭജിക്കുകയും ഓരോ സോണിനും സ്വതന്ത്ര ചുമതലയുള്ള പുതിയ ഡെപ്യൂട്ടി കളക്ടർ തസ്തിക പുതുതായി സൃഷ്ടിച്ച് താലൂക്ക് ലാൻഡ് ബോർഡുകളുടെ ചുമതല നൽകുകയുമുണ്ടായി. ദീർഘകാലമായി തീർപ്പാകാതെ കിടന്ന ധാരാളം കേസുകൾ ഈ സംവിധാനത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. സോണൽ ലാൻഡ് ബോർഡ് നിലവിൽ വന്നതിനുശേഷം 148 മിച്ചഭൂമി കേസുകൾ

തീർപ്പാക്കാനും 1445.40114 ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കാനും കഴിഞ്ഞിട്ടുണ്ട്. മിച്ചഭൂമി കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സോണൽ ലാൻഡ് ബോർഡ് ചെയർമാൻമാർക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള നാല് സോണുകളുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

സോണൽ ലാൻഡ് ബോർഡ് നിലവിൽ വന്നതിനുശേഷമുള്ള പ്രവർത്തന വിവരം അനുബന്ധമായി ചേർക്കുന്നു+.

**റവന്യൂ വകുപ്പ് ഈടാക്കുന്ന നികുതികൾ**

257(5159) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റസിഡൻഷ്യൽ/കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായതിനുശേഷം റവന്യൂ വകുപ്പ് മുഖേന ഏതെല്ലാം നികുതികളാണ് ഈടാക്കുന്നതെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗാർഹിക/വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ 100m²-നുമുകളിൽ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും 50m²-നുമുകളിൽ വിസ്തീർണ്ണമുള്ള ഗാർഹികേതര കെട്ടിടങ്ങൾക്കും റവന്യൂ വകുപ്പ് മുഖേന ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കിവരുന്നുണ്ട്. കൂടാതെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 (എ) പ്രകാരം 1-04-1999-നോ അതിനുശേഷമോ നിർമ്മിച്ചിട്ടുള്ളതും 278.7 ച.മീറ്ററിന് മുകളിലുള്ളതുമായ എല്ലാ ഗാർഹിക കെട്ടിടങ്ങൾക്കും വർഷാവർഷം അധിക നികുതിയും റവന്യൂ വകുപ്പ് മുഖേന ഈടാക്കിവരുന്നു.

(ബി) പ്രസ്തുത നികുതി പിരിവിനായി ഏർപ്പെടുത്തിയിട്ടുള്ള സ്ലാബ് നിരക്ക് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2020-ലെ കേരള ധനകാര്യ ആക്റ്റ് പ്രകാരം താമസ/താമസേതര കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതിയും അധിക നികുതിയും 19-09-2020-ലെ എസ്.സി.1/49/20/റവ നമ്പർ സർക്കുലർ പ്രകാരം 1-4-2020 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിരുന്നു. പുതുക്കിയ സ്ലാബ് നിരക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) റസിഡൻഷ്യൽ/കൊമേഴ്സ്യൽ കെട്ടിട ഉടമകളിൽനിന്നും കെട്ടിടത്തിന്റെ വലിപ്പത്തിനനുസരിച്ചുള്ള ആഡംബര നികുതി ഈടാക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരം 01-04-1999-നോ അതിനുശേഷമോ നിർമ്മിച്ചിട്ടുള്ളതും 278.7 ച.മീറ്ററിന് മുകളിലുള്ളതുമായ എല്ലാ ഗാർഹിക കെട്ടിടങ്ങൾക്കും വർഷാവർഷം വലിപ്പത്തിനനുസരിച്ച് അധിക നികുതി ചുമത്തിവരുന്നു. അധിക നികുതി നിരക്കുകൾ അനുബന്ധം 2 ആയി ചേർക്കുന്നു+. വാണിജ്യ കെട്ടിടങ്ങളിൽനിന്നും അധിക നികുതി ഈടാക്കുന്നില്ല.

**വില്ലേജ് ഓഫീസുകളിലെ ഡിജിറ്റൈസേഷൻ**

258(5160) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ഡിജിറ്റൈസേഷൻ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമിയുടെ രേഖകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് Revenue Land Information System - ReLIS (www.revenue.kerala.gov.in) എന്ന പോർട്ടൽ മുഖേന ലഭ്യമാക്കിയിട്ടുള്ളതും അപ്രകാരം ഡാറ്റാബേസ് അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി, ഓൺലൈൻ തരംമാറ്റം, ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ എന്നിവ നടപ്പാക്കിയിട്ടുള്ളതുമാണ്. കൂടാതെ ഭൂവിവരങ്ങൾ സെർച്ച് ചെയ്ത് കാണുന്നതിനുള്ള സൗകര്യവും ടി പോർട്ടലിൽ ഒരുക്കിയിട്ടുള്ളതുമാണ്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നിലവിൽ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിങ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി ഒന്നിലധികം പേർക്ക് തുല്യാവകാശമുള്ള വസ്തുക്കളിൽ തണ്ടപേർ നമ്പർ നൽകുന്നതിന് സ്വീകരിക്കുന്ന നടപടിക്രമം വ്യക്തമാക്കാമോ?

കേരളാ പോക്കുവരവ് ചട്ടങ്ങൾ, 1966 (The Kerala Transfer of Registry Rules, 1966) പ്രകാരം, കൈവശങ്ങൾ കൂട്ട് ഓഹരിയുടമകളുടെ പേരിൽ കൂട്ടായി ഭൂനികുതി അടയ്ക്കുന്നതിന് ബാധ്യസ്ഥരാകുന്ന വിധത്തിൽ പോക്കുവരവ് നടത്തി എല്ലാ ഭൂവുടമകളുടേയും പേര് ഉൾപ്പെടുത്തിക്കൊണ്ട് ഒരു തണ്ടപ്പേർ അനുവദിക്കുകയാണ് ചെയ്തുവരുന്നത്.

(സി) ഡിജിറ്റൈസേഷന്റെ ഭാഗമായുള്ള സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ?

ഡിജിറ്റൈസേഷന്റെ ഭാഗമായുള്ള സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനായി വില്ലേജ് ഓഫീസർ തലത്തിലും തഹസിൽദാർ തലത്തിലും ReLIS (www.revenue.kerala.gov.in) എന്ന വെബ് ആപ്ലിക്കേഷനിലൂടെ പരാതി സമർപ്പിക്കുന്നതിനുള്ള സൗകര്യം

ഒരുക്കിയിട്ടുണ്ട്. അപ്രകാരമുള്ള എല്ലാ പരാതികളും (ഇ-മെയിൽ, ഫോൺ, തപാൽ മുഖേന ലഭ്യമാകുന്നവ) റവന്യൂ സ്റ്റേറ്റ് ഐ.റ്റി.സെൽ മുഖേന പരിഹരിച്ചുവരുന്നു.

**ഭൂമിയുടെ തരംമാറ്റുന്നതിന് അപേക്ഷ**

259(5161) <u>ശ്രീ. കെ. വി. സുമേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരംമാറ്റുന്നതിന് അപേക്ഷ നൽകേണ്ടത് ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കാമോ?

ഭൂമി തരംമാറ്റുന്നതിനായി റെലിസ് പോർട്ടൽ (https://www.revenue.kerala.gov.in) മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുടർന്ന്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ചുമതല നിർവഹിക്കുന്ന ഉദ്യോഗസ്ഥന് (താലൂക്ക് അടിസ്ഥാനത്തിൽ ചുമതല നിക്ഷിപ്തമായ റവന്യൂ ഡിവിഷണൽ ഓഫീസർ/ഡെപ്യൂട്ടി കളക്ടർക്ക്) ടി അപേക്ഷ കൈമാറി ലഭിക്കുന്നതുമാണ്.

(ബി) അപേക്ഷ സമർപ്പിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്; ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

20.20 ആർസ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റുന്നതിന് ഫോറം 6 അപേക്ഷയും 20.20 ആർസിനുമുകളിൽ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റുന്നതിന് ഫോറം 7 അപേക്ഷയുമാണ് സമർപ്പിക്കേണ്ടത്. അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു:

- 1000/- രൂപ ഫീസ് ഒടുക്കിയ രസീതിന്റെ അസ്സൽ
- നികുതി രസീതിന്റെ പകർപ്പ്
- ആധാരത്തിന്റെ പകർപ്പ്
- വില്ലേജ് ഓഫീസർ അല്ലെങ്കിൽ ലൈസൻസുള്ള സർവെയർ തയ്യാറാക്കിയ വസ്തുവിന്റെ സ്കെച്ച്

- അപേക്ഷാഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെടുന്നില്ലെന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം

- അപേക്ഷാഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ

- സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള കേസുകളിൽ അപേക്ഷാ ഭൂമി 30-12-2017-നമുമ്പ് 25 സെന്റിൽ അധികരിച്ചിരുന്നില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള 50 രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ സത്യവാങ്മൂലം.

- തരംമാറ്റേണ്ട ഭൂമിയുടെ വിസ്തൃതി 20.20 ആർസിൽ അധികരിക്കുന്ന പക്ഷം, ടി ഭൂമിയുടെ 10% ജലസംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കേണ്ടതിനാൽ 10% ജലസംരക്ഷണ പ്രദേശം നീലനിറത്തിലും മറ്റു പ്രദേശങ്ങൾ ചുവപ്പ് നിറത്തിലും രേഖപ്പെടുത്തി വില്ലേജ് ഓഫീസർ അല്ലെങ്കിൽ ലൈസൻസുള്ള സർവെയർ തയ്യാറാക്കുന്ന സ്കെച്ച്.

തുടർന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ ഫോറം 6 അപേക്ഷയിന്മേൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടുന്നു. ഫോറം 7 അപേക്ഷയാണെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനൊപ്പം കൃഷി ഓഫീസറുടെ റിപ്പോർട്ടുകൂടി റവന്യൂ ഡിവിഷണൽ ഓഫീസർ ആവശ്യപ്പെടുന്നു. റിപ്പോർട്ടുകൾ പരിഗണിച്ച് തരംമാറ്റം അനുവദിക്കുന്നപക്ഷം അപേക്ഷകനോട് തരംമാറ്റത്തിനുള്ള ഫീസ് അടയ്ക്കാൻ നിർദേശിക്കുന്നു. അപേക്ഷകൻ ഫീസ് അടച്ചതിനുശേഷം റവന്യൂ ഡിവിഷണൽ ഓഫീസർ തരംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിൽ സബ് ഡിവിഷൻ നടപടികൾ ആവശ്യമുള്ളപക്ഷം അത് സ്വീകരിക്കാൻ ബന്ധപ്പെട്ട തഹസിൽദാർക്ക് നിർദേശം നൽകുന്നു. തുടർന്ന് അവസാനം വില്ലേജ് ഓഫീസർ റവന്യൂ രേഖകളിൽ മാറ്റംവരുത്തുന്നു. 1967 ജൂലൈ 4-ാം തീയതിക്കുമുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ സ്വഭാവവ്യതിയാനം സംബന്ധിച്ചുള്ള അപേക്ഷ ഫാറം 9-ൽ സമർപ്പിക്കേണ്ടതും പ്രസ്തുത ഭൂമി 1967 ജൂലൈ 4-ാം തീയതിക്കുമുമ്പ് നികത്തിയതോ നികന്നതോ ആണെന്ന്

തെളിയിക്കുന്നതിനായി പ്രസ്തുത ഭൂമിയെ സംബന്ധിക്കുന്ന താഴെ പറയുന്ന രേഖകൾ തെളിവായി നൽകേണ്ടതുമാണ്:

i) അപ്രകാരമുള്ള ഭൂമി 1967 ജൂലൈ 4-നുമുമ്പ് നികന്നതായോ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായോ പ്രസ്താവിച്ചിട്ടുള്ള ആധാരത്തിന്റെ പകർപ്പുകൾ അല്ലെങ്കിൽ;

ii) അപ്രകാരമുള്ള ഭൂമിയിൽ 1967 ജൂലൈ 4-നുമുമ്പ് നികന്നതായോ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായോ പ്രസ്താവിച്ചിട്ടുള്ള/രേഖപ്പെടുത്തിയിട്ടുള്ള മുദ്രപത്രത്തിൽ തയ്യാറാക്കിയിട്ടുള്ള നിയമാനുസൃത ഉടമ്പടികൾ (ഒറ്റി, കാണം തുടങ്ങിയവയുടേത് ഉൾപ്പെടെ);

iii) അപ്രകാരമുള്ള ഭൂമി 1967 ജൂലൈ 4-നുമുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ കെട്ടിട നികുതി അടച്ചതിന്റെ രസീത്; അല്ലെങ്കിൽ

iv) അപ്രകാരമുള്ള ഭൂമി 1967 ജൂലൈ 4-നുമുമ്പ് നികന്നതായോ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായി തെളിയിക്കുന്ന

തരത്തിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനോ, സർക്കാർ ഏജൻസികളോ നൽകിയ ലൈസൻസോ മറ്റ് രേഖകളോ;

v) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വ്യക്തമാക്കിയിട്ടുള്ള ഭൂമിയിലുള്ള മരങ്ങൾ, വീടുകൾ, പുരാതനമായ കാവുകൾ, എടുപ്പ് എന്നിവയുടെ പ്രായം, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിലും അതിനനുസൃതമായുമുള്ള സാക്ഷിമൊഴികളോ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ വില്ലേജ് ഓഫീസറോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും ആവശ്യമുള്ളപക്ഷം സ്ഥലപരിശോധന നടത്തുന്നതുമാണ്. ഇപ്രകാരം അപേക്ഷ അനുവദിക്കുന്ന ഭൂമി 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡറിന്റെ പ്രാരംഭ തീയതിയായ 1967 ജൂലൈ 4-ാം തീയതിക്കുമുമ്പ് നികത്തിയതോ നികന്നതോ ആണെന്ന് അപേക്ഷകൻ നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി

തെളിയിക്കുന്നപക്ഷം, ചട്ടം 12(9) പ്രകാരമുള്ള ഷെഡ്യൂളിലുള്ള യാതൊരു ഫീസും അടവാക്കേണ്ടതില്ല.

(സി) ഭൂമിയുടെ തരംമാറ്റുന്നതിന്റെ ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ?

ഭൂമി തരംമാറ്റുന്നതിന് അപേക്ഷാ ഫീസ് 1000/- രൂപയാണ്. കൂടാതെ തരംമാറ്റാനുദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തരംമാറ്റഫീസ് ഈടാക്കുന്നതാണ്. 25-02-2021-ലെ G.O.(Rt).No.1166/2021/REV നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള 21-04-2021-ലെ SRO 369/2021 പ്രകാരം, തരംമാറ്റാനുദ്ദേശിക്കുന്ന ഭൂഭാഗം ഉൾപ്പെടുന്ന ഭൂമി, 30-12-2017 പ്രാബല്യത്തിൽ, 25 സെന്റിൽ അധികരിക്കാത്ത ഭൂമിയാണെങ്കിൽ സൗജന്യമായി തരംമാറ്റാവുന്നതാണ്. എന്നാൽ അപേക്ഷാ ഭൂമി 25 സെന്റിൽ അധികരിക്കുകയും 1 ഏക്കർ വരെ വിസ്തൃതിയുള്ളതുമാണെങ്കിൽ ന്യായവിലയുടെ 10% ഫീസും 1 ഏക്കറിൽ അധികരിക്കുന്നപക്ഷം ന്യായവിലയുടെ 20% ഫീസും അടയ്ക്കേണ്ടതാണ് (ന്യായവിലയെന്നാൽ, കേരള

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ നിർവചന പ്രകാരമുള്ള ന്യായവില എന്നാണ് അർഥമാക്കുന്നത്). കൂടാതെ, അപേക്ഷാഭൂമിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ അധികരിക്കുന്നപക്ഷം അപ്രകാരം അധികമായിവരുന്ന ഓരോ ചതുരശ്ര അടിക്കും 100/- രൂപ നിരക്കിലുള്ള ഫീസുകൂടി അടക്കേണ്ടതാണ്.

**ചെങ്ങന്നൂർ റവന്യൂ ഡിവിഷനിൽ ഭൂമി തരംമാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ**

260(5162) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ റവന്യൂ ഡിവിഷനിൽ വീട് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി തരംമാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റത്തിനായി ലഭിക്കുന്ന അപേക്ഷകൾ ഭവന നിർമ്മാണം,

വാണിജ്യാവശ്യങ്ങൾ, വിദ്യാഭ്യാസ വായ്പ, വിവാഹം, ചികിത്സ എന്നിങ്ങനെ വ്യത്യസ്തമായ ആവശ്യങ്ങൾ രേഖപ്പെടുത്തി വരുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രത്യേകം പ്രത്യേകം വേർതിരിച്ചല്ല തീർപ്പാക്കിവരുന്നത്. അതിനാൽ വീട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ വേർതിരിച്ചെടുക്കാൻ നിലവിൽ ഓൺലൈൻ പോർട്ടലിൽ സംവിധാനമില്ലാത്തതാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ ഭൂമി തരംമാറ്റിയിട്ടുള്ളതും നിരസിച്ചിട്ടുള്ളതുമായ അപേക്ഷകൾ എത്രയെന്ന് അറിയിക്കുമോ?

സ്വഭാവ വ്യതിയാനത്തിനായി ലഭിച്ച 16714 അപേക്ഷകളിൽ 7353 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണ്. അതിൽ 6987 അപേക്ഷകൾ തരംമാറ്റം അനുവദിച്ചും 366 അപേക്ഷകൾ നിരസിച്ചും ഉത്തരവായിട്ടുള്ളതാണ്.

**മൂന്നാറിൽ ഹിൽ ഏരിയ അതോറിറ്റി**

261(5163) **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയുടെ ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ?

മൂന്നാർ പ്രദേശത്ത് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും അനധികൃത കൈയേറ്റങ്ങളിലും നിർമ്മാണങ്ങളിലും ഉചിതമായ തീരുമാനമെടുക്കുന്നതിനും പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ സംരക്ഷിക്കുന്നതിനുമായി മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് 20-04-2023-ലെ സ.ഉ. (കൈ)നം.96/2023/തസ്വഭവ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നാർ മേഖലയിലെ പഞ്ചായത്തുകളുടെ ഒറ്റയ്ക്കുള്ള പ്രവർത്തനത്തിലുപരി ദീർഘവീക്ഷണ കാഴ്ചപ്പാടോടെ മൂന്നാറിന്റെയും സമീപപ്രദേശങ്ങളുടെയും വികസനം ആസൂത്രണം ചെയ്യുകയും

അതിന്റെയടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുകയും അനധികൃത കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ഇതിനായി ഭരണസംവിധാനത്തെ ഏകോപിപ്പിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകളുടെ തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന അധികാരത്തിലേക്ക് കടന്നുകയറാതെയുള്ള ഒരു ഏകോപന സംവിധാനം എന്ന നിലയ്ക്കാണ് മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കുന്നത്.

(ബി) മൂന്നാറിലേക്ക് റവന്യൂ സ്പെഷ്യൽ ഓഫീസറെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുന്നത്; ആരെയാണ് സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളത്; സ്പെഷ്യൽ ഓഫീസറുടെ ചുമതലകൾ എന്തൊക്കെയായിരിക്കും എന്ന് വ്യക്തമാക്കുമോ?

പട്ടയം നൽകുക, കൈയേറ്റം ഒഴിപ്പിക്കൽ, പട്ടയ സാധുത പരിശോധന സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടത്തുക എന്നിവയുമായി ബന്ധപ്പെട്ട റവന്യൂ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അധികാരമുള്ളതും ജില്ലാ കളക്ടറുടെ

പദവിക്ക് തുല്യമോ അതിനുമുകളിലോ ആയിട്ടുള്ളതുമായ ഒരു സ്പെഷ്യൽ ഓഫീസറെ മൂന്നാർ മേഖലയിൽ നിയമിക്കുന്നതിന് 19-06-2024-ൽ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**റവന്യൂ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം**

262(5164) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഏറ്റവും വലിയ വകുപ്പുകളിലൊന്നായ റവന്യൂ വകുപ്പിൽ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ളതാണ് Zero Corruption Campaign. അതിന്റെ ഭാഗമായി 23-03-2022-ലെ സ.ഉ.(സാധാ)നം.1293/2022/റവ പ്രകാരം സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ

മേധാവികളാക്കിക്കൊണ്ടും മറ്റ് ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിക്കൊണ്ടും ഇൻസ്പെക്ഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളും ഉൾപ്പെടുന്ന രീതിയിൽ 17-08-2023-ലെ സ.ഉ.(സാധാ)നം.3037/2023/റവ പ്രകാരം 7 ടീമുകൾ രൂപകല്പന ചെയ്തിട്ടുണ്ട്. പ്രസ്തുത ടീമുകൾ സംസ്ഥാനത്തുടനീളം പരിശോധന നടത്തിവരുന്നുണ്ട്. റവന്യൂ വകുപ്പിൽ പരിശോധനകൾ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും സർക്കാർതലത്തിൽ ഉന്നതതല പരിശോധന കാര്യക്ഷമമായി നടത്തിവരുന്നു.

2. സംസ്ഥാനത്തെ എല്ലാ റവന്യൂ ഓഫീസുകളിലും റവന്യൂ വിജിലൻസ് പരിശോധന നടത്തിവരുന്നു.

3. കമ്മീഷണറേറ്റ് തലത്തിൽ കളക്ടേറ്റുകൾ, ആർ.ഡി. ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തിവരുന്നു.

4. കളക്ടേറ്റ് തലത്തിൽ ആർ.ഡി.ഒ. ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, മറ്റ് സബ് ഓഫീസുകൾ എന്നിവയുടെ വാർഷിക പരിശോധനകൾ, ഓഡിറ്റ്, ആകസ്മിക പരിശോധനകൾ എന്നിവ നടത്തിവരുന്നു.

5. താലൂക്ക് തലത്തിൽ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ആകസ്മിക പരിശോധനകൾ നടത്തിവരുന്നു.

6. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ജനങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ റവന്യൂ ടോൾ ഫ്രീ നമ്പർ 1800-4255-255 പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുതവിവരം എല്ലാ റവന്യൂ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

7. ജില്ലകളിൽ കളക്ടേറ്റിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗം വില്ലേജ് ഓഫീസുകളിലെ ജമാബന്തി പരിശോധനകൾ നടത്തിവരുന്നു.

8. മേഖലാടിസ്ഥാനത്തിൽ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലുള്ള ടീമുകളും റവന്യൂ ഓഫീസുകളിൽ മിന്നൽ പരിശോധനകൾ ഉൾപ്പെടെ നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗം കുറ്റമറ്റ നിലയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിയിട്ടുള്ള നൂതന പദ്ധതികളെന്തെല്ലാം; വിശദമാക്കുമോ?

നിലവിലുള്ള പരിശോധനാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പരിശോധനകൾക്കാവശ്യമായ ചോദ്യാവലികളും അവയുടെ Standard Operating Procedure എന്നിവ തയ്യാറാക്കി ഓൺലൈനായി പരിശോധന നടത്തുന്നതിനുള്ള online module വികസിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളും മൂന്ന് മാസത്തെ കാലയളവിനുള്ളിൽ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്ന തരത്തിൽ online module വികസിപ്പിച്ചെടുത്തിട്ടുള്ളതും അതുപ്രകാരം നിലവിൽ പരിശോധനകൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

ഇപ്രകാരമുള്ള പരിശോധനകൾവഴി ഓരോ ത്രൈമാസ കാലയളവിനുള്ളിലും എല്ലാ വില്ലേജ് ഓഫീസുകളും പരിശോധനാ പരിധിയിൽ ഉൾപ്പെട്ടുവരികയും ഒരു വർഷത്തിനുള്ളിൽ 4 തവണ വില്ലേജുകൾ പരിശോധനയ്ക്ക് വിധേയമാകുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും അവ പരിഹരിക്കപ്പെടുന്നതിനും കൂടാതെ ഗുരുതരമായ ക്രമക്കേടുകൾക്ക്/അച്ചടക്ക നടപടികൾക്ക് ശിപാർശ ചെയ്യുന്നതിനും ഇതുപ്രകാരം സാധ്യമാകുന്നതാണ്.

(സി) പ്രസ്തുത വിഭാഗം കണ്ടെത്തുന്ന ക്രമക്കേടുകൾ ഗൗരവതരമായി പരിഗണിച്ച് ശിക്ഷാനടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകളുടെ ഗൗരവം അനുസരിച്ച് ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

(ഡി) വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം, വിജിലൻസ് വിഭാഗം എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി

ഈ വിഭാഗങ്ങളിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പഠന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM) മുഖേന റവന്യൂ ജീവനക്കാർക്ക് നിലവിൽ, റവന്യൂ വകുപ്പിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. അതിൽ ഓഫീസുകൾ അഴിമതിമുക്തമാക്കുന്നത് സംബന്ധിച്ച വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയതായി തയ്യാറാക്കുന്ന ഓൺലൈൻ പരിശോധനാ സമ്പ്രദായത്തെക്കുറിച്ച്, പരിശോധനാ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പഠന പരിശീലന പ്രവർത്തനങ്ങൾ ILDM മുഖേന സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെന്റർ ഫോർ ട്രെയിനിങ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (CTFM) മുഖാന്തരം പരിശീലന പരിപാടികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

263(5165) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരമേറ്റശേഷം റവന്യൂ വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതും നടപ്പാക്കിവരുന്നതും അനുവദിച്ചതുമായ പദ്ധതികൾ ഏതെല്ലാം; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയതും നിലവിലെ സർക്കാർ അധികാരമേറ്റശേഷം നടപ്പാക്കിയിട്ടുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | തെക്കേക്കര സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | 27-03-2023-ന് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതും ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |
| 2 | പാലമേൽ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | 22-6-2023-ന് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതും ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| 3 | വെട്ടിയാർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | 27-6-2023-ന് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതും ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. |

നിലവിലെ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പാക്കിവരുന്നതുമായ പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ചുനക്കര വില്ലേജ് ഓഫീസ് നിർമ്മാണം | വർക്ക് ടെൻഡർ ചെയ്തു. |
| 2 | മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണം | രണ്ടാം നിലയുടെ റൂഫ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു. |

**റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാപെൻഷനുകൾ**

264(5166) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സാമൂഹ്യസുരക്ഷാ

പെൻഷനുകൾ പുതിയതായി എത്രപേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ ക്യാൻസർ പെൻഷൻ 1858 പേർക്കും ക്ഷയരോഗ പെൻഷൻ 148 പേർക്കും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനി തീർപ്പാക്കാനുള്ള അപേക്ഷകൾ ഉണ്ടെങ്കിൽ അതിന്റെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

ഇനി തീർപ്പാക്കാൻ നിലവിൽ ക്യാൻസർ പെൻഷൻ ഇനത്തിൽ 53 അപേക്ഷകളും ക്ഷയരോഗ പെൻഷൻ ഇനത്തിൽ 10 അപേക്ഷകളും ബാക്കിയുണ്ട്.

**അഴീക്കോട് മണ്ഡലത്തിൽ പ്രളയ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി**

265(5167) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കോട് മണ്ഡലത്തിൽ 2022-23, 2023-24 വർഷങ്ങളിൽ അനുവദിച്ച റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) പ്രളയ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അഴീക്കോട് മണ്ഡലത്തിൽ 2022-23, 2023-24 വർഷങ്ങളിൽ അനുവദിച്ച റോഡുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു+.

**സർക്കാർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തി കൈയേറി**

266(5168) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം- കൈപ്പട്ടൂർ റോഡിൽ കൊടുമൺ സ്റ്റേഡിയത്തിന് മുൻഭാഗത്തുള്ള ഓട റോഡിന്റെ മുൻനിശ്ചയിച്ച അലൈൻമെന്റ് മാറ്റി നിർമ്മിച്ചതിലൂടെ സർക്കാർ പുറമ്പോക്ക് ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വകാര്യ വ്യക്തി കൈയേറിയെന്ന കൊടുമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് പരാതികളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാലും സർക്കാർ പുറമ്പോക്ക് കൈയേറിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ അടൂർ താലൂക്ക് ഓഫീസിൽനിന്നും പ്രത്യേകം സർവെ ടീമിനെ നിയമിച്ച് സർവെ നടപടികൾ നടത്തിവരുന്നു.

**വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം**

267(5169) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷം വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി ഭരണഘടനയുടെ 296-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടും പ്രസ്തുത ഭൂമി ഇപ്പോഴും പല കമ്പനികളുടെയും/വ്യക്തികളുടെയും കൈവശം വച്ചിട്ടുള്ളതായി കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; ഏതെല്ലാം കമ്പനികളാണ് ഇത്തരത്തിൽ ഭൂമി കൈവശം വച്ചിട്ടുള്ളതെന്ന്

അറിയിക്കാമോ; കൈവശം വച്ചിട്ടുള്ള ഭൂമിയുടെ അളവ്, വില്ലേജ് എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ?

വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടും പ്രസ്തുത ഭൂമി ഇപ്പോഴും പല കമ്പനികളും/വ്യക്തികളും കൈവശം വച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

ഇംഗ്ലണ്ട് ആസ്ഥാനമായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് സംസ്ഥാനത്ത് കൈവശം വച്ചിരുന്ന ഭൂമി നിലവിൽ കൈവശം വയ്ക്കുന്ന M/s ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കൈയേറ്റക്കാർ എന്നിവരിൽനിന്നും സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കാൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2013-ൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസർ & കളക്ടർ ആയി നിയോഗിച്ചിരുന്നു. കൂടാതെ സംസ്ഥാനത്ത് സമാനരീതിയിൽ വിദേശ കമ്പനികളും പൗരന്മാരും

സ്വാതന്ത്ര്യത്തിനുമുമ്പ് കൈവശം വച്ചിരുന്ന എല്ലാ ഭൂമിയും സ്വത്തുക്കളും കേരള ഭൂസംരക്ഷണ നിയമ പ്രകാരം സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ടി സ്പെഷ്യൽ ഓഫീസറെ 2015-ൽ സർക്കാർ വീണ്ടും ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. പ്രസ്തുത രണ്ട് സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ സ്പെഷ്യൽ ഓഫീസർ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ തുടർന്നുവരവേ ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽനിന്നും ഭൂമി നേടിയവർ, മറ്റ് കൈയേറ്റക്കാർ, സമാന രീതിയിലുള്ള മറ്റ് ഏതാനും കമ്പനികളും വ്യക്തികളും സ്പെഷ്യൽ ഓഫീസറുടെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള അധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി.

ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റും ഫയൽ ചെയ്ത WP(C) No.33122/2014 നമ്പർ കേസിൽ ഡിവിഷൻ ബഞ്ച് 11-04-2018-ൽ ഉത്തരവ് പുറപ്പെടുവിച്ചു. പരാതിക്കാർ കൈവശം വയ്ക്കുന്ന ഭൂമിയിലും സ്വത്തുക്കളിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് പ്രസ്തുത നിയമത്തിൽ

വകുപ്പുകളില്ലാത്തതിനാൽ സ്പെഷ്യൽ ഓഫീസർക്ക് ഇപ്രകാരം ഉടമസ്ഥത സ്ഥാപിക്കുന്നതിന് അധികാരം ഇല്ലെന്ന് പ്രഖ്യാപിച്ചു. എന്നാൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് മറ്റ് നിയമനടപടികൾ സ്വീകരിക്കുകയോ സിവിൽ കോടതികളെ സമീപിച്ച് കേസുകൾ ഫയൽ ചെയ്യുകയോ ആകാമെന്ന് സർക്കാരിനോട് ടി ഉത്തരവിലൂടെ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. മറ്റനേകം സിംഗിൾ ബഞ്ചുകളും മറ്റ് കമ്പനികളും വ്യക്തികളും ഫയൽ ചെയ്തിരുന്ന സമാന വിഷയത്തിലെ റിട്ട് കേസുകളിൽ പ്രസ്തുത ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാനമായ രീതിയിൽ വിധിന്യായങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഹൈക്കോടതിയുടെ മുകളിൽ പരാമർശിച്ച അനേകം വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ 06-06-2019-ൽ ജി.ഒ. (എം.എസ്.) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും എല്ലാ ജില്ലാ കളക്ടർമാരോടും പ്രസ്തുത ഭൂമിയിലും സ്വത്തുക്കളിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ റിപ്പോർട്ട്

ചെയ്തിട്ടുള്ള വിവരങ്ങൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള വിദേശ കമ്പനികളുടെ പേരുകൾ, കൈവശം വച്ചിരുന്ന ഭൂമിയുടെ അളവ്, ജില്ല, താലൂക്ക്, വില്ലേജ് എന്നിവ ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു+. (പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന ഭൂമി സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന വിവരശേഖരണത്തെ അടിസ്ഥാനമാക്കിയുള്ളതാകുന്നു.)

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമികളുടെ വിവരങ്ങളാണ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന ശേഖരിച്ചിട്ടുള്ളത്. ഇത്തരത്തിൽ വിവിധ ജില്ലകളിലായി ആകെ 1,66,627.23 ഏക്കർ ഭൂമി നിലവിലുള്ളതായി കാണുന്നു. ഇതിൽ ചെറുതും വലുതുമായ 152 കേസുകൾ ഉൾപ്പെടുന്നതും പ്രസ്തുത 152 കേസുകളിൽ 20 എണ്ണത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത 20 കേസുകളിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 46,351 ഏക്കർ ആകുന്നു. സിവിൽ കേസുകൾ ഫയൽ ചെയ്തതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

268(5170) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ 2023 മാർച്ച് 31 വരെ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകളാണ് തീർപ്പ് കൽപ്പിക്കാനുള്ളത്; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 മാർച്ച് 31 വരെ ഷൊർണ്ണൂർ മണ്ഡലത്തിൽ 632 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും 443 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള അപേക്ഷകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമാനുസൃത നോട്ടീസുകൾ നൽകി അർഹരായ എല്ലാവർക്കും പട്ടയം അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ അപേക്ഷകളിന്മേൽ എന്നത്തേയ്ക്ക് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പട്ടയം നൽകാൻ ബാക്കിയുള്ള അപേക്ഷകളിൽ നിയമാനുസൃത നോട്ടീസുകൾ നൽകി അർഹരായ എല്ലാവർക്കും പട്ടയം അനുവദിക്കുന്നതിനും പട്ടയ ഡാഷ്ബോർഡ് അദാലത്ത് മുഖേന പരാതി പരിഹരിച്ച് എത്രയും വേഗത്തിൽ പട്ടയം അനുവദിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ**

269(5171) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ പട്ടയം ലഭിച്ചവരുടെ വിവരം, പേര്, വിലാസം,

അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എന്നിവ പഞ്ചായത്ത്/നഗരസഭ തിരിച്ച് ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഭൂപതിവ് ചട്ടപ്രകാരമുള്ള 48 പട്ടയങ്ങളും 962 ക്രയസർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുള്ളതാണ്. ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചവരുടെ പേരുവിവരം പഞ്ചായത്ത്/നഗരസഭ തിരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടയം അനുവദിച്ചവരുടെ പേര്, വിലാസം, അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം എന്നിവ പഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) നികുതി കെട്ടാത്ത ഭൂമിയുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് 10-04-2023-ലെ ജി1/117/2018/റവ. നമ്പർ സർക്കാർ കത്ത് പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ എത്ര പേരുടെ നികുതി സ്വീകരിച്ചിട്ടുണ്ടെന്ന് പേര് സഹിതം വിശദമാക്കാമോ?

ആരിൽനിന്നും നികുതി സ്വീകരിച്ചിട്ടില്ലാത്തതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പട്ടയ വിതരണം

270(5172) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര പേർക്കാണ് പട്ടയം നൽകിയതെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

| **നെയ്യാറ്റിൻകര നിയോജകമണ്ഡലം** | | | | |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത്/ നഗരസഭ | 2020-21 | 2021-22 | 2022-23 | 2023-24 |
| കുളത്തൂർ | 18 | ........... | 37 | 13 |
| ചെങ്കൽ | ........... | ........... | 2 | 1 |
| കാരോട് | 1 | ........... | 1 | 2 |
| തിരുപുറം | ........... | ........... | ........... | 5 |
| അതിയന്നൂർ | 4 | ........... | 2 | 1 |
| നെയ്യാറ്റിൻകര നഗരസഭ | ........... | ........... | 31 | 57 |
| **ആകെ** | **23** | **...........** | **73** | **79** |

## കൊയിലാണ്ടി മണ്ഡലത്തിലെ സുനാമി കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകാനുള്ള നടപടി

271(5173) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിൽ 25 വീടുകളുള്ള സുനാമി കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പട്ടയം നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിലെ സുനാമി പുനരധിവാസ കോളനിയിൽ നിർമ്മിച്ച 25 വീടുകളിൽ 24 വീടുകൾക്കും 15-07-2019-ലെ ജി.ഒ (എം.എസ്) 228/2019/റവ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയം അനുവദിച്ചിട്ടുള്ളതാണ്. അവശേഷിക്കുന്ന ഒരു വീട് ഉപയോഗശൂന്യമാണ്. അത് അറ്റകുറ്റപ്പണി നടത്തിയശേഷമേ നിയമാനുസൃതം പതിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കാൻ കഴിയൂ.

**കോഴിക്കോട് സൗത്ത് ബീച്ചിലെ 33 കുടുംബങ്ങൾ**

272(5174) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) കോഴിക്കോട് സൗത്ത് ബീച്ചിലെ മുപ്പത്തിമൂന്ന് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവർക്ക് പട്ടയം നൽകാനായി ഇനി എത്ര കാലതാമസം ഉണ്ടാകുമെന്ന് അറിയിക്കാമോ?

(എ&ബി) പ്രസ്തുത ഭൂമി സ്വകാര്യ ഭൂമി ആയതിനാൽ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം നൽകാൻ കഴിയില്ല. താലൂക്ക് സർവെയർ പരിശോധന നടത്തിയതിൽ കൈവശക്കാർക്ക് വ്യക്തമായ അതിരുകളില്ലാത്തതിനാൽ ടിയാളുകളുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് വരയ്ക്കാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത ഭൂമിയിലെ കൈവശക്കാർ അവരവരുടെ കൈവശ സ്ഥലം അതിർത്തികൾ തിരിച്ച് നൽകുന്നമുറയ്ക്ക് അവ അളന്ന് തിട്ടപ്പെടുത്തി എൽ.ടി. മുഖാന്തരം നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാനാകുമോ എന്ന് പരിശോധിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകൾ**

273(5175) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശ വസ്തുവിന് പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ആലത്തൂർ മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശ വസ്തുവിന് പട്ടയം ലഭിക്കാനായി ആലത്തൂർ മണ്ഡലത്തിൽനിന്നും 2-07-2024 വരെ 4025 അപേക്ഷകൾ ലഭിച്ചു. അതിൽ 2584 പേർക്ക് പട്ടയം നൽകി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കി അടിയന്തരമായി പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടയം അനുവദിക്കാൻ ബാക്കിയുള്ള അപേക്ഷകളിൽ നിയമാനുസൃത നോട്ടീസുകൾ നൽകി അർഹരായ എല്ലാവർക്കും പട്ടയമേളയിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ പട്ടയവിതരണം**

274(5176) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽനിന്ന് പട്ടയം ലഭിക്കുന്നതിനായി കിട്ടിയ അപേക്ഷകളിൽ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ; തീർപ്പാക്കാനുള്ള അപേക്ഷകളിന്മേൽ നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്താണെന്നും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളുണ്ടെന്നും അറിയിക്കാമോ?

തീർപ്പാക്കാൻ ശേഷിക്കുന്ന 108 അപേക്ഷകളുണ്ട്. പ്രസ്തുത അപേക്ഷകളിൽ വിവിധ ഘട്ടങ്ങളിലായി നടപടി സ്വീകരിച്ചുവരുന്നതും അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ മണ്ഡലത്തിൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വില്ലേജുകളിൽ ആർക്കെല്ലാമാണ് പട്ടയം നൽകിയതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ മണ്ഡലത്തിൽ 23 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടയം ലഭിച്ചവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കൈവശഭൂമിക്ക് നിയമപരമായി പട്ടയം ലഭിക്കാൻ അർഹതയുള്ളവർക്ക് അത് എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കൈവശഭൂമി പതിവിന് യോഗ്യമായ ഭൂമിയാണെന്ന് കാണുന്നപക്ഷം അർഹത പരിശോധിച്ച് അത് പതിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുഴുപ്പിള്ളി വില്ലേജിൽ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ**

275(5177) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കുഴുപ്പിള്ളി വില്ലേജിൽ കളത്തിപറമ്പ് വ◌ീട്ടിൽ ഗോപാലൻ മകൻ ഹരി ഉൾപ്പെടെ അഞ്ചുപേർ വർഷങ്ങളായി താമസിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടിയെടുക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിലെ 167/എ 3/2016 നമ്പർ ഫയലിലും എറണാകുളം ജില്ലാ കളക്ട്രേറ്റിലെ എൽ1/62885/11 നമ്പർ ഫയലിലും തദ്ദേശസ്വയംഭരണ വകുപ്പിലെ ആർസി4/144/2019/എൽ.എസ്.ജി.ഡി നമ്പർ ഫയലിലും സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി റവന്യൂ ഭൂമിയായി പുനർനിക്ഷിപ്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടേറ്റിലെ എൽ1-62885/11 നമ്പരിലെ വിശദാംശങ്ങൾ പ്രകാരം കൊച്ചി താലൂക്കിൽ കുഴപ്പിള്ളി വില്ലേജിൽ റീസർവെ നം. 283/8, 12-ൽപ്പെട്ട 63.50 ആർ തോട് പുറമ്പോക്കിൽ 1979 മുതൽ ചമയങ്ങൾ പണിത് 09 കുടുംബങ്ങൾ താമസിച്ചുവന്നിരുന്നതും ശ്രീ. ഹരി മുതൽപേർ കൊച്ചി തഹസിൽദാർ മുമ്പാകെ പതിവിന് അപേക്ഷ സമർപ്പിക്കുകയും തോട് പുറമ്പോക്ക് പതിച്ച് നൽകുന്നതിന് നിലവിലെ നിയമവ്യവസ്ഥ പ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ, റവന്യൂ-പഞ്ചായത്ത് അധികൃതർ സ്ഥലം പരിശോധിച്ച് പഞ്ചായത്തിന്റെ അഭിപ്രായം ആരാഞ്ഞശേഷം തോട്-കുളം പുറമ്പോക്ക് എന്ന വിഭാഗത്തിൽനിന്ന് ഒഴിവാക്കാൻ സർക്കാരിന് അനുമതി നൽകാവുന്നതാണെന്നും അഭിപ്രായപ്പെട്ടിരുന്നു. റീസർവെ രേഖകൾ പരിശോധിച്ചതിലും ടി ഭൂമിയിൽ വർഷങ്ങളായി വീട് വച്ച് വരുന്നതിനാലും തൽസ്ഥിതി പുരയിടമായി കാണുന്നതിനാലും പതിവ് അപേക്ഷ

പരിഗണിക്കുന്നതിലേക്ക് ടി ഭൂമി സബ് ഡിവിഷൻ ചെയ്ത് റീസർവെ തെറ്റുതിരുത്തി തോട് പുറമ്പോക്ക് തോടായി നിലനിർത്തിയും ബാക്കി വസ്തുവിനെ റവന്യൂ പുറമ്പോക്കാക്കി തഹസിൽദാർ മാറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തീരാജ് ആക്റ്റ് 218 (1) പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ തോട്, കുളം പുറമ്പോക്കിനെ 218 (3) വകുപ്പുപ്രകാരം സർക്കാരിന് ഏറ്റെടുക്കാമെന്നല്ലാതെ പതിച്ച് കൊടുക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ പതിവ് നടപടിയിൽ തുടർനടപടികളൊന്നും സ്വീകരിച്ചിരുന്നില്ലെന്ന് തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വൈപ്പിൻ മണ്ഡലത്തിൽ കുഴുപ്പിള്ളി വില്ലേജിലെ കളത്തിപ്പറമ്പിൽ ഹരി മുതൽപേർ സമർപ്പിച്ച ഭൂമി പതിവ് അപേക്ഷ വിഷയം റവ-എ 3/167/2016-റവ നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. കുഴിപ്പിള്ളി വില്ലേജിൽ റീസർവെ നം. 283/8,12 എന്നിവയിൽപ്പെട്ട തോട് പുറമ്പോക്കിൽപ്പെട്ട 63.50 ആർ ഭൂമിയിൽ താമസിക്കുന്ന 9 കുടുംബങ്ങളിൽ നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ച് നൽകുന്നതിന് അർഹരായവർക്ക്, ടി ഭൂമിയിൽ നിലവിൽ തോടില്ല എന്ന വസ്തുത പരിഗണിച്ച് കൈവശ ഭൂമി പതിച്ച്

നൽകുന്നതിലേക്കായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ ടി ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് 18-01-2022-ൽ ടി ഫയൽ അയച്ചിരുന്നു.

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 218(3)-ാം വകുപ്പുപ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ സർക്കാരിന് കൈമാറ്റം ചെയ്യാനോ/പതിച്ച് നൽകാനോ സാധിക്കുന്നതല്ലെന്നും 218(3) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുമായി ആലോചിച്ചശേഷം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിന്റെ ഭരണം മാത്രമേ ഏറ്റെടുക്കാനാകൂ എന്നും എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ കുഴിപ്പിള്ളി വില്ലേജിൽ റീസർവെ 283/8-12-ൽപ്പെട്ട 63.50 ആർ തോട് പുറമ്പോക്ക് ഭൂമി, കേരള പഞ്ചായത്തീരാജ് ആക്റ്റ് 218 പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ, റീസർവെ 283/8-12-ൽപ്പെട്ട 63.50 ആർ തോട് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ടി സ്ഥലം പതിച്ച് നൽകാൻ കഴിയുകയില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് 11-07-2023-ൽ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമി പുനർ

നിക്ഷിപ്തമാക്കിയിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. തുടർന്ന് കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ നിലവിൽ പട്ടയത്തിന് അർഹരായവർക്ക്, ടി ഭൂമിയിൽ തോടിന്റെ പ്രയോജനം ലഭിക്കാത്തതും ടി സ്ഥലം നിരപ്പായി കിടക്കുന്നതുമാണെന്നും കണക്കിലെടുത്ത് സർക്കാരിന്റെ പൊതുവായ ആവശ്യങ്ങൾക്കായി വേണ്ടതല്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം രേഖയിൽ മാറ്റംവരുത്തിയശേഷം പട്ടയം നൽകാൻ സാധിക്കുമോ എന്ന്, 16-08-2023-ലെ ബഹുമാന്യരായ റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ, പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 05-10-2023-ൽ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടുകയുണ്ടായി. അത് ലഭ്യമായിട്ടില്ല. അപേക്ഷാ കക്ഷികളുടെ നിരന്തര അപേക്ഷയെ തുടർന്ന് സബ്ഡിവിഷൻ ചെയ്ത് റവന്യൂ പുറമ്പോക്കാക്കിയിട്ടുള്ള ഭൂമിയുടെ പതിവ് നടപടി സ്വീകരിക്കുന്നതിന് കൊച്ചി തഹസിൽദാർക്ക് 28-11-2023-ന് കത്ത് നൽകിയിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ നിലവിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ തഹസിൽദാരുടെ

കാര്യാലയത്തിൽ പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്നും അർഹതയുടെ അടിസ്ഥാനത്തിൽ പതിവ് കമ്മിറ്റി അംഗീകാരത്തിന് വിധേയമായി 4 മാസത്തിനുള്ളിൽ പട്ടയ നടപടികൾ തീർപ്പാക്കാൻ സാധിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ**

276(5178) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

ചാലക്കുടി താലൂക്കിൽ ഇനാം പട്ടയങ്ങൾ ഉൾപ്പെടെ 202 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 3861 ക്രയസർട്ടിഫിക്കറ്റുകൾ അനുവദിച്ചിട്ടുള്ളതാണ്. 202 പട്ടയങ്ങൾ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പട്ടയങ്ങളിൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ-1964, മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ-1995, പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ-1993 എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുണ്ടോ; എങ്കിൽ ഗുണഭോക്താക്കളുടെ പേര് സഹിതം വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

1964-ലെ ചട്ടപ്രകാരം 59 പട്ടയങ്ങൾ, 1995-ലെ ചട്ടപ്രകാരം 05 പട്ടയങ്ങൾ, 1993-ലെ ചട്ടപ്രകാരം 51 പട്ടയങ്ങൾ. ഗുണഭോക്താക്കളുടെ പേര് വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു+.

(സി) പ്രസ്തുത താലൂക്കിൽ പട്ടയത്തിനായുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവ എത്രയെന്ന് വില്ലേജുതിരിച്ചും ഇനംതിരിച്ചും അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കുമോ?

ചാലക്കുടി താലൂക്കിൽ 1964-ലെ ചട്ടപ്രകാരം 230 അപേക്ഷകളും 1995-ലെ ചട്ടപ്രകാരം 7 അപേക്ഷകളും 1993-ലെ ചട്ടപ്രകാരം 15 അപേക്ഷകളും തീർപ്പാക്കാനുണ്ട്. വില്ലേജുതിരിച്ചും ഇനംതിരിച്ചും അപേക്ഷകരുടെ ലിസ്റ്റ് അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു+. കൂടാതെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനഭൂമി പട്ടയത്തിനായി 1437 അപേക്ഷകൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡിങ്ങിന് സജ്ജമായിട്ടുള്ളതാണ്. ക്രയസർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 1028 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

277(5179) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും അതിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും പട്ടയത്തിനായി 408 അപേക്ഷകളും ക്രയസർട്ടിഫിക്കറ്റിനായി 2140 അപേക്ഷകളും ലഭിച്ചിട്ടുള്ളതാണ്. അതിൽ 189 പട്ടയങ്ങളും 1770 ക്രയസർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പട്ടയ അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്ന 219 പട്ടയ അപേക്ഷകൾ വില്ലേജ് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു+.

**അഴീക്കോട് മണ്ഡലത്തിലെ പട്ടയ പ്രശ്നം**

278(5180) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയപ്രശ്നം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

അഴീക്കോട് സൗത്ത് വില്ലേജിലെ 22 ഗുണഭോക്താക്കളും അഴീക്കോട് നോർത്ത് വില്ലേജിലെ 27 ഗുണഭോക്താക്കളും ഉൾപ്പെടെ 49 പേർ പട്ടയം ആവശ്യപ്പെട്ട ഭൂമി Surveyed Land ആയി പ്രാഥമിക പരിശോധനയിൽ വിലയിരുത്തിയതിനാൽ പ്രസ്തുത വിഷയം പട്ടയ ഡാഷ്ബോർഡ് അദാലത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ, വിശദ പരിശോധനയിൽ ടി ഭൂമി Surveyed Land ആണെന്ന് കണ്ടെത്തുകയും വില്ലേജുകളിൽ ഭൂമി സർവെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തതിന്റെ FMB ഉള്ളതുമാണ്. അതിനാൽ ടി 49 പേർക്കും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടയത്തിന് അപേക്ഷ നൽകിയിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം വില്ലേജ് തിരിച്ച് നൽകാമോ?

അഴീക്കോട് മണ്ഡലത്തിലെ വില്ലേജുകളിൽ പട്ടയത്തിന് അപേക്ഷ നൽകിയിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1. | അഴീക്കോട് നോർത്ത് | 27 |
| 2. | അഴീക്കോട് സൗത്ത് | 22 |
| | **ആകെ** | **49** |

(സി) അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

അഴീക്കോട് നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

അഴീക്കോട് സൗത്ത് വില്ലേജിലെ 22 ഗുണഭോക്താക്കൾക്കും പട്ടയം നൽകുന്നതിന് മുന്നോടിയായി 12(1) നോട്ടീസ് കണ്ണൂർ തഹസിൽദാർ പരസ്യപ്പെടുത്തിയിട്ടുണ്ട്. അഴീക്കോട് നോർത്ത് വില്ലേജിലെ 27 ഗുണഭോക്താക്കളിൽ 14 പേർക്ക് പട്ടയം നൽകുന്നതിനുള്ള പ്രൊപ്പോസൽ വില്ലേജ് ഓഫീസർ കണ്ണൂർ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. 12(1) നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. തുടർന്ന് താലൂക്കുതല പതിവ് സമിതിയുടെ അംഗീകാരത്തോടെ പട്ടയം വിതരണം നടത്താവുന്നതാണ്.

**മഞ്ചേശ്വരം താലൂക്കിൽ പട്ടയത്തിനുള്ള അപേക്ഷകൾ**

279(5181) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പട്ടയത്തിനുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ട് എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മഞ്ചേശ്വരം താലൂക്കിൽ തീർപ്പാക്കാതെയുള്ള പട്ടയത്തിനുള്ള അപേക്ഷകൾ 580 എണ്ണമുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധം എ ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത താലൂക്കിൽ താലൂക്കുതല എൽ.എ. കമ്മിറ്റി അംഗീകരിച്ചിട്ടും നാളിതുവരെ പട്ടയം ലഭിക്കാത്തവരുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

എൽ.എ. കമ്മിറ്റി അംഗീകരിച്ചതിൽ ഇനിയും പട്ടയം അനുവദിച്ച് നൽകുന്നതിനുള്ള 43 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ട്. വിശദാംശങ്ങൾ അനുബന്ധം ബി ആയി ചേർക്കുന്നു+.

(സി) പ്രസ്തുത താലൂക്കുകളിലെ വില്ലേജ് ഓഫീസുകളിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടും പട്ടയം നൽകുന്നത് വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മിലിട്ടറി ലാൻഡ് സംബന്ധിച്ച് ആർ.ഡി.ഒ. ഓഫീസിൽനിന്നുള്ള അനുമതി, പി.പി.ലാൻഡ്, എസ്.സി/എസ്.റ്റി. ലാൻഡ് എന്നിവയുടെ Dis-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

reservation പുറമ്പോക്ക് ഭൂമികളുടെ ഡീവെസ്റ്റേഷൻ എന്നിവ ആവശ്യമുള്ളതിനാലാണ് ഇത്തരം കേസുകളിൽ കാലതാമസം നേരിടുന്നത്.

(ഡി) പ്രസ്തുത താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാതെ കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകൾ എത്രയാണെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

റവന്യൂ വകുപ്പ് നടപ്പാക്കിവരുന്ന " എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള പട്ടയ മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള 347 അപേക്ഷകളിൽ മഞ്ചേശ്വരം താലൂക്ക് പരിധിയിലുള്ള വില്ലേജ് ഓഫീസുകളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി പതിവ് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധം സി ആയി ചേർക്കുന്നു+.

**കോഴിക്കോട് മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

280(5182) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് ഭൂമി സംബന്ധമായ അവകാശരേഖ നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തൊക്കയാണെന്ന് വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജിൽ ചേന്ദമംഗലൂർ ദേശത്ത് റീസർവെ 91-ലുൾപ്പെട്ട 18.12 ഏക്കറും റീസർവെ 99-ൽപ്പെട്ട 7.72 ഏക്കറും ഉൾപ്പെടെ 25.84 ഏക്കർ ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയിൽ വനം വകുപ്പ് അവകാശവാദം ഉന്നയിക്കുന്നതിനാൽ പട്ടയം അനുവദിക്കുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ട്.

(ബി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന്റേതാണെന്ന അടിസ്ഥാന രേഖ ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന്റേതാണെങ്കിൽ നിലവിലുള്ള കൈവശക്കാർക്ക് ഭൂമി സംബന്ധമായ രേഖ നൽകുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കുമോ; ഇതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) 30-11-1972-ലെ G.O. (Ms) No. 407/72/Agri. എന്ന സർക്കാർ ഉത്തരവിൽ അമ്പലക്കണ്ടി പ്ലാന്റേഷൻ, പൊഴിയമംഗലശ്ശേരി, പുത്തലത്ത് ചിറ്റാരിക്കൽ പ്ലാന്റേഷൻ എന്നിവയിലായുള്ള 10.79 ഹെക്ടർ ഭൂമി കൃഷിക്കാർക്ക് പതിച്ച് നൽകുന്നതിനായി Dis-reserve ചെയ്ത് റവന്യൂ വകുപ്പിന് കൈമാറുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ നിലവിൽ മംഗലശ്ശേരി തോട്ടംവക ഭൂമിയിൽ വനം വകുപ്പ് അവകാശമുന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ മേൽ രേഖപ്പെടുത്തിയ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 10.79 ഹെക്ടറിൽ ഉൾപ്പെടുന്ന ഭൂമി തന്നെയാണോ മംഗലശ്ശേരി തോട്ടം നിവാസികൾ കൈവശം വച്ചിരിക്കുന്നതെന്നത് സംബന്ധമായ പരിശോധനകൾ അതിവേഗം നടന്നുവരികയാണ്. അത് റവന്യൂ ഭൂമി ആണെന്ന് കണ്ടെത്തുന്ന പക്ഷം അടിയന്തരമായി നടപടികൾ

പൂർത്തിയാക്കി അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

281(5183) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽനിന്നും പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും വില്ലേജ് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കോങ്ങാട് മണ്ഡലത്തിൽ പട്ടയം ലഭിക്കാനായി 1285 അപേക്ഷകൾ ലഭിച്ചതിൽ 756 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

| ക്രമ. നം. | വില്ലേജ് | ലഭിച്ച അപേക്ഷകൾ | അനുവദിച്ചവ |
|---|---|---|---|
| 1. | കേരളശ്ശേരി | 316 | 148 |
| 2. | മണ്ണൂർ | 186 | 129 |
| 3. | കോങ്ങാട് - 1 | 87 | 46 |

| | | | |
|---|---|---|---|
| 4. | കോങ്ങാട് - 2 | 57 | 35 |
| 5. | മങ്കര | 293 | 205 |
| 6. | പറളി -1 | 178 | 91 |
| 7. | പറളി - 2 | 168 | 102 |
| | **ആകെ** | **1285** | **756** |

**വിളപ്പിൽ പോളിടെക്നിക്കിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയിലേക്കുള്ള വഴി**

282(5184) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽ പോളിടെക്നിക്കിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയിലേക്കുള്ള വഴി നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിവരം സർക്കാരിലേക്ക് കൈമാറിയിട്ടുണ്ടോ; വഴി സംബന്ധിച്ച പ്രശ്നം പരിഹരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ വിളപ്പിൽശാല വാർഡിൽ നിർദ്ദിഷ്ട പോളിടെക്നിക്കിനായി പുറമ്പോക്ക് ഭൂമിയിലേക്ക് റോഡിൽനിന്നും പ്രവേശിക്കുന്നതിന് ടി വസ്തുവിനും റോഡിനും മധ്യേ ശ്രീമതി ജയ, ശ്രീ. പ്രശാന്ത് കുട്ടൻ, ശ്രീ. രവീന്ദ്രൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് കണ്ടെത്തിയ വസ്തുക്കൾകൂടി വിട്ടുകിട്ടേണ്ടതുണ്ട്.

സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ടി ഭൂമി വ്യക്തികളിൽനിന്നും കൈമാറി ലഭിച്ചാൽ മാത്രമേ വഴി സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് സാധിക്കുകയുള്ളൂ. വഴി നൽകാമെന്ന് വാക്കാൽ സമ്മതിച്ചിട്ടുള്ള തണ്ടപ്പേർ കക്ഷികൾ ആരുംതന്നെ സമ്മതപത്രം നൽകിയിട്ടില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മിഷണർ സർക്കാരിലേക്ക് റിപ്പോർട്ട് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മിഷണർ സർക്കാരിലേക്ക് കൈമാറിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**ഭൂമി കൈമാറ്റം ലളിതവൽക്കരിക്കാൻ നടപടി**

283(5185) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. രാജ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൊതുആവശ്യത്തിനുള്ള വിവിധ പദ്ധതികൾക്ക് അനാവശ്യ കാലതാമസം ഒഴിവാക്കി ഭൂമിയേറ്റെടുക്കൽ വേഗത്തിലാക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നടപടികൾ ലളിതവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്റ്റിലും 2015-ലെ കേരളാ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ചട്ടങ്ങളിലും പരാമർശിച്ചിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നത്. സർക്കാർ പൊതുആവശ്യങ്ങൾക്കുവേണ്ടി ഭൂമി വാങ്ങലും വിനിയോഗം നടത്തുന്നതിനുമായുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നത് സംബന്ധിച്ച വിഷയം പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 24-08-2023-ലെ സ.ഉ.(സാധാ) നം.3132/2023/റ.വ. പ്രകാരം ചീഫ് സെക്രട്ടറി, പി.ഐ.ഇ.എം. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുആവശ്യത്തിനുള്ള വിവിധ

പദ്ധതികൾക്കായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയിലുള്ള നടപടികൾ ലളിതവൽക്കരിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനുമായി സേവന വകുപ്പുകൾക്ക് നിശ്ചിതപരിധി വരെയുള്ള ഭൂമി കൈമാറുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് 05-06-2018-ലെ സ.ഉ.(അച്ചടി)നം. 31/2018/റ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) വികസന പ്രവർത്തനങ്ങൾക്ക് ഭൂമി കൈമാറേണ്ടി വരുന്നവർക്ക് ആകർഷകമായ പാക്കേജ് ലഭ്യമാക്കാൻ പുനരധിവാസ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വികസന പ്രവർത്തനങ്ങൾക്ക് ഭൂമി കൈമാറേണ്ടിവരുന്ന വസ്തു ഉടമസ്ഥർക്ക് 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്റ്റ് ഒന്നാം പട്ടിക (വകുപ്പ് 30(2)) പ്രകാരം നഷ്ടപരിഹാരവും ബാധിക്കപ്പെടുന്ന എല്ലാ കുടുംബങ്ങൾക്കും 29/12/2017-ലെ സ.ഉ.(കൈ)നം.448/2017/റ.വ. പ്രകാരമുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജും അനുവദിക്കുന്നുണ്ട്. തീരദേശ ഹൈവേക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പുമൂലം ബാധിക്കപ്പെട്ട

കുടുംബങ്ങൾക്ക് 10-03-2023-ലെ സ.ഉ.(കൈ)നം.50/2023/റ.വ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ Runway End Safety Area (RESA) വിപുലീകരണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ച് 03-08-2023-ലെ സ.ഉ.(കൈ)നം.187/2023/റ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയിലേയും പുറമ്പോക്ക് ഭൂമിയിലേയും കൈയേറ്റം ഒഴിവാക്കി പ്രസ്തുത ഭൂമി സംരക്ഷിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം വിശദമാക്കുമോ?

ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയിലേയും പുറമ്പോക്ക് ഭൂമിയിലേയും കൈയേറ്റം ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് പ്രസ്തുത കൈയേറ്റം സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. പ്രസ്തുത കൈയേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-09-2018-ലെ സ.ഉ. (സാധാ) നം.3778/2018/റ.വ. പ്രകാരം ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവെയറുടെ സഹായത്തോടെ പൊതുഅവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കൈയേറ്റം തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൈയേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കൈയേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. 08-11-2008-നുശേഷമുള്ള കൈയേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കൈയേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൈയേറ്റ കേസുകളിന്മേലുണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരമൊഴികെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കൈയേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരമുണ്ട്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കൈയേറ്റം ശ്രദ്ധയിൽപ്പെടുത്തുന്നമുറയ്ക്ക് കൈയേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറിവരുന്നു. കൈയേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കൈയേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക, അതിൽനിന്നും വിവേകപൂർവം ആദായം വർധിപ്പിക്കുക, ജാഗ്രതയോടെ സംരക്ഷിക്കുക, അനധികൃത കൈയേറ്റം തടയുക, സർക്കാർ ഭൂമി വീണ്ടെടുക്കുക, വികസന പ്രവർത്തനങ്ങൾക്ക് വേഗത്തിൽ സർക്കാർ ഭൂമി ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കേരള സ്റ്റേറ്റ്

ലാൻഡ് ബാങ്ക് പദ്ധതി സർക്കാർ ആവിഷ്കരിച്ചിരുന്നതും പ്രസ്തുത പദ്ധതി പ്രകാരമുള്ള ട്രഷറി ശീർഷകത്തിൽ ഫണ്ട് അനുവദിച്ച്, അനധികൃത കൈയേറ്റം ഒഴിപ്പിച്ച ഭൂമി വീണ്ടും കൈയേറ്റമുണ്ടാകാതെ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**അമല സമാന്തര റെയിൽവേ മേൽപാലത്തിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ**

284(5186) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ അടാട്ട് പഞ്ചായത്തിലെ അമല റെയിൽവേ മേൽപാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന അമല സമാന്തര റെയിൽവേ മേൽപാലത്തിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ അടാട്ട് പഞ്ചായത്തിലെ അമല റെയിൽവേ മേൽപാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന അമല സമാന്തര റെയിൽവേ മേൽപാലത്തിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിനായി അർത്ഥന ലഭ്യമായിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. പ്രസ്തുത

പദ്ധതിക്കായി നിശ്ചിത മാതൃകയിലുള്ള അർത്ഥനയും അനുബന്ധരേഖകളും ലഭ്യമാകുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്ലാച്ചിമട ഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

285(5187) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ◌ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിയുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വിസ്തീർണ്ണം ഭൂമിയാണ് ഏറ്റെടുക്കുന്നത്;

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കരാർ കൊക്കകോള കമ്പനിയുമായി ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

(എ-സി) കൊക്കകോള കമ്പനിയുടെ ചിറ്റൂർ താലൂക്ക് മൂലത്തറ വില്ലേജ് പരിധിയിലുള്ള 13.9155 ഹെക്ടർ ഭൂമി സർക്കാരിലേക്ക് വിട്ടൊഴിഞ്ഞ് തരുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിച്ചുവരുന്നു.

**ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ**

286(5188) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന്റെ ഭാഗമായി ചാവക്കാട് താലൂക്കിൽ ഭൂമിയേറ്റെടുക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൃശ്ശൂർ ജില്ലയിൽ ദേശീയപാത-66 വികസനത്തിനായി ചാവക്കാട് താലൂക്കിൽനിന്നും ഏറ്റെടുക്കേണ്ടിയിരുന്ന 95.9216 ഹെക്ടർ ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ. പി.ഐ.യു എറണാകുളത്തിന് കൈമാറിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിക്കാത്തതുമൂലം പ്രസ്തുത പ്രദേശത്ത് ഹൈവേക്ക് സർവീസ് റോഡ് നിർമ്മാണവും കേരള വാട്ടർ

അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏറ്റെടുത്ത ഭൂമികളിൽ നിലനിൽക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിൽ ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ സർവീസ് റോഡ് നിർമ്മാണവും കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങും നടന്നിട്ടില്ലാത്തതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാണ്.

**ഗ്രാമപഞ്ചായത്തുകൾ സ്ഥലം ആസ്തിയിൽ ഉൾപ്പെടുത്തുന്ന നടപടിക്രമങ്ങൾ**

287(5189) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾ സ്ഥലം വിട്ടുനൽകിയാൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത സ്ഥലം ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനായി നിരവധി

നടപടിക്രമങ്ങൾ പാലിക്കേണ്ടതായിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഇപ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം വിട്ടുനൽകുമ്പോൾ സ്ഥലം രജിസ്റ്റർ ചെയ്തശേഷം ആസ്തിയിൽ ഉൾപ്പെടുത്തുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമോ എന്നറിയിക്കാമോ;

(സി) ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടിക്രമങ്ങളിൽ ഏറ്റവും കൂടുതൽ കാലതാമസം നേരിടുന്നത് ഇതിന്റെ മതിപ്പ് വില സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുപകരം സ്ഥലത്തെ ഫെയർ വാല്യൂ കണക്കാക്കി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ പ്രസ്തുത സ്ഥലം ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സ്വകാര്യ വ്യക്തികൾ തങ്ങളുടെ ഭൂമി വിട്ടുനൽകുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വമേധയാ തന്നെ നിലവിൽ നടപടി സ്വീകരിക്കാൻ

കഴിയുന്നതാണ്. സ്വകാര്യ വ്യക്തികൾ സർക്കാർ വകുപ്പുകൾക്ക് ഭൂമി ഉപാധിരഹിതമായി വിട്ടുനൽകുമ്പോൾ മാത്രമാണ് റവന്യൂ വകുപ്പിന് നടപടി സ്വീകരിക്കാൻ കഴിയുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ എന്ന സംജ്ഞയിൽ ഉൾപ്പെടാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഭൂമി വിട്ടൊഴിയുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികളില്ല. ഇത്തരം ഭൂമികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങൾ പ്രകാരം ഭൂമി സൗജന്യമായി ഏറ്റെടുക്കാവുന്നതാണ്. അതത് ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കാവുന്നതുമാണ്.

**മാവൂർ എൻ.ഐ.റ്റി.-കൊടുവള്ളി റോഡിന് സ്ഥലംഏറ്റെടുക്കൽ**

288(5190) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ എൻ.ഐ.റ്റി.-കൊടുവള്ളി റോഡിന് സ്ഥലം ഏറ്റെടുക്കാൻ കണ്ടിജൻസി ചാർജ് അടവാക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

മാവൂർ എൻ.ഐ.റ്റി.-കൊടുവള്ളി റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 26-07-2023-ന് കണ്ടിജൻസി തുക ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കൽ നടപടി താമസിക്കുന്നതിന് ഇടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തുകയും അപാകതകൾ പരിഹരിച്ച് സ്കെച്ച് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയുക്ത പരിശോധന കഴിഞ്ഞശേഷം എൽ.എ. ഓഫീസിലെ മുഴുവൻ ഉദ്യോഗസ്ഥരെയും ഇലക്ഷൻ സംബന്ധമായി ജോലികൾക്ക് നിയോഗിച്ചിരുന്നതിനാലാണ് 4(1) നോട്ടിഫിക്കേഷന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് കാലതാമസം നേരിട്ടത്. തുടർ കാലതാമസം ഒഴിവാക്കുന്നതിനാണ് അർത്ഥനാധികാരിയിൽനിന്ന് റിവൈസ്ഡ്

അലൈൻമെന്റ് സ്കെച്ച് ലഭ്യമാകുന്നതിനുമുമ്പുതന്നെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടിക്ക് താമസംനേരിടുന്നത് വികസന പ്രവർത്തനങ്ങൾ വൈകുന്നതിന് ഇടയാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി ബജറ്റിൽ പ്രഖ്യാപിക്കുകയും അനുമതി നൽകുകയും ചെയ്ത മാവൂർ എൻ.ഐ.റ്റി.-കൊടുവള്ളി റോഡ് വികസനം ഉൾപ്പെടെ വിവിധ പദ്ധതികൾ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നവകേരള സദസ്സിൽ സമർപ്പിച്ചിരുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവൂർ എൻ.ഐ.റ്റി. - കൊടുവള്ളി റോഡിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് ഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

289(5191) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിൽ റീ.സ.നം.430/1A3/A1-ൽപ്പെട്ട അമ്പത് സെന്റ് സ്ഥലത്ത് മലപ്പുറം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിനായി മോട്ടോർ വാഹന വകുപ്പിന് ഉപയോഗ അനുമതി നൽകുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(സി) 2017-2018 ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടും കെട്ടിട നിർമ്മാണ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ അത് പരിഹരിക്കാൻ റവന്യൂ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ?

(എ-സി) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മലപ്പുറം വില്ലേജിലെ റീ.സ.നം.430/1A3 A1-ൽപ്പെട്ട 50 സെന്റ് ഭൂമി ആർ.ടി. ഓഫീസ് നിർമ്മിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിശ്ചിത നിബന്ധനകൾക്കും വിധേയമായി മോട്ടോർ വാഹന വകുപ്പിന് ഉപയോഗാനുമതി നൽകുന്ന വിഷയത്തിൽ ഗതാഗത വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഗതാഗത വകുപ്പിന്റെ അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കളിരിയാമ്മാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ**

290(5192) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ മീനച്ചിൽ ആറിന് കുറുകെ 2011-ൽ നിർമ്മിച്ച കളിരിയാമ്മാക്കൽ പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കളിരിയാമ്മാക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനച്ചിൽ താലൂക്കിൽ പൂവരണി വില്ലേജിലെ ബ്ലോക്ക് 41-ൽ സർവെ നമ്പർ 14-ൽ വിവിധ സബ് ഡിവിഷനുകളിൽപ്പെട്ട 31.53 ആർ ഭൂമി ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ ആക്റ്റ് 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 25-10-2021-ലെ സ.ഉ.(സാധാ) നം. 3570/2021/ആർ.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള എജൻസിയായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ, കളമശ്ശേരിയെ നിശ്ചയിച്ച് 19-02-2024-ൽ ഉത്തരവായിട്ടുണ്ട്. 4(1) വിജ്ഞാപനത്തിനായി അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് സ്കെച്ച്

ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് നിർദേശം നൽകിയിരുന്നെങ്കിലും സ്കെച്ച് ലഭ്യമായിട്ടില്ല.

ടി വിഷയം സംബന്ധിച്ച് 21-06-2024-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്നിരുന്നതും സംയുക്ത പരിശോധന നടത്തി കല്ലുകൾ സ്ഥാപിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), പാലാ, പി.ഡബ്ല്യൂ.ഡി (റോഡ്സ്), കോട്ടയം എന്നിവർക്ക് നിർദേശം നൽകിയിരുന്നു. 26-06-2024-ൽ അർത്ഥനാധികാരിയുടെ പ്രതിനിധികളുമായി സംയുക്ത പരിശോധന നടത്തുകയും സംയുക്ത പരിശോധനയിൽ നിലവിലുള്ള റിക്വിസിഷനേക്കാൾ കൂടുതൽ സർവെ നമ്പരുകളിൽപ്പെട്ട വസ്തുക്കൾ ഏറ്റെടുക്കുന്നതിനുള്ള കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നതിനാൽ പുതിയ റിക്വിസിഷനും അലൈൻമെന്റ് സ്കെച്ചും ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയോട് ആവശ്യപ്പെടുകയുണ്ടായി.

(ബി) അപ്രോച്ച് റോഡിനുവേണ്ടി സ്ഥലമേറ്റെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പുതിയ റിക്വിസിഷനും അലൈൻമെന്റ് സ്കെച്ചും ലഭ്യമാകുന്നതോടെ ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ ആക്റ്റ് 2013 പ്രകാരമുള്ള പൊന്നുംവില നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഒരോടം പാലം-വൈലോങ്ങര ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ

291(5193) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭിച്ചശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഓരോടം പാലം - വൈലോങ്ങര ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സമിതിയുടെ അന്തിമ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്റ്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകിക്കൊണ്ട് 21-06-2024-ലെ DCMPM/11470/2018-LA3 നമ്പർ നടപടിക്രമം പ്രകാരം ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ജില്ലാ കളക്ടർ സ്വീകരിക്കേണ്ട എല്ലാ നടപടികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദേശം നൽകുമോ; വ്യക്തമാക്കുമോ?

ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിനുശേഷം ജില്ലാ കളക്ടർ 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതും അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ.) അംഗീകരിക്കേണ്ടതുമുണ്ട്. തുടർന്ന് വിശദ വിലവിവര പട്ടിക (ഡി.വി.എസ്) അംഗീകരിക്കേണ്ടതും അർത്ഥനാധികാരി മുഴുവൻ തുകയും അടവാക്കിയശേഷം 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന്

അവാർഡ് പാസ്സാക്കേണ്ടതുമുണ്ട്. മേൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കിനാലൂർ എസ്റ്റേറ്റ് തൊഴിലാളികൾക്ക് ഭൂമി നൽകൽ**

292(5194) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ കിനാലൂർ എസ്റ്റേറ്റിൽ നഷ്ടപരിഹാരമായി എത്ര തൊഴിലാളികൾക്ക് എത്ര ഏക്കർ ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

താമരശ്ശേരി താലൂക്കിലെ കിനാലൂർ എസ്റ്റേറ്റിൽ 533 തൊഴിലാളികൾക്ക് 1 ഏക്കർ 3 സെന്റ് ഭൂമി വീതം നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ബി) തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ലഭിച്ച ഭൂമിയിൽ വീട് നിർമ്മാണത്തിന് കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ലഭിച്ച ഭൂമി തരംമാറ്റുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടിയെന്താണെന്ന് അറിയിക്കാമോ?

ഉണ്ട്. നഷ്ടപരിഹാരമായി ലഭിച്ച ഭൂമി പോക്കുവരവ് ചെയ്ത് കിട്ടുന്നതിനും ക്രയവിക്രയം നടത്തുന്നതിനും കെട്ടിടങ്ങൾ പണിയുന്നതിനും വേണ്ട രേഖകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് One Life One Earth എന്ന സംഘടന ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.28496/2016-ന്മേലുള്ള ഹൈക്കോടതിയുടെ 27-02-2019-ലെ ഉത്തരവിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡിനോട് കേസ് പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത വിധിന്യായത്തിനെതിരെ സി. കൃഷ്ണൻ നായർ, സി. റ്റി. ഫ്രാൻസിസ് മുതൽപേർ സുപ്രീംകോടതിയിൽ SLP(C) 2889-2891/2020 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ഭൂമി സംബന്ധമായ എല്ലാ കാര്യങ്ങളിലും സ്റ്റാറ്റസ്കോ നിലനിർത്താൻ സുപ്രീംകോടതിയുടെ 24-01-2020-ലെ Special Leave Petition (Civil) Diary No.

(s).38939/2019-ൽ ഉത്തരവായിട്ടുണ്ട്. ആയതിനാൽ സുപ്രീംകോടതിയുടെ പരിഗണനയിലുള്ള ഹർജിയിൽ അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്കുമാത്രമേ പ്രസ്തുത അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

**ചവറ തട്ടാശ്ശേരി നഗറിലെ പുറമ്പോക്ക് ഭൂമി പതിച്ച് നൽകൽ**

293(5195) <u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ ചവറ തട്ടാശ്ശേരി നഗറിലെ പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട റവ്-എം1/40/2023- നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

കൊല്ലം കരുനാഗപ്പള്ളി താലൂക്കിൽ ചവറ വില്ലേജിൽ ബ്ലോക്ക് 19-ൽ റീസർവെ 185/12-ൽപ്പെട്ട ചവറ തട്ടാശ്ശേരി നഗറിലെ 11.50 ആർസ് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 7 കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകുന്ന വിഷയമാണ് M1/40/2023/REV നമ്പർ ഫയലിൽ പരിശോധിക്കുന്നത്.

പതിവിന് അപേക്ഷിച്ചിരിക്കുന്ന ഭൂമി ബി.ടി.ആർ പ്രകാരം 'കേരളസർക്കാർ പി.ഡബ്ല്യൂ.ഡി' എന്നും റിമാർക്സ് കോളത്തിൽ 'എൻ.എച്ചിന് അക്വയർ ചെയ്ത സ്ഥലമെന്നും' രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയാണ്.

പ്രസ്തുത ഭൂമി നാഷണൽ ഹൈവേയ്ക്കുവേണ്ടി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട റവന്യൂ റെക്കാർഡുകളുടെ അഭാവത്തിൽ ടി ഭൂമിയിന്മേൽ NHAI-ക്കോ PWD-ക്കോ എന്തെങ്കിലും തരത്തിലുള്ള ഉടമസ്ഥാവകാശമുണ്ടോ എന്നതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു. NHAI രേഖകൾ സഹിതം അവകാശവാദം ഉന്നയിക്കാത്ത പക്ഷം ഭൂമി റവന്യൂ തരിശാക്കി മാറ്റി പട്ടയം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

**ഭൂമിയുടെ തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകൾ**

294(5196) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ഇളവുകൾ പ്രകാരം ഭൂമിയുടെ തരംമാറ്റുന്നതിന് ലഭിച്ച അനേകം

അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ഇളവുകൾ പ്രകാരം ഭൂമിയുടെ തരംമാറ്റുന്നതിന് ലഭിച്ച അനേകം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.

10-01-2022 മുതൽ ഭൂമി തരംമാറ്റ അപേക്ഷകൾ സ്വീകരിക്കുന്നത് പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ പ്രോസ്സസ് ചെയ്യുന്നത് ലളിതമാക്കുകയും എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുകയുമെന്ന ലക്ഷ്യത്തോടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യൂവർ (SOP) പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, 05-08-2023-ലെ സ.ഉ.(സാധാ)നം.2886/2023/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പുറപ്പെടുവിക്കുന്ന തരംമാറ്റ ഉത്തരവുകൾ പ്രകാരം താലൂക്ക്/വില്ലേജ്

ഓഫീസുകളിലെ ഭൂരേഖകളിൽ മാറ്റംവരുത്തുന്നതിനുള്ള വകുപ്പ് (27 സി) പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലേക്കായും സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (SOP) പുറപ്പെടുവിച്ചിട്ടുള്ളതാണ്+.

01-09-2023-ലെ സ.ഉ.(കൈ) നം.206/2023/RD പ്രകാരം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി രണ്ട് വർഷത്തേക്ക് താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയും നിയമിച്ചിട്ടുണ്ട്. കൂടാതെ 123 സർവെയർമാരെ താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. മാത്രമല്ല, 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സൗജന്യ തരംമാറ്റ അപേക്ഷകൾ (2023 ഡിസംബർ വരെ ലഭിച്ചവ) തീർപ്പാക്കുന്നതിലേക്ക് 2024 ജനുവരി 15 മുതൽ ഫെബ്രുവരി 17 വരെ ആർ.ഡി.ഒ. തലത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അദാലത്തുകൾ സംഘടിപ്പിക്കുകയും ഇപ്രകാരമുള്ള 57.54% അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.

റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കുംകീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽ വന്നിട്ടുള്ളതാണ്.

ഇതനുസരിച്ച് ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകല്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി നിലവിൽ 27 ആർ.ഡി.ഒ./സബ്

കളക്ടർമാർക്ക് നൽകിയിരുന്ന ചുമതല 71 ആർ.ഡി.ഒ./സബ് കളക്ടർ/ഡെപ്യൂട്ടി കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട്, 27-06-2024-ലെ സ.ഉ(പി)നം.140/2024/റവന്യൂ, 28-06-2024-ലെ സ.ഉ.(പി)നം.142/2024/റവന്യൂ എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരം നടപടികളിലൂടെ തരംമാറ്റ അപേക്ഷകൾ മുഴുവനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്.

**ആർ.പി.എൽ എസ്റ്റേറ്റ് വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ**

295(5197) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ തിങ്കൾകരിക്കം വില്ലേജിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (ആർ.പി.എൽ) വിലയ്ക്ക് വാങ്ങിയ 3.87 ഹെക്ടർ ഭൂമിക്ക് ഉടമസ്ഥാവകാശ രേഖകൾ പുനലൂർ താലൂക്ക് ഓഫീസിൽനിന്നും ലഭ്യമാക്കുന്നതിനും പ്രസ്തുത വസ്തു കമ്പനിയുടെ മാനേജിങ്

ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിങ്കൾക്കരിക്കം വില്ലേജിലെ റെക്കോഡുകൾ പ്രകാരം തണ്ടപ്പേർ 7000 പ്രകാരം 3.8567 ഹെക്ടർ ഭൂമി മാനേജിങ് ഡയറക്ടർ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (RPL), പുനലൂർ എന്ന പേരിൽ പോക്കുവരവ് ചെയ്തിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ വഴി RPL ഏറ്റെടുത്ത, ഇനിയും RPL-ന്റെ പേരിൽ വന്നിട്ടില്ലാത്ത ഭൂമിയുണ്ടെങ്കിൽ ഇതുസംബന്ധിച്ച ആധികാരികമായ രേഖകൾ സഹിതം ബന്ധപ്പെട്ട തഹസിൽദാർമാരെ സമീപിക്കാവുന്നതാണെന്ന നിർദേശം RPL മാനേജിങ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) തിങ്കൾകരിക്കം വില്ലേജിലുൾപ്പെടുന്നതും കമ്പനിയുടെ കുളത്തുപ്പുഴ എസ്റ്റേറ്റിന്റെ ഭാഗമായതും കമ്പനി ഭൂനികുതി അടയ്ക്കുന്നതുമായ പ്രസ്തുത ഭൂമിയിൽനിന്നും ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി കമ്പനി തീരുമാനമെടുത്തതിൻപ്രകാരം 1.07 ഏക്കർ ഭൂമി വിട്ടുനൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ?

കുളത്തുപ്പുഴ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി RPL-ന്റെ കൈവശമുള്ള 1.07 ഏക്കർ ഭൂമി തൊഴിൽ വകുപ്പിന് കൈമാറുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 2023 സെപ്റ്റംബർ 12-ന് ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത 1.07 ഏക്കർ ഭൂമി നിലവിൽ മാനേജിങ് ഡയറക്ടർ RPL-ന്റെ കൈവശത്തിലും ഉടമസ്ഥതയിലും കരംതീരുവയിലുമായതിനാലും കരംതീരുവയിലുള്ള ഭൂമി കൈമാറി നൽകുന്നതിന് കഴിയാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമോ ഭൂമി വിട്ടൊഴിയൽ നിയമപ്രകാരമോ ഉള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ് ഉചിതമെന്നും പ്രസ്തുത യോഗത്തിൽ ലാൻഡ് റവന്യൂ കമ്മിഷണറും കൊല്ലം ജില്ലാ കളക്ടറും അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി വിട്ടൊഴിയൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ഭൂമി കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിക്കാൻ

കഴിയുകയുള്ളൂ എന്ന വിവരം തൊഴിലും നൈപുണ്യവും വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഭൂമി ആർ.പി.എൽ-ന്റെ കരം തീരുവയിലുള്ളതായതിനാൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടത് തൊഴിലും നൈപുണ്യവും വകുപ്പാണെന്ന് കാണുന്നു.

(സി) പ്രസ്തുത കമ്പനി വിലയ്ക്ക് വാങ്ങിയ പുനലൂർ താലൂക്കിലെ വിവിധ വില്ലേജുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിക്ക് ഉടമസ്ഥാവകാശ രേഖകൾ ലഭ്യമാക്കുന്നതിനും വസ്തു കമ്പനിയുടെ മാനേജിങ് ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിനും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; ഈ വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കുമോ?

RPL കമ്പനി വിലയ്ക്കുവാങ്ങിയ ഭൂമിക്ക് ലാൻഡ് അസൈൻമെന്റ് ആക്റ്റ് പ്രകാരം ഓർഡർ ഓഫ് അസൈൻമെന്റ് നൽകണമെന്നുകാണിച്ച് കമ്പനി അധികാരികൾ 2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ചിട്ടുള്ളതും ലാൻഡ് അക്വിസിഷൻവഴി ലഭിച്ച ഭൂമിക്ക് ലാൻഡ് അസൈൻമെന്റ് ആക്റ്റ് പ്രകാരം ഓർഡർ ഓഫ് അസൈൻമെന്റ്

അനുവദിക്കാൻ കഴിയില്ലെന്ന് കണ്ടതിൽ RPL-ന്റെ ടി ആവശ്യം നിയമപരമായി പരിഗണിക്കാൻ കഴിയില്ലെന്നും ലാൻഡ് അക്വിസിഷൻവഴി RPL ഏറ്റെടുത്ത ഇനിയും RPL-ന്റെ പേരിൽ വന്നിട്ടില്ലാത്ത ഭൂമിയുണ്ടെങ്കിൽ ഇതുസംബന്ധിച്ച ആധികാരികമായ രേഖകൾ സഹിതം ബന്ധപ്പെട്ട തഹസിൽദാർമാരെ സമീപിക്കാവുന്നതാണെന്നുമുള്ള നിർദേശം RPL മാനേജിങ് ഡയറക്ടർക്ക് സർക്കാർ നൽകിയിട്ടുണ്ട്.

(ഡി) തിങ്കൾകരിക്കം വില്ലേജിൽ ഉൾപ്പെടുന്നതും കമ്പനിയുടെ കളത്തുപ്പുഴ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നതുമായ കുവക്കാട് തമിഴ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം റവന്യൂ രേഖകൾ പ്രകാരം ആരുടെ ഉടമസ്ഥതയിലാണെന്ന് വിശദമാക്കാമോ?

തിങ്കൾക്കരിക്കം വില്ലേജിലെ തണ്ടപ്പേർ നമ്പർ 7000-ൽ ഉൾപ്പെട്ടതും സർവെ നം.822/1-ന്റെ പിരിവുകളുമായി കാണപ്പെടുന്നതുമായ 3.8567 ഹെക്ടർ ഭൂമിയാണ് RPL-ന്റെ ഉടമസ്ഥാവകാശത്തിലുള്ളത്. ടി വില്ലേജിൽ റീസർവെ നിലവിൽ വന്നിട്ടില്ലാത്തതിനാലും റവന്യൂ റെക്കോഡുകളുടെ അഭാവംമൂലവും കുവക്കാട് തമിഴ് ഹൈസ്കൂൾ നിൽക്കുന്ന ഭൂമി RPL-ന്റെ

ഉടമസ്ഥാവകാശത്തിലുള്ള ഭൂമിയിലാണോ സ്ഥിതിചെയ്യുന്നതെന്ന് കൃത്യമായി നിർണയിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത വില്ലേജിലെ റീ-സർവെ/ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കുവക്കാട് തമിഴ് ഹൈസ്കൂൾ നിൽക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കുന്നതാണ്.

(ഇ) പ്രസ്തുത ഭൂമിയിൽനിന്നും വ്യാവസായിക പരിശീലന വകുപ്പിന് കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ സാധിക്കുമോയെന്ന വിവരം അറിയിക്കാമോ; ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഐ.ടി.ഐ കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ഉപയോഗാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ഉചിത മാർഗേനയുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് സർക്കാർ അത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

**സിനിമാ തീയേറ്റർ നിർമ്മാണത്തിന് റവന്യൂ ഭൂമി പാട്ടത്തിന് നൽകൽ**

296(5198) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബജറ്റിൽ ഉൾപ്പെട്ട ചേറ്റുവ രാമുകാര്യാട്ട് സിനിമാ തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഡി.സി.-ക്ക് റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നതിന് എന്നാണ് അപേക്ഷ സമർപ്പിച്ചതെന്ന് അറിയിക്കാമോ?

രാമുകാര്യാട്ട് സിനിമാ തീയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഡി.സി.-ക്ക് റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നതിലേക്കായി കെ.എസ്.എഫ്.ഡി.സി. മാനേജിങ് ഡയറക്ടറുടെ അപേക്ഷ 24-04-2023-ൽ തൃശ്ശൂർ ജില്ലാ കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്.

**ചൂർണ്ണിക്കര വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണത്തിന് സ്ഥലം**

297(5199) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ ചൂർണ്ണിക്കര വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനായി എറണാകുളം ജില്ലാ കളക്ടർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ചൂർണ്ണിക്കര വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ FIT-യുടെ കൈവശത്തിലുള്ള ഭൂമിയിൽനിന്നും 8.10 ആർ ഭൂമി ലഭ്യമായാൽ ആയത് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുയോജ്യമാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിൽനിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കി ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഈ വിഷയത്തിൽ ജില്ലാ കളക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വാടകയ്ക്ക് നൽകുന്നതിന് നടപടി**

298(5200) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സിവിൽ സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം എം.എൽ.എ. ഓഫീസിന് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ ഓഫീസിന് സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട മിനി സിവിൽ സ്റ്റേഷന്റെ ഭരണനിയന്ത്രണം നിർവഹിക്കുന്ന എസ്റ്റേറ്റ് ഓഫീസറായ താലൂക്ക് തഹസിൽദാർക്ക് (വൈക്കം) നിർദേശം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മിഷണർക്ക് സർക്കാർ നിർദേശം നൽകിയിട്ടുള്ളതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണർ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുള്ളതാണ്.

(സി) കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസിന് സ്ഥലം അനുവദിക്കുന്ന വിഷയത്തിൽ നിയമാനുസൃതമായി തുടർനടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട മിനി സിവിൽ സ്റ്റേഷന്റെ ഭരണ നിയന്ത്രണം നിർവഹിക്കുന്ന എസ്റ്റേറ്റ് ഓഫീസറായ വൈക്കം താലൂക്ക് തഹസിൽദാർക്ക് റവന്യൂ എഫ്.2/305/2021-നമ്പർ ഫയൽ പ്രകാരം 26-9-2022-ൽ നൽകിയ ഉത്തരവിലെ നിർദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഫയൽ ഇപ്പോൾ കോട്ടയം ജില്ലാ കലക്ടേറ്റിലാണോ എന്നറിയിക്കാമോ; എങ്കിൽ കോട്ടയം ജില്ലാ കലക്ടർ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സിവിൽ സ്റ്റേഷനിൽ എം.എൽ.എ. ഓഫീസിന് മുറി അനുവദിക്കുന്നത് സംബന്ധിച്ച് ലഭ്യമായ പ്രൊപ്പോസലുമായി ബന്ധപ്പെട്ട് നിലവിൽ കോട്ടയം കളക്ടറേറ്റിൽ നടപടിയിലിരിക്കുന്ന ഫയലിൽ കടുത്തുരുത്തി മിനി സിവിൽ സ്റ്റേഷനിൽ ഒഴിവുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

**കാട്ടാക്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം**

299(5201) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചത് ഏത് ഏജൻസികൾ വഴിയാണെന്നും ഓരോന്നിന്റെയും നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ച ഏജൻസികളുടെ പേര്, ഭരണാനുമതി തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്മാർട്ട് വില്ലേജ് | പദ്ധതി | ഭരണാനുമതി തുക | ഏജൻസി |
|---|---|---|---|
| മാറനല്ലൂർ | പ്ലാൻ സ്കീം 2015-16 | 47,60,000/- | ജില്ലാ നിർമ്മിതി കേന്ദ്രം |
| വിളപ്പിൽ | പ്ലാൻ സ്കീം 2019-20 | 44,00,000/- | കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡ് |
| കുളത്തുമ്മൽ | റീബിൽഡ് കേരള | 44,00,000/- | സംസ്ഥാന നിർമ്മിതി കേന്ദ്രം |
| മലയിൻകീഴ് | റീബിൽഡ് കേരള | 44,00,000/- | സംസ്ഥാന നിർമ്മിതി കേന്ദ്രം |
| വിളവൂർക്കൽ | റീബിൽഡ് കേരള | 43,15,000/- | സംസ്ഥാന നിർമ്മിതി കേന്ദ്രം |

(ബി) പള്ളിച്ചൽ വില്ലേജ് ഓഫീസിനായി സ്ഥലം വാങ്ങുന്നതിനായുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ; സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിനായി ഏറ്റെടുത്ത പള്ളിച്ചൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 5-ൽ റീസർവെ നമ്പർ 112/33-ൽ ഉൾപ്പെട്ടുവരുന്നതും തണ്ടപ്പേർ 26993-ൽ വെങ്ങാനൂർ വില്ലേജിൽ കൃഷ്ണൻ നാടാർ മകൻ സുഗതൻ ഭാര്യ ബിന്ദുവിന്റെ പേരിലുള്ളതുമായ 4.80 ആർ ഭൂമി

പള്ളിച്ചൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് പര്യാപ്തമാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ടി സ്ഥലം പള്ളിച്ചൽ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ പൊതുമരാമത്ത് (എൻ.എച്ച്)-ന് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുള്ളതും ടി കാര്യാലയത്തിൽനിന്നും അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കി ലഭ്യമാക്കുന്നമുറയ്ക്ക് ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി പള്ളിച്ചൽ വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

300(5202) **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) ഇതിനായി എത്ര തുക അനുവദിച്ചെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ പായിപ്പാട്, ചങ്ങനാശ്ശേരി എന്നീ വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണം നടത്തുന്നതിനായി 44,00,000/- രൂപ വീതം അനുവദിച്ച് ഉത്തരവായിട്ടുള്ളതും ടി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതും തുടർപ്രവർത്തനങ്ങൾ നിർവഹിച്ചുവരുന്നതുമാണ്.

**മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

301(5203) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളുണ്ടെന്നും അവയുടെ പേര് വിവരവും ലഭ്യമാക്കാമോ?

മലമ്പുഴ മണ്ഡലത്തിൽ ആകെ 14 വില്ലേജ് ഓഫീസുകളുണ്ട്. അവ മുണ്ടൂർ-1, മുണ്ടൂർ-2, പുതുപ്പരിയാരം-1, പുതുപ്പരിയാരം-2, അകത്തേത്തറ, മലമ്പുഴ-1, മലമ്പുഴ-2, മരുതറോഡ്, പുതുശ്ശേരി വെസ്റ്റ്, പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി ഈസ്റ്റ്, എലപ്പുള്ളി -1, എലപ്പുള്ളി - 2, കൊടുമ്പ് എന്നിവയാണ്.

(ബി) ഇതിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി നവീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

മരുതറോഡ്, പുതുശ്ശേരി ഈസ്റ്റ്, മുണ്ടൂർ-1 എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകുകയും അതിൽ മരുതറോഡ്, പുതുശ്ശേരി ഈസ്റ്റ് എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മുണ്ടൂർ-1 വില്ലേജ് ഓഫീസിന്റെ നിർമ്മാണമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രവർത്തനക്ഷമമായ കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും വില്ലേജ് ഓഫീസുകൾ മലമ്പുഴ മണ്ഡലത്തിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഇല്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ്**

302(5204) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകളെ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്നും അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഐരാപുരം, കുന്നത്തുനാട്, കിഴക്കമ്പലം എന്നീ വില്ലേജുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുള്ളതും ടി വില്ലേജ് ഓഫീസുകളെ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതുമാണ്.

(ബി) മണ്ഡലത്തിലെ മറ്റ് വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

അടുത്ത രണ്ട് വർഷക്കാലത്തിനുള്ളിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരംതിരിച്ച് മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**മഞ്ചേശ്വരം താലൂക്കിൽ അനുവദിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

303(5205) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം താലൂക്കിൽ അനുവദിച്ച സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മഞ്ചേശ്വരം താലൂക്കിലെ

ഇച്ചിലംകോട് വില്ലേജിന് സ്മാർട്ട് വില്ലേജ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഇച്ചിലംകോട് വില്ലേജ് ഓഫീസ് പുതിയ കെട്ടിടത്തിന്റെ മെയിൻ സ്ലാബ് വർക്ക് പൂർത്തിയായിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃശ്ശൂർ ജില്ലയിലെ സ്മാർട്ട് വില്ലേജുകൾ**

304(5206) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ നിലവിൽ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ 47 വില്ലേജ് ഓഫീസുകളെ ഇതിനകം സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജ് ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അഴിമതി കേസുകളിൽ പ്രതികളായ ഉദ്യോഗസ്ഥർ**

305(5207) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽ അഴിമതി കേസുകളിൽ പ്രതികളായ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്; ഇവർ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നത്; ഓരോരുത്തരുടെയും പേരിലുള്ള അഴിമതി കേസ് എന്താണ്; എന്തൊക്കെ ശിക്ഷാ നടപടിയാണ് ഓരോരുത്തർക്കും ലഭിച്ചിട്ടുള്ളത്; അഴിമതി കേസിൽ ഉൾപ്പെട്ടിട്ടും ശിക്ഷിക്കപ്പെടാത്ത എത്ര പേരുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ റവന്യൂ വകുപ്പിൽ അഴിമതിക്കാരായ 144 ഉദ്യോഗസ്ഥർക്കെതിരെ 105 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 45 കേസുകൾ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട ട്രാപ്പ് കേസുകളാണ്. ട്രാപ്പ് കേസുകളിൽ 56 ഉദ്യോഗസ്ഥരെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിരുന്നു. 67 കേസുകളിൽ അന്വേഷണം

പുരോഗമിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.+ കോടതിയിൽ കുറ്റപത്രം സമർപ്പിച്ച കേസുകളിൽ 18 ഉദ്യോഗസ്ഥർക്ക് കോടതി തടവ് ശിക്ഷ വിധിച്ചിട്ടുണ്ട്. 55 ഉദ്യോഗസ്ഥരെ കോടതി കുറ്റവിമുക്തരാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.+

**നിലമ്പൂരിൽ റവന്യൂ ടവർ നിർമ്മാണം**

306(5208) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന നിലമ്പൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതും നടപ്പാക്കിവരുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖേന നിലമ്പൂർ മണ്ഡലത്തിലെ പുള്ളിപ്പാടം വില്ലേജ് ഓഫീസിനെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരണം വഴി സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്.

(ബി) നിലമ്പൂരിൽ റവന്യൂ ടവർ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ നില എന്താണെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി 14.125 കോടി രൂപയുടെ പദ്ധതി ചെലവ് അടങ്ങുന്ന വിശദമായ പദ്ധതി രൂപരേഖയ്ക്ക് 09-08-2021-ലെ സ.ഉ.(സാധാ)നം. 2582/2021/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന ഭവന നിർമ്മാണ ബോർഡ് (എസ്.പി.വി) കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മൂവാറ്റുപുഴ മേമുറി വില്ലേജിൽ ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന ഉയർന്ന ഫെയർ വാല്യൂ**

307(5209) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിലെ മേമുറി വില്ലേജിൽ മാറാടി ഗ്രാമപഞ്ചായത്തിലെ കായനാട്, ഊരമന മേഖലയിൽ ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന ഫെയർ വാല്യൂ വളരെ ഉയർന്നതായതിനാൽ മേല്പറഞ്ഞ മേഖലകളിൽ സ്ഥല ക്രയവിക്രയങ്ങൾ നടത്തുന്നതിനുള്ള തടസ്സവും അതിലൂടെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേല്പറഞ്ഞ പ്രദേശങ്ങളിലെ ഭൂമിയുടെ ഫെയർ വാല്യൂ പുനർനിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് അടിയന്തരമായി പൂർത്തിയാക്കുമോ;

(സി) പുനർനിശ്ചയിച്ചിട്ടില്ലെങ്കിൽ മേല്പറഞ്ഞ പ്രദേശങ്ങളിലെ ഭൂമിയുടെ ഫെയർ വാല്യൂ അടിയന്തരമായി പുനർനിർണ്ണയിക്കുന്നതിനായി നടപടികൾ ഉണ്ടാകുമോ; വിശദീകരിക്കാമോ?

(ബി&സി) ന്യായവില പുനർനിർണ്ണയിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നതും നടപടി പൂർത്തിയായ കേസുകളിൽ ന്യായവില പുനർനിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

**ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

308(5210) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂമി തരംമാറ്റലിൽ സ്വകാര്യ ഏജൻസികളുടെ തട്ടിപ്പ് കണ്ടെത്തുന്നതിനായി നിയോഗിച്ച റവന്യൂ വിജിലൻസ് നാളിതുവരെ എത്ര തട്ടിപ്പുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ തട്ടിപ്പ് കേസിലും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷാ സമർപ്പണ നടപടികളിൽ ചില സ്വകാര്യ ഏജൻസികൾ ഇടപെടൽ നടത്തിവരുന്നുണ്ട്.

വലിയൊരു വിഭാഗം അപേക്ഷകർ അക്ഷയ സെന്ററുകൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശത്തും ജോലിചെയ്യുന്നവരിൽ പലരും മറ്റ് തിരക്കുകളുള്ളവരും അവരുടെ സൗകര്യാർത്ഥം തരംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിനായി അവരുടെ സ്വന്തം താൽപര്യത്തിൽ ഇത്തരത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം തേടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇപ്രകാരമുള്ള സ്വകാര്യ ഏജൻസികൾ ഭൂമി തരംമാറ്റൽ നടപടികൾ നിയന്ത്രിക്കുന്നുവെന്ന രീതിയിലോ, ഏതെങ്കിലും ക്രമക്കേടുകൾ സംബന്ധിച്ചോ ഉള്ള പരാതി ശ്രദ്ധയിൽപ്പെടുന്ന വേളയിൽതന്നെ ബന്ധപ്പെട്ട അധികൃതർ/ജില്ലാ കളക്ടർമാർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ നിർദേശിച്ച് പരാതികൾ അവർക്ക് കൈമാറിവരുന്നുണ്ട്. സേവനത്തെ മറയാക്കി ഇത്തരം ഏജൻസികൾ നടത്തിവരുന്ന തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനും അന്വേഷിക്കുന്നതിനും റവന്യൂ വിജിലൻസിനെ ചുമതലപ്പെടുത്തിക്കൊണ്ട് കർശന നിർദേശവും നൽകിയിട്ടുണ്ട്.

ഇപ്രകാരം ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുമ്പോൾ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് വ്യക്തമാകുന്ന പക്ഷം, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് മേഖലാടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാരുടെയും ജില്ലാ കളക്ടേറ്റുകളിലെ ഇൻസ്പെക്ഷൻ & വിജിലൻസ് വിഭാഗത്തിന്റെയും പരിശോധനകളിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് സ്വകാര്യ ഏജൻസികളുടെ ക്രമക്കേടുകളൊന്നും നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വടകര താലൂക്കിലെ ഭൂമി തരംമാറ്റം**

309(5211) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടകര താലൂക്കിലെ ഭൂമി തരംമാറ്റ അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ

വിശദമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി ഫോറം 6-ലുള്ള 2059 അപേക്ഷകളും ഫോറം 7-ലുള്ള 13 അപേക്ഷകളും ഫോറം 9-ലുള്ള 4 അപേക്ഷകളും കൂടാതെ, ഫോറം 5-ലുള്ള 1371 അപേക്ഷകളും വടകര താലൂക്കിൽ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. മേൽപ്രകാരം തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിച്ച് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിങ്ങനെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതും ടൈപ്പിസ്റ്റുമാരെ താലൂക്കുകളിൽ പുനർവിന്യസിച്ചിട്ടുള്ളതുമാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിലേക്കായി ക്ലാർക്ക്, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർക്ക് ഓരോ മാസവും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ അദാലത്തുകൾ മുഖേനയും അപേക്ഷകൾ തീർപ്പാക്കിവരുന്നു.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകല്പിക്കാനിരിക്കുന്നതും തുടർന്നും

ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിന് 27 RDO/സബ് കളക്ടർമാർക്കുണ്ടായിരുന്ന അധികാരം 71 ഡെപ്യൂട്ടി കളക്ടർ/RDO/സബ് കളക്ടർക്ക് നൽകിക്കൊണ്ട് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചുകൊണ്ട്, 27-06-2024- ലെ സ.ഉ.(പി) നം. 140/2024/റവന്യൂ, 28-06-2024-ലെ സ.ഉ.(പി) നം. 142/2024/റവന്യൂ എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.+ ഇപ്രകാരം വടകര റവന്യൂ ഡിവിഷണൽ ഓഫീസിനുകീഴിലുള്ള വടകര താലൂക്കിന്റെ മാത്രം ചുമതല, സബ് കളക്ടർ/ആർ.ഡി.ഒ. വടകരയ്ക്കും കൊയിലാണ്ടി താലൂക്കിന്റെ ചുമതല ഡെപ്യൂട്ടി കളക്ടർ(ഡി.എം)-നും നൽകി ഉത്തരവായിട്ടുള്ളതാണ്. ആയത് വടകര താലൂക്കിന്റെ ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ കൂടുതൽ ത്വരിതപ്പെടുത്താനായി സഹായിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭൂമി തരംമാറ്റം**

310(5212) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റുന്നതിന് എന്നുമുതലുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ?

ഭൂമി തരംമാറ്റത്തിനായി സമർപ്പിച്ച 2022 ജനുവരി മുതലുള്ള അപേക്ഷകൾ (തീർപ്പാക്കുന്നതിന് പര്യാപ്തമായ രേഖകൾ ലഭിക്കാത്തവ) വിവിധ കാര്യാലയങ്ങളിലായി തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

(ബി) ഡാറ്റാ ബാങ്കിൽ മാറ്റം വരുത്തുന്നതിന് എന്നുമുതലുള്ള എത്ര അപേക്ഷകളാണ് പെൻഡിങ്ങിലുള്ളത്?

ഡാറ്റാ ബാങ്കിൽ മാറ്റം വരുത്തുന്നതിന് 2022 ജനുവരി മുതലുള്ള 142459 അപേക്ഷകൾ 27-06-2024 വരെ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്.

(സി) ഭൂമി തരംമാറ്റി നൽകിയതിനുള്ള ഫീസിനത്തിൽ 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ ഓരോ വർഷവും എത്ര കോടി രൂപ ലഭിച്ചെന്ന് വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റി നൽകിയതിനുള്ള ഫീസിനത്തിൽ 2021-22, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ലഭിച്ച തുക അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഗ്രാമീണ മേഖലകളിൽ 10 സെന്റ് വരെയുള്ള ഭൂമി തരംമാറ്റി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദേശം നൽകുമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ച് സെന്റും നെൽവയൽ നികത്തുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള തീരുമാനമെടുക്കാൻ ജില്ലാതല അധികൃത സമിതിക്ക് അധികാരം നൽകുന്നതിന് വകുപ്പ് 9 (1)-ൽ വ്യവസ്ഥയുള്ളതാണ്. നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിനായി വീട് വയ്ക്കുന്നതിനായുള്ള അപേക്ഷ, ചട്ടപ്രകാരമുള്ള ഫാറം 1-ൽ ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതിയുടെ കൺവീനർ മുമ്പാകെ നൽകുന്നതിനായാണ് വ്യവസ്ഥയുള്ളത്.

ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിയമ/ചട്ട വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. ഇപ്രകാരമല്ലാതെ ഗ്രാമീണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖലകളിൽ മാത്രമായി 10 സെന്റ് വരെയുള്ള ഭൂമി പ്രത്യേക വിഭാഗമായി പരിഗണിച്ച് തരംമാറ്റി നൽകുന്നതിന് നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥയില്ലാത്തതാണ്. ആയതിനാൽതന്നെ, ഗ്രാമീണ മേഖലകളിൽ 10 സെന്റ് വരെയുള്ള ഭൂമി തരംമാറ്റി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിലവിൽ നിർദേശം നൽകിയിട്ടില്ല.

തരംമാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ തരംമാറ്റ അദാലത്തുകൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 2024 ജനുവരി 15 മുതൽ ഫെബ്രുവരി 17 വരെ സംസ്ഥാനത്തുടനീളം 25 സെന്റിൽ താഴെ വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സൗജന്യനിരക്കിലുള്ള തരംമാറ്റവുമായി ബന്ധപ്പെട്ട തരംമാറ്റ അദാലത്തുകൾ നടത്തിയിരുന്നു.

റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കുംകീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക്

നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽവന്നിട്ടുള്ളതാണ്.

ഇതനുസരിച്ച് ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകല്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി നിലവിൽ 27 ആർ.ഡി.ഒ/സബ് കളക്ടർമാർക്ക് നൽകിയിരുന്ന ചുമതല 71 ആർ.ഡി.ഒ/സബ് കളക്ടർ/ഡെപ്യൂട്ടി കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് 27-06-2024-ലെ സ.ഉ.(പി) നം. 140/2024/റവന്യൂ, 28-06-2024-ലെ സ.ഉ.(പി) നം. 142/2024/റവന്യൂ എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.+ കൂടുതൽ ഉദ്യോഗസ്ഥരിലേക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികാരം വികേന്ദ്രീകരിച്ചുകൊണ്ട് തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിക്കുന്നതാണ്.

**പണമിടപാടുകൾക്ക് ഡിജിറ്റൽ മാർഗങ്ങൾ ഉപയോഗിക്കുന്നതിന് നടപടി**

311(5213) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസുകളിൽ വിവിധ നികുതികളും ഫീസുകളും അടയ്ക്കുന്നതിന് ക്യാഷ് ട്രാൻസാക്ഷൻ ഒഴിവാക്കി യു.പി.ഐ., ക്യൂ.ആർ.കോഡ് സ്കാനിങ്, ഇ-പോസ് തുടങ്ങിയ ഡിജിറ്റൽ മാർഗങ്ങൾ ഉപയോഗിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

വില്ലേജ് ഓഫീസുകളിൽ വിവിധ നികുതികളും ഫീസുകളും സ്വീകരിക്കുന്നത് റവന്യൂ ഇ-പെയ്മെന്റ് സിസ്റ്റം മുഖേനയാണ്. പ്രസ്തുത സംവിധാനത്തിൽ യു.പി.ഐ, ക്യൂ.ആർ.കോഡ് സ്കാനിങ്, ഇ-പോസ് തുടങ്ങിയ ഡിജിറ്റൽ മാർഗങ്ങൾ മുഖേന തുക സ്വീകരിക്കുന്നതിനാവശ്യമായ

ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ മുഖേന പൊതുജനങ്ങൾക്ക് തുക ഒടുക്കാവുന്നതാണ്.

**പ്രവാസി മിത്രം പോർട്ടൽ**

312(5214) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പ◌ുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രവാസികളുടെ പരാതികൾ സ്വീകരിക്കാൻ ആരംഭിച്ച പ്രവാസി മിത്രം പോർട്ടലിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പ്രവാസികളുടെ പരാതികൾ സ്വീകരിക്കാനാരംഭിച്ച പ്രവാസി മിത്രം പോർട്ടലിൽ 27-06-2024 വരെ ആകെ 75 പരാതികളാണ് ലഭ്യമായിട്ടുള്ളത്. ആയതിൽ 52 പരാതികൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി 23 പരാതികളിൽ 15 പരാതികളിന്മേൽ ഇടക്കാല മറുപടി നൽകിയിട്ടുള്ളതും പെൻഡിങ്ങിലുള്ള എല്ലാ

പരാതികളിന്മേലും നടപടി തുടർന്നുവരുന്നതുമാണ്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി

313(5215) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

റവന്യൂ രേഖകളുടെ ആദ്യതലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് Revenue Land Information System - ReLIS (www.revenue.kerala.gov.in) എന്ന പോർട്ടൽ മുഖേന ലഭ്യമാക്കിയിട്ടുള്ളതും അപ്രകാരം ഡാറ്റബേസ് അടിസ്ഥാനപ്പെടുത്തി ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി, ഓൺലൈൻ തരംമാറ്റം, ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ എന്നിവ നടപ്പാക്കിയിട്ടുള്ളതുമാണ്. കൂടാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂവിവരങ്ങൾ സെർച്ച് ചെയ്ത് കാണുന്നതിനായുള്ള സൗകര്യവും ടി പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്.

റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. നിലവിൽ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്റർ (TPR) രേഖകളുടെ സ്കാനിങ് പൂർത്തീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി എത്ര ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ ലഭ്യമായതും കുറ്റമറ്റതുമായ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് Revenue Land Information System - ReLIS (www.revenue.kerala.gov.in) എന്ന പോർട്ടൽ മുഖേന ലഭ്യമാക്കുന്ന പ്രവൃത്തി

പൂർത്തീകരിച്ചിട്ടുള്ളതാണ്. അതത് തഹസിൽദാർ/വില്ലേജ് ഓഫീസർമാർക്കാണ് റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ ചുമതല പ്രധാനമായും നൽകിയിട്ടുള്ളത്.

കൂടാതെ, അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായിട്ടുള്ള സ്കാനിങ് ആൻഡ് ഡിജിറ്റൽ പ്രിസെർവേഷൻ പ്രവർത്തനങ്ങൾ അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ഡിജിറ്റൈസ് ചെയ്യുന്ന രേഖകളിലുണ്ടാകുന്ന തെറ്റായ ഡാറ്റ തിരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി തെറ്റായി രേഖപ്പെടുത്തിയ ഡാറ്റ തിരുത്തുന്നതിനുള്ള സൗകര്യം നിലവിൽ ReLIS, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം എന്നിവ മുഖേന ലഭ്യമായിട്ടുള്ളതും പ്രസ്തുത തിരുത്തലുകൾ അതത് തലങ്ങളിലുള്ള റവന്യൂ അധികാരികളുടെ അപ്രൂവലിന് വിധേയമായി നിർവഹിച്ചുവരുന്നതുമാണ്.

**അരുവിക്കര മണ്ഡലത്തിൽ വില്ലേജ് തല ജനകീയ സമിതികളുടെ എണ്ണം**

314(5216) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽ ഈ സർക്കാരിന്റെ കാലയളവിൽ 2024 മാർച്ച് 31 വരെ ചേർന്നിട്ടുള്ള വില്ലേജ് തല ജനകീയ സമിതികളുടെ എണ്ണം വില്ലേജ് തിരിച്ച് അറിയിക്കുമോ?

അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന നെടുമങ്ങാട്, കാട്ടാക്കട എന്നീ താലൂക്ക് ഓഫീസിനുകീഴിൽ സ്ഥിതി ചെയ്യുന്ന വില്ലേജുകളിൽ ഈ സർക്കാരിന്റെ കാലയളവിൽ 2024 മാർച്ച് 31 വരെ ചേർന്നിട്ടുള്ള വില്ലേജ് തല ജനകീയ സമിതികളുടെ വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+

**ഭൂമി തരംമാറ്റം വേഗത്തിലാക്കാൻ നടപടി**

315(5217) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിന് ലഭിക്കുന്ന അപേക്ഷകളിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനായി റെലിസ് പോർട്ടൽ മുഖേന ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ അന്വേഷണ റിപ്പോർട്ടിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നൽകുകയും വില്ലേജ് ഓഫീസിൽനിന്നും റിപ്പോർട്ടുകൾ ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ കേസുകളിൽ മേൽ പരിശോധന നടത്തി തീർപ്പുകല്പിച്ചുവരികയും ചെയ്യുന്നു. ജലസംരക്ഷണ നടപടികൾ ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട കൃഷി ഓഫീസറുടെ റിപ്പോർട്ടുകൂടി ലഭ്യമാക്കിയാണ് ജലസംരക്ഷണ പ്രദേശം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

മേൽപ്രകാരം, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്ന കേസുകളിൽ ടി നിയമത്തിലെ വകുപ്പ് 27 (സി) പ്രകാരമുള്ള ഭൂരേഖകളിൽ മാറ്റംവരുത്തുന്നതിനുള്ള നടപടികൾ ലളിതമാക്കുകയും എല്ലാ താലൂക്ക്

ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ ഇത് കൈകാര്യം ചെയ്യുന്നതിനുമായി 05-08-2023-ലെ സ.ഉ.(സാധാ)നം.2886/2023/ആർഡി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (SOP) പുറപ്പെടുവിച്ചിട്ടുള്ളതാണ്.+

സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് താലൂക്ക് ഓഫീസുകളിൽ ലഭ്യമായാലുടൻതന്നെ പ്രത്യേകിച്ചൊരു ഉത്തരവ്/നടപടിക്രമം ഭൂരേഖാ തഹസിൽദാർ തയ്യാറാക്കുന്നത് ഒഴിവാക്കി ടി തരംമാറ്റ ഉത്തരവിന്മേൽതന്നെ ബ്ലോക്ക് നമ്പർ, സർവെ നമ്പർ, തണ്ടപ്പേർ നമ്പർ എന്നിവ സൂചിപ്പിച്ച് പുറത്തെഴുത്ത് നടത്തി ഭൂരേഖാ തഹസിൽദാർ നേരിട്ട് വില്ലേജ് ഓഫീസർമാർക്ക് ഭൂരേഖകളിൽ വേണ്ട മാറ്റംവരുത്തുന്നതിനായി അയച്ച് നൽകേണ്ടതാണെന്നും ഇത്തരത്തിൽ ലഭിക്കുന്ന ഭൂരേഖാ തഹസിൽദാരുടെ പുറത്തെഴുത്ത് നിർദേശത്തിന്മേൽ വില്ലേജ് ഓഫീസർമാർക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതിലേക്കായി റെലിസ് പോർട്ടലിലും താലൂക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസിൽനിന്നും തന്നെ ആവശ്യമായ മാറ്റങ്ങൾ തത്സമയം വരുത്തേണ്ടതും തുടർന്ന് വില്ലേജ് ഓഫീസർ ഉടൻതന്നെ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെയും തഹസിൽദാരുടെ പുറത്തെഴുത്ത് കത്തിന്റെയും നമ്പറും തീയതിയുമുൾപ്പെടെ സപ്ലിമെന്ററി ബി.ടി.ആർ.-ൽ രേഖപ്പെടുത്തി കക്ഷിക്ക് കരം അടച്ചുനൽകേണ്ടതാണെന്നും SOP-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ ആർ.ഡി.ഒ.-യിൽ നിന്നും തരംമാറ്റ ഉത്തരവ് ലഭിച്ചാലുടൻ ബന്ധപ്പെട്ട ഭൂരേഖാ തഹസിൽദാർ നിലവിൽ തുടർന്നുവരുന്ന സർവെ നടപടിക്രമങ്ങൾ താൽക്കാലികമായി ഒഴിവാക്കികൊണ്ട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവറിൽ വിശദമാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തരംമാറ്റപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണത്തിനനുസൃതമായി പ്രസ്തുത സബ് ഡിവിഷൻ അനുവദിച്ച് അംഗീകരിച്ചും നിയമാനുസൃതം ഭൂനികുതി തിട്ടപ്പെടുത്തിയും സ്വമേധയാ ഉത്തരവ് പുറപ്പെടുവിച്ച് സ്കെച്ച് പകർപ്പ് സഹിതം വില്ലേജ് ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. ടി ഉത്തരവിനനുസൃതമായി താലൂക്ക് ഓഫീസിൽനിന്നും തന്നെ റെലിസ് പോർട്ടലിലും ആവശ്യമായ മാറ്റങ്ങൾ അപ്പോൾതന്നെ

വരുത്തേണ്ടതാണ്. തുടർന്ന് ഭൂരേഖാ തഹസിൽദാരുടെ ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസർ താൽക്കാലിക സബ് ഡിവിഷൻ നമ്പരിൽ കരമടച്ച് നൽകേണ്ടതാണ്.

ആർ.ഡി.ഒ. സ്വഭാവ വ്യതിയാനം അനുവദിച്ച് ഉത്തരവായ സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ നിർദിഷ്ട മാതൃകയിൽ അപേക്ഷകനിൽനിന്നും സത്യവാങ്മൂലം വാങ്ങേണ്ടതും വില്ലേജ് ഓഫീസിൽ ഫിസിക്കലായി സൂക്ഷിച്ചിട്ടുള്ള സപ്ലിമെന്ററി ബി.റ്റി.ആർ.-ൽ താൽക്കാലിക സർവെ നമ്പർ അടിസ്ഥാനമാക്കിയാണ് ഭൂനികുതി സ്വീകരിച്ചതെന്നും പ്രസ്തുത ഭൂമിയുടെ സബ് ഡിവിഷൻ നടപടി സർവെയർ മുഖാന്തരം പൂർത്തീകരിക്കുന്നതാണെന്നും രേഖപ്പെടുത്തേണ്ടതുമാണ്.

(ബി) തലശ്ശേരി താലൂക്കിൽ 2024-ൽ നടന്ന അദാലത്തിൽ എത്ര തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്നും ഏത് മാസം വരെയുള്ള അപേക്ഷകളാണ് ഇനി തീർപ്പാക്കാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ?

തീർപ്പാക്കിയ അപേക്ഷകൾ - 756. 31-12-2023 വരെ ലഭ്യമായ അപേക്ഷകളിൽ അദാലത്തിൽ ഉൾപ്പെടുത്തിയ എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

625 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കുംകീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ

അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകി നിയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 07-06-2024-ന് നിലവിൽ വന്നിട്ടുള്ളതാണ്.

ഇതനുസരിച്ച് ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകല്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി നിലവിൽ 27 ആർ.ഡി.ഒ./ സബ്കളക്ടർമാർക്ക് നൽകിയിരുന്ന ചുമതല 71 ആർ.ഡി.ഒ./സബ്കളക്ടർ/ ഡെപ്യൂട്ടി കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് 27-06-2024-ലെ സ.ഉ(പി) നം.140/2024/റവന്യൂ, 28-06-2024-ലെ സ.ഉ(പി) നം.142/2024/റവന്യൂ എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.+ ഇത്തരം നടപടികളിലൂടെ തരംമാറ്റ അപേക്ഷകൾ മുഴുവനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. മാത്രമല്ല, അപേക്ഷകൾ കൂടുതലുള്ള വില്ലേജുകളിൽ സ്ഥലപരിശോധനക്കായി വാഹനം ലഭ്യമാക്കിയിട്ടുമുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ ഭൂമിക്കായി സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളിൽനിന്നുള്ള അപേക്ഷ**

316(5218) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ റവന്യ വകുപ്പുവഴി ഭൂമിക്കായി ഏതൊക്കെ സർക്കാർ, സർക്കാർ അനുബന്ധ സ്ഥാപനങ്ങളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ അപേക്ഷയിന്മേലും നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഭൂമി കൈമാറ്റത്തിനായി ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ സബ് രജിസ്ട്രാർ ഓഫീസിനായി ഭൂമി

കൈമാറ്റ അപേക്ഷയും ആലത്തൂർ സബ് ട്രഷറി ഓഫീസിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായുള്ള അപേക്ഷയും ലഭിച്ചിരുന്നു.

ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിന് പഴയ ആലത്തൂർ വില്ലേജ് ഓഫീസ് കെട്ടിടം നിലനിന്നിരുന്ന ഭൂമി ലഭ്യമാക്കാനാണ് അപേക്ഷ ലഭിച്ചത്. എന്നാൽ ടി കെട്ടിടം നിലവിൽ ആലത്തൂർ താലൂക്ക് ഓഫീസിന്റെ ഇലക്ഷൻ, സർവെ വിഭാഗങ്ങൾ പ്രവർത്തിക്കുന്നതിനാൽ കൈമാറാൻ കഴിയില്ലെന്ന വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ആലത്തൂർ സബ് ട്രഷറിക്ക് ആലത്തൂർ ടൗൺ പരിസരത്ത് അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്.

**വാണിയപ്പുര കോളനിയുടെ സംരക്ഷണ ഭിത്തി പുനർനിർമ്മാണം**

317(5219) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കുരോപ്പട പഞ്ചായത്തിൽ എം.എൻ. ലക്ഷം വീട് കോളനിയിലെ (വാണിയപ്പുര കോളനി) നടപ്പാതയും സംരക്ഷണ ഭിത്തിയും പുനർനിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായുള്ള

പ്രൊപ്പോസൽ റവന്യൂ വകുപ്പിന് ലഭിച്ചിരുന്നോ; ഇതിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കുരോപ്പട എം.എൻ ലക്ഷം വീട് നഗറിലെ (വാണിയപ്പുര കോളനി) നടപ്പാതയും സംരക്ഷണ ഭിത്തിയും പുനർനിർമ്മിക്കുന്നതിന് ജില്ലാകളക്ടർ സമർപ്പിച്ച 17,50,000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ (SDMF) നിന്നും തുക അനുവദിക്കുന്നതിനുള്ള നിശ്ചിത പെർഫോമയിൽ അപേക്ഷ തയ്യാറാക്കി പഞ്ചായത്തിന്റെ വർക്കിങ് ഗ്രൂപ്പിൽ (Working Group for Climate Change, DM and Biodiversity) വച്ച് അനുമതി നേടിയശേഷം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടെ ശിപാർശ സമർപ്പിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കോളനിയിലേക്കുള്ള നടപ്പാത തകർന്നതായും ഇവിടെയുള്ള 5-ഓളം വീടുകൾ സംരക്ഷണഭിത്തി തകർന്നതിനാൽ

അപകടാവസ്ഥയിലാണെന്നും കാണിച്ച് റിപ്പോർട്ട് ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് അതിതീവ്രമഴയുണ്ടാകുന്ന സാഹചര്യത്തിൽ മണ്ണിടിച്ചിൽ പോലുള്ള അപകട സാധ്യത വർധിക്കുമെന്നിരിക്കെ പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെയും ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(ബി&സി) 18-01-2024-ന് ഈ വകുപ്പിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടെയുള്ള പുതുക്കിയ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**തിരൂരങ്ങാടി മണ്ഡലത്തിലെ സർക്കാർ ഭൂമി**

318(5220) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി, നെടുവ, തിരൂരങ്ങാടി, നന്നമ്പ്ര, തെന്നല, പെരുമണ്ണ-ക്ലാരി, എടരിക്കോട് എന്നീ വില്ലേജുകളിലുള്ള സർക്കാർ ഭൂമിയുടെ വിശദവിവരങ്ങൾ, ഭൂമിയുടെ തരം, ഭൂമിയുടെ അളവ്, എഫ്.എം.ബി. പകർപ്പ്, എ രജിസ്റ്റർ പകർപ്പ് എന്നിവ സഹിതം വില്ലേജുകൾ തിരിച്ച് വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി, നെടുവ, തിരൂരങ്ങാടി, നന്നമ്പ്ര, തെന്നല, പെരുമണ്ണ-ക്ലാരി, എടരിക്കോട് എന്നീ വില്ലേജുകളിലുള്ള സർക്കാർ ഭൂമിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **താലൂക്ക്** | **വില്ലേജ്** | **വിസ്തീർണ്ണം (ഹെക്ടറിൽ)** |
|---|---|---|
| തിരൂരങ്ങാടി | പരപ്പനങ്ങാടി | 52.7681 |
| തിരൂരങ്ങാടി | നെടുവ | 124.3996 |
| തിരൂരങ്ങാടി | തിരൂരങ്ങാടി | 113.808 |
| തിരൂരങ്ങാടി | നന്നമ്പ്ര | 28.4254 |
| തിരൂരങ്ങാടി | തെന്നല | 14.6642 |
| തിരൂരങ്ങാടി | എടരിക്കോട് | 38.277 |
| തിരൂർ | പെരുമണ്ണ | 24.278 |

മലപ്പുറം ജില്ലാ കളക്ടറിൽനിന്നും ലഭ്യമായ വില്ലേജ് ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന സർക്കാർ ഭൂമിയുടെ വിശദവിവരങ്ങൾ ഉൾപ്പെടുന്ന രജിസ്റ്ററുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത വില്ലേജുകളിലെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ Re-LIS പ്രകാരമുള്ള വിവരങ്ങളുമായി ഒത്തുനോക്കിയതിൽ Re-LIS-ലെ വിവരങ്ങളിൽ വിസ്തീർണ്ണ വ്യത്യാസം ഉള്ളതായി കാണുന്നു. പ്രസ്തുത ഭൂമികളുടെ FMB, A രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസിൽ നേരിട്ടോ ഓൺലൈനായോ അപേക്ഷ സമർപ്പിച്ച് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിശ്ചിത തുക അടവാക്കി രസീത് വില്ലേജ് ഓഫീസിൽ ഹാജരാക്കുന്നതിനെത്തുടർന്ന് പകർപ്പുകൾ നിലവിൽ നൽകിവരുന്നു.

(ബി) കഴിഞ്ഞ 25 വർഷത്തിനിടയ്ക്ക് തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട സർക്കാർ ഭൂമി ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ പതിച്ചുനൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുകയോ അതിന് ശിപാർശ ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂപതിവ് നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭൂമി പതിച്ചുനൽകുകയും പാട്ടത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ മണ്ഡലത്തിലെ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികളോ സ്വകാര്യ സ്ഥാപനങ്ങളോ കൈയേറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വില്ലേജ്, സർവെ നമ്പർ, കയ്യേറ്റം നടത്തിയ അളവ് എന്നിവ തിരിച്ച് വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ കൈയേറിയ സർക്കാർ ഭൂമിയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| **വില്ലേജ്** | **സർവെ നമ്പർ** | **കൈയേറിയ വിസ്തീർണ്ണം (ഹെക്ടറിൽ)** | **കൈയേറ്റ കക്ഷി** |
|---|---|---|---|
| തിരൂരങ്ങാടി | 358/9, 358/10B | 0.0049 | തെരുവോര കച്ചവടക്കാർ |
| തെന്നല | 196/4 | 0.05058 (12.5 സെന്റ്) | പട്ടികജാതി ശ്മശാനം നിർമ്മാണത്തിനായി |
| നെടുവ | 493/4 | 0.00368 (0.91 സെന്റ്) | സമീപത്തെ പള്ളി അധികൃതർ |

**ആധാർ അധിഷ്ഠിത യൂണിക് തണ്ടപേർ**

319(5221) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽനിന്നും 23-08-2021-ലെ 13(4)/2020-EG-II(Vol-8) നമ്പർ ഓഫീസ് മെമ്മോറാണ്ടം പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഇത്തരം മാറ്റം കൊണ്ടുവരുന്ന സാഹചര്യത്തിൽ നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിൽനിന്നുള്ള പ്രസ്തുത ഓഫീസ് മെമ്മോറാണ്ടം പ്രകാരം തണ്ടപ്പേർ കക്ഷികൾ സ്വമേധയാ തയ്യാറായാൽ മാത്രമേ ആധാർ റെലിസിലുള്ള ലാൻഡ് പാർസലുമായി ലിങ്ക് ചെയ്ത് യൂണിക്ക് തണ്ടപ്പേർ

ലഭിക്കുകയുള്ളൂ. ആയതിനാൽ നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും മാറ്റം വരുത്തേണ്ടതില്ല.

(സി) ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി പുതിയ നിയമനിർമ്മാണം ആവശ്യമാണോ; എങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ആവശ്യമില്ല. 12-02-2020-ലെ സ.ഉ.(സാധാ)നം.552/2020/റവ പ്രകാരം സംസ്ഥാനത്ത് ആധാർ അധിഷ്ഠിത യൂണിക്ക് തണ്ടപ്പേർ നടപ്പാക്കുന്നതിന് റെലിസ് ആപ്ലിക്കേഷനിൽ ഭൂവുടമകളുടെ വിവരങ്ങൾ ആധാർ നമ്പരുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇക്കാര്യത്തിനായുള്ള ആധാർ ഓതന്റിക്കേഷനുള്ള അനുവാദം കേന്ദ്ര ഇക്ട്രോണിക്സ് വിവരസാങ്കേതിക മന്ത്രാലയത്തിൽനിന്നും നേടിയെടുക്കുകയും ചെയ്തു. ആയത് അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുമായി ആവശ്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

**മണൽ ഖനനം പുനരാരംഭിക്കുന്നതിന് സർവെ വകുപ്പിന്റെ പഠന റിപ്പോർട്ട്**

320(5222) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ മണൽ ഖനനം പുനരാരംഭിക്കാമെന്ന് കാണിച്ച് സർവെ വകുപ്പ് പഠന റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

നദികളിൽനിന്നും മണൽ ഖനനം പുനരാരംഭിക്കാമെന്ന് കാണിച്ച് സർവെ വകുപ്പ് നിലവിൽ പഠന റിപ്പോർട്ട് നൽകിയിട്ടില്ല. നിയമാനുസരണം നദികളിൽനിന്നും മണൽ ഖനനം പുനരാരംഭിക്കുന്നതിനായുള്ള പാരിസ്ഥിതികാനുമതിക്കായി ഡിസ്ട്രിക്ട് സർവെ റിപ്പോർട്ടാണ് (DSR) ആധാരമായിട്ടുള്ളത്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ 14-10-2020-ലെ OA No.40/2020/EZ & 57/2020/EZ നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത DSR തയാറാക്കുന്നത് NABET (National Accreditation Board for Education and Training)/ QCI (Quality Council of India) അംഗീകാരമുള്ള വിദഗ്ധ ഏജൻസികൾ മുഖേന ആയിരിക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. അതനുസരിച്ച് 2001-ലെ കേരള നദീതീര

സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം വകുപ്പ് (29)-നെ അടിസ്ഥാനമാക്കി റവന്യൂ വകുപ്പ് നടത്തിയ 32 നദികളുടെ സാൻഡ് ഓഡിറ്റിങ്ങിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള 17 നദികൾ ഉൾപ്പെട്ടിട്ടുള്ള 11 ജില്ലകളുടെ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് (DSR) തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയായതാണ്. ടി ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് (DSR) അടിസ്ഥാനമാക്കി നദികളിൽനിന്നും മണൽ ഖനനം പുനരാരംഭിക്കുന്നതിനായുള്ള പാരിസ്ഥിതികാനുമതി നേടുന്ന പ്രവർത്തനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഖനനാനുമതി നൽകുന്നതിന്റെ വ്യവസ്ഥകൾ അറിയിക്കാമോ; ഏതൊക്കെ നദികളിലാണ് മണൽ ഖനനം നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ നദികളിൽനിന്നും മണൽ ഖനനം ചെയ്യുന്നതിന് സുപ്രീംകോടതി 27-02-2012-ന് പുറപ്പെടുവിച്ച ദീപക് കുമാർ Vs. ഹരിയാന

സംസ്ഥാനം വിധിയുടെയും ദേശീയ ഹരിത ട്രൈബ്യൂണൽ 05-09-2013-ൽ പുറപ്പെടുവിച്ച OA No.171/2013/PB വിധിയുടെയും 24-06-2021-ൽ പുറപ്പെടുവിച്ച OA No.01/2021/SZ വിധിയുടെയും അടിസ്ഥാനത്തിൽ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസെസ്‌മെന്റ് അതോറിറ്റിയിൽ (SEIAA) നിന്നുള്ള പാരിസ്ഥിതികാനുമതി (Environmental Clearance) നിർബന്ധമാണ്. അതിനായി ഡിസ്ട്രിക്ട് സർവെ റിപ്പോർട്ട് (DSR) സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസെസ്‌മെന്റ് അതോറിറ്റി (SEIAA) അംഗീകരിക്കണം. അംഗീകൃത ഡി.എസ്.ആർ.-ൽ ഉൾപ്പെട്ട 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകൾക്ക് അവയുടെ അതിർത്തി നിർണ്ണയം നടത്തി തയ്യാറാക്കുന്ന മാപ്പുകൾ ബന്ധപ്പെട്ട തഹസിൽദാർ അംഗീകരിക്കണം. മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിനുമുമ്പ് ജില്ലാ ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തി ലെറ്റർ ഓഫ് ഇന്റെന്റ് (Letter of Intent) അനുവദിക്കുകയും മൈനിങ് പ്ലാൻ ജില്ലാ ജിയോളജിസ്റ്റ് അംഗീകാരം നൽകുകയും വേണം. പ്രസ്തുത രേഖകൾ ഉൾപ്പെടുത്തി പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷ സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസെസ്‌മെന്റ് അതോറിറ്റിയിൽ (SEIAA)

സമർപ്പിച്ച് പാരിസ്ഥിതികാനുമതി (Environmental Clearance) നേടണം. കൂടാതെ ഖനനം ആരംഭിക്കുന്നതിനുമുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കൺസെന്റും ജില്ലാ വിദഗ്ധ സമിതിയുടെ അനുവാദവും ആവശ്യമാണ്. 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള കടവുകൾക്ക് മേല്പറഞ്ഞവ കൂടാതെ എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് (EIA), എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP), പബ്ലിക് ഹിയറിങ് നടത്തിയതിന്റെ റിപ്പോർട്ട് എന്നിവയും പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് SEIAA-ൽ സമർപ്പിക്കേണ്ടതുണ്ട്. മലപ്പുറം, തൃശ്ശൂർ, പാലക്കാട് ഡിസ്ട്രിക്ട് സർവെ റിപ്പോർട്ടുകൾക്ക് SEIAA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ ജില്ലകളിലെ 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള കടവുകളുടെ അതിർത്തി നിർണ്ണയ പ്രവർത്തനം പുരോഗമിക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ നദികളിൽനിന്നും പാരിസ്ഥിതികാനുമതിയോടെ (Environmental Clearance) മണൽവാരൽ പുനരാരംഭിക്കുന്നതിന്

ആവശ്യമായ നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. സുപ്രീംകോടതി, ദേശീയ ഹരിത ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള വിധികൾ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച മാർഗരേഖകൾ, വിജ്ഞാപനങ്ങൾ, കേന്ദ്ര-സംസ്ഥാന നിയമങ്ങൾ എന്നിവ കർശനമായി പാലിച്ചുകൊണ്ടാണ് മണൽവാരൽ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വകുപ്പ് (29) പ്രകാരം സംസ്ഥാനത്തെ 32 നദികളിൽ റവന്യൂ വകുപ്പ് നടത്തിയ സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള 17 നദികൾ ഉൾപ്പെട്ട 11 ജില്ലകളുടെ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) ഡിസ്ട്രിക്റ്റ് സർവെ റിപ്പോർട്ട് (DSR) കേന്ദ്രസർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന തയ്യാറാക്കുന്ന പദ്ധതി പൂർത്തീകരിച്ചു.

കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ 11 ജില്ലകളുടെയും കരട് ഡി.എസ്.ആർ CSIR-NIIST ഐ.എൽ.ഡി.എം.-ൽ സമർപ്പിച്ചിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ. പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. മലപ്പുറം ജില്ലയുടെ ഡി.എസ്.ആർ നിശ്ചിത നടപടിക്രമം പാലിച്ച് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ച് അന്തിമമായിട്ടുണ്ട്. ആയത് 13-02-2024-ൽ ജില്ലയുടെ വെബ്സൈറ്റിലും ഐ.എൽ.ഡി.എം. വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ, പാലക്കാട്, കൊല്ലം ജില്ലകളുടെ ഡി.എസ്.ആർ. സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. SEIAA-യുടെ നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമ

ഡി.എസ്.ആർ. പ്രസിദ്ധീകരിക്കുന്നതിന് മുമ്പുള്ള പരിഷ്കരിക്കൽ പ്രവർത്തനം CSIR-NIIST-ൽ പുരോഗമിക്കുന്നു. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തൂപ്പുഴ റിസർവ് വനമേഖലയിലും കുളത്തൂപ്പുഴ ESA വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴമണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ലെന്ന് SEIAA നിർദേശിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ കരട് ഡി.എസ്.ആർ.-കളുടെ സ്റ്റേറ്റ് എൻവയോൺമെന്റ് അപ്രൈസൽ കമ്മിറ്റിയുടെ (SEAC) പരിശോധന പൂർത്തിയായിട്ടുണ്ട്. പ്രസ്തുത ജില്ലകളുടെ പരിഷ്കരിച്ച ഡി.എസ്.ആർ. SEIAA-ൽ സമർപ്പിച്ച് അംഗീകാരം നേടുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

പത്തനംതിട്ട, എറണാകുളം ജില്ലകളുടെ കരട് ഡി.എസ്.ആർ. പബ്ലിക് കൺസൾട്ടേഷന്റെ ഭാഗമായി ബന്ധപ്പെട്ട ജില്ലകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ഡി.എസ്.ആർ.-ൽ കണ്ടെത്തിയിട്ടുള്ള കടവുകളുടെ പരിശോധന ബന്ധപ്പെട്ട ആർ.ഡി.ഒ.-യുടെ അധ്യക്ഷതയിലുള്ള സബ്-ഡിവിഷണൽ കമ്മിറ്റിയുടെ സ്ഥലപരിശോധന പുരോഗമിക്കുകയാണ്. SEIAA അംഗീകരിച്ച ഡി.എസ്.ആർ. പ്രകാരം മണൽ ലഭ്യത

കണ്ടെത്തിയിട്ടുള്ള സൈറ്റുകളിൽ സ്ഥലപരിശോധന നടത്തി മണൽ കൊണ്ടുപോകുന്നതിനുള്ള റോഡ് സൗകര്യം ഉൾപ്പെടെയുള്ള സാധ്യതകൾ വിലയിരുത്തി കടവുകൾ ഡീമാർക്കേറ്റ് ചെയ്യേണ്ടതുണ്ട്. പ്രസ്തുത പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിലാണ് പാരിസ്ഥിതികാനുമതി (EC) ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട കടവുകളുടെ എണ്ണം നിശ്ചയിക്കേണ്ടത്. കടവ് ഡീമാർക്കേറ്റ് ചെയ്ത് സർവെ മാപ്പുകൾ തയ്യാറാക്കുന്ന പ്രവർത്തനം മലപ്പുറം ജില്ലയിലെ പ്രത്യേകം തിരഞ്ഞെടുത്ത 5 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള 17 കടവുകളിൽ പൂർത്തിയാക്കി.

മലപ്പുറം ജില്ലയിലെ 17 സൈറ്റുകൾ ഡീമാർക്കേറ്റ് ചെയ്ത് തയ്യാറാക്കിയ സർവെ മാപ്പുകളും SEIAA അംഗീകരിച്ച DSR-ഉം മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി കേന്ദ്ര ഗൈഡ്‌ലൈനുകൾ (Enforcement and Monitoring Guidelines for Sand Mining-2020) പ്രകാരം മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽനിന്ന് ലഭിക്കേണ്ട Letter of Intent (LoI) ലഭ്യമാകേണ്ടതുണ്ട്. LoI ലഭിച്ചാലുടൻ പ്രസ്തുത സൈറ്റുകളുടെ മൈനിങ് പ്ലാൻ തയ്യാറാക്കി ജില്ലാ ജിയോളജിസ്റ്റിന്റെ അംഗീകാരത്തോടെ SEIAA-ൽ

സമർപ്പിച്ച് പാരിസ്ഥിതികാനുമതി (EC) നേടാനാകും. പാരിസ്ഥിതികാനുമതി ലഭിച്ചാലുടൻ പ്രസ്തുത 17 സൈറ്റുകളിൽ മണൽ ഖനനം ആരംഭിക്കാൻ കഴിയുന്നതും തുടർന്ന് ഘട്ടംഘട്ടമായി അവശേഷിക്കുന്ന ജില്ലകളിലും ആരംഭിക്കാൻ കഴിയുന്നതാണ്.

**ഡിജിറ്റൽ സർവെ**

321(5223) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവെയിൽ രേഖകൾ പ്രകാരം കൈവശമുള്ള ഭൂമിയെക്കാൾ കുറവാണ് കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൈവശത്തിലുള്ള ഭൂമിയെക്കാൾ കുറവാണ് ഡിജിറ്റൽ സർവെയിൽ കണ്ടെത്തുന്നതെങ്കിൽ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചുകഴിയുമ്പോൾ ആക്ഷേപം സമർപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും മാർഗനിർദേശം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കൈവശ ഭൂമി രേഖകളിലുള്ള ഭൂമിയെക്കാൾ കുറവായാണ് കാണുന്നതെങ്കിൽ കൈവശമുള്ള വിസ്തീർണ്ണത്തിന് പോക്കുവരവ് ചെയ്ത് നൽകാൻ നിർദേശം നൽകിയിട്ടുണ്ട്.

**ഡിജിറ്റൽ റീസർവെ പദ്ധതി**

322(5224) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്നാണ് ഡിജിറ്റൽ റീസർവെ പദ്ധതി ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ 2022 നവംബർ 1-ന് തുടക്കം

കുറിച്ച പദ്ധതി നാല് വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022 നവംബർ ഒന്നിന് ഔദ്യോഗികമായി തുടങ്ങിയെങ്കിലും ഉദ്യോഗസ്ഥരും സർവെ ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമാക്കി പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ആരംഭിച്ചത് 2023 ആഗസ്റ്റ് 2 മുതലാണ്.

(ബി) ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ വില്ലേജുകളിലാണ് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്; അതിന്റെ പുരോഗതിയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയ 200 വില്ലേജുകളുടെ ലിസ്റ്റും രണ്ടാം ഘട്ടത്തിൽ സർവെ നടപടികൾക്കായി തിരഞ്ഞെടുത്ത 231 വില്ലേജുകളിൽ സർവെ ആരംഭിച്ച 94 വില്ലേജുകളുടെ ലിസ്റ്റും പ്രസ്തുത വില്ലേജുകളുടെ ജില്ല തിരിച്ചുള്ള പുരോഗതി വിവരവും അനുബന്ധം 1 ആയി (27-06-2024-ലെ കണക്ക്) ചേർത്തിരിക്കുന്നു.+

(സി) ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിജിറ്റൽ സർവെ പദ്ധതിക്കായി 858 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ടുണ്ട്. ആയതിൽ 438.46 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ഇതുവരെ 273.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ടി തുക ഏതൊക്കെ ഘടകങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളത് എന്നതുസംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+

**ചിറയിൻകീഴ്, വർക്കല താലൂക്കുകളിൽ ഡിജിറ്റൽ സർവെ**

323(5225) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറയിൻകീഴ്, വർക്കല എന്നീ താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

ചിറയിൻകീഴ് താലൂക്കിലെ മുദാക്കൽ, കീഴാറ്റിങ്ങൽ, ഇടയ്ക്കോട് എന്നീ വില്ലേജുകളെ ഒന്നാം ഘട്ടത്തിലും കൊടുവഴന്നൂർ, പുളിമാത്ത് എന്നീ വില്ലേജുകളെ രണ്ടാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വർക്കല താലൂക്കിലെ ഒറ്റൂർ, ചെറുന്നിയൂർ എന്നീ വില്ലേജുകളെ ഒന്നാം ഘട്ടത്തിലും അയിരൂർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെമ്മരുതി എന്നീ വില്ലേജുകളെ രണ്ടാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ രണ്ട് താലൂക്കുകളിലായി ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയ 5 വില്ലേജുകളുടെയും സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതി**

324(5226) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായി സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് പൂർത്തിയാക്കിട്ടുള്ളത്; വിശദമാക്കാമോ?

എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ അഴീക്കോട് സൗത്ത്, വളപട്ടണം, കണിച്ചാർ, തലശ്ശേരി, കോട്ടയം, പുഴാതി, പള്ളിക്കുന്ന്, കണ്ണൂർ-2, ആറളം, ചാവശ്ശേരി, എളയാവൂർ,

കണ്ണൂർ-1, വിളമന, കരിക്കോട്ടക്കരി, കീഴൂർ, കീഴല്ലൂർ എന്നീ വില്ലേജുകളുടെ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് റെക്കോഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനുള്ള പ്രദർശനം നടന്നുവരുന്നു. ഭൂവുടമകൾ റെക്കോഡുകൾ പരിശോധിച്ചശേഷം ആക്ഷേപമുള്ളതിന് പരാതികൾ സമർപ്പിക്കുമ്പോൾ ആയത് പരിഹരിച്ച് കൃത്യത ഉറപ്പുവരുത്തിയശേഷം റെക്കോഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്.

**കോഴിക്കോട് ജില്ലയിലെ സർവെ പുരോഗതി**

325(5227) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ ഭൂമിയും സർവെ നടത്തുന്ന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ നടന്ന പ്രവർത്തനം വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ 17 വില്ലേജുകളെ (അനുബന്ധമായി ചേർത്തിരിക്കുന്നു)+ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി സർവെ നടന്നുവരുന്നു. ആയതിൽ 9 വില്ലേജുകളുടെ സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമമനുസരിച്ച് 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തി തുടർനടപടികൾ നടന്നുവരുന്നു.

(ബി) ഈ ജില്ലയിൽ സർവെ ഇൻസ്റ്റിറ്റ്യൂട്ടിനായി പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

(ബി&സി) കോഴിക്കോട് ജില്ലയിൽ സർവെ ഇൻസ്റ്റിറ്റ്യൂട്ട് ഇല്ല, പകരം ചെയിൻ സർവെ സ്കൂളാണുള്ളത്. കോഴിക്കോട് സർവെ സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം 61 ലക്ഷം രൂപ ഭരണാനുമതി നൽകിയിരുന്നു. ടി തുകയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 42,11,780/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ആയതിൽ 40,84,670/- രൂപ ഫണ്ട് അനുവദിച്ചിരുന്നു.

സ്വകാര്യ വിദ്യാർഥികൾക്കായി മൂന്ന് മാസ ചെയിൻ സർവെ കോഴ്സ് ചെയിൻ സർവെ സ്കൂളിൽ നടന്നുവരുന്നു. അനുവദിച്ച ഫണ്ടിൽ

അത്യാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കോഴിക്കോട് ജില്ലയിൽ സർവെ പ്രവർത്തനം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2022 നവംബർ-1-ന് തുടക്കം കുറിച്ച ഡിജിറ്റൽ റീസർവെ നാല് വർഷംകൊണ്ട് പൂർത്തീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2021 നവംബർ 1-ന് ഔദ്യോഗികമായി തുടങ്ങിയെങ്കിലും ഉദ്യോഗസ്ഥരും സർവെ ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമാക്കി പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ചത് 2023 ആഗസ്റ്റ് 2 മുതലാണ്.

**പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽനിന്നും നൽകിയ അപേക്ഷകൾ**

326(5228) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്കുവരവ് ചെയ്യാൻ കാലതാമസം നേരിട്ട അപേക്ഷകൾ വില്ലേജ് ഓഫീസിൽ സമർപ്പിക്കുമ്പോൾ റീസർവെയ്ക്കായി താലൂക്ക് ഓഫീസുകളിൽ അയയ്ക്കുകയും ഇവ സമയത്ത് സർവെ പൂർത്തിയാക്കാതെ വർഷങ്ങളുടെ കാലതാമസം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

ഇത്തരം അപേക്ഷകൾ താലൂക്ക് സർവെ ഓഫീസുകളിൽ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആധാരം രജിസ്റ്റർ ചെയ്തുകഴിഞ്ഞ് വർഷങ്ങൾക്കുശേഷം റീസർവെയ്ക്കുശേഷമാണ് ആധാരം പോക്കുവരവിനായി സമർപ്പിക്കുന്നതെങ്കിൽ താലൂക്ക് സർവെയർ മുഖേനയുള്ള പരിശോധനയ്ക്കുശേഷം മാത്രമേ പോക്കുവരവ് ചെയ്യാനാകൂ. റീസർവെയ്ക്കായി താലൂക്കാഫീസുകളിൽ ലഭിക്കുന്ന ഇത്തരം പോക്കുവരവ് അപേക്ഷകളിൽ തർക്കരഹിതമായവ കാലതാമസം കൂടാതെ എൽ.ആർ.എം-ൽ ഉൾപ്പെടുത്തി സമയബന്ധിതമായി മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എൽ.ആർ.എം പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി സർവെയർമാരെ താലൂക്കുകളിൽ നിയോഗിച്ചിട്ടുള്ളതും പ്രസ്തുത സർവെയർമാരുടെ സർവെ ജോലികൾ വിശകലനം ചെയ്ത് കൃത്യമായ പുരോഗതി ആർജിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ഹെഡ് സർവെയർമാർക്ക് നിർദേശം

നൽകിയിട്ടുള്ളതുമാണ്. കൂടാതെ ജില്ലയിലെ എൽ.ആർ.എം ജോലികൾ എല്ലാ ആഴ്ചകളിലും സർവെ ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) റീസർവെയ്ക്കായി വഞ്ചിയൂർ വില്ലേജിൽനിന്നും നൽകിയ എത്ര അപേക്ഷകൾ തിരുവനന്തപുരം താലൂക്ക് സർവെ ഓഫീസിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുവെന്ന് വിശദമാക്കാമോ; പ്രസ്തുത അപേക്ഷകൾ കാലതാമസം കൂടാതെ റീസർവെ പൂർത്തീകരിച്ച് വഞ്ചിയൂർ വില്ലേജിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വഞ്ചിയൂർ വില്ലേജിൽ നിലവിൽ 578 അപേക്ഷകൾ തീർപ്പാക്കാനായിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ തർക്കരഹിതമായവ കാലതാമസം കൂടാതെ മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ റീസർവെ നടപടികൾ**

327(5229) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവെയ്ക്ക് നടപടികൾ സ്വീകരിച്ചതെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കണ്ണൂർ, കോയിപ്പാടി, ഇച്ചിലംപാടി, ഉപ്പള, മംഗൽപാടി, മുളിഞ്ച, കോഡിബയൽ, മൊഗ്രാൽ, ബല്ല, പുതുക്കൈ, ഹോസ്ദുർഗ്, ചിത്താരി, കീക്കാൻ, ചെറുവത്തുർ, തുരുത്തി, പീലിക്കോട്, മാണിയാട്ട്, അജാനൂർ, പള്ളിക്കര, കോട്ടികുളം, ഉദുമ, മധൂർ, പട്ള, കുഡ്ലു, പുത്തുർ, ഷിരിബാഗിലു എന്നീ 26 വില്ലേജുകളുടെ റീസർവെ ജോലികൾ പൂർത്തിയാക്കി റെക്കോഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജുകളിൽ റീസർവെ സംബന്ധിച്ച പരാതികൾ എത്രയാണെന്നും അവയിൽ എത്രയെണ്ണത്തിന് തീർപ്പുകല്പിച്ചുവെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ റീസർവെ സംബന്ധിച്ച് ലഭിച്ച 49272 അപേക്ഷകളിൽ 46753 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) റീസർവെ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കൺവെൻഷണലായി നടത്തിവന്നിരുന്ന റീസർവെയ്ക്ക് പകരമായി സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി റീസർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ നാല് വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് സംസ്ഥാനത്ത് ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആദ്യ ഘട്ടത്തിൽ 18 വില്ലേജുകളെയും രണ്ടാം ഘട്ടത്തിൽ 13 വില്ലേജുകളെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (വില്ലേജുകളുടെ ലിസ്റ്റ് അനുബന്ധം (2) ആയി ചേർക്കുന്നു.)+ ബാക്കി വില്ലേജുകൾ സർവെയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് സർവെ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**ഡിജിറ്റൽ സർവെയിലെ അപാകതകൾ**

328(5230) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ലളിതമായ നടപടിക്രമങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നതിനും ഭൂസംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തിരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ചുനൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ

ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമകളുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്.

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്‌വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റെക്കോഡുകൾ പരിശോധിക്കാവുന്നതാണ്.

ഓരോ വില്ലേജിലും ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം

പ്രസിദ്ധീകരിച്ച് ഒരു മാസക്കാലയളവിൽ പ്രസ്തുത റെക്കോഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാൻ അവസരമുള്ളതും റെക്കോഡുകളിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ടോ, “എന്റെ ഭൂമി” പോർട്ടൽ മുഖേന ഓൺലൈനായോ ആക്ഷേപം സമർപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ റെക്കോഡുകൾ തയ്യാറാക്കുന്ന നടപടികൾ ഡിജിറ്റൽ സർവെയിൽ സ്വീകരിച്ചുവരുന്നു.

ഡിജിറ്റൽ സർവെവഴി ഭൂരേഖകൾ ആധികാരികമാകുമ്പോൾ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും വ്യക്തമായ അതിരുകൾക്കുള്ളിലുള്ള അധിക ഭൂമിക്ക് അവ തർക്കം കൂടാതെയും നിയമവിരുദ്ധമല്ലാതെയും കൈവശംവച്ചിട്ടുള്ളതാണെങ്കിൽ (സർക്കാർ ഭൂമി ഒഴിവാക്കി) ആ ഭൂമിയുടെ ഉടമസ്ഥാവകാശം നിയമപ്രകാരം നൽകുന്നതിന് ഒരു നിയമം സർക്കാരിന്റെ പരിഗണനയിലാണ്.

## അളവിൽ കവിഞ്ഞ ഭൂമിയുടെ റെഗുലറൈസേഷൻ

329(5231) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവെയുടെ ഭാഗമായി അളവിൽ കവിഞ്ഞ ഭൂമി കണ്ടെത്തിയാൽ അത് കൈവശം വച്ചിരിക്കുന്നവർക്ക് റെഗുലറൈസ് ചെയ്തുനൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ റെഗുലറൈസ് ചെയ്തുനൽകുന്ന ഭൂമിക്ക് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(എ&ബി) ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ സർക്കാർ ഭൂമികൾ മുഴുവനും ഭൂമിയിൽ റീഫിക്സ് ചെയ്ത് വിസ്തീർണ്ണം നിലനിർത്തി വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് സ്വകാര്യ ഭൂമികളുടെ സർവെ നടത്തുന്നത്. സ്വകാര്യ ഭൂമിക്ക് സമീപമുള്ള സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ

കുറവില്ലെന്ന് ഉറപ്പാക്കിയതിനുശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തർക്കരഹിതവും വ്യക്തമായ അതിർത്തികളുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി ഒരു നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുന്നു. അതിന് മുന്നോടിയായുള്ള കരട് ബിൽ സർക്കാർ പരിഗണനയിലുമാണ്.

**ഡിജിറ്റൽ റീസർവെ**

330(5232) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവെ നടപടികൾ ആരംഭിച്ചത് എന്നാണെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും വ്യക്തമാക്കുമോ?

"എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകളൊഴികെ ബാക്കിവരുന്ന 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റെക്കോഡുകൾ

നാല് വർഷംകൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയായ ഡിജിറ്റൽ സർവെ 2022 നവംബർ 1-നാണ് തുടക്കം കുറിച്ചത്. നാല് വർഷങ്ങൾകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത നടപടികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്ന് അറിയിക്കുമോ?

ഡിജിറ്റൽ സർവെ പദ്ധതിക്കായി 858 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ടി പദ്ധതിക്ക് 438.46 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതിൽ 273.1 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**അളവിൽ കൂടുതലുള്ള ഭൂമി**

331(5233) <u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റീസർവെ കഴിഞ്ഞ വില്ലേജുകളിൽ സർവേ രേഖകൾ പ്രകാരം ഭൂവുടമസ്ഥർക്ക് അളവിൽ കൂടുതൽ സ്ഥലം കൈവശമുണ്ടെങ്കിൽ ആയത് നിയമപരമായി സാധൂകരിച്ച് നൽകുന്നതിന് സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. റീസർവെയിൽ വിസ്തീർണ്ണ വർധന കാണുന്ന കേസുകളിൽ റീസർവെയ്ക്കുമുമ്പ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21-04-2022-ലെ സ.ഉ(കൈ)നം.110/2022/റവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

എന്നാൽ ഇത്തരത്തിലുള്ള കേസുകൾ ധാരാളം വരുന്ന സാഹചര്യത്തിൽ ഇതിന് ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ റീസർവെയ്ക്കുശേഷം രേഖകളിലുള്ള ഭൂമിക്കൊപ്പം തർക്കരഹിതമായി വ്യക്തമായ അതിരുകൾക്കുള്ളിൽ കാണുന്ന ഭൂമി സർക്കാർ ഭൂമിയിൽ

ഉൾപ്പെട്ടതല്ലെങ്കിൽ അത്തരം ഭൂമിക്ക് അവകാശ രേഖ നൽകുന്നതിനായി ഒരു നിയമം രൂപീകരിക്കുന്നത് സർക്കാർ പരിഗണനയിലാണ്. ഇതിനായി ഒരു കരട് ബില്ല് തയ്യാറായിട്ടുള്ളതും ആയത് സൂക്ഷ്മപരിശോധന നടത്തിവരുന്നതുമാണ്.

**സ്വന്തമായി വീടില്ലാത്തവർക്ക് ഭവന നിർമ്മാണവകുപ്പിന്റെ പദ്ധതികൾ**

332(5234) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി വീടില്ലാത്തവർക്കായി ഭവന നിർമ്മാണ വകുപ്പ് എന്തെല്ലാം പദ്ധതികളിലൂടെയാണ് വീട് വയ്ക്കാൻ ധനസഹായം അനുവദിക്കുന്നത്; പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന പാർപ്പിട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(i) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താഴ്ന്ന വരുമാനക്കാർക്കായി വീട് നിർമ്മിച്ചുനൽകുന്ന പദ്ധതി:-

അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് വീട്/ഫ്ലാറ്റ് നിർമ്മിച്ചുനൽകുന്നതാണ് പദ്ധതി. കണ്ണൂർ ജില്ലയിലെ പട്ടുവം, വയനാട് ജില്ലയിലെ തൃക്കൈപ്പറ്റ എന്നിവിടങ്ങൾ ഫ്ലാറ്റുകൾ/വീടുകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും കോഴിക്കോട് ജില്ലയിലെ മുക്കം എന്ന സ്ഥലത്ത് ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

(ii) തന്റെയിടം പദ്ധതി:-

സർക്കാർ നേരിട്ടോ/സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഈ സ്ഥാപനങ്ങളിൽനിന്ന് പുറത്ത് പോകേണ്ടിവരുന്നവർക്കും പോക്സോ ഇരകൾക്കും സ്വന്തമായി വീടോ സ്ഥലമോ ബന്ധുക്കളോ ഇല്ലാത്ത ഇത്തരം കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സുരക്ഷിതമായി താമസിക്കുന്നതിനായി പാർപ്പിടം ലഭ്യമാക്കുന്നതാണ്. 2022-23 സാമ്പത്തിക വർഷം മുതൽ ഭവനനിർമ്മാണ ബോർഡ് ഈ പദ്ധതി വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്നതിനായി സംസ്ഥാന ബജറ്റിൽ തുക അനുവദിച്ചുവരുന്നുണ്ട്.

(iii) ഗൃഹശ്രീ പദ്ധതി:-

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/താഴ്ന്ന വരുമാന (LIG) വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിന് 3 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. 2013 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ ബോർഡ് ടി പദ്ധതി നടപ്പാക്കിവരുന്നു.

2022-23 സാമ്പത്തിക വർഷംവരെ സർക്കാർ സബ്സിഡി 2 ലക്ഷം രൂപയായിരുന്നു. പദ്ധതി പ്രകാരം സർക്കാർ അംഗീകരിച്ച പരമാവധി 83 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനുള്ള സർക്കാർ സബ്സിഡി 2023-24 മുതൽ മൂന്ന് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഒരു ലക്ഷം രൂപ സ്പോൺസറുടെ വിഹിതവും സർക്കാർ സബ്സിഡി മൂന്ന് ലക്ഷം രൂപയും ഉൾപ്പടെ ആകെ 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. 2024-25

സാമ്പത്തിക വർഷം ബജറ്റിൽ 13.50 കോടി രൂപ സബ്സിഡി അനുവദിക്കുന്നതിനായി വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(iv). ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം:-

കുറഞ്ഞത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവരോ റവന്യൂ വകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ വാർഷിക വരുമാനം 3 മുതൽ 12 ലക്ഷം രൂപ വരെയുള്ള താഴ്ന്ന ഇടത്തരം വരുമാന വിഭാഗത്തിൽപ്പെട്ടവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 100 മുതൽ 160 ച.മീ വരെ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് ദേശസാൽകൃത/ഷെഡ്യൂൾ ബാങ്ക് (RBI യുടെ നിയന്ത്രണത്തിലുള്ള)/സർക്കാർ അംഗീകൃത സഹകരണ ബാങ്കിൽനിന്നും ബോർഡ് അംഗീകരിച്ച നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്കിൽനിന്നും തവണകളായി വായ്പ തുക ലഭിക്കുന്നതിനോടൊപ്പം ബോർഡിൽനിന്നും ആനുപാതികമായി സബ്സിഡി തുകയും അനുവദിക്കുന്നതാണ്. സർക്കാർ സബ്സിഡി

പരമാവധി 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. 2024-25 സാമ്പത്തിക വർഷം ബജറ്റിൽ 6 കോടി രൂപ സബ്സിഡി അനുവദിക്കുന്നതിനായി വകയിരുത്തുകയും പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകുകയുമുണ്ടായി.

(v) സർക്കാർ/അർധ സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി:-

സർക്കാർ/അർധസർക്കാർ (സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ) സ്ഥാപനങ്ങളിലെ കുറഞ്ഞത് 10 വർഷത്തെ സേവനം ബാക്കിയുള്ള ജീവനക്കാർക്കായി സ്വന്തം പേരിലോ ഭാര്യ/ ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ എന്നിവരുടെ പേരിലോ സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്തവരും നഗരപ്രദേശങ്ങളിൽ വാഹന ഗതാഗതയോഗ്യമായ കുറഞ്ഞത് 4 സെന്റ് ഭൂമി ഉള്ളവർക്കും ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 8 സെന്റ് ഭൂമിയെങ്കിലുമുള്ള ജീവനക്കാർക്ക് കെട്ടിടത്തിന്റെ അടങ്കൽ തുകയുടെ 85% കണക്കാക്കി പരമാവധി 40 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണ് സർക്കാർ/അർധസർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ പദ്ധതി. 2024-25 സാമ്പത്തിക വർഷം

ബജറ്റിൽ 3 കോടി രൂപ ഭവന വായ്പ അനുവദിക്കുന്നതിനായി വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നൽകുകയുമുണ്ടായി.

**മാട്ടുമലയിൽ ഭവന സമുച്ചയം**

333(5235) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിലുള്ളതും ആശ്രയ ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 15 കൊല്ലങ്ങൾക്കുമുമ്പ് നിർമ്മാണം ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത സ്ഥലത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

'ആശ്രയ' പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പാക്കിയിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ ചെങ്ങാലൂർ വില്ലേജിൽ പുതുക്കാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട സർവെ നമ്പർ 140/2-ൽ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രദേശത്ത് ബോർഡിന്റെ കൈവശമുള്ള 50.68 സെന്റ് സ്ഥലത്ത് 'സാഫല്യം ഭവന പദ്ധതി'

നടപ്പാക്കുന്നതിന് 2012-ൽ സർക്കാർ അംഗീകാരം നൽകുകയും ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പദ്ധതിയിൽ ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്ന് നിലകളിലായി 48 ഫ്ലാറ്റുകളാണ് ഉൾപ്പെടുത്തിയിരിരുന്നത്. എന്നാൽ ഫണ്ടിന്റെ ദൗർലഭ്യംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയുണ്ടായി. പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളുമായി ബോർഡ് ചർച്ചകൾ നടത്തിവരുന്നു.

(ബി) യാതൊരു വാണിജ്യ സ്ഥാപനവുമില്ലാത്ത പ്രസ്തുത സ്ഥലത്ത് മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിരഹിത-ഭവനരഹിതരായ ഗുണഭോക്താക്കൾക്കായി ത്രിതല പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരം ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്ന് നിലകളിലായി 48 ഫ്ലാറ്റുകൾ നിർമ്മിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഈ

പദ്ധതി നടപ്പാകുന്നതിലൂടെ 48 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. സാമ്പത്തിക സഹായം ലഭിക്കുന്നമുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനും ആയതിലൂടെ ഭൂരഹിത-ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതുമാണ്. പുതുക്കാട് മണ്ഡലത്തിലെ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ലൈഫ് ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ ലൈഫ് മിഷന്റെ പരിഗണനയിലില്ല.

**വർക്കിങ് മെൻസ്/വിമെൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം**

334(5236) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിനുകീഴിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വർക്കിങ് മെൻസ്/വിമെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഭവന നിർമ്മാണ ബോർഡ് വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചുവരുന്നു. നാളിതുവരെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിലായി ആകെ 13 ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

1. മുട്ടം, ഇടുക്കി - 180 കിടക്കകൾ

2. മുട്ടം അഡീഷണൽ ബ്ലോക്ക്, ഇടുക്കി - 74 കിടക്കകൾ

3. കട്ടപ്പന, ഇടുക്കി - 125 കിടക്കകൾ

4. ഗാന്ധിനഗർ, കോട്ടയം - 186 കിടക്കകൾ

5. പുല്ലഴി, തൃശ്ശൂർ - 122 കിടക്കകൾ

6. മുളംകുന്നത്തുകാവ്, തൃശ്ശൂർ - 142 കിടക്കകൾ

7. കിഴക്കേ ചാലക്കുടി, തൃശ്ശൂർ - 71 കിടക്കകൾ

8. കാക്കനാട്, എറണാകുളം - 121 കിടക്കകൾ

9. ഇടപ്പള്ളി, എറണാകുളം - 92 കിടക്കകൾ

10. ചേവായൂർ, കോഴിക്കോട് - 151 കിടക്കകൾ

11. NCC നഗർ, തിരുവനന്തപുരം - 73 കിടക്കകൾ

12. മാനന്തവാടി, വയനാട് - 169 കിടക്കകൾ

13. മധൂർ, കാസർഗോഡ് - 109 കിടക്കകൾ

കൂടാതെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, കോട്ടയം ജില്ലയിലെ ഗാന്ധിനഗർ, പത്തനംതിട്ട ജില്ലയിലെ റാന്നി എന്നിവിടങ്ങളിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ കോട്ടയം ജില്ലയിലെ ഗാന്ധിനഗർ, പത്തനംതിട്ട ജില്ലയിലെ റാന്നി എന്നിവിടങ്ങളിലെ പദ്ധതികൾ പരിഗണിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നിരുന്നാലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും വർക്കിങ് മെൻസ്/ വിമെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് ധനലഭ്യത അനുസരിച്ച് പരിശോധിക്കുന്നതാണ്.

(ബി) ഇപ്രകാരം നിർമ്മിക്കുന്ന ഹോസ്റ്റലുകളിൽ ബാത്ത് അറ്റാച്ച്ഡ് സിംഗിൾ ഡബിൾ മുറികൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

വിവിധ ജില്ലകളിൽ ഭവന നിർമ്മാണ ബോർഡ് പൂർത്തീകരിച്ച പദ്ധതികളിൽ ഇത്തരം സംവിധാനങ്ങൾ നൽകിവരുന്നുണ്ട്. ആവശ്യകത അനുസരിച്ച് ഇനി നിർമ്മിക്കാനുദ്ദേശിക്കുന്ന ഹോസ്റ്റലുകളിൽ ഇത്തരം സംവിധാനങ്ങൾ നൽകുന്നതാണ്.

**തിരുവനന്തപുരം ജില്ലയിൽനിന്നും ഈടാക്കിയ പിഴ**

335(5237) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ വസ്തു വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത വ്യക്തികളിൽനിന്നും ഈടാക്കിയ പിഴയുടെ കണക്ക് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വസ്തു വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത വ്യക്തികളിൽനിന്നും 2021-22 സാമ്പത്തിക വർഷത്തിൽ പിഴയായി

2,01,14,118/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 3,34,18,988/- രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 3,69,63,349/- രൂപയും ഈടാക്കിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പിഴ ഈടാക്കുന്നതിന് നോട്ടീസ് അയയ്ക്കുന്ന കേസുകളിൽ മതിയായ കാരണങ്ങളുണ്ടെങ്കിൽ സാവകാശം അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

അണ്ടർവാല്യുവേഷൻ നോട്ടീസ് അയയ്ക്കുന്ന കേസുകളിന്മേൽ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 21 ദിവസത്തിനുള്ളിൽ ബോധിപ്പിക്കാനും പിഴ അടയ്ക്കാൻ 60 ദിവസവും സാവകാശം അനുവദിക്കുന്നുണ്ട്.

**ഭൂമി രജിസ്ട്രേഷൻ ഫീസിൽ ഇളവിനുള്ള നിവേദനം**

336(5238) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി രജിസ്ട്രേഷൻ ഫീസിൽ ഇളവ് ആവശ്യപ്പെട്ട് കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ എടച്ചല്ലം മഹല്ല് കമ്മിറ്റി ഭാരവാഹികളുടെ നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും രജിസ്ട്രേഷൻ ഫീസിൽ ഇളവ് അനുവദിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ എടച്ചലം മഹല്ല് കമ്മിറ്റി ദാനമായി നൽകുന്ന വസ്തുവിന്റെ രജിസ്ട്രേഷന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സംഘം സെക്രട്ടറി 08-02-2024-ൽ അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ 23-02-2024-ൽ ജെ2/56/2024/നി.വ നമ്പർ ഫയലിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം 13-05-2024-ൽ

റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ 08-05-2023-ലെ സ.ഉ(കൈ)31/2023/നി.വ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണോ എന്നതുസംബന്ധിച്ച് 29-05-2024-ൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതി**

337(5239) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ ഈ മേഖലയിൽ തൊഴിലെ ടുക്കുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ ുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങൾമൂലം പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ലാത്തതും ആധാരമെഴുത്ത്, പകർപ്പെഴുത്ത് ലൈസൻസ്

തൊഴിലാളികളുടെ തൊഴിൽ നഷ്ടമാകുന്ന തരത്തിലുള്ള തീരുമാനങ്ങളൊന്നും വകുപ്പിൽനിന്നും എടുത്തിട്ടില്ലാത്തതുമാണ്.

പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ ആധാരമെഴുത്ത് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിലിനെ ബാധിക്കാതിരിക്കാൻ ആധാരമെഴുത്ത് മേഖലയിലുള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(ബി) ഭൂമിയുടെ രജിസ്ട്രേഷൻ സംസ്ഥാന വിഷയമാണെന്നിരിക്കെ ഇക്കാര്യത്തിൽ കേന്ദ്രം ഇടപെടുന്നത് സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടമുണ്ടാക്കുമെന്നതിനാൽ 'ഒരു രാജ്യം ഒരു രജിസ്ട്രേഷൻ' പദ്ധതിയെ നിയമപരമായി നേരിടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

'ഒരു രാജ്യം ഒരു രജിസ്ട്രേഷൻ' പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

**രജിസ്ട്രേഷൻ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ**

338(5240) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

- സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായിവരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിങ് സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി.
- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്.
- ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ രേഖപ്പെടുത്തി ആധാരങ്ങളുടെ പുറത്തെഴുത്ത് ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള

സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നുവരുന്നു.

- ആധാരത്തിന്റെ സ്വഭാവം അനുസരിച്ചുള്ള ടെംപ്ലേറ്റ് (മാതൃക) സൗകര്യം ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പാക്കുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിവരുന്നു.
- രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന PEARL (Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തെ റവന്യൂ സർവെ വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ (എന്റെ ഭൂമി പോർട്ടൽ) എന്ന ആശയം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് എത്ര തവണ വർധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് വർധിപ്പിച്ചിട്ടില്ല.

(സി) ഫീസ് വർധനയിലൂടെ കഴിഞ്ഞവർഷം എത്ര തുക അധികമായി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഫീസ് വർധിപ്പിച്ചിട്ടില്ല.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്ട്രേഷനുകളുടെ എണ്ണം മുൻവർഷത്തെക്കാൾ എത്രകണ്ട് കുറവുവന്നുവെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ 1036863 രജിസ്ട്രേഷനുകളും 2023-24 സാമ്പത്തിക വർഷത്തിൽ 886065 രജിസ്ട്രേഷനുകളുമാണ് നടന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ രജിസ്ട്രേഷനുകളുടെ എണ്ണം മുൻവർഷത്തേക്കാൾ 150798 എണ്ണം കുറവായാണ് കാണുന്നത്.

**ഭൂമി രജിസ്ട്രേഷൻ മുഖേന ലഭ്യമായ വരുമാനം**

339(5241) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഭൂമി രജിസ്ട്രേഷൻ മുഖേന ലഭ്യമായിട്ടുള്ള വരുമാനം എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

2021-22 മുതൽ 2023-24 സാമ്പത്തികവർഷം വരെ രജിസ്ട്രേഷൻ വകുപ്പിന് ലഭ്യമായ വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

**(രൂപ കോടിയിൽ)**

| **വർഷം** | **ആധാരങ്ങളുടെ എണ്ണം** | **സ്റ്റാമ്പ് ഡ്യൂട്ടി** | **രജി. ഫീസ്** | **ആകെ** |
|---|---|---|---|---|
| 2021- 2022 | 926487 | 3246.82 | 1185.07 | 4431.89 |
| 2022- 2023 | 1036863 | 4138.59 | 1523.52 | 5662.11 |
| 2023- 2024 | 886065 | 3819.86 | 1399.49 | 5219.33 |

(ബി) ഭൂമിയുടെ ഫെയർവാല്യുവിൽ കുറവ് വരുത്തിയതിന്റെ പേരിൽ എത്ര പേർക്ക് പിഴയിട്ടിട്ടുണ്ടെന്നും അവരിൽനിന്നും പിഴയിനത്തിൽ എത്ര തുക ലഭ്യമായെന്നുമുള്ള വിശദാംശം നൽകാമോ?

നിശ്ചയിക്കപ്പെട്ട ഫെയർവാല്യുവിലും കുറഞ്ഞ വില കാണിച്ച് ഹാജരാക്കുന്ന ആധാരങ്ങൾ രജിസ്ട്രേഷനായി സ്വീകരിക്കാറില്ല. എന്നാൽ

പരിശോധനയിൽ ക്ലാസിഫിക്കേഷൻ മാറ്റംമൂലമോ മറ്റ് കാരണങ്ങളാലോ വസ്തുവിന്റെ വില കുറവാണെന്ന് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ സബ് രജിസ്ട്രാർമാർ അണ്ടർവാല്യുവേഷൻ നടപടികൾക്കായി റിപ്പോർട്ട് ചെയ്യാറുണ്ട്. ഇത്തരത്തിൽ വില കുറച്ച് കാണിച്ചതുമൂലം 2021-2022 മുതൽ 2023-2024 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ 42747 കേസുകൾ റിപ്പോർട്ട് ചെയ്യുകയും അവയിൽനിന്നും 26.12 കോടി രൂപ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിലെ ആധുനികവൽക്കരണം**

340(5242) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് അതിവേഗം ലഭ്യമാക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ആധുനികവൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് അതിവേഗം ലഭ്യമാക്കുന്നതിനായി ചുവടെ പറയുന്ന സേവനങ്ങൾ നൽകിവരുന്നു.

1. ആധാര രജിസ്ട്രേഷനായി തീയതിയും സമയവും മുൻകൂർ നിശ്ചയിച്ചുകൊണ്ട് ടോക്കൺ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം.

2. ഒരു ജില്ലക്കകത്തുള്ള ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള എനിവെയർ രജിസ്ട്രേഷൻ സൗകര്യം.

3. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

4. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിലവിൽ 8 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,

ഇടുക്കി, എറണാകുളം, കാസർഗോഡ്) ഓൺലൈനായി നൽകിവരുന്നു. മറ്റുള്ള ജില്ലകളിൽ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു.

5. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം.

6. ഗഹാനകൾക്ക് പൂർണ്ണമായും ഓൺലൈൻ ഫയലിങ് സൗകര്യം.

7. ഒരു ലക്ഷത്തിന് മുകളിൽ മുദ്ര വില വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിങ് സൗകര്യം.

8. എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ്/ഇ-പോസ് സൗകര്യം.

9. KSFE-യുമായി സഹകരിച്ചുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

10. പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, സൊസൈറ്റി നിയമ പ്രകാരമുള്ള രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്കായി പ്രത്യേക ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം.

11. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ പോക്കുവരവ് നടപടികൾക്കായി അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കുന്നു.

12. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

13. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾക്ക് ഡിജിറ്റൽ രൂപം.

14. ആധാര കക്ഷികൾക്ക് സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള സംവിധാനം.

(ബി) ഈ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്. ബാധ്യത സർട്ടിഫിക്കറ്റുകൾക്കും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ സാക്ഷ്യപ്പെടുത്തിയ

ആധാരപകർപ്പുകൾക്കും നിലവിൽ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിക്കേണ്ടതില്ല. ഈ സേവനങ്ങൾ ഓൺലൈൻ മുഖാന്തരം പൊതുജനങ്ങൾക്ക് ലഭിക്കുന്നു.

2023-24 സാമ്പത്തിക വർഷം ഓൺലൈനായി നൽകിയ പ്രധാന സേവനങ്ങളുടെ വിവരങ്ങൾ ചുവടെ വിവരിക്കുന്നു.

| | |
|---|---|
| ബാധ്യത സർട്ടിഫിക്കറ്റുകൾ | 27.58 ലക്ഷം |
| ആധാരപകർപ്പുകൾ | 7.08 ലക്ഷം |
| ഇ-സ്റ്റാമ്പുകൾ നൽകിയത് | 98378 എണ്ണം |
| പ്രവാസി ചിട്ടി | 306 |
| ഗഹാൻ | 1.59 ലക്ഷം |
| എനിവെയർ രജിസ്ട്രേഷൻ | 2021 മുതൽ നാളിതു വരെ 17900 ആധാരങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്തിയിരുന്നു. |
| സ്വന്തമായി ആധാരം തയ്യാറാക്കിയുള്ള രജിസ്ട്രേഷൻ | 6463 |

(സി) ആധാരം ഹാജരാക്കുന്ന ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ആധാരം തിരികെ നൽകാൻ കഴിയുന്നുണ്ടോ?

ആധാരം ഹാജരാക്കുന്ന ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ആധാരം തിരികെ നൽകുന്നതിനുള്ള നടപടികൾ

ആരംഭിച്ചിട്ടില്ല. ഇതിനായി റവന്യൂ-സർവെ വകുപ്പുകളുമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

(ഡി) മേൽ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽനിന്നും നൽകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കാൻ താഴെപ്പറയുന്ന പരിഷ്കാരങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

- ആധാര മാതൃകകൾക്ക് ഏകീകൃത രൂപം.
- വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ ആധാരങ്ങളിൽ പ്രിന്റ് ചെയ്ത് ചേർക്കുന്നതിനുള്ള സംവിധാനം.
- കെട്ടിടങ്ങളുടെ വില നിർണ്ണയത്തിനായി പ്രത്യേക ഡിജിറ്റൽ സംവിധാനം.
- ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

- രജിസ്ട്രേഷനായി ആധാരം ഹാജരാക്കിയ ദിവസംതന്നെ നടപടികൾ പൂർത്തിയാക്കി മടക്കി നൽകുന്നതിനുള്ള നടപടിക്രമം.
- രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന PEARL (Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തെ റവന്യൂ-സർവെ വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ (എന്റെ ഭൂമി പോർട്ടൽ) എന്ന ആശയം നടപ്പാക്കാനും പദ്ധതിയിടുന്നു.
- സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോടുകൂടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ച് ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള സംവിധാനം.
- സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് പദ്ധതി
- ആധാരത്തിന്റെ സ്വഭാവമനുസരിച്ചുള്ള ടെംപ്ലേറ്റ് (മാതൃക) സൗകര്യം ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം.

**വസ്തു കൈമാറ്റത്തിന്റെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ**

341(5243) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമപഞ്ചായത്ത് പരിധിയിലും നഗരസഭാ പരിധിയിലും വസ്തു കൈമാറ്റത്തിന് രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ചെലവഴിക്കേണ്ട തുക വ്യത്യാസമുണ്ടോ; എങ്കിൽ എത്ര ശതമാനം വീതമാണ് നഗരസഭകളിൽ അധികമായി നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്ത് പരിധിയിലും നഗരസഭാ പരിധിയിലും വസ്തു കൈമാറ്റത്തിന് രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ചെലവഴിക്കേണ്ട തുകയിൽ വ്യത്യാസമില്ല.

**രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം**

342(5244) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിൽനിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ടതാക്കാൻ എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽനിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ടതാക്കാൻ താഴെപ്പറയുന്ന പദ്ധതികളാണ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്നത്.

- ആധാര മാതൃകകൾക്ക് ഏകീകൃത രൂപം.
- വിരൽ പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ ആധാരങ്ങളിൽ പ്രിന്റ് ചെയ്ത് ചേർക്കുന്നതിനുള്ള സംവിധാനം.
- കെട്ടിടങ്ങളുടെ വില നിർണ്ണയത്തിനായി പ്രത്യേക ഡിജിറ്റൽ സംവിധാനം.
- ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.
- രജിസ്ട്രേഷനായി ആധാരം ഹാജരാക്കിയ ദിവസംതന്നെ നടപടികൾ പൂർത്തിയാക്കി മടക്കി നൽകുന്നതിനുള്ള നടപടിക്രമം.

- രജിസ്ട്രേഷൻ വകുപ്പിൽ ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന PEARL (Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തെ റവന്യൂ-സർവെ വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങൾക്കും ഒരു പോർട്ടൽ (എന്റെ ഭൂമി പോർട്ടൽ) എന്ന ആശയം നടപ്പാക്കാനും പദ്ധതിയിടുന്നു.
- സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പൂർത്തിയാകുന്നതോടുകൂടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഡിജിറ്റൽ സ്കെച്ച് ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള സംവിധാനം.
- സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് പദ്ധതി.
- ആധാരത്തിന്റെ സ്വഭാവമനുസരിച്ചുള്ള ടെംപ്ലേറ്റ് (മാതൃക) ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം.

**ഇ-സ്റ്റാമ്പിങ് സംവിധാനം**

343(5245) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾക്ക് സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് സംവിധാനം എപ്പോൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ആവശ്യമായിവരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിങ് സംവിധാനം സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായിവരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിങ് സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നുവരുന്നു. പരീക്ഷണ പരിപാടികൾ വിജയകരമായി പൂർത്തിയാകുന്നമുറയ്ക്ക് ആധാര രജിസ്ട്രേഷൻ നടപടികൾക്കുള്ള സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പാക്കുന്നതാണ്.

(ബി) വെണ്ടർമാർക്ക് ഇ-സ്റ്റാമ്പിങ്ങിന് പ്രിന്റിങ് ചാർജ് നിശ്ചയിച്ച് സ്ലാബ് ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ നിലവിൽ ശിപാർശ ചെയ്ത സ്ലാബിന്റെ വിശദാംശം വ്യക്തമാക്കുമോ; ഈ നിർദേശം വെണ്ടർമാരുടെ

സംഘടനകൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സ്റ്റാമ്പ് വെണ്ടർമാർക്ക് ഇ-സ്റ്റാമ്പിങ്ങിന് പ്രിന്റിങ് ചാർജായി ഈടാക്കാവുന്ന നിരക്ക് GO(P) No. 37/2024/TAXES (S.R.O No.301/2024) പ്രകാരം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിരക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| **ഇ-സ്റ്റാമ്പ് മൂല്യം** | **പ്രിന്റിങ് ചാർജ് (ഓരോ പ്രിന്റിനും)** |
|---|---|
| 500 രൂപ വരെ | ഇല്ല |
| 501 മുതൽ 1000 രൂപ വരെ | 6 രൂപ |
| 1001 രൂപയും അതിനുമുകളിലും | 10 രൂപ |

പ്രിന്റിങ് ചാർജ് ഇനത്തിലെ സ്ലാബുകൾ പൂർണ്ണമായും മാറ്റി ഒറ്റ പ്രിന്റിന് 10/- രൂപയായി നിശ്ചയിക്കുന്നതിന് വെണ്ടർമാരുടെ സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഇ-സ്റ്റാമ്പ് പദ്ധതി**

344(5246) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ഇ-സ്റ്റാമ്പ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില ആവശ്യമായിവരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിങ് സംവിധാനം സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്.

ഒരു ലക്ഷം രൂപ വരെ മുദ്രവില ആവശ്യമായിവരുന്ന ആധാര രജിസ്ട്രേഷനുകൾക്കുള്ള ഇ-സ്റ്റാമ്പിങ് സംവിധാനം 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടന്നുവരുന്നു. പരീക്ഷണ പരിപാടികൾ പൂർത്തിയാകുന്നമുറയ്ക്ക് ആധാര രജിസ്ട്രേഷൻ നടപടികൾക്കുള്ള സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പാക്കുന്നതാണ്. ഇതോടൊപ്പംതന്നെ രജിസ്ട്രേഷൻ നിർബന്ധമില്ലാത്ത

ഇടപാടുകൾക്കുകൂടി ഇ-സ്റ്റാമ്പിങ് സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) വെണ്ടർമാരുടെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ എപ്രകാരമാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് എല്ലാ മൂല്യങ്ങൾക്കുള്ള മുദ്രപത്രങ്ങൾക്കും ഇ-സ്റ്റാമ്പിങ് സംവിധാനം നടപ്പാക്കിക്കൊണ്ടുള്ള 09-02-2023-ലെ G.O.(Ms) No.10/2023/TAXES നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള ഇ-സ്റ്റാമ്പുകൾ കേരളത്തിലെ അംഗീകൃത സ്റ്റാമ്പ് വെണ്ടർമാരിലൂടെ മാത്രമേ വില്പന നടത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ വെണ്ടർമാർക്ക് തൊഴിൽ നഷ്ടം സംഭവിക്കുന്നില്ല.

(സി) രജിസ്ട്രാർ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ചിട്ടി ആർബിട്രേഷൻ, പ്രവാസി ചിട്ടി രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥിരം തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ആധാരങ്ങളുടെയും മറ്റ് പ്രമാണങ്ങളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നമുറയ്ക്ക് ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതാണ്.

**രജിസ്ട്രേഷൻ വകുപ്പിന്റെ സെർവർ തകരാറുമൂലം ഓൺലൈൻ നടപടികൾ മുടങ്ങുന്നത് ഒഴിവാക്കാൻ നടപടി**

345(5247) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെർവർ തകരാറുമൂലം രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ നടപടികൾ മുടങ്ങുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾക്ക് കഴിഞ്ഞ 6 മാസത്തിനുള്ളിൽ തടസ്സങ്ങൾ നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാലയളവിനുമുമ്പായി ഇടയ്ക്കിടെ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെർവറുകളുടെ എണ്ണം കൂട്ടുകയും ശേഷി വർധിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ഈ പ്രശ്നം പരിഹരിച്ചിരുന്നു. ഇതോടൊപ്പം രജിസ്ട്രേഷൻ സംവിധാനമായ PEARL Application പുതിയ പതിപ്പിലേക്ക് മാറ്റുകയും ചെയ്തിരുന്നു. ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഡാറ്റാബേസ്

സംവിധാനംകൂടി ഏറ്റവും പുതിയ പതിപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വെബ്സൈറ്റിന്റെ വേഗത കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ ഇടയ്ക്കിടെ തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

1. രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 05-08-2022-ൽ നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പേൾ സോഫ്റ്റ്‌വെയർ പുതിയ സാങ്കേതിക സംവിധാനത്തിലേക്ക് മൈഗ്രേറ്റ് ചെയ്യാൻ NIC-ക്ക് നിർദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പേൾ സോഫ്റ്റ്‌വെയർ പുതിയ സാങ്കേതിക സംവിധാനത്തിലേക്ക് മൈഗ്രേറ്റ് ചെയ്യുകയും ചെയ്തിരുന്നു.

2. സെർവറുകളുടെ ഓപ്പറേറ്റിങ് സിസ്റ്റം Redhat Enterprise Linux version 9 -ലേക്ക് ഉയർത്തിയിരുന്നു.

3. മൈഗ്രേറ്റ് ചെയ്ത പേൾ ആപ്ലിക്കേഷൻ സുരക്ഷ ഓഡിറ്റിന് വിധേയമാക്കിയതിനുശേഷം https://pearl.registration.kerala.gov.in എന്ന പുതിയ അഡ്രസ്സിൽ ഹോസ്റ്റ് ചെയ്യുകയുണ്ടായി.

4. രജിസ്ട്രേഷൻ വകുപ്പിന്റെ പുതിയ വെബ്സൈറ്റ് രൂപകല്പന ചെയ്യുന്നതിലേക്കായി സർക്കാർ സ്ഥാപനമായ സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും https://registration.kerala.gov.in എന്ന സൈറ്റ് അഡ്രസ്സിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

5. സബ് രജിസ്ട്രാർ ഓഫീസുകളിലെ ഇൻട്രാനെറ്റ് https://officepearl.kerala.gov.in എന്ന പുതിയ അഡ്രസ്സിൽ ഹോസ്റ്റ് ചെയ്യുകയുണ്ടായി.

6. ഡാറ്റാ ബാക്കപ്പ് ഡാറ്റാ സെന്ററിലെ Tape drive -ലേക്ക് മാറ്റിയിരുന്നു.

7. നിലവിൽ ഡാറ്റാ സെന്ററിൽ വകുപ്പ് co-locate ചെയ്തിരുന്ന സെർവറുകൾക്ക് പുറമെ കൂടുതൽ ലോഡ് കൈകാര്യം ചെയ്യുന്നതിലേക്കായി ക്ലൗഡ് സെർവറുകളും വിന്യസിക്കുകയുണ്ടായി.

8. സബ് രജിസ്ട്രാർ ഓഫീസുകളിൽ KSWAN ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിരുന്ന BSNL-ന്റെ സർക്യൂട്ടുകൾ ഒപ്റ്റിക്കൽ ഫൈബർ സാങ്കേതിക വിദ്യയിലേക്ക് മാറ്റുകയും 4Mbps Bandwidth-ലേക്ക് ഉയർത്തുകയും ചെയ്തിരുന്നു.

9. നെറ്റ്‌വർക്ക് തകരാറുകൾമൂലം സേവനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അധികമായി ഒരു സർക്യൂട്ട് കൂടി സ്ഥാപിക്കുന്നതിനായി K-FON നെറ്റ്‌വർക്ക് കൂടി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ നടപടികൾ പുരോഗമിക്കുന്നു.

10. PEARL സംവിധാനത്തിന്റെ Architecture സംബന്ധിച്ച് പഠനം നടത്തുന്നതിലേക്കായി C-DAC-ന്റെ സേവനംകൂടി വിനിയോഗിക്കാൻ തീരുമാനിച്ചു.

## വർക്കല സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം

346(5248) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വർക്കല സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട സ്ട്രക്ചറൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. നിലവിൽ റൂഫ് ട്രസ്സ് വർക്കുകൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെട്ടിടനിർമ്മാണം 2024 ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

347 (5249)

(ചോദ്യം പിൻവലിച്ചു)

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം**

348(5250) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ സ്ഥലംമാറ്റങ്ങൾ ഓൺലൈൻ മുഖേനയാണോ നടപ്പാക്കുന്നതെന്നും എന്നുമുതലാണ് പ്രസ്തുത സംവിധാനം നിലവിൽവന്നതെന്നും വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽ സ്ഥലംമാറ്റങ്ങൾ നിലവിൽ ഓൺലൈൻ മുഖേനയാണ് നടപ്പാക്കുന്നത്. 2022 മുതലാണ് പ്രസ്തുത സംവിധാനം നിലവിൽവന്നത്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി ഇറങ്ങിയ ഓൺലൈൻ സ്ഥലംമാറ്റത്തിന്റെ കരടിൽ ഉൾപ്പെട്ട രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ സീനിയർ ക്ലാർക്കുമാർ ആരെല്ലാമായിരുന്നുവെന്നും പ്രസ്തുത കരട് പ്രകാരം ഒറിജിനൽ ഉത്തരവ് ഇറങ്ങിയിരുന്നോയെന്നും വെളിപ്പെടുത്താമോ;

ഇല്ലെങ്കിൽ എന്താണ് കാരണമെന്നും ഉത്തരവ് എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും അറിയിക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി ഇറങ്ങിയ ഓൺലൈൻ സ്ഥലംമാറ്റത്തിന്റെ കരട് പട്ടികയിൽ ഉൾപ്പെട്ട രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ സീനിയർ ക്ലാർക്കുമാരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

പ്രസ്തുത കരട് പട്ടികയിന്മേൽ ജീവനക്കാർക്ക് ആക്ഷേപങ്ങൾ ഉന്നയിക്കാൻ സമയം അനുവദിച്ചിട്ടുള്ളതും ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കിയതിനുശേഷം അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതുമാണ്.

(സി) പ്രസ്തുത കരട് പട്ടികയിൽ ഉൾപ്പെട്ട ഏതെല്ലാം സീനിയർ ക്ലാർക്കുമാരാണ് നിലവിൽ അതേ ഓഫീസുകളിൽ തുടരുന്നതെന്നും ഇവർക്കായി എന്തെങ്കിലും പ്രത്യേക ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരട് പട്ടികയിൽ ഉൾപ്പെട്ട സീനിയർ ക്ലാർക്കുമാർ നിലവിൽ അതേ ഓഫീസിൽ തന്നെയാണ് തുടരുന്നത്. കരട് പട്ടികയിന്മേൽ ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള കാലാവധി അവസാനിച്ചിട്ടില്ലാത്തതിനാൽ ഇളവ് അനുവദിച്ചുനൽകുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ രജിസ്ട്രേഷൻ ഓഫീസുകൾ**

349(5251) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര, വിതുര, കാഞ്ഞിരംകുളം, പോത്തൻകോട് (മിനി സിവിൽ സ്റ്റേഷൻ), കോട്ടയം ജില്ലയിലെ കടുത്തുരുത്തി, എറണാകുളം ജില്ലയിലെ കുഴിപ്പള്ളി, കോതമംഗലം, തൃശ്ശൂർ ജില്ലയിലെ അന്തിക്കാട്, മലപ്പുറം ജില്ലയിലെ കൊടയ്ക്കൽ, മലപ്പുറം, നിലമ്പൂർ

(സിവിൽ സ്റ്റേഷൻ), കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം, നാദാപുരം, വെസ്റ്റ്ഹിൽ, ഫറോക്ക്, വയനാട് ജില്ലയിലെ മാനന്തവാടി, കണ്ണൂർ ജില്ലയിലെ ഉളിയിൽ (ഇരിട്ടി), മട്ടന്നൂർ, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ എന്നീ രജിസ്ട്രേഷൻ ഓഫീസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ കെട്ടിടങ്ങളിലേക്ക് മാറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസിന്റെ കെട്ടിടം പണികളാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, ചിറയിൻകീഴ്, വർക്കല, നേമം രജിസ്ട്രേഷൻ കോംപ്ലക്സ്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര പ്രിൻസിപ്പൽ, ചടയമംഗലം, ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന്, തൃശ്ശൂർ ജില്ലയിലെ മാള, വാടാനപ്പള്ളി, പാലക്കാട് ജില്ലയിലെ കോട്ടായി, കുഴൽമന്ദം, കൊടുവായൂർ, മലപ്പുറം ജില്ലയിലെ മൂർക്കനാട്, പരപ്പനങ്ങാടി, കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി, കണ്ണൂർ ജില്ലയിലെ കതിരൂർ, കാസർഗോഡ് ജില്ലയിലെ ഉദുമ എന്നീ ഓഫീസുകളുടെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

## മ്യൂസിയങ്ങൾക്ക് അനുവദിച്ച തുക

350(5252) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 വരെ മ്യൂസിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും നവീകരണങ്ങൾക്കുമായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ?

പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളുടെ കീഴിൽ 2016 മുതൽ 2024 വരെ മ്യൂസിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും നവീകരണങ്ങൾക്കുമായി അനുവദിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ അതിൽനിന്നും പിന്മാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ നോഡൽ ഏജൻസിയായിരുന്ന ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേനയാണ് പുരാവസ്തു വകുപ്പിനുകീഴിലുള്ള മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവൃത്തികൾ നിർവഹിക്കുന്നത്. കരാറുകാരെ തിരഞ്ഞെടുക്കുന്നതും നിയോഗിക്കുന്നതും ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള മുഖേനയാണ്.

പുരാരേഖ വകുപ്പിനുകീഴിലുള്ള മ്യൂസിയങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ആരുംതന്നെ ടി പ്രവൃത്തിയിൽനിന്നും പിന്മാറിയിട്ടില്ല.

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ ഉത്തരമലബാറിന്റെ അനുഷ്ഠാനകലയായ തെയ്യം ആധാരമാക്കിക്കൊണ്ട് പുതുതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയം പദ്ധതി കരാർ എടുത്തിരുന്ന M/s കേരളം ചരിത്ര പൈതൃക മ്യൂസിയം, തിരുവനന്തപുരം സമയബന്ധിതമായി നിർമ്മാണം ആരംഭിക്കാതിരിക്കുകയും ആയതിന്റെ കാരണമായി പ്രസ്തുത ഏജൻസി അറിയിച്ചത് നിർമ്മാണം ഏറ്റെടുത്ത സബ് കോൺട്രാക്ടർക്ക് ടി പ്രോജക്ട് പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ പ്രകാരം സാമ്പത്തിക നഷ്ടം നേരിടേണ്ടിവരുമെന്നും ആയതിനാൽ

ടി പ്രോജക്ട് ഏറ്റെടുക്കാൻ കഴിയില്ലെന്നമാണ്. മേൽ സാഹചര്യത്തിൽ നോൺ പി.എം.സി. ഏജൻസിയായ M/s ULCC LTD കോഴിക്കോടിനെ ടെൻഡർ മുഖേന തിരഞ്ഞെടുത്ത് ടി പദ്ധതി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തി.

**ക്വിറ്റ് ഇന്ത്യാ സ്മാരകം നിർമ്മാണം**

351(5253) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ (ക്വിറ്റ് ഇന്ത്യാ സ്മാരകം) രണ്ട് കോടി രൂപ ചെലവഴിച്ച് നിർമ്മാണം പുരോഗമിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുക തികയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിച്ചിരുന്നു. പുതിയ D.S.O.R

പ്രകാരം നിരക്കുകളിൽ മാറ്റംവന്നതിനാൽ അധികമായി 50 ലക്ഷം രൂപ ആവശ്യമുണ്ട്.

(ബി) പൂർത്തിയാകാൻ ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. മുഖേന സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അധികതുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 10-06-2024-ൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

**കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കാൻ നടപടി**

352(5254) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാവശ്യമായ റവന്യൂ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ലഭ്യമാകുന്നമുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**സ്മാരകങ്ങളും മ്യൂസിയങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

353(5255) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്മാരകങ്ങളും മ്യൂസിയങ്ങളും സംരക്ഷിക്കാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന പുരാവസ്തു വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള സ്മാരകങ്ങളുടെയും മ്യൂസിയങ്ങളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തക്കല പത്മനാഭപുരം കൊട്ടാര സമുച്ചയത്തിലെ പുത്തൻ കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ.

2. തിരുവനന്തപുരം കിഴക്കേ കോട്ടവാതിലിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ.

3. തൃശ്ശൂർ കൊല്ലംകോട് ഹൗസിന്റെ അടിയന്തര സംരക്ഷണ പ്രവൃത്തികൾ.

4. സംരക്ഷിത സ്മാരകങ്ങളായ തിരുവനന്തപുരത്തെ വടക്കേ കോട്ട, തെക്കേ കോട്ട, അഴിക്കോട്ട, പടിഞ്ഞാറേ കോട്ട എന്നിവിടങ്ങളിലെ സമഗ്രമായ സംരക്ഷണ പ്രവർത്തനങ്ങൾ.

5. സംരക്ഷിത സ്മാരകമായ തൃശ്ശൂർ വേലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഫൊറോനാ പള്ളിയുടെ കവാടം, തൃശ്ശൂർ വേലൂരിലുള്ള അർണോസ് പാതിരിയുടെ പുരാതന ഭവനം എന്നിവയുടെ അടിയന്തര സംരക്ഷണപ്രവൃത്തികൾ.

6. തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ സംരക്ഷിത സ്മാരകമായ അരുവിക്കര ശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷണ പ്രവൃത്തികൾ.

7. സംരക്ഷിത സ്മാരകമായ കാസർഗോഡ് ഹോസ്ദുർഗ് കോട്ടയുടെ സംരക്ഷണ പ്രവൃത്തികൾ.

8. തക്കല പത്മനാഭപുരം കൊട്ടാരത്തിലെ ചുറ്റുമതിലുകളുടെയും ഗേറ്റുകളുടെയും അറ്റകുറ്റപ്രവൃത്തികളും ഫെൻസിങ്ങുകളുടെ ശക്തിപ്പെടുത്തലും.

9. തൃപ്പൂണിത്തുറയിലെ ഹിൽ പാലസ് മ്യൂസിയം സമുച്ചയത്തിലെ പൈതൃക നിർമ്മിതികളുടെ സംരക്ഷണ പ്രവൃത്തികളും സന്ദർശക സൗകര്യങ്ങളൊരുക്കലും.

10. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പുനഃസജ്ജീകരിക്കുന്ന തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിലെ പുരാവസ്തു മ്യൂസിയത്തിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

11. കണ്ണൂർ ജില്ലയിലെ ചെമ്പന്തൊട്ടിയിൽ സജ്ജീകരിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കുടിയേറ്റ മ്യൂസിയത്തിന്റെ പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുകയാണ്.

12. ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നതുമാണ്.

(ബി) മാവേലിക്കരയിലെ ബുദ്ധപ്രതിമ സംരക്ഷിക്കുന്നതിനും പ്രദേശത്ത് ലൈറ്റുകൾ സ്ഥാപിച്ച് പ്രകാശപൂരിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മാവേലിക്കരയിലെ ബുദ്ധമണ്ഡപം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെട്ടിട്ടുള്ളതാണ്. ആയതിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് പുരാവസ്തു വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. സംരക്ഷിത സ്മാരക പ്രദേശത്തിന് പുറത്തുള്ള വെളിച്ച സംവിധാനം നിർവഹിക്കുന്നത് പുരാവസ്തു വകുപ്പിന്റെ പരിധിയിൽവരുന്ന വിഷയമല്ല.

(സി) മാവേലിക്കര മണ്ഡപത്തിൻകടവിലെ കൽമണ്ഡപം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

കരിങ്കല്ലിൽ നിർമ്മിച്ചിരുന്ന മാവേലിക്കര മണ്ഡപത്തിൻകടവിലെ കൽമണ്ഡപം ധാരാളം പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്ക് വിധേയമായി അതിന്റെ പുരാവസ്തു പ്രാധാന്യവും പഴമയും നഷ്ടപ്പെട്ട അവസ്ഥയിലാണുള്ളത്. ആയതിനാൽ മണ്ഡപത്തിൻകടവിലെ കൽമണ്ഡപം സംരക്ഷിത സ്മാരകമാക്കുന്നതിന് യോഗ്യമല്ല.

**ആധുനിക വേണാടിന്റെ പുരാരേഖകൾ**

354(5256) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആധുനിക വേണാടിന്റെ ആസ്ഥാനം കിളിമാനൂരിനടുത്ത കീഴ്പേരൂർ എന്ന സ്ഥലം ആയിരുന്നുവെന്നത് സംബന്ധിച്ച പുരാരേഖകൾ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത അറിവുകൾ പ്രദേശവാസികൾക്ക് ലഭ്യമാക്കുന്നതിനും കിളിമാനൂരിന്റെ പഴയകാലത്തെക്കുറിച്ച് കൂടുതൽ അറിയാൻകഴിയുന്ന വിധത്തിൽ പ്രദേശവാസികളെയും

ചരിത്രാന്വേഷികളെയും പ്രാപ്തരാക്കുന്നതിനുമായി വകുപ്പ് തയ്യാറാക്കിയ സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആധുനിക വേണാടിന്റെ ആസ്ഥാനം കിളിമാനൂരിനടുത്ത കീഴ്പേരൂർ എന്ന സ്ഥലം ആയിരുന്നുവെന്നത് സംബന്ധിച്ച പുരാരേഖകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പുരാരേഖാ ഡിജിറ്റൈസേഷൻ**

355(5257) <u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാരേഖാ വകുപ്പിൽ നടന്നുവരുന്ന ഡിജിറ്റൈസേഷൻ പ്രവൃത്തികളുടെ പുരോഗതിയും അതിനുവേണ്ടി ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

പുരാരേഖ വകുപ്പിൽ 2008 മുതൽ രേഖകളുടെ ഡിജിറ്റൈസേഷൻ നടന്നുവരികയാണ്. ഇതുവരെ വകുപ്പിൽ 14947730 പേപ്പർ രേഖകളും 2914234 താളിയോലകളും ഉൾപ്പെടെ ആകെ 17861964 എണ്ണം രേഖകൾ

ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഏകദേശം 40 ടെറാ ബൈറ്റ് വരുന്ന ടി ഡിജിറ്റൈസ് ചെയ്ത രേഖകൾ IT Mission-ന്റെ കീഴിലുള്ള സ്റ്റേറ്റ് ഡാറ്റ സെന്ററിലുള്ള വകുപ്പിന്റെ സെർവറിൽ അപ്‌ലോഡ് ചെയ്ത് സൂക്ഷിച്ചുവരുന്നു. ടി രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ആകെ 8,15,67,934/- രൂപ ചെലവായിട്ടുണ്ട്.

(ബി) ഡിജിറ്റൈസ് ചെയ്ത രേഖകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഡിജിറ്റൈസ് ചെയ്ത രേഖകൾ ലോകത്തിന്റെ ഏത് കോണിൽനിന്നും ഓൺലൈൻ മുഖേന പരിശോധിക്കാവുന്ന തരത്തിലുള്ള ഒരു സെർച്ച് സോഫ്റ്റ്‌വെയർ (e-likhitham) പുരാരേഖ വകുപ്പ് C-Dit മുഖേന വികസിപ്പിച്ചിട്ടുണ്ട്. ആയത് ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(4920, 4927, 5084, 5093 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

III 26-06-2024-ലെ നക്ഷത്രചിഹ്നമിടാത്ത 3289-ാംനമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ഉപരി പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾ

(3289) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ എത്ര വിദ്യാർത്ഥികളാണ് ഉപരി പഠനത്തിന് അർഹത നേടിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഉപരിപഠനത്തിന് വിവിധ മേഖലകളിലായി എത്ര സീറ്റുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 426726 വിദ്യാർത്ഥികൾ

(ബി) ഉപരിപഠനത്തിന് ഹയർസെക്കൻഡറി മേഖലയിൽ പ്ലസ് വണ്ണിന് 433471 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കൻഡറിയിൽ 33030 സീറ്റുകളും ഐ.റ്റി.ഐ. മേഖലയിൽ 61429 സീറ്റുകളും

പോളിടെക്നിക്ക് മേഖലയിൽ 9990 സീറ്റുകളും ഉൾപ്പടെ ആകെ 537820 സീറ്റുകൾ ലഭ്യമാണ്.

IV പൊതു സ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ ) നൽകിയ വിശദമായ മറുപടി.

പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ വിവിധ കാരണങ്ങൾ കൊണ്ട് അനധികൃത/അനിയന്ത്രിതമായ മരംമുറിക്ക് ഇടവരുത്തുന്നതായ നിരവധി പരാതികൾ വനം വകുപ്പിനും സർക്കാരിനും ലഭിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ പൊതുസ്ഥലത്തെ വൃക്ഷ സംരക്ഷണത്തിനായി മാനദണ്ഡങ്ങൾ രൂപപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ജില്ലാതല ട്രീ കമ്മിറ്റികൾക്ക് പുറമെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രാദേശിക ട്രീ കമ്മിറ്റികളെയും ദുരന്ത നിവാരണ നിയമം 2005 പ്രകാരം അതത് ജില്ലാ കളക്ടർമാരെയും അധികാരപ്പെടുത്തിയിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ ജില്ലാതല ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കുവാൻ അനുമതി നൽകിവരുന്നുണ്ട്. പൊതുസ്ഥലങ്ങളിൽനിന്ന് മുറിച്ചുമാറ്റേണ്ട നിൽപ്പു മരങ്ങളുടെ വില നിശ്ചയിക്കൽ വനം വകുപ്പിന്റെ സാമൂഹിക വനവത്കരണ വിഭാഗമാണ് ചെയ്തു നൽകുന്നത്.

മരത്തിന്റെ വോള്യം കണക്കാക്കുന്നത് എൻ.ആർ.നായർ വോള്യം ടേബിൾ പ്രകാരവും നിൽപ്പു മരങ്ങളുടെ വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് നൽകുന്ന ഷെഡ്യൂൾഡ് റേറ്റ്, സീനിയറേജ് റേറ്റ് എന്നിവ പ്രകാരവുമായതിനാൽ യാതൊരാൾക്കും ഈ വിലയിൽ മാറ്റം വരുത്താൻ കഴിയില്ല. ഇപ്രകാരം നിശ്ചയിച്ചു നൽകുന്ന വില അടിസ്ഥാനപ്പെടുത്തി തുടർ ലേലനടപടികൾ സ്വീകരിക്കേണ്ടത് ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പുകളാണ്.

ബഹു. അംഗത്തിന്റെ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിൽ ഉന്നയിച്ച അപകട ഭീഷണി ഉയർത്തുന്ന കാരണത്താലും വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയും മരങ്ങൾ മുറിക്കുന്നതിന് ട്രീ കമ്മിറ്റിയുടെ

ശിപാർശയോടെ കാലതാമസം കൂടാതെ അനുമതി നൽകിവരുന്നുണ്ട്. എന്നാൽ വാല്യുവേഷൻ നടത്തേണ്ടത് വനം വകുപ്പ് അധികൃതരാണ്. നിലവിലെ നിയമവ്യവസ്ഥ പ്രകാരം അതത് വർഷം സർക്കാർ നിശ്ചയിക്കുന്ന സീനിയറേജ് റേറ്റ് പ്രകാരമാണ് വിലനിർണ്ണയം നടത്തേണ്ടത്. വാല്യുവേഷൻ നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ അധികാരം നൽകുന്നതിന് നിലവിലെ നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇക്കാര്യം വിശദമായി പരിശോധിച്ച് വരികയാണ്. വിഷയവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിദഗ്ദ്ധരെയും ബന്ധപ്പെട്ട വകുപ്പുകളെയും ചേർത്ത് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ച് ശാസ്ത്രീയ പഠനം നടത്തി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**V** <u>വനഭൂമി പട്ടയ അപേക്ഷകൾ തീർപ്പുകൽപ്പിക്കാൻ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. പി. എസ്. സുപാൽ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി(ശ്രീ. കെ. രാജൻ) നൽകിയ മറുപടി.</u>

വനഭൂമി പട്ടയം സംബന്ധിച്ച വിവരശേഖരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരശേഖരണത്തെക്കുറിച്ച് അറിവ് ലഭിക്കാത്തതുമൂലം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് ഒരവസരംകൂടി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മലയോര മേഖലകളിൽ പട്ടയ വിതരണത്തിന് പുതിയ അപേക്ഷകൾ സ്വീകരിക്കാനും സംയുക്ത പരിശോധന നടത്തുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന റവന്യൂ-വനം വകുപ്പുമന്ത്രിമാർ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിൽ ഇനിയും പട്ടയത്തിന് അപേക്ഷ നൽകിയിട്ടില്ലാത്ത അർഹരായ കുടിയേറ്റക്കാരുണ്ടെങ്കിൽ അവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ച സാഹചര്യത്തിലാണ് 01-01-1977-നുമുമ്പ് വന ഭൂമിയിൽ കുടിയേറി താമസിച്ചുവരുന്നവരിൽ നാളിതുവരെ പട്ടയം ലഭിക്കാത്തവരെ കണ്ടെത്തുന്നതിന് ഒരു സമഗ്ര വിവരശേഖരണം നടത്തുവാൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 2024 മാർച്ച് 1

മുതൽ 30 വരെ നടത്തിയ വിവരശേഖരണത്തിൽ 37311 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ കേന്ദ്രാനുമതിക്കായി പരിവേഷ് പോർട്ടലിൽ എൻട്രി ചെയ്ത് കേന്ദ്രത്തിൽനിന്ന് അനുവാദം ലഭ്യമാക്കി 1993-ലെ ചട്ടങ്ങൾക്ക് വിധേയമാക്കി പട്ടയം വിതരണം ചെയ്യാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. സംയുക്ത പരിശോധന നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെടാത്തവർ, ഇതുവരെ അപേക്ഷ നൽകാത്തവർ എന്നിവർക്കായി ഒരിക്കൽക്കൂടി സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. തുടർന്ന് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കി അപേക്ഷ സമർപ്പിക്കാനും സംസ്ഥാന റവന്യൂ-വനം വകുപ്പുമന്ത്രിതല യോഗത്തിൽ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി വനം-റവന്യൂ ഉദ്യോഗസ്ഥരുടെ ഒരു മോണിറ്ററിംഗ് ടീമിനെയും തീരുമാനിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ പ്രശ്നം ചില കർഷക സംഘടനകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനഭൂമിയിൽ കുടിയേറിയ പട്ടയം

ലഭിച്ചിട്ടില്ലാത്തവർക്കായി നടത്തിയ വിവരശേഖരണത്തിന്റെ കാലാവധി ജ്ളൈ 10 മുതൽ 30 വരെ ദീർഘിപ്പിക്കുകയാണെന്ന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

കൊല്ലം ജില്ലയിൽ 01-01-1977-നുമുമ്പ് മുതൽ വനഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനായി പത്തനാപുരം, പുനലൂർ താലൂക്കുകളിലായി സംയുക്ത പരിശോധന പൂർത്തിയാക്കിയ 4552 കേസ്സുകളുടെ (459.93.30 ഹെക്ടർ) വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിരുന്നതാണ്. എന്നാൽ അതോടൊപ്പം JVR Extract, Survey records ഇവയും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യണമെന്ന് വനം വകുപ്പ് നിർദേശിച്ചിരുന്നു. എന്നാൽ 1990-കളിൽ തയ്യാറാക്കിയ 18000- ഓളം വരുന്ന ടി പഴയ രേഖകൾ സ്കാൻ ചെയ്ത് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് താലൂക്ക് ഓഫീസുകളിൽ ലഭ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പൂർത്തീകരിക്കാൻ കഴിയുന്നതല്ലെന്നും ആയതിലേയ്ക്ക് 2 സ്കാനറുകളും രണ്ട് മാസത്തേയ്ക്ക് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള 4 താൽക്കാലിക ജീവനക്കാരുടെ സേവനവും ആവശ്യമാണെന്നുകണ്ട് 2 സ്കാനറുകൾക്ക്

60,000/-രൂപയും താൽക്കാലിക ജീവനക്കാരുടെ വേതനത്തിനായി 1,76,400/-രൂപയും ഉൾപ്പെടെ 2,36,400/- രൂപ ചെലവുവരുമെന്നും ആയത് അനുവദിച്ച് നൽകണമെന്നും കൊല്ലം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഈ സാമ്പത്തിക വർഷത്തിലെ പട്ടയ മിഷൻ ഫണ്ട് അലോട്ട്മെന്റ് അനുവദിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കുന്നതാണ്.

2. ചങ്ങനാശ്ശേരി വനിതാ ഐ.റ്റി.ഐ.ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.ബി. രാജേഷ്) നൽകിയ മറുപടി.

ചങ്ങനാശ്ശേരി നഗരസഭയിൽ പ്രവർത്തിച്ചുവരുന്ന വനിത ഐ.റ്റി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭ വക പോത്തോട് ഹൗസിംഗ് സ്കീമിനായി വാങ്ങിയ സ്ഥലത്തുനിന്നും 1 ഏക്കർ 7 സെന്റ് സ്ഥലം അനുവദിക്കുന്നതിന് സർക്കാരിൽനിന്നും അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി,

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ കത്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത കത്തിനോടൊപ്പം അനുബന്ധ രേഖകൾ ഒന്നും ലഭ്യമാക്കിയിരുന്നില്ല. അപേക്ഷയോടൊപ്പം ഭരണ സമിതി തീരുമാനം, സ്ഥലത്തിന്റെ റവന്യൂ രേഖകൾ, എപ്രകാരമാണ് നഗരസഭ പ്രസ്തുത വസ്തു ആർജ്ജിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ, ജോയിന്റ് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് എന്നിവ സമർപ്പിച്ചിട്ടില്ല. അതിനാൽ പ്രസ്തുത രേഖകൾ സഹിതം അപേക്ഷ ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ സഹിതം അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയുടെ അഡ്വാൻസ് പൊസഷൻ അനുവദിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും, 2000-ലെ കേരള

മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലും, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലും വ്യവസ്ഥയില്ല.

3. തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.ബി. രാജേഷ്) നൽകിയ മറുപടി.

എറണാകുളം ജില്ലയിലെ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ 'തമ്മാനിമറ്റം തൂക്കുപാലം' 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു. തകർന്ന പാലം പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന 2.197 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

തൂക്കുപാലങ്ങളുടെ നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാൽ, സാങ്കേതിക പരിജ്ഞാനമുള്ള സർക്കാർ accredited agency മുഖാന്തരം നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. നിർമ്മാണ വൈദഗ്ദ്ധ്യമുള്ള accredited agency-കളിൽനിന്നും ടെണ്ടർ, റീടെണ്ടർ എന്നിവ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്ത അവസ്ഥ വന്നു. തുടർന്ന്, തൂക്കുപാലത്തിന്റെ

മെക്കാനിക്കൽ പാർട്ട് ഇറിഗേഷൻ മെക്കാനിക്കൽ വിങ് മുഖാന്തരവും, soil investigation, structural design എന്നിവ പുറമെയുള്ള ഏജൻസിയെക്കൊണ്ടും engineering college-ൽനിന്നും vet ചെയ്ത് വാങ്ങി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു.

14-03-2022-ന് DPR തയ്യാറാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ നിരക്ക് quote ചെയ്ത Esteem Developers Pvt. Ltd.-മായി കരാറിൽ ഏർപ്പെട്ടു. പ്രസ്തുത ഏജൻസിയും ഇറിഗേഷൻ മെക്കാനിക്കൽ വിങ്ങും തയ്യാറാക്കിയ ഡിസൈൻ പ്രകാരം ഭരണാനുമതി തുകയായ 2.197 കോടി രൂപ അപര്യാപ്തമായി കണ്ടു. തുടർന്ന് 5.37 കോടി രൂപയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും 28-03-2023-ന് 5.37 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു.

ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി ത്വരിതപ്പെടുത്തുന്നതിനും ഡിസൈൻ കാര്യക്ഷമമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥർ,

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ, Esteem Developers-ന്റെ designers എന്നിവർ 14-10-2023-ന് സ്ഥലപരിശോധന നടത്തി. തയ്യാറാക്കിയിരുന്ന ഡിസൈൻ സൈറ്റിന് അനുയോജ്യമാകുന്ന രീതിയിൽ മാറ്റങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചു. ളുക്കുപാലത്തിന്റെ രാമമംഗലം സൈഡിലുള്ള anchor block സ്ഥാപിക്കുന്നതിന് സ്വകാര്യ വ്യക്തിയിൽനിന്നും കുറച്ച് സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട്.

22-06-2024-ന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പാലത്തിന്റെ structural design-നെ സംബന്ധിച്ചുള്ള യോഗത്തിലെയും 27-06-2024-ന് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിലെയും നിർദ്ദേശ പ്രകാരമുള്ള തിരുത്തലുകൾ വരുത്തിയ ഡിസൈൻ Esteem Developers തയ്യാറാക്കി നൽകേണ്ടതുണ്ട്.

പാലത്തിന്റെ ഡിസൈൻ കുറ്റമറ്റതാക്കുന്നതുമായും സ്വകാര്യ വ്യക്തിയിൽനിന്നും സ്ഥലം ലഭ്യമാക്കുന്നതുമായും ബന്ധപ്പെട്ടാണ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നത്.

4. മട്ടാഞ്ചേരി -എറണാകുളം ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. ജെ. മാക്സി എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ ) നൽകിയ മറുപടി.

എറണാകുളം സ്റ്റേഷനിൽനിന്നും എറണാകുളം-ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി വഴി അഡീഷണൽ ട്രിപ്പുകൾ ഉൾപ്പെടെ ദിനംപ്രതി 48 ട്രിപ്പുകളാണ് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസ് നടത്തിയിരുന്നത്. മട്ടാഞ്ചേരി ജെട്ടിയിലേക്ക് സർവ്വീസുകൾ നടത്തുന്ന ബോട്ടുകൾക്ക് നിരന്തരമായി തകരാറുകൾ സംഭവിക്കുന്ന സാഹചര്യത്തിൽ വിശദമായ അന്വേഷണം നടത്തിയതിൽനിന്നും 2018-ലെ പ്രളയത്തിനുശേഷം മട്ടാഞ്ചേരി ബോട്ട്ജെട്ടിയിൽ അടിഞ്ഞുകൂടിയ ചെളി, എക്കൽ, തടി, മറ്റ് മാലിന്യങ്ങൾ എന്നിവമൂലം ഇവിടെ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ പ്രൊപ്പല്ലർ, റഡർ എന്നിവ തകരാറാകുന്നതായി കണ്ടെത്തി. കൂടാതെ ടി സ്ഥലത്ത് ബോട്ടുകൾ അടുക്കുവാൻ സാധിക്കാത്തവിധം ആഴക്കുറവുണ്ടാവുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിലാണ് എറണാകുളം ബോട്ട്ജെട്ടിയിൽനിന്നും ഫോർട്ട് കൊച്ചി വഴി മട്ടാഞ്ചേരിയിലേക്ക് നടത്തിയിരുന്ന ബോട്ട് സർവ്വീസുകൾ ഫോർട്ട് കൊച്ചി ബോട്ട്ജെട്ടി വരെ

ക്രമീകരിക്കുകയുണ്ടായത്. മട്ടാഞ്ചേരി ബോട്ട്ജെട്ടിയുടെ അതീവ പ്രാധാന്യം കണക്കിലെടുത്ത് ധാരാളം വിനോദസഞ്ചാരികളും പൊതുജനങ്ങളും ആശ്രയിക്കുന്ന ബോട്ട്ജെട്ടി എന്ന നിലയിൽ ഇവിടേയ്ക്കുള്ള സർവ്വീസ് പുനരാരംഭിക്കുന്നതിലേയ്ക്കായി നിരന്തരം ആവശ്യപ്പെടുകയും അടിയന്തരമായി ഡ്രഡ്ജിംഗ് നടത്തണമെന്ന് ജലഗതാഗത വകുപ്പ് ഇറിഗേഷൻ വിഭാഗത്തെ അറിയിക്കുകയും ചെയ്തു.

ആഴം കൂട്ടൽ നടത്തുന്നതിന് ജലവിഭവ വകുപ്പുമന്ത്രി ഉൾപ്പെടെ യോഗം ചേർന്നുകൊണ്ട് ഇറിഗേഷൻ വകുപ്പിൽനിന്നും തീരുമാനമുണ്ടാവുകയും ഇറിഗേഷൻ വിഭാഗത്തിൽനിന്നും ഫോർട്ടുകൊച്ചി മുതൽ മട്ടാഞ്ചേരി വരെയും മട്ടാഞ്ചേരി ബോട്ട്ജെട്ടിയുടെ 100 മീറ്റർ ചുറ്റളവിലും ബോട്ട് സുഗമമായി അടുക്കുന്നതിന് ഡ്രഡ്ജിംഗ് നടത്തുന്നതിനായി ടെൻഡർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

2024 ഫെബ്രുവരി മാസത്തിൽ ജില്ലാ കളക്ടർ, കൊച്ചി എം.എൽ.എ. ശ്രീ. കെ. ജെ. മാക്സി, ഇറിഗേഷൻ, ജലഗതാഗതം എന്നീ വകുപ്പുകളിലെ

ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഇറിഗേഷൻ വകുപ്പ് ഡ്രഡ്ജിംഗ് പൂർത്തിയാക്കാമെന്ന് അറിയിച്ചിരുന്നുവെങ്കിലും ഈ പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇതുമൂലമാണ് ജലഗതാഗത വകുപ്പിന് മട്ടാഞ്ചേരിയിലേക്ക് സർവ്വീസുകൾ നടത്തുവാൻ സാധിക്കാത്തത്. മട്ടാഞ്ചേരിയിലേക്കുള്ള യാത്രക്കാർ ഫോർട്ട് കൊച്ചിയിൽ ഇറങ്ങി ഏകദേശം 3 കിലോമീറ്റർ യാത്ര ചെയ്താണ് ഇപ്പോൾ മട്ടാഞ്ചേരിയിൽ എത്തിച്ചേരുന്നത്. എത്രയും വേഗം ഡ്രഡ്ജിംഗ് പൂർത്തിയാക്കിയാൽ ഉടൻതന്നെ മട്ടാഞ്ചേരിയിലേക്കുള്ള ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

5. കിഴക്കേക്കര മതിലകം ക്ഷേത്രം നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. വി. സുമേഷ് എം.എൽ.എ.-യുടെ സബ്മിഷന് തുറമുഖ – സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ വാസവൻ) നൽകിയ മറുപടി.

കേരളത്തിലെ പൈതൃക മൂല്യമുള്ള ക്ഷേത്രങ്ങൾ അതിന്റെ പഴമ നിലനിർത്തിക്കൊണ്ട് നവീകരിക്കുന്ന പദ്ധതിയിൽ അഴിക്കോട് മണ്ഡലത്തിലെ 1000 കൊല്ലം പഴക്കമുള്ള ചിറക്കൽ പഞ്ചായത്തിലെ

കിഴക്കേക്കര മതിലകം ക്ഷേത്രം ഉൾപ്പെടുത്തി നവീകരിക്കുന്നത് സംബന്ധിച്ചിട്ടുള്ളതാണ് സബ്മിഷനിലെ വിഷയം.

അഴിക്കോട് മണ്ഡലത്തിലെ ചിറക്കൽ പഞ്ചായത്തിലെ 1200 വർഷത്തോളം പഴക്കമുള്ള ക്ഷേത്രമാണ് ചിറക്കൽ കിഴക്കേക്കര ശ്രീകൃഷ്ണ മതിലകം ക്ഷേത്രം. ക്ഷേത്ര ഗോപുരത്തിൽ അപൂർവ്വമായ ദാരു ശിൽപങ്ങളും വ്യാളിമുഖം, കൃഷ്ണാവതാരം, പാലാഴിമഥനം, ദശാവതാരം കഥകൾ മുതലായവ കൊത്തിവച്ചിട്ടുണ്ട്. പുരാണ പ്രസിദ്ധമായ കൃഷ്ണഗാഥ ചെറുശ്ശേരി രചിച്ചത് ഈ ക്ഷേത്രത്തിൽ വച്ചാണെന്ന് വിശ്വസിക്കപ്പെടുന്നു. ക്ഷേത്രത്തിന്റെ നവീകരണം സംബന്ധിച്ച് ബഹുമാനപ്പെട്ട അഴീക്കോട് മണ്ഡലം എം.എൽ.എ. ശ്രീ. കെ. വി. സുമേഷ്, ചിറക്കൽ കോവിലകം ദേവസ്വം ട്രസ്റ്റി സി. കെ. രാമവർമ്മരാജ, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ ഇതിനകം കൂടിക്കാഴ്ച നടത്തിയിട്ടുണ്ടെന്ന് അറിയുന്നു. ക്ഷേത്ര ആചാരാനുഷ്ഠാനങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിലും പൈതൃക തനിമ നിലനിർത്തുന്ന രീതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ വിശദമായ രൂപരേഖ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്. നിലവിൽ ക്ഷേത്ര നവീകരണവുമായി ബന്ധപ്പെട്ട്

പദ്ധതികളൊന്നും ബോർഡ് നടപ്പിലാക്കിയിട്ടില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

വിവിധ ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് വർഷാവർഷം ഒരു കോടി രൂപ വകുപ്പ് ബജറ്റിൽ വകയിരുത്തുന്നുണ്ടെങ്കിലും കേരളത്തിലെ പൈതൃകമൂല്യമുള്ള ക്ഷേത്രങ്ങൾ അതിന്റെ പഴമ നിലനിർത്തിക്കൊണ്ട് നവീകരിക്കുന്ന പദ്ധതികളൊന്നുംതന്നെ റവന്യൂ (ദേവസ്വം) വകുപ്പിൽ ഇപ്പോൾ നിലവിലില്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അത്തരം പദ്ധതികൾ ഉടനെ ഏറ്റെടുക്കാൻ കഴിയുമെന്നും കാണുന്നില്ല.

ടൂറിസം വകുപ്പിന് കീഴിൽ Heritage Tourism പദ്ധതിയിലുൾപ്പെടുത്തി ചില ക്ഷേത്രങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാധ്യതയും മുന്നിലുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ക്ഷേത്ര ആചാരാനുഷ്ഠാനങ്ങൾക്ക് ബുദ്ധിമുട്ട് വരാത്ത രീതിയിലും പൈതൃക തനിമ നിലനിർത്തുന്ന രീതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ വിശദമായ രൂപരേഖ തയ്യാറാക്കി ലഭ്യമാക്കുന്ന

മുറയ്ക്ക് ദേവസ്വം വകുപ്പിൽനിന്നും ടൂറിസം വകുപ്പ് മുഖേന മേൽ പരാമർശിച്ച പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ ഇത്തരം പൈതൃക മൂല്യങ്ങൾക്ക് പുനരുജ്ജീവനം നൽകുന്ന പദ്ധതികളിൽ ചിറക്കൽ കിഴക്കേക്കര ശ്രീകൃഷ്ണ മതിലകം ക്ഷേത്രത്തെയും ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## 6. നെടിയവിള-വേമ്പനാട്ടഴികത്ത് റോഡ് പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി.എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടി.

നെടിയവിള-വേമ്പനാട്ടഴികത്ത് റോഡിന്റെ നവീകരണവുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. 2010-ൽ 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയാണിത്. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. 4.8 കി.മീ. ദൂരമുള്ള റോഡിന്റെ ആദ്യ 3.8 കി.മീ. 5.5 മീറ്റർ വീതിയിലും 1 കി.മീ. റോഡ് 3.8 മീറ്റർ വീതിയിലും നവീകരിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ എല്ലായിടത്തും 5.5 മീറ്റർ വേണമെന്ന ആവശ്യം അവിടെനിന്ന് ഉയർന്നു. ഇതേത്തുടർന്ന് 4 കിലോമീറ്ററിൽ ബി.എം.-ബി.സി. പ്രവൃത്തി

നടത്താനായിരുന്ന തീരുമാനം. ഇതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും ബി.എം.-ബി.സി. ഒഴിവാക്കി സി.ജി.പി.എസ്. ആക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തു. ബി.എം.-ബി.സി. മാറ്റി പ്രവൃത്തി നടത്താൻ പ്രാദേശികമായ എതിർപ്പുകൾ ഉയർന്നിരിക്കുകയാണ്. ഈ സമയത്ത് കരാറുകാരൻ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിനുശേഷം തുടർനടപടികൾ ആലോചിക്കാം. വളരെ പോസിറ്റീവായിത്തന്നെ ഈ വിഷയം പരിഹരിക്കാൻ ശ്രമിക്കാം.

********